# ക്രിസ്തീയ വേദാന്ത

അഥവാ

# ഇന്നത്തെ ക്രിസ്തു.

(ക്രിസ്തീയ ജീവിതം വത്തിക്കാൻ
സൂനഹദോസിൻെറ വെളിച്ചത്തിൽ)

PALACKAL JEEVASS KENDRAM LIBRARY 17096

DHARMARAM COLLEGE LIBRARY BANGALORE-29

ഗ്രന്ഥകർത്താ:

ഫാ. കമിൽ, സി. എം. ഐ.

M/230.2
CAM

# ആമുഖം.

രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ നവീകരണ പ്രക്രിയയിൽ ക്രിസ്തീയ മതതത്വങ്ങളെ ആധുനികമായ രീതിയിൽ അവതരിപ്പിക്കുന്നതിനുള്ള മാർഗ്ഗത്തെപ്പററി ഇന്നു് പലരും പരിചിന്തിക്കുന്നുണ്ടു്. ഇക്കാലമത്രയും ദൈവത്തിൽ കേന്ദ്രീകൃതമായ (Theocentric) ഒരു ദൈവവിജ്ഞാനീയമായിരുന്നു നമുക്കുണ്ടായിരുന്നതു്. എന്നാൽ തൽസ്ഥാനത്തു് മനുഷ്യനിൽ കേന്ദ്രീകൃതമായ (Authropo centric) നവീന വേദശാസ്ത്രമാണു് കൗൺസിലിൻെറ ചർച്ചകളിൽ പൊന്തിവന്നതു്.

സൃഷ്ടിയിലും പരിത്രാണനത്തിലും ദൈവത്തിൻെറ അപാരമായ സ്നേഹം പ്രകടമായി. ആ സ്നേഹത്തിൻെറ തുടർച്ചയാണു് ക്രിസ്തുവിൻെറ സഭ. പുനരുത്ഥിതനായ ക്രിസ്തുവിൻെറ അരൂപിയിൽ പിതാവിൻെറ പക്കലേയ്ക്കു തീർത്ഥാടനം ചെയ്യുന്ന ഒരു സ്നേഹസമൂഹം അഥവാ ദൈവജനമാണു്. സഭ ദൈവത്തെ സ്നേഹിക്കുകയും (Fellowship with God) പരസ്പരം സ്നേഹിക്കുകയും (Fellowship with men) ചെയ്തു് അകത്തോലിക്കരോടും, അക്രൈസ്തവരോടും നാസ്തികരോടും ദൈവസ്നേഹത്തിനു് സാക്ഷ്യം വഹിക്കണം. അതാണു് എക്കുമേനിസം. അതിനു പര്യാപ്തമായ ഒരു തത്വശാസ്ത്രവും ദൈവവിജ്ഞാനീയവുമാണു് ഇന്നത്തെ ആവശ്യം. വിശ്വാസ സത്യത്തിലും സന്മാർഗ്ഗതത്വസംഹിതയിലും കാതലായ മാററമില്ല. എന്നാൽ ആധുനികരുടെ അഭിരുചിക്കനുസരണമായി ആകർഷണീയമായ വിധത്തിൽ നാം അതു് അവതരിപ്പിക്കണം. നവീനമായ ശൈലിയിലും, കെട്ടിലും മട്ടിലും കൗൺസിലിൻെറ അധുനാധുനീ

കരണം(Aggiornamento) എക്കുമേനിസം എന്നീ ലക്ഷ്യങ്ങൾ പ്രാപിക്കുവാൻ പര്യാപ്തമായ വിധത്തിലായിരിക്കണംഇന്നത്തെ മനുഷ്യന് നാം ദൈവവിജ്ഞാനീയം പകർന്നു കൊടുക്കുന്നതു്.

ഈശ്വരവിശ്വാസവും സന്മാർഗ്ഗബോധവും ഒരു പിന്തിരിപ്പൻ ചിന്താഗതിയായി പരിഗണിക്കുന്ന ചിലരെ നമുക്കു കാണുവാൻ സാധിക്കും. ദൈവം മരിച്ചു. മരിച്ച ദൈവത്തെ സംസ്കരിച്ചാൽ മതി എന്നവർ മുറവിളിച്ചേക്കാം. എന്നാൽ ദൈവം അമർത്യനാണെന്നും ഇന്നത്തെ മാനുഷികമായ എല്ലാ പ്രശ്നങ്ങളുടെയും ഏക പരിഹാരം ദൈവമാണെന്നും സമർത്ഥിക്കുന്നതോടൊപ്പം ഹിന്ദുമതദാർശനിക ചിന്തയുടെ പരമകാഷ്ഠയായ വേദാന്തവും ക്രിസ്തീയ വിശ്വാസവും തമ്മിൽ പൊരുത്തപ്പെടുത്തി അവതരിപ്പിക്കുന്നതിനുള്ള ഒരു വിനീത പരിശ്രമമാണ് ഈ ഗ്രന്ഥം. മനുഷ്യൻ ദൈവികജീവനിലുള്ള ഭാഗഭാഗിത്വം വഴി ക്രിസ്തുവിലേയ്ക്കു് രൂപാന്തരം പ്രാപിച്ചു് പിതാവിൻെറ പക്കലേയ്ക്കു് പ്രയാണം ചെയ്യുന്നു. അതിന് നവ്യജനനം ആവശ്യമാണ്. അതത്രെ ജ്ഞാനസ്നാനം. നമ്മുടെ ദൈവീകമായ വളർച്ചയ്ക്കും പോഷണത്തിനും രോഗവിമുക്തിക്കും സഭയുടെ വളർച്ചയ്ക്കും സേവനത്തിനുമായി കൂദാശജീവിതം ക്രമീകരിച്ചിരിക്കുന്നതു് ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നു. വത്തിക്കാൻ സൂനഹദോസിൻെറ വെളിച്ചത്തിൽ ക്രിസ്തീയജീവിതം അവതരിപ്പിക്കുകയാണ്.

ഒരു ക്രിസ്ത്യാനിയുടെ അടിസ്ഥാനപരമായ മനോഭാവങ്ങളും വിശദീകരിച്ചിട്ടുണ്ടു്. ഓരോ ക്രൈസ്തവനും വേറൊരു ക്രിസ്തുവായി ജീവിച്ചാൽ മാത്രമെ ആധുനിക ലോകത്തെ നാശഗർത്തത്തിൽ നിന്നും രക്ഷിക്കുവാൻ സാ

ധിക്കുകയുള്ളു എന്നുള്ള ദൗത്യം മനസ്സിലാക്കുന്നതിനു് ചിലർക്കെങ്കിലും ഈ ഗ്രന്ഥംവഴി പ്രചോദനം സിദ്ധിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനാണു്. ഈ ഗ്രന്ഥരചനയിൽ സഹായിച്ചിട്ടുള്ള എല്ലാവർക്കും ഹൃദയംഗമമായ കൃതജ്ഞത.

പ്രത്യേകം ഇതിൻെറ പ്രസാധനം ഏറെറടുത്ത ദീപികാ ബുക്ക് ഹൗസ് മാനേജരോടും അച്ചടി നടത്തിത്തന്ന എം. എസ്സ്. എസ്സ്. പ്രസ്സ് ഭാരവാഹികളോടുമുള്ള കൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളട്ടെ. പൈതൃകാശ്ലീസ്സുകളാൽ അനുഗ്രഹിച്ച പാലാരൂപതയുടെ അഭിവന്ദ്യ മെത്രാൻ ഡോ. സെബാസ്ത്യൻ വയലിൽ തിരുമേനിയോടുള്ള കൃതജ്ഞത നിസ്സീമമത്രെ.

ഫാ. കമിൽ. സി. എം. ഐ.

★

# പൈതൃകാശ്ശീസ്സ്.

വത്തിക്കാൻ സൂനഹദോസിൻെറ നവീകരണയുഗത്തിലാണ് നാം ജീവിക്കുന്നതു്. തിരുസ്സഭയുടെ മനോഭാവത്തിനനുസരണമായി എല്ലാ കത്തോലിക്കർക്കും ആ നവീകരണം പ്രാപിക്കുവാനുള്ള ചുമതലയുണ്ട്. എന്നാൽ അനുദിന ജീവിതത്തിലെ ഏതെല്ലാം രംഗങ്ങളിലാണ് നവീകരണം ഉളവാകേണ്ടതു് എന്നതു സംബന്ധിച്ച് സാധാരണക്കാർക്കും സംശയം ഉളവായേക്കാം. പലരും അതിരു കടന്ന പുരോഗമനം പ്രസംഗിച്ച് സഭയുടെ മൗലികമായ തത്വസംഹിതകളെപ്പോലും ചോദ്യം ചെയ്യുന്നു. അതു് ചിലരെ സംബന്ധിച്ചിടത്തോളം ചിന്താക്കുഴപ്പത്തിനും അസ്വസ്ഥതയ്ക്കും ഇടയാക്കിയിട്ടുണ്ട്.

യഥാർത്ഥ നവീകരണം പ്രാപിക്കേണ്ടതു് എവിടെയാണ് എന്നതിനെ സംബന്ധിച്ച് സാധാരണ ജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനു് പര്യാപ്തമാണ് ഫാ. കമിൽ. സി. എം. ഐ യുടെ "ക്രിസ്തീയ വേദാന്തം. അഥവാ ഇന്നത്തെ ക്രിസ്ത്യ" വത്തിക്കാൻ സൂനഹദോസിൻെറ വെളിച്ചത്തിൽ ക്രിസ്തീയ ജീവിതത്തെ ഏറ്റം ലളിത മനോഹരമായും ആകർഷണീയമായും ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗ്രന്ഥകാരനെ അനുമോദിക്കുകയും ഗ്രന്ഥത്തിനു് പ്രചുര പ്രചാരം സിദ്ധിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു. കത്തോലിക്കാ കുടുംബാംഗങ്ങൾക്കു ഒരു അമൂല്യ നിധിയാണ് ഈ ഗ്രന്ഥം. പൈതൃകാശ്ശീസ്സുകൾ നല്കിക്കൊണ്ട്

† മാർ സെബാസ്റ്റ്യൻ വയലിൽ.
21—12—'71

*Nihil Obstat:*

1. Rev. Fr. Gregory. C. M, I.

2. Rev· Fr. Joseph Kanjiramattathil C. M. I.

*Imprimi Potest.*

Rev: Fr. Romanus C. M. I.

Provincial.

25-11-71

# BIBLIOGRAPHY.


1. Sacraments Seven Channels of Grace·
   by St. E· Cardinal Cushing .Boston.
2. Alone with God by Rev. Fr· Stephen Brown.
3. The meaning of man. Rev.Fr. Jean muroux·
4. Theology for Today. Rev. Fr. Charles Dairs·
5. Summa Theologiae· St· Thomas Aquinas·
6. Ency· mater et· magistra· Pope John XXIII
7. Our palace wonderful· Canon Houck·
8. Life of the spirit· Rev· Fr, Thomas Sartoy·
9. Cenfessions· St· Augusntine·
10. Contra Gentiles· St· Thomas Aquinas
11. Euconnter with Christ· Rev· Fr, Archibaud
12. The Teaching of the Catholic Church.
    by Dr· G· D· Smith.
13. Christian Reuewal in a Changing world·
    Fr: Bernard Haring C· S· S· R.
14. The Great God· Tiahmer Toth.
15. A New Look at Christain morahty.
    by Rev· Charles E· Curran·
16. God of Reason· Mgr Jolivet·
17. Dutch Catecheson,
18. വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ
    ധർമ്മാരാം, ബാംഗ്ലൂർ.
19. What is after death C· T· S· Lendon.
20. St· Augustine· City of God
21. Why the cross Fr· Edward Leen

22. The Catholic. Church Tihamer Toth·

23. Christ the Sacrament of Enconnter with the God by Edward Schillebeeckx· O· P.

24. The Great Redeem r Tihamer Toth

25. Guidence in Sp. Direction
by Rev: Fr: Hugo Doyel.

26. The mystery of the church
by Fr: Yves Congar.

27 The meaning of Grace
by Fr Charles Journel

28 The doctrine of Indwelliug
by Fr. Philipon·

29 സമീപനങ്ങൾ, by, ഡോ. സിറിയക് കണിച്ചായി സി. എം. ഐ.

30 A Sacramental Spirituality.
by Rev; Fr: Bernard Haring C. S.S. R·

31 The Sacraments in Christian Life by Rev Fr: Philipon O P· M. S. T

32 Theologieal Investigations Fr· Karl Rahner.

33 This the Time to Build· Michal Nowake·

34 The Spiritunal Teaching of the New

35 Testament Fr Jules Leberton

36 The world to Come R W Gleasen S J

37 Life of Christ Giovani Papini

38 Fr Thomas Merton Seeds of Cotemeplation

39 Godward· Rev. Frederick Houck.

40 Lift up your hearts. Mgr. J· Sheen.

41 Ency Ad Catholici Sacerdoti

42 A Priest to his brother Priests Pierre Gayet
43 M. E. P.
44 Law of Christ Fr. Bernard Haring
45 Wither thou goest Rev Fr Lynch
46 Christan Facing the Ruins by Rev. Fr. Riquet S. J.
47 Open to the spirit by Ladislans M Orsay
48 Church and Laity by Javes Cengar.
49 Alnoe with God Fr: Heyerman
50 Life of Christ by Rev. Fr. Ferdinand Prat
51 The Message of Jesus Christ. Bharatiya Vidya Bhaven.
52 The Priest of Christ by Fr. Francis. J. Ripley
53 Divine Melieu. by Fr. Theilthard de. Chardain
54 Theology of Christian Perfection byRev. Fr. Antonio Royo
55 You can change the world by James keller
56 Life of Christ. by Mgr. F. J. Sheen
57 True Devotin to the B. V. Mary. by St. Grignon De Monfort.
58 You can Trust the Communist. Dr. Fred Schuster.
59 പ്രേഷിത ജീവൻ. റവ, ഫാ. ആൻഡലം. സി എം. ഐ.
60 Lend me your Hands by. Rev. Fr Bernard F. Meyer

# വിഷയവിവരം.


1. ആമുഖം.

2. അഭിമാന ബോധമുള്ള കത്തോലിക്കർ.

കത്തോലിക്കാ വിശ്വാസത്തിന്റെ ഔൽകൃഷ്ട്യം, കത്തോലിക്കാ വിശ്വാസം, ലളിതമായും, പ്രായോഗികമായും, ആകർഷണീയമായും ജീവിതത്തിലേയ്ക്കു പകർത്തേണ്ടതിന്റെ ആവശ്യകത.

3. ദൈവം മരിച്ചോ?

ദൈവാസ്തിത്വം സയുക്തികം. ദൈവമാണ് മാനുഷിക പ്രശ്നങ്ങളുടെ സമാധാനം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം ഇവയുടെ അടിസ്ഥാനം ദൈവ പിതൃത്വം.

4. നാസ്തികവാദം യുക്തിപൂർവ്വകമോ?

നാസ്തികവാദം യുക്തിഹീനമത്രെ. താത്വികമായ നാസ്തികവാദം, പ്രായോഗിക നാസ്തികർ. ദൈവം അമർത്യനാണ്.

5. ദൈവം സ്നേഹരഹസ്യം വെളിപ്പെടുത്തി.

പരിണാമം മാത്രം പ്രപഞ്ചാസ്തിത്വത്തിനു സമാധാനം നല്കുന്നില്ല. സൃഷ്ടികർമ്മം ദൈവത്തിന്റെ സ്നേഹപ്രകാശനം.

6. ജീവിതം മിഥ്യയോ?

ജീവിതലക്ഷ്യമാണ് ജീവിതത്തെ അർത്ഥപൂർണ്ണവും മനോഹരവും സൗഭാഗ്യസംദായകവുമാക്കുന്നത്, ദൈവം മാത്രം മനുഷ്യനെ സംതൃപ്തനാക്കുന്നു.

7. പക്വത പ്രാപിച്ച കത്തോലിക്കർ

ഉത്തരവാദിത്വബോധം പക്വതയുടെ ലക്ഷണം. ദൈവത്തോടും, സഭയോടും ലോകത്തോടുമുള്ള ഉത്തരവാദിത്വം.

8. മാനവകുല സൗധം തകർന്നു

ഉത്ഭവപാപം.

9. മതം അനാവശ്യമോ?

മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ല. സ്രഷ്ടാവുമായിട്ടുള്ള രക്ഷാകരസംഭാഷണമാണ്. മനുഷ്യനിലെ ദൈവികതയുടെ പ്രകാശം.

10. സകലതും ക്രിസ്തുവിൽ സമുദ്ധരിക്കുക.

അമലോത്ഭവം, മനുഷ്യാവതാരം, ക്രിസ്തു യഥാർത്ഥ ദൈവം.

11. ക്രിസ്തുവും ക്രിസ്ത്യാനികളും.

മൗതികശരീരം- ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള അവഗാഢമായ ബന്ധം.

12. ക്രിസ്തു മാനവരാശിയുടെ ശിരസ്സ്.

പരിത്രാണകർമ്മം– പുനരുത്ഥാനം

13. ക്രിസ്തീയ വേദാന്തം.

ഹിന്ദുമതത്തിലെ അദ്വൈത സിദ്ധാന്തവും ക്രിസ്തീയ വിശ്വാസവും എങ്ങനെ പൊരുത്തപ്പെട്ടു. പ്രസാദവരം ദൈവികജീവനിലുള്ള ഭാഗഭാഗിത്വം.

14. നവ്യജനനം.

ജ്ഞാനസ്നാനം, ക്രിസ്തീയമായ ആഹ്വാനം.

15. ക്രിസ്തീയ ജീവിതത്തിൻെറ വളർച്ച.

സ്ഥൈര്യലേപനം, ക്രിസ്തീയമായ പക്വത, അല്മായരുടെ പൗരോഹിത്യം, പ്രവാചകത്വം, രാജത്വം, അല്മേയരുടെ ദൗത്യം.

16. പോഷണം.

പ. കുർബ്ബാന. ആധുനിക ലോകത്തിൻെറ ക്ഷുദാശ, ശാസ്ത്രത്തിൻെറ പുരോഗമനത്തിലും പ. കുർബ്ബാന ക്രിസ്തീയ ജീവിതത്തിൻെറ കേന്ദ്രം.

17. പ. കുർബ്ബാനയിലെ മിശിഹായുടെ യഥാർത്ഥ-സാന്നിദ്ധ്യം

സാരാംശഭേദവും, സൂചനാഭേദവും, പ. കുർബ്ബാന സ്നേഹത്തിന്റെ കൂദാശ, ഐക്യത്തിന്റെ പ്രതീകം, ഉപവിയുടെ ഉടമ്പടി.

18. കാൽവരി ഇന്നും.

ദിവ്യബലി ഗാഗുൽത്തായിലെ ബലിയുടെ കൂദാശാപരമായ ആവർത്തനം. സജീവവും ഫലദായകവുമായ ഭാഗഭാഗിത്വം.

19. ക്രിസ്തുവിലേയ്ക്കുള്ള രൂപാന്തരീകരണം.

ദിവ്യകാരുണ്യ സ്വീകരണം-ഫലം.

20. രോഗം.

പാപം-പാപം ഏററവും വലിയ തിന്മ. ക്രിസ്ത്യാനി ജ്ഞാനസ്നാന വ്രതങ്ങളുടെ വ്യാപകത്വം മനസ്സിലാക്കിയാൽ പാപം ചെയ്യുകയില്ല.

21. ഔഷധം.

പാപസങ്കീർത്തനം, ആധുനിക മനഃശ്ശാസ്ത്ര പുരോഗമനത്തിലും പാപസങ്കീർത്തനം ആവശ്യം.

22. വേറൊരു ക്രിസ്തുവോ?

പൗരോഹിത്യത്തിലെ പ്രശ്നം- ക്രിസ്തീയ പൗരോഹിത്യത്തിന്റെ മാഹാത്മ്യം.

23. മൗതിക ശരീരത്തിന്റെ വളർച്ച.

കുടുംബ ജീവിതം- ഭാര്യാഭർത്താക്കന്മാരുടെ സ്നേഹം, മാതാപിതാക്കന്മാരുടെ ചുമതല, മക്കളുടെ അനുസരണം.

24. സഭാസേവനം.

സന്യാസം. ദൈവത്തിലും, ക്രിസ്തുവിലും, സഭയിലും കേന്ദ്രീകൃതമായ ജീവിതം.

25. ജ്ഞാനമാർഗ്ഗം.

വിശ്വാസം. വിശ്വാസപരമായ ജീവിതം വിശ്വാസത്തിന്റെ ആവശ്യകത.

26. നല്ലുരം.

ശരണം-സഹനം.

27. ദൈവം സ്നേഹമാണ്.

ദൈവസ്നേഹത്തിന്റെ ആവശ്യം. ലക്ഷണം എളിമ ക്രിസ്തീയമായ അടിസ്ഥാന മനോഭാവം.

28. പിതാവിനോട്ട് സംഭാഷണം

പ്രാർത്ഥന, ആവശ്യകത, ഗുണങ്ങൾ, ഫലദായകത്വം.

29. കർമ്മയോഗം.

വേല, വിശുദ്ധീകരണ മാർഗ്ഗം- പരിത്രാണ പരിപാടിയിൽ വേലയുടെ സ്ഥാനം.

30. ഏററവും വലിയ വിപ്ലവകാരി.

വൈകാരികസ്നേഹം, മനുഷ്യപ്രേമാത്മകവാദം ക്രിസ്തീയമായ ഉപവി, സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കുക.

31. ഓരോരുത്തക്കും അർഹമായതു കൊടുക്കുക.

നീതി, സാമൂഹ്യ നീതി, രാഷ്ട്രത്തോടുള്ള കടമ. ക്രിസ്തീയമായ രാഷ്ട്രമീമാംസ.

32. പ. കന്യകാ മറിയത്തിനു് ക്രിസ്തീയ ജീവിതത്തിലുള്ള സ്ഥാനം.

മറിയം ദൈവമാതാവു്, സഹരക്ഷക, ആദ്ധ്യാത്മിക മാതാവു്, വരപ്രസാദമദ്ധ്യസ്ഥ യഥാർത്ഥ മരിയ ഭക്തി, ജപമാല.

33. ദൈവത്തെക്കാണും.

ശുദ്ധത, വൈവാഹികപരിശുദ്ധി – ആവശ്യം മാഹാത്മ്യം, സംരക്ഷണ മാർഗ്ഗങ്ങൾ.

34. നിങ്ങളും ക്രിസ്തുവാണു്.

ഒരു ക്രിസ്ത്യാനി വേറൊരു ക്രിസ്തു. ഒരു പ്രേഷിതൻ, മാതൃകാപരമായ ജീവിതം, പ്രാർത്ഥന, ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക.

35. തീർത്ഥാടനം അവസാനിക്കുന്നു.

മരണം, വിധി, സ്വർഗ്ഗീയ ജീവിതം.

## അദ്ധ്യായം 1

# അഭിമാനബോധമുള്ള കത്തോലിക്കർ

വിപ്ലവാത്മകമായ പരിവർത്തനങ്ങളുടെ ഒരു യുഗത്തിലാണു് നാം ജീവിക്കുക. ലോകം ഇന്നു് അത്ഭുതാവഹമായ വേഗതയിൽ എല്ലാ രംഗങ്ങളിലും പുരോഗമിച്ചുകൊണ്ടാണിരിക്കുന്നതു്. മനുഷ്യൻെറ ശാസ്ത്രീയ വിജയവൈജയന്തി ചന്ദ്രനിൽ പോലും പാറിപ്പറപ്പിച്ചു. ആധുനിക മനുഷ്യൻ വിപ്ലവം കൊണ്ടും സംതൃപ്തനല്ല. നിരന്തരമായ ഒരു വിപ്ലവാവസ്ഥയാണു് അഭിലഷിക്കുന്നതു്. തന്നിമിത്തം മാനവജീവിതവീക്ഷണത്തിലും വിപ്ലവാത്മകമായ അഭിപ്രായങ്ങൾ രംഗപ്രവേശം ചെയ്തിട്ടുണ്ടു്. ദൈവമില്ല, മനുഷ്യൻ കേവലം പദാർത്ഥ പരിണാമത്തിൻെറ ഫലമാണു്; അവനു് ആത്മാവില്ല. മരണാനന്തരജീവിതം വെറും സങ്കല്പകഥ, എന്നിങ്ങനെ പലതും. പ്രകൃത്യതീതമായ യാഥാർത്ഥ്യങ്ങൾ യഥാതഥം ദർശിക്കുന്ന ഒരവസരമാണു് മരണം. തദവസരത്തിൽ ഒരുത്തമ കത്തോലിക്കൻ എത്ര വലിയ പ്രശാന്തതയും സന്തുഷ്ടിയും പ്രകടിപ്പിക്കുന്നു എന്നു മനസ്സിലാക്കുമ്പോഴാണു് ക്രിസ്തുവിൻെറ മാനവകുല വീക്ഷണം എത്ര മഹത്തമമെന്നു് ഗ്രഹിക്കുക. മറിച്ചു് നാസ്തികർ ഏററവും വലിയ നിരാശതയിലും അന്ധകാരത്തിലുമാണു്. അപ്പോഴ

ഒരു സാധാരണ കത്തോലിക്കൻ ഒരിക്കൽ ഒരുമോട്ടോർകാർ അപകടത്തിൽപ്പെട്ടു. അയാൾ മാതൃകാപരമായ കത്തോലിക്കാ ജീവിതമാണ് നയിച്ചിരുന്നതു്. അദ്ദേഹത്തിനു് ധാരാളം സുഹൃത്തുക്കളുമുണ്ടായിരുന്നു. അപകടമുണ്ടായ ഉടനെ അയാളെ ആശുപത്രിയിലാക്കി. യാദൃച്ഛികമായി അതു് ഒരു കത്തോലിക്കാ ആശുപത്രിയായിരുന്നു. ഡോക്ടർമാർ വേണ്ട വൈദ്യ പരിചരണങ്ങളൊക്കെ നല്കി. പക്ഷേ അപകടം ഗുരുതരമായി. അതറിഞ്ഞു് ഡോക്ടർ തന്നെ അന്തിമശുശ്രൂഷകൾക്കായി ഒരു വൈദികനാളയച്ചു. വൈദികൻ വന്നു ചേരുന്നതിനു് മുമ്പ് തന്നെ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരുന്ന ബ. കന്യാസ്ത്രീകൾ അയാളുടെ രോഗശയ്യക്കു സമീപം മുട്ടുകുത്തി പ്രാർത്ഥിക്കുകയാണ്. അനന്തരം വൈദികൻ സമാഗതനായി രോഗീലേപനം നല്കി. താൻറ അന്ത്യം സമീപിച്ചിരിക്കുന്നുവെന്നു് ആ കത്തോലിക്കനു ബോദ്ധ്യമായിക്കഴിഞ്ഞു.

മരിക്കുന്നതിനു് അഞ്ചു മിനിട്ടു് മുമ്പു് അയാൾ തല ഉയർത്തി ചുററും നില്ക്കുന്നവരെ നോക്കിയിട്ടു് സുസ്മേരവദനനായി മുഖകമലത്തിൽ ഒരു പ്രകാശം പ്രസ്ഫുരിപ്പിച്ചുകൊണ്ടു് ചോദിക്കുകയാണ്. "ഒരു കത്തോലിക്കനായിരിക്കുക മഹത്വപൂർണ്ണമല്ലേ?" അധികം താമസിയാതെ അയാൾ മരണമടയുന്നു. (1) തീർച്ചയായും ഒരു കത്തോലിക്കനായിരിക്കുക വൻകാര്യമാണ്. മരണാസന്നനായ ആ കത്തോലിക്കനു് ഇത്ര ചങ്കുററം നല്കിയ വസ്തുത ക്രിസ്തീയ ജീവിതതത്വശാസ്ത്രമാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസു ലോകത്തോടു് പ്രഖ്യാപിച്ചതുംഅതാണ്. കത്തോലിക്കാസഭ ഒരു പഴഞ്ചരക്കല്ല. കാഴ്ചബംഗ്ലാ

(1) Cardinal Cushing. Sacraments Seven Chamels of Grace. P. 14. 1967

വിൽ പ്രദശിപ്പിക്കേണ്ട ഒരു പുരാണവസ്തുവുമല്ല. ചാന്ദ്ര യുഗത്തിലും ഓരോ കത്തോലിക്കനും തൻെറ കത്തോലക്കാ ജീവിതം അഭിമാനബോധത്തോടുകൂടി നയിക്കുവാൻ സാധിക്കും. കത്തോലിക്കാസഭ എന്താണ്.? "അവിശ്വാസികൾ കരുതുന്നതുപോലെ കേവലം നിരോധനങ്ങളുടെ ഒരു പട്ടികയല്ല പ്രത്യുത അതു് ജീവിതമാണ്, സ്നേഹമാണ്, സന്തോഷമാണ്, സൗഭാഗ്യമാണ്" എന്നു് ഇരുപത്തിമൂന്നാം യോഹന്നാൻ മാപ്പാപ്പാ ഒരു തീത്ഥകസംഘത്തോടു് പ്രസ്താവിക്കുകയുണ്ടായി. സഭയുടെ മഹത്വം ഗ്രഹിച്ചാൽ എല്ലാവരും അതിലെ അംഗങ്ങളായിച്ചേരും. അതു് ക്രിസ്തു വിഭാവനം ചെയ്ത മാനവരാശിയാണ്. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ദൈവജനമത്രെ.

മനുഷ്യഹൃദയത്തിനു് രണ്ടു് ദാഹമുണ്ടു്; തന്നെക്കുറിച്ചും ദൈവത്തെക്കുറിച്ചും അറിയുന്നതിനുള്ള ആഗ്രഹം. യവനതാത്വികരും, റോമ്മൻ ചിന്തകരും ,ചൈനീസ് മതസ്ഥാപകന്മാരും ഭാരതീയരായ ദാശ്നികരും മാർക്സും ഇതിനു് സമാധാനം പറയുന്നുണ്ടു്. എന്നാൽ അവരുടെ എല്ലാവരുടേയും പ്രബോധനത്തേക്കാൾ സവ്വാതീതവും വിശോത്തരവും അനവദ്യ സുന്ദരവുമായ ഒരു ജീവിത വീക്ഷണമാണ് ക്രിസ്തു ലോകത്തിനു് നല്കിയിരിക്കുന്നതു്. ക്രിസ്തുവിൻെറ ലോകവീക്ഷണം വളരെവിപ്ലവാത്മകമാണ്. അതു് ലോകത്തിനു് തികച്ചും അജ്ഞാതമായിരുന്നു. എന്നാൽ അതു് ഏററവും പ്രായോഗികവുമത്രെ.

ജർമ്മൻ ചിന്തകനായ റുഡോൾഫ് എവുക്കൻ (Rudolph Euchen) പ്രസ്താവിക്കുന്നു: പ്രാചീനവും നിത്യവുമായ ആ പ്രശ്നം നമ്മുടെ മുമ്പിൽ വീണ്ടും ഉദയം ചെയ്തു്, എന്നത്തേക്കാളും ഇന്നു് ശബ്ദമുഖരിതമാണ്.

മുൻകാലങ്ങളെക്കാൾ അതു് കൂടുതൽ വേദനാജനകമായ വിധം രൂക്ഷമായിരിക്കുന്നു. (1 ഈ പ്രശ്നത്തിൻെറ കരിമ്പാറയിൽ തട്ടിത്തകന്ന ജീവിതനൗകകൾ നിരവധിയാണു് ചിലരെല്ലാം നിരാശയിൽ നിപതിച്ചു. എന്തുകൊണ്ടാണു് ഇതു് ഇത്രവലിയ പ്രശ്നമായിരിക്കുന്നതു്? ഈ ചോദ്യത്തിനു് നാം നല്കുന്ന ഉത്തരമാണു് നമ്മുടെ ജീവിത തത്വശാസ്ത്രം. ആധുനിക ലോകത്തെ പരസ്പര വിരുദ്ധമായ രണ്ടു ചേരികളിലായി അണിനിരത്തിയിരിക്കുന്ന ഏററവും വലിയ സാമൂഹ്യപ്രശ്നവും മനുഷ്യൻ എന്താണു് എന്ന ചോദ്യമത്രെ(2)

ഈ ചോദ്യത്തിനു് ഉത്തരം നൽകുമ്പോൾ ചിലർ എല്ലാത്തിൻെറയും മാനദണ്ഡം മനുഷ്യനാണു് എന്നു് വാദിച്ചു് അവനെ ദൈവസ്ഥാനത്തു് പ്രതിഷ്ഠിക്കുന്നു. മററു ചിലർ അവനെ മൃഗമാക്കുന്നു. രണ്ടും അവനു് സംതൃപ്തിനല്കുന്നില്ല. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ "തിരുസ്സഭ ആധുനികയുഗത്തിൽ" എന്ന ഡിക്രി ഈ പ്രശ്നം ഉന്നയിച്ചു് മാനവമഹത്വത്തിനു് നിദാനം "മനുഷ്യർ ദൈവപുത്രരാണെന്നുള്ളതാണു്" എന്നു പ്രഖ്യാപിച്ചു. മനുഷ്യൻഎന്ന അത്ഭുതപ്രതിഭാസത്തെ ശരിയായി മനസ്സിലാക്കിയാൽ തീർച്ചയായും മനുഷ്യൻ മൃഗത്തിൽ നിന്നും തികച്ചും വിഭിന്നനാണു് എന്ന അനുമാനത്തിൽ നാം എത്തിച്ചേരും. ആർഷ ഭാരതത്തിലെ മതദാർശനിക ചിന്തയുടെ പരമകാഷ്ഠയായ വേദാന്ത സാരസംഗ്രഹം "അഹം ബ്രഹ്മാസ്മി(3)" എന്നതാണു്. ഞാൻ

---

(1) Rudolp Euchen quoted in Alone with God by Rev, Stephen Brown. Chap I

(2) Rev. Fr. Jean Muroux. The meaning of man. P. 2.

(3) ബൃഹദാരണ്യകോപനിഷത്തു്. III. VI, & VII

ബ്രഹ്മനാകുന്നു. അഥവാ ഈശ്വരനാകുന്നു. മനുഷ്യൻ ഒരു ചെറുദേവനാണ്. അഥവാ അവൻ ഈ വിശ്വത്തിന്റെ മുഴുവൻ ഒരു ചെറുപതിപ്പാണ് (Microcosm) ദൈവപുത്രനാണെന്നു മനസ്സിലാക്കാം മാനസികാപഗ്രഥനത്തിൽ നിന്നും. ആത്മാവും ശരീരവും സമഞ്ജസമായി സമ്മേളിച്ച ഒരത്ഭുത സൃഷ്ടി.

ആധുനിക മനുഷ്യന് പരിണാമദ്വാരാ പ്രപഞ്ചം മുഴുവനോടുമുള്ള താദാത്മ്യം സ്ഥാപിക്കുന്നതിനുള്ള പ്രവണതയുണ്ട്. പൗരാണിക കാലത്തും ഈ അഭിനിവേശം ദൃശ്യമായിരുന്നു. ഏതാദൃശമായ ഒരഭിവാഞ്ഛയുടെ പരിണതഫലമാണ് ഫാ. തെയ്യാദേഷർദാന്റെ മനുഷ്യപ്രതിഭാസം. (The Phenomenon of man.) അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പരിണാമം ഒരു ശാസ്ത്രീയപ്രക്രിയമാത്രമല്ല. അത് ഈ പ്രപഞ്ചത്തിന്റെ ക്രിസ്തുവിലൂടെ ദൈവസവിധത്തിലേയ്ക്കുള്ള പ്രയാണത്തിൽ (March from biosphere to the Omega Point) അസ്തിത്വത്തിന്റെ താക്കോലാണ്. (Mystical Key to existence in the movement of the universe to God) പദാർത്ഥത്തിന്റെ വിവിധതലങ്ങളിലുള്ള അവബോധമാണ് ജീവൻ. ദൈവികപരിപാലനയും അതിൽ പ്രവർത്തിക്കുന്നുണ്ടെന്നു അംഗീകരിക്കേ മതിയാവൂ. "ഷർദാന് പരിണാമവും പരിത്രാണചരിത്രവും ഒരേ വീക്ഷണത്തിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു." (3) അദ്ദേഹം ശാസ്ത്രീയമായിട്ടാണ് "മനുഷ്യപ്രതിഭാസ"ത്തിൽ പരാമർശിക്കുന്നതെങ്കിലും ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും പ്രവേശിച്ചിട്ടുള്ളതിനാൽ

---

(3) Rev. fr. Charles Dairs. heology for Today P. 16.

വേദശാസ്ത്രപരമായ പ്രശ്നങ്ങളും ഇല്ലാതില്ല. പരിണാമം കൊണ്ടുമാത്രമാണ് മനുഷ്യന്റെ ആവിർഭാവമെങ്കിൽ ഇന്നും ചില വാനരന്മാർ പരിണാമം പ്രാപിച്ച് മനുഷ്യരാകേണ്ടതാണ്. ഇതര ജീവികളിലും പരിണാമം തുടരണം.

എന്തെല്ലാം തത്വസംഹിതകർ രംഗപ്രവേശം ചെയ്താലും ഒരു സ്രഷ്ടാവിന്റെ അനന്തജ്ഞാനവും സ്നേഹപൂർണ്ണമായ പരിപാലനവും നിരാകരിച്ചുകൊണ്ട് ശരിയായി ഈ പ്രപഞ്ചത്തെ വിശദീകരിക്കുവാൻ സാദ്ധ്യമല്ല. ദൈവം പരിണാമപരമായി ലോകത്തെ സൃഷ്ടിച്ചു എന്നംഗീകരിക്കുന്നതിൽ യുക്തിഭംഗമില്ലായിരിക്കാം. സഭാപിതാക്കന്മാരായ വി. ആഗുസ്തീനോസും വി. ഗ്രിഗരിനിസായും, വേദപാരംഗതനായ വി. തോമസ് അക്വീനാസും ഈ അഭിപ്രായം സ്വീകാര്യമാണെന്നു സൂചിപ്പിച്ചിരിക്കുന്നു, [4]

വി. ഗ്രന്ഥം പഴയ നിയമത്തിൽ സൃഷ്ടിയെ പരാമർശിക്കുന്ന അവസരത്തിൽ പറഞ്ഞിരിക്കുന്ന ദിവസങ്ങൾ ഇപ്പോഴത്തെ കാലപരിഗണനമനുസരിച്ചുള്ള ദിവസങ്ങളായിരിക്കണമെന്നില്ല. അതു യുഗങ്ങളായിട്ടു വേണമെങ്കിലും പരിഗണിക്കാവുന്നതാണ്. മാനവ സമുദായം ഒന്നാണ്. അതിന്റെ സാർവ്വത്രിക സജീവ ഐക്യം ( Universal organic unity of ) നാം മനസ്സിലാക്കണം. ദൈവം നമ്മുടെ സ്രഷ്ടാവാണ്. ദൈവ സൃഷ്ടിയുടെ ഉദ്ദേശം മനസ്സിലാക്കി നാം ജീവിതം നയിക്കേണ്ടതത്രെ എന്നിവയാണ് വി. ഗ്രന്ഥം നമുക്കു നല്കുന്ന ദൗത്യം. ശാസ്ത്രം പഠിപ്പിക്കുകയല്ല, നിത്യജീവിത സൗഭാഗ്യത്തിനുള്ള മാർഗ്ഗമെന്തെന്നു കാണിച്ചുതരുന്നു. ദൈവത്തെ അറിയുക, സ്നേഹിച്ചു സേവിക്കുക. ദൈവിക നിയമങ്ങൾ

(4) Summa Theologiae. I. Q. 74, a 1, 2.

ആദരിക്കണം. പരസ്പരം സ്നേഹിക്കുക നമ്മുടെ ചുമതലയാണ്. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു മാനവരാശി രൂപം പ്രാപിക്കുക. ഇതാണ് പഴയനിയമവും പുതിയ നിയമവും നമുക്ക് നല്കുന്ന ദൗത്യം. അവരണ്ടും പരിത്രാണ കർമ്മത്തിന്റെ രണ്ടു രംഗങ്ങളാണ്. രണ്ടിന്റെയും കേന്ദ്രം മിശിഹാ തന്നെ. സഭ എന്നും നവീനമായ ഒരു ജീവിത വീക്ഷണത്തിന് കാഹളം മുഴക്കുന്നു [5] എന്ന് പ. പിതാവ് ജോൺ ഇരുപത്തി മൂന്നാമന്മാ പ്രസ്താവിച്ചിട്ടുണ്ട്.

ഹോളിവുഡിലെ സുപ്രസിദ്ധ ഗിത്താർ സംഗീതജ്ഞനായ സെബാസ്റ്റ്യൻ ടെമ്പിൾ ഒരു യഹൂദനായി ജനിച്ചു. കാൽവനിസ്റ്റായി വളർത്തപ്പെട്ടു. എന്നാൽ പിന്നീട് അദ്ദേഹം ദൈവത്തെ അന്വേഷിച്ച് ബുദ്ധമതവും അനന്തരം ഹിന്ദുമതവും സ്വീകരിക്കുകയുണ്ടായി. യോഗാഭ്യാസ പരിശീലനം വഴി പതിനെട്ട് വർഷക്കാലം ദൈവത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി പരിശ്രമിച്ചു. അവസാനം 1971-ൽ അദ്ദേഹം അമേരിക്കയിലേയ്ക്കു പോകുന്ന മാർഗ്ഗമദ്ധ്യേ ഒരു ഈശോസഭാവൈദികനുമായി സംഭാഷണത്തിലേർപ്പെട്ടു. തൽഫലമായി സെബാസ്റ്റ്യൻ ടെമ്പിൾ കത്തോലിക്കാ സഭയെ സമാശ്ലേഷിച്ചു. അനന്തരം അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: ഇന്നത്തെ യുവതലമുറ ആഗ്രഹിക്കുന്നതെല്ലാം കത്തോലിക്കാതിരുസ്സഭയിലുണ്ട്. എന്നാൽ അത് ആകർഷണീയവും ലളിതവും പ്രായോഗികവുമായി കാണിച്ചു കൊടുക്കുന്നതിന് മുതിർന്ന തലമുറ പരാജയപ്പെട്ടിരിക്കുന്നു. (6).

അതിനാൽ നാം അഭിമാന ബോധമുള്ള കത്തോലിക്കരായി ജീവിച്ച് കത്തോലിക്കാ ജീവിതം ആകർഷണീയവും, ലളിതവും, പ്രായോഗികവുമാണെന്നു വളരുന്നതലമുറയ്ക്കു് കാണിച്ചു കൊടുക്കേണ്ടതാണ് ഇന്നത്തെ ഏറ്റവും വലിയ ആവശ്യം.

---

(5) Pope John XXIII. Ency Mater et Magistra
(6) Examiner Juley 13 rd 1971.

## അദ്ധ്യായം 2.

# ദൈവം മരിച്ചോ?

ദൈവം എന്നതു് മനുഷ്യർ തങ്ങൾക്കുവേണ്ടി തന്നെ കണ്ടുപിടിച്ച ഒരു സങ്കല്പസൃഷ്ടിയെ വിവക്ഷിക്കുന്നതിനായി ഉപയോഗിക്കുന്ന പദമാണ് (1) എന്നത്രെ ചിലർ പറയുന്നതു്.

"ഈശ്വരൻ നിരർത്ഥകമിപ്പദം പറഞ്ഞിനി
ശാശ്വതമാക്കാനാണോ ഞങ്ങൾ തന്നടിമത്തം"

എന്നു് ചങ്ങമ്പുഴയും പാടിയിട്ടുണ്ടു്. കഴിഞ്ഞ നൂററാണ്ടിൽ ജീവിച്ചിരുന്ന നീഷേ എന്ന താത്വികൻ പറഞ്ഞു "ദൈവം മരിച്ചു. ഇനി ആ ദൈവത്തെ സംസ്കരിച്ചാൽ മതി"യെന്നു്, നീഷേയും അദ്ദേഹത്തെ അനുഗമിച്ചു് മാർക്സും, എംഗൽസും, ലെനിനും, സ്റ്റാലിനും, ക്രൂഷേവും, മാവോയും എന്നുവേണ്ട ഇന്നു ലോകത്തിലുള്ള എല്ലാനാസ്തികരും ആ ദൈവത്തെ സംസ്കരിക്കുവാനായി അഗാധമായ ഗർത്തങ്ങൾ പലതും കുഴിച്ചു. പക്ഷേ ദൈവത്തെ സംസ്ക്കരിക്കുവാൻ അവർക്കാർക്കും കഴിഞ്ഞിട്ടില്ല. ഇന്നവരുടെ ശവകുടീരങ്ങൾ മന്ത്രിക്കുന്നുണ്ടാവും. നിങ്ങൾ മർത്ത്യരാണു് എന്നാൽ ദൈവം അമർത്യനാണെന്നു്.

ആധുനികരായ ചില കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരും ദൈവത്തിൻെറ മരണത്തെക്കുറിച്ചു

---

[1] Chipin· quoted in Our Palace· Wondrful, by Rev. Fr· A· Honck P. 1

ഗ്രന്ഥങ്ങൾ എഴുതുവാൻ ആരംഭിച്ചിട്ടുണ്ട്. [ Death of God Theology] കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാർ ദൈവത്തെക്കുറിച്ചുള്ള മാനുഷികമായ ധാരണയിലുള്ള അപാകതയെപ്പററിയാണ് പ്രതിപാദിക്കുന്നതു് (Anthropomorphic Conception about God.) എങ്കിലും പ്രഥമശ്രവണത്തിൽ അതും ദുരർത്ഥദ്യോതകമാണ്

"ഈ ലോകത്തിലുള്ളതെല്ലാം പദാർത്ഥമാണ്. പദാർത്ഥത്തിന് അതീതമായി യാതൊന്നുമില്ല. ആത്മാവും മരണാനന്തരജീവിതവുമില്ല. സ്വർഗ്ഗം മനുഷ്യരെ മയക്കുന്നതിനായി കണ്ടുപിടിച്ച സങ്കല്പസൃഷ്ടി. ക്രിസ്തുമതം നമ്മെ വഞ്ചിക്കുന്നു. ദൈവമില്ല. അതിനാൽ ദൈവത്തോട് നമുക്ക് യാതൊരു കടമയുമില്ല. മതം നമ്മുടെ സ്വാതന്ത്ര്യ സ്വാതന്ത്ര്യമായ ജീവിതത്തിന് ഒരു പ്രതിബന്ധമത്രെ. പ്രത്യേകിച്ചും ക്രിസ്തുമതം പുരോഗമനത്തിന് ഏററവും വലിയ വിലങ്ങുതടിയാണ്." എന്നെല്ലാം കേൾക്കുമ്പോൾ സാധാരണ യൗവനദശയിൽ ഒരുനവീനത്വവും ആകർഷണവും തോന്നിയേക്കാം. അപ്പോഴാണ് യഥാർത്ഥത്തിൽ മതമെന്താണെന്ന് സൂക്ഷ്മപരിശോധനയ്ക്കു് വിധേയമാക്കേണ്ടതു്. "മതം മനുഷ്യനെ മയക്കുന്ന കറപ്പാണ്." എന്നും മററുമുള്ള നൂതനാദർശങ്ങൾ ശ്രവിക്കുമ്പോൾ ചിന്തിക്കാതെ കണ്ണുംപൂട്ടി വിശ്വസിക്കുന്നതു് എത്ര വിലപനീയമായ ഒരവസ്ഥയാണ്. ആ അവസരത്തിൽ നാം മതത്തേയും ഭൗതീകവാദത്തേയും ശരിയായിപഠിച്ചിട്ട് രണ്ടിനെയും വിലയിരുത്തി സയുക്തികം ഒരു നിഗമനത്തിൽ എത്തിച്ചേരണം. ദൈവാസ്തിത്വവും മതവുമെല്ലാം വൈദികരുടെ ഉദരപൂരണത്തിനുള്ള കപോല കല്പിതമായ കെട്ടുകഥയാണോയെന്നു് ശരിയായി പഠിച്ചിട്ട് മതത്തിൽ വിശ്വസിച്ചാൽമതി. വെറും ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾ മതമാവുകയില്ല. അതു് ദൈവവും മനുഷ്യനും

തമ്മിലുള്ള വ്യക്തിഗതമായ ബന്ധമാണ്, രക്ഷാകരമായ സംഭാഷണവും മനുഷ്യനിലെ ദൈവികതയുടെ പ്രകാശനവുമത്രെ.

സുബുദ്ധിയുള്ള ഏതു മനുഷ്യനും ചിന്താശക്തി വേണ്ടവിധം ഉപയോഗിച്ചാൽ ദൈവാസ്തിത്വം ഗ്രഹിക്കുവാൻ സാധിക്കും. ഇന്നത്തെ നാസ്തികർ അവരുടെ ചിന്താശക്തി മററു ചിലർക്ക് അടിയറവച്ചിട്ട് ചില മുൻവിധികളോടുകൂടിയാണ് ചിന്തിക്കുന്നത്. റഷ്യൻ സ്വേച്ഛാധിപതിയായ സ്റ്റാലിൻെറ പുത്രി സ്വെററ്‌ലേനാ അലേലുവിയാ അവളുടെ ജീവിതകഥ ലോകത്തോട്ട് സമഗ്രമായി പ്രതിപാദിച്ചു, ഈശ്വരനാമംപോലും കേട്ടിട്ടില്ലാത്ത അവർ എപ്രകാരമാണ് ദൈവവിശ്വാസമുള്ളവളായത്, ഭൗമികമായ യാതൊന്നിനും സംതൃപ്തമാക്കുവാൻ കഴിയാത്ത മനുഷ്യാത്മാവിൻെറ അത്യൽക്കടമായ അഭിവാഞ്ഛ. ആധുനികലോകത്തെ അഭിമുഖീകരിക്കുന്ന ഏററവും വലിയ അസ്വസ്ഥതകളുടേയും താത്വികമായ ചിന്തകളുടെയും, പ്രശ്നങ്ങളുടെയും പിമ്പിലുള്ള ഏററവും ദുർഘടപ്രശ്നം ദൈവപ്രശ്നമാണ്, ദൈവമുണ്ടോ? ദൈവമുണ്ടെങ്കിൽ അവിടുത്തെ സ്വഭാവമെന്തു്? ദൈവത്തെ അറിയുവാൻ ഏന്താണ് മാർഗ്ഗം? മനുഷ്യന് ദൈവവുമായുള്ള ബന്ധമെന്തു്? ചുമതലയെന്തു്?

ദൈവമുണ്ടെങ്കിൽ തീർച്ചയായും അവിടുത്തെ അറിയുന്നതിനുള്ള മാർഗ്ഗവുമുണ്ടായിരിക്കണം. ഈശ്വരൻ ഈ പ്രപഞ്ചവുമായി യാതൊരു ബന്ധവുമില്ലാത്ത നിർവികാരനായ സ്വേച്ഛാധിപതിയായിരിക്കുവാൻ പാടില്ല. 1958 ൽ റഷ്യ ബഹിരാകാശത്തിലേക്കു് വിക്ഷേപിച്ച ബഹിരാകാശപേടകത്തിൽ സഞ്ചരിച്ച യൂറിഗഗാറിനും, ടിറേറാവും ബഹിരാകാശ പര്യടനം കഴിഞ്ഞു്

വന്നുപറഞ്ഞു. ''ഞങ്ങൾ ബഹിരാകാശത്തിലെങ്ങും ദൈവത്തെകണ്ടില്ലെന്നു്." അന്നത്തെ റഷ്യൻ പ്രധാനമന്ത്രി ക്രൂഷ്ചേവും വെല്ലുവിളിച്ചു ഇനിദൈവമുണ്ടെന്നു് വല്ലവരും പറയുമോ? എന്നു്. എത്ര ബാലിശമായ പ്രസ്താവനയാണു് ഇതു്? ദൈവം അരൂപിയായതിനാൽ മാംസ ചക്ഷുസ്സുകൾക്കു് അതീതനാണു്· അപ്രകാരമുള്ള ദൈവത്തെകാണുന്നതിനും വിശ്വസിക്കുന്നതിനും വല്ലമാർഗ്ഗവുമുണ്ടോ? ഉണ്ടു്.

ദൈവാസ്തിത്വം നമുക്കു് മററു വിധത്തിൽ തെളിയിക്കുന്നതിനു് സാധിക്കും. ചില യാഥാർത്ഥ്യങ്ങൾ (being) നാം അറിയുന്നുണ്ടു് അസ്തിത്വമുള്ളതായി. എന്നാൽ അവയ്ക്കു് അവയിൽത്തന്നെയൊ, ഈ പ്രപഞ്ചത്തിലുള്ള മററു വസ്തുക്കളിലോ അവയുടെ അസ്തിത്വത്തിനു് മതിയായ കാരണം കാണുന്നില്ല. ഒരു പരാശക്തിയുടെ അസ്തിത്വം നാം അംഗീകരിക്കാതെ ഇൗദൃശ യാഥാർത്ഥ്യത്തിൽ നിന്നും ദൈവാസ്തിത്വത്തിലേക്കു് (Supreme being) നമ്മെ നയിക്കുന്ന ഒരു തത്വ സംഹിത ഉണ്ടായിരിക്കണം. ഇതു് രണ്ടും ഈ പ്രപഞ്ചത്തിൽ ദൃശ്യമാണു്. ഈ ലോകത്തിൽ അസ്തിത്വമുള്ളതെല്ലാം ഒരു സൃഷ്ടികർത്താവിൻെറ ആവശ്യകത പ്രഖ്യാപിക്കുന്നു. കാര്യകാരണ ബന്ധം നമ്മെ ദൈവത്തിലേക്കു നയിക്കുന്നു. '' കാരണം വിനാ കാര്യം ന ഉൽപദ്യതേ'' എന്നതാണല്ലോ തർക്കശാസ്ത്രത്തിലെ പ്രഥമ പ്രമാണം.

ശാസ്ത്രജ്ഞനായ അത്തനാസിയൂസ് കിർച്ച്നറിനു് [Athanasius Kirchner] നാസ്തികനായ ഒരു സ്നേഹിതൻ ഉണ്ടായിരുന്നു. ഒരിക്കൽ കിർച്ച്നർ ഭൂഗോളത്തിൻെറ ഒരു മാതൃക നിർമ്മിച്ചു് (globe) മുറിയിൽ സ്ഥാപിച്ചു. നാസ്തികനായ സ്നേഹിതൻ കിർച്ച്നറെ

സന്ദർശിക്കുന്നതിനായി ചെന്നപ്പോൾ ഈ ഭൂഗോളമാതൃക കണ്ടു. അയാൾ ജിജ്ഞാസയോടെ കിർച്ച്നറിനോട് "ആരാണ് ഈ ഭൂഗോള മാതൃക നിർമ്മിച്ചതു് എന്നു് ചോദിച്ചു. "അതു് താനെ ഉണ്ടായതാണ്. എന്നു് കിച്ച്നർ പ്രതിവചിക്കുകയായി. സ്നേഹിതൻ ഉടനെ ചോദിക്കുകയാണ്" "ഈ ഗ്ലോബ്ബ് ഇവിടെ താനെ ഉണ്ടായി എന്നു് പറഞ്ഞാൽ അതു് വിശ്വസിക്കുവാൻ മാത്രം ഭോഷനാണ് ഞാൻ എന്നു താങ്കൾ കരുതുന്നുണ്ടോ? "

കിർച്ച്നർ തിരിച്ചടിച്ചു. ഈ ഗ്ലോബ്ബ് താനെ ഉണ്ടായതാണെന്നു വിശ്വസിക്കുന്നെങ്കിൽ താങ്കൾ ഭോഷനാണെന്നു സമ്മതിക്കുന്നുണ്ടല്ലോ. എന്നാൽ ഈ ഭൂഗോള മാതൃക ഏതിനെ പ്രതിനിധാനം ചെയ്യുന്നുവോ ആ വിശ്വം താനെ ഉണ്ടായിഎന്നു വിശ്വസിക്കുന്ന താങ്കൾ എത്ര ഭോഷനാണ്? അന്നു മുതൽ അയാളുടെ നാസ്തിക വാദം ഉപേക്ഷിച്ച് ഒരു ഈശ്വര വിശ്വാസിയായിത്തീർന്നു. പ്രപഞ്ചത്തെ ശരിയായി പഠിക്കുന്നവർ അത്ഭുത സ്തബ്ധരായി നിന്നു ചോദിക്കും ആരാണ് ഇവയെല്ലാം ക്രമീകരിച്ചിരിക്കുന്നതു്? വിശ്വകടാഹത്തിലെ നക്ഷത്രങ്ങളും സൂര്യ ചന്ദ്രാദി ജ്യോതിർ ഗോളങ്ങളും എത്ര ക്രമമായും നിയമാധിഷ്ഠിതവുമായാണ് ചലിച്ചുകൊണ്ടിരിക്കുന്നതു്? മൂകവും അമൂർത്തവുമായ പദാർത്ഥം യാദൃച്ഛികമായി ചലിച്ച്, ഭ്രമണനിയമങ്ങൾ പാലിച്ചുകൊണ്ടിരിക്കുന്നുവെന്നു് പറയുന്നതു് എത്ര നിരർത്ഥകമാണ്. ദൈവമാണ് ആദ്യത്തെ ജ്യോതിശാസ്ത്രജ്ഞനും സാങ്കേതിക വിദഗ്ദ്ധനും അലംഘനീയമായ പ്രകൃതിനിയമങ്ങളുടെ കർത്താവും.

മനുഷ്യ ദൃഷ്ടിക്ക് വിഷയീഭവിക്കുന്ന ഈ പ്രപഞ്ചം (Galaxy) പോലെ അനേകം പ്രപഞ്ചങ്ങൾ ഉണ്ടെന്നാണ് ശാസ്ത്രജ്ഞന്മാർപറയുന്നതു്, ഏററം നിസ്സാരമായ

ഓണംപോലും ഈ പ്രപഞ്ചത്തിന്റെ ഒരു ചെറു പതിപ്പാണ്. എന്നു പറഞ്ഞാൽ എത്ര വിസ്മയാവഹം! ഈ പ്രപഞ്ചത്തിന്റെ വിസ്തീർണ്ണം തന്നെ ഒരു ലക്ഷം പ്രകാശവത്സരമാണ്. ശൂന്യാകാശത്തിൽ (Space) ഏകദേശം അഞ്ചു ലക്ഷത്തോളം നെബുളകൾ (Nebulae) ഉണ്ടെന്നു കണക്കാക്കപ്പെടുന്നു. പതിനായിരത്തിൽ പരം ഇതിനകം കണ്ടുപിടിച്ചു് അതിന്റെ രൂപവും ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. ഈ വിശ്വകടാഹം മുഴുവനും കൂടി ഒരുമണിക്കൂറിൽ ഒരു ലക്ഷത്തി ഇരുപതിനായിരം മൈൽ വേഗതയിൽ എങ്ങോ അനന്തതയിലേയ്ക്കു പറന്നുകൊണ്ടിരിക്കുന്നു വെന്നാണു് ആധുനിക ശാസ്ത്രജ്ഞന്മാർ പ്രസ്താവിക്കുന്നതു്. വിശ്വശില്പിയുടെ പ്രവർത്തനങ്ങളുടെ മുമ്പിൽ അത്ഭുത മൂകരായി നിലകൊള്ളുന്നതിനു മാത്രമെ നമുക്കു് സാധിക്കുകയുള്ളു.

മാനവികുലത്തിന്റെ ആരംഭം മുതൽ സാർവത്രികമായി ഈശ്വരവിശ്വാസം നിലനിന്നിരുന്നു. റോമൻ ചിന്തകനും പ്രഭാഷകനുമായ സിസറോ ചോദിക്കുന്നു. "ഈശ്വരാസ്തിത്വ ബോധം ഇല്ലാതിരിക്കത്തക്കവണ്ണം അത്ര അപരിഷ്കൃതനായ ഒരു മനുഷ്യനുമില്ല. സുബുദ്ധിയും ചരിത്രവും, ഗ്രീക്കുകാരും ദാർശനികരും സാഹിത്യകാരന്മാരും സമുദായ നേതാക്കന്മാരും ഐക കണ്ഠ്യേന പ്രകീർത്തിക്കുന്ന വസ്തുത എന്തിനു് സംശയിക്കുന്നു. ഇനി മൂക ജാതികളുടെ സാക്ഷ്യത്തെയാണോ നാം പ്രതീക്ഷിക്കേണ്ടതു്?" പൗരാണിക കാലത്തു് ഈശ്വര വിശ്വാസമില്ലാത്തതു് പരിഷ്കാര രാഹിത്യത്തിന്റെ ലക്ഷണമാണു്. എന്നാൽ ഇക്കാലത്തു് നാസ്തികവാദം പരിഷ്കാരമായിട്ടാണു് കിഞ്ചിജ്ഞന്മാർ കരുതുന്നതു്. എല്ലാക്കാര്യത്തിലും എല്ലാ ജനതകളുടെയും സാർവ്വത്രിക സമ്മതം പ്രകൃതി നിയമമായി പരിഗണിക്കേണ്ടതാണു്. എന്നത്രെ സിസ

റോയുടെ മതം യാതൊരുവനും എല്ലാവരെയും വഞ്ചിക്കുവാൻ സാധിച്ചിട്ടില്ല. മനുഷ്യവർഗ്ഗംമുഴുവനും ഒന്നുചേന്നു യാതൊരുത്തരെയും വഞ്ചിക്കുകയില്ല. എല്ലാവരെയും കുറെ കാലത്തേയ്ക്കും കുറെപ്പേരെ എല്ലാക്കാലത്തേയ്ക്കും വഞ്ചിക്കുവാൻ സാദ്ധ്യമല്ലല്ലോ.

ശാസ്ത്രപട്ടങ്ങളും ദൈവാസ്തിത്വം അംഗീകരിക്കുന്നു. ദൈവാസ്തിത്വം ശാസ്ത്രപരിധിയിൽ ഉൾപ്പെടുന്നതല്ല. ശാസ്ത്രം ആധികാരികമായി ദൈവാസ്തിത്വത്തെ സംബന്ധിച്ചു് പ്രസ്താവിക്കുമ്പോൾ അതു് ശാസ്ത്രമല്ലാതായിത്തീരുന്നു. അപ്പോൾ അതു് തത്വശാസ്ത്രത്തിൻെറയോ ദൈവശാസ്ത്രത്തിൻെറയോ മണ്ഡലത്തിൽ പ്രവേശിക്കുകയാണു്. എന്നാൽ ശാസ്ത്രജ്ഞന്മാൎക്കു് ശാസ്ത്രപരിധിയിൽ നിന്നുകൊണ്ടു് സമാധാനം പറയുവാൻ സാദ്ധ്യമല്ലാത്ത ചില യാഥാൎത്ഥ്യങ്ങളുണ്ടു്. തന്നിമിത്തം പ്രകൃത്യതീതമായ ഒരു ശക്തിയുടെ അസ്തിത്വം അംഗീകരിക്കുന്നതിനു് നിൎബ്ബന്ധിതരായിത്തീരുന്നു. വിശ്വവിശ്രുതരായ അനേകം ശാസ്ത്രജ്ഞന്മാർ ഈപ്രകാരം പ്രസ്താവിക്കുന്നു.

രണ്ടാം ലോകമഹായുദ്ധകാലത്തു് നാഗാസാക്കിയിലും ഹിരോഷിമായിലും വൎഷിച്ച അണുബോംബിന്റെ ഉപജ്ഞാതാവായ ഡോ. വില്യം പൊള്ളാൎഡു് ഒരു നാസ്തികനായിരുന്നു. എന്നാൽ അണുബോംബിൻെറ മാരകശക്തി ഗ്രഹിച്ചപ്പോൾ ദൈവവിശ്വാസമില്ലാത്തശാസ്ത്രം വരുത്തിവച്ച വിനയെപ്പററി അദ്ദേഹം ബോധവാനായി. ഒരു ഉറച്ച ഈശ്വര വിശ്വാസിയായി ശിഷ്ടജീവിതം നയിച്ചു. അപ്പോളോയെ ചന്ദ്രനിൽ എത്തിച്ച സാറേറൺ റോക്കററിൻെറ നിൎമ്മാതാവായ ഡോ. വെൎണർ വോൺ ബ്രൗൺ പ്രസ്താവിച്ചിട്ടുള്ളതു് ശ്രദ്ധേയമത്രെ.

"സകല ശാസ്ത്രങ്ങളും കലകളും കൈയിലമന്നാലും ദൈവ വിശ്വാസമില്ലെങ്കിൽ മനുഷ്യൻ സംതൃപ്തനല്ല" പ്രാണികളെപ്പററി പതിമൂന്നു വാല്യങ്ങളുള്ള ഒരു ഗ്രന്ഥം വിരചിച്ച ജിൻ ഹെൻട്രി ഫാബർ എന്ന ശാസ്ത്രജ്ഞനോട്ട് ഒരാൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം "ഞാൻ ദൈവത്തിൽ വിശ്വസിക്കുകയല്ല പ്രത്യുതാ ദൈവത്തെ കണ്ടുകൊണ്ട് ജീവിക്കുന്നു" [2] എന്നു മറുപടിനല്കി.

ഭാരതത്തിൻെറ അഭിമാനപാത്രങ്ങളായ ശങ്കരാചാര്യൻ, വിവേകാനന്ദൻ, മഹാത്മഗാന്ധി, മുതലായവർ സജീവമായ ഈശ്വരവിശ്വാസമുള്ളവരായിരുന്നു. 1962-ൽ ആഗ്രായിൽ സമ്മേളിച്ച പൗരസ്ത്യ വിജ്ഞാനിയ സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് പണ്ഡിററ് ജവഹറിലാൽ നെഹ്റു പറയുകയുണ്ടായി ചിലപ്പോഴെല്ലാം ഒരു പ്രകൃത്യതീത ശക്തിയുടെ അസ്തിത്വം അംഗീകരിക്കുന്നതിനു് നാം നിർബന്ധിതരായിത്തീരുന്നു. വെന്നു" ഫ്രഞ്ചുവിപ്ലവത്തിൻെറ വെന്നിക്കൊടി പാറിപ്പറപ്പിച്ച വോൾട്ടയർ ഒരിക്കൽ അഭിപ്രായപ്പെട്ടുകയുണ്ടായി "ദൈവമില്ലെങ്കിൽ ഒരു ദൈവത്തെ കണ്ടുപിടിക്കേണ്ടതു് മാനവരാശിക്കത്യാവശ്യമാണു്."

മനുഷ്യനു് നിത്യമായി ജീവിക്കുന്നതിനും നിത്യസൗഭാഗ്യം അനുഭവിക്കുന്നതിനും നിത്യസത്യം ഗ്രഹിക്കുന്നതിനുമുള്ള അത്യൽക്കടമായ അഭിവാഞ്ഛ നൈസർഗ്ഗികമായിത്തന്നെ ഉണ്ട്. ഓരോരുത്തരുടെയും അന്തസ്സത്തയിൽ ആ അഭിനിവേശം കുടികൊള്ളുന്നു, പരിമിതമായ

---

(2) Life of the Spirit, Changes in Spirituality Thomas Sartoy, Chap. I.

എന്തെല്ലാം നന്മകൾ ലഭിച്ചാലും അത് സംതൃപ്തമാവുകയില്ല. ലൗകിക സുഖസൗഭാഗ്യമോ, സ്ഥാനമാനങ്ങളോ, വിത്തപ്രതാപമോ, ഒന്നുകൊണ്ടും മനുഷ്യ ഹൃദയം സംതൃപ്തിയടയുന്നില്ല. ആധുനികമായ ശാസ്ത്രീയ നേട്ടങ്ങളും, ബഹിരാകാശ പര്യടനങ്ങളും, ഗ്രഹാന്തര വാസവും അത് സാതൃപ്തമാക്കുവാൻ പര്യാപ്തമല്ല. പരിമിതമായ ഒന്നുകൊണ്ടും അടങ്ങാത്ത ആഗ്രഹം സംതൃപ്തമാകണമെങ്കിൽ അനന്ത നന്മയെത്തന്നെ (Supreme good) സ്വായത്തമാക്കണം. ലൗകായതിരായ കമ്യൂണിസ്റ്റുകൾ ദിവാസ്വപ്നം കാണുന്ന സമത്വസുന്ദരമായ ഭൗമ്യ പറുദീസാ കെട്ടിപ്പടുത്താലും മനുഷ്യഹൃദയം നിർവൃതിയടയുകയില്ല. അഗാധപണ്ഡിതനായ വി. അഗുസ്തീനോസ് സ്വാനുഭവത്തിൽനിന്നും ഉൽഘോഷിച്ചു "എന്റെ ദൈവമെ, എന്നെ അവിടുത്തേയ്ക്കുവേണ്ടി മാത്രം അങ്ങ് സൃഷ്ടിച്ചു. അങ്ങിൽ വിലയം പ്രാപിക്കുവോളം എന്റെ ഹൃദയം തികച്ചും അസ്വസ്ഥമായിരിക്കും (3)

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും അവൻ സ്വാഭാവികമായിത്തന്നെ അവന്റെ പരമാന്ത്യമായ അപരിമിതനന്മയെ പ്രാപിക്കുവാൻ അനന്തതയിലേയ്ക്കു കുതിച്ചു പായുന്നു എന്നത്രെ വി. തോമസ് അക്വീനാസും രേഖപ്പെടുത്തിയിട്ടുള്ളത് "മനുഷ്യബുദ്ധി അറിയുക എന്ന പ്രക്രിയയിൽ അനന്തതയിലേയ്ക്കു കുതിച്ച് പാഞ്ഞുകൊണ്ടിരിക്കുന്നു. പരിമിതമായത് എന്ത് ലഭിച്ചാലും അതിനെക്കാൾ വലുതായ ഒന്നിനെപ്പററി ചിന്തിക്കുവാൻ നമ്മുടെ ബുദ്ധിക്കു് കഴിയും. നമുക്ക് ഗ്രഹിക്കാവുന്ന അപരിമിതമായ ഒരു നന്മ (Infinite being) ഇല്ലെങ്കിൽ മനുഷ്യ ബുദ്ധിയുടെ ഈ പ്രവണത, വ്യർത്ഥമാണ്, വൈരുദ്ധ്യമാണ്. അതിനാൽ ഒരുഅനന്തനന്മയുടെ

---

[3] St. Augustine, Cnf ssions·

അസ്തിത്വം ഉണ്ടായേ മതിയാവൂ'' (4) കാരണം നൈസർഗ്ഗികമായ ഒരു യഥാർത്ഥ പ്രവണത (Innate appetite) അഥവാ പ്രയാണം എപ്പോഴും വസ്തുനിഷ്ഠമായ ഒരു ലക്ഷ്യത്തെ ഉദ്ദേശിക്കുന്നു. കമ്യൂണിസത്തിന്റെ സമത്വസുന്ദരമായ പറുദീസായുടെ വ്യാമോഹത്തിനു് പിന്നിലുള്ള വസ്തുതയും പരോക്ഷമായി ഇതുതന്നെ. മനുഷ്യഹൃദയം അജ്ഞാതമായ എന്തോ ഒന്നിനുവേണ്ടി ദാഹിക്കുന്നു. ദൈവമാണു് ആത്യന്തികലക്ഷ്യം. എന്നും നവീനവും, എന്നും പ്രാചീനവുമായ ആ നിത്യസൗന്ദര്യപൂജകൊണ്ടു മാത്രമെ അതു് സംതൃപ്തമാവുകയുള്ളു. മനുഷ്യൻ സ്വാഭാവികമായി ഒരാരാധകനാണു്. ദൈവത്തെ ആരാധിക്കുവാൻ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നില്ലെങ്കിൽ തീർച്ചയായും ഒരു സൃഷ്ടിയെ ആരാധിക്കും.

ഗബ്രിയേൽ മാർസൽ എന്ന ആസ്തിത്വവാദതാത്വികൻ മനുഷ്യനു് മറ്റുള്ളവരെ സ്നേഹിക്കുന്നതിനുള്ള പ്രവണതയിൽ നിന്നു് അഥവാ വ്യക്തിത്വപൂരണത്തിനു് വേറൊരു വ്യക്തിയുമായിട്ടുള്ള ബന്ധത്തിന്റെ ആവശ്യകതയിൽനിന്നും ദൈവാസ്തിത്വം തെളിയിക്കുന്നു. ഈ ലോകത്തിലുള്ള സകല സ്നേഹവും നശ്വരമാണു്, അപൂർണ്ണമാണു്. അതിനാൽ മനുഷ്യനിലുള്ള ഈ പ്രവണതയെ പൂർത്തീകരിക്കുവാൻ നിത്യമായ അസ്തിത്വത്തിനും സ്നേഹത്തിനും മാത്രമെ സാധിക്കുകയുള്ളു. തന്നിമിത്തം ദൈവാസ്തിത്വം അംഗീകരിച്ചേ മതിയാവൂ.

നാം ഇന്നു് ജീവിക്കുന്നതു് പ്രശ്നസങ്കുലമായ ഒരു ലോകത്തിലാണു്. അനുദിനം അനേകം പ്രശ്നങ്ങളുടെ

(4) St. Thomas. Confra Gentiles. I. 43, 10. Translation. Donfle Day Company. N. Y. 1935.

പരമ്പരയെത്തന്നെ നാം അഭിമുഖീകരിക്കുന്നു. ഭക്ഷ്യ പ്രശ്നം, ജനസംഖ്യാപ്രശ്നം, സാമൂഹ്യപ്രശ്നം, തൊഴിലാളികളുടെപ്രശ്നം, തൊഴിലില്ലായ്മയുടെപ്രശ്നം എന്നിങ്ങനെ പലതും. പ്രശ്നങ്ങളുമായി ഏററുമുട്ടി ചിലരെല്ലാം ജീവിതനൈരാശ്യം പൂണ്ട് ആത്മഹത്യചെയ്തെന്നു വരുന്നതുമുണ്ട്.

1970—ജാനുവരിമാസം 4–ാം തീയതി ബാംഗളൂരിൽ ഒരു സംഭവം നടക്കുകയുണ്ടായി. മദ്രാസ്സിൽ നിന്നും പുറപ്പെടുന്ന വൃന്ദാവൻഎക്സ്പ്രസ്സ്ട്രെയിൻ ബാംഗളൂരിൽ കൃത്യം നാലരമണിക്ക് വന്നുചേരും. ഏകദേശം മുപ്പത്തഞ്ചു വയസ്സു പ്രായം വരുന്ന ഒരു മനുഷ്യൻ ട്രെയിൻ വരുന്നതിനു് രണ്ടുമൂന്നു മിനിട്ട് മുമ്പേ ഒരു മോട്ടോർ സൈക്കിളിൽ ബാംഗളൂർ ഈസ്റ്റ് റെയിൽവേ സ്റ്റേഷനിലേക്കു് വരുന്നു. കാഴ്ചക്കു് സുമുഖൻ; പരിഷ്കൃതവേഷസംവിധാനങ്ങൾ. അയാൾ വന്നു് റെയിൽപാളത്തിലേക്കു നീണ്ടു നിവന്നു കിടന്നു. രണ്ടുമൂന്നു മിനിട്ടിനുള്ളിൽ ട്രെയിൻ വന്നു് അയാളുടെ മുകളിൽ കൂടി കയറിയിറങ്ങി. അയാളുടെ ജീവിതവും അവസാനിച്ചു. പിന്നീട് അന്വേഷിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു അയാൾ ജീവിതപ്രശ്നങ്ങളുമായി ഏററുമുട്ടി നൈരാശ്യംപൂണ്ടാണു് അപ്രകാരം ചെയ്തതെന്നു്. ജീവിതത്തിൽ പ്രശ്നങ്ങളോ, യാതനകളോ അനുഭവപ്പെടുമ്പോൾ നാം അസ്വസ്ഥചിത്തകരാവുകയോ നിരാശരാവുകയോ ചെയ്യുന്നതു് ജീവിതത്തിന്റെ അർത്ഥം എന്താണെന്നു് ഗ്രഹിക്കാത്തതിനാലാണു്.

രാഷ്ട്രമീമാംസകരും ഭരണധുരന്ധരരും, ജനനേതാക്കളും, സാമൂഹ്യപ്രവർത്തകരും എന്നുവേണ്ട എല്ലാവരും പ്രശ്നങ്ങളില്ലാത്ത, സങ്കടങ്ങളും യാതനകളുമില്ലാത്ത ഒരു ലോകസൃഷ്ടിക്കായി അക്ഷീണം പരിശ്രമിക്കുന്നുണ്ട്. എന്നാൽ

ഇന്നു് പ്രശ്നങ്ങൾ ഒന്നിനൊന്നു വർദ്ധിച്ചു വരികയാണു്, ദൈവത്തെ മാററിനിറുത്തിക്കൊണ്ടാണു് ഇന്നത്തെലോകം പ്രശ്നങ്ങൾ പരിഹരിക്കുവാൻ പരിശ്രമിക്കുന്നതു്. തന്നിമിത്തം പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്നു. ദൈവം മാത്രമാണു് നമ്മുടെ എല്ലാപ്രശ്നങ്ങളുടെയും ഏകപരിഹാരം. ക്രിസ്തുനാഥനാണു് നമ്മുടെ ജീവിതത്തിലുള്ള എല്ലാവൈരുദ്ധ്യങ്ങളെയും നീക്കേണ്ടതു്. മിശിഹായെ കൂടാതെ ജീവിതം മരണമാണു്. എന്നാൽ ഈശോയോടുകൂടി മരണംതന്നെ ജീവിതമാണു്. [5] എന്നു് പാസ്കൽ എന്ന ചിന്തകൻ പ്രസ്താവിക്കുന്നു. ക്രിസ്തുവിനെ ഏററവും കൂടുതൽ ദ്വേഷിക്കുന്ന ഒരു യുഗമാണു് ഇതെങ്കിൽ ക്രിസ്തുവിനെ ഏററവും അത്യാവശ്യമുള്ള ഒരു യുഗവുമിതുതന്നെ. ഇന്നത്തെ ലോകത്തിലെ പ്രശ്നങ്ങളുടെയും യാതനകളുടെയും മദ്ധ്യേ ദൈവവിശ്വാസമില്ലായിരുന്നെങ്കിൽ എനിക്കു് ചിത്തഭ്രമം പിടിപെട്ടുമായിരുന്നുവെന്നു് മോൺഷീനും ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി.

ഇന്നു് ലോകം സമത്വത്തിനുവേണ്ടി അടരാടുകയാണു്. എല്ലായിടത്തും സമത്വത്തിൻെറ പല്ലവിയേ കേൾക്കുവാനുള്ളു. എന്നാൽ എന്താണു് ലോകത്തിൽ അനുഭവപ്പെടുന്നതു്. ലോകം ഇന്നു് അസമത്വങ്ങളുടെ കേളീരംഗമായിത്തീർന്നിരിക്കുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുന്നു. എന്നാൽ പാരതന്ത്ര്യത്തിലാണു് ലോകം അമരുന്നതു്. ദൈവത്താൽ ഭരിക്കപ്പെടുവാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്ന ഒരു ജനത സ്വേച്ഛാധിപതികളാൽ ഭരിക്കപ്പെടുമെന്നുള്ളതു് നിസ്തർക്കമത്രെ, വിശ്വസാഹോദര്യത്തിൻെറ കാഹളം മുഴക്കുന്നുണ്ടു് ആധു

---

(5) Blaise Paschal quoted in Encounter with Christ by Rev. Fr. Archembeaud. P. 17

നികലോകത്തിൽ. പക്ഷേ സാഹോദര്യം പ്രസംഗിക്കുന്നവർ തന്നെ സഹോദരങ്ങളുടെ രക്തപ്പുഴ ഒഴുക്കുകയാണ് ലോകത്തിലുഴനീളം. കാരണമെന്താണ്? "ദൈവപിതൃത്വമാണ് മനുഷ്യന്റെ സമത്വം, സ്വാതന്ത്ര്യം സാഹോദര്യം എന്നിവയുടെ അടിസ്ഥാനം (6)

വീണ്ടും മരണം, സഹനം, ലോകത്തിൽ കാണുന്നദാരിദ്ര്യം, രോഗം, സാമൂഹ്യാ സമത്വങ്ങൾ ഇവയെല്ലാം ശരിയായ സമാധാനം ദൈവപരിപാലനയിലും മരണാനന്തര സൗഭാഗ്യത്തിലും മാത്രമെ കാണുവാൻ സാധിക്കുകയുള്ളു. ഇവയെല്ലാം മനുഷ്യന്റെ അപര്യാപ്തതയും അവനു് പരിത്രാണനം ആവശ്യമാണെന്നും വ്യക്തമാക്കുന്നു. " ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങളും അവന്റെ നിത്യമായ ദൈവത്വവും ഒഴിവു്കഴിവു് പറയാൻ കഴിയാത്തവണ്ണം അവന്റെ സൃഷ്ടങ്ങൾക്കു് ലോകസ്ഥാപനം മുതൽ ബുദ്ധിമുഖേന കാണപ്പെട്ടുകൊണ്ടിരിക്കുന്നു". (റോ: 1.20) എന്നു വി. പൗലോസ് അപ്പസ്തോലനും ഉൽബോധിപ്പിക്കുന്നു. ( Cf. വിജ്ഞാനം XIII. 1-9 )

വി. തോമസ് അക്വീനാസ് ബാല്യകാലംമുതൽ തന്നെ ചോദിച്ചിരുന്നു ദൈവം ആരാണ്. പില്കാലത്തു് അദ്ദേഹം മനുഷ്യബുദ്ധിക്കു് പ്രാപിക്കുവാൻ സാധിക്കുന്നവിധം പൂർണ്ണമായി ദൈവത്തെക്കുറിച്ചു് പ്രതിപാദിക്കുന്നുണ്ടു്. സിറാക്കൂസിലെ രാജാവായ ഹീറോ (Hiero) സിമോനിദാസു് ( Simonidas ) എന്നതാത്വികനോടു്

---

(6) Dr. G. D.Smith, the Teaching of the Catholic Church. Man and his Destiry. P. 309. Fr. Bernarb Haring. Christain Renewal in a Changing world. P.22

ദൈവം എന്താണ് എന്നൊരു ചോദ്യം ചോദിച്ചു. അപ്പോൾ സിമോനിദാസ് അതിനുത്തരം പറയുവാൻ ഒരു ദിവസത്തെ സമയം ചോദിച്ചു. രാജാവ് ഒരു ദിവസം നല്കി. ഒരു ദിവസം കഴിഞ്ഞപ്പോൾ രണ്ട് ദിവസം കൂടി ചോദിച്ചു. രണ്ടുദിവസംകൂടി കഴിഞ്ഞപ്പോൾ നാലു ദിവസം കൂടി ആവശ്യപ്പെട്ടു. നാലുദിവസം കഴിഞ്ഞപ്പോൾ വീണ്ടും എട്ടുദിവസംകൂടി ആലോചിക്കുവാനുള്ള സാവകാശം നല്കണമെന്നഭ്യർത്ഥിച്ചു. അവസാനം രാജാവു് അക്ഷമനായി. ഉടനെ സിമോനിദാസ് രാജാവിനോട്ട് പറഞ്ഞു "ഞാൻ ദൈവത്തെപ്പററി ചിന്തിക്കുന്തോറും ഉത്തരം കൂടുതൽ വിഷമകരമായിത്തീരുകയാണ്". (7)

ദൈവത്തിൻെറ ആന്തരികമായ ജീവിതം, പ്രവർത്തനം, സ്വഭാവം എന്നിവയെപ്പററി മനുഷ്യബുദ്ധിക്ക് തനിച്ച് പൂർണ്ണമായി ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ദൈവം തന്നെ പ. ത്രീത്വത്തിൻെറ രഹസ്യം വെളിപ്പെടുത്തി. മററെല്ലാ ക്രിസ്തീയ രഹസ്യങ്ങളും അതിൻെറ തുടർച്ചയാണ്. വെളിപ്പെടുത്തിനു ശേഷവും അതിൻെറ യാഥാർത്ഥ്യം നമുക്ക് വേണ്ടവിധം ഗ്രഹിക്കുവാൻ സാധിക്കുകയില്ല. സുതനായ ദൈവത്തിൻെറ മനുഷ്യാവതാരത്തിനു ശേഷമാണ് ആ രഹസ്യം മാനവവംശം ഗ്രഹിക്കുന്നത്. ഹിന്ദുമതത്തിൽ നാം കാണുന്ന ത്രിമൂർത്തികൾ ഓരോ കാലത്ത് ഓരോ സ്ഥലത്ത് പ്രാബല്യത്തിൽ വന്ന വിശ്വാസത്തിൽ നിന്നും കാലക്രമേണ രൂപം പ്രാപിച്ചതാണല്ലോ. ദൈവിക ജീവൻെറയും

---

(7) Cicero De Nalusa Deorum. I. 22. quoted by Very Rev. Tiahmer Both, The groat God. Herder Co. Londen. P. 2.

സ്നേഹത്തിൻെറയും പ്രഥമസ്ഥാനമാണ് പിതാവ്. പുത്രൻ സ്നേഹത്തിൻെറയും ജീവൻെറയും പ്രതിഛായ; പരിശുദ്ധാത്മാവ് ദൈവിക ആത്മദാനത്തിൻെറ പൂർത്തീകരണം. ജീവിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഈ മൂന്ന് ദൈവീകവ്യക്തികൾ അവരുടെ സ്നേഹത്തിലും ജീവിതത്തിലും ഭാഗഭാക്കുകളാകുന്നതിനും അവരോടുള്ള വ്യക്തിപരമായ ഐക്യത്തിനും നമ്മെ ക്ഷണിക്കുന്നു.

## അദ്ധ്യായം 3

# നാസ്തികവാദം യുക്തിപൂർവ്വകമോ?

ദൈവാസ്തിത്വത്തെ സയുക്തികം സ്ഥാപിക്കാമെങ്കിലും അനേകം നാസ്തികരെ നാം ആധുനികലോകത്തിൽ കാണുന്നതിന്റെ കാരണമെന്താണ്? എത്രമാത്രം യുക്തിപൂർവ്വം സമർത്ഥിച്ചാലും മാനസാന്തരം ദൈവത്തിന്റെ ഒരു ദാനമാണ്, പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് വരപ്രസാദം നല്കിക്കൊണ്ട്. നല്ലമദ്ധ്യാഹ്നസമയത്ത് കണ്ണടച്ച് ഇപ്പോൾ അന്ധകാരമാണെന്ന് പറയുന്നവരാണ് നാസ്തികർ. എത്രശക്തമായ പ്രകാശം കണ്ടാലും അവർ അംഗീകരിക്കുകയില്ല.

സുപ്രസിദ്ധ ഗാനകൃത്തും സംഗീതജ്ഞനുമായ ബിത്തോവന് ( Beethoven ) പെട്ടന്ന് ബാധിര്യം പിടിപെട്ടു. അദ്ദേഹം അതറിയുന്നില്ല. അറിയാതെ ഒരു ദിവസം ചെന്ന് ഒരു പിയാനോവായിച്ചു. യാതൊരുശബ്ദവുമില്ല. വീണ്ടും വീണ്ടും അതിന്റെ ശബ്ദോല്പാദനഭാഗങ്ങളിൽ സ്പർശിച്ചു. എന്നിട്ടും നിശ്ശബ്ദം. പട്ടണത്തിലേയ്ക്കോടി, ഒരു കൊല്ലന്റെ ആലയിൽ അയാർ വലിയ കൂടം കൊണ്ട് ഇരുമ്പിനിട്ടടിക്കുന്നു യാതൊരു സ്വരവും പുറപ്പെടുവിക്കാതെ. അടുത്തതായി പട്ടണത്തിൽ ഒരു ഫിഡിലിസ്റ്റിനെ സമീപിച്ച് അയാളുടെ ഫിഡിൽ വായിച്ചു. അതും മൂകമാണ്. വീണ്ടും ഒരു ദേവാലയത്തിന്റെ പുരോഭാഗത്തുകൂടി കടന്നുപോകുമ്പോൾ അവി

ടെ ഭീമാകാരമായ രണ്ടുമണികൾ അങ്ങോട്ടുമിങ്ങോട്ടും കിടന്നാടുന്നു. അതിൻെറ ഭാരമേറിയ നാവുകൾ ഇരുപാർശ്വങ്ങളിലുമടിക്കുന്നു. പക്ഷേ ബിഥോവനു് അവിടെയും ശ്മശാനമൂകതയാണു്. ഈ ലോകം തന്നെ നിത്യനിശ്ശബ്ദമാണെന്നനിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. ബിത്തോവൻ എന്നിട്ടും മനസ്സിലാക്കുന്നില്ല. അദ്ദേഹത്തിൻെറ ശ്രവണേന്ദ്രിയത്തിനു് പററിയ വിപത്തു്.

ആധുനികലോകവും ഏതാദൃശമായ ഒരു വിപത്തിലേക്കാണു് നീങ്ങുന്നതു്. പ്രകൃത്യതീതമായ യാഥാർത്ഥ്യങ്ങൾ ശ്രവിക്കുന്നതിൽ അതു് ബധിരമാണു്. കാണുന്നതിനു് അന്ധമാണു് ഗ്രഹിക്കുന്നതിനു് അശക്തവുമത്രെ. എന്താണു് അതിനുള്ള കാരണം? അധുനാതനലോകം ഏററവും വലിയ പരിവത്തനദശയെ തരണം ചെയ്തുകൊണ്ടിരിക്കുന്നു. പരിവത്തനാത്മകമായ ഈ യുഗത്തിൽ പരിവത്തനത്തിനതീതമായി, അനശ്വരമായ, സനാതനമായ സാവ്വത്രികമായ മൂല്യങ്ങൾ വല്ലതും ഉണ്ടോയെന്നു് ചിന്തിക്കുന്നതിനു് മനുഷ്യർ ബദ്ധപ്പെടുന്നില്ല. കേവലം ഉപരിപ്ലവമായ യാഥാർത്ഥ്യങ്ങളിൽ മാത്രം ശ്രദ്ധാകേന്ദ്രീകരിക്കുന്നു.

ഗ്രീക്കു് പ്രഭാഷകനായ ഡെമോസ്തനീസു് ഒരിക്കൽ ഒരു വിളക്കും കത്തിച്ചു് മദ്ധ്യാഹ്നസമയത്തു് ഏഥൻസു് നഗരത്തിൽക്കൂടി പോവുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിൻെറ ഒരു സുഹൃത്തു് അദ്ദേഹത്തോടു് ചോദിച്ചു് എന്താണു് താങ്കൾക്കു സുബോധമില്ലേ? ഉച്ചസമയത്തു് വിളക്കുമായിട്ടു് നടക്കുന്നതിൻെറ കാരണമെന്തു്? ഡെമോസ്തനീസു് ഇപ്രകാരം പറഞ്ഞു. "'സ്നേഹിതാ എനിക്കു് ചിത്തഭ്രമമൊന്നും പിടിപെട്ടിട്ടില്ല. ഞാൻ ഒരു മനുഷ്യനെ അന്വേഷിക്കുകയാണു്." ഉടനെ സ്നേഹി

തൻ പ്രതിവചിച്ചു. "താങ്കൾക്ക് തീച്ച്യയായും സുബു ദ്ധി നഷ്ടപ്പെട്ടു. ഈ ഏഥൻസ് നഗരമദ്ധ്യത്തിൽക്കൂടി അനേകംപേർ കടന്നുപോയിട്ട് ഇനി നിങ്ങൾ ഒരുമനുഷ്യ നെക്കാണുവാൻ വിളക്കും കത്തിച്ച് നല്ലപട്ടാപ്പകൽ സമയത്തു് നടക്കുന്നെങ്കിൽ താങ്കൾ തീച്ച്യയായും ഭ്രാന്തനാണ്." ഡെമോസ്ഥനീസ് തുടന്നുപറഞ്ഞു. "സ്നേഹിതാ, ഇവരാരും ചിന്തിക്കുന്നവരല്ല. അതിനാൽ ഇവർ മനുഷ്യർ എന്ന സംജ്ഞയ്ക്കു് അർഹരല്ല."

ഇന്നത്തെ നാസ്തികരെപ്പററിയും ഇതുതന്നെ പറയേണ്ടതായിട്ടാണിരിക്കുന്നതു്. അവർ കൂപമണ്ഡൂകസദൃശരാണു്; സങ്കീത്തകനായ ദാവീദ് പറയുന്നു: "ഭോഷൻ അവൻെറ ഹൃദയത്തിൽ പറയുന്നു ദൈവം ഇല്ലായെന്നു്." (1) ഈ വാക്കുകളെ പരാമശിച്ചുകൊണ്ടു് വി. ആഗസ്തീനോസ് പ്രസ്താവിക്കുകയാണ്, "ലോകത്തിലുള്ള ഒരു തത്വശാസ്ത്രവും ഇതിനോട്ട് കിടപിടിക്കുകയില്ല. ഇതിനെ അതിലംഘിക്കുകയുമില്ല". (2) ഇവിടെ ഭോഷൻ എന്നുപറയുന്നതു് പാപി എന്ന അർത്ഥത്തിലാണ്. ഒരു മനുഷ്യനും സാധാരണ രീതിയിൽ ആദ്യം നാസ്തികനാവുകയില്ല. പാപം ചെയ്ത് മനസാക്ഷി തുരുമ്പിച്ചു പോകും. എങ്കിലും ഇടയ്ക്കിടയ്ക്കു് അന്തഃക്കരണം അവനെ അലട്ടുന്നതാണ്. പിന്നീട്ട് ഒരു സ്വാർത്ഥ സംതൃപ്തിക്കുവേണ്ടി സ്വയംവഞ്ചിച്ചുകൊണ്ടു് പറയും" "ദൈവമില്ല. ആത്മാവില്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്. പുരോഹിതന്മാരുടെ ഉദരപൂരണത്തിനുവേണ്ടിയുള്ള കെട്ടുകഥയാണ്" എന്നെല്ലാം.

---

(1) സങ്കീത്തനം. 32,
(2) Canon Honck, Wonderful our palace P. 27

"ദൈവമില്ലെങ്കിൽ എല്ലാം അനുവദനീയമാണ്'' എന്ന് ഡോയിഗ്സ്റ്റാവിസ്കി. (Doeistoviski) പറയുന്നു. മനുഷ്യരുടെ നിരങ്കുശമായ സ്വാതന്ത്ര്യ പ്രവണതയ്ക്ക്, സർവ്വതന്ത്രസ്വാതന്ത്ര്യമായ ജീവിതത്തിന് കടിഞ്ഞാണിട്ടുന്നതു് മതവും ഈശ്വരവിശ്വാസവുമാണ്. അതിനാൽ ആ ശല്യമൊന്ന് ഒഴിച്ചുകിട്ടുവാനാണ് പ്രായോഗിക നാസ്തികന്മാർ ( Practical atheists ) കിണഞ്ഞു പരിശ്രമിക്കുന്നതു്. ഇന്നത്തെ നാസ്തികരെ വിശ്വസിപ്പിക്കുന്നതിനായി ദൈവംതന്നെ പ്രത്യക്ഷപ്പെട്ടാലും അവർ വിശ്വസിക്കുകയില്ല. ഈ പ്രകാരമുള്ള ഒരു ദൈവത്തെ വേണ്ടായെന്നായിരിക്കാം അപ്പോഴത്തെ സമാധാനം

മററുചിലർ നാസ്തികവാദികളാകുന്നതിനു് കാരണം ഈ ലോകത്തിൽ കാണുന്ന ദുരിതങ്ങളും, സഹനവും, സാമൂഹ്യമായ അനീതികളും, അസമത്വങ്ങളുമൊക്കെയാണ്. എന്നാൽ, ഈ പ്രശ്നങ്ങളുടെയെല്ലാം ഏക പരിഹാരം ദൈവംമാത്രമാണ്. ഇതിന്റെയെല്ലാം മദ്ധ്യത്തിലും സുരക്ഷിതമായ അഭയകേന്ദ്രം ദൈവമത്രെ. ഇതിനെല്ലാം സമാധാനം ദൈവികപരിപാലനയിൽ മാത്രമേ കണ്ടെത്തുവാൻ സാധിക്കുകയുള്ളു. ലോകത്തിൻ മനുഷ്യ ജീവിതോദ്ദേശമെന്താണെന്നു് മനസ്സിലാക്കാത്തതുനിമിത്തമാണ് ഇവർ ദൈവാസ്തിത്വത്തെ നിഷേധിക്കുന്നതു്. നമ്മുടെ അസ്തിത്വത്തിന്റെ ഉദ്ദേശം സുഖഭോഗങ്ങൾ ആസ്വദിക്കുക എന്നതല്ല മറിച്ച് നമ്മെത്തന്നെ പവിത്രീകരിക്കുകയാണ്. പ്രപഞ്ചത്തെത്തന്നെ ആദ്ധ്യാത്മികമാക്കണം. (Spiritualization of the universe). ധനസമ്പാദനമാണ്, സുഖഭോഗങ്ങൾ ആസ്വദിക്കുകയാണ്, സമത്വസുന്ദരമായ ഒരു ഭൗമ്യപറുദീസാ പടുത്തുയർത്തുകയാണ് നമ്മുടെ ലക്ഷ്യമെങ്കിൽ തീർച്ചയായും ദൈവം അതിനുള്ള മാർഗ്ഗങ്ങളും സുലഭമായി നല്കുമായിരുന്നു.

ദൈവം അവിടത്തെ പരിപാലനയിൽ തിന്മകൾക്ക് ഒരിക്കലും കാരണഭൂതനല്ല. അവ അനുവദിക്കുകമാത്രമാണ് ചെയ്യുന്നത്. മനുഷ്യൻറ സ്വതന്ത്ര്യമനസ്സാണ് തിന്മയുടെ നിദാനം. എന്നാൽ തിന്മയിൽ നിന്നും നന്മ പുറപ്പെടുത്തുവാൻ കഴിയുന്നിടത്തോളമേ ദൈവം തിന്മ അനുവദിക്കുന്നുള്ളൂ എന്ന് വി. ആഗസ്തീനോസും വി. തോമസ് അക്വീനാസും പ്രസ്താവിച്ചിരിക്കുന്നു. (3)

അവിടത്തെ അനന്തത ഗ്രഹിക്കുന്നതിനുള്ള നമ്മുടെ അശക്യത നമുക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ തിന്മയിലും, വേദനയിലും, അനീതിയിലും, വഞ്ചനയിലും ദൈവാസ്തിത്വത്തെ നിഷേധിക്കുന്നു. "സഹനവും ദാരിദ്ര്യവും പാപത്തിൻെറ രണ്ട് 'കൂദാശ' കളാണ് (4) നമ്മുടെ പാപങ്ങൾവഴി അവിടത്തേക്കെതിരായി നാം പ്രവർത്തിക്കുന്നു. എന്നാൽ ദൈവം മാത്രമാണ് നമ്മുടെ ഏക സമാശ്വാസം. അവിടന്ന് നമ്മുടെ സമാധാനവും സുഖവുമാണ്. പ്രകാശവും അന്ധകാരവും പ്രശാന്തതയും ആകാംക്ഷയും ജീവിതവും മരണവുമെല്ലാമാണ്. ദൈവം എല്ലാ വൈരുദ്ധ്യങ്ങളുമുൾക്കൊള്ളുന്നുണ്ടെങ്കിൽ ആ വൈരുദ്ധ്യങ്ങളുടെ പരിഹാരവും അവിടന്നുതന്നെയാണ്. നമ്മുടെ അസ്തിത്വത്തിൻെറ ഓരോനിമിഷവും ദൈവവിശ്വാസം നാം സമ്പാദിക്കണം.

നാസ്തികരിൽ മൂന്നാം ഗണത്തിൽ ഉൾപ്പെടുന്നവർ താത്വികമായി നാസ്തികവാദം (Speculative atheists)

---

(3). St. Augustine City of God. M.L.40. 236 quoted S. Thomas. Summa. I q;3.a.3.

(4). Rev. Charles. E. Curan, A.New Look at Christian morality, Chapt. III

അംഗീകരിക്കുന്നവരാണ്. അവർ ശാസ്ത്രീയമായ കാരണങ്ങൾ പറഞ്ഞ് ദൈവാസ്തിത്വത്തെ നിഷേധിക്കുന്നു അഥവാ കുറഞ്ഞപക്ഷം സംശയിക്കുന്നു. ദൈവത്തെക്കുറിച്ച് ജീവിതകാലം മുഴുവൻ അജ്ഞരായിരിക്കുന്നവർ ആരും തന്നെയില്ല. പ്രകൃതിവസ്തുക്കളും, സ്വബുദ്ധിയും ശാസ്ത്രീയജ്ഞാനവും യഥാർത്ഥത്തിൽ ദൈവത്തിലേയ്ക്കു് നയിക്കുന്നു. ചിലർക്കു് ദൈവത്തെക്കുറിച്ച് ചിന്തിക്കുവാൻ സമയമില്ല.

ഇതു് ശാസ്ത്രയുഗമാണ്. അണുയുഗം, സ്പേസ്‌യുഗം, ചാന്ദ്രയുഗം എന്നെല്ലാം നാം പറയാറുണ്ട്. പക്ഷേ ശാസ്ത്രജ്ഞന്മാരെന്നു ഭാവിക്കുന്നവർക്ക് പലർക്കും ശാസ്ത്രീയ വീക്ഷണമില്ല. ജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റേയുംഅടിസ്ഥാനമാണ് കാര്യകാരണബന്ധം ഇതു് നിഷേധിക്കുന്നതു് സ്വബുദ്ധിയ്ക്കു് ചേർന്നതല്ല. മൗലികവും സ്വവിദിതവുമായ ഈ തത്വത്താൽ സയുക്തികം സമർത്ഥിച്ചിരിക്കുന്ന ദൈവാസ്തിത്വത്തെ നിഷേധിക്കുന്ന നാസ്തികർ യഥാർത്ഥ ശാസ്ത്രീയ വീക്ഷണമുള്ളവരാണോ? ഓരോ നവീനമായ കണ്ടുപിടിത്തവും ദൈവാസ്തിത്വത്തിലേയ്ക്കുള്ള വെളിപാടാണെന്ന് ഒരു വിശ്രുതശാസ്ത്രജ്ഞൻ പറയുന്നു. (5) അതിനാൽ, നാസ്തികർ കണ്ണടച്ച് അന്ധകാരമാണെന്ന് പഴിക്കുന്നവരത്രെ. നാസ്തികരുടെ അബദ്ധം അവർ ലൗകിക ശാസ്ത്രങ്ങളിലുള്ള (Physics and Chemistry) തെളിവും ദൈവാസ്തിത്വത്തിനാവശ്യപ്പെടുന്നു എന്നതാണ്. പരീക്ഷണഗ്ലാസിലും[test tube]ദൂരദർശിനിയിലും ബഹിരാകാശ പേടകത്തിലോ ചന്ദ്രനിലോ ദൈവത്തെ കാണുന്നില്ല. ഒരർത്ഥത്തിൽ ദൈവാസ്തിത്വം ഇതിലും സ്വഗ്രാഹ്യമാണ് വേറൊരു മണ്ഡലത്തിൽ ദൈവം

---

(5) Readers Digest 1968. July.

അതുപിയായതിനാൽ പരീക്ഷണനിരീക്ഷണങ്ങൾക്ക് വിധേയനല്ലല്ലോ. ദൈവമില്ലെങ്കിൽ ഒന്നുമില്ല. പ്രപഞ്ചം തന്നെ അർത്ഥശൂന്യം.

മനുഷ്യൻ സ്വാഭാവികമായി നാസ്തികത്വത്തേക്കാൾ ബഹുദേവതാരാധനയിലേക്കാണ് ചാഞ്ഞിരിക്കുന്നതു്. ഓരോരുത്തരും തങ്ങളുടെ ഹിതംപോലെ ദൈവത്തെ രൂപീകരിക്കുകയും പിന്നീട്ട് എല്ലാം നിഷേധിക്കുകയും ദൈവം മരിച്ചുവെന്നു് വീമ്പടിക്കുകയും ചെയ്യുന്നു. ഫ്രഞ്ച്യതാത്വികനായ ജീൻ പോൾ സാർട്ടർ അദ്ദേഹത്തിൻെറ ല ഡയാബിൾ എത്തു് ലബൃദിയ് ഏക്കു് റാബ്ലൂ എന്ന ഗ്രന്ഥത്തിൽ ഗേട്ട്സിൻെറ വാക്കുകളായി പറയുന്നു. "സന്തോഷിക്കുക. സന്തോഷാശ്രുക്കൾ പൊഴിക്കുക. അല്ലേലൂയാ. (അല്ലേലൂയാ എന്ന വാക്കിൻെറ അത്ഥം ദൈവത്തിനുസ്തുതി എന്നാണു്) ഞാൻ നിങ്ങളെ സ്വതന്ത്രരാക്കുന്നു. ഇനിമേൽ സ്വർഗ്ഗമില്ല. നരകമില്ല. ഭൂമി മാത്രമേയുള്ളൂ." (6) അപ്പോൾ മനുഷ്യനു് ശൂന്യതയുടെ ഒരു വിഗ്രഹം സ്ഥാപിക്കാം. ദൈവമായിത്തീന്ന ആ ശൂന്യത മനുഷ്യനെ ഗ്രസിച്ചുകളയും. അതു്മനുഷ്യന്റെ ആസ്തിത്വത്തെ തന്നെ ഇന്നു് ഭീഷണിപ്പെടുത്തുന്നു. മനുഷ്യൻ മനുഷ്യനായിരിക്കുന്നതു് ദൈവത്തിൻെറ മുമ്പിൽമാത്രമാണു് എന്നു് സൊരൻകിർക്കഗോർ പ്രസ്താവിച്ചിട്ടുണ്ട്

ഭൗതികവാദം ഒരു ദൈവത്തെ അംഗീകരിക്കുന്നില്ലെങ്കിൽ അനേകം ദൈവങ്ങളെ അംഗീകരിക്കുന്നതിനാൽ അതു് ഏറ്റവും യുക്തിഹീനമാണെന്നു് പ്രൊ: ജോൺ

---

(6) Le Diable et le bon Dieux tableue quoted in God of Reason by Mgr, Jolivet

എച്ച്. ഷാഫ്നർ പറയുന്നു. നാസ്തികവാദികളോട് ദൈവാസ്തിത്വം സമർത്ഥിക്കണമെങ്കിൽ നാം ദൈവാനുഭവത്തിന് രണ്ട് മണ്ഡലങ്ങളിൽ സാക്ഷ്യം നല്കണം. ഒന്ന് ബൗദ്ധിക മണ്ഡലത്തിൽ; മറ്റൊന്ന് നമ്മുടെ ആദ്ധ്യാത്മിക ഫലദായകത്വത്തിൽ. നമ്മുടെ ജീവിതം വഴി ദൈവവിശ്വാസം എത്ര ധന്യമെന്ന് അഭിലഷണീയമെന്ന് കാണിച്ചുകൊടുക്കണം. അതാണ് രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭ ആധുനികയുഗത്തിൽ എന്ന ഡിക്രിവഴി ലോകത്തിന് നല്കിയിരിക്കുന്ന ആഹ്വാനം. ഒരു ശിശു സ്വമാതാവിനെ അറിയുന്നതിനു മുമ്പായി ദൈവത്തെ അറിയുന്നു. ദൈവം മൂശയും ക്രിസ്തുവും വഴിയായി സംസാരിക്കുന്നതിനു മുമ്പുതന്നെ പ്രപഞ്ചവും മനസ്സാക്ഷിയുംവഴി (Cosmos and Conscience) എല്ലാവരോടും ഒരിക്കൽ തന്നെത്തന്നെവെളിപ്പെടുത്തി എന്ന് കർദ്ദിനാൾ ദാനിയേലു പ്രസ്താവിച്ചിരിക്കുന്നു. "മനുഷ്യർ ദൈവത്തിൽ വിശ്വസിക്കാത്ത ദിവസം ദൈവം മരിക്കുന്നില്ല. എന്നാൽ ദൈവത്തിൽ വിശ്വസിക്കാത്ത ദിവസം മനുഷ്യർ മരിക്കുന്നു" (7) എന്നു ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറലായിരുന്ന ഡാഗ്ഹാമർഷീൽഡ് രേഖപ്പെടുത്തുന്നു.

ലോകത്തിലുള്ള എല്ലാ നാസ്തികരുംകൂടി ഒരുമിച്ച് ദൈവം മരിച്ചുഎന്ന് മുറവിളി കൂട്ടിയാലും ദൈവം മരിക്കുവാൻ പോകുന്നില്ല. കമ്യൂണിസത്തിൻെറ ആവിർഭാവത്തിനുശേഷം എല്ലാ കമ്യൂണിസ്റ്റധീനരാജ്യങ്ങളിൽനിന്നും ഈശ്വരവിശ്വാസത്തേയും മതത്തേയും നിശ്ശേഷം നിർമ്മാർജ്ജനം ചെയ്യുവാൻ അക്ഷീണയത്നം ചെയ്തിട്ടുണ്ട്.

(7) Dag Hamerjoild quoted in Ligourian November 1966.

പക്ഷേ 1965-ൽ പ്രവദയിൽ എഴുതിയ ഒരു ലേഖനത്തിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ച റഷ്യൻ ഭരണകൂടം 1917-മുതൽ ഉററു ശ്രമിച്ചിട്ടും ജനങ്ങളിൽ നിന്നും ദൈവവിശ്വാസം ഉന്മൂലനം ചെയ്യുവാനുള്ള പരിശ്രമം വിഫലമാവുകയാണുണ്ടായതെന്നു്. [ Cfr. Christ to the world· No: 5. 1965] ഇന്നത്തെ യുവതീയുവാക്കന്മാർക്ക് ഈശ്വരവിശ്വാസം വർദ്ധിക്കുകയാണ് ചെയ്യുന്നതു്. 1966-സെപ്ററംബറിൽ ചെക്കോസ്ലോവോക്യായിലെ ഒരു കമ്യൂണിസ്റ്റ് പത്രത്തിലെ ലേഖനത്തിൽ "ഇരുപത്തിഒന്നാം നൂററാണ്ടിൽ ഇന്നത്തെക്കാൾ കൂടുതലായി മതപരമായ പ്രബുദ്ധത ലോകത്തിൽ ഉണ്ടായിരിക്കും. നാസ്തികവാദത്തിൻെറ ആകർഷണ ശക്തി നഷ്ടപ്പെട്ടു. ഇന്നത്തെ നിരീശ്വര പ്രചരണം മനുഷ്യരെ ദൈവത്തിലേയ്ക്കും സഭയിലേയ്ക്കും ആകർഷിക്കുകയാണ് ചെയ്തിട്ടുള്ളതു്" (8) എന്നു സമർത്ഥിക്കുകയുണ്ടായി.

ഇന്നു് നാസ്തികവാദം ഒരു പരിഷ്കാരമായി, കരുതുന്നവരുണ്ട്. പക്ഷേ ലോകചരിത്രം പഠിക്കുന്നവർക്കറിയാം അതൊരു ചർവ്വിതചർവണമാണെന്നു്. പ്രാചീന നൂററാണ്ടുകളിലുള്ളവർ പരീക്ഷിച്ചുനോക്കി ചവററുകൊട്ടയിൽ വലിച്ചെറിഞ്ഞതാണ് നാസ്തികവാദം. അതും ചുമന്നുകൊണ്ടുനടക്കുന്ന മനുഷ്യർ തങ്ങളെത്തന്നെ മൃഗസദൃശരാക്കിത്തീർക്കുന്നു. നാസ്തികവാദികളുടെ സംസ്കാരികമായ പരാജയം പ. പിതാവ് ആറാം പൗലോസ് മാർപ്പാപ്പായുടെ ഏഷ്യൻ പര്യടനാവസരത്തിൽ നാം കണ്ടു. ദൈവത്തെക്കൂടാതെ ജീവിക്കാമെന്ന് വ്യാമോഹിക്കുന്നവർ ദുർബലരാണ് "മനുഷ്യർ തങ്ങളുടെ അജ്ഞതയെ ദൈവത്തിൻെറ മരണമായി തെററിദ്ധരി

(8) Examiner· 5 th October 1966

ക്കുന്നു.'' (9) എന്നു് പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് അരുളിച്ചെയ്യുകയുണ്ടായി. ദൈവത്തെക്കൂടാതെ എങ്ങനെ ലോകത്തേയും പ്രപഞ്ച കടാഹത്തേയും പററി ചിന്തിക്കുവാൻ സാധിക്കും. കണ്ണു ടച്ചു് ഒന്നുമില്ലാതിരുന്ന അവസ്ഥയെപ്പററി ചിന്തിക്കുക. "ഈശ്വരനല്ല പദാർത്ഥമാണു് പ്രപഞ്ചകാരണം. ജീവനോ ബോധമോ ഇല്ലാതിരുന്ന ആ പദാർത്ഥത്തിൽ നിന്നു് ഈ പ്രപഞ്ചവും അതിലുൾപ്പെട്ട സകല വസ്തുക്കളും ഉണ്ടായി'' എന്നാണു് നാസ്തികരുടെ സങ്കല്പം. അവർ അതു് സ്ഥാപിക്കുന്നതിനു് വൈരുദ്ധ്യങ്ങളുടെ പതിനായിരങ്ങളിൽ വിശ്വസിച്ചേ മതിയാവൂ. എന്നാൽ സുബുദ്ധിക്കനുസരണമായി ഈശ്വരാസ്തിത്വം അംഗീകരിക്കുന്നതിനു് വിഷമമാണു്.

ദൈവമുണ്ടെന്നുള്ളതിനു് ഏററവും വലിയതെളിവു് ദൈവത്തെ നാം അംഗീകരിക്കുമ്പോൾ നമുക്കുണ്ടാകുന്ന സന്തോഷമാണെന്നു് ലാസെന്നെ എന്ന താത്വികൻ അഭിപ്രായപ്പെടുന്നു. ദൈവമില്ലെങ്കിൽ കട്ടത്തനിരാശ, ഈ പ്രപഞ്ചം അവ്യക്തം മനുഷ്യ ജീവിതം നിരർത്ഥകം. മനുഷ്യൻ കിരാതത്വത്തിലേയ്ക്കു് വീണ്ടും നിപതിക്കും.

---

(9) Pope Paul. VI. New Leader May-22 1970.

## അദ്ധ്യായം 4

# ദൈവം സ്നേഹത്തിൻെറ രഹസ്യം വെളിപ്പെടുത്തി

ഈ ദൃശ്യപ്രപഞ്ചവും അതിലുൾപ്പെട്ട സർവ്വ ചരാചരങ്ങളും താനെ ഉണ്ടായി എന്നു് വിശ്വസിക്കുന്ന ചലചിന്തകർ ഇന്നുണ്ടു്. പ്രപഞ്ചം സ്വയംഭൂവാണെങ്കിൽ അതുതന്നെ ദൈവമാണെന്നു് അംഗീകരിക്കേണ്ടതായിവരും. പ്രപഞ്ചം നിത്യമല്ല എന്നു് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അഭാവാവസ്ഥയിൽ നിന്നു് അഥവാ ശൂന്യതയിൽ നിന്നു് ഒരു വസ്തുവിനു് അസ്തിത്വം നല്കണമെങ്കിൽ അനന്തമായ ശക്തിപ്രയോഗിക്കണം. അപ്രകാരം ശൂന്യതയിൽ നിന്നും ഒരുവസ്തുവിനു് അസ്തിത്വം നല്കുന്നതാണു് സൃഷ്ടികർമ്മം,

താത്വികമായി സൃഷ്ടികർമ്മത്തെ ഇപ്രകാരം നിർവ്വചിക്കാം Creatro est Productrorei ex mihilo sui et subjecti ) "സ്രഷ്ടാവിൽനിന്നോ, സൃഷ്ടിക്കപ്പെട്ടവസ്തുവിൽനിന്നോ യാതൊന്നുംകൂടാതെ (ex mihilo)ശൂന്യതയിൽ നിന്നും ഒരു വസ്തുവിനു് അസ്തിത്വം നല്കുകയാണു്സൃഷ്ടികർമ്മം. അതുവഴി ഒരു വസ്തുവിൻെറ അസ്തിത്വഗതമായ സത്ത മുഴുവൻ നല്കുന്നു. അതു് ഒരു മാജിക്കല്ല, അപരിമിതനന്മയായ ദൈവത്തിൻെറ നിസ്സീമമായ സ്നേഹവും അനന്ത കാരുണ്യവും ജ്ഞാനവുമാണു് അതിൻെറപിന്നിലുള്ളതു്. അവിടുത്തെ ബുദ്ധിയുടെയും മനസ്സിൻെറയും നിത്യമായ ഒരു പ്രവർത്തനമാണു് സൃഷ്ടി. ദൈവികനന്മയുടെ ഭാഗഭാഗിത്വമാണു്. ദൈവാസ്തിത്വത്തെപ്പററി

പരാമർശിച്ചപ്പോൾ നാം മനസ്സിലാക്കി. ദൈവം മാത്രമാണ് സത്തയിൽ തന്നെ അസ്തിത്വമുള്ള സ്വയംഭൂ. ബാക്കിയുള്ളവയെല്ലാം അവയുടെ അസ്തിത്വത്തിനു് ദൈവത്തോടു് കടപ്പെട്ടന്നു. ദൈവികനന്മയിൽനിന്നും മററു സൃഷ്ടികൾ എപ്രകാരമാണു് അവയുടെ ഭാഗഭാഗിത്വം സ്വീകരിക്കുന്നതു്? ദൈവത്തിൻെറ സത്തയിൽനിന്നുള്ള ഒരു പുറപ്പാടല്ല. അപ്രകാരമായിരുന്നെങ്കിൽ അതു് ദൈവികസത്തയോടു് ഏകീഭവിക്കുമായിരുന്നു. അപ്പോൾ പ്രപഞ്ചത്തിലുള്ളതെല്ലാം ദൈവമാണെന്നു് സമ്മതിക്കേണ്ടതായിവരും. പരദേവതാവാദം ( Pantheism ) തൽഫലമായി അംഗീകരിക്കേണ്ടിവരും.

ദൈവത്തിൽതന്നെ പരിണാമമുണ്ടായി പ്രപഞ്ചം രൂപീകൃതമായി എന്നു പറയുന്നതും ദൈവം പരിവർത്തനത്തിനതീതനാണെന്നുള്ളതിനാൽ Immutability യോജിക്കുകയില്ല. ദൈവം സർവ്വാതീതനാണു്. അപ്രകാരമുള്ള ദൈവത്തിനു് സൃഷ്ടികർമ്മം മാത്രമേ അനുയോജ്യമായിരിക്കുകയുള്ളൂ. സൃഷ്ടിയിൽ യാതൊരു വൈരുദ്ധ്യവുമില്ല. ദൈവത്തിനു് ലോകത്തെസൃഷ്ടിക്കാതിരിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ അസ്തിത്വംനല്കണമെന്നു് തീരുമാനിച്ചാൽ സൃഷ്ടികർമ്മം മാത്രമേ മാർഗ്ഗമുള്ളൂ. ലോകം നിത്യമായിരിക്കുവാൻ പാടില്ല. കുറഞ്ഞപക്ഷം സ്വഭാവത്തിലെങ്കിലും പ്രപഞ്ചം നിത്യമല്ല. ദൈവം മാത്രമാണു് നിത്യനന്മ. ലോകത്തിനു്സത്തയിൽതന്നെ അസ്തിത്വമില്ല. അതിനാൽ ദൈവസൃഷ്ടിയായിരിക്കണം. ഡെസ്കാർട്ടു് പറയുന്നതു് " ഈ പ്രപഞ്ചത്തിനു് കാലത്തിൽ ഒരാരംഭമില്ലെങ്കിൽ ഓരോനിമിഷവും ആരംഭമുണ്ടു് ഓരോനിമിഷവും ലോകം ശൂന്യതയിൽ നിപതിക്കുകയും ദൈവം അതിനെ നവമായി സൃഷ്ടിക്കുകയും ചെയ്യുന്നു" എന്നാണു്.

വി; തോമസ്സ് അക്വിനാസ് പ്രസ്താവിക്കുന്നത് ഇ പ്രകാരമത്രെ: "ഏതെങ്കിലും ഒരു പ്രത്യേക വസ്തുവിൻെറ നിശ്ചിതകാരണത്തിൽ നിന്നുള്ള പുറപ്പാടല്ല നമുക്ക് പരിചിന്തിക്കുവാനുള്ളത്. പ്രത്യുത എല്ലാ വസ്തുക്കളുടെയും സാർവ്വത്രികകാരണത്തിൽ നിന്നുള്ള പുറപ്പാടാണ് പരിഗണിക്കേണ്ടത്. ആ സാർവ്വത്രിക കാരണം ദൈവമാണ്. ദൈവത്തിൽനിന്നുള്ള സൃഷ്ടവസ്തുക്കളുടെ പുറപ്പാടിനെ നാം സൃഷ്ടിഎന്നഭിസംബോധനം ചെയ്യുന്നു(1)'കർത്താവേ അവിടുന്ന് രണ്ടു വസ്തുത സൃഷ്ടിച്ചു. ഒന്ന് അവിടുത്തെ സമീപത്തുള്ള മാലാഖമാർ വേറൊന്ന്. അസംസ്കൃതപദാർത്ഥം (Materia Prima) ഇവ ശൂന്യതയിൽ നിന്നത്രെ [2] എന്ന് വി: അഗസ്റ്റിനും പറയുന്നു.

ഒരു ആംഗ്ലിക്കൻ താത്വികനായ ഡോ: മാസ്കൽ. (Dr·Mascal) ഡോംമാർക്ക് പൊൺടിഫെക്സ് (Dom-mark Ponti fex ), ഡോം ഇൽററിഡ് ട്രെത്തുവാൻ (Dom Iltyd Trethovan) എന്നിവർ അവരുടെ The meaning of Existence [ അസ്തിത്വത്തിൻെറ അർത്ഥം] എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. എല്ലാ വസ്തുക്കളേയും നിലനിർത്തുന്നത് അസ്തിത്വമല്ല, നേരെമറിച്ച് ദൈവത്തിലുള്ള സമാശ്രയത്വമാണ് അവയുടെ അന്തസ്സത്ത (Quoted in the God of Reaseon by Mgr· Jolivet)

വി. ഗ്രന്ഥം സൃഷ്ടിയുടെ പുസ്തകത്തിൽ ദൈവം ആറ് ദിവസംകൊണ്ട് ഈ പ്രപഞ്ചത്തെയും അതിലുൾപ്പെട്ട

---

(1) S· Theologiae· I·Q.45· a, 1·
(2) St. Augustine M L 32, 828-829. quoted by St· Thomas· Summa I. Q.44, q 2

സകല ചരാചരങ്ങളേയും സൃഷ്ടിച്ചതായി നാം വായിക്കുന്നു. (3) ഇവിടെ പ്രസ്താവിച്ചിട്ടുള്ള ദിവസങ്ങൾ ഇന്നത്തെ സമയപരിഗണന അനുസരിച്ചുള്ള ദിവസങ്ങളല്ല എന്നു് പ്രഥമവീക്ഷണത്തിൽത്തന്നെ മനസ്സിലാകും. ദൈവം നാലാം ദിവസം മാത്രമാണു് സൂര്യ ചന്ദ്ര നക്ഷത്രാദികളെ സൃഷ്ടിക്കുന്നതു്. അതിനാൽ അവ യുഗങ്ങളോ, കാലഘട്ടങ്ങളോ ആകാവുന്നതാണു്. വി: ആഗസ്റ്റിനോസും വി: തോമസ്സ് അക്വിനാസും ഇപ്രകാരം അഭിപ്രായപ്പെട്ടു. [4] ആധുനികകാലത്തെ പരിണാമവാദികളുടെ സിദ്ധാന്തമനുസരിച്ചു് പരിണാമപരമായിട്ടാണു് വിശ്വം ഈ രൂപം പ്രാപിച്ചതു് എന്നിരുന്നാൽത്തന്നെയും വി: ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുള്ള സൃഷ്ടികർമ്മത്തിനു് യാതൊരു കോട്ടവും സംഭവിക്കുന്നില്ല, ദൈവം പദാർത്ഥത്തിനു് പരിണാമത്തിനുള്ള ശക്തി നല്കിയതുകൊണ്ടാണല്ലോ പരിവർത്തനമുണ്ടാകുന്നതു്. ഇതിനുംപുറമെ മനുഷ്യാത്മാവിനെ സംബന്ധിച്ചു് ദൈവീകപ്രവർത്തനങ്ങളുടെ ഒരു പ്രത്യേക ഇടപെടൽ അനിവാര്യമാണു്. പദാർത്ഥപരിണാമംകൊണ്ടു മാത്രം മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങൾക്കും സമാധാനം പറയുക സാദ്ധ്യമല്ല.

പ്രപഞ്ചസൃഷ്ടിക്കുശേഷം അതിന്റെ അധിനാഥനും മകുടവുമായ മനുഷ്യനെ ദൈവം അവിടുത്തെ "സാദൃശ്യത്തിലും ഛായയിലും സൃഷ്ടിച്ചു" എന്നു് സൃഷ്ടിയുടെ പുസ്തകത്തിൽ നാം വായിക്കുന്നു. ചരിത്രാതീത കാലംമുതൽ മനുഷ്യജീവിതത്തിന്റെ ആരംഭത്തെക്കുറിച്ചു് എല്ലാവരും ചിന്തിച്ചുകൊണ്ടിരുന്നു. എന്നാൽ അതിനു് ശരിയായ സമാധാനം നല്കുവാൻ ആർക്കും സാധിച്ചില്ല.

---

(3) സൃഷ്ടി: I.
(4). Summa Theologiae, I. Q: 74.a.1,2.

മനുഷ്യജീവിതത്തെ സാവ്വത്രികമായി ബാധിക്കുന്ന ഈ പ്രശ്നത്തിനു് നല്കുന്ന ഉത്തരമാശ്രയിച്ചാണു് മനുഷ്യജീവിതതത്വശാസ്ത്രം പടുത്തുയർത്തുന്നതു്. ഇതിനു് നല്കുന്നഉത്തരം ശരിയായിട്ടുള്ളതാണെങ്കിൽ ജീവിതതത്വശാസ്ത്രം ശരിയായിരിക്കും. മറിച്ചാണെങ്കിൽ ജീവിതവീക്ഷണവും, മതവും സന്മാർഗ്ഗസംഹിതയും പ്രമാദപൂർണ്ണമായിരിക്കും. തെറ്റായ ജീവിതതത്വശാസ്ത്രം മനുഷ്യനു് അവൻെറ പരമാന്ത്യപ്രാപ്തിക്കു് വിഘാതമാണു്. ദൈവം നിക്ഷേപിച്ച ചലനാത്മകതയാലുള്ള പരിണാമം സ്വീകരിച്ചാൽ പോലും മനുഷ്യാത്മാവിൻെറ ഉത്ഭവത്തെ സംബന്ധിച്ചു് ഒരു പ്രത്യേക ദൈവീക ഇടപെടൽ അംഗീകരിക്കാതിരുന്നാൽ മനുഷ്യൻ കേവലം മൃഗമാണെന്നു സമ്മതിക്കേണ്ടിവരും. അപ്പോൾ മനുഷ്യനു് അമർത്യമായ ഒരാത്മാവോ, മരണാനന്തരജീവിതമോ, നന്മതിന്മവിവേചനമോ, സനാതനമൂല്യങ്ങളോ ഉണ്ടായിരിക്കുകയില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ ഒരു പ്രശ്നമാണു് മനുഷ്യജീവിതത്തിൻെറ ആരംഭം. തന്നിമിത്തം നാം നിരാശാഗർത്തത്തിൽ നിപതിക്കാതിരിക്കുവാൻ ദൈവം തന്നെ അക്കാര്യം വെളിപ്പെടുത്തി.

മനുഷ്യത്മാവു് അവിഭാജ്യമാണു്. മനുഷ്യമനസ്സിനു് ഭൗമീക വസ്തുവിൽനിന്നും വിഭിന്നമായ ആശയങ്ങൾ [Abstract ideas] സാവ്വത്രികമായവിധത്തിൽ [Universal] രൂപീകരിക്കുവാൻ കഴിയും. പദാർത്ഥനിബന്ധമായ വസ്തുവിനു് ഇതു് സാധിക്കുകയില്ല. അവയ്ക്കു് പദാർത്ഥഗതവും, വികാരപരവും. ഐന്ദ്രികവുമായവമാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു, "ആത്മാവു് അമർത്യമാണു്." എന്നൊരു പ്രസ്താവം ചെയ്യുമ്പോൾ ആത്മാവു് അമർത്യത എന്നിവയും അവയുടെ സാംഗത്യവും

സംയോജ്യതയും മനസ്സിലാകുന്നു. ഇതു് അവിഭക്തമായ ഒരു സത്തയുടെ അസ്തിത്വത്തെയാണ് പ്രദ്യോതിപ്പിക്കുന്നതു്. നമ്മുടെ ആത്മബോധം, ആന്തരികമായ പ്രവർത്തനം (Introspection and reflection) ഓർമ്മശക്തി എന്നിവയിൽനിന്നും മനുഷ്യാത്മാവു് അരൂപിയാണ്. അമർത്ത്യവും, പദാർത്ഥപരിണാമത്തിനതീതവുമായ ഒരു ശക്തിയാണ് എന്നു ഗ്രഹിക്കുവാൻ സാധിക്കും, ആത്മാവബോധത്തിൽനിന്നും ആത്മാവു് നിത്യമാണ്, ബ്രഹ്മൻ തന്നെയാണ് എന്നു് [അഹം ബ്രഹ്മാസ്മി] ശങ്കരാചാര്യർ അഭിപ്രായപ്പെട്ടു. മരണാനന്തര ജീവിതമില്ലെങ്കിൽ പ്രപഞ്ചവും മനുഷ്യജീവിതവും അർത്ഥശൂന്യമാണ്. പദാർത്ഥ പരിണാമത്തിനതീതമായ മനുഷ്യാത്മാവു് ദൈവത്തിൻെറ സമുന്നതസൃഷ്ടിയാണ്. മനുഷ്യൻെറ ഉത്തരവാദിത്വബോധം, സ്വാതന്ത്ര്യം ഇവ മനുഷ്യനിൽ ആത്മാവിൻെറ അസ്തിത്വത്തിനു് തെളിവായി ഡോ: വിക്ടർ ഫ്രാങ്കൽ (Dr: Victor Frankl) എന്ന യഹൂദമനശ്ശാസ്ത്രപണ്ഡിതനും അഭിപ്രായപ്പെടുന്നു. [5] ദൈവം മനുഷ്യനെ അവിടുത്തെ സാദൃശ്യത്തിൽ സൃഷ്ടിച്ചു (സൃഷ്ടി: 1. 21) മനുഷ്യൻ ദൈവീക സാദൃശ്യത്തിലാകുന്നതു്. ആത്മാവുള്ളതുകൊണ്ടാണ്. തന്നിമിത്തം ദൈവിക സാദൃശ്യത്തിലുള്ള ആത്മാവു് സൃഷ്ടിവഴിയായിട്ടാണ് അസ്തിത്വാവസ്ഥയിൽ എത്തിച്ചേരുന്നതു്. ബുദ്ധിശക്തിയുള്ള ആത്മാവു് സൃഷ്ടിവഴിയായിമാത്രമേ ഉണ്ടാവുകയുള്ളു (6) എന്നാണ് വി.തോമസ്സ് അക്വീനാസ് പ്രസ്താവിച്ചിട്ടുള്ളതു് . സൃഷ്ടവസ്തുക്കൾ ദൈവികജ്ഞാനം, മനസ്സ്,

---

(5) Vaidika Mitram Jan 1971.
(6) St: Thomas. Summa I, q: 90. a- 2.

ശക്തി ഇവയുടെ പ്രകാശനമാണെന്നു് വി: ഗ്രീഗരിനീസായും അഭിപ്രായപ്പെടുന്നു. (7)

മററുമതങ്ങളിൽ ഭൂമിയുടെ ഉത്ഭവത്തെപ്പററിക്കാണുന്ന ഐതിഹ്യങ്ങളിൽനിന്നും വളരെ വിഭിന്നവും ഉന്നതവുമാണു് ബൈബിളിൽ പ്രതിപാദിച്ചിരിക്കുന്ന സൃഷ്ടികർമ്മം. മനുഷ്യബുദ്ധിക്കു് ശൂന്യതയിൽനിന്നുള്ള സൃഷ്ടിദൈവംവെളിപ്പെടുത്തിയിട്ടില്ലായിരുന്നുവെങ്കിൽഗ്രഹിക്കുവാൻ സാദ്ധ്യമല്ല. മററുമതങ്ങളിൽ ഏററവും ചുരുങ്ങിയവസ്തുകൊണ്ടു് (Material) ഈശ്വരപ്രവൃത്തിയാൽ ലോകം ഇന്നത്തെ രൂപത്തിലായി എന്നുള്ള ഐതിഹ്യങ്ങളും കെട്ടുകഥകളുമുണ്ടു്. സമുദ്രത്തിൽ നിന്നു പൊങ്ങിവന്നു; ഹിരണ്യഗർഭത്തിൽനിന്നുണ്ടായി ശ്വേതാശ്വതരോപനിഷത്തു്. III. 4. IV. 12.) അല്ലെങ്കിൽ വേദാന്തികളുടെ അഭിമതപ്രകാരം ബ്രഹ്മൻെറ മായയാണു് ഈ പ്രപഞ്ചം എന്നെല്ലാമാണു് ഭാരതീയർ ലോകോല്പത്തിയെക്കുറിച്ചു് പറയുന്നതു് ബാബിലോണിയാക്കാർ വിശ്വസിച്ചിരുന്നതു് ആരംഭത്തിൽ കുഴഞ്ഞുമറിഞ്ഞ ഒരു ശൂന്യാവസ്ഥ ഉണ്ടായിരുന്നു. അതിനെ അവർ തീയമാത്തു് (Tiamat) എന്ന ഒരു സത്വമാക്കി. മറു്ദുക്കു് (ഈശ്വരൻ) ആ സത്വത്തെ നിഗ്രഹിച്ചു് ഇന്നത്തെ വ്യവസ്ഥിതിസംസ്ഥാപിച്ചു. പൗരാണികരായ ഈജിപ്തുകാർ കരുതിയിരുന്നതു് കും (Khum) എന്നദൈവം ഭൂലോകം ഉൾക്കൊള്ളുന്ന ഒരു മുട്ടയിട്ടു. അതു് വിരിഞ്ഞു് ലോകം ഉണ്ടായി എന്നത്രെ.

ഗ്രീക്കു് മഹാകവിയായ ഹോമറിൻെറ ഇതിഹാസങ്ങളിൽ ലോകം സമുദ്രത്തിൽ നിന്നും പൊങ്ങിവന്നതായി

---

(7) St: Gregory Nyssa. M. G. 44, 67

കുരുതുന്നു. ഋഗ്വേദത്തിൽ ഈശ്വരന്റെ അവയവങ്ങളിൽനിന്നും പരിണാമ വഴി ഭൂമി ഇന്നത്തെരൂപം പ്രാപിച്ചു എന്നുരേഖപ്പെടുത്തിയിട്ടുണ്ട് (ഋഗ്വേദX. 90)സാംഖ്യയോഗതത്വശാസ്ത്രത്തിൽ പുരുഷനും പ്രകൃതിയും തമ്മിലുള്ള പരസ്പരാകർഷണത്താൽ പ്രകൃതിപരിണാമം പ്രാപിച്ചു് എന്നാണു് കാണുന്നതു്. (സാംഖ്യ കാരിക XVII)

വി: ഗ്രന്ഥം പഴയനിയമത്തിൽ ഇപ്രകാരമുള്ള ഐതിഹ്യങ്ങളുടെ ചില സൂചനകൾ കാണുന്നുണ്ടെങ്കിലും പ്രപഞ്ചം ശൂന്യതയിൽ നിന്നും (ex mihilo) ദൈവം അവിടത്തെ അനന്തമായ ശക്തിയാൽ സൃഷ്ടിച്ചുവെന്നു് സുവ്യക്തമായി പ്രസ്താവിക്കുന്നു. സൃഷ്ടികർമ്മം യഹോവായുടെ ഒരു പ്രപഞ്ചവിജയമായി (Cosmic trimuph) ചിത്രീകരിച്ചിരിക്കുകയാണു്. മാത്രവുമല്ല സൃഷ്ടജാലങ്ങളുടെയെല്ലാം പരമാന്ത്യം ദൈവമാണെന്നുള്ള വസ്തുതയും (Escatalogical) പ്രകടമാക്കിയിട്ടുണ്ടു്. ദൈവം സ്രഷ്ടാവും പരമാന്ത്യവുമായതിനാൽ ദൈവീക നിയമങ്ങളും പ്രകൃതിനിയമങ്ങളും അനുസരിക്കേണ്ടതു് നമ്മുടെ കടമയത്രേ. ദൈവത്തോടു ചെയ്തിട്ടുള്ള ഉടമ്പടി (Covenant) അന്യൂനമായി പാലിക്കണം. ലോകത്തെസൃഷ്ടിച്ചതുപോലെ (Cosmic Exodus) നമുക്കു് ദൈവംവഴി പാരതന്ത്ര്യത്തിൽനിന്നുള്ള മോചനവും ലഭിക്കുമെന്നും അനുസ്മരിപ്പിക്കുന്നു.

പുതിയനിയമത്തിലും ദൈവമാണു് ലോകത്തെ സൃഷ്ടിച്ചതു് എന്നുള്ളതിനു് വ്യക്തമായ തെളിവുണ്ടു് "ആദിയിൽ വചനമുണ്ടായിരുന്നു. ഈ വചനം ദൈവത്തോടുകൂടിയായിരുന്നു. ദൈവമായിരുന്നു ഈ വചനം. സകലവും അവൻമൂലമുണ്ടായി. ഉണ്ടായിട്ടുള്ളതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല. (8)

[8] വി; യോഹ; സുവി. അദ്ധ്യ 1. 1-16

സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം അവനാൽസൃഷ്ടിക്കപ്പെട്ടു. കാണപ്പെടുന്നവയും, കാണപ്പെടാത്തവയുമെല്ലാം സിംഹാസനങ്ങളാകട്ടെ, കർത്തൃത്വങ്ങളാകട്ടെ, പ്രഭുത്വങ്ങളാകട്ടെ, അധികാരങ്ങളാകട്ടെ, സകലവും അവനാലും. അവനിലും സൃഷ്ടിക്കപ്പെട്ടു. (9)

കത്തോലിക്കാ തിരുസഭ വി. ഗ്രന്ഥത്തിലും സഭാപിതാക്കന്മാരുടെ പ്രബോധനത്തിലും അധിഷ്ഠിതമായി പ്രപഞ്ചവും അതിലുള്ള സകല സൃഷ്ടജാലങ്ങളും ദൈവസൃഷ്ടിയാണെന്നു് പൗരാണിക കാലംമുതൽ പഠിപ്പിക്കുന്നു. മനുഷ്യാത്മാവു് ദൈവത്തിന്റെ നേരിട്ടുള്ള സൃഷ്ടികർമ്മത്തിന്റെ ഫലമാണു്. പ. പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 'ഹ്യൂമാനി ജേനരിസു്' എന്ന വിശ്വലേഖനത്തിൽ മനുഷ്യാത്മാവിന്റെ പ്രത്യേകസൃഷ്ടി അംഗീകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് പ്രഖ്യാപിച്ചു. ചിന്താശക്തിയുള്ള ആത്മാവു് സൃഷ്ടികർമ്മംവഴിയായി മാത്രമേ ഉണ്ടാവുകയുള്ളൂ. ദൈവത്തിനുമാത്രമേ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളൂ, (10) എന്നു് വി. തോമസ് അക്വീനാസ് പ്രസ്താവിക്കുന്നു. സൃഷ്ടികൾക്കു് ഉള്ളവയിൽ പരിവർത്തനം വരുത്തുന്നതിനു മാത്രമേ സാധിക്കുകയുള്ളൂ. അപ്പോൾ അവയ്ക്കു് സദൃശ്യമോ അവയെക്കാൾ താഴ്ന്ന പദവിയിലുള്ളവയോ മാത്രം രൂപം പ്രാപിക്കുന്നു. അതിനാൽ മനുഷ്യാത്മാവു് ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടൽവഴിയായിരിക്കണം രൂപം പ്രാപിച്ചതു്. മനുഷ്യാത്മാവു് ശരീരത്തിനു ജീവൻ നല്കുന്ന പ്രവർത്തനശക്തി അഥവാ സ്വരൂപചൈതന്യമാണു് (Substantial from) മനുഷ്യൻ ആത്മാവും ശരീരവും കൂടി യോജിച്ച സൃഷ്ടിയത്രേ.

---

(9) വി. പൗലോ, കൊലോ ലേ; I 16–17
St: Thomas Summa I· q. 90: a 3·

മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നതു് ആത്മാവാണല്ലോ. സൃഷ്ടി ദൈവത്തിന്റെ അനന്തമായ സ്നേഹപ്രകാശനമാണു്. പ. ത്രിത്വം പരിപൂർണ്ണ സൗഭാഗ്യമാണു് അനുഭവിക്കുന്നതു്. അവിടുത്തെ സൗഭാഗ്യത്തിനു് യാതൊരു കുറവുമില്ലായിരുന്നു. ആ നന്മയിലും സൗഭാഗ്യത്തിലും നമ്മെ ഭാഗഭാക്കാക്കുക എന്നതാണു് സൃഷ്ടികർമ്മത്തിന്റെ ഉദ്ദേശ്യം. നന്മ എന്നതു് സ്വയം വ്യാപിക്കുക ( Bonum est diffusivnom sui spsin ) എന്ന ഗുണവിശേഷമുള്ളതാണു് എന്നു് വി. തോമസ്സ് അക്വീനാസ്സ് പ്രസ്താവിച്ചിരിക്കുന്നു. സ്നേഹം അതിന്റെ നന്മയുടെ രഹസ്യം പറഞ്ഞതാണു് സൃഷ്ടികർമ്മം. സ്നേഹം അതിന്റെ സാദൃശ്യത്തിലും ഛായയിലും ഒന്നിനു് അസ്തിത്വം നല്കി. അതാണു് മനുഷ്യൻ "ദൈവം സ്നേഹമാകുന്നു. (11) എന്നുള്ള വി. യോഹന്നാന്റെ വാക്കുകൾ ഏററവും വിപ്ളവാത്മകമായ വെളിപാടാണു്.

---

(11) Dutch Catechesm P, 10-11

# അദ്ധ്യായം 5.

## ജീവിതം മിഥ്യയോ?

സുപ്രസിദ്ധ ജർമ്മൻ താത്വികനായ ഷോപ്പൻഹോവർ ബർലിൻ സർവ്വകലാശാലയിലെ ഒരു പ്രൊഫസറായിരുന്നു. അദ്ദേഹം തത്വശാസ്ത്രം പഠിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ എല്ലാദിവസവും പ്രഭാതത്തിൽ ബർലിൻ നഗരവീഥിയിൽക്കൂടി കുറെ സമയം ഉലാത്തുക പതിവായിരുന്നു. ഷോപ്പൻഹോവർ ചിന്തയിൽ നിർലീനനായിട്ടാണ് നടക്കുക. അദ്ദേഹത്തിന്റെ ചിന്താവിഷയം "ഞാൻ ആര്?" എന്നുള്ള ചോദ്യമായിരുന്നു. ഒരു ദിവസം ധ്യാനനിമഗ്നനായ ഷോപ്പൻഹോവർ മാർഗ്ഗമദ്ധ്യേ ഒരു യാത്രക്കാരന്റെ ദേഹത്തുമുട്ടി. ഷോപ്പൻഹോവർ ചിന്തയിൽ ലയിച്ചിരുന്നതിനാൽ ഇതറിയാതെ മുമ്പോട്ടുപോയി. യാത്രക്കാരൻ തിരിഞ്ഞു നോക്കി. വഴിനടക്കുമ്പോൾ ദേഹത്തു വന്നുമുട്ടിയിട്ട് ഒന്നുതിരിഞ്ഞുനില്ക്കുകയോ, ക്ഷമായാചനം ചെയ്യുകയോ ചെയ്യാതെ കടന്നുപോകുന്ന ഈ വിക്രമൻ ആരാണ് എന്നറിയുന്നതിനുവേണ്ടി യാത്രക്കാരൻ തിരിഞ്ഞുനിന്നു് കോപാവേശത്തോടെ ചോദിച്ചു, "നിങ്ങൾ ആരാണ്?" ഷോപ്പൻഹോവറിന്ന് അതിന്നു മറുപടി പറയുവാൻ സാധിച്ചില്ല. അദ്ദേഹം ഇപ്രകാരം പ്രതിവചിച്ചു. "ഞാൻ ആരാണെന്നറിയുവാൻ എത്രമാത്രം ആഗ്രഹിക്കുന്നുവെന്നു് എനിക്കുമാത്രമേ അറിയുവാൻ പാടുള്ളു." വിശ്വവിശ്രുത താത്വികനും, ബർലിൻ സർവ്വകലാശാലയിലെ പ്രൊഫസറുമായ ഷോപ്പൻഹോവറിന്നു് "ഞാൻ ആരാണ്?"

എന്ന ചോദ്യത്തിന് ഉത്തരം നല്കുവാൻ സാധിച്ചില്ല. കാരണം എന്താണ്? അദ്ദേഹം ഒരു നാസ്തികനായിരുന്നു.

ശാസ്ത്രീയ നേട്ടങ്ങളുടെ മഹത്വം ചിലർ മനുഷ്യനെ സകലത്തിന്റെയും മാനദണ്ഡമായി പരിഗണിക്കുന്നു. മററുചിലർ അവനെ മൃഗമാക്കുന്നു. വേറെ ചിലർ അവനെ ദൈവമാക്കുന്നു. എന്നാൽ ഇവരെല്ലാം അവന്റെ മനുഷ്യത്വംപോലും നശിപ്പിക്കുന്നു. എല്ലായിടത്തും കട്ടത്ത നിരാശയും അന്ധകാരവും മാത്രം അവശേഷിക്കുന്നു. (1) എന്നാൽ മനുഷ്യന്റെ മഹത്വം എന്തിലാണ് അടങ്ങിയിരിക്കുന്നതു്? അവൻ ദൈവപുത്രനാണെന്നുള്ളതിലാണ്.

മനുഷ്യഹൃദയം യാഥാർത്ഥ്യങ്ങൾക്കുവേണ്ടി ദാഹിക്കുന്നു. മനുഷ്യനെ സംബന്ധിച്ചുള്ള യാഥാർത്ഥ്യങ്ങൾ അറിയുന്നതിനുള്ള ദാഹം. മനുഷ്യനതീതമായി ഇക്കാണുന്ന ദൃശ്യപ്രപഞ്ചത്തിനതീതമായി, ശവക്കുഴിക്കതീതമായി എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ എന്നറിയുന്നതിനുള്ള ദാഹം. മനുഷ്യൻ ഇതിനു് സമാധാനം അന്വേഷിച്ചു പലമതങ്ങളെയും സമീപിക്കുന്നു. എന്നാൽ ഇന്നു് എല്ലാക്കാലത്തേക്കാൾ ഇതു് മനുഷ്യഹൃദയത്തേ ഏററവും ത്രസിപ്പിക്കുന്നുണ്ടു്. മനുഷ്യൻ എന്താണ്? നമ്മുടെ ജീവിതത്തിന്റെ അർത്ഥവും, ലക്ഷ്യവും എന്തു്? നന്മ എന്താണ്. തിന്മ എന്തു്? നമ്മുടെ യാതനകളുടെ കാരണമെന്താണ്? എന്താണ് യഥാർത്ഥ സൗഭാഗ്യത്തിനുള്ള മാർഗ്ഗം? മരണം, വിധി, ശവക്കുഴിക്കതീതമായ പ്രതിസമ്മാനം എന്നിവയിൽ എന്തെങ്കിലും സത്യമുണ്ടോ?

---

(1) വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ. സഭ ആധുനികയുഗത്തിൽ. I No. 12

നമ്മുടെ അസ്തിത്വത്തെ ആവരണം ചെയ്യുന്ന ആത്യന്തികമായ രഹസ്യമെന്ത്? നാം എവിടെ നിന്നു് വരുന്നു? നമ്മുടെ യാത്ര എങ്ങോട്ട്? (2) പൗരാണിക കാലം മുതൽ മാനവരാശിയെ അലട്ടുന്ന ഈ പ്രശ്നങ്ങൾക്കു് ഓരോ സമാധാനം ഓരോ മതവും പറഞ്ഞിരുന്നു.

ഹിന്ദുമതം മനുഷ്യജീവിതത്തിന്റെ ലക്ഷ്യം ഈ ലോകത്തിൽനിന്നും മുക്തിപ്രാപിച്ച് പരമാത്മാവിൽ (ബ്രഹ്മനിൽ) ലയിക്കുകയാണെന്നു് കരുതി. ലോകത്തിലുള്ളതെല്ലാം മായയാണു്. ജീവിതവും, സന്തോഷവും വ്യക്തിത്വവും സ്നേഹവുമെല്ലാം മിഥ്യ. ശരിയായിട്ടുള്ള ജ്ഞാനവും ധ്യാനവും വഴി ആത്മബോധം ഉളവായി ഇതിൽനിന്നു് മുക്തി പ്രാപിക്കാമെന്നു് ഹിന്ദുമതം പഠിപ്പിക്കുന്നു. ബുദ്ധമതം മനുഷ്യന്റെ തിന്മകളുടെ എല്ലാം മൂലകാരണം ആഗ്രഹമാണു് അതിനാൽ ആഗ്രഹത്തിൽ നിന്നും ഈ ജീവിതത്തിൽ നിന്നും നിർവാണം പ്രാപിക്കുകയത്രെ മനുഷ്യജീവിതലക്ഷ്യം. മഹമ്മദുമതം യഹൂദമതത്തിൽനിന്നും ക്രിസ്തുമതത്തിൽനിന്നും സ്വീകരിച്ച തത്വസംഹിത നിമിത്തം മരണാനന്തരമുള്ള വ്യക്തിഗതമായ സൗഭാഗ്യം ജീവിതലക്ഷ്യമെന്നു് കരുതുന്നു. ചൈനയിൽ കൺഫ്യൂഷ്യനിസം ആത്മസംയമനത്തിലും റാവോയിസം നിഷ്കാമമായജീവിതത്തിലുമാണു് മുക്തിമാർഗ്ഗം നിർദ്ദേശിച്ചതു്. ലൗകായതികരായ ആധുനിക കമ്യൂണിസ്റ്റുകൾ മനുഷ്യജീവിതലക്ഷ്യം ഈ ലോകത്തിൽ സാമ്പത്തികസമീകരണം വഴി സമത്വസുന്ദരമായ ഒരു ഭൗമ്യപറുദീസാ കെട്ടിപ്പടുക്കുകയാണെന്നു് വാദിക്കുന്നു.

---

(2) വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ അക്രൈസ്തവമതങ്ങൾ: No 1

ക്രിസ്തുവർഷം 627-ൽ പൗലീനൂസ് എന്ന മിഷ്യനറി വടക്കേ ഇംഗ്ലണ്ടിലുള്ള എഡ്വിൻ രാജാവിന്റെ അടുത്തുചെന്നു് ക്രിസ്തുമതം സ്വീകരിക്കണമെന്നാവശ്യപ്പെട്ടു. എന്നാൽ രാജാവു് ക്രിസ്തീയവിശ്വാസം സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിച്ചു. അതിനുശേഷം അദ്ദേഹം അദ്ദേഹത്തിന്റെ പണ്ഡിതസദസ്സിനെ വിളിച്ചു് അവരുടെ അഭിപ്രായമാരാഞ്ഞു. കുറെ സമയത്തേക്കു് അവർ എല്ലാവരും മൗനമവലംബിച്ചു. അവസാനം അവരിൽ ഒരാൾ എഴുന്നേററു് ഇപ്രകാരം പറഞ്ഞു. "മഹാരാജാവേ, നാം നല്ലതണുപ്പുകാലത്തു് ഈ ഹാളിൽ സമ്മേളിക്കുമ്പോൾ ഇവിടെ നല്ലചൂടും പ്രകാശവും ഉണ്ടു്. എന്നാൽ ചില പക്ഷികൾ എവിടെനിന്നോ ഇവിടേക്കു്വന്നു് ഇവിടത്തെ ചൂടിലും പ്രകാശത്തിലും കുറെ സമയം തത്തിക്കളിച്ചിട്ടു് അപ്രത്യക്ഷമാകുന്നു. അവ എവിടെ നിന്നുവന്നു എങ്ങോട്ടു് പോകുന്നു എന്നു് നമുക്കറിഞ്ഞുകൂടാ. ഇപ്രകാരംതന്നെയാണു് മനുഷ്യനും. നാം എവിടെ നിന്നു് വന്നു എന്തിനായിവന്നു. ഇനി എങ്ങോട്ടാണു് പോവുക എന്നു് നമുക്കറിഞ്ഞുകൂടാ. എന്നാൽ ഈ മതം നാം എവിടെ നിന്നു വന്നു. എന്തിനായിവന്നു. ഈ ഭൗമിക ജീവിതത്തിനുശേഷം നാം എങ്ങോട്ടുപോകുന്നു എന്നു് വ്യക്തമായി പഠിപ്പിക്കുന്നു. അതിനാൽ നാം ഇതു് സ്വീകരിക്കേണ്ടതാണു്." രാജാവും മററുള്ളവരും തന്നിമിത്തം ക്രിസ്ത്യാനികളായി. (3)

ദൈവം മനുഷ്യനെ അവിടത്തെ സ്വന്തഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചുവെന്നാണു് വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നതു്. വെറും സ്വാഭാവികതലത്തിൽ മാത്രമല്ല അവനെ സൃഷ്ടിച്ചതു്. പ്രസാദവര

(3) What is after death. C. T. S London

ദാനത്താൽ പ്രകൃത്യതീതതലത്തിലേയ്ക്കു് ഉയർത്തി, ദൈവവുമായി പരിപൂർണ്ണഐക്യം പ്രാപിക്കുന്നതിനാണു് സൃഷ്ടിച്ചതു്. ദൈവം അങ്ങിൽനിന്നും വിഭിന്നമായ ഒരന്ത്യത്തിനായി യാതൊന്നും സൃഷ്ടിക്കുകയില്ല. ദൈവമഹത്വമാണു് ആത്യന്തികലക്ഷ്യം. കേവലം സ്വാഭാവികതലത്തിൽ ദൈവത്തെ പ്രാപിക്കുകയല്ല. അവിടത്തെ പൂർണ്ണമായും സ്വായത്തമാക്കി നിത്യസൗഭാഗ്യം അനുഭവിക്കുകയാണു് മനുഷ്യജീവിതലക്ഷ്യം. മാനവകുലത്തിൽ സാർവ്വത്രികമായ ഒരു വിശ്വാസമുണ്ടായിരുന്നു മനുഷ്യൻ ഏററവും സൗഭാഗ്യപൂർണ്ണമായ അവസ്ഥയിൽ നിന്നും ഏതോ ഭാഗ്യവിപര്യയത്താൽ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നുവെന്നു്. ഈ അധഃപതനം വെറും സ്വാഭാവികതലത്തിലായിരുന്നുവെങ്കിൽ തീർച്ചയായും സ്വഭാവത്തിനു് അതിനെത്തന്നെ സമുദ്ധരിക്കുവാൻ സാധിക്കുമായിരുന്നു. അതിനാൽ സ്വാഭാവികതലത്തിലല്ല ഈ അധഃപതനം സംഭവിച്ചതു്. പ്രത്യുത പ്രകൃത്യതീതതലത്തിൽ നിന്നുമാണു് അധഃപതനം. വി. തോമസ്സു് അക്വിനാസ്സ് ആദിമസൗഭാഗ്യാവസ്ഥയും ഇന്നത്തെ സ്ഥിതിയും താരതമ്യംചെയ്തിട്ടു് ആദിമസൗഭാഗ്യാവസ്ഥ വരപ്രസാദത്തോടുകൂടിയതാണെന്നു സ്ഥാപിക്കുന്നു. (Summa Theologia I. )

പാപത്തിനുമുമ്പു് മനുഷ്യനിൽ മൂന്നുതരത്തിലുള്ള വിധേയത്വങ്ങൾ നിലനിന്നിരുന്നു. സുബുദ്ധി ദൈവത്തിനു് പരിപൂർണ്ണ വിധേയമായിരുന്നു വരപ്രസാദാവസ്ഥയിലായിരുന്നതിനാൽ. അതിൻെറ ഫലമായി വേറെ രണ്ടു് വിധേയത്വങ്ങളും മനുഷ്യനിൽസംജാതമായി. ശരീരം ആത്മാവിൻെറ പരിപൂർണ്ണമായ നിയന്ത്രണത്തിലായിരുന്നു. ശരീരത്തിൻെറയും ആത്മാവിൻെറയും എല്ലാ കഴിവുകളും സുബുദ്ധിക്കു് വിധേയമായി വർത്തിച്ചു.

തൽഫലമായി മനുഷ്യനു ശാരീരികമായ അമർത്യതയും നിവേശിതജ്ഞാനവും പ്രകൃത്യേതരദാനമായി (Praetcr natural gifts) ലഭിച്ചിരുന്നു. മനുഷ്യൻ എന്ന അത്ഭുത പ്രതിഭാസം രണ്ടു ലോകങ്ങളുടെ അതിർത്തിയാണ്, പദാർത്ഥലോകത്തിൻെറയും അരൂപിയുടെയും. അപ്രകാരമുള്ള മനുഷ്യന് ദൈവത്തോടുള്ള വിധേയത്വം പ്രകൃത്യതീതമായ ഒരു ദാനംവഴി മാത്രമെ ലഭിക്കുകയുള്ളു എന്ന് വി. തോമസ് അക്വിനാസ് അഭിപ്രായപ്പെടുന്നു. (St· Thomas II Sentences quoted Rev. Fr. Gharles Jonrnel· The Meaning of Grace.)

ദൈവമഹത്വമാണ് എല്ലാ സൃഷ്ടവസ്തുക്കളുടെയും അന്ത്യം. എന്നാൽ ബുദ്ധിയില്ലാത്ത ജീവികൾ അസ്തിത്വത്തിൽ മാത്രം ദൈവത്തെ മഹത്വപ്പെടുത്തുകയാണ്. ബുദ്ധിശക്തിയുള്ള മനുഷ്യൻ മാത്രം അവിടുത്തെ അറിയുകയും മഹത്വപ്പെടുത്തുകയുംചെയ്യുന്നു. മനുഷ്യജീവിതത്തിൻെറ അടുത്ത അന്ത്യം (Proximatc end) ദൈവത്തെ പ്രാപിക്കുകയാണ് അഥവാ പരമാനന്ദം അനുഭവിക്കുകയാണ്. സൃഷ്ടജാലങ്ങൾ ദൈവത്തിനു് ഒരാവശ്യമല്ല. ദൈവം സർവ്വനന്മകളുടെയും നികേതനവും, അപരിമിതനും, അനന്ത പരിപൂർണ്ണനുമായിരിക്കയാൽ ദൈവത്തിൽനിന്നും വിഭിന്നമായ ഒരന്ത്യം യാതൊരു സൃഷ്ടവസ്തുവിനും ഉണ്ടായിരിക്കുകയില്ല, ദൈവം സർവ്വജ്ഞനാകയാൽ ഒരന്ത്യമില്ലാതെ പ്രവർത്തിക്കുക അസാദ്ധ്യവുമാണ്. ഈ പ്രശ്നത്തിനു് നാം നല്കുന്ന ഉത്തരമാണ് ജീവിതത്തിൻെറ താക്കോൽ അഥവാ ക്രിസ്തീയമായ ജീവിതതത്വശാസ്ത്രം. എല്ലാമനുഷ്യർക്കും നൈസർഗ്ഗികമായ ഒരു പ്രവണതയുണ്ട്. അനന്തമായ നന്മയെ സ്വായത്തമാക്കുവാൻ, പരമാനന്ദസൗഭാഗ്യമാസ്വാദിക്കുവാൻ, നിത്യമായിജീവിക്കുവാൻ. എല്ലാം ദൈവത്തെ ആഗ്രഹിക്കുന്നു. മൂകജാലങ്ങൾപോലും,

പ്രകൃത്യതീതമായ ഒരു പ്രവണത ഉണ്ടായിരിക്കുകയും അതിന്റേതായ ഒരന്ത്യം ഇല്ലാതിരിക്കുകയും ചെയ്യുക ഒരു വൈരുദ്ധ്യമാണ്. സ്വഭാവത്തിന്റെ നിഷേധമായിരിക്കും. അതിനാൽ ദൈവം മാത്രമാണ് മനുഷ്യന്റെ പരമാന്ത്യം.

മനുഷ്യർ സൃഷ്ടവസ്തുക്കളെ സ്നേഹിക്കുന്നതും ഈ പരമാന്ത്യത്തെ പ്രതിയാണ്. മറെറല്ലാ ഏതിനെ പ്രതി സ്നേഹിക്കുന്നുവോ തന്നിൽ തന്നെ സ്നേഹയോഗ്യമായതാണ് മനുഷ്യന്റെ പരമനന്മ (4) എന്നു് വി. ആഗുസ്തീനോസിന്റെ അഭിമതം. "മനുഷ്യൻ സ്നേഹിക്കുന്നതെല്ലാം പരമാന്ത്യത്തെപ്രതി സേ്നഹിക്കേണ്ടതു് അത്യന്താപേക്ഷിതമാണെന്നു് വി. തോമസ്സ് അക്വീനാസും രേഖപ്പെടുത്തുന്നു" (5). എല്ലാ മനുഷ്യരുടെയും പരമാന്ത്യം ഒന്നു തന്നെയായിരിക്കണമെന്നുള്ളതും അനുരക്തസിദ്ധമത്രെ. മനുഷ്യന്റെ സൗഭാഗ്യം (Beatitude) അടങ്ങിയിരിക്കുന്നതു് പരമനന്മയെ അറിയുകയും സേ്നഹിക്കുകയും ചെയ്യുന്നതിലാണ് എന്നും വി. തോമസ്സ് അക്വീനാസ് അഭിപ്രായപ്പെടുന്നു. സമ്പത്തോ, സ്ഥാനമാനങ്ങളോ, ലൗകികപ്രതാപമോ, സുഖഭോഗങ്ങളോ, ഒന്നും മനുഷ്യനെ യഥാർത്ഥത്തിൽ സംതൃപ്തനാക്കുന്നില്ല. ഈ ലോകത്തിൽ സമത്വസുന്ദരമായ ഒരു ഭൗമ്യപറുദീസാ കെട്ടിപടുക്കുന്നതുകൊണ്ടും മനുഷ്യഹൃദയം സംതൃപ്തമാവുകയില്ല. വി, ആഗുസ്തീനോസ് അദ്ദേഹത്തിന്റെ പാപനിവേദനം (Cnfess-ions of St. Augustine) എന്ന ഗ്രന്ഥത്തിൽ സ്വാനുഭവത്തിൽ നിന്നും പ്രഖ്യാപിക്കുന്നതിപ്രകാരമാണ്. "എന്റെ ദൈവമെ എന്റെ ആത്മാവിനെ അങ്ങേയ്ക്കുവേണ്ടിമാത്രം

---

(4)· St, Augustine· De Civitate Dei. XIX.
(5),St· Thomas I·IIa q:I.a·6

അങ്ങ് സൃഷ്ടിച്ചു. അങ്ങിൽ വിലയം പ്രാപിക്കുവോളം എന്റെ ആത്മാവ് തികച്ചും അസ്വസ്ഥമായിരിക്കും." "എന്നും നവീനവും എന്നും പ്രാചീനവുമായ നിത്യസൗന്ദര്യമേ നിന്നെഅറിയുവാൻ ഞാൻ ഇത്രമാത്രം താമസിച്ചല്ലോ". എന്നദ്ദേഹം വിലപിക്കുന്നു,

ജിയോവാനിപപ്പിനി എന്ന നാസ്തികൻ മാനസാന്തരപ്പെട്ടശേഷം വിരചിച്ച മിശിഹായുടെ ജീവചരിത്രത്തിൽ (The Life of Christ) അദ്ദേഹം പറയുകയാണ് മനുഷ്യന് ഈ ലോകത്തിൽ ഒരേ ഒരു തെരഞ്ഞെടുപ്പിനു മാത്രമേ സ്വാതന്ത്ര്യമുള്ളു. ദൈവവും ശൂന്യതയും തമ്മിലുള്ള ഒരു തെരഞ്ഞെടുപ്പ്. നമ്മുടെ ജീവിതലക്ഷ്യമെന്തെന്ന് മനസ്സിലാക്കാതെ ജീവിക്കുന്നവർ ജീവിതം പാഴാക്കും. വിശ്രുത മനഃശ്ശാസ്ത്രപണ്ഡിതനായ കാൾയുങ്ങ് (Carl Gustavu jung modern man in Search of a Soul) പറയുന്നു. മുപ്പതുവത്സരങ്ങൾക്കിടയിൽ സംസ്കാരസമ്പന്നമായ രാജ്യങ്ങളിൽ നിന്നും അനേകായിരം ആളുകൾ എന്നോട് ആലോചന ചോദിച്ചിട്ടുണ്ട്. അനേകം വ്യക്തികളെ ചികിത്സിച്ചിട്ടുണ്ട്. ഇവരിൽ മുപ്പത്തഞ്ചു വയസ്സിൽ കൂടിയഎല്ലാവർക്കും അവരുടെ ജീവിത പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണം മതപരമായ ജീവിതവീക്ഷണമില്ലെന്നുള്ളതാണ്,"

ജോർജ്ജ് ഗാല്ലി (George Galli) എന്ന വിശ്രുതനായ സിനിമാനടൻ അദ്ദേഹത്തിന്റെ ജീവിതമാർഗ്ഗം തെരഞ്ഞെടുത്തതു് വളരെ വിചിത്രമത്രെ. ഞാൻ നിന്നെ സ്നേഹിക്കുന്നു, ചുവന്നറോസ്സ്, അവസാനിക്കാത്ത സംഗീതം എന്നിങ്ങനെ പല സിനിമാകളിൽ നടനം ചെയ്തു്. പേരുംപെരുമയുമാർജ്ജിച്ചു ഗാല്ലി. ഹോളിവുഡിൽ ചെന്ന് വീണ്ടും പ്രശസ്തി നേടണമെന്നുള്ള ഉദ്ദേശത്തോ

ട്ടുകൂടി ഒരുകമ്പനിയുമായി കരാർചെയ്തു. ഗാല്ലി ഒരു ധനാഢ്യൻെറപുത്രനായിരുന്നു. നിയമബിരുദം സമ്പാദിച്ചു. മാൻവിത്തു് ദീ ഹിസ്സാന്നോ നടിച്ചു വിഖ്യാതനായി. ഒരു കോടീശ്വരനായി അപ്പോഴാണു് ഷോളിവുഡിലേയ്ക്കുള്ളക്ഷണം.

ഫ്രാൻസിൽ സവോയിഎന്ന സ്ഥലത്തു് ഒരു ഹോട്ടലിൽ താമസിക്കുമ്പോൾ അദ്ദേഹത്തിൻെറ സുഹൃത്തായ നിനോ ലെബേല്ലോയോട്ട് (Neno lebello) പറയുകയാണു് ഞാൻ അമേരിക്കയ്ക്കുപോകുവാൻ എല്ലാം ഒരുങ്ങി. പക്ഷേ ഉടനെ ഞാൻ എന്നോടു്തന്നെ ചോദിച്ചു. ധാരാളം പണം സമ്പാദിക്കുന്നുണ്ടു്. എന്തിനാണു്? സ്ത്രീക്കുവേണ്ടിയും ഷാം പേയിൽ എന്ന മദ്യത്തിനുവേണ്ടിയും (Spend on Woman and Champaign) പെട്ടെന്നു് ഞാൻ ഏകാകിയാണെന്നുതോന്നി. എനിക്കു സൗഭാഗ്യം നല്കുന്നതു് മതമാണെന്നുബോദ്ധ്യപ്പെട്ടു. ഞാൻ മുട്ടുകുത്തി പ്രാർത്ഥിച്ചു. പ്രാർത്ഥനകഴിഞ്ഞു എഴുന്നേററപ്പോൾ ഞാൻ എന്താണു് ചെയ്യേണ്ടതു് എന്നു് എനിക്കു മനസ്സിലായി. എനിക്കു് ഒരു വൈദീകനാകണം (New leader)

ഈ ലോകത്തിലുള്ള സകല വസ്തുക്കളും മനുഷ്യനെക്കാൾ താഴ്ന്നവയാണല്ലോ. സകല മൂകപ്രപഞ്ചവും ചിന്താശക്തിയുള്ള ഒരു മനുഷ്യനെക്കാൾ വളരെ നിസ്സാരമാണു്. മനുഷ്യൻ സൃഷ്ടജാലങ്ങളുടെ മകുടമത്രേ. അപ്രകാരമുള്ള മനുഷ്യൻ ലൗകീകമായ വസ്തുവിനുവേണ്ടി സൃഷ്ടിക്കപ്പെട്ടുഎന്നു വരിക അസംഭവ്യമാണു്. ഇരുപതാം നൂററാണ്ടിലെ ശാസ്ത്രനേട്ടം മനുഷ്യൻ അവൻെറ തന്നെ മഹത്വം മനസ്സിലാക്കി എന്നുള്ളതാണു്; ലക്ത്താൻ സീയൂററു് എന്ന പണ്ഡിതൻ പ്രസ്താവിക്കുന്നു ''ദൈവം ലോകത്തെ സൃഷ്ടിച്ചതു് നാ. ഇവിടെ ജനിക്കുന്നതിനാണല്ലോ: ഇവി

ടെ ജനിച്ചതു് ലോകത്തിൻെറയും നമ്മുടെയും സ്രഷ്ടാവാ യ ദൈവത്തെ അറിയുന്നതിനു്. അറിയുന്നതു് സ്നേഹി ക്കുന്നതിനും ആരാധിക്കുന്നതിനും. അപ്രകാരം അമർത്യത പ്രാപിച്ചു് മാലാഖമാരെപ്പോലെ നമ്മുടെ പിതാവായ ദൈവത്തെ അവിടുത്തെ രാജ്യത്തിൽ നിത്യകാലം സേ വിക്കുന്നതിനുമത്രേ (Fr Frederick Houck Wonderful our palace)

സുപ്രസിദ്ധ ആംഗ്ളേയ സാഹിത്യകാരനും ചി ന്തകനുമായ ബർണാസ്ഷാ അദ്ദേഹത്തിൻെറ ഒരു ഗ്ര ന്ഥത്തിൽ (The Adveuture of the black girl in her search for god) ഒരു നീഗ്രോബാലികയുടെ സാഹസി കത അവതരിപ്പിക്കുന്നു. ആ ബാലികചെന്നു് ഒരുവെ ള്ളക്കാരനായ യുവാവിനോടു് ഇപ്രകാരംപറഞ്ഞു "ക്ഷമി ക്കണം നിങ്ങൾക്കു് വിജ്ഞാനദീപ്തമായ നയനങ്ങളുണ്ടു്. ഞാൻ ഈശ്വരനെ തേടിനടക്കുകയാണു്. അദ്ദേഹം എ വിടെയെന്നു് പറഞ്ഞുതരാമോ?

വെള്ളക്കാരൻ പ്രതിവചിച്ചു " അതു് ചോദിച്ചു് എന്നെ ഉപദ്രവിക്കരുതെ. എല്ലാവഴികളും ശൂന്യതയുടെ കവാടമായ ശവക്കുഴിയിലേയ്ക്കു് നയിക്കുന്നു. ലോകത്തെ കാണുന്നപടി സ്വീകരിച്ചുകൊള്ളുക. അതിനപ്പുറത്തൊ ന്നുമില്ല" നീഗ്രോബാലിക തുടന്നു "എൻെറ മനസ്സു് വിദൂരതയിലേയ്ക്കു് പറക്കുന്നു. കണ്ണുടയ്ക്കുകശരിയല്ല. ആന ന്ദത്തെക്കാളും പ്രത്യാശയെക്കാളും ഉപരിയായി ഈശ്വര ജ്ഞാനം ഞാൻ അഭിലാക്ഷിക്കുന്നു. ഈശ്വരനാണു് എ ൻെറജ്ഞാനവും, ആശയും, സന്തോഷവും, സൗഭാഗ്യവും" മാനവരാശിയുടെ ഹൃദയാഭിലാഷങ്ങളുടെ പ്രതീകമാണു് ആ നീഗ്രോ ബാലിക. ലൗകീകമായ യാതൊന്നുകൊണ്ടും സംതൃപ്തമാകാത്ത ഒരു അഭിവാഞ്ഛ എല്ലാമനുഷ്യർക്കും

ഉണ്ട്. ദൈവത്തിനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ എന്നതിനുള്ള അനിഷേധ്യമായ ഒരു തെളിവാണ് അതു്.

ജീവിതത്തെ മനോഹരവും സൗഭാഗ്യസാദായകവുമാക്കിത്തീർക്കുന്നതു് യഥാർത്ഥത്തിൽ ലക്ഷ്യബോധമാണ്. ജീവിതവീക്ഷണമുണ്ടെങ്കിൽ മാത്രമേ നാം പകത്വപ്രാപിക്കുകയുള്ളൂ. നാം നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും പരമാന്ത്യമായ ദൈവത്തെ പ്രാപിക്കുന്നതിനായി പ്രയാണം ചെയ്യുന്നു എന്നു് വി: തോമസ്സ് അക്വീനസ്സ് അഭിപ്രായപ്പെടുന്നു. വിശ്വവിശ്രുതശാസ്ത്രജ്ഞനായ ലകോംപ്റ്റ് ഡ്യുനൂ "മനുഷ്യൻെറ അന്ത്യം [Human Destiny] എന്ന അദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുള്ളതുപോലെ മനുഷ്യൻെറ അന്ത്യം അപരിമേയമാണ്. മനുഷ്യനിൽ മാത്രമുള്ള ദൈവീക പ്രഭ അംഗീകരിക്കുകയോ അവഗണിക്കുകയോ, നശിപ്പിക്കുകയോ ചെയ്യുന്നതിനും ദൈവത്തോടുകൂടിയും ദൈവത്തിനുവേണ്ടിയും ജോലി ചെയ്യുന്നതിൽ തീക്ഷ്ണത പ്രദർശിപ്പിക്കുന്നതിനും അവിടത്തോടു ഐക്യപ്പെടുന്നതിനുമുള്ള സ്വാതന്ത്ര്യം നമുക്കുണ്ട് എന്നുള്ള വസ്തുത നാം അനുസ്മരിക്കണം" അതിനാൽ അനുദിന ജീവിതത്തിലെ ഓരോ പ്രവൃത്തിയും സുപ്രധാനമാണ്. നമ്മുടെ പരമാന്ത്യ പ്രാപ്തിയ്ക്കു സഹായമെങ്കിൽ അതു് നന്മയും അതിനു പ്രതിബന്ധമെങ്കിൽ തിന്മയുമായിരിക്കും നിൻെറ എല്ലാ പ്രവൃത്തികളിലും അന്ത്യം സ്മരിക്കുക. എന്നാൽ പാപം ചെയ്യുകയില്ല എന്നു് പ്രാസംഗികൻ (Exccle VII-4) എന്ന വി. ഗ്രന്ഥത്തിലും കാണുന്നു." മനുഷ്യനിൽ മാത്രം കേന്ദ്രീകൃതമായ ഒരു ജീവിത വീക്ഷണം ക്രിസ്തീയമല്ല എന്നു് പ. പിതാവു് ആറാം പൗലോസ് മാർപ്പാപ്പാ അരുളിച്ചെയ്തു.

(Deepika 4-2-1970)

ലോകത്തിൽ സമത്വസുന്ദരവും വർഗ്ഗരഹിതവുമായ സമുദായം കെട്ടിപ്പടുക്കുന്നതിനുവേണ്ടി ലോകത്തെ ഒരുമൂന്നാം ലോകമഹായുദ്ധത്തിലാഴ്ത്തിയേക്കാം അതിൻെറ നാശക്കൂമ്പാരത്തിൻെറ മുകളിൽ ജീവിച്ചാലും ലോകം വ്യർത്ഥവ്യാമോഹങ്ങളിലാകൃഷ്ടമാകും. പരേതനായ അമേരിക്കൻ പ്രസിഡൻറ് കെന്നഡിയെ പ്രസിഡൻറായി തെരെഞ്ഞെടുത്ത ഉടൻതന്നെ കാലിഫോർന്നിയായിൽവച്ച് അദ്ദേഹത്തിന് പത്രപ്രതിനിധികൾ ഒരു സ്വീകരണം നല്കിയവസരത്തിൽ പത്രപ്രതിനിധികൾ അദ്ദേഹത്തോടു ഇന്നത്തെ അന്താരാഷ്ട്രീയസ്ഥിതിഗതികളെപ്പററി ചോദിച്ചപ്പോൾ ഇന്നത്തെ ലോകത്തെ പരസ്പര വിരുദ്ധമായ രണ്ടു ചേരികളിലായി അണിനിരത്തിയിരിക്കുന്ന പ്രശ്നം രാഷ്ട്രീയമോ, സാമ്പത്തികമോ, സാംസ്കാരികമോ ആയിട്ടുള്ളതല്ല പ്രത്യുതാ മനുഷ്യർ ദൈവത്തിൽ വിശ്വസിക്കുന്നുവെന്നുള്ളതാണെന്നാണ് അദ്ദേഹം പറഞ്ഞതു് എല്ലാ മനുഷ്യരും ദൈവത്തിൻെറ സ്വന്ത ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരാണ്. ദൈവസ്വതരാണ്. അമർത്യമായ ഒരാത്മാവും ശരീരവും ഉള്ളവനാണ് മനുഷ്യൻ എല്ലാവരും ദൈവപുത്രനായ മിശിഹായുടെ അമൂല്യമായ രക്തത്താൽ പരിത്രാണനം ചെയ്യപ്പെട്ടവരാണ്. നമ്മുടെ ജീവിതലക്ഷ്യം പാരത്രികമാണ് എന്നുള്ള സത്യം മാനവരാശി സാർവ്വത്രികമായി അംഗീകരിക്കാത്തിടത്തോളം കാലം ലോകത്തിൽ ശാശ്വതമായ ശാന്തിയോ സൗഭാഗ്യമോ കരഗതമാവുകയില്ല, നാം ഈ ലോകത്തിൽ തീർത്ഥാടകരാണ്. എന്നാണല്ലോ വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചിട്ടുള്ളതു്.

## അദ്ധ്യായം 6

# പക്വത പ്രാപിച്ച കത്തോലിക്കർ.

ഓരോ മനുഷ്യനും അവൻെറ പ്രത്യേക ജീവിതസാഹചര്യത്തിൽ ഒരാഹ്വാനം ലഭിക്കുന്നുണ്ട്. നമുക്ക് സ്വന്തമായിട്ടുള്ള ആ ആഹ്വാനം നിവർത്തിക്കുവാൻ ഈ ലോകത്തിൽ മററാരുമില്ല. ഒരു ക്രിസ്ത്യാനിക്ക് അവന്റെ ജീവിത സാഹചര്യത്തിൽ ലഭിച്ചിട്ടുള്ള മഹോന്നതമായ ആഹ്വാനമുണ്ട്. (kairos) അത് എന്താണെന്ന് മനസ്സിലാക്കി അതിന് നല്കുന്ന ഉത്തരവാദിത്വപൂർണ്ണമായ പ്രത്യുത്തരമാണ് ക്രിസ്തീയമായ ആദ്ധ്യാത്മിക ജീവിതത്തിൻെറ സാരസംഗ്രഹം. ജ്ഞാനസ്നാനസ്വീകരണത്തോടുകൂടി ഒരു ക്രിസ്ത്യാനിക്ക് ക്രിസ്തുവിൻെറ ജീവിതം തന്നെ നയിക്കുവാനുള്ള ഒരാഹ്വാനമാണ് ലഭിക്കുന്നത്. ക്രിസ്തുവിനെ അനുകരിച്ച് ജീവിച്ച് അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കണം. ആ ജീവിതത്തിൽ നമുക്ക് മൂന്നു വിധത്തിലുള്ള ഉത്തരവാദിത്വമാണ് ഉള്ളത്. ദൈവത്തോടും, സഭയോടും, ലോകത്തോടുമുള്ള ഉത്തരവാദിത്വം.

ഉത്തരവാദിത്വബോധം ഉണ്ടാകണമെങ്കിൽ നാം ക്രിസ്തീയമായ പക്വത പ്രാപിക്കണം, വിശ്വാസം, ജീവിതവീക്ഷണം, മററുള്ളവരോടുള്ള ബന്ധം. മൂല്യങ്ങളെക്കുറിച്ചുള്ള ബോദ്ധ്യം, മനോഭാവം, സ്വഭാവരൂപീകരണം

ഇവയെല്ലാം ഉണ്ടായാൽ മാത്രമേ നാം ക്രിസ്തീയമായ പക്വത പ്രാപിക്കുകയുള്ളൂ. വൈകാരികമായും മാനസീകമായും സെക്സിനോടുള്ള സമീപനത്തിലും നാം പക്വത പ്രാപിച്ചേ മതിയാവൂ. എങ്കിൽ മാത്രമേ ക്രിസ്തീയമായ പക്വത പൂർണ്ണമാവുകയുള്ളൂ. ഒന്നാമതായി നമ്മുടെ ഉത്തരവാദിത്വം ദൈവത്തോടാണ്: പൂർണ്ണമായ അർത്ഥത്തിൽ നമ്മുടെ പരമാന്ത്യത്തിനു മാത്രമെ നമ്മെ കടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. നമുക്ക് സ്വാതന്ത്ര്യവും ആത്മാവും ഉള്ളതുകൊണ്ടാണ് ഉത്തരവാദിത്വം ഉളവാകുന്നത്. മനുഷ്യൻ വ്യക്തിത്വം സ്വയം സൃഷ്ടിക്കുന്ന സ്വാതന്ത്ര്യമാണെന്നാണ് ഗബ്രിയേൽമാർസൽ എന്ന അസ്തിത്വവാദതാത്വികൻെറ അഭിമതം. ദൈവത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം പരമാന്ത്യമായ അവിടത്തെ പ്രാപിക്കുക എന്നത്രെ. അതിനായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ചതു്. ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവ് നശിച്ചാൽ എന്തു് പ്രയോജനം ( വി. മത്തായി XVI 26. ) എന്നു് ക്രിസ്തുനാഥൻ ചോദിക്കുന്നു. മനുഷ്യാത്മാവ് അമൂല്യമാണ്. മനുഷ്യരെ രക്ഷിക്കുവാനായി ക്രിസ്തുനാഥൻ സ്വജീവൻ ഹോമിച്ചതിൽ നിന്നും മനുഷ്യാത്മാവിൻെറ മഹത്വം നമുക്ക് മനസ്സിലാക്കാം:

നിന്നെ കൂടാതെ "നിന്നെ സൃഷ്ടിച്ച ദൈവം നിന്നെ കൂടാതെ നിന്നെ രക്ഷിക്കുകയില്ല" എന്നു് വി. ആഗുസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നു. നമ്മുടെ സൃഷ്ടികർമ്മത്തിൽ ദൈവം നമ്മുടെ ആരുടെയും സഹകരണം ആവശ്യപ്പെട്ടില്ല. എന്നാൽ നമ്മുടെ നിത്യരക്ഷയ്ക്കു്, സഹകരണവും അവിടന്നാവശ്യപ്പെടുന്നു. ജീവിതം ഒരു കലയാണ്.

മററെല്ലാക്കലകളും അഭ്യസിച്ചാലും ജീവിതകല അഭ്യസിച്ചില്ലെങ്കിൽ പ്രയോജനമില്ല. ജീവിതം ഒരു വെല്ലുവിളിയാണ്. അതു് ഒരു സമരമാണ്. ഒരു പരീക്ഷയാണ്. അതിനെ നേരിടണം, സമരം ചെയ്യണം. വിജയം വരിക്കണം. ഒരു മനുഷ്യനും തന്നെത്തന്നെ നരകത്തിൽ കാണാത്തിടത്തോളം കാലം ഒരു പരാജയമല്ല. മററെല്ലാപ്പരാജയങ്ങളും പരിഹരിക്കാം. എന്നാൽ ജീവിതകലയിൽ പരാജയപ്പെട്ടാൽ അതു് അപരിഹാര്യമാണ്.

ജ്ഞാനിയായ സോളമൻ അദ്ദേഹത്തിൻെറ ജീവിതാന്ത്യത്തിൽ ഇപ്രകാരം വിലപിച്ചു. "ദൈവത്തെ സ്നേഹിക്കുകയും അവിടത്തെ സേവിക്കുകയുമൊഴിച്ചുള്ളതെല്ലാം മായ, മായകളുടെ മായ" കർദ്ദിനാൾ വുൾസി അദ്ദേഹത്തിൻെറ മരണസമയത്തുപറഞ്ഞു "ഞാൻ എൻെറ രാജാവിനെ സേവിച്ചതുപോലെ കർത്താവിനെ സേവിച്ചിരുന്നെങ്കിൽ എൻെറ കർത്താവു് എന്നെ ഉപേക്ഷിക്കുകയില്ലായിരുന്നു." ഷോപ്പൻഹോവർ അദ്ദേഹത്തിൻെറ രോഗശയ്യയിൽ കിടന്നുകൊണ്ടു് വിലപിക്കുകയാണ്. "എൻെറ ദൈവമേ, എൻെറ ദൈവമേ എന്നെ രക്ഷിക്കേണമെ." ഷോപ്പൻ ഹോവറെ പരിചരിച്ചുകൊണ്ടിരുന്ന ഡോക്ടർ "താങ്കൾ ഒരു നാസ്തികതാത്വികനാണെന്നു വിമ്പടിച്ചിട്ടു് ഇപ്പോൾ ദൈവാസ്തിത്വം അംഗീകരിക്കുന്നുവോ" എന്നു് ചോദിച്ചു. അപ്പോൾ ഷോപ്പൻഹോവർ മറുപടിയായി "ഇപ്പോഴത്തെ എൻെറ സഹനത്തിൽ ദൈവത്തെ കൂടാതെ എൻെറ തത്വശാസ്ത്രത്തിനുപോലും എന്നെ രക്ഷിക്കുവാൻ സാദ്ധ്യമല്ല" എന്നു് പറഞ്ഞു. ( Rev. Fr. Staudinger. S. J. Life after death). ഇപ്രകാരം അനേകം വ്യക്തികൾ തങ്ങളുടെ ദൈവത്തോടുള്ള ഉത്തരവാദിത്വം വിസ്മരിച്ചു് ജീവിച്ചിട്ടു് അവസാനം വിലപിക്കേണ്ടതായി വന്നിട്ടുണ്ടു്.

"കർത്താവേ, കർത്താവേ എന്നു വിളിക്കുന്നവനല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക. സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻെറ ഹിതം നിവർത്തിക്കുന്നവനാരോ, അവനാണു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്." എന്നു് ഈശോ അരുളിച്ചെയ്തു. (വി. മത്തായി. VII. 21.) നീ നിത്യായുസ്സു് പ്രാപിക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക. (വി. മത്തായി XIX. 17) എന്നു് ധനികനായ യുവാവിനോടു് ദിവ്യരക്ഷകൻ അരുളിച്ചെയ്തു. നിത്യരക്ഷ പ്രാപിക്കണമെങ്കിൽ ദൈവപ്രമാണങ്ങളും തിരുസഭയുടെ കല്പനകളും ജീവിതാന്തസ്സിന്റെ കടമകളും നിർവ്വഹിക്കണം. പ്രാർത്ഥന, കൂദാശാപരമായ ജീവിതം ഇതെല്ലാം അനുപേക്ഷണീയമത്രെ. ദൈവപ്രമാണങ്ങൾ ദൈവം മനുഷ്യരുടെമേൽ അടിച്ചേല്പിച്ച ഒരു ഭാരമല്ല. വത്സലപിതാവിൻെറ ആഗ്രഹമാണു്. മനുഷ്യസ്വഭാവത്തിൻെറ പൂർത്തീകരണത്തിനും അതാവശ്യമാണു്. നമ്മുടെ മനുഷ്യസ്വഭാവത്തിൽ ചില പരിമിതികളെല്ലാമുണ്ടു്. അവ പരിഹരിക്കുകയാണു് ദൈവിക നിയമങ്ങളുടെ ലക്ഷ്യം. ഒരു നാസ്തികനോ, കമ്യൂണിസ്റ്റുകാരനോ, അക്രൈസ്തവനോ, അകത്തോലിക്കനോ, ആരു തന്നെ ആയിരുന്നാലും ദൈവീക നിയമങ്ങൾ അനുസരിക്കുന്നില്ലെങ്കിൽ അയാളുടെ മനുഷ്യത്വത്തിലാണു് കുറവുണ്ടാകുന്നതു്. എല്ലാ നിയമങ്ങളുടെയും ലക്ഷ്യം പൊതുനന്മയാണു്. അനുദിന ജീവിതത്തിൽ നന്മചെയ്യണമെന്നും തിന്മ പരിവർജ്ജിക്കണമെന്നുമുള്ള അന്തഃകരണപ്രചോദനമാണു് പ്രകൃതി നിയമങ്ങളുടെ സംഗ്രഹം.

സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ (വി: മത്താ. V 48) നിങ്ങളുടെ വിശുദ്ധി, അതാണു് ദൈവഹിതം (വി. പൗലോ. എഫേ: I. 4 I. തെ: IV. 3.)

വി.പൗലോസ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നു. വിശുദ്ധിക്കു് അസാധാരണമായിട്ടൊന്നും നാം പ്രവർത്തിക്കണമെന്നു് ദൈവം ആവശ്യപ്പെടുന്നില്ല. സഹോദരങ്ങളെ നിങ്ങൾ ഭക്ഷിക്കുന്നെങ്കിലും പാനം ചെയ്യുന്നെങ്കിലും മറെറന്തെങ്കിലും ചെയ്യുന്നെങ്കിലും എല്ലാം ദൈവമഹത്വത്തിനായിട്ടു് ചെയ്യുവിൻ എന്നും ( I കോ. X. 31. ) അപ്പസ്തോലൻ ഉപദേശിക്കുന്നു.

" നിന്റെ വലത്തുകണ്ണു് നിനക്കു് ഇടച്ചു് നല്കുന്നെങ്കിൽ ചൂഴന്നു് ദൂരെ എറിഞ്ഞുകളയുക: എന്തെന്നാൽ നിന്റെ ശരീരം മുഴവൻ നരകത്തിൽ വിഴുന്നതിനെക്കാൾ, ഒരവയവം നശിച്ചുപോകുന്നതു് നിനക്കു് നല്ലതാകുന്നു. നിന്റെ വലത്തു് കൈ നിനക്കു് ഇടച്ചു് വരുത്തുന്നെങ്കിൽ അതു് നിന്നിൽ നിന്നും വെട്ടി എറിഞ്ഞുകളയുക. എന്തെന്നാൽ നിന്റെ ശരീരം മുഴവൻ നരകത്തിൽ വീഴുന്നതിനെക്കാൾ അവയവങ്ങളിൽ ഒന്നു നശിച്ചുപോകുന്നതു് നിനക്കു് നല്ലതാകുന്നു" ( വി. മത്തായി: V 29-30)

മിശിഹാനാഥന്റെ ഈ വാക്കുകൾ നാം വാച്യാർത്ഥത്തിൽ ഗ്രഹിക്കണമെന്നില്ല. എന്നാൽ ഏതെങ്കിലും ഒരു സൃഷ്ടവസ്തു നമ്മുടെ കണ്ണും കരളും പോലെ നമുക്കു് പ്രിയങ്കരമായിരുന്നാലും അതു് നിത്യരക്ഷക്കു് പ്രതിബന്ധമായിരുന്നാൽ അതു് പരിത്യജിക്കുവാനുള്ള സന്നദ്ധത നമുക്കുണ്ടായിരിക്കണമെന്നാണു് അവിടന്നു് വിവക്ഷിക്കുന്നതു്. Nulla Satis magna Securitors nbi Periclinatur aetermitors നിത്യത്വം എവിടെ അപകടത്തിലായിരിക്കുന്നുവോ അവിടെ എത്ര വലിയ സൂക്ഷ്മതയും മതി എന്നു പറയുവാൻ പാടില്ല. എല്ലാ മനുഷ്യർക്കും ഈ ലോകത്തിൽ ഒരു ജീവിതവുംഒരാത്മാവും മാത്രമെയുള്ളു. ഈ ജീവിതത്തിൽ പരാജയപ്പെട്ടാൽ അതു് അപരിഹാര്യമായ ഒരു പരാജയമാണു്.

ദൈവത്തോടുള്ള തങ്ങളുടെ ഉത്തരവാദിത്വത്തിൽ വിശ്വസ്തരായിരുന്നവരാണ് വിശുദ്ധന്മാർ; അവർ ചിരം ജീവികളാണു്. ഇന്നു് ലോകജേതാക്കളായ അലക്സാണ്ടറോ, ജൂലിയസ്സ്സീസറോ, നെപ്പോളിയനോ, ഹിറ്റ്ലറോ, സ്റ്റലിനോ എവിടെയാണു്? അവർ കല്ലറകളിലും ചരിത്രത്തിൻെറ ഏടുകളിലും വിസ്മൃതരായിരിക്കുമ്പോൾ യഥാർത്ഥത്തിൽ വിശുദ്ധർ ഇന്നും ജീവിക്കുന്നു. വി. ആഗുസ്റ്റിനോസ്സ്, വി. തോമസ്സ് അക്വിനാസ്സ്, മുതലായവർ. പാരീസ്സ് സർവ്വകലാശാലയിലെ മതിപ്രകർഷം തികഞ്ഞ പണ്ഡിതൻ, ശോഭനമായ ഒരു ഭാവി മാടിവിളിച്ചുകൊണ്ടിരുന്ന ഒരു യുവകോമളൻ, ഫ്രാൻസീസ്സ് സേവ്യർ "ലോകം മുഴുവൻ നേടിയാലും നിൻെറ ആത്മാവു് നശിച്ചാൽ എന്തു്പ്രയോജനം" എന്ന ക്രിസ്തുനാഥൻെറ വാക്കുകൾ ശ്രവിച്ചപ്പോൾ അദ്ദേഹത്തിൻെറ പ്രതീക്ഷകളെല്ലാം അതിൻെറ മുമ്പിൽ തകർന്നു വീഴുന്നതായി കണ്ടു. ലിസ്യൂവിലെ ചെറുപുഷ്പം, ഭരണങ്ങാനത്തെ സിസ്റ്റർ അൽഫോൻസാ എന്നിവരും ഇതിനു് മകുടോദാഹരണങ്ങളാണു്.

ഒരു കത്തോലിക്കനു് സഭാമാതാവിനോടും ചില ഉത്തരവാദിത്വങ്ങളുണ്ടു്. നാം സഭയെ സ്നേഹിക്കണം. സഭയെ നാം സ്നേഹിക്കണമെങ്കിൽ സഭ എന്താണെന്നു് മനസ്സിലാക്കണം. സഭ ദൈവജനമാണു്. ക്രിസ്തുവിൻെറ മൗതീക ശരീരമാണു്. അവിടുത്തെ മണവാട്ടിയാണു്. നമ്മുടെ അമ്മയത്രെ അവൾ. സഭ ക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ തുടർച്ചയാണു്. സഭയുടെ മനോഭാവമെന്താണെന്നറിയുക ക്രിസ്തുവിൻെറ മനോഭാവം അറിയുക തന്നെയാണു് ( Fr Charles Davis, Theology for To-day) ഇന്നത്തെ കത്തോലിക്കാസഭ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം അവളുടെ അരുമസന്താനങ്ങളിൽ

പലക്കും അവരുടെ അനുദിന ജീവിതത്തിൻെറ വിവിധ മണ്ഡലങ്ങളിൽ സഭാമാതാവിനോടുള്ള താദാത്മ്യപ്രാപ്തി നാമമാത്രമാണെന്നുള്ളതാണ്. രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക സാംസ്കാരിക മണ്ഡലങ്ങളിൽ സഭാമാതാവിനോടൊത്തു ചിന്തിക്കുന്നില്ല. പ്രവർത്തിക്കുന്നില്ല, ഈ മണ്ഡലങ്ങളിലെല്ലാം കത്തോലിക്കാ ആദർശങ്ങൾ നമ്മെ നയിച്ചിരുന്നെങ്കിൽ അതെത്ര നന്നായിരുന്നു. ലോകത്തിലുള്ള എല്ലാവരും ഒരൊററദിവസം മാത്രം ശരിയായ കത്തോലിക്കാ ജീവിതം നയിച്ചിരുന്നെങ്കിൽ ലോകത്തിലെ കഷ്ടതകളെല്ലാം നീങ്ങുമായിരുന്നു. എന്നു് ഫാ;എഡ്വേർഡ് ലീൻ അഭിപ്രായപ്പെടുന്നു. (Fr. Edward Leen C. S S P. M. A. D. Why the Cross Introduction)

ഇന്നു് ചില കത്തോലിക്കരും പറയാറുണ്ടു് ക്രിസ്തു പരാജയപ്പെട്ടു. സഭ പരാജയപ്പെട്ടു എന്നെല്ലാം. എന്നാൽ ക്രിസ്തുവും സഭയുമല്ല, പരാജയപ്പെട്ടതു്. ക്രിസ്തു അവിടുത്തെ മണവാട്ടിയായ സഭയെ ഭരമേല്പിച്ച ദിവ്യപ്രബോധനങ്ങൾ പ്രാവർത്തികമാക്കുന്നതിൽ നാമാണു് പരാജയപ്പെട്ടതു്, ഇന്നും അനുദിന ജീവിത സംഭവങ്ങളിലൂടെ ദൈവവും ക്രിസ്തുവും നമ്മോടു് സംസാരിക്കുന്നുണ്ടു്. വി. തോമസ്സു് മൂർ, വി. അമ്മ ത്രേസ്യാ, സീയെന്നായിലെ വി, കത്രീനാ, വാഴ്ത്തപ്പെട്ട ചെറുപുഷ്പം സാന്നാം മുതലായവർ സഭയോടുള്ള അവരുടെ വിശ്വസ്തത പ്രഖ്യാപിച്ചു.

പത്തൊമ്പതാം നൂറാാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന ഇംഗ്ലണ്ടിലെ വലിയ വിദ്യാസമ്പന്നനും ഫ്രീ മേയ്സൽസിൻെറ ആചാര്യനുമായിരുന്ന മാക്കിസു് ഓഫ്റിപ്പൻ. അദ്ദേഹത്തിനു് കത്തോലിക്കാ സഭയോടു് വലിയ വിദ്വേഷമായിരുന്നു. അക്കാലത്തു് ആംഗ്ലിക്കൽ സഭയിൽനിന്നും അനേകം പേർ കത്തോലിക്ക

സഭയെ സമാശ്ലേഷിച്ചു. ഈ മാനസാന്തരങ്ങളെ പ്രതിരോധിക്കുന്നതിനായി കത്തോലിക്കാ സഭക്കു് എതിരായി ഏറ്റവും നല്ല ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തണമെന്നു് ഫ്രീമേയ്സൺ സമൂഹം തീരുമാനിച്ചു. അതിൻെറ ഉത്തരവാദിത്വം മാക്ക്വിസ്സ് ഓഫ് റിപ്പണിലാണു് നിക്ഷിപ്തമായതു്. അദ്ദേഹം അതു് സന്തോഷപുരസ്സരം സ്വീകരിച്ചു. എന്നാൽ അദ്ദേഹം ഗ്രന്ഥരചനക്കു് മുമ്പു് കത്തോലിക്കാ വിശ്വാസം ശരിയായി പഠിക്കുവാനാണു് തീരുമാനിച്ചതു്. ഏകദേശം പത്തുമാസക്കാലത്തോളം അനേകം ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിൽ ഉത്സുകനായി. അവസാനം അദ്ദേഹം ലണ്ടനിലുള്ള ഒറട്ടോറിയൻ വൈദികരുടെ അടുത്തു് ചെന്നു് തന്നെ കത്തോലിക്കാസഭയിൽ സ്വീകരിക്കണമെന്നപേക്ഷിച്ചു.

അവർ അത്ഭുതപ്പെട്ടു ചോദിച്ചു. "ഒരു ആംഗ്ലിക്കൻ സഭാംഗവും ഫ്രീമേയിസനുമായ താങ്കൾ എന്തുകൊണ്ടാണ് കത്തോലിക്കനാകുവാൻ അഭിലഷിച്ചതു്.? മാക്ക്വിസ് പ്രതിവചിച്ചു, "ഞാൻ മൂന്നു കാര്യങ്ങൾ കത്തോലിക്കാ തിരുസഭയിൽ കാണുന്നു. അതിൽ ഒന്നും ഏതു് നിഷ്പക്ഷമതിക്കും ഇതുമാത്രമാണു് ക്രിസ്തുവിൻെറ സഭ എന്നു് മനസ്സിലാക്കാം, കത്തോലിക്കാ സഭയിൽ പാറയുണ്ടു് (പത്രോസ്) പാപസങ്കീർത്തനവേദിയുണ്ടു്. സക്രാരിയുണ്ടു്." മാക്ക്വിസ് ഒരു കത്തോലിക്കാനായി. അദ്ദേഹം ശിഷ്ടജീവിതകാലം സഭയുടെ ഏറ്റവും തീക്ഷ്ണതയുള്ള ഒരംഗമായിരുന്നു. (1)

ഇപ്രകാരം ഉന്നതശീർഷരായ അനേകം വ്യക്തികൾ അനേകം വർഷക്കാലം അവിശ്രമം പരിശ്രമിച്ചതിനുശേ

---

1 most Rev. Tihawer Peter. The Catholic Church Leader Book Co. Lendon 1955. P.248

ഷം കത്തോലിക്കാതിരുസഭയെ സമാശ്ലേഷിക്കുന്നു. എന്നാൽ കത്തോലിക്കരായി ജനിച്ച പലരും കത്തോലിക്കാസഭാമാതാവിനെ അറിയുന്നുണ്ടോ? സ്നേഹിക്കുന്നുണ്ടോ? അനുസരിക്കുന്നുണ്ടോ? യഥാർത്ഥത്തിൽ ദൈവത്തിനു് കൃതജ്ഞത പ്രകാശിപ്പിക്കേണ്ടതാണു് നാം. പരേതനായ ഷെവലിയർ. ഐ. സി. ചാക്കോ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി "ജ്ഞാനസ്നാനജലം എന്റെ ശിരസ്സിൽ വീണതുകൊണ്ടു് മാത്രമല്ല ഞാൻ കത്തോലിക്കനായിരിക്കുന്നതു് പ്രത്യുത കത്തോലിക്കാതിരുസഭ എന്താണെന്നറിഞ്ഞതിനുശേഷമാണു് ഞാൻ കത്തോലിക്കനായിരിക്കുന്നതു്."

മോൺടലംബർട്ടു് (Montalembert) ഫ്രാൻസിലെ കത്തോലിക്കരോടു് പറയുകയുണ്ടായി. 'സഹോദരങ്ങളെ നിങ്ങൾക്കു് അഭിമാനബോധമില്ല. നിങ്ങൾ നിങ്ങളുടെ കത്തോലിക്കാരാജ്യത്തിന്റെ പൗരാണികമായ മഹത്വത്തെ സ്നേഹിക്കുന്നില്ല." ഇന്നത്തെ കത്തോലിക്കരെ സംബന്ധിച്ചും ഇതു പറയണം. വെറോനായിലെ വി. പത്രോസു് (St. Peter verona) ഒരു ബാലനായിരുന്നപ്പോൾ അവന്റെ മാതുലൻ അവനോടു് ചോദിച്ചു "സ്കൂളിൽ എന്തുപഠിച്ചു?." "അവൻ ശ്ലീഹന്മാരുടെ വിശ്വാസം പഠിച്ചു" എന്നു് അഭിമാനപൂർവ്വം പ്രതിവചിച്ചു. ആ ബാലൻ പിന്നീടു് ഒരു വൈദികനായി. അദ്ദേഹം വേദസാക്ഷിയായി മരിച്ചപ്പോഴും വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരുന്നു. അവസാനം സംസാരശക്തിയില്ലാതായപ്പോൾ അദ്ദേഹം തന്നെ സ്വരക്തത്തിൽ കൈമുക്കി ഞാൻ വിശ്വസിക്കുന്നു. എന്നെഴുതി(2) പരേതനായ അമേരിക്കൻ പ്രസിഡന്റു് കെന്നഡി പ്രസിഡന്റു് സ്ഥാനത്തേയ്ക്കു്

(2) Hid. P. 250.

മത്സരിക്കുന്നുഎന്നു് തീരുമാനിച്ചപ്പോൾ അദ്ദേഹത്തോട്ട് ചിലർ ചോദിച്ചു ഒരു കത്തോലിക്കനായ താങ്കൾക്ക് തെരഞ്ഞെടുപ്പിൽ വിജയം വരിക്കാമെന്നു് കരുതുന്നുവോ? അപ്പോൾ കെന്നഡി സുധീരം പ്രഖ്യാപിച്ചു. "ഞാൻ ഒരു കത്തോലിക്കനാണു്. ആ വ്യവസ്ഥയിൽ എനിക്കു് വോട്ടുചെയ്താൽ മതി:" അലക്സിസ്സ് കാറൽ, ഫ്രഡറിക്ക് ഒസാനാം, ഹില്ലിയർ ബല്ലക്ക് മുതലായവരും സഭാമാതാവിനോട്ട് പരിപൂർണ്ണ വിശ്വസ്തതയുള്ളവരായിരുന്നു. സഭാമാതാവിനെ അനുസരിക്കുകയും ചെയ്യണം.

ലോകത്തോടുള്ള ഉത്തരവാദിത്വവും ഒരു ക്രിസ്ത്യാനിക്കുണ്ടു്. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു ലോകസൃഷ്ടിയാണു്, ഒരു നവ്യലോകസൃഷ്ടിയാണു് നമുക്കുള്ള ആഹ്വാനം. ലോകത്തിലെ ഭൗതിക മണ്ഡലങ്ങളെ ആദ്ധ്യാത്മികമാക്കുക അഥവാ പവിത്രീകരിക്കുക. ഇന്നത്തെ ലോകത്തിൽ നിരവധി പ്രശ്നങ്ങളുണ്ടു്. ആ പ്രശ്നങ്ങളുടെ നേരെ കണ്ണടയ്ക്കുക ഒരു ക്രിസ്ത്യാനിക്കു് സാദ്ധ്യമല്ല. അവയെല്ലാം ക്രിസ്തീയമായ ഏററവും നല്ല പരിഹാരം കണ്ടുപിടിക്കണം. പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ നമുക്കു ക്രിസ്തുവിൻെറ പെസഹാ രഹസ്യത്തിൻെറ കർമ്മനിരതമായ ക്ഷമ അനുപേക്ഷണീയമാണു് (3) രക്തപങ്കിലമായ ഒരു വിപ്ളവംകൊണ്ടു് പ്രശ്നങ്ങളെ പരിഹരിക്കാമെന്നു് കരുതുന്നവർ ഇന്നു് ലോകത്തിലുണ്ടു്. എന്നാൽ നമുക്കു് സ്നേഹത്തിൻെറതായ ഒരു വിപ്ളവത്തിലൂടെ ഇന്നത്തെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നു് കാണിച്ചുകൊടുക്കണം.

---

(3) Charles E curan A· New Look at Christain moratity Lendon 1966 P. 74

അടുത്തകാലത്ത് ഒരു ഹിന്ദു പത്രപ്രവർത്തകൻ മദർ തെരേസായുടെ സാമൂഹ്യപ്രവർത്തന വിജയരഹസ്യമെന്താണെന്ന് മനസ്സിലാക്കുവാനായി അവരുടെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു. ഹിന്ദുക്കളുടെ സാമൂഹ്യ സേവനം വിജയിക്കുന്നില്ല. മദർ തെരേസായുടേത് വളരെ വിജയിക്കുന്നു. അതിന്റെ കാരണമായി ആ പത്രപ്രവർത്തകൻ ഇപ്രകാരം പ്രസ്താവിച്ചു '' നാം സാമൂഹ്യ പ്രവർത്തനങ്ങളിലേർപ്പെടുന്നതു് ഒരു ദൗത്യത്തെ മുൻനിർത്തിയാണു്. എന്നാൽ മദർ തെരേസാ ഒരു വ്യക്തിയ്ക്കുവേണ്ടിയാണു്, ക്രിസ്തുവിനുവേണ്ടിയാണു് സാമൂഹ്യ പ്രവർത്തനത്തിലേർപ്പെടുന്നതു്. ഫാ: ഡാമിയൻ, വി. ജോസഫ് കൊത്തലേംഗോ, വി: പീററർ ക്ലേവർ, ആബേ പീയർ, വി: ഡോൺ ബോസ്കോ, മോൺ. കർഡയിൻ എന്നിങ്ങനെ അനേകം വ്യക്തികൾ ലോകത്തിലെ പ്രശ്നങ്ങൾക്ക് ക്രിസ്തീയമായ പരിഹാരം ജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

1971ൽ ഇംഗ്ളണ്ടിലെ മെക്സിക്കൻ അമ്പാസിഡർ പ്രസ്താവിക്കുകയുണ്ടായി അദ്ദേഹം കണ്ടിട്ടുള്ളതിലെ ഏററവും ധീരകൃത്യം അദ്ദേഹത്തിന്റെ പിതാവിന്റെ ചെമ്പുഖനിയിലേയ്ക്കു് ട്രെയിൻ ഓടിച്ചിരുന്ന ജാൻസന്റേതാണെന്നു്. ജാൻസൺ ഒരു ദിവസം ട്രെയിൻ ഓടിച്ചു ഗ്രാമത്തിൽ ചെന്നപ്പോൾ ട്രെയിനിനു് തീപിടിച്ചു. അതു് അവിടെക്കിടന്നു കത്തിയാൽ അനേകം പേരുടെ ജീവഹാനിക്കു് കാരണമാകും. അതിനാൽ ജാൻസൺ വീണ്ടും ട്രെയിനിൽ കയറി അതു് ഓടിച്ചു ഒരു വിജനപ്രദേശത്തെത്തിച്ചു. അവിടെവച്ചു് ട്രെയിൻ പൊട്ടിത്തെറിച്ചു. ജാൻസൺ മരണമടയുകയും ചെയ്തു. ഇതുപോലുള്ള ത്യാഗസമന്വിതവും ധീരോചിതവുമായ സേവനം വഴിയായിരിക്കണം നാം ഇന്നത്തെ ലോകത്തിലെ പ്രശ്നങ്ങൾ

പരിഹരിക്കുവാൻ പരിശ്രമിക്കേണ്ടതു്. സഭയെ താറടിക്കുകയോ നിശിതമായി വിമർശിക്കുകയോ ചെയ്യരുത്.

ക്രിസ്തുവാണു് നമ്മുടെ പ്രശ്നങ്ങളെല്ലാം പരിഹരിക്കേണ്ടതു്. ക്രിസ്തുവിനെക്കൂടാതെ ഈ ലോകജീവിതം മരണം. ക്രിസ്തുവിനോട്ടുകൂടി ഈ ലോകത്തിലെ മരണം തന്നെ ജീവിതം. സഹനവും ദാരിദ്ര്യവും പാപത്തിൻെറ ക്ഷുദാശകളാണു് (4) എന്നുള്ള കാര്യം വിസ്മരിക്കരുതു്. പറുദീസായിൽപോലും പിശാച്ച് മനുഷ്യൻ്റ് പാരതന്ത്ര്യം കണ്ടുപിടിച്ചു.

---

(4) Rev. E. Curraw. A New look at Christian morality P. 70.

# അദ്ധ്യായം 7.

## മാനവകുലസൗധം തകൎന്നു.

എല്ലാ മനുഷ്യരും സ്വാഭാവികമായി അഭിലഷിക്കുന്നതു് നന്മയാണു്. മനുഷ്യാത്മാവു് സ്വാഭാവികമായി ത്തന്നെ ക്രിസ്തീയമാണെന്നാണു് ടെൎട്ടല്യൻ എന്ന താർകികൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്, എന്നാൽ പലപ്പോഴും നാം തിന്മ പ്രവൎത്തിക്കുന്നു. വി, പൗലോസ് അപ്പസ്തോലൻ പറയുന്നു. "ഞാൻ ആഗ്രഹിക്കുന്ന നന്മ പ്രവൎത്തിക്കാതെ ആഗ്രഹിക്കാത്ത തിന്മ പ്രവൎത്തിച്ചുപോകുന്നു. എന്റെ അരൂപിയുടെ നിയമത്തോടു് പട പൊരുതുന്നതായി വേറൊരു നിയമം എന്റെ ജഡത്തിൽ ഞാൻ കാണുന്നു". നാമെല്ലാവരും സൗഭാഗ്യം ആഗ്രഹിക്കുന്നു. എന്നാൽ അനുദിന ജീവിതത്തിൽ നമുക്കു് അനുഭവപ്പെടുന്നതു്, സങ്കടങ്ങളും, യാതനകളും. രോഗങ്ങളും, പീഡനങ്ങളും, ദാരിദ്ര്യവും, കഷ്ടപ്പാടുകളും, മരണവും മാത്രമാണു്. ലോകം മുഴുവൻ സമാധാനത്തിനായി കേഴുകയാണു്. അതിനായി പരിശ്രമിക്കുന്നു. പക്ഷേ ലോകത്തിൽ യുദ്ധങ്ങളും, വിപ്ലവങ്ങളും, രക്തച്ചൊരിച്ചിലുകളും കലാപങ്ങളുമാണു് നമുക്കു് അനുഭവപ്പെടുക. കാരണമെന്താണു്?

മാനവകുലത്തിൽ എവിടെയോ ഒരു തകിടം മറിച്ചിൽ സംഭവിച്ചിട്ടുണ്ടു് എന്നു അംഗീകരിക്കാതിരിക്കുവാൻ നിവ്വാഹമില്ല. ഉത്ഭവപാപത്തിന്റെ രഹസ്യം മനസ്സിലാക്കുന്നതിലും വിഷമമമാണു് ഇന്നത്തെ മനുഷ്യനെ ഉത്ഭവപാപരഹസ്യം കൂടാതെ മനസ്സിലാക്കുക എന്നു്

പാസ്കൽ എന്ന താത്വികൻ അഭിപ്രായപ്പെടുന്നു. മാനവ കുലം ഏററവും സൗഭാഗ്യസമ്പൂർണ്ണമായ ഒരവസ്ഥയിൽ നിന്നും അധഃപതിച്ച അവസ്ഥയിലാണു് ജീവിക്കുന്നതു് എന്നു് സാർവ്വത്രികമായ ഒരു വിശ്വാസമുണ്ടു്. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു് മാനവരാശിയിൽ സജീവമായ ഒരു ഐക്യം (Organic Unity) ഉണ്ടാകുവാനാണു്. ആദമായിരുന്നു അതിൻെറ ശിരസ്സു്, പക്ഷേ പാപംവഴി ആദം മാനവ സൗധത്തിൻെറ അടിത്തറ ഇളക്കി.

"മനുഷ്യൻ ദൈവതിരുമനസ്സു് നിവത്തിക്കുവാൻ വിമുഖനാകുമ്പോൾ ദൈവം അവനെ സ്വാഭീഷ്ടത്തിനു് വിട്ടുകളയും. പക്ഷേ സാർവ്വത്രികമായ നാശമായിരിക്കും പരിണതഫലം."

ദൈവം മനുഷ്യനെ സൃഷ്ടിച്ചു് പ്രകൃത്യതീതമായ ഒരന്ത്യത്തിലേയ്ക്കു് ഉയത്തി. ആ അന്ത്യം പ്രാപിക്കുന്നതിനു് പ്രസാദവരം ആവശ്യമാണു്. ആദം പാപം ചെയ്യാതിരുന്നുവെങ്കിൽ സ്വാഭാവിക ജനനത്താൽ തന്നെ അതു് ലഭിക്കുമായിരുന്നു. ആദം പാപം ചെയ്യുമെന്നറിഞ്ഞുകൊണ്ടുതന്നെയാണു് ദൈവം ഇപ്രകാരം ക്രമീകരിച്ചതു്. ദൈവത്തിൻെറ ഭാഗത്തുനിന്നു് അതു് ഒരു അനീതിയാണെന്നു നമുക്കു് തോന്നിയേക്കാം. എന്നാൽ ആദ്യ വ്യവസ്ഥിതിയുടെ നാശനഷ്ടങ്ങളിൽനിന്നും, ആദത്തിൻെറ വരപ്രസാദാവസ്ഥയുടെ, പ്രഥമ സൃഷ്ടിയുടെ വിശ്വത്തിൽ നിന്നും സർവ്വോൽകൃഷ്ടവും അത്ഭുതാവഹവും, കൂടുതൽ ദൈവീകവും, ക്രിസ്തുവിൽ കേന്ദ്രീകൃതവുമായ ഒരു നവവ്യവസ്ഥിതി പടുത്തുയർത്തുന്നതിനാണു്.

പ്രപഞ്ചത്തിൻെറയും, ലോകചരിത്രത്തിൻെറയും കേന്ദ്രം ക്രിസ്തുവാണു്. മിശിഹായ്ക്കുവേണ്ടിയാണു്, ഒരത്ഭ

ത്തിൽ ഈ പ്രപഞ്ചത്തെയും മനുഷ്യനെയും സൃഷ്ടിച്ചത് (Fr: Edward Schillebuck O. P. Christ the Sacrament of our Encounter with God) ശാരീരികമായി നാം ആദത്തിന്റെ സന്താനപരമ്പരയിൽ പെട്ടവരാണ്, അതിനാൽ മനുഷ്യവർഗ്ഗത്തിന്റെ ശിരസ്സായ ആദത്തിൽ നാം എല്ലാവരും പാപം ചെയ്തു. ഈ പാപത്തിനു ലോകവ്യാപകവും സാമൂഹ്യവുമായ ഒരു വശമുണ്ട് (Cosmic and social dimension of sin) അതു് ലോകചരിത്രരൂപീകരണത്തിൽ ചലനാത്മകമായ ഒരു ശക്തി വിശേഷമായിരുന്നുവെന്നു് വി. ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട് ലോകത്തിൽ ഇന്നു കാണുന്ന യുദ്ധങ്ങൾ, വിപ്ളവങ്ങൾ, മരണം, രോഗം, ധാർമ്മികമായ തിന്മകൾ ഇവയെല്ലാം അടിസ്ഥാനകാരണം പാപമാണ്.

അനേകായിരം ഏക്കർ വിസ്തീർണ്ണമുള്ള ഭൂസ്വത്തും അതിനടുത്ത എല്ലാ സമ്പത്തും, സ്ഥാനമാനങ്ങളും സുഖസൗഭാഗ്യങ്ങളും ഉണ്ടായിരുന്ന ഒരു മനുഷ്യൻ അതെല്ലാം നശിപ്പിച്ചു എന്നു് സങ്കല്പിക്കുക. പിന്നീട് അയാളുടെ മക്കളുടെ അവസ്ഥാവിശേഷമെന്തോ അതാണു് നമ്മുടെതും. ആദിമാതാപിതാക്കന്മാരുടെ പാപത്തിനു ശേഷം ആദ്ധ്യാത്മികതലത്തിൽ.

എന്തായിരുന്നു അവരുടെപാപം? ദൈവത്തിന്റെ പരമാധിപത്യം അംഗീകരിച്ചു് വിശ്വസ്തതാപൂർവ്വം വർത്തിക്കുന്നതിനുള്ള ഒരു അവസരം അവർക്കു് നൽകി. ആദവും ഹവ്വായും അതിനു് സന്നദ്ധമായില്ല. ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെ ആയിത്തീരുവാൻ പരിശ്രമിച്ചു എന്നാണു് നാം കാണുന്നതു്. അഹങ്കാരം ഒരു സ്വയം ദൈവമാക്കിത്തീർക്കലാണു്. ദൈവസാദൃശരായിത്തീരുന്നതിനാണു് ദൈവം അവരെ സൃഷ്ടിച്ചതു്.

എന്നാൽ ദൈവനിർദ്ദിഷ്ടമായ മാർഗ്ഗത്തിൽനിന്നും വിഭിന്നമായി അവർ അതാഗ്രഹിച്ചു. ക്രിസ്തുനാഥൻ ഗിരിപ്രഭാഷണത്തിലാവശ്യപ്പെടുന്നതും നിങ്ങൾ സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണരാകുവിൻ (വി: മത്തായി. V. ) എന്നാണല്ലോ.

ആദി മാതാപിതാക്കൾ പാപം ചെയ്തപ്പോൾ അവർക്കു മാത്രമല്ല അവരുടെ സന്താനപരമ്പരകൾക്കും പ്രസാദവരം നഷ്ടപ്പെട്ടു. ദൈവിക പ്രസാദവരം കൂടാതെ പരമാന്ത്യം പ്രാപിക്കുക സാദ്ധ്യമല്ല. തന്മൂലം ഒരു പാപാവസ്ഥയിലാണ് മനുഷ്യൻ ജീവിച്ചതു്. ആദത്തിലുള്ള വരപ്രസാദഐക്യമാണ് സ്വാഭാവിക ശിരസ്സായ ആദത്തിന്റെ പാപത്തിലുള്ള ഭാഗഭാഗിത്വത്തിനും നിദാനമായിത്തീർന്നതു്. പ്രസാദവര രാഹിത്യമാണല്ലൊ ഉത്ഭവപാപം. മനുഷ്യൻ ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്ന പ്രക്രിയ എന്തോ അതാണ് ഉത്ഭവപാപം. ( Alienation from nature Rev. Fr. Kaller. Ligourian. November 1966. ) പാപത്തിനു് മുമ്പ് മനുഷ്യനിൽ മൂന്ന് വിധേയത്വങ്ങളുണ്ടായിരുന്നു. പ്രസാദവര ജീവൻ നിമിത്തം സുബുദ്ധി ദൈവത്തോട്ട് പരിപൂർണ്ണവിധേയത്വത്തിൽ വർത്തിച്ചു. തന്മൂലം ശരീരം ആത്മാവിന്റെ നിയന്ത്രണത്തിലായിരുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും കഴിവുകളുടെമേൽ സുബുദ്ധിക്കു് പരിപൂർണ്ണാധിപത്യം ഉണ്ടായിരുന്നു. എന്നാൽ പാപം ഈ ക്രമത്തെ തകിടം മറിച്ചു. സുബുദ്ധി ദൈവത്തോടുള്ള വിധേയത്വത്തെ വെല്ലുവിളിച്ചപ്പോൾ ശരീരം ആത്മാവിനെയും, ആത്മാവിന്റെയും ശരീരത്തിന്റെയും കഴിവുകൾ സുബുദ്ധിയെയും അനുസരിക്കാതായി. പാപത്തിനുശേഷവും മനുഷ്യസ്വഭാവത്തിനു് കാതലായ മാററം സംഭവിച്ചില്ല. മനുഷ്യനെ സംബന്ധിച്ചടത്തോളം ദൈവ

നിർദ്ദിഷ്ടമായ അന്ത്യം ഇന്നും നിലനില്ക്കുന്നു. പക്ഷേ പ്രസാദവരസഹായം കൂടാതെ മനുഷ്യന് ധാർമ്മികജീവിതം നയിക്കുകയും പരമാർത്ഥം പ്രാപിക്കുകയും ചെയ്യുക അസാദ്ധ്യമാണ്. അതാണ് ഇന്നത്തെ മനുഷ്യൻെറ പരിതാപകരമായ അവസ്ഥയ്ക്കുനിദാനം.

1929- മേയ്മാസം 19-ാം തീയതി റുമേനിയായിലുള്ള മെറേനി എന്ന സ്ഥലത്തെ എണ്ണക്കിണറുകൾക്ക് തീപിടിച്ചു. തീ കെടുത്തുന്നതിന് അനേക വർഷങ്ങൾ പരിശ്രമിച്ചിട്ടും അഗ്നിശമിപ്പിക്കുവാൻ സാധിച്ചില്ല. അനേക മൈലുകൾ ചുററളവിനുള്ളിൽ ജീവനുള്ളയാതൊന്നും അവശേഷിച്ചില്ല. സസ്യലതാദികൾ ചുററുമുള്ളത് മുഴുവൻ കരിഞ്ഞു. സകല പരിശ്രമങ്ങളും പരാജയമടഞ്ഞപ്പോൾ ആ സ്ഥലത്തിന് ചുററും കാവൽക്കാരെ നിറുത്തി മററുള്ളവരെ അപകടത്തിൽനിന്നും രക്ഷിക്കുന്നതിനു പരിശ്രമിച്ചു. (1)

ഇതിലും ഉഗ്രമായ ഒരഗ്നി ലോകം മുഴുവൻ വ്യാപിച്ച് മാനവരാശിയെ ഗ്രസിച്ചിരുന്നു. ആദിമാതാപിതാക്കന്മാരുടെ പാപഫലമായി. അതിൽനിന്നും മർത്യകുലത്തെ പരിരക്ഷിക്കുന്നതിനായി ദൈവം സ്വ സുതനെ ലോകത്തിലേയ്ക്കയച്ചു. ദൈവം ആദ്യം ഒരു പരിപാടി തയാറാക്കി. അതു് തെററിയപ്പോൾ പിന്നീട്ട് തയാറാക്കിയ പദ്ധതിയല്ല മനുഷ്യാവതാരം. പൗരാണിക സംസ്ക്കാരകേദാരമായ സ്ഥലങ്ങളുടെ അവസ്ഥപോലും എത്ര ദയനീയമായിരുന്നു. റോമിൽ മനുഷ്യൻ മനുഷ്യരെ അടിമകളാക്കി വച്ചുകൊണ്ടിരുന്നു. ഹിംസ്രജന്തുക്കൾ മനുഷ്യനെ ഭക്ഷിക്കുന്നതുകണ്ടു് രസിക്കുക പതിവാണ്. മനുഷ്യർ

(1) Very Rev. Tihamer Totu, The Great Redecmr. Herder Book. Co. 33.St. Louis. P. 1937 20

തമ്മിലും ദ്വന്ദ്വയുദ്ധം നടത്തി മരിക്കുന്നതു കണ്ടു് കൈകൊട്ടി രസിക്കുവാനായി റോമാ ചക്രവർത്തികളും ഉന്നതകുലജാതരും കൊളീസിയത്തിൽ സമ്മേളിച്ചു.

മററു് പലസ്ഥലത്തും ഇതുപോലുള്ള അനീതികളും അക്രമങ്ങളും നടമാടിയിരുന്നു. അസാന്മാർഗ്ഗികതയെപ്പോലും ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനായി പൂവിട്ടു പൂജിച്ചു. നരബലിയും മററും പ്രചുരപ്രചാരത്തിലിരുന്നു. സ്ത്രീകളെ വെറും അടിമകളായിട്ടാണു് പരിഗണിച്ചിരുന്നതു്. ഈജിപ്തിലെ രാജാക്കന്മാർ മരിക്കുമ്പോൾ കുടുംബാംഗങ്ങളെയും സേവകരെയും കൊന്നു് അവരുടെ സഹചാരികളായി അയച്ചിരുന്നു. ഫറവോയുടെ ഫോബി തടവുകാരുടെ കണ്ണുകുത്തിപ്പൊട്ടിച്ചു് രസിക്കുകയായിരുന്നത്രെ. വിനോദത്തിനുവേണ്ടി പോലുമുള്ള കൊലപാതകങ്ങൾ ധാരാളം അസാന്മാർഗ്ഗികത, വിഗ്രഹാരാധന, അന്ധവിശ്വാസം, ബഹുദേവതാരാധന എന്നിങ്ങനെയുള്ള തിന്മകൾ മാനവകുലത്തെ മുഴുവൻ അധഃപതിപ്പിച്ചു.

ദൈവം നേരത്തെ പരിത്രാണനകർമ്മം നിർവ്വഹിക്കാതിരുന്നതു് എന്തുകൊണ്ടാണു്? പാപത്തിന്റെ തിന്മാ മനുഷ്യരെ ബോദ്ധ്യമാക്കുന്നതിനായിരുന്നു. മനുഷ്യൻ സ്വയം പരിത്രാണനം നിർവ്വഹിക്കുവാൻ അപ്രാപ്തനാണു്. ദൈവത്തെ നമുക്കാവശ്യമത്രെ എന്നീ സംഗതികൾ നമ്മെ മനസ്സിലാക്കുന്നതിനുമായിരിക്കാം. ഈ ദുഃസ്ഥിതിയിൽ നിന്നും മാനവകുലത്തെ രക്ഷിക്കുന്നതിനായി ദൈവം സ്വസുതനെത്തന്നെ ലോകത്തിലേക്കയച്ചു്. പരിത്രാണകർമ്മം നിവ്വഹിച്ചു. എങ്കിലും മനുഷ്യസ്വഭാവത്തിനുണ്ടായ ക്ഷതം അപ്പാടെ പരിഹരിച്ചില്ല. ഓരോരുത്തരും സ്വന്തം സ്വാതന്ത്ര്യം ഉപയോഗിച്ചു് ദൈവ പ്രസാദവരത്തോടു് സഹകരിച്ചു് അതു് പരിഹരിക്കണം.

" ഒരു മനുഷ്യൻെറ അനുസരണമില്ലായ്മ നിമിത്തം വളരെപ്പേർ പാപികളായതു് എങ്ങനെയോ അങ്ങനെ തന്നെ ഒരുത്തൻെറ അനുസരണം നിമിത്തം വളരെപ്പേർ നീതിമാന്മാരായി". ( റോമ്മാ. ലേ: V. 19) ഇതിൽ നിന്നും ആദിമാതാപിതാക്കന്മാരുടെ പാപത്തിൻെറ പരിണതഫലം മാനവരാശിയിലേക്കു് സംക്രമിച്ചു എന്നുള്ളതു് വ്യക്തമാണു്. ആദം മുതൽ മിശിഹാവരെ എല്ലാവരും പാപത്തിനും മരണത്തിനും അടിമകളായിരുന്നു. പാപം സാമൂഹ്യവും സാർവ്വലൗകികവുമായ (Social and Cosmic effect) ഒരു സ്വാധീനം ചെലുത്തി ലോകചരിത്രത്തിൽ. ക്രിസ്തുനാഥനിലുള്ള പരിത്രാണകൃത്യവും സാമൂഹ്യവും ആഗോളവ്യാപകവുമായ സ്വാധീന ശക്തി ചെലുത്തിയിട്ടുണ്ടു്(2)മനുഷ്യഹൃദയത്തിൻെറ ഏററവും വിശ്വസ്തനായ മിത്രവും നിരോധിത സന്തോഷത്തിലേയ്ക്കുള്ള ഒടുങ്ങാത്ത ആഗ്രഹത്തിൽ നിന്നും ലൗകായതികത്വത്തിൽ നിന്നും രക്ഷിക്കുന്നതും മിശിഹാ മാത്രമാണു്.

---

(2) Rev. E. Cnrran. A New Look at moral Theology. Chaph II.

# അദ്ധ്യായം 8

## മതം അനാവശ്യമോ?

അധുനാതന ലോകത്തിൽ മതത്തെ സംബന്ധിച്ചിട ത്തോളം പരസ്പര വിരുദ്ധമായ അഭിപ്രായങ്ങൾ നാം ശ്രവി ക്കുന്നുണ്ട്. നാസ്തികർ പറയുന്നത് മതം മനുഷ്യനെ മയക്കു ന്ന കറപ്പാണെന്നാണ്. അത് ഒരു സമയം പാഴാക്കലാ ണ് മററുചിലക്ക്. മൂന്നാമത്തെ കൂട്ടർ മതത്തെ വെറും ഒരു സാമൂഹ്യാചാരമായി മാത്രം പരിഗണിക്കുന്നു. ഈ ചിന്താഗതിക്കാരാണ് ഇന്ന് പലരും. മതംഎന്താണെന്ന് ശരിയായി മനസ്സിലാക്കിയാൽ അത് മനുഷ്യ ജീവിതത്തി ൽ അപരിത്യാജ്യമായ ഒരു ഘടകമാണെന്നു സമ്മതിക്കും. "മതം ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു പരിത്രാണപ രമായ സംഭാഷണവും (1)സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ബന്ധവുമാണ" ദൈവത്തിന്റെ പരമാധിപത്യം നാം അം ഗീകരിക്കണം. അതംഗീകരിക്കാത്ത ഒരു മനുഷ്യനും ശരി യായ സമാധാനവും സൗഭാഗ്യവും അനുഭവിക്കുക സാദ്ധ്യ മല്ല. ജോഹാൻ ജോർജ്ജ്സൺ ( Gohann Georgeson) എന്ന നാസ്തികൻ അദ്ദേഹത്തിൻെറ മാനസാന്തരത്തിനു ശേഷം പ്രസിദ്ധീകരിച്ച "Falsehood and Truth in Life" എന്ന ഗ്രന്ഥത്തിൽ ദൈവ വിശ്വാസവും മതവുമി ല്ലാതിരുന്നപ്പോൾ എത്ര ഹൃദയവ്യഥയാണ് അദ്ദേഹം അനുഭവിച്ചിരുന്നത് എന്ന് ഹൃദ്യമായി പ്രതിപാദിക്കു

---

(1) Fr. Edward Schillebuck .O.P.Christ the Sacrament of Encounter with God.P.26

ന്നുണ്ട്. മതം മനുഷ്യനിലുള്ള ദൈവികതയുടെ പ്രകാശനമാണെന്നാണ് ശ്രീ വിവേകാനന്ദൻ പ്രസ്താവിച്ചിട്ടുള്ളതു്.

വാസ്തവത്തിൽ മതം മനുഷ്യനു നല്കുന്ന സമാധാനവും സൗഭാഗ്യവും സംതൃപ്തിയും ആസ്വദിച്ചിട്ടില്ലാത്ത ദുർഭഗരാണ് നാസ്തികരും നിർമ്മത പ്രസ്ഥാനക്കാരും. അതിനാൽ അവർ മതവിശ്വാസത്തെ നശിപ്പിക്കുന്നതിനായി പരിശ്രമിക്കുന്നു. ചരിത്രാതീതകാലം മുതൽ തന്നെ മനുഷ്യർ മതം അനുഷ്ഠിച്ചു പോന്നു. മനുഷ്യ വർഗ്ഗത്തിനു് ദൈവം ആരംഭദശയിൽ ഒരു വെളിപാടു് നല്കി. കൂടാതെ സൃഷ്ടലോകം വഴിയും അവിടുന്നു് തുടന്നും വെളിപാടു നല്കുന്നു. (Through Cosmes and Conscience) ഇപ്രകാരമാണ് മതത്തിൻെറ ഉത്ഭവം. പ്രാരംഭത്തിൽ ഏക ദൈവവിശ്വാസമാണ് നിലനിന്നിരുന്നതു്. പരിണാമവാദികൾ, മതവും, ഈശ്വരവിശ്വാസവും പരിണാമം പ്രാപിച്ചാണ് ഇന്നത്തെ രൂപം പ്രാപിച്ചതു് എന്നു് അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ, ആരംഭത്തിലുണ്ടായിരുന്ന ഏക ദൈവ വിശ്വാസം ദുഷിച്ചാണ് ബഹുദേവതാവന്ദനയും (Polytheism) വിഗ്രഹാരാധനയും ഉണ്ടായതു്. ഇപ്രകാരം മതവിശ്വാസം ദുഷിച്ചപ്പോഴാണ് ദൈവം വീണ്ടും ചരിത്രത്തിൽ ഇടപെട്ടതു്.

ദൈവം ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തി എന്നു പറഞ്ഞാൽ രുചിക്കാത്ത ഒരു യുഗമാണ് ഇതു്. ദൈവത്തിൻെറ ഭാഗത്തുനിന്നു് അതിനു് പ്രതിബന്ധമൊന്നുമില്ല. മനുഷ്യനു് ദൈവം വെളിപ്പെടുത്തിയാൽ സ്വീകരിക്കുന്നതിനുള്ള കഴിവുണ്ടു്. വെളിപാടു് ദൈവം മനുഷ്യരുടെ ഭാഷയിൽ സംസാരിച്ചതാണ്, ദൈവത്തെയും അവിടുത്തെ ആന്തരീക ജീവിതത്തെയും പരിത്രാണ ക

ർമ്മത്തിലെ രഹസ്യങ്ങളെയും അറിയിക്കുന്നതിനുവേണ്ടി. മനുഷ്യൻെറ പ്രകൃത്യതീതമായ അന്ത്യം ദൈവം വെളിപ്പെടുത്താതെ നമുക്ക് മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. മതപരമായ എല്ലാ രഹസ്യങ്ങളും പ്രമാദരഹിതമായി അറിയുന്നതിനും വെളിപാട് അനുപേക്ഷണീയമാണ്.

ദൈവം ചരിത്രത്തിൽ ഇടപെട്ട് മാനുഷിക ഭാഷയിൽ സംസാരിച്ച് നേരിട്ടോ മററുള്ളവർ വഴിയോ എന്തെങ്കിലും വെളിപ്പെടുത്തിയാൽ അതു് സ്വീകരിക്കുന്നതിനുള്ള ചുമതല എല്ലാവർക്കുമുണ്ട്. ദൈവം വെളിപ്പെടുത്തി എന്നു് പറയുന്നതുകൊണ്ടുമാത്രം മതിയാവുകയില്ല. അതു് അസന്ദിഗ്ദ്ധമായി തെളിയിക്കണം, തെളിയിക്കുന്നതിനുള്ള ഏററവും വലിയ മാനദണ്ഡം അത്ഭുതങ്ങളാണ്. അത്ഭുതത്തിൻെറ ചരിത്രപരവും താത്വികവും ദൈവശാസ്ത്രപരവുമായ സത്യം വ്യക്തമാകണം. പ്രഥമവെളിപാടുവഴി ( Primitive revelation ) മനുഷ്യനു് ലഭിച്ച മതപരമായ ജ്ഞാനം ബൗദ്ധിക, ധാർമ്മിക, താത്വിക രംഗങ്ങളിൽ വിരൂപമായി. എന്നാൽ അതു് ക്രിസ്തുവഴിയായിട്ടുള്ള മഹോന്നതവും നിർണ്ണായകവുമായ വെളിപാടിനുള്ള കളമൊരുക്കലും അടിസ്ഥാനവുമായിരുന്നു. ഇസ്രായേൽ ജനതയ്ക്കു് ദൈവം നല്കിയ ചരിത്രപരവും, ദേശീയവും, സാമൂഹ്യവും നൈയ്യാമികവുമായ വെളിപാട് ഏററവും സുനിശ്ചിതമായ ഒരു കളമൊരുക്കൽ മാത്രമായിരുന്നു.

മതപരമായ വസ്തുതകളിൽ ദൈവം സുനിശ്ചിതമായ ഒരു വെളിപാട്ട് നല്കിയതിനു ശേഷം മതനിഷ്പക്ഷത (Religious Indifferentism) യും താത്വികമായ മത സഹിഷ്ണതയും(Philosophical religions tolerance) സാദ്ധ്യമല്ല. പക്ഷേ പ്രായോഗികതലത്തിൽ അതു് അംഗീ

കരിക്കേണ്ടതു് അത്യാവശ്യമായിരിക്കും. ഇൻഡ്യയുടെ മുൻ രാഷ്ട്രപതി രാധാകൃഷ്ണന്റെ സാർവ്വത്രികമതവും (Universal religion) അസ്വീകാര്യമാണ്. യഥാർത്ഥസാർവ്വത്രീകമതം കത്തോലിക്കാ തിരുസഭയാണ്. കാലദേശാദികൾക്കെല്ലാം അതീതയാണ് അവൾ. പാശ്ചാത്യ പൗരസ്ത്യ സംസ്കാരങ്ങളുടെ സാരസംഗ്രഹമാണ് തിരുസ്സഭ.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ മതസ്വാതന്ത്ര്യ പ്രഖ്യാപനം സമാദരണീയമാണ്. ഓരോരുത്തർക്കും അവരവരുടെ മനസ്സാക്ഷിക്കനുസരണം ഏതെങ്കിലും മതം അനുഷ്ഠിക്കുന്നതിനുള്ള പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. പക്ഷേ സത്യ മതം കത്തോലിക്കാ തിരുസഭയാണ്. അതു് മനസ്സിലാക്കി സഭയെ സമാശ്ലേഷിക്കുന്നതിനുള്ള ധാർമ്മികമായ ചുമതല എല്ലാമനുഷ്യർക്കുമുണ്ട്. (Constitution on-the Declaration of Religious freedom) ഇതിന്റെ പശ്ചാത്തലത്തിലും "മതം ഏതായാലും തരക്കേടില്ല മനുഷ്യൻ നന്നായാൽ മതി" എന്നുള്ള നാരായണഗുരുവിന്റെ ഉപദേശവും സ്വീകാര്യമല്ല.

മതം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും ആ ബന്ധത്തിന്റെ അടിസ്ഥാനം ദൈവവുമാണ്. ദൈവത്തിന്റെ ഭാഗത്തു നിന്നും മനുഷ്യന്റെ ഭാഗത്തു നിന്നും വീക്ഷിച്ചാലും ആ ബന്ധം വിവിധമായിരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അതിനാൽ താത്വികമായ മതനിരപേക്ഷതയോ സഹിഷ്ണുതയോ യുക്തിഹീനമാണ്. "Tolerance is a Suspicion that the opposite may be right" മറുഭാഗം സത്യമായേക്കാമെന്ന സംശയമുള്ളപ്പോഴാണ് സഹിഷ്ണുത പ്രദർശിപ്പിക്കുക എന്നു് ഒരു ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നുണ്ട്. പക്ഷേ കത്തോലിക്കരെ സംബ

ന്ധിച്ചിടത്തോളം അപ്രകാരം ഒരു സംശയത്തിന് സ്ഥാന മില്ല. എന്നാൽ മററുള്ളവരുടെ മനഃസാക്ഷിസ്വാതന്ത്ര്യ ത്തെ നിഹനിച്ച് ഭീഷണി, വഞ്ചന, ബലപ്രയോഗം എ ന്നിവ വഴി മതപരിവർത്തനം നടത്തുന്നതിന് സഭ എക്കാ ലത്തും എതിരാണ്, ആ നയം തന്നെയാണ് രണ്ടാം വ ത്തിക്കാൻ സൂനഹദോസും പ്രഖ്യാപിച്ചിട്ടുള്ളത്.

മററു മതാനുയായികൾ രക്ഷപ്രാപിക്കുന്നത് അവർ ആ മതത്തിലെ അംഗങ്ങളായതിനാലല്ല. പ്രത്യുത അവ രുടെ മതത്തിലുള്ള സുവിശ്വാസവും സത്യം അറിഞ്ഞാൽ സമാശ്ലേഷിക്കുവാനുള്ള സന്മനസ്സും നിമിത്തം അവർ പ രോക്ഷമായി കത്തോലിക്കാ തിരുസഭയിലെ അംഗങ്ങളാ യതുകൊണ്ടാണ്. വി. ആഗസ്തീനോസ് കത്തോലിക്കാ തിരുസഭയ്ക്ക് മൂന്ന് അവസ്ഥാന്തരങ്ങളുള്ളതായി പ്രസ്താവി ച്ചിട്ടുണ്ട്. ഒന്നാമത്തെ അവസ്ഥ സുവിശ്വാസത്തോടുകൂടി ജീവിച്ചിരുന്നഅക്രൈസ്തവർ (devout heeathens) രണ്ടാ മത്തേത് തെരഞ്ഞെടുക്കപ്പെട്ട ദൈവജനം അഥവാ ഇ സ്രായേൽ ജനത. ഇസ്രായേൽ ജനതയുമായിദൈവം ഒരു ടമ്പടി ചെയ്തു. (Covenant) ദൈവം അവർക്ക് സ്വയം വെളിപ്പെടുത്തി. ചരിത്രത്തിൽ ഇടപെട്ട് അതിൻെറ ഗ തിവിഗതികളെ നിയന്ത്രിച്ചു. സ്രഷ്ടാവ്, നിയമദാതാ വ്, പരിപാലകൻ, പരിത്രാതാവ് എന്നിങ്ങനെ അവി ടുന്ന് സ്വയം ഇസ്രായേൽ ജനതയ്ക്ക് വെളിപ്പെടുത്തി, ഏ ക ദൈവവിശ്വാസം ഇസ്രായേൽ ജനതയിൽ പുനഃസ്ഥാ പിച്ചു. മൂന്നാമത്തെ അവസ്ഥയാണ് ക്രിസ്തുസ്ഥാപിച്ച കത്തോലിക്കാ തിരുസ്സഭ അഥവാ ക്രിസ്തുവിൻെറ മൗതിക ശരീരം. (2)

ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം ദൈ

(2) St.-Augnstine P. L. 44, Co 161, 315 ]:

വരാജ്യത്തിൻെറ രഹസ്യം. (The mystery of the King dom of God) സഭയുടെ രഹസ്യത്തെ (The mystery of the Church) അതിലംഘിക്കുന്നു എന്നാണല്ലോ. അഥവാ സഭ എന്നുള്ളതു് രക്ഷയുടെ സാധാരണ മാർഗ്ഗമല്ല. പ്രത്യുത അസാധാരണവും പരമോന്നതവുമായ മാർഗ്ഗമാണു് സഭ രക്ഷയുടെ സാർവ്വത്രികകൂദാശ (Universal Sacrament of Salvation) യാണെന്നുള്ള പ്രഖ്യാപനമാണു് വത്തിക്കാൻ സൂനഹദോസിൻെറ ഏററവുംവിപ്ലവാത്മകമായ പ്രഖ്യാപനം എന്നു് ഭാവി തലമുറകൾ പരിഗണിക്കുന്നതായിരിക്കും എന്നത്രെഫാ: കാൾറാനർഅഭിപ്രായപ്പെട്ടിട്ടുള്ളതു്. ദൈവം മനുഷ്യവർഗ്ഗത്തിൻെറ ഐക്യവും (Solidarity)ലക്ഷ്യവും പ്രഖ്യാപിക്കുന്ന, മാനവകുലത്തിന്റെ ഒരു ഭാഗമാണു് സഭ എന്നു് സുപ്രസിദ്ധ പ്രോട്ടസ്റ്റന്റു് വേദശാസ്ത്രജ്ഞനായ കാൾബാർത്തും പ്രസ്താവിച്ചിരിക്കുന്നു (Extra Ecclsia hulla salus) സഭയ്ക്കു പുറമെ രക്ഷയില്ല എന്ന പിതാക്കന്മാരുടെ അഭിമതം ഇന്നും ഒരർത്ഥത്തിൽ, ശരിയാണു്. ഫാ: കാൾറാനർ ഒരു അദൃശ്യസഭയെപ്പററി പ്രസ്താവിക്കുന്നുണ്ടു്, അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ (Salvation of the Infidels- Mission and Grace): വത്തിക്കാൻ സൂനഹദോസും ഏകദേശം ഈ ആശയം പ്രകടിപ്പിച്ചിട്ടുണ്ടു്: മററു് മതങ്ങളും ദൈവത്തിൻെറ രക്ഷണീയപദ്ധതിയിൽ ഉൾപ്പെട്ടതാണു് എന്നു് പ്രഖ്യാപിക്കുമ്പോൾ, അതിനാൽ സഭയ്ക്കുപുറമെ രക്ഷയില്ല എന്ന വസ്തുത വളരെ വ്യാപകമായോ, വളരെ സങ്കുചിതമായ അർത്ഥത്തിലോ വ്യാഖ്യാനിക്കുവാൻ പാടില്ല എന്നു് ഫാ: ഹാൻസ്കുംഗും (Rev.Fr.-Hans Kung) അദ്ദേഹത്തിൻെറ തിരുസ്സഭ(The Church) എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു. വത്തിക്കാൻ സൂനഹദോസിൻെറ സഭയെക്കുറിച്ചുള്ള ഡിക്രിയിൽ സഭ

അദൃശ്യയാണ്‌എന്നു് പരാമർശിച്ചുകാണുന്നു. സ്രഷ്ടാവായ ദൈവത്തെ ഏററു പറയുന്നവരും പരിത്രാണനപദ്ധതിയിലുൾപ്പെടുന്നു. (3) ക്രിസ്തീയ വിശുദ്ധ ഗ്രന്ഥങ്ങൾ, പഴയനിയമവും പുതിയ നിയമവും ദൈവപ്രചോദിതങ്ങളാണ്. അവ രണ്ടും പരിത്രാണന കർമ്മത്തിലെ രണ്ടു രംഗങ്ങൾ പ്രകടമാക്കുന്നു. പഴയ നിയമവും പുതിയ നിയമവും പരിശുദ്ധാത്മാവിയാൽ പ്രചോദിതമാണെന്നുള്ള ത്രന്തോസ് സൂനഹദോസിൻെറ പ്രഖ്യാപനം ഒന്നാം വത്തിക്കാൻ സൂനഹദോസും രണ്ടാം വത്തിക്കാൻ സൂനഹദോസും ഉറപ്പിച്ചു പ്രഖ്യാപിച്ചു. വിശുദ്ധ ഗ്രന്ഥം ഒരു ചരിത്ര ഗ്രന്ഥമെന്ന നിലയിൽ മാത്രം പരിശോധിച്ചാലും കത്തോലിക്കാതിരുസ്സഭ ദൈവസ്ഥാപിതമാണെന്നു മനസ്സിലാക്കാം. ആ തിരുസ്സഭാധികാരം വി. ഗ്രന്ഥം ദൈവ പ്രചോദിതമാണെന്നു പ്രഖ്യാപിച്ചപ്പോൾ അതു് അപ്രമാദമായിരിക്കും.

മതത്തിനു മാത്രമേ യഥാത്ഥത്തിൽ മനുഷ്യനെ ധന്യനാക്കുവാൻ കഴിയുകയുള്ളു. ലോകത്തിലുള്ള എല്ലാ ഉന്നത സംസ്കാരങ്ങളും കലകളും മതത്തിൻെറ തണലിലാണ് വികസിച്ചതു്. മാനവസമുദായത്തിൽ നിന്നും മതത്തെ നശിപ്പിക്കുവാൻ പരിശ്രമിക്കുന്നവർ മാനവകുലത്തിൻെറ അടിസ്ഥാനം തന്നെ നശിപ്പിക്കുന്നു എന്നു് പ്ലേറോ എന്ന യവനതാത്വികൻ പ്രസ്താവിക്കുന്നതു് എത്ര അന്വർത്ഥമാണ്. ലോകത്തിലെ ഏററവും സജീവമായ മതം കത്തോലിക്കാ സഭയാണെന്നു് പണ്ഡിററു് ജവഹരിലാൽനെഹ്രു ഒരിക്കൽ അഭിപ്രായപ്പെട്ടുകയുണ്ടായി. "ഇപ്പോൾ എനിക്കു് യാതൊരു മതവുമില്ല. എന്നാൽ ഏ

(3) വത്തിക്കാൻകൗൺസിൽ പ്രമാണരേഖകൾ, തിരുസ്സഭ No. 16.

ണെങ്കില്ലം മതമുണ്ടായിരിക്കുമെങ്കിൽ അതു് കത്തോലിക്കാ സഭയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞതായി ഒരു ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു.

ഒരിക്കൽ ടൊർക്കോട്ടോ റാസോ (Torqoto Tasso) എന്ന ഫ്രഞ്ചു് കവിയോടു് ലൂയിസു് ഒമ്പതാമൻ ചക്രവർത്തി "ഏററവും സൗഭാഗ്യവാൻ ആരാണു്?" എന്നു ചോദിച്ചു. ദൈവമാണു് ഏററവും സൗഭാഗ്യവാൻ എന്നു അദ്ദേഹം മറുപടി പറഞ്ഞു. ദൈവം കഴിഞ്ഞാൽ ഏററവും സൗഭാഗ്യവാൻ ആരാണു്? എന്നു് ചക്രവർത്തി വീണ്ടും ചോദിച്ചു. അപ്പോൾ ദൈവത്തോടു് സദൃശർ ആരാണോ അവരാണു് യഥാർത്ഥ സൗഭാഗ്യവാന്മാർ എന്നദ്ദേഹം പ്രതിവചിച്ചു. (Cfr. Guidance in Sp. Direction by Fr. Charles Hugo Doyel). നമ്മെ ദൈവസദൃശരാക്കിത്തീർക്കുകയാണു് കത്തോലിക്കാ സഭയുടെ ഉദ്ദേശ്യം.

പരമനന്മയെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിലാണു് യഥാർത്ഥത്തിൽ മനുഷ്യസൗഭാഗ്യം അടങ്ങിയിരിക്കുന്നതു് എന്നു് വി. തോമസു് അക്വിനാസും പ്രസ്താവിച്ചിരിക്കുന്നു. എല്ലാമതങ്ങളും ആ നന്മ അന്വേഷിക്കുന്നു. ഏററവും പൂർണ്ണമായവിധത്തിൽ പരമനന്മയെ സ്വായത്തമാക്കുവാൻ സഹായിക്കുന്നതു് കത്തോലിക്കാ സഭയാണു്.

# അദ്ധ്യായം 9.

# സകലവും ക്രിസ്തുവിൽ സമുദ്ധരിക്കുക.

ആദിമാതാപിതാക്കന്മാരുടെ പാപത്താൽ മാനവകുലസൗധത്തിൻെറ അടിസ്ഥാനശില തകൎന്നു. അതിനെ നവമായി പടുത്തുയൎത്തുന്നതിനു് വിശ്വശില്പിക്കു് ഒരു പ്ലാൻ ആവശ്യമാണു്. ആരാണു് ആ പ്ലാൻ നല്കുക. ദൈവം തന്നെ ഒരു പ്ലാൻ തയാറാക്കി. മാനവവംശം പാപത്താൽ മലീമസമാകുന്നതിനു മുമ്പുണ്ടായിരുന്ന ഒരു മാതൃക. അതാണു് പ:കന്യക മറിയത്തിന്റെ അമലോത്ഭവം.

"പ്രക്ഷാളനാദ്ധി പങ്കസ്യ ദൂരാദസ്പർശനം വരം". ചേറു് പുരണ്ടതിനു ശേഷം കഴുകിക്കളയുന്നതിലും ശ്രേഷ്ഠം ചേററിൽ ചവിട്ടാതിരിക്കുകയാണു് എന്നു് പറയുന്നുണ്ടല്ലോ എല്ലാ മനുഷ്യരും പാപത്തിൽ നിപതിച്ചതിനു ശേഷം ദൈവം അവരെ പരിത്രാണനം ചെയ്യുന്നു. എന്നാൽ പരിശുദ്ധ കന്യക പ്രസാദവരത്തോടുകൂടി ഉത്ഭവിച്ചു. പരിത്രാതാവിൻെറ യോഗ്യതകളെ പരിഗണിച്ചുകൊണ്ടു് ആ ദാനം അവൾക്കു നല്കി. ആംഗ്ലേയ സാഹിത്യകാരനായ വേർഡ്സ്‌വെൎത്തു് പ്രസ്താവിച്ചിട്ടുള്ളതുപോലെ അവൾ അധഃപതിച്ച മനുഷ്യവൎഗ്ഗത്തിൻെറ ഏക അഭിമാന പാത്രമാണു്. അവൾ പരിത്രാണനം ചെയ്ത മനുഷ്യവൎഗ്ഗത്തിൻെറ പ്രതീകമത്രെ.

വേദശാസ്ത്രജ്ഞനായ ഡൺസ്സ്കോട്ടിൻെറ അഭിമതം

മറിയത്തിൻെറ അമലോത്ഭവം ദൈവമഹത്വത്തിന് അനുയോജ്യമാണ്. ദൈവത്തിന് അപ്രകാരം പ്രവത്തിക്കുവാൻ കഴിയും. അതിനാൽ അവിടന്ന് അപ്രകാരം പ്രവത്തിച്ചു. ദൈവത്തിനു മാത്രമെ അവിടത്തെ മാതാവിനെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളു. അതിനാൽ അവളെ ഏററവും പൂണ്ണയാക്കിത്തീത്തു. നരജന്മമെടുക്കുന്ന സുതനായ ദൈവത്തെ പ്രതിനിധീകരിച്ച് സ്വീകരിക്കുവാൻ പാപപങ്കിലമായ മാനവരാശിയിൽ ആരും ഉണ്ടായിരുന്നില്ല. അതിനായി ദൈവം ഒരു പ്രത്യേകവ്യക്തിയെ ഒരുക്കി. അമലമനോഹരിയായ പ. കന്യകമറിയം. പരിത്രാണത്തിൽ അരൂപിയും പദാത്ഥവും തമ്മിലുള്ള സമഞ്ജസസമ്മേളനം പുനഃസ്ഥാപിച്ചു (Integration of matter to the realom of the Spirit) അതാദ്യമായി പ. കന്യകയിൽ ഏററവും ഉന്നതമായ വിധത്തിൽ നടന്നു. മനുഷ്യവർഗ്ഗത്തെ മുഴവൻ പുനരുദ്ധരിക്കുന്നതിനുള്ള മാതൃക, സഭയുടെ പ്രതീകം. പരിത്രാണകർമ്മം ആഗോളവ്യാപകമായ ഒരു വിപ്ലവമായിരുന്നു. അതിനുള്ള കളമൊരുക്കലായിരുന്നു, മറിയത്തിൻെറ പാപരഹിതമായ ജനനം.

ദൈവം മനുഷ്യനായി അവതീണ്ണനാകുന്നതിന് മനുഷ്യൻെറ സമ്മതം ദൈവം ആവശ്യപ്പെട്ടു. സ്വാതന്ത്ര്യം ദുരുപയോഗിച്ച് നാശഗത്തത്തിൽ നിപതിച്ച മാനവരാശി ആ സ്വാതന്ത്ര്യം ഉപയോഗിച്ച് പരിത്രാണകർമ്മത്തിൽ സഹകരിക്കണം. അതിനാൽ ദൈവം തന്നെ ഒരു പ്രത്യേക ദൗത്യ വാഹകനെ ദിവ്യജനനിയുടെ സമ്മതം വാങ്ങിക്കുവാൻ അയയ്ക്കുന്നു. അവർ മനുഷ്യവർഗ്ഗത്തെ മുഴുവൻ പ്രതിനിധീകരിച്ച് ഈ സമ്മതം നല്കി പരിത്രാണകർമ്മത്തിൽ സഹകരിച്ചു. (1)

---

(1) തിരുസ്സഭ ഡിക്രി:56.

# ദൈവസുതൻ എന്തിന്ന് മനുഷ്യനായി?

ലോകചരിത്രത്തെ മൂന്നു വാക്കുകളിൽ നമുക്കു സംഗ്രഹിക്കാം. പാപം, മനുഷ്യാവതാരം, (കെരേ നാസിസ്) പരിത്രാണം. ആദ്യമനുഷ്യർ പാപം ചെയ്തു ദൈവിക ജീവനിലുള്ള ഭാഗഭാഗിത്വം നഷ്ടപ്പെടുത്തി. നിത്യമായ മരണത്തിനധീനരായി. എന്നാൽ ദൈവം പ്രത്യാശയുടെ നേരിയ കിരണങ്ങൾ നല്കി. നാരകീയ സർപ്പത്തെ ശപിച്ചുകൊണ്ട് അവിടുന്ന് അരുളിച്ചെയ്തു: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. സ്ത്രീ നിന്റെ തല തകർക്കും. നീ അവളുടെ കുതികാലിൽ കടിക്കും, (ഉല്പത്തി. III. 15. ). ഈ വാഗ്ദാനം പൂർവ്വപിതാക്കന്മാരായ അബ്രാഹത്തോടും അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ പെട്ടവരോടും ദൈവം നവീകരിക്കുന്നു.

കർത്താവ് അബ്രാഹമിനോട് അരുളിച്ചെയ്തു: അബ്രാഹം ഞാൻ നിന്നിൽ നിന്ന് ഒരു വലിയ ജനവിഭാഗത്തെ നിർമ്മിക്കും നിന്നെ ഞാൻ അനുഗ്രഹിക്കും. നീ വഴി ലോകത്തിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പത്തി. XII. 1-3. B.C 2000 )

യാക്കോബ് തന്റെ പുത്രന്മാരെ വിളിച്ചു പറഞ്ഞു ഇതാ ഞാൻ മരിക്കുന്നു. ദൈവം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. അയയ്ക്കപ്പെടാനിരിക്കുന്ന ജനതകളുടെ പ്രത്യാശാപാത്രമായിരിക്കുന്ന അയാൾ വരുന്നതുവരെ യൂദായിൽ നിന്നും ചെങ്കോലോ, അവന്റെ ഗോത്രത്തിൽനിന്ന് ഭരണകർത്താവോ എടുക്കപ്പെടുകയില്ല(ഉല്പത്തി IXL

L,10 B C 1700). ദൈവം നിങ്ങൾക്ക് എന്നെപ്പോലെ തന്നെ ഒരു നേതാവിനെ അയച്ചുതരും. എല്ലാവരും അദ്ദേഹത്തെ അനുസരിക്കണം എന്ന് മൂശ ഇസ്രായേൽ ജനതയോടാവശ്യപ്പെടുന്നു.

ഏശയ്യാ പ്രവചിച്ചു. "ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ആ ശിശു എമ്മാനുവേൽ എന്ന് വിളിക്കപ്പെടും' (ഏശയ്യാ VII. 14 B: C. 725).

മിഖ്യാ ദീർഘദർശനം ചെയ്തു. അല്ലയോ ബത്‌ലഹേമേ, നീ യൂദായിലെ സഹസ്രക്കണക്കിന് ഗോത്രങ്ങളിൽ ഏററം ചെറുതാകുന്നു. എങ്കിലും ഇസ്രായേലിൻെറ അധിപതിയാകേണ്ടവൻ നിന്നിൽ നിന്ന് ഉത്ഭവിക്കും, അവിടന്ന് ആദിയിലേ ഉള്ളവനാണ്. അതായതു് അനാദിയാണ്. (മിഖാ V. 2. B. C. 720)

ഇപ്രകാരം വി. ഗ്രന്ഥം പഴയനിയമത്തിലുടനീളം ഒരു ലോക പരിത്രാതാവിനെ സംബന്ധിച്ച വാഗ്ദാനവും ഉടമ്പടിയും (Covenant) നാം കാണുന്നുണ്ട്. "പഴയ നിയമവും പുതിയ നിയമവും ക്രിസ്തുവിലാണ് കേന്ദ്രീകരിക്കുന്നതു്. പഴയ നിയമത്തിൽ ഒരൊററ പ്രവചനം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും അതു് ക്രിസ്തുവിൽ സാത്ഥകമായിട്ടുണ്ടെങ്കിൽ ക്രിസ്തുവിൻെറ ദൈവത്വം നാം അംഗീകരിക്കേണ്ടതാണ്" എന്ന് പാസ്കൽ എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു.

ക്രിസ്തു ദൈവസുതനാണ് ,ദൈവത്താൽ പ്രത്യേകവിധം അയക്കപ്പെട്ട പരിത്രാതാവാണ് എന്നുള്ളതിന് ധാരാളം തെളിവുകളുണ്ട്. ഏതു് യുക്തിവാദിക്കും നാസ്തികനും സൂക്ഷ്മപരിശോധനയിൽ അതു് മനസ്സിലാകും.

ഒരു രാജ്യത്തിൻെറ പ്രതിപുരുഷനായി ഒരാൾ നിയുക്തനാകുമ്പോൾ ഉദ്യോഗം സ്വീകരിക്കുന്നതിനു മുമ്പ് അതിനുള്ള നിയമനപത്രം (Credentials) സമർപ്പിച്ചാൽ മാത്രമേ ഇതര രാജ്യത്തിൽ അദ്ദേഹത്തെ പ്രതിനിധിയായി അംഗീകരിക്കുകയുള്ളു. ഇപ്രകാരം ഓരോ മതസ്ഥാപകന്മാരും അവർ ദൈവത്താൽ യഥാർത്ഥത്തിൽ നിയുക്തരാണോ ദൈവം തന്നെയോ എന്നു് തെളിയിക്കണം. ഇപ്രകാരമുള്ള അധികാരപത്രം ആവശ്യപ്പെട്ടപ്പോൾ അതു് കാണിക്കുവാൻ ബുദ്ധനോ, കൺഫ്യൂഷ്യസിനോ, സൊരവാസ്റ്ററിനോ, മഹമ്മദിനോ സാധിക്കുകയില്ല. ക്രിസ്തുവിനു മാത്രം ആ തെളിവു നല്കുവാൻ കഴിയുന്നു.

കാരണം ദൈവം ഒരാളെ അയയ്ക്കുന്നുണ്ടെങ്കിൽ അക്കാര്യം എല്ലാവരും അറിയത്തക്കവിധത്തിൽ മുൻകൂട്ടി അറിയിക്കണം. മററു് മതസ്ഥാപകന്മാരെ കുറിച്ചു് അപ്രകാരമൊരു അറിവു് ലഭിച്ചിട്ടില്ല. എന്നാൽ ക്രിസ്തുവിൻെറ ആഗമനത്തിനു അനേകം നൂററാണ്ടുകൾക്കു് മുമ്പു് തന്നെ അവിടത്തെക്കുറിച്ചു് അറിവുണ്ടായിരുന്നു. അവിടത്തെ ജീവിതം ഒരർത്ഥത്തിൽ പൂർണ്ണമായി മുൻകൂട്ടി ചിത്രീകരിച്ചിരുന്നു. വിശാലവ്യാപകമായ വിധത്തിൽ ഏകദേശം ആയിരത്തോളം പ്രവചനങ്ങൾ മിശിഹായുടെ ആഗമനത്തിനു മുമ്പു നാം കാണുന്നു. അഞ്ഞൂറോളം പ്രവചനങ്ങൾ വി. ഗ്രന്ഥം പഴയ നിയമത്തിലുണ്ടു്. ഗ്രീക്കു് മഹാകവിയായ ഹോമറിൻെറ ഇലിയഡ്, ഒഡിസി എന്നീ ഇതിഹാസങ്ങളിൽ പരാജിതനായ ഒരു ജേതാവിനേയും അദ്ദേഹത്തിൻെറ മാതാവിനേയുമാണു് ചിത്രീകരിച്ചിരിക്കുന്നതു്, അതു് യഥാർത്ഥത്തിൽ ക്രിസ്തുവിലും അവിടത്തെ മാതാവിലും മാത്രം സാർത്ഥകമായിരിക്കുന്നു.

യവനതാത്വികരായ സോക്രട്ടീസും പ്ലേറേറായും അ

റിസ്റ്റോട്ടലും വചനത്തെപ്പററി (logos) പ്രതിപാദിച്ചു. സോക്രട്ടീസ് സ്വശിഷ്യനായ അൽസിബിയാഡസിനോട് ഇപ്രകാരം പറഞ്ഞു: "കാത്തിരിക്കുക, വരുവാനിരിക്കുന്ന സാർവ്വത്രികവിജ്ഞാനിയെ പാർത്തിരിക്കുക. ദൈവത്തിൻേറയും മനുഷ്യരുടേയും മുമ്പാകെ നാം എങ്ങനെ പെരുമാറണമെന്നു് അവൻ നമുക്കു് പറഞ്ഞു തരും.

റോമൻ ചരിത്രകാരനായ ടാസിററസ്സ് എഴുതിയിരിക്കുന്നു യൂദായിൽ നിന്നും ലോകത്തിൻെറ മുഴുവൻ നാഥനും ഭരണകർത്താവുമായവൻ അനതിവിദൂരമായ ഭാവിയിൽ വരുമെന്നു് പ്രാചീന പ്രവചനങ്ങളെ ആസ്പദമാക്കി ജനങ്ങൾ ദൃഢമായി വിശ്വസിച്ചിരുന്നു. ചൈനീസ്സ് താത്വികനും മതസ്ഥാപകനുമായ കൺഫ്യൂഷ്യസിൻെറ "സന്മാർഗ്ഗം" എന്ന കൃതിയിൽ രേഖപ്പെട്ടത്തിയിരിക്കുന്നതിപ്രകാരമത്രെ: വിശുദ്ധനായവൻ സ്വർഗ്ഗത്തിൽ നിന്നും വരണം. അവന് എല്ലാം അറിയും. സ്വർഗ്ഗത്തിൻെറയും ഭൂമിയുടേയും മേൽ അവനു് അധികാരമുണ്ടായിരിക്കും (B. C 551 – 479).

ഭാരതത്തിലും ഈ പ്രതീക്ഷ ശക്തമായിരുന്നു. അവതാരത്തെപ്പററിയുള്ള ഗീതാഭാഗം ഇതിനു തെളിവാണു് (ബൃഹദാരണ്യകോപനിഷത്ത്) എന്നഗീതാഭാഗം സ്മരണീയമാണു്. ക്രിസ്തുവിനു് അഞ്ചു നൂററാണ്ടുകൾ മുമ്പു് ജീവിച്ചിരുന്ന ബുദ്ധൻ പഠിപ്പിച്ചു: എനിക്കുശേഷം വരുവാനിരിക്കുന്ന ബുദ്ധൻ "മൈത്രീയൻ" എന്നറിയപ്പെടും. അതായതു് അവൻെറ പേരു് സ്നേഹം എന്നായിരിക്കും.

മററു് മതസ്ഥാപകന്മാർ വാഗ്ദാനം ചെയ്തതു് ക്രിസ്തുനല്ലുന്ന. അവർ അഭിലഷിച്ചിരുന്നതു് ക്രിസ്തുവിൽ സാർത്ഥകമായി അവിടന്നു് ചരിത്രത്തിൻെറ കേന്ദ്രബിന്ദുവാ

ണ്. അതിൻെറ വിധാതാവും പൂർത്തീകരണവുമത്രെ. ക്രിസ്തു ചരിത്രത്തിൽ ഒരു മുന്നോടിയില്ലാതെ അവതരിച്ചിട്ടില്ല. ഗ്രീക്കുദാർശനികരും, റോമൻചിന്തകരും, സൊരവാസ്റ്റരും, ബുദ്ധനും, ജൈനനും, ഭാരതീയയതിവര്യരും, കൺഫ്യൂഷ്യസും അവിടത്തെ ആഗമനത്തിനു കളമൊരുക്കുകയായിരുന്നു, എന്നാൽ ഇതുവരെയും അവ പൂർത്തീകരിക്കപ്പെട്ടിട്ടില്ല, അവിടെ ക്രിസ്തു ആഗതനാകാതെ അവ പൂർത്തീകരിക്കപ്പെടുമോ?

ഒരു യഹൂദചരിത്രകാരനായ ജൊസേഫുസ് ഫ്ളാവിയൂസ് (Josephus Flavius) അദ്ദേഹത്തിൻെറ യഹൂദപുരാവൃത്തങ്ങളിൽ (Antiquities xviii 63 – 64) ക്രിസ്തു ഒരു മനുഷ്യനല്ല. അത്ഭുതപ്രവർത്തകനായിരുന്നു. മരണത്തിനുശേഷം പലക്കും ജീവനോടെ കാണപ്പെട്ടു, അദ്ദേഹത്തിൻെറ അനുഗാമികൾ അനുദിനം വർദ്ധിച്ചുവരുന്നു എന്നെല്ലാം പറയുന്നു. അദ്ദേഹം ഒന്നാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു യഹൂദപുരോഹിതനും കൂടിയാണു്.

ക്രിസ്തുവിൻെറ സമകാലീനരായ അനേകം വ്യക്തികൾ പരിശുദ്ധാത്മാവിയുടെ പ്രചോദനത്തിൽ മിശിഹായുടെ ദൈവത്വം പ്രഖ്യാപിക്കുന്നു. എലിസബത്തു്. (ലൂക്കാ I, 43.) സക്കറിയാസ് (ലൂക്കാ I, 76-79) മിശിഹായുടെ പുരോഗാമിയായ സ്നാപകയോഹന്നാൻ (യോഹ. I. 29. ലൂക്കാ. III. 4, 16.). സ്വർഗ്ഗസ്ഥനായ പിതാവു തന്നെ ഈശോയുടെ ദൈവത്വം അംഗീകരിക്കുന്നു. മിശിഹായുടെ ജ്ഞാനസ്നാനാവസരത്തിലും (വി. മത്തായി. III. 16-17) താബോർ മലയിൽ രൂപാന്തരീകരണാവസരത്തിലും "ഇവൻ എൻെറ പ്രിയപുത്രനാകുന്നു"വെന്നുള്ള പ്രഖ്യാപനമുണ്ടായി. "ക്രിസ്തുവും ദൈവിത്തൽ ത്രിത്വം ഏകത്വത്തിനെതിരാകാതെ തന്നെ വളരെ ലളിതമായി

വെളിപ്പെടുത്തി പിതാവിനോടുള്ള വിധേയത്വം പ്ര സ്പഷ്ടമാക്കി. വി, മത്തായി XX. 23. വി, യോ. V, 19, 30, XIV 9...10 "എന്നെക്കാണുന്നവൻ പിതാവിനെ ക്കാണുന്നു ഞാൻ എൻെറ പിതാവിലും എൻെറ പിതാവ് എന്നിലുമാകുന്നു. . . .(വി. യോ. VII. 13, XII' 48-50. എന്നാൽ ദൈവീകസ്വഭാവത്തിൽ പിതാവിനോട് തുല്യനാണെന്നുള്ളതും വ്യക്തമാക്കി. പിതാവിൻെറ ഏകജാതനാണ്. നാമും പിതാവും തമ്മിലുള്ള ബന്ധവും മിശിഹായും പിതാവും തമ്മിലുള്ള ബന്ധവും ഒരേ തലത്തിലല്ല എന്നു ഈശോ അരുളിച്ചെയ്യുന്നു,

ദൈവത്തിനു് മാത്രമുള്ള അവകാശാധികാരങ്ങൾ തനിയ്ക്കുണ്ടെന്നു മിശിഹാ അവകാശപ്പെടുന്നു. മത്തായി XXVIII. 18. നിയമകത്താവ്. മത്തായി V, പാപമോചനാധികാരവും (മക്കോII 5). ലോകത്തെ വിധിക്കുവാനുള്ള അധികാരവും ഈശോയിയ്ക്കുണ്ടെന്നുപറഞ്ഞു. (മത്തായി xxv. 31- 36) സ്വന്തം അധികാരത്തിൽ അത്ഭുതങ്ങൾ പ്രവത്തിക്കുന്നു. അവിടത്തെ നിത്യമായ അസ്തിത്വവും പ്രഖ്യാപിച്ചു. വി. മത്തായി IX 13 യോഹ 111. 13 ദൈവ സ്വഭാവം സ്വയം ആരോപിക്കുന്നു. വി. യോ x 22 xiv, 17 ദൈവീകമായ ആരാധന സ്വീകരിച്ചു. ലൂക്കാ VII 36 ഞാൻ ലോകത്തിൻെറ ദീപമാണു്, സത്യമാണു്, ജീവനാണു്, മാഗ്ഗമാണു്, (യോഹ XIV, 6 ) മററു് മതസ്ഥാപകന്മാരാരും അതവകാശപ്പെട്ടില്ല, പില്ക്കാലത്തുള്ളവർ അതവരിൽ ആരോപിച്ചു. ക്രിസ്തു അതവകാശപ്പെട്ടു, തെളിവു നല്കി അതു് സ്ഥാപിക്കുകയും ചെയ്തു. ചില പ്രത്യേക വ്യക്തികൾ ക്രിസ്തുവിൻെറ ദൈവത്വം പ്രഖ്യാപിക്കുമ്പോൾ മിശിഹാ അതംഗീകരിക്കുന്നു (വി മത്താ XVI

13 -20 മാക്കോ VII 27 ലൂക്കാ IX 18 യോഹ XIV - 27) പി ലി II 6-7 കൊലോ I 14 - 20 വി. പൗലോസ്ശ്ലീഹായും ക്രിസ്തുവിൻെറ ദൈവത്വത്തെ പരാമർശിക്കുന്നു. അവസാനമായി അവിടന്നു് സ്വശക്തിയാൽ മരണാനന്തരം പുനരുത്ഥാനം ചെയ്തു, എല്ലാ സുവിശേഷകന്മാരും വി. പൗലോസ് അപ്പസ്തോലനും അതു് രേഖപ്പെടുത്തുന്നു. പ്രസംഗിക്കുന്നു. കത്തോലിക്കാതിരുസ്സഭയും അപ്പസ്തോലിക കാലം മുതൽ പഠിപ്പിച്ചിരുന്നു. ക്രിസ്തുവിനെ ക്രൂശിച്ച ശതാധിപനും അവിടത്തെ നാമം പോലും ഭൂമുഖത്തുനിന്നു് നിർമ്മാർജ്ജനം ചെയ്യണമെന്നു് വിചാരിച്ച് നിഗ്രഹ ബുദ്ധിയോടെ ഓടി നടന്ന സാവൂളും മററനേകം ശത്രുക്കൾ പോലും ക്രിസ്തുവിൻെറ ദൈവത്വം അംഗീകരിച്ച് അവിടത്തെ പാദാന്തികത്തിൽ പ്രണമിക്കുന്നു. ഇന്നു് ഏകദേശം നൂറുകോടിയോളം ജനങ്ങൾ ക്രിസ്തുവിൻെറ ദൈവത്വം അംഗീകരിക്കുന്നതായി ലോകത്തിൽ ഉണ്ടു്.

ഈ ലോകത്തിൽ ജനിച്ചിട്ടുള്ള യാതൊരു വ്യക്തിക്കും ലോകത്തിൽ ജനിക്കുന്നതിനു് മമ്പു് ഒരു പൂർവ്വകാല ചരിത്രമില്ല. എന്നാൽ ക്രിസ്തുവിനു മാത്രം അപ്രകാരം ഒരു ചരിത്രമുണ്ടു് ''ആദിയിൽ വചനം ഉണ്ടായിരുന്നു ഈ വചനം ദൈവത്തോടുകൂടിയായിരുന്നു. ദൈവമായിരുന്നു വചനം. ഇവൻ ആദിയിൽ ദൈവത്തോടു കൂടിയായിരുന്നു. സകലവും അവൻ മൂലം ഉണ്ടായി, ഉണ്ടായിട്ടുള്ളതൊന്നും അവനെക്കൂടാതെ ഉണ്ടായതല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു. ജീവൻ മനുഷ്യരുടെ വെളിച്ചമാകുന്നു. ഈ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. ഇരുൾ അതിനെ ഗ്രസിച്ചില്ല...; എന്തെന്നാൽ ലോകത്തിലേക്കു വരുന്ന ഏതുമനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം

ഉണ്ടായിരുന്നു. അതു് ലോകത്തിൽ ആയിരുന്നു. ലോകം അവൻ മൂലം ഉണ്ടായി. എന്നാൽ ലോകം അവനെ അറിഞ്ഞില്ല. അവൻ തൻെറ സ്വന്ത ജനങ്ങളുടെ അടുക്കലേയ്ക്കു വന്നു. എങ്കിലും സ്വകീയർ അവനെ സ്വീകരിച്ചില്ല, അവനെ സ്വീകരിച്ചവർക്കു് – അവൻെറ നാമത്തിൽ വിശ്വസിക്കുന്നവർക്കു് – ദൈവത്തിൻെറ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു, അവർ രക്തത്തിൽ നിന്നോ, ജഡാഭിലാഷത്തിൽ നിന്നോ, പുരുഷൻെറ ഇച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നത്രേ ജനിക്കുന്നതു്. വചനം മാംസമായി നമ്മിൽ വസിച്ചു. നന്മയും നീതിയും നിറഞ്ഞതായി പിതാവിൽനിന്നുള്ള ഏകജാതൻെറ മഹിമയായി, അവൻെറ മഹിമ നാം കാണുകയുംചെയ്തു." (യോഹന്നാൻ_ 1. - 1 –14)

മിശിഹാ ദൈവ സ്വഭാവവും മനുഷ്യ സ്വഭാവവും സമഞ്ജസമായി സമ്മേളിച്ച ഒരു വ്യക്തിയാണു്. ദൈവസ്വഭാവത്തിനും മനുഷ്യസ്വഭാവത്തിനും യാതൊരു കുറവും വന്നിട്ടില്ല, മനുഷ്യാവതാര രഹസ്യത്തിൽ സുതനായ ദൈവം ഏക വ്യക്തിത്വത്തിൽ മനുഷ്യ സ്വഭാവം സ്വീകരിച്ചു. ഈ അത്ഭുതകരമായ പ്രക്രിയയ്ക്കു് ഉപസ്ഥിതിബന്ധം (Hypostatic Union) എന്നുപറയുന്നു. രണ്ടു സ്വഭാവങ്ങളും പൂർണ്ണമാണു്. അവ തമ്മിൽ സമ്മിശ്രമാകാതെ, നിത്യത്തിൽ പിതാവായ ദൈവത്തിൽ നിന്നും ഒരു മാതാവിനെ കൂടാതെ ജനിച്ച വചനം, കാലത്തിൽ ഒരു ശാരീരിക പിതാവിനെ കൂടാതെ പ, കന്യകമറിയത്തിൽ നിന്നും ജനിച്ചു, മിശിഹായുടെ മനുഷ്യസ്വഭാവത്തിനു് സ്പഷ്ടവും സ്വന്തവുമായ ഒരസ്തിത്വമില്ലാതെ അസ്പഷ്ട വചനത്തിൻെറ അസ്തിത്വത്താൽ സജീവമാക്കപ്പെട്ടു. (വി, യോഹ, 1 – 1- 14) നിത്യത്വം മുതൽ പിതാവിനോടുകൂടി

വസിച്ച ദൈവ വചനം സമയത്തിന്റെ പൂർത്തിയിൽ യാതൊരു പരിവർത്തനത്തിനും അധീനനാകാതെ മനുഷ്യ സ്വഭാവത്തിൽ അസ്തിത്വവും പ്രവർത്തനവുമാരംഭിച്ചു. രണ്ടു അസ്തിത്വം തമ്മിൽ യോജിച്ചാൽ പൂർണ്ണമായ ഐക്യം സംപ്രാപ്യമല്ല. അതിനാൽ ക്രിസ്തുവിൽ രണ്ടു് സ്വഭാവം അസ്തിത്വത്തിന്റെ ഏകത്വത്തിൽ സമ്മേളിച്ചു എന്നു് അംഗീകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യ സ്വഭാവത്തിന്റെ വചനവുമായിട്ടുള്ള ഐക്യം സാരവത്താണു് (Substantialis) അതിനാൽ ബന്ധവും വസ്തുഗതമായിരിക്കണം. വസ്തുഗതമായ രണ്ടു് യാഥാർത്ഥ്യങ്ങളേ ഉള്ളു, അസ്തിത്വവും സത്തയും (Essentia et esse) സ്വഭാവത്തിൽ ഐക്യം സാദ്ധ്യമല്ലാത്തതിനാൽ അസ്തിത്വത്തിലേ മതിയാവൂ. (St. Thomas Summa. III Q XVII, 2 also De La Taille Actuatio Creata per actum Increatum. Myterium Fidei) വി. യോഹ സു: x. 30. ഞാനും എന്റെ പിതാവും ഒന്നാണു്. ക്രിസ്തുവിൽ ദൈവ സ്വഭാവവും മനുഷ്യ സ്വഭാവവും സമ്യക്കായി സമ്മേളിച്ചിരിക്കുന്നതിനാൽ പരസ്പര ധർമ്മാരോപണം (Communicatio idiomatum) സമുചിതമാണു്.

മിശിഹാ മനുഷ്യസ്വഭാവത്തിൽ ദൈവ പുത്രനാണല്ലോ. തന്മൂലം അവിടത്തെ മനുഷ്യത്വവും ശരീരത്തിലെ ഓരോ അവയവവും ആരാദ്ധ്യമാണു്. ഈശോയുടെ ആത്മാവു് പരമ പവിത്രമത്രെ. സകല സുകൃതങ്ങളുടെ നികേതനമായിരിക്കുന്ന, അവിടന്നു് സർവ്വജ്ഞനും പ്രമാദരഹിതനുമാണു്. പാപത്താൽ അധഃപതിച്ച മനുഷ്യനെ സമുദ്ധരിച്ചു് പ്രകൃത്യതീതജീവനിലേയ്ക്കുയർത്തുവാൻ ദൈവത്തിനു് മർത്ത്യാവതാരം അത്യന്താപേക്ഷിതമായിരുന്നില്ല. സർവ്വശക്തനും സർവ്വ നന്മസ്വരൂപനുമായ ദൈവത്തിനു് പരിഹാരമാവശ്യപ്പെടാതെ ക്ഷമിക്കാമായിരുന്നു. പ

ക്ഷേ അപ്രകാരം ചെയ്യാതെ ദൈവം തന്നെ നര ജന്മമെടുത്തതിൽ അവിടത്തേയ്ക്കുള്ള പ്രത്യേക ലക്ഷ്യമെന്തായിരിക്കാം "തന്റെ ഏകപുത്രനിൽ വിശ്വസിക്കുന്ന ഒരുത്തനും നശിച്ചു പോകാതെ അവന് നിത്യ ജീവൻ ഉണ്ടാകേണ്ടതിന് അവനെ നൽകുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (വി. യോഹ. iii. 16) .ദൈവത്തിന്റെ അപാരമായ സ്നേഹമാണ് അതിന് നിദാനം.

പാപത്താൽ അധഃപതിച്ച മനുഷ്യനെ മനുഷ്യൻ വഴിയായി സമുദ്ധരിക്കുന്നതിനാണ് ദൈവം മനുഷ്യനായി അവതീർണ്ണനായത്. സഭാപിതാവായ വി. ഇരണേവൂസ് പ്രസ്താവിച്ചിട്ടുള്ളതുപോലെ മിശിഹാ സകല മനുഷ്യ വർഗ്ഗത്തെയും അങ്ങിൽ സംഗ്രഹിച്ചു. (recapitulation) വി. ഇരണേവൂസിന്റെ ഈ പ്രസ്താവന വഴി അദ്ദേഹം ലോകചരിത്രത്തെത്തന്നെ പവിത്രീകരിച്ചിരിക്കുന്നു എന്ന് ഒരു ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു.

ദൈവ പുത്രൻ മനുഷ്യപുത്രനായത് മനുഷ്യപുത്രരെ ദൈവപുത്രരാക്കിത്തീർക്കുന്നതിനാണ് എന്ന വി. ആഗസ്തീനോസിൻെറ വാക്കുകൾ ശ്രദ്ധേയമാണ്. ആദത്തെ ദൈവം സൃഷ്ടിച്ചതു് അദ്ദേഹത്തിൽ കേന്ദ്രീകൃതമായി മനുഷ്യരെ ദൈവസുതരാക്കുവാനാണ്. എന്നാൽ ദൈവം നിശ്ചയിച്ചിരുന്ന മാർഗ്ഗത്തിൽ നിന്നും വിഭിന്നമായി അവരതാരാഞ്ഞു. തന്മൂലം ആദത്തിനും സന്താനപരമ്പരയ്ക്കും ദൈവപുത്രസ്ഥാനം നഷ്ടപ്പെട്ടു. അതു് പുനഃപ്രതിഷ്ഠിച്ച് ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു മാനവരാശിയെ പടുത്തുയർത്തുക എന്നതായിരുന്നു മനുഷ്യാവതാരത്തിൻെറ ലക്ഷ്യം. മിശിഹാ മർത്ത്യകുലവുമായി ഏകീഭവിച്ച് അതിനെ ആഭ്യന്തരമായി നവീകരിച്ച് മനുഷ്യ വംശത്തെ ഒരു സജീവ ഏകത്വത്തിൽ (Living Organism) പുനഃസ്ഥാപിച്ചു

ഒരിക്കൽ പ്രജാവത്സലനായ ഒരു രാജാവു് അദ്ദേഹത്തിൻെറ പ്രജകളുടെ പ്രശ്നങ്ങൾ എല്ലാം മനസ്സിലാക്കി അതു് പരിഹരിക്കണമെന്നു തീരുമാനിച്ചു. അതിനായി ചില സ്ഥലങ്ങളിലെല്ലാം രാജാവു് സന്നിഹിതനായി അവരുടെ സങ്കടങ്ങൾ കേട്ടു് പരിഹരിക്കുന്നതാണെന്നു് വിളംബരം ചെയ്തു. എന്നാൽ പ്രജകൾ രാജാവിനെ സമീപിച്ചു് വിഷമങ്ങൾ അറിയിക്കുന്നതിൽ വിമുഖരായിരുന്നു. അതിനാൽ രാജാവു് ഭഗ്നാശനായി അദ്ദേഹത്തിൻെറ സചിവനെ വിളിച്ചു് അദ്ദേഹത്തോടു് ആലോചന ചോദിച്ചു് "ഇനി എന്താണു് ഈ ജനങ്ങളുടെ സങ്കടങ്ങൾ കേട്ടു് പരിഹരിക്കുന്നതിനുള്ള മാർഗ്ഗം?" അപ്പോൾ മന്ത്രി രാജാവിനോടു് ഇപ്രകാരം പറഞ്ഞു.

"മഹാരാജാവേ, അങ്ങു് രാജകീയമായ വേഷ സംവിധാനങ്ങളോടും പ്രാഭവത്തോടുംകൂടി ചെന്നാൽ അവിടുത്തെസമീപിക്കുവാൻ ജനങ്ങൾക്കു് ഭയമായിരിക്കും. അതിനാൽ അങ്ങു് ഈ രാജകീയമായ വേഷഭൂഷണാദികളും പ്രതാപങ്ങളും ഒന്നും കൂടാതെ സാധാരണക്കാരുടെ വേഷത്തിൽ അവരുടെ ഇടയിൽ ചെന്നു് കുറച്ചുകാലത്തേയ്ക്കു് താമസിക്കണം. അപ്പോൾ അങ്ങേയ്ക്കു് അവരുടെ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും യഥാവിധി മനസ്സിലാക്കി പരിഹരിക്കുവാൻ സാധിക്കുന്നതാണു്." മഹാരാജാവു് അദ്ദേഹത്തിൻെറ സചിവൻെറ ഉപദേശം സ്വീകരിച്ചു് സാധാരണക്കാരുടെ ഇടയിൽചെന്നു് അവരോടുകൂടിവസിച്ചു. അവരുടെ യാതനകൾ ഗ്രഹിച്ചു് അതു് പരിഹരിക്കുകയും ചെയ്തു.

ഇപ്രകാരം പാപത്താൽ അധ:പതിച്ച മാനവരാശിയുടെ ദുർഭഗാവസ്ഥയിൽനിന്നും മനുഷ്യനെ സമുദ്ധരിക്കുന്നതിനു് ദൈവം തന്നെ മനുഷ്യനായി അവതീർണ്ണനാ

യി. ദൈവത്തിൻെറ സ്നേഹം മാംസമുടുത്തതാണ് ഈ ശോമിശിഹാ' ഇവിടെയാണ്. യഥാത്ഥത്തിലുള്ള കെനോസിസ് ( Kenosis ) നാം ദശിക്കുന്നതു് ക്രിസ്തുവിൻെറ മനുഷ്യാവതാരം വഴി പദാത്ഥത്തെ മുഴുവൻ പവിത്രീകരിച്ചു എന്നു് ഫാ. റെയ്മണ്ടേഷൻദാൻ പ്രസ്താവിക്കുന്നു. ഈശോ ലോകത്തിൽ അവതീർണ്ണനായതിനു മൂന്നു് ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. ഒന്നാമതു് മനുഷ്യപരിത്രാണകർമ്മം നിർവ്വഹിക്കുന്നതത്രെ. രണ്ടാമതു് ദൈവത്തെയും അവിടത്തെ ആന്തരികജീവിതം മനുഷ്യപരിത്രാണകർമ്മം എന്നിവയെയും സംബന്ധിച്ച രഹസ്യങ്ങൾ വെളിപ്പെടുത്തുക. ക്രിസ്തുവിലാണു് ദൈവത്തിൻെറ ഏററവും പൂർണ്ണമായവെളിപാട്. മൂന്നാമതായി മനുഷ്യൻ ഈലോകത്തിൽ ജീവിക്കുന്നതിനു് ഏററവും നല്ല ഒരു മാതൃക കാണിച്ചുകൊടുക്കുക,

അവിടുന്നു് കാലിത്തൊഴുത്തിൽ ജനിച്ചപ്പോൾ, ഈ ലോകത്തിൽ മനുഷ്യമഹത്വം അവനു്എന്തുണ്ടു് എന്നതിനെ അശ്രയിച്ചല്ല പ്രത്യുത അവൻഎന്താണു്? എന്നതിനെ ആശ്രയിച്ചാണിരിക്കുന്നതു് എന്നാള്ള വസ്തുത പ്രഖ്യാപിച്ചു. അഹങ്കാരത്താൽ നശിച്ച മനുഷ്യനെ എളിമവഴിയായി അവിടുന്നു് ഉയത്തി മാതാപിതാക്കന്മാരെ അനുസരിച്ചു് അവർക്കു് വിധേയരായിട്ടാണു് അവിടുന്നുജീവിച്ചതു്. പന്ത്രണ്ടാമത്തെ വയസ്സുമുതൽ മുപ്പതാമത്തെവയസ്സുവരെയുള്ള ഈശോയുടെജീവിതം സുവിശേഷകനായ വി. ലൂക്കാ സംഗ്രഹിക്കുന്നതിപ്രകാരമാണു്. "അവൻ അവിടെനിന്നും ഇറങ്ങിച്ചെന്നു് അവൻെറ മാതാപിതാക്കന്മാക്കു് കീഴ്വഴങ്ങി ജീവിച്ചു. ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വിവേകത്തിലും വളന്നുവന്നു.(വി, ലൂ1 151-52) ഒരു തച്ചൻെറ ഭവനത്തിൽ ജനിച്ചു് വിരുക

ത്മാവിൻെറ ജോലിചെയ്തു കൊണ്ടു് അവിടുന്നു് തൊഴിൽ മനുഷ്യപരിത്രാണകർമ്മത്തിലെ അവശ്യഘടകമാണെന്നു പഠിപ്പിച്ചു. പാപത്തിൻെറ പരിണതഫലമായി അതു് നമുക്കു് ക്ലേശകരമായിത്തീർന്നു. ലോകപരിത്രാണകർമ്മം നിർവ്വഹിക്കുവാൻ വന്ന മിശിഹാ മൂന്നുകൊല്ലംമാത്രം പരസ്യജീവിതത്തിനും മൂന്നുമണിക്കൂറുകൾമാത്രം പരിത്രാണകർമ്മത്തിനും മകുടംചൂടുന്ന കാൽവരിയിലെ മഹായജ്ഞത്തിനും ചെലവഴിച്ചപ്പോൾ മുപ്പതുവത്സരം നസ്രസിൽ അദ്ധ്വാനത്തിൻെറയും ത്യാഗപൂർണ്ണമായ സേവനത്തിൻെറയും ദാരിദ്ര്യത്തിൻെറയും ജീവിതമാണു് അവിടുന്നു് നയിച്ചതു്. എന്നും അതു് ലോകത്തിനൊരു വെല്ലുവിളിയാണു്. ഇരുപതാം നൂററാണ്ടിനെ അവിടുന്നു് മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെയാണു് അപ്രകാരം ചെയ്തതു്.

## അദ്ധ്യായം 10.

# ക്രിസ്തുവും ക്രിസ്ത്യാനികളും

മൂന്ന് വർഷക്കാലം മിശിഹാ പിതാവ് നൽകിയ ദൗത്യം ലോകത്തോട്ട പ്രഖ്യാപിച്ചു. അവിടത്തെ ദൗത്യം ലോകാവസാനത്തോളം തുടർന്നു കൊണ്ടുപോകുവാൻ വേണ്ടി തിരുസ്സഭയെ സ്ഥാപിച്ചു. കത്തോലിക്കാ തിരുസ്സഭ ക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ ഒരു തുടർച്ചയാണ്. അവിടുന്ന് വിഭാവനം ചെയ്ത മാനവ കുലത്തിൻെറ മാനിഫെസ്റ്റോ ഗിരിപ്രഭാഷണത്തിൽ വിളംബരം ചെയ്തു. ദൈവത്തിൻെറ പിതൃത്വത്തിലും മനുഷ്യൻെറ ക്രിസ്തുവിലുള്ള വിശ്വസാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു നവ്യ വ്യവസ്ഥിതിയാണ് ക്രിസ്തുവിൻെറ ജീവിതവീക്ഷണം അഥവാ തിരുസ്സഭ. അതിൻെറ മഹത്വം മിശിഹാ സകല മനുഷ്യ വംശത്തെയും ലോകത്തെയും അങ്ങിൽ സംയോജിപ്പിച്ചു എന്നുള്ളതാണ്. ക്രിസ്തു വഴിയായി ലോകവും മനുഷ്യരും പിതാവിലേയ്ക്കാനയിക്കപ്പെടുന്നു. അതിനാൽ ഈശോയുമായിട്ടുള്ള അഭിമുഖീകരണം (encounter) ദൈവവുമായിട്ടുള്ള ഐക്യത്തിൻെറ കൂദാശയാണ്. അല്ലെങ്കിൽ മതപരമായ ജീവിതം, നമ്മുടെ അസ്തിത്വം, ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കണമെന്നുള്ള ദൈവശാസ്ത്രപരമായ ഒരു മനോഭാവമാണ്. (1)

ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരുപ്രപഞ്ചം, ഒരു പുതിയ മാനവരാശി, ദൈവജനം, ക്രിസ്തുവും മാനവ

(1) Rev. Fr. Edward Schillebeecxu. O. P. Christ the Sacramentof Enconter with God. P. 15.

രാശിയും ഒന്നു ചേൎന്നുള്ള മൗതിക ശരീരമാണ് മിശിഹാ വിഭാവനം ചെയ്തതു്. അതാണ് അവിടുന്നു പ്രസംഗിച്ച ദൈവ രാജ്യം. എല്ലാമനുഷ്യരും ക്രിസ്തുവിൽ ഏകീഭവിച്ച് ഒരു പൂൎണ്ണ മിശിഹാ – (The whole Christ by Rev. Fr. Mersch) മൗതിക ക്രിസ്തുവത്രെ അതു്.

ഈശോനാഥൻ മനുഷ്യാവതാരം ചെയ്തപ്പോൾ തന്നെ മാനവകുലത്തിൻെറ ശിരസ്സായിരുന്നു. അവിടുത്തെ ദൗത്യം തുടൎന്നുകൊണ്ടു പോകുന്നതിനു് തിരുസ്സഭയെ സ്ഥാപിച്ചു. ലോകപരിത്രാതാവിന്റെ ആഗമനത്തിൽ അദ്ദേഹം ഒരു സാമ്രാജ്യം സ്ഥാപിക്കും; യഹൂദന്മാൎക്ക് യവന റോമൻ ആധിപത്യത്തോടുകൂടി നഷ്ടപ്പെട്ട പൂൎവ്വപ്രതാപം പുനഃസ്ഥാപിക്കുമെന്നുള്ള പ്രത്യാശ നിലനിന്നിരുന്ന യഹൂദന്മാർ മിശിഹായുടെ ആഗമനത്തിൽ ലൗകിക പ്രതാപവും സുഭിക്ഷതയും സൗഭാഗ്യവും പ്രതീക്ഷിച്ചു. മനുഷ്യപുത്രനെ അവൻെറ മഹത്വത്തിൽ കാണുന്നു. അവിടുത്തെ അധികാരം നിത്യമാണ്. (ദാനി. VII- 14.) ഏശായാ പറയുന്നു ദൈവ ഭവനം മലമുകളിൽ അടിസ്ഥാനമിട്ടിരിക്കുന്നു. രാജ്യത്തെ പുനരുദ്ധരിക്കും. (ഏശ. II. 2) ജറമ്മിയാസ്സ് അരൂപിയുടെ നവീകരണത്തെയും രാജ്യത്തിൻെറ പുനഃസ്ഥാപനത്തെയും പററി പ്രസ്താവിക്കുന്നു. (ജറ. XXXI. 31 – 33). എസക്കിയേൽ പ്രവാചകൻ ഒരു പുതിയ ഉടമ്പടിയും ദൈവവുമായിട്ടുള്ള നിത്യമായ ഐക്യവും പ്രദ്യോതിപ്പിക്കുന്നു. (എസ, XVI. 59 - 62) അപ്പോക്രീഫാ (Apocrypha) എന്ന അനൗദ്യോഗിക ഗ്രന്ഥങ്ങളിലും ഇപ്രകാരമുള്ള പ്രതീക്ഷ സുലഭമാണ്. ജൊസേഫുസ്സ് ഫ്ളാവിയുസ്സ്, ററാസീററസ് മുതലായ ചരിത്രകാരന്മാരും അവരുടെ ഗ്രന്ഥങ്ങളിൽ യഹൂദന്മാരുടെ ഏതാദൃശമായ പ്രതീക്ഷയെപ്പററി സവിസ്തരം

പ്രതിപാദിക്കുന്നു, (Josephus Flavius. Wars of the Jews. Book VI· 5, 4 Cf Fr. Heimish Theology of O. Testament and History of the O. Testament).

യഹൂദന്മാരുടെ പ്രതീക്ഷാനുസരണം ക്രിസ്തു ദൈവരാജ്യത്തെ അഥവാ സ്വർഗ്ഗരാജ്യത്തെ സംബന്ധിച്ച് പ്രസംഗിച്ചു. ആ രാജ്യത്തിനുണ്ടായിരിക്കേണ്ട ചില സവിശേഷതകളും ലക്ഷണങ്ങളും അവിടത്തെ പ്രബോധനങ്ങളിലും ഉപമകളിലും വ്യക്തമാക്കി. അതു് മനപരമായ ഒരു സമൂഹമാണു്. ധാർമ്മിക മൂല്യങ്ങളെ പരിരക്ഷിക്കേണ്ടതു് ആ രാജ്യത്തിലെ അംഗങ്ങളുടെ ചുമതലയാണു്. (മത്തായി IV. 17. മർക്കോ I. 14. ലൂക്കാ. VIII· 1 യോഹ XVIII· 28) ആ രാജ്യത്തിൽ ഉതപ്പുകളും മർദ്ദനങ്ങളും ഉണ്ടാകുമെന്നു് അവിടന്നു് മുന്നറിയിപ്പു് നല്കുന്നുണ്ടു്. രാജ്യം ദൈവികമാണു്. എങ്കിലും അതിലെ അംഗങ്ങളുടെ മാനുഷികമായ ബലഹീനതകളും അതിൽ പ്രതിഫലിക്കും. ഒരേ അവസരത്തിൽ ദൈവികവും മാനുഷികവുമാണതു്.

മിശിഹാ ദൈവത്തോടുള്ള മററെല്ലാ അഭിമുഖീകരണത്തിൻെറ (encounter ) പ്രഭവസ്ഥാനവും മാതൃകയുമാണു്. (2) രണ്ടാം വത്തിക്കാൻ സൂനഹദോസു് തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചു. "ക്രിസ്തുവുമായുള്ള ഐക്യം നിമിത്തം സഭ രക്ഷയുടെ സാർവ്വത്രികകൂദാശയാണു്. ദൈവവുമായുള്ള ഐക്യത്തിൻെറയും മാനവ ഐക്യത്തിൻെറയും പ്രതീകമാണു്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ സഭാംഗങ്ങൾ ഏകമാണു്." (3)

---

(2) Rev. Fr •Edward Schillebeecxu Christ the Sacrament of Enconnter with God P
(3)വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ തിരുസ്സഭ Chaps·(1)

വെറും മാനുഷിക സംഘടനയായി മാത്രം തിരുസ്സഭ യെ പരിഗണിച്ചാൽ അവളെ മനസ്സിലാക്കുവാൻ സാദ്ധ്യ മല്ല. മറെറല്ലാമതങ്ങളുടെയും ഗണത്തിൽ ഉൾപ്പെടുന്ന ഒരു മതവുമില്ല. ക്രിസ്തുവും ക്രിസ്ത്യാനികളും ചേർന്ന ഒരു ശരീരമാണെന്നുള്ളതു് കേവലം ഒരു ഭാവനാ സൃഷ്ടിയോ, കവിസങ്കല്പമോ അലങ്കാര പ്രയോഗമോ, ആയി പരിഗണി ച്ചാൽ പോരാ. (I കോ. XII. എഫേ: IV. 4.) അതു് കേവലം ആദ്ധ്യാത്മികമോ, അരൂപിയിൽമാത്രം പരിമിതി പ്പെട്ടതാവുന്നതോ അല്ല. വൈവിധ്യത്തോടുകൂടിയ ഏ കത്വമുണ്ടതിനു്. ശരീരം പലതരമുണ്ട്. ഭൗമികശരീരവും (Physical) ധാർമ്മിക ശരീരവും (Moral body) അ ധാർ മ്മികശരീരത്തിൻെറ അംഗങ്ങൾ അന്ത്യപ്രാപ്തിക്കുവേണ്ടി ബാഹ്യമാത്രമായ അഥവാ ധാർമ്മികമായ ഐക്യത്തിൽ ബന്ധിതരായിരിക്കും. മൗതികശരീരം (Mystial) ഭൗതിക മാത്രമല്ല ധാർമ്മികവുമാണു്. അന്ത്യത്തിൻെറ ഔൽകൃ ഷ്ട്യത്താലും ആന്തരികമായ ചൈതന്യ വിശേഷത്താലും അംഗങ്ങളിൽ എല്ലാവരിലും ഏററവും വലിയ സ്വാധീ നശക്തി ചെലുത്തുന്നതിനാലും മററു രണ്ടിനെയും കാൾ പരമോന്നതമാണു്,

ക്രിസ്തുവാണു് മൗതിക ശരീരത്തിൻെറ ശിരസ്സു്. അ തിനു് ചൈതന്യം പകരുന്നതു് പരിശുദ്ധാത്മാവാണു്, ഹൃദയം പ. കന്യകാമറിയവും (Pope pius XII. mystici Gorporis Chrisit Fr. Fromp. Corpus Christi quodest Ecclesia) പരിശുദ്ധാത്മാവാണു് ശരീരത്തിനു് ജീവനും ചൈതന്യവും നല്കുന്നതു്. എന്നാൽ നേരിട്ടല്ല അവയവങ്ങളും, കഴിവുകളും (Ogans and faculties) ശിരസ്സായ ക്രിസ്തുവഴി അതു് പ്രാപിക്കുന്നു. രൂപകാർത്ഥ ത്തിലാണു് ശരീരം എന്നു് ഇവിടെ പ്രയോഗിക്കുന്നതു്

വി. പൗലോസ് അപ്പോസ്തലനും പൗരാണിക ഗ്രീക്കുവേ
ദശാസ്ത്രജ്ഞന്മാരും ശരീരത്തെ വ്യക്തിദ്യോതകമായി ഉ
പയോഗിച്ചിരുന്നു. അപ്പസ്തോലപ്രവരൻ സഭയെ യഥാ
ർത്ഥത്തിൽ ദൃശ്യവും ഏകാത്മവും സുസംഘടിതവും വ്യക്തി
ത്വ സമന്വിതവുമായി പരിഗണിക്കുന്നതായിക്കാണാം. അ
പ്പസ്തോലനിൽ ആ സത്യം ദൃഢമൂലമാകുന്നതിനു് കാര
ണവുമുണ്ടു്.

അദ്ദേഹം മാനസാന്തരത്തിനുമുമ്പ് തിരുസഭാ മർദ്ദക
നായ സാവൂളായിരുന്നല്ലോ. സഭാ ശിശുവിനെ നിശ്ശേ
ഷം നശിപ്പിക്കുവാൻ പ്രതിജ്ഞാബദ്ധനായ സാവൂൾ
അശ്വാരൂഢനായി ദമാസ്കസിലേക്കു് പോവുകയാണു.
പെട്ടെന്നു് ഒരു അശനിപാതമേററാലെന്നപോലെ സാവൂ
ൾ നിലംപതിച്ചു. അദ്ദേഹം അസ്തപ്രജ്ഞനും അന്ധനു
മായി കിടക്കുമ്പോൾ സാവൂൾ, സാവൂൾ, നീ എന്നെ പീ
ഡിപ്പിക്കുന്നതെന്തു്? മുള്ളുകളുടെ നേരെ ഉതെക്കുന്നതു് നിന
ക്കു് കഠിനമാകുന്നു എന്ന് ഒരു അശരീരവാക്യം ശ്രവിക്കു
ന്നു. സാവൂൾ "കർത്താവേ, നീ ആരാകുന്നു" എന്നു് ചോദിച്ചു.
ഉടനെ ക്രിസ്തുനാഥൻ അരുളിച്ചെയ്തു "ഞാൻ നീ പീഡിപ്പി
ക്കുന്നവനായ നസ്രായനായ ഈശോ ആകുന്നു." (നടപടി
IX. 1-5.). അതേ, ക്രിസ്തുവും ക്രിസ്ത്യാനികളും തമ്മിലുള്ള
ഐക്യം ഏററവും അവഗാഢമാണെന്നു് മിശിഹാ
തന്നെ വ്യക്തമാക്കി. മൗതിക ശരീരത്തിലെ ഒരംഗം പീ
ഡിപ്പിക്കപ്പെട്ടപ്പോൾ ക്രിസ്തു അവരിൽ പീഡിതനാണു്.
അവർ യാതന അനുഭവിക്കുമ്പോൾ മിശിഹായും യാതന
അനുഭവിക്കുന്നു... ഈ ചെറിയവരിൽ ഒരുത്തനു് നിങ്ങൾ
ചെയ്തപ്പോഴെല്ലാം എനിക്കു തന്നെയാണു് ചെയ്തതു്... ഈ
ചെറിയവരിൽ ഒരുത്തനു് നിങ്ങൾ ചെയ്യാതിരുന്നപ്പോ
ൾ എനിക്കു തന്നെയാണു് ചെയ്യാതിരുന്നതു് (വി. മത്തായി.
XXV) എൻെറ നാമത്തിൽ ഒരു പാനപാത്രം വെള്ളം കു
ടിക്കുവാൻ കൊടുക്കുന്നവനു് അവൻെറ പ്രതിഫലം നഷ്ട
മാവുകയില്ല.

ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുവിക്കും. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. (വി:യോ·XV. 5) വി' പൗലോസ് വീണ്ടും രേഖപ്പെടുത്തിയിട്ടുണ്ട്. നാം തന്നെ യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ. എല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമായി മാമ്മോദീസാസ്വീകരിക്കുകയും എല്ലാവരും ഒരേ ആത്മാവിൽപാനം ചെയ്യുകയും ചെയ്തിരിക്കുന്നു. (I കോ. XII.13) നിങ്ങൾ മിശിഹായുടെ ശരീരവും നിങ്ങളുടെ സ്ഥാനത്തെ അവയവങ്ങളുമാകുന്നു

" നാം ആശിർവ്വദിക്കുന്ന സ്തോത്രത്തിൻെറ ആ പാനപാത്രം മിശിഹായുടെ രക്തത്തിൻെറ പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിന്റെ പങ്കുകൊള്ളലും അല്ലയോ? ആകയാൽ ആ അപ്പം ഒന്നുതന്നെ ആയിരിക്കുന്നതുപോലെ നാമേവരും ഒരേശരീരമാകുന്നു. നാമേവരും ആ ഒരേ അപ്പത്തിൽനിന്നു തന്നെയാകുന്നു സ്വീകരിക്കുന്നതു്. (I കോ. x. 16 – 17 .) ദിവ്യകാരുണ്യം. മൗതിക ശരീരത്തിൻെറ ഐക്യത്തിനുള്ള കാരണവും പ്രതീകവുമായി അപ്പസ്തോലിൻ ഇവിടെ അവതരിപ്പിക്കുന്നു. എന്തെന്നാൽ കർത്താവു് ഒരുവനാകുന്നു. വിശ്വാസവും ഒന്നു്. മാമ്മോദീസായും ഒന്നു്. എല്ലാവരുടെയും പിതാവും, എല്ലാററിനും മേലും, എല്ലാററിലും നമ്മിലെല്ലാവരിലും (സ്ഥിതിചെയ്യുന്നവനും ആയിരിക്കുന്ന) ദൈവം ഒരുവൻ (ആകുന്നു.) (എപ്പേ. IV. 5 -6.)

സഭാപിതാക്കന്മാരും ഈ വസ്തുത ഗ്രഹിച്ചിരുന്നു.

വി. ആഗുസ്തീനോസ് പ്രസ്താവിക്കുകയാണ്. ക്രിസ്തു ശിരസ്സും ശരീരവുമാകുന്നു. ശിരസ്സ് ദൈവത്തിന്റെ ഏക ജാതൻ, സഭ അവിടത്തെ ശരീരം. മണവാളനും മണവാട്ടിയും, ഒരു ശരീരത്തിൽ രണ്ടു പേർ. (4) കമ്യൂണിസത്തിന്റെ ആചാര്യനായ കാറൽ മാർക്സ് ദർശിക്കുന്നതുപോലെ പരസ്പര വിരുദ്ധവും സമരസജ്ജവുമായ രണ്ട് ഘടകം മാനവരാശിയിൽ ക്രിസ്തു ദർശിക്കുന്നില്ല. "പല അംഗങ്ങൾ കൂടി ഒരു ശരീരം. ഒരേ അരൂപി എല്ലാവക്കും ജീവൻ നല്കുന്നു. അംഗങ്ങളുടെ ജോലി വിവിധമാണ്. എന്നാൽ അരൂപി അവയെ എല്ലാം സംയോജിപ്പിക്കുന്ന (5)തായും വി. ആഗുസ്തീനോസ് രേഖപ്പെടുത്തുന്നു. തിരുസ്സഭ മനുഷ്യാവതാര രഹസ്യത്തിന്റെ ഒരു തുടർച്ചയാണ് സഭ ദൈവീകവും അതേ അവസരത്തിൽ മാനുഷികവുമത്രെ. ക്രിസ്തുവിന്റെ വ്യക്തിത്വം തന്നെ തുടന്നു കൊണ്ടു പോവുകയാണ് സഭ. തിരുസ്സഭാംബികയുടെ ആത്മാവബോധമാണ് സഭയെ കുറിച്ചുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഡിക്രി (Lumen gentium) ജനതകളുടെ പ്രകാശം.

സഭ: ഒരു രാജഗേഹമാണ്. ദൈവപിതാവിന്റെ കൃഷിഭൂമിയാണ്. ക്രിസ്തുവിന്റെ മണവാട്ടിയും ദൈവജനവുമത്രെ. ക്രിസ്തു സ്വീകരിച്ച മനുഷ്യസ്വഭാവം വഴി അവിടന്ന് മാനവകുലത്തെ പരിത്രാണനം ചെയ്യുകയും അതിനെ ഒരു നവ്യസൃഷ്ടിയാക്കുകയും ചെയ്തു. അവി

---

(4). St. Augustine Epistola Centra Donatistas, De Cenitato Ecclesia M. L. 43, 395.
(5). St. Augustine In Eepisd. Ad. Eeph. IV M.L 38, 1232.

ടന്നു് അവരെ അവിടത്തെ മൗതിക ശരീരമാക്കി. (6) സഭ ഏകവും പരിശുദ്ധവും കാതോലികവുമാണു്. ഇതു് ഒരു പുതിയ ദൈവീകജനവുമത്രെ. (7)

വി. തോമസ്സ് അക്വിനാസും സഭയെ പരാമർശിച്ചു് പറയുന്നു; "സഭാംഗങ്ങൾ എല്ലാവരും കൂടി ഒരു ശരീരമാണു്. പരിശുദ്ധാത്മാവാണു് സഭയുടെ ആത്മാവു്, സഭ വിശ്വാസത്തിലും സ്നേഹത്തിലും ഏകവും, വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമത്രെ. (5)

വി. പൗലോസ് ശ്ളീഹാ കോറന്തോസുകാക്കുള്ള ലേഖനത്തിൽ വളരെ മനോഹരമായി പ്രതിപാദിക്കുകയാണു്: "ശരീരം ഒന്നായിരിക്കുകയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുന്നു. എങ്കിലും ശരീരത്തിന്റെ അവയവങ്ങൾ പലതായിരുന്നിട്ടും ഒരേ ശരീരമാകുന്നതെങ്ങനെയോ, അങ്ങനെ തന്നെയാകുന്നു മിശിഹായും. നാം തന്നെയും യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ, എല്ലാവരും ഒരേ ആത്മാവിൽ ഏക ശരീരമായി മാമ്മോദീസാ സ്വീകരിക്കുകയും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു. ശരീരം തന്നെയും ഒരവയവമല്ല, പലതാകുന്നു. ............ നിങ്ങൾ മിശിഹായുടെ ശരീരവും നിങ്ങളുടെ സ്ഥാനത്തെ അവയവങ്ങളുമാകുന്നു". (1. കോ XII 12 — 27.) ഒരു അവയവം വേദന അനുഭവിക്കുമ്പോൾ മററവയവങ്ങളും അതിനോടു് സഹതപിക്കുന്നു. സന്തോഷിക്കുമ്പോൾ മററവയവങ്ങളും സന്തോഷിക്കുന്നു.

---

(6) തിരുസ്സഭ: No. 7 (വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ)

(7) Ibid 11 No 9

(5) Rev Fr. Yves Congar, The mystery of the Chnrch: P 55 - 56.

## അദ്ധ്യായം 11

# ക്രിസ്തു മാനവ രാശിയുടെ ശിരസ്സ്

ദൈവം മനുഷ്യനായി അവതീണ്ണനായതുകൊണ്ടു മാത്രം പരിത്രാണ കർമ്മം പൂത്തിയാകുന്നില്ല. പരിത്രാണ കർമ്മത്തിനാവശ്യമായിരുന്നതു് മാനവകുലത്തിൻെറ പാപത്തിനു് പരിഹാരമപ്പിച്ചു് പിതാവുമായി മർത്യകുലത്തെ രഞ്ജിപ്പിക്കുകയാണു്. അതു് മററല്ലാററിലുമുപരിയായി പീഡാനുഭവവും കാൽവരിയിൽ കുരിശിലെ മരണവും വഴിയത്രെ സാധിച്ചതു്. മനുഷ്യനെ പാപ പാരതന്ത്ര്യത്തിൽ നിന്നും വിമോചിപ്പിച്ചു് ദൈവസ്നേഹത്തിലേയ്ക്കു് അവരോധിക്കുന്നു. അതു് പാപമോചനവും, ശിക്ഷയിൽ നിന്നുള്ള വിമുക്തിയും, ദൈവപ്രസാദവരപ്രാപ്തിയും ഉൾക്കൊള്ളുന്നു. "ഭൂമിയിലുള്ളതിനെയാകട്ടെ സ്വർഗ്ഗത്തിലുള്ളതിനെയാകട്ടെ അവൻെറ കുരിശിലെ രക്തം കൊണ്ടു് അവൻ മൂലം സമാധാനപ്പെടുത്തി"
(1 കൊലോ, 1. യോഹ. 111. 16.)

നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല ദൈവം നമ്മെ സ്നേഹിക്കയും നമ്മുടെ പാപങ്ങൾക്കു് പരിഹാരമായി തൻെറ പുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാകുന്നു സ്നേഹമിരിക്കുന്നതു്. (1. യോഹ: IV 9-10. റോമ്മ. VI. 16 - 20.)

ആദത്തെ മനുഷ്യകുലത്തിൻെറ ശിരസ്സായി ദൈവം സൃഷ്ടിച്ചു. സ്വാഭാവിക ജനനത്തിൽ ആദം മാനവ രാശിയുടെ ശിരസ്സാണു്. ആദം പാപം ചെയ്തില്ലായിരുന്നുവെങ്കിൽ

പ്രകൃത്യതീത ജനനത്തിലും ഭാഗഭാഗിത്വം ലഭിക്കമായിരുന്നു. പ്രകൃത്യതീത ജീവിതത്തിലേയ്ക്കുള്ള ജനനത്തിനു് സ്വാഭാവിക ജനനം തന്നെയായിരുന്നു ഒരു കൗദാശികമായി (quasi Sacrament) നല്കിയിരുന്നതു്. എന്നാൽ പാപത്തിൻെറ പരിണതഫലമായി ആദത്തിനു് പ്രകൃത്യതീത ജനനത്തിലുള്ള സ്ഥാനം നഷ്ടപ്പെട്ടു. തൽഫലമായി ആദത്തിന്റെ സൗഭാഗ്യാവസ്ഥയിൽ മനുഷ്യനു ലഭിക്കുന്നതിലും ഉന്നതമായ ഒരു വര പ്രസാദാവസ്ഥയിലേയ്ക്കാണു് മാനവരാശിയെ ദൈവം മിശിഹായിലൂടെ ഉയർത്തിയതു് (1)

ഈശോമിശിഹാ മനുഷ്യത്വം പരിത്രാണ കർമ്മത്തിൽ ദൈവത്വത്തോടു് ഐക്യപ്പെട്ട ഒരുപകരണ കാരണമാണു് (Instrumentum Conjunctum Cum Divinitate) അവിടുന്നു് തകിടം മറിഞ്ഞ ക്രമം പുനഃസ്ഥാപിച്ച് ദൈവവുമായി ഐക്യപ്പെടുത്തുന്ന ഒരു കൂദാശയായിത്തീർന്നു (Sacrament of Encounter with God). മിശിഹാ പീഡാനുഭവവും ആത്മബലിയും മുഖേന, പരിഹാരമർപ്പിച്ചുകൊണ്ടു് വീണ്ടെടുപ്പിനുള്ള യോഗ്യത സമ്പാദിച്ചു് പരിത്രാണകർമ്മം നിർവ്വഹിച്ചു. (2) പീഡാനുഭവവും കുരിശുമരണവും ഒരു ശിക്ഷയായിട്ടല്ല സ്വീകരിച്ചതു്. മാനവകുലത്തെ പ്രതിനിധീകരിച്ചു് സ്വയം ഏറ്റെടുത്തതാണു്. കാൽവരിയിലെ പരമോന്നതമായ ആ ബലിയിൽ ലോകാവസാനം വരെയുള്ള എല്ലാ മനുഷ്യരും ഭാഗഭാക്കുകളാകുന്നതിനു് പ. കർബ്ബാന എന്ന കൂദാശ അവിടുന്നു് സ്ഥാപിച്ചു. കുരിശു് ക്രിസ്തീയ ജീവിത വീക്ഷണത്തിൻെറ ഒരു പ്രതീകമായി. ക്രിസ്തുവിൻെറ പീഡാനുഭവവും മരണവും ലോകചരിത്രത്തിലെ ഒരു യാദൃച്ഛിക സംഭവമല്ല

---

1). Rev: Fr. Charles Fournel The meaning of grace. (p. - 12.
(2). St. Thomas Summa Q. 46 - 49)

പ്രത്യുത നാം ഓരോരുത്തരും ഓരോ ദിവസവും ജീവിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തുവിൻെറ പീഡാനുഭവവും മരണവും പുനരുത്ഥാനവും ഉൾക്കൊള്ളുന്ന പെസഹാരഹസ്യം ജീവിക്കുന്നതിനാണ് ഓരോ ക്രിസ്ത്യാനിക്കുമുള്ള ആഹ്വാനം.

മിശിഹായുടെ പീഡാനുഭവവും മരണവും ലോകത്തിൻെറ വീക്ഷണത്തിൽ ഏററവും വലിയ പരാജയമാണ്. എന്നാൽ കുരിശിലെ പരാജയം ഏററവും വലിയ വിജയമായിരുന്നു, മിശിഹാ ലോകത്തെയും, പാപത്തെയും മരണത്തെയും കീഴടക്കി അക്ഷയം, ലഘുത്വം, ദീപ്തി, സൂക്ഷ്മം എന്നീ ഗുണവിശേഷങ്ങളോടു കൂടി പുനരുത്ഥാനം ചെയ്തു് അവിടുത്തെ ദൈവത്വത്തെ അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. തന്നിമിത്തമത്രെ "മിശിഹാ മരിച്ചവരിൽ നിന്നു് പുനരുത്ഥാനം ചെയ്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" എന്നു് വി. പൗലോസ് അപ്പസ്തോലൻ ഉൽബോധിപ്പിക്കുന്നതു്. (1 കോ, xv- 14).

മിശിഹായുടെ പുനരുത്ഥാനത്തിൽ ലോകം പുനരുത്ഥിതമായി. സ്വർഗ്ഗവും പുനരുത്ഥിതമായി. ഭൂമിയും ഉയിർത്തു. ഒരു പുതിയ സ്വർഗ്ഗം, പുതിയ ഭൂമി, നവമായ സൃഷ്ടജാലം എന്നു് വേദപാരംഗതനായ വി. അംബ്രോസ് പ്രസ്താവിക്കുന്നു. (St. Ambrose De Fide Ressurectionis .) ക്രിസ്തു മരിച്ചതു് സഭയെ രൂപീകരിക്കുവാനാണ് എന്നു് വി, ആഗുസ്തീനോസും അഭിപ്രായപ്പെട്ടിരിക്കുന്നു. (3) പീഡാനുഭവവും മരണവും വഴി അവിടുന്നു് മൗതിക ശരീരം പടുത്തുയർത്തി. അതിൻെറ ശിരസ്സായി അഭിഷിക്തനുമായി

(3). St. Auguistine P. L 35, 1463

അവിടത്തെ സ്വർഗ്ഗാരോഹണത്തിനു ശേഷം പരിശുദ്ധ കന്യകാമറിയത്തിൻെറ നേതൃത്വത്തിൽ സമ്മേളിച്ചിരുന്ന അപ്പസ്തോലന്മാരുടെ മേൽ പരിശുദ്ധാത്മാവിനെ അയച്ച് തിരുസഭയുടെ ഔദ്യോഗികമായ ഉദ്ഘാടന കർമ്മവും നിർവ്വഹിച്ചു. പരിശുദ്ധാത്മാവ് ആദ്യം പ. കന്യകയുടെ മേൽ എഴുന്നള്ളി വന്നപ്പോൾ ദൈവം മർത്ത്യനായി അവതീർണ്ണനായി. രണ്ടാമത്തെ പ്രാവശ്യം പ. ആത്മാവ് അവളുടെ മേൽ എഴുന്നള്ളി വന്നപ്പോഴാണ് മിശിഹായുടെ മൗതിക ശരീരം രൂപം കൊള്ളുന്നതു്.

ഉത്ഭവ പാപത്തിൽ ആദത്തോടുള്ള ഐക്യത്തിനും അതിൻെറ ദുരന്തങ്ങൾക്കും അതീതമായി ദൈവം ഏററവും മഹത്വപൂർണ്ണമായ, സ്ഥലകാലപരിമിതികൾക്കതീതമായ, പ്രകൃത്യതീതമായ. ഏററം മഹോന്നതമായ ക്രിസ്തുവിലുള്ള ഒരു നവീകരണമാണ് നിശ്ചയിച്ചിരുന്നതു്, (2) സഭ ദൈവസുതരുടെ സമൂഹവും ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ശരീരവുമാണെന്നു് വി. ഇരണേവൂസ് അഭിപ്രായപ്പെടുന്നു. എല്ലാവിശ്വാസികളും സഭയുടെ അംഗങ്ങളാണ്. എല്ലാ അംഗങ്ങളിലും സഭയുണ്ട് സഭ ക്രിസ്തു തന്നെയാണ് എന്നു് ടെർട്ടുല്യനും പ്രസ്താവിച്ചിരിക്കുന്നു.

ക്രിസ്തു മൗതിക ശരീരത്തിൻെറ ശിരസ്സും പരിശുദ്ധാത്രൂപി അതിൻെറ ആത്മാവുമാണെന്നു് വി. ആഗുസ്തീനോസും വ്യക്തമാക്കിയിട്ടുണ്ട്, (ക്രിസ്തുവിൻെറ സഭ ആധുനികയുഗത്തിൽ പ.പിതാവു് 6-ാം പൗലോസ്.)

വി. പൗലോസ് അപ്പസ്തോലൻ എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഭാര്യമാരെ ഉപദേശിക്കുന്നു. ഭാര്യമാരെ! മിശിഹാസഭയുടെ ശിരസ്സായിരിക്കുന്നതുപോലെ പുരുഷൻ സ്ത്രീയുടെ ശിരസ്സാകുന്നു. (എഫേ, V,)

(2) Dr G./ D Smith, The Teaching of the Catholic Church Mysctial Body of Christ P 665
(3) Fbid :P 666

ക്രിസ്ലീയ ലോകവീക്ഷണത്തിൻെറ ഏററവും മഹ നീയമായ വസ്തുത ക്രിസ്തു എല്ലാ മനുഷ്യരെയും തന്നോട്ടും ലോകത്തോട്ടും യോജിപ്പിക്കുന്നു എന്നുള്ളതാണു്. ക്രിസ്തുവിലൂടെ മനുജകുലവും ലോകവും പിതാവിൻെറ പക്കൽ എത്തിച്ചേരുന്നു. (4) ഫാ. തെയ്യാദേഷർദ്ദാനും ഇതുതന്നെയാണു് പ്രസ്താവിക്കുന്നതു്, (Cfr· Milieu Divius)· ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യാതിരുന്നാൽ അതിനു ഫലം പുറപ്പെടുത്തുവാൻ കഴിയുകയില്ല.ഇപ്രകാരം നിങ്ങളും "എന്നിൽ വസിക്കുന്നില്ലായെങ്കിൽ നിങ്ങൾക്കു താനെ ഫലം പുറപ്പെടുത്തുവാൻ സാധിക്കുകയില്ല. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു് യാതൊന്നും ചെയ്യുവാൻ സാദ്ധ്യമല്ല." (5) എന്നു് മിശിഹാ അരുളിച്ചെയ്തിട്ടുണ്ടല്ലോ, മിശിഹായുടെ പരിത്രാണകർമ്മം ഏററവും ഉന്നതവും പരിപൂർണ്ണവും സർവ്വവ്യാപിയുമാണു്. അതിനാലത്രെ വി.ആഗുസ്തീനോസു് "ഞങ്ങൾക്കു് ഇത്ര വലിയ ഒരു പരിത്രാതാവിനെ ലഭിച്ചു തന്ന ആദത്തിൻെറ ഭാഗ്യപൂർണ്ണമായ പാപമെ" എന്നാൽഘോഷിച്ചിട്ടുള്ളതു്.

ആധുനിക വേദശാസ്ത്രജ്ഞന്മാർ സഭയെ നിർവചിക്കുന്നതു് പുനരുത്ഥിതനായ ക്രിസ്തുവിൻെറ ചൈതന്യത്തിൽ പിതാവിൻെറ പക്കലേയ്ക്കു് പോകുന്ന ഒരു സ്നേഹത്തിൻെറ സമൂഹമാണെന്നാണു്. ലോകം മുഴവൻ ദൈവീക ജനമായി ക്രിസ്തുവിൻെറ മൗതിക ശരീരമായിത്തീരുന്നതിനു് പരിശ്രമിക്കേണ്ടതു്സഭയുടെ ദൗത്യമാണു് (6) എന്നു് വത്തിക്കാൻ സൂനഹദോസും പ്രഖ്യാപിച്ചിരിക്കുന്നു.

---

(4). Christian world vision· CatholicDigest Jan: 1967

(5) വി.യോഹന്നാൻ XV1-8,

(6) തിരുസഭ.ഡിക്രി: അദ്ധ്യ.II.ദൈവജനം.

# അദ്ധ്യായം 12

# ക്രിസ്തീയവേദാന്തം

ഭാരതീയ തത്വശാസ്ത്രത്തിൻെറയും മതത്തിൻെറയും ചിന്താസരണിയിലെ ഏററവും ഉന്നതമായ നേട്ടമാണ് വേദാന്തം 'അഹം ബ്രഹ്മാസ്മി'' (ബൃഹദാരണ്യകോപനിഷത്തു്). ഞാൻ ബ്രഹ്മനാണ് എന്നുള്ള ശങ്കരാചാര്യരുടെ അഭിപ്രായം ഒരു വിധത്തിൽ ക്രിസ്തീയമായ ചിന്താഗതിയോട്ട് ഏററവും അടുത്തതാണ്. ശങ്കരാചാര്യർ ഞാൻ അഥവാ എൻെറ ആത്മൻ (Conscioness) ദൈവമാണ് (ബ്രഹ്മനാണ്) എന്ന് പറയുമ്പോൾ ഈ ലോകത്തിന്റെ ആപേക്ഷികമായ അസ്തിത്വം. (Relative Existence) അംഗീകരിക്കുകയും ഞാൻ ബ്രഹ്മനായിരിക്കുന്നതു് അസ്തിത്വപരമല്ല. (Not by existence) പ്രത്യുതാ ഭാഗഭാഗിത്വം നിമിത്തമാണ് (Participation) എന്ന് സമ്മതിക്കുകയും ചെയ്താൽ നമുക്കും വേദാന്ത തത്വസംഹിത അംഗീകരിക്കാം. അല്ലെങ്കിൽ അതു പരദേവതാ വാദത്തിലോ (Pantheism) അല്ലെങ്കിൽ മോണിസത്തിലോ. (Monism) (ദൈവത്തിൻെറ ഭാഗമാണ് പ്രപഞ്ചം) നിപതിക്കും.

മിശിഹാ അന്ത്യഭോജനാനന്തരം ശിഷ്യരോട്ട് ചെയ്ത ഹൃദയാവർജ്ജകമായ സംഭാഷണത്തിൽ ഇപ്രകാരം അരുളിച്ചെയ്തു. "എന്നെ സ്നേഹിക്കുന്നവൻ എൻെറപ്രമാണങ്ങൾ പാലിക്കും. അപ്പോൾ എന്റെപിതാവും അവനെ സേ്നഹിക്കുകയും ഞങ്ങൾ അവൻെറ അടുക്കൽ വന്ന് അവനോടുകൂടിവാസം ഉറപ്പിക്കുകയുംചെയ്യും (വി. യോഹ XIV.23 ) വീണ്ടും അവിടുത്തെ വൈദികപ്രാർത്ഥനയിൽ

അവിടുന്നു് പിതാവിനോടു് പ്രാത്ഥിക്കുന്നു. 'പിതാവേ നി എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ അവരും തമ്മിൽ ഒന്നായിത്തീരേണ്ടതിനു് തന്നെ'' (വി. യോഹ. XVII.21): പ.ത്രിത്വത്തിന്റെ ജീവിതംതന്നെ യാണു് ക്രിസ്തീയജീവിതം

ഫ്രാൻസിലെ ലൂയിസ് പതിനഞ്ചാമൻ രാജാവി ന്റെ പുത്രി ലൂയിസെ ഒരിക്കൽ അനാദരവായി പെരു മാറിയ ഒരു പരിചാരികയോടു് കോപപൂർവ്വം ചോദിച്ചു. '' നിന്റെ രാജാവിന്റെ മകളാണു് ഞാൻ എന്നു് നിന ക്കറിഞ്ഞുകൂടേ? ' ഉടനെ ആ പരിചാരിക രാജകുമാരി യോടു് രാജാക്കളുടെ രാജാവായാൽക്കൂടി ദൈവത്തിന്റെ ഒരു പുത്രിയാണു ഞാനെന്നു് അങ്ങേയ്ക്കറിഞ്ഞുകൂടെ ? എ ന്നു ചോദിക്കുകയുണ്ടായി അതെ ഒരു ക്രിസ്തീയാത്മാവു് ഒരത്ഥത്തിൽ ഒരു ചെറിയ ദൈവമാണു്. വരപ്രസാദ ജീവൻ വഴി '' നിങ്ങൾ ദേവന്മാരാകുന്നുവെന്നും അത്യു ന്നതന്റെ പുത്രരാണെന്നും നിങ്ങളോടു് ഞാൻ പറഞ്ഞു വല്ലോ.എന്നു് സങ്കീത്തകനും രേഖപ്പെടുത്തുന്നു, (സങ്കീ:82

എന്താണു് ഈ വരപ്രസാദം? പെലാജിയൂസിന്റെ പാഷണ്ഡതയുടെ കാലത്തു് സഭാപിതാവായ വി. ആ ഗുസ്തീനോസു് വരപ്രസാദത്തിന്റെ സ്വഭാവം, ആവ ശ്യകത, വരപ്രസാദത്തിന്റെ ഫലങ്ങൾഎന്നിവ സംബ ന്ധിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ പന്ത്രണ്ടാം നൂററാ ണ്ടിൽ പിററർ ലൊംബാർഡു് എന്ന വേദശാസ്ത്രജ്ഞൻ പരിശുദ്ധാത്മാവും വരപ്രസാദവും ഒന്നാണെന്നു് അഭി പ്രായപ്പെട്ടു, അതിനെതിരായിവി. അൽബർത്തോസും വി. തോമസ് അകവീനാസും സ്പഷ്ടമായ ദാനത്തിനു് പ്രാ ധാന്യംനല്കി. പതിനാറാം നൂററാണ്ടിൽ ലൂഥർ അതു് ദൈവപ്രസാദമാണു്, കരുണയാണു് എന്നു് പറഞ്ഞു.

ത്രെന്തോസ്സ് സ്സനഹദോസ്സ് വി. തോമസ് അക്വീനാസിന്റെ അഭിപ്രായം അംഗീകരിച്ചു പ്രസാദവരത്തിനു് ഒരു സംഭാഷണ സ്വഭാവമുണ്ടെന്നു് ആധുനികരായ വേദശാസ്ത്രജ്ഞന്മാർകരുതുന്നു. മനുഷ്യൻ പരിമിതനാണു് അരൂപിയുമാണു്. പരിമിതൻ എന്ന നിലയിൽ അവൻെറ സ്വാതന്ത്ര്യവും ആത്മാവബോധവും (Consciousness) ഗ്രഹിക്കുവാൻ മറെറാരു വ്യക്തിയുടെ സാന്നിദ്ധ്യം ആവശ്യമാണു്. എന്നാൽ അരൂപി എന്ന നിലയിൽ അനന്തനന്മയിലേക്കു്, ദൈവത്തിലേക്കു്, അരൂപിയിലേക്കുള്ള ഒരു തുറവി (Openess) അവനിലുണ്ടു്. അവനിൽ ദൈവത്തിലേക്കുള്ള ഈ ആഭിമുഖ്യത്തിലാണു് (Orientation) അവൻ ദൈവസാദൃശ്യത്തിലായിരിക്കുന്നതു്. ദൈവത്തിലേക്കുള്ള ഈ ഭവ്യാവസ്ഥയാണു് വരപ്രസാദ സ്വീകരണത്തിനുള്ള അവൻെറ കഴിവു്. ഇപ്രകാരമുള്ള ഭവ്യത അഥവാ സാമൂഹ്യ പരിതോവസ്ഥ അവൻെറ വ്യക്തിത്വത്തിൻെറ അന്തസ്സത്തയാണു്. അതു് ഒരേ അവസരത്തിൽ അവൻെറ പരിമിതിയും എന്നാൽ ഏററവും വലിയ സമ്പത്തുമത്രെ. അവനു് സ്വയം പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്നതാണു് പരിമിതി. മറെറാരു വ്യക്തിയാൽ അഥവാ ദൈവത്താൽ മാത്രം പൂർത്തീകരിക്കപ്പെടാമെന്നുള്ളതാണു് അവൻെറ നേട്ടം. മനുഷ്യൻ ഒരു വ്യക്തി എന്ന നിലയിലാണു് മറെറാരു വ്യക്തിയാൽ, വരപ്രസാദത്താൽ പൂർത്തീകരിക്കപ്പെടുന്നതിനുള്ള അവൻെറ കഴിവു് അടങ്ങിയിരിക്കുന്നതു്. ഇപ്രകാരം വീക്ഷിക്കുമ്പോൾ വരപ്രസാദം അവൻെറ സ്വതന്ത്രമായ പ്രത്യുത്തരത്തിനുള്ള ഒരു ആഹ്വാനമാണു്.

വരപ്രസാദം പ്രാപിക്കുന്നതിനു മുമ്പുള്ള മനുഷ്യന്റെ സദാത്മകമായ (existential or Ontological) ഈ തുറവി വരപ്രസാദ സ്വീകരണത്തോടു കൂടി അവൻ സ്വയം

ധ്യന്ന ദൈവവുമായി (Self giving God) ഒരു സംഭാഷണപരമായ ബന്ധ (dialogal relation) ത്തിലേർപ്പെട്ടു ന്നു. വ്യക്തിത്വത്തിനു ഈ ബന്ധം അനിവാര്യമാണ്. പ. ത്രിത്വത്തിലും അവർ തമ്മിലുള്ള ബന്ധമാണ് വ്യക്തിത്വത്തിന് നിദാനം.

വരപ്രസാദം ഒരു ഗുണമല്ല (quality) അത് സംഭാഷണപരമായ (dialogal) ബന്ധവും പരസ്പരഐക്യവുമാണ് (Communication). പരിശുദ്ധാത്മാവിനെത്തന്നെയാണ് പ്രധാനമായും നമുക്കു ലഭിക്കുന്നത്. ഈ അരൂപി നമ്മിൽ വസിക്കുന്നതിന് വരപ്രസാദത്തിന്റെ സംഭാഷണപരവും വ്യക്തിപരവുമായ സ്വഭാവത്താൽ സൃഷ്ടമായ ഒരു ദാനവും ആവശ്യമായിരിക്കുന്നു. അരൂപി ഒരു സ്നേഹാർപ്പണത്തിൽ (Self Surreuder of Love) സന്നിഹിതനാകുന്നു. അഥവാ വരപ്രസാദം ദൈവത്തിന്റെ ഒരു സ്വയംദാനമാണ് (Self gift) ഇതുപോലെ ഒരു സമർപ്പണം മനുഷ്യന്റെ ഭാഗത്തു നിന്നും അനിവാര്യമാത്രെ. പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് ദൈവത്തിന് പ്രത്യുത്തരം നല്കാനും അവിടത്തോടുള്ള സംഭാഷണപരമായ ബന്ധത്തിൽ ഏർപ്പെടാനും നമ്മെ പ്രാപ്തരാക്കുന്നു. പരസ്പര ദാനത്തിൽ പ. ത്രീത്വത്തിന്റെ വ്യക്തിത്വം അടങ്ങിയിരിക്കുന്നതു പോലെ മനുഷ്യന്റെ ഏററവും വലിയ സമ്പത്ത് വരപ്രസാദ രഹസ്യത്തിൽ ദൈവ സ്വീകരണമാണ്. നമ്മെത്തന്നെ നല്കാതെ (Self gift) ദൈവത്തെ സ്വീകരിക്കുവാൻ വേറൊരു മാർഗ്ഗവുമില്ല. എന്നാൽ നമ്മെ തന്നെ ദൈവത്തിനു കൊടുക്കുവാൻ അവിടത്തെ സ്വീകരിക്കാതെ സാദ്ധ്യമല്ല എന്നുള്ളതും സ്മരിക്കണം.
(D. Ballic Hans Kuing. Gleasen)

വ്യക്തിഗതമായ വീക്ഷണത്തിൽ പ്രസാദവരം എന്നതു് ദൈവത്തെ സ്നേഹിക്കുവാനുള്ള എന്റെ കഴിവാണ്. അതു് ദൈവം എനിക്കു് നൽകിയതാത്രെ. അതിനാൽ അതു് എന്നിലുള്ള ദൈവസ്നേഹത്തിൽ നിന്നും വിഭിന്നമല്ല. വരപ്രസാദവും പരിശുദ്ധാത്മാവും അവിഭക്തമായിരിക്കുന്നതു് ദൈവസ്നേഹവും അതിനുത്തരമായി മനുഷ്യൻ നല്കുന്ന പ്രതിസ്നേഹവുമായതിനാലാണു്. ഈ സ്നേഹം ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ ഫലമാണു്. പുനരുത്ഥിതനായ ക്രിസ്തുവിനോടു് ഐക്യപ്പെട്ടു് പരിശുദ്ധാത്മാവിന്റെ അധിവാസത്താൽ ദൈവികനായിത്തീർന്ന വ്യക്തിയുടെ പ്രവൃത്തനങ്ങൾ ദൈവീകമാക്കിത്തീർക്കുവാൻ പരിശുദ്ധാത്മാവു് ദൈവിക സുകൃതങ്ങളും ദാനങ്ങളും നല്കുന്നു. അപ്രകാരം നമ്മെ ദൈവസ്വഭാവത്തിൽ ഭാഗഭാക്കുകളും, ദൈവത്തിന്റെ ദത്തുപുത്രരും സ്വർഗ്ഗരാജ്യത്തിനു് അവകാശികളും ആരാധ്യമായ പരിശുദ്ധ ത്രിത്വത്തിന്റെ അധിവാസകേന്ദ്രങ്ങളുമാക്കിത്തീർക്കുന്നു.

"അവനെ സ്വീകരിച്ചവർക്കു്, അവന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കു് ദൈവത്തിന്റെ മക്കളാകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽനിന്നോ, ജഡാഭിലാഷത്തിൽ നിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല ദൈവത്തിൽ നിന്നത്രെ ജനിച്ചതു്." (വി. യോഹ:I. 12-13.)

ഈശോമിശിഹാ ആകുന്നു എന്നു് വിശ്വസിക്കുന്ന ഏവനും ദൈവത്തിൽനിന്നു് ജനിച്ചിരിക്കുന്നു.(I.യോഹ.V.)

നീമാത്രമാകുന്നു സത്യദൈവം എന്നും നീ അയച്ച ഈശോമിശിഹാ ആരാകുന്നുഎന്നും അറിയുന്നതാകുന്നു നിത്യജീവൻ.(യോഹ.XVII·3).

വി.പൗലോസ് അപ്പസ്തോലനും ഇതേ വസ്തുതതന്നെ വ്യക്തമാക്കുന്നുണ്ട്. അടിമത്തത്തിന്റെ ആത്മാവിനെയല്ല ഭയത്തിനായി നിങ്ങൾവീണ്ടും കൈക്കൊണ്ടിരിക്കുന്നത് മറിച്ച് ദൈവത്തെ ആബാ ഞങ്ങളുടെ പിതാവേ, എന്നു നാം വിളിക്കുന്ന പുത്രസ്വീകാരത്തിന്റെ ആത്മാവിനെയത്രെ നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. (റോമ്മാ. VIII. 15; ഗാലാത്യർ. IV. 6-7)

ദൈവം ഇസ്രായേൽ ജനതയെ പ്രത്യേക വിധത്തിൽ തെരഞ്ഞെടുത്ത് സവിശേഷമായ സ്നേഹം പ്രദർശിപ്പിച്ചു. അബ്രാഹത്തെ തെരഞ്ഞെടുത്ത് അദ്ദേഹത്തോട് ഒരുടമ്പടിചെയ്തു, (Covenant) ആ ഉടമ്പടി അദ്ദേഹത്തിന്റെ സന്താനപരമ്പരകളോട് നവീകരിച്ചു. ഈജിപ്തിലെ പാരതന്ത്ര്യത്തിൽ നിന്നും ഇസ്രായേൽ ജനതയെ മോചിപ്പിച്ചതിനുശേഷം സീനായ്മലയുടെ താഴ്വരയിൽ വച്ച് വീണ്ടും ഉടമ്പടി പൂർത്തീകരിക്കുന്നു. ദൈവം മൂശയോട് ഇപ്രകാരം പറഞ്ഞു. "എന്റെ സ്വരം നിങ്ങൾ ശ്രവിക്കുകയും എന്റെ ഉടമ്പടി നിങ്ങൾ പാലിക്കുകയും ചെയ്താൽ നിങ്ങൾ എന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായിരിക്കും...... നിങ്ങൾ എനിക്ക് ഒരു പൗരോഹിത്യ ജനപദവും വിശുദ്ധ ജനവുമായിരിക്കും." (പുറപ്പാട്. XIX . 5-6.)

"സാധാരണ മനുഷ്യർ തമ്മിൽ ഉണ്ടാക്കുന്ന ഉടമ്പടികളും. (Contrct) ദൈവം മുൻകൈ എടുത്തു നടത്തുന്ന ഉടമ്പടിയും (Covenant) തമ്മിൽ വളരെ വ്യത്യാസമുണ്ട്. സാധാരണ ഉടമ്പടിയിലെ ബന്ധം വെറും നൈയ്യാമികമാണ്. എന്നാൽ ദൈവം സ്ഥാപിച്ച ഉടമ്പടിയിൽ ഒരു സ്വാഭാവിക ബന്ധം സംസ്ഥാപിതമാകുന്നു.

നിങ്ങൾ എന്റെ ജനവും, ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും. (ജറമിയാസ് XXV. 22.) ഞാൻ നിങ്ങളെ നിത്യസ്നേഹത്താൽ സ്നേഹിച്ചു (ജറമി:XXXI 30. ഇതാ ദിവസങ്ങൾ വരുന്നു. കർത്താവ് പറഞ്ഞു. "ഞാൻ ഇസ്രായേൽ ഗോത്രവും യൂദാ വംശവുമായി ഒരു പുതിയ ഉടമ്പടി ചെയ്യും. ഞാൻ എന്റെ നിയമം അവരുടെ ഉദരങ്ങൾക്ക് കൊടുക്കും. അവരുടെ ഹൃദയത്തിൽ എഴുതും ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനവുമായിരിക്കും. ( ജറമി: XXXI. 31-33. )

മിശിഹാ ഗാഗുൽത്തായിലെ ബലി വഴിയായി ഈ പുതിയ ഉടമ്പടി ഉറപ്പിക്കുന്നു. പഴയനിയമത്തിലെ ഉടമ്പടികൾ (Covenant) ഉറപ്പിക്കുന്നത് കുഞ്ഞാടിന്റെ രക്തം തളിച്ചും അതിനുള്ള ഔദ്യോഗികരേഖകൾ നിർമ്മിച്ചുമായിരുന്നു. അതുപോലെ തന്നെ ലോകത്തിന്റെ പാപം സംവഹിക്കുന്ന ദൈവകുഞ്ഞാടിന്റെ രക്തം അർപ്പിച്ചുകൊണ്ടാണ് പുതിയ ഉടമ്പടി (New Covenant) സംസ്ഥാപിക്കുന്നത്. ക്രിസ്തുനാഥൻ അന്ത്യഭോജനാവസരത്തിൽ പ: കുർബ്ബാന എന്ന കൂദാശ സ്ഥാപിച്ചപ്പോൾ അരുളിച്ചെയ്തു; "അവർ അത്താഴം കഴിച്ചശേഷം ഇങ്ങനെ തന്നെ പാനപാത്രത്തെപ്പററിയും അവൻ അരുളിച്ചെയ്തു. ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തം കൊണ്ടുള്ള പുതിയ നിയമമാകുന്നു." (വി. ലൂക്കാ. XXII. 20) (I. കോ XI, 25)

ക്ഷയമുള്ള ബീജത്തിൽ നിന്നല്ല ക്ഷയമില്ലാത്തതിൽ നിന്ന് ദൈവത്തിന്റെ നിത്യം നിലനില്ക്കുന്ന ജീവനുള്ള വചനത്താൽ വീണ്ടും ജനിച്ച മനുഷ്യരെപ്പോലെ ശുദ്ധവുംപൂർണ്ണവുമായ ഹൃദയത്തോടുകൂടി അന്യോന്യം സ്നേഹിക്കുവാനായി (I പത്രോ: I. 23)

പരിശുദ്ധ ത്രിത്വം നമ്മുടെ ആത്മാവിൽ എപ്രകാരമാണ് വസിക്കുന്നതു് എന്നുള്ളതു് നമുക്ക് പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല. കാരണവും ഫലവും എന്നവിധത്തിലാണു് (Cause and effect) പരിശുദ്ധാത്മാവു് സന്നിഹിതനാകുന്നതെന്നു് ഫാ. ഗാൾട്ടിയർ അഭിപ്രായപ്പെടുന്നു. ഏകദേശം ഉപസ്ഥിതിബന്ധംപോലെയാണെന്നു് ഫാ. ഡെലറായി പറഞ്ഞു. അറിവും സ്നേഹവും വഴിയാണു് പ. ത്രിത്വം നമ്മിൽ സന്നിഹിതരാകുന്നതെന്നാണു് വി. തോമസ് അക്വീനാസിൻെറ അഭിമതം: എന്നാൽ പ: പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അറിവില്ലാത്ത ശിശുക്കളിലും പ: ത്രിത്വത്തിൻെറ അധിവാസം അംഗീകരിക്കുകയും ഒരു പരിധിവരെ അറിവും സ്നേഹവും ആവശ്യമാണെന്നു് പറയുകയും ചെയ്തിട്ടുണ്ടു. കൂടാതെ ഉപസ്ഥിതി ബന്ധവും പരദേവതാവാദവും (Panthesim) ഉപേക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിക്കുകയുണ്ടായി.

അമേരിക്കയിലെ ഒരു കോടീശ്വരനായ പീററർ ബർണാർദിനു് സന്താനങ്ങളില്ലായിരുന്നു. ജീവിതത്തിൽ അദ്ദേഹത്തിനു് സൗഭാഗ്യമില്ലാതായി ഒരു ദിവസം അദ്ദേഹം ന്യൂയോക്ക് പട്ടണത്തിൽക്കൂടി നടന്നു പോകുമ്പോൾ ഒരു അനാഥ ബാലനെ കണ്ടുകിട്ടി. അദ്ദേഹം ആ ബാലനെ ദത്തെടുത്തു് ഭവനത്തിൽ കൊണ്ടുവന്നു് സ്വന്തംപുത്രനെപ്പോലെ വളർത്തി, അദ്ദേഹം ഈ ബാലനെ ദത്തെടുത്ത കാര്യം പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. ആ പത്രങ്ങളിൽ ചിലതു് പീററർ ബർണ്ണാർദ്ദ് എടുത്തു സൂക്ഷിച്ചു. അദ്ദേഹത്തിൻെറ ദത്തുപുത്രൻെറ വിദ്യാഭ്യാസകാര്യത്തിലും അയാൾ ശ്രദ്ധാലുവായിരുന്നു. അവൻ പഠിച്ചുകൊണ്ടിരുന്ന കാലത്തു് ഒരു ദിവസം പഴയ പത്രവാർത്ത വായിക്കുന്നതിനിടയായി. പീററർ ബർണാർദ്ദ് എന്ന കോടീശ്വ

രൻ ഒരു അനാഥബാലനെ ദത്തുപുത്രനായി സ്വീകരിച്ചുവെന്നു്. അവൻ ആ പത്രം പീറാർ ബർണാർദിന്റെ പക്കൽ കൊണ്ടുപോയി കാണിച്ചുകൊണ്ടു് ചോദിച്ചു. "അപ്പച്ചാ ആരാണു് ഈ അനാഥബാലൻ"? ഉടനെ പീറാർ ബർണാർദ്ദ് അവനോടു് പറഞ്ഞു "മകനെ നീ തന്നെയാണു് ആ ബാലൻ".

ഇതു കേട്ടപ്പോൾ ആ ബാലനു് അദ്ദേഹത്തിന്റെ ഉള്ളിൽ പിതാവിനോടു് എത്ര വലിയ കൃതജ്ഞത തോന്നിയിരിക്കണം. ബർണാർദ്ദ് വലിയ കോടീശ്വരനായിരുന്നെങ്കിലും ഒരു പുത്രനു് അസ്തിത്വം നല്കാൻ അയാൾക്കു് സാധിച്ചില്ല. എന്നാൽ നമ്മുടെ സ്വർഗ്ഗീയ പിതാവു് നമുക്കു് ശൂന്യതയിൽനിന്നും അസ്തിത്വം നല്കി. മാത്രമല്ല പ്രസാദവരത്താൽ അവിടത്തെ പുത്രൻ എന്നുള്ള മഹനീയ സ്ഥാനത്തേയ്ക്കു് ഉയർത്തി. ഒരു ക്രിസ്ത്യാനിയുടെ സ്ഥാനമാഹാത്മ്യം നാം അനുസ്മരിക്കുമ്പോൾ അത്ഭുതാവഹമാണു്.

എല്ലാവരും അക്കാര്യം അനുസ്മരിച്ചു് ജീവിച്ചാൽ അതു് വിശുദ്ധിയ്ക്കു് കൂടുതൽ പ്രചോദനം നല്കും. പാപങ്ങൾ പരിത്യജിക്കുന്നതിനു് സഹായകമാകുന്നതാണു്. ഒരു വ്യക്തിയ്ക്കു് ദൈവീക ജീവിതം നയിക്കുന്നതിനു് പലമാർഗ്ഗങ്ങൾ ക്രിസ്തുനാഥൻ നല്കിയിട്ടുണ്ടു്. അവയിൽ പ്രധാനമായതു് കൂദാശകൾ, പ്രാർത്ഥന, ജീവിതാന്തസ്സിന്റെ ചുമതലകൾ, സുകൃതാഭ്യസനം, ജോലി എന്നിവയാണു്.

# അദ്ധ്യായം 13.

# നവ്യജനനം

എല്ലാ മതങ്ങളിലും നാം കാണുന്നുണ്ട് മത ജീവിതത്തിനുള്ള പ്രാരംഭ കർമ്മം (Initiation). പ്രതീകാത്മകമായ മാർഗ്ഗങ്ങളിൽക്കൂടി ആണ് അത് പ്രകടമാക്കുന്നത്. നവ്യ ജനനത്തെ പ്രദ്യോതിപ്പിക്കുന്നതിന് പര്യാപ്തമാകത്തക്ക വിധം പ്രക്ഷാളനങ്ങളോ, സ്നാനമൊ, മററതു പോലുള്ള കർമ്മ വിധികളൊ, ഓരോ മതാനുസാരികളും അനുഷ്ഠിക്കാറുണ്ട്. ഇസ്രായേൽ ജനതയോട് ദൈവം അവരെ പ്രത്യേക വിധം തെരഞ്ഞെടുത്തു എന്നു സൂചിപ്പിക്കുന്നതിനായി ഛേദനാചാരകർമ്മം അനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടു മനുഷ്യൻ ജനിക്കുമ്പോൾ ആദത്തിൻെറ പാപ ഫലമായ ഉത്ഭവ പാപത്തോടുകൂടിയാണ് ജനിക്കുന്നത്. ഉത്ഭവ പാപം വരപ്രസാദരാഹിത്യമാണ്. അതിൽ നിന്നും നമ്മെ വിമുക്തരാക്കുന്നതിന് ആദ്ധ്യാത്മികമായ ഒരു ജനനം ആവശ്യമായിരിക്കുന്നു.

ഒരിക്കൽ അമേരിക്കയിൽ രണ്ടു് കത്തോലിക്കാ വൈദികർ കാറിൽ സഞ്ചരിക്കുകയായിരുന്നു. യാത്ര ചെയ്യുന്ന അവസരത്തിൽ ഒരു കൊടുങ്കാററുണ്ടായി, കൊടുങ്കാററിൻെറ ശക്തിയിൽപ്പെട്ട് അവർ സഞ്ചരിച്ചിരുന്ന കാർ ഒരു അണക്കെട്ടിലെ വെള്ളത്തിൽ നിപതിച്ചു. ഒരു വൈദികൻ ഉടനെ തന്നെ മരിച്ചു. അപരൻ രക്ഷപെടുന്നതിനായി വെള്ളത്തിൽ നീന്തിക്കൊണ്ടിരിക്കുമ്പോൾ വേറൊരു മനുഷ്യൻ വെള്ളം കുടിച്ച് മരിക്കുവാൻ തുടങ്ങുന്നതു് ഈ വൈദികൻ കണ്ടു. അദ്ദേഹം നീന്തിച്ചെന്നു് അയാളെ രക്ഷിക്കുവാൻ പരിശ്രമിച്ചു.

ആ മനുഷ്യൻ വൈദികനോട്ട് പറഞ്ഞു "എനിക്ക് മരിക്കുവാൻ ഭയമാണ്". ഉടനെ ആ വൈദികൻ ചോദിച്ചു "നിങ്ങൾ ഒരു കത്തോലിക്കനാണോ?" "അല്ല" എന്നയാൾമറുപടി പറഞ്ഞു. ഒരു കത്തോലിക്കൻ മരിക്കുന്നതുപോലെ മരിക്കുവാൻ താങ്കൾ ആഗ്രഹിക്കുന്നുവോ എന്ന് വൈദികൻ വീണ്ടും ചോദിക്കുകയായി. ആ മനുഷ്യന് ഉടനെ തന്നെ വലിയ ആഗ്രഹം തോന്നി ഒരു കത്തോലിക്കനാകുവാൻ. അവർ വെള്ളത്തിൽ നീന്തി തുടിക്കുന്നതിനിടയ്ക്ക് ആ വൈദികൻ കത്തോലിക്കാ വിശ്വാസത്തിൽ അത്യാവശ്യമായതെല്ലാം പറഞ്ഞുകൊടുത്തു അതിനു ശേഷം അവരുടെ രണ്ടു പേരുടേയും ജീവനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന ആ ജലംകൊണ്ട് തന്നെ അയാൾക്ക് നിത്യ ജീവൻെറ സ്നാനം നൽകി. ഈ അസാധാരണ മാമ്മോദീസായുടെ വിവരം അറിയിക്കുന്നതിനിടയാകത്തക്കവിധം രണ്ടു പേരും രക്ഷപ്പെട്ടു. (Cardinal Cushing; Sacraments Seven Channels of Grace)·

നാം സംസാരസാഗരത്തിൽ മുങ്ങി മരിക്കാതെ രക്ഷനല്കുന്ന നോഹിൻെറ നൗകയാണ് ജ്ഞാനസ്നാനം. പുനരുത്ഥിതനായ മിശിഹായുടെ ജീവിതത്തിൽ നമുക്ക് ഭാഗഭാഗിത്വം സിദ്ധിക്കുന്നതു് ജ്ഞാനസ്നാനം വഴിയാണ്. മിശിഹായുടെ പെസഹാ രഹസ്യം ജീവിക്കുന്നതിനുള്ള ആഹ്വാനവും ലഭിക്കുന്നു. ദൈവത്തിൻെറ ആന്തരിക ജീവിതത്തിൽ തന്നെയാണ് ജ്ഞാനസ്നാനം വഴി നാം ഭാഗഭാക്കുകളാകുന്നതു്. ക്രിസ്തീയ ജീവിതം പ. ത്രിത്വത്തിൻെറ ജീവിതം തന്നെയാണ്. പിതാവ് പുത്രനെ നിത്യമായി ജനിപ്പിക്കുന്നു. പിതാവും പുത്രനും പരസ്പരം സ്നേഹിക്കുന്നതു വഴി പരിശുദ്ധാത്മാവ് പുറപ്പെടുന്നു. അവരുടെ നിത്യ സ്നേഹത്തിൻെറ പ്രവർത്തനം വര

പ്രസാദാവസ്ഥയിൽ ഇരിക്കുന്ന ആത്മാവിലും നടക്കുന്നുണ്ട് എപ്പോഴും. മൂന്നു വിധത്തിൽ ഈ വരപ്രസാദ ജീവനിൽ നമുക്ക് ഭാഗഭാഗിത്വം സിദ്ധിക്കുന്നുണ്ട്.

ഏററവും സമുന്നമായതു് മിശിഹായുടെ മനുഷ്യാവതാരത്തിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും വ്യക്തിത്വത്തിൽ സംയോജിക്കുന്നതാണു്. (Hypostatic-Union) ഉപസ്ഥിതിബന്ധം. ഇതു് ക്രിസ്തുനാഥനു മാത്രമേ പൂർണ്ണമായിട്ടുള്ളു. പരിശുദ്ധ കന്യക അവളുടെ ദൈവ മാതൃത്വം വഴി ആ തലത്തിലേയ്ക്കു് ഉയർത്തപ്പെട്ടതായി ചില വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

രണ്ടാമത്തെ തലം സ്വർഗ്ഗത്തിൽ ദൈവത്തെ അഭിമുഖമായി ദർശിക്കുന്ന അവസ്ഥ.(Beatific vision) ഈ ലോകത്തിൽ വച്ചുതന്നെ ഈശോ മിശിഹായ്ക്കും അവിടത്തെ ദിവ്യ ജനനിയ്ക്കും ഇതു ലഭിച്ചിരുന്നു എന്നത്രെ ദൈവ ശാസ്ത്രജ്ഞന്മാരുടെ അഭിമതം. പ. ത്രിത്വത്തിൻെറ ജീവനിൽ ഭാഗഭാഗിത്വം സിദ്ധിക്കുന്ന അടുത്ത തലമാണു് വിശുദ്ധീകരണ വരപ്രസാദം വഴി ക്രിസ്തുവിൻെറ മൗതിക ശരീരത്തിൽ ലഭിക്കുന്ന അംഗത്വം. മൗതിക ശരീരത്തിലെ അംഗങ്ങളാകയാൽ എല്ലാ കത്തോലിക്കരും ശിരസ്സായ ക്രിസ്തുവിൻെറ ജീവനിൽത്തന്നെ ഭാഗഭാക്കുകളാകുന്നു. മററു മതസ്ഥരും സ്വവിശ്വാസത്തോടു കൂടി അവരുടെ മതങ്ങളിൽ മനസ്സാക്ഷിയ്ക്കനുസരണമായി ജീവിക്കുമ്പോൾ അവർ പരോക്ഷമായി ക്രിസ്തുവിൻെറ മൗതിക ശരീരത്തിലെ അംഗങ്ങളാണു്. വത്തിക്കാൻ സൂനഹദോസ്സ് തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയിൽ ദൈവ ജനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ എപ്രകാരം അകത്തോലിക്കരും അക്രൈസ്തവരും ദൈവജനത്തോടു് ബന്ധപ്പെടുന്നു എന്നു പ്രസ്താവിക്കുന്നുണ്ട്. അക്രൈസ്തവ മതങ്ങളിലുള്ള സത്യങ്ങൾ ക്രിസ്തുവിൻെറ സ്വീകരണത്തിനുള്ള ഒരുക്കമൊ

ണ്ണെന്നു് അക്രൈസ്തവരെക്കുറിച്ചുള്ള ഡിക്രിയിലും പ്രഖ്യാപിക്കുന്നു.

ക്രിസ്തുനാഥൻ സ്ഥാപിച്ചതിനാൽ പ്രതീകാത്മക ചിഹ്നങ്ങളായ കൂദാശകൾ നമ്മിലേയ്ക്കു് ദൈവീക ജീവൻ സംവഹിക്കുന്നതിനുള്ള ഉപകരണകാരണമായി. (Instrumental Caus). ദൈവവുമായിട്ടുള്ള ഐക്യം പ്രാപിക്കുന്നതിനു് മാനവരാശിയിൽ എന്നും അഭിനിവേശം നിലനിന്നിരുന്നു. അതിനു് പ്രതീകാത്മകമായ മാർഗ്ഗങ്ങളും സ്വീകരിച്ചു. ദൈവം മനുഷ്യരോടു് സംസാരിക്കുമ്പോൾ മാനുഷികമായ ഭാഷ സംസാരിക്കുന്നു. അരൂപിയും പദാർത്ഥവും സംയോജിച്ച മനുഷ്യനെ രക്ഷിക്കുവാൻ രണ്ടു തലത്തിലുമുള്ള മാനുഷിക പ്രവർത്തനം അവിടുന്നു് തെരഞ്ഞെടുത്തു. പ്രതീകാത്മക മാർഗ്ഗങ്ങളെത്തന്നെ ദൈവം ആദ്ധ്യാത്മിക ജീവിതത്തിൽ നവ്യജനനത്തിനും, വളർച്ചയ്ക്കും, പോഷണത്തിനും, രോഗവിമുക്തിയ്ക്കും, സംരക്ഷണത്തിനുമായി സ്വീകരിച്ചു. അതാണു് ക്രിസ്തുനാഥൻ സ്ഥാപിച്ച ഏഴു് കൂദാശകൾ. കൂദാശകളെ കൂദാശയാക്കുന്നതു് ദൈവ വചനമാണു്.

ക്രിസ്തുമതത്തിൻെറ ഉത്ഭവത്തിനു മുമ്പുള്ള മതങ്ങളിലും ജലം പവിത്രീകരണ മാർഗ്ഗമായി വിനിയോഗിച്ചിരുന്നു. ഹിന്ദുക്കളും ജാതകർമ്മങ്ങൾ (Jatakarman) അനുഷ്ഠിക്കുന്നതായിക്കാണാം. (Cf. സമീപനങ്ങൾ. by റവ. ഡോ. കണിച്ചായി. സി. എം. ഐ,) യവനരും റോമാക്കാരുമൊക്കെ പ്രത്യേക ക്ഷാളന കർമ്മത്തിനു് ശിശുക്കളെ വിധേയരാക്കിയിരുന്നു. സീക്കുകാർ, പാർസികൾ, മുഹമ്മദീയർ എന്നിവരുടെ മതാനുഷ്ഠാനങ്ങളിലും പ്രക്ഷാളന കർമ്മങ്ങൾ പ്രാധാന്യമർഹിക്കുന്നുണ്ടു്. യഹൂദന്മാരുടെ ഇടയിലും ഇതു് നില നിന്നിരുന്നതായി

പഴയ നിയമത്തിൽ നിന്നും വ്യക്തമാകുന്നുണ്ടു്. ഛേദനാചാരം, മാമ്മോദീസാ എന്നിവ മതപരമായ നവ്യജനനത്തെ പ്രദ്യോതിപ്പിക്കുന്നു. ഇപ്രകാരമുള്ള ആചാരങ്ങൾ ഒരു പ്രാരംഭ വെളിപാടിൽ നിന്നായിരിക്കാം ഉത്ഭവിച്ചതു് എന്നാണു് കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം.

ആദി മാതാപിതാക്കന്മാരുടെ പാപം നിമിത്തം നഷ്ടപ്പെട്ട ദൈവസുതസ്ഥാനവും സ്വർഗ്ഗീയസൗഭാഗ്യവും മിശിഹാ അവിടത്തെ പീഡാനുഭവ മരണങ്ങൾ വഴിയായി മനുഷ്യർക്കു് നേടിക്കൊടുത്തു. ഓരോ വ്യക്തിയെ സംബന്ധിച്ചിടത്തോളം ഈ പരിത്രാണ ഫലം സിദ്ധിക്കണമെങ്കിൽ സ്വതന്ത്ര മനസ്സിനെ ശരിയായി വിനിയോഗിച്ചു് മിശിഹായുടെ പീഡാനുഭവത്തിലും മരണത്തിലും പുനരുത്ഥാനത്തിലും ഭാഗഭാക്കുകളാകണം. അതിനുള്ള പ്രഥമ പടിയാണു് ജ്ഞാനസ്നാനം. ഉത്ഭവപാപവും, കർമ്മപാപം ഉണ്ടെങ്കിൽ അതും നിഹനിച്ചു് നമ്മെ ദൈവസുതരും മിശിഹായുടെ സഹോദരന്മാരും മൗതിക ശരീരത്തിലെ അംഗങ്ങളും സ്വർഗ്ഗരാജ്യത്തിനവകാശികളുമാക്കിത്തീർക്കുന്ന ഒരു കൂദാശയാണു് മാമ്മോദീസാ. അഥവാ ക്രിസ്തുവുമായിട്ടുള്ള വ്യക്തിപരമായ ഐക്യം സംസ്ഥാപിക്കുന്നു, (Incorporation with Christ) വേറൊരു ക്രിസ്തുവായിത്തീരുന്നു. ജ്ഞാനസ്നാന സ്വീകരണത്തോടെ മാമ്മോദീസാ സ്വീകരിക്കുമ്പോൾ ഒരു നവ്യജീവൻ പ്രാപിക്കും. പാപമാലിന്യത്താൽ വിരൂപമായ, പൈശാചിക പാരതന്ത്ര്യത്തിലാണ്ട ആത്മാവു് പാപ മോചനം ലഭിച്ചു് പരിശുദ്ധാത്മാവിന്റെ ആലയമായി മാറുന്നു. പാപത്തിനർഹമായ

എല്ലാ ശിക്ഷകളിൽ നിന്നും പ്രസാദവരവും സുകൃതങ്ങളും വഴി വിമുക്തി പ്രാപിക്കുന്നതാണു്. ജ്ഞാനസ്നാന സ്വീകരണം വഴി ഒരാൾ അസ്തിത്വപരമായി വിശുദ്ധനായി. വി. പൗലോസ് അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ ആദിമ ക്രൈസ്തവരെ വിശുദ്ധർ എന്നു് അഭിസംബോധന ചെയ്തിരുന്നു

"മനുഷ്യരെ രക്ഷിക്കുവാൻ ദൈവം മനുഷ്യസ്വഭാവം സ്വീകരിച്ചെങ്കിൽ ഇന്നും മാനുഷികമായ മാർഗ്ഗങ്ങൾ തന്നെ ഓരോരുത്തരുടേയും വിശുദ്ധീകരണത്തിനായി സ്വീകരിക്കണെ"മെന്നു് വി. തോമസ്സ് അക്വിനാസ്സ് പ്രസ്താവിക്കുന്നു. ഇപ്രകാരം പ്രകൃതിയിൽ സുലഭമായ ജലത്താലുള്ള കൂദാശ വഴി ദൈവം നമ്മെ സ്വഭാവാതീത ജീവനിലേയ്ക്കു് അഥവാ ദൈവപുത്രസ്ഥാനത്തേയ്ക്കു് ഉയർത്തുന്നു. ഒരു പുതിയ ജന്മം പ്രാപിക്കുകയാണു്.

മിശിഹാനാഥൻ നിക്കൊദെമൂസിനോടുള്ള സംഭാഷണ മദ്ധ്യേ ഇപ്രകാരം അരുളിച്ചെയ്തു. ഒരു മനുഷ്യൻ വീണ്ടും ജനിക്കുന്നില്ലായെങ്കിൽ അവനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. തദവസരത്തിൽ നിക്കൊദേമൂസിനു് ഒരു സന്ദേഹം. വൃദ്ധനായ ഒരു മനുഷ്യനു് എപ്രകാരമാണു് വീണ്ടും ജനിക്കുവാൻ സാധിക്കുക? മാതാവിൻെറ ഉദരത്തിൽ പ്രവേശിച്ചു് ജനിക്കുക അസാദ്ധ്യമാണല്ലോ. എന്നാൽ മിശിഹാ വീണ്ടും അവിടത്തെ പ്രഖ്യാപനം ഉറപ്പിച്ചു് അരുളിച്ചെയ്തു. "സത്യം സത്യമായി ഞാൻ നിന്നോടു് പറയുന്നു, ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴിയുകയില്ല". (വി, യോഹ; 111. 5).

അപ്പസ്തോലപ്രവരനും ഇതു് സുവ്യക്തമാക്കുന്നു. "നാം ചെയ്ത നീതിയുടെ പ്രവൃത്തികൾ കൊണ്ടല്ല തന്റെ കരുണനിമിത്തം ആകുന്ന പുനർജ്ജന്മത്തിൻെറ സ്നാനത്താലും നമ്മുടെ രക്ഷകനായ ഈശോ മിശിഹാ മൂലം നമ്മുടെ മേൽ സമൃദ്ധമായ നവീകരണത്താലും അവൻ നമ്മെ രക്ഷിച്ചതു്, (തെത്തോ. 111 5-6). "അല്ലെങ്കിൽ ഈശോ മിശിഹായിൽ മാമ്മോദീസാ സ്വീകരിച്ച നാം അവന്റെ മരണത്തിലാകുന്ന മാമ്മോദീസാ സ്വീകരിച്ചിരിക്കുന്നതെന്നു് നിങ്ങൾ അറിയുന്നില്ലയോ. ഈശോമിശിഹാ മരിച്ചവരിൽ നിന്നു് തൻെറ പിതാവിൻെറ മഹത്വത്തോടുകൂടി ഉയർത്തെഴുന്നേററതുപോലെ നാമും പുതിയ ജീവിതത്തിൽ വ്യാപരിക്കേണ്ടതിനു് നാം അവനോടുകൂടി മാമ്മോദീസാ മൂലം മരണത്തിനു് സംസ്കരിക്കപ്പെട്ടിരിക്കുന്നു". (റോമ്മാ VI). തിരുസ്സഭയും ആദ്യ ശതകങ്ങളിൽ തന്നെ ഈ വസ്തുത പഠിപ്പിച്ചിട്ടുണ്ട്. പ്രഖ്യാതമായ ത്രെന്തോസ് സൂനഹദോസു് ശിശുക്കൾക്കു് ദിവ്യകാരുണ്യ സ്വീകരത്തിനാവശ്യമില്ലെന്നു് സമർത്ഥിക്കുവാൻ ഇപ്രകാരം തീരുമാനിച്ചു. "അവർ പുനർജ്ജന്മത്തിൻെറ സ്നാനത്താൽ ക്രിസ്തുവിനോടു് ഐക്യം പ്രാപിച്ചു് ദൈവമക്കളായി തീർന്നിട്ടുണ്ടെങ്കിൽ അവരുടെ വരപ്രസാദം നഷ്ടപ്പെടുവാൻ സാദ്ധ്യമല്ല. (D. 933)"

സഭാപിതാക്കന്മാരും ഈ വസ്തുത പ്രകടമാക്കുന്നു. വി. ആഗുസ്തീനോസ്സ് പറയുകയാണു്, എന്താണു് ക്രിസ്തുവിൻെറ മാമ്മോദീസാ? അതു് വചനത്തിൽ ജലം കൊണ്ടുള്ള ക്ഷാളനമാണു്. വെള്ളം നീക്കുക മാമ്മോദീസാ അല്ല. വചനം നീക്കിയാൽ വെള്ളം വെള്ളമല്ലാതെ എന്താണു്? എന്നാൽ വചനത്തോടു് ചേരുമ്പോൾ അതു് കൂദാശയാകുന്നു. (St. Augustine Tract: in Johanis Evangali) കൂദാശകളെ മാജീക്കിൽനിന്നും വിഭിന്നമാക്കുന്നതു് ദൈവ വചനമാണു്:

നിസായിലെ വി. ഗ്രിഗരിയും; വി. ജോൺ സമരഷേ അം പുനർജ്ജന്മമെന്നും, വി. ഇരണേവൂസ് ദൈവത്തിലുള്ള നവജനനമെന്നും, വി. ഹില്ലരി നവജന്മത്തിന്റെ കൂദാശയെന്നും, വി. ജറോം ദ്വിതീയ ജനനമെന്നും വി. ഗ്രിഗരിനസിയാൻസൻ നവീകരണമെന്നുമാണ് മാമ്മോദീസാ എന്ന കൂദാശയെപ്പററി പറയുന്നതു്. ട്ടെർട്ടല്യൻവളരെ തന്മയത്വം പൂർവ്വം ജ്ഞാനസ്നാനത്തെ വർണ്ണിക്കുന്നു. ജലത്താലുള്ള ഞങ്ങളുടെ ഭാഗ്യപ്പെട്ട കൂദാശയെ! എന്തെന്നാൽ ഞങ്ങളുടെ പ്രഥമ അജ്ഞതയുടെ തിന്മകൾനിഹനിച്ചു് ഞങ്ങളെ നിത്യജീവിതത്തിൽ സ്വതന്ത്രരാക്കുന്നു, നമ്മുടെ കർത്താവീശോമിശിഹായെപ്പോലെ ഞങ്ങളും ജലത്തിൽ ജനിക്കുന്ന ചെറുമത്സ്യങ്ങളാണ്.(De Baptismo). ഒരാൾ ആലങ്കാരികമായി പ്രസ്താവിക്കുകയാണ്. ജ്ഞാനസ്നാനജലം നമ്മുടെ ശിരസ്സിൽ വീഴുമ്പോൾ നാം രണ്ടായിരം വർഷം പ്രായമുള്ളവരായിത്തീരുന്നു, നാം ഈശോയോടുകൂടിതിരുക്കുടുംബത്തിലെ ഒരംഗമായിത്തീരുകയാണ് ആംഗ്ലേയ സാഹിത്യകാരനായ ജി. കെ ചെസ്ററർട്ടൽ പ്രസ്താവിച്ചു. മാമ്മോദീസാ ജലം എന്റെ ശിരസ്സിൽ വീണപ്പോൾ ലോകംമുഴവൻ കലങ്ങിതെളിഞ്ഞതുപോലെ എനിക്കനുഭവപ്പെട്ടു.ജ്ഞാനസ്നാനാവസരത്തിൽ നവ്യജനനം പ്രാപിക്കുമ്പോൾ ഈ ലോകത്തിനു് ഒരു പുതിയ അർത്ഥം സംജാതമാകുന്നു.

ജ്ഞനസ്നാനം വഴിയുള്ള നവ്യജനനത്തിന്റെ സജീവമായ ബോദ്ധ്യം നമ്മിൽ നിലനിന്നാൽ മാത്രമേ നമുക്ക് ക്രിസ്തീയ ജീവിതത്തെപ്പററി മതിപ്പും ബഹുമാനവും ഉണ്ടാവുകയുള്ളു. അതില്ലെങ്കിൽ ജീവിതത്തിൽ ഒരു അക്രൈസ്തവനും, നാസ്തികനുമായി നമുക്ക് വലിയ വ്യത്യാസമുണ്ടായിരിക്കുകയില്ല. ഒരു ക്രിസ്ത്യാനിയുടെ സ്ഥാനമാഹാത്മ്യം വേണ്ടവിധം ഗ്രഹിക്കണം.അവൻ പിതാവായ ദൈ

വത്തിൻെറ പുത്രനും, സുതനായ ദൈവത്തിൻെറ സഹോദരനും പരിശുദ്ധാത്മാവിൻെറ ആലയവുമാണ്. ജ്ഞാനസ്നാനം വഴി നാം ക്രിസ്തുവിനോട് ഐക്യപ്പെടുകയും നമുക്ക് പുതിയ പ്രകാരം ലഭിക്കുകയും സൽപ്രവൃത്തി. കൾക്ക ശക്തരായിത്തീരുകയും ചെയ്യുന്നു എന്ന് വി. തോമസ് അകപീനസ് സമത്ഥിക്കുന്നു. (2)

രണ്ടാം വത്തിക്കാൻ സൂനഹദോസ് തിരുസ്സഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിക്കുന്നു "ജ്ഞാനസ്നാനത്താൽ നാം ദൈവസുതരായി നവജന്മം പ്രാപിക്കുന്നു. (3) കൂദാശകളും സുകൃതാനുഷ്ഠാനവും വഴി പൗരോഹിത്യ സമൂഹത്തിൻെറ സജീവവും വിശുദ്ധവുമായ സ്വഭാവം പ്രാവത്തികമാക്കുന്നു എന്നും വ്യക്തമാക്കി.

മാനസാന്തരമാണ് ക്രിസ്തു പ്രസംഗിച്ച സുവിശേഷത്തിൻെറ കേന്ദ്രദൗത്യം. ആ മാനസാന്തരം വഴി നമ്മിൽ ഉണ്ടാകുന്ന പരിവത്തനം വളരെ വലുതാണ്. വി. പൗലോസ്ശ്ലീഹാ അദ്ദേഹത്തിൻെറ ലേഖനങ്ങളിൽ നൂറ്റി അറുപതു് പ്രാവശ്യം മിശിഹായിലുള്ള നമ്മുടെ ജീവിതം എന്ന് പ്രയോഗിച്ചിട്ടുണ്ട്. (4) മാമ്മോദീസ്സാ വഴി നാം ക്രിസ്തുവിനോട് സദൃശരായിത്തീരുന്നു (5) എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസും പഠിപ്പിക്കുന്നു.

(2) St. Thomas III. Q. 69, a. 5.
(3) തിരുസ്സഭ, ദൈവജനം, II.
(4) Rev. Fr. Bernard Haring. C.SSR. A Sacramental Spirituality. Sheed of Ward N. of 1965. P. 63
(5) തിരുസ്സഭ. No. 7,

മാമ്മോദീസ്സായുടെ ഭാവാത്മകവും അപ്രമേയവുമായ ഫലമെന്താണെന്ന് നാം മനസ്സിലാക്കണം. മനുഷ്യനെ പ്രസാദവരത്താൽ ദൈവീകനാക്കിത്തീർക്കുന്നു. ദൈവം അവിടത്തെ അധിവാസം നമ്മിലാക്കി. "നാം ക്രിസ്തുവിനോട്ട് ഒന്നായിച്ചേർന്ന് നമുക്ക് ദൈവികമായ ആഹ്വാനം ലഭിക്കുന്നു. സ്നേഹത്തിന്റെയും ബുദ്ധിയുടേതുമായ നവ്യ ശക്തികൾ ലഭിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ജീവിതത്തിൽത്തന്നെ അനുദിനം അവഗാഢമാംവിധം നാം ഭാഗഭാഗക്കുകളാകുന്നു" (6) നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രാരംഭമാണ് ജ്ഞാനസ്നാനം. മിശിഹായുടെ പരിത്രാണകൃത്യത്തോടുള്ള പ്രഥമസമ്പർക്കവുമത്രെ അത്. മാമ്മോദീസ്സായിൽ പ്രസാദവരത്തിന്റെ അത്ഭുതങ്ങൾ പലതും നടക്കുന്നു, നമ്മെ പവിത്രീകരിച്ച് ദൈവ സ്വഭാവത്തിൽ ഭാഗഭാക്കുകളും, സ്വർഗ്ഗരാജ്യത്തിനവകാശികളും, ദൈവസുതരും, മിശിഹായുടെ സഹോദരരും പരിശുദ്ധ ത്രിത്വത്തിന്റെ ആലയങ്ങളുമാക്കിത്തീർക്കുന്നു.

കൂദാശ പരപ്രസാദവരത്തിന് ക്രിസ്തുവുമായുള്ള ബന്ധം നിമിത്തം പരിശുദ്ധത്രിത്വത്തോടുതന്നെ വ്യക്തിപരമായ ഒരു ബന്ധം സംസ്ഥാപിതമാകുന്നു. (7) തദ്വാരാ ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ ക്രിസ്തുവിന്റെ, രാജത്വം

---

(6) Rev. Fr. Philipon. M. M. O. P. M. S. T Sacraments in Christian Life Translation by Rev. John. O P. 25 Sands of Co London. 1954. P. 9.

(7) Fr. Edward Schillebuck. O. P. Christ the Sacrament of Encounter with God. Sacrament al grace P. 130.

ത്വം പൗരോഹിത്യം, പ്രവാചകത്വം എന്നിവയിലും ഒരു ക്രിസ്ത്യാനിക്ക് ഭാഗഭാഗിത്വം ലഭിക്കുന്നു, ഈശോമിശിഹാ ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ എല്ലാ ജ്ഞാനസ്നാനജലവും പവിത്രീകരിച്ചു എന്നു് വി. ആഗുസ്തീനോസ് പ്രസ്താവിക്കുന്നു. ജ്ഞാനസ്നാനത്താൽ നവജാതനായ ക്രിസ്ത്യാനിയെ അഭിസംബോധന ചെയ്തുകൊണ്ടു് സ്വർഗ്ഗീയപിതാവു് പറയുന്നുണ്ടാകണം "എനിക്കു് പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു." എന്നു്.

ഫ്രാങ്കുകാരുടെ പ്രഥമ കത്തോലിക്കാ രാജാവായ ക്ലോവിസ് ജ്ഞാനസ്നാന ദിവസം റയിംസിലെ വി. മത്തീനോസിന്റെ ദേവാലയത്തിൽ ചെന്നയവസരത്തിൽ അവിടെ കണ്ട അലങ്കാര വിശേഷാദികളാൽ അത്ഭുതപരതന്ത്രനായി വി. റെമിജിയൂസ് മെത്രാനോടു് ചോദിച്ചു "ഇതാണോ നിങ്ങൾ വാഗ്ദാനം ചെയ്ത സ്വർഗ്ഗരാജ്യ" മെന്നു്. അപ്പോൾ റെമിജിയൂസ് മറുപടി പറഞ്ഞു. ഇതു് അതിന്റെ ഒരു സൂചന മാത്രമാണു്. അനന്തരം ഒരു ക്രൂശിതരൂപം ചൂണ്ടിക്കാണിച്ചിട്ടു പറഞ്ഞു. "അതാണു് അങ്ങയെ സ്വർഗ്ഗരാജ്യത്തിലേക്കു് നയിക്കുന്ന മാർഗ്ഗം. ഇന്നുവരെ നിങ്ങൾ അഗ്നിക്കിരയാക്കിയതിനെ താങ്കൾ ആരാധിക്കണം, ആരാധിച്ചുകൊണ്ടിരുന്നവയെ അഗ്നിയിൽഇട്ടു് ദഹിപ്പിക്കുകയും ചെയ്യണം." (3).

മാമ്മോദീസ്സാ നിത്യരക്ഷയ്ക്കത്യാവശ്യമാണു് എന്നു് ക്രിസ്തുനാഥൻ തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ: നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളിലും എന്റെ സു

(3) Very Rev. Tihawer Totu. The Great Redeemer. Trans. V-G. Agotai. P, 92-93

വിശേഷമറിയിക്കുവിൻ. വിശ്വസിക്കുകയും മാമ്മോദീസ്സാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ കുററക്കാരനായി വിധിക്കപ്പെട്ടും. (വി: മർക്കോ XVI. 15-16. വി. യോ. III. 3-5) മാമ്മോദീസ്സാ സ്വീകരിക്കുമ്പോൾ നാം സത്താപരമായി വിശുദ്ധരായിത്തീരുന്നു. ജ്ഞാനസ്നാന വാഗ്ദാനങ്ങളുടെ വ്യാപകത്വം മനസ്സിലാക്കി നാം ജീവിച്ചാൽ പാപം ചെയ്യുകയില്ല. നമുക്കു ലഭിച്ച ഈ വിശുദ്ധി ആജീവനാന്തം നിലനിർത്തുകയും അതിൽ പുരോഗമിക്കുകയും ചെയ്യുന്നതിനുള്ള ചുമതലയുണ്ടു്. തിന്മയ്ക്കെതിരായി നിരന്തരസമരം ചെയ്യുന്നതിനുള്ള ഒരാഹ്വാനവുമത്രെ. ജ്ഞാനസ്നാനത്താൽ സ്വർഗ്ഗീയസാമ്രാജ്യത്തിലെ പ്രജകളായി. ആദത്തിന്റെ വരപ്രസാദത്തേക്കാൾ ഉന്നതമായ ക്രിസ്തുവിൻെറ വരപ്രസാദകുടുംബത്തിലെ അംഗങ്ങളും സ്വർഗ്ഗപിതാവിന്റെ അരുമസന്താനങ്ങളും. പാപം വഴി നഷ്ടപ്പെട്ടതെല്ലാം മാമ്മോദീസ്സായിൽ ലഭിക്കുന്നു. എന്നാൽ ശാരീരികമായ അമർത്യതയും സഹനത്തിൽ നിന്നുള്ള മോചനവും ലഭിക്കുന്നില്ല.

എന്തുകൊണ്ടാണു് സഹനം ഇനിയും അവശേഷിക്കുന്നതു് എന്നുള്ള ചോദ്യത്തിനു് വി. തോമസ് അക്വിനാസ് നല്കുന്ന സമാധാനമിതാണു്. ജ്ഞാനസ്നാന സ്വീകരണത്തോടുകൂടി സഹനം, മരണം എന്നിവയിൽ നിന്നും മോചനം പ്രാപിക്കുമെങ്കിൽ അതിനുവേണ്ടി മാത്രം എല്ലാവരും ജ്ഞാനസ്നാനം സ്വീകരിക്കുകയും പ്രകൃത്യതീത യോഗ്യത നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. (9) കൂടാതെ സഹനം പാപപരിഹാരത്തിനും സഹരക്ഷണീയ കർമ്മത്തിനും യോഗ്യതാ സമ്പാദനത്തിനും കാരണമാകുന്നു (Cf Fr. Philippen O. P. Saeraments in Christian Life. Baptism;) ജ്ഞാനസ്നാന ശേഷം നാം വേറൊരു ക്രിസ്തുവായിട്ടാണു് ജീവിക്കേണ്ടതു്. ക്രിസ്തീയ വിശുദ്ധി ക്രിസ്തുവിലുള്ള ദൈവീക ജീവിതമാണു്.

9). St Thomas III. Q. 96. a. 3.

# അദ്ധ്യായം 14.

# ക്രിസ്തീയ ജീവിതത്തിൻെറ വളർച്ച.

1939-ൽ സ്പെയിനിൽ കമ്മ്യൂണിസ്റ്റുകാർ ഒരു വിപ്ലവം വഴി അധികാരത്തിൽ വരുവാൻ പരിശ്രമിച്ചു. എന്നാൽ ജനറൽ ഫ്രാങ്കോയുടെയും മററു് കത്തോലിക്കാ സൈന്യാധിപന്മാരുടെയും ധീരോചിതവും വിശ്വാസപൂർണ്ണവുമായ പ്രവർത്തനങ്ങളിൽ ആ രാജ്യം കമ്മ്യൂണിസ്റ്റാധിപത്യത്തിൽ നിന്നും വിമുക്തി നേടി. ആ വിപ്ലവത്തിൻെറ അവസരത്തിൽ അൽക്കാസർ (Alcasar) എന്ന കോട്ടയിൽ വച്ചു് വിധിനിർണ്ണായകമായ ഒരു സമരം നടന്നു. അൽക്കാസർ കോട്ടയുടെ പ്രതിരോധം നടത്തിയതു് ജനറൽ ഒബ്ഡേർസ്സോ ആയിരുന്നു. സമരം നടന്നു കൊണ്ടിരുന്ന അവസരത്തിൽ കമ്മ്യൂണിസ്റ്റുകാർ ജനറൽ ഒബ്ഡേർസ്സോയുടെ പുത്രൻ ലൂയിസിനെ ബന്ധനസ്ഥനാക്കി. അതിനുശേഷം അവർ ഫോണിൽ ജനറൽ ഒബ്ഡേർസ്സോയെ വിളിച്ചു് അദ്ദേഹത്തിനു് ഒരന്ത്യശാസനം നല്കി. "താങ്കളുടെ പുത്രനെ ഞങ്ങൾ തടവിലാക്കിയിരിക്കുന്നു. ഉടനെ തന്നെ കീഴടങ്ങാത്ത പക്ഷം താങ്കളുടെ പുത്രൻ ലൂയിസിനെ വധിക്കുന്നതാണു്. താങ്കൾക്കു് ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ ഇതാ ഞങ്ങൾ ഫോൺ ലൂയിസിനെ ഏല്പിക്കുന്നു. പുത്രനുമായി സംസാരിക്കുക." അവർ പുത്രൻെറ കൈയിൽ ഫോൺ കൊടുത്തു. പിതാവും പുത്രനും പരസ്പരം അഭിവാദ്യം ചെയ്തു.

അതിനുശേഷം പുത്രൻ പിതാവിനോട്ട് പറഞ്ഞു. "അപ്പച്ചാ, അപ്പച്ചൻ കീഴടങ്ങുന്നില്ലെങ്കിൽ ഇവർ എന്നെ വധിക്കുമെന്നാണ് പറയുന്നതു്." പിതാവ് ഏറ്റീസിനു് പ്രത്യുത്തരം നല്കി. "അങ്ങനെയെങ്കിൽ മകനെമരിക്കുവാൻ ഒരുങ്ങുക. നമ്മുടെ വിശ്വാസവും സ്വാതന്ത്ര്യവും ബലികഴിച്ചിട്ട് ഞാൻ കീഴടങ്ങുകയില്ല. മകനെ നിനക്കു് അപ്പച്ചന്റെ സ്നേഹ ചുംബനം." പുത്രനും പിതാവിനോട്ട് "അപ്പച്ചാ അതിനുവേണ്ടി ഞാനും മരിക്കുവാൻ സന്നദ്ധനാണു്. അപ്പച്ചനു് എന്റെ അന്തിമ ചുംബനങ്ങൾ. നമുക്കു് സ്വർഗ്ഗത്തിൽ ഒരുമിച്ചു ചേരാം." അൽക്കാസർ കോട്ട കമ്മ്യൂണിസത്തിനെതിരായിട്ടുള്ള നമ്മുടെ ആത്യന്തിക വിജയത്തിന്റെ ഒരു പ്രതീകമായി ഇന്നും നിലകൊള്ളുന്നു. (1)

ഇവിടെ നാം എന്താണു് ദർശിക്കുന്നതു്? രോമാഞ്ചമണിയിക്കുന്ന ധീരത. ഇന്നത്തെ കത്തോലിക്കർ ഭീരുക്കളാണു്, അവരുടെ വിശ്വാസം പ്രഖ്യാപിക്കുവാൻ. സ്ഥൈര്യലേപനം വഴി പരിശുദ്ധാത്മാവിനെ സ്വീകരിക്കുമ്പോൾ അതിനുള്ള കഴിവ് നമുക്കു് ലഭിക്കുന്നുണ്ട്. ദൈവം അവിടത്തെ ജനങ്ങളെ നയിക്കുവാൻ തെരഞ്ഞെടുത്ത വ്യക്തികളിൽ അങ്ങയുടെ അരൂപിയെ അയയ്ക്കുന്നതു് നാം കാണുന്നു. ഇസ്രായേൽ ജനതയെ ഈജിപ്തിലെ പാരതന്ത്ര്യത്തിൽ നിന്നും മോചിക്കുവാൻ തെരഞ്ഞെടുത്ത മൂശയും പ്രവാചകന്മാരും ദൈവാരൂപിയാൽ സംപൂരിതരായി.

മനുഷ്യാവതാരകർമ്മം പരിശുദ്ധ കന്യകയിൽ പരിശുദ്ധാരൂപിയുടെ പ്രവർത്തനം വഴിയാണു് സംഭവിച്ചതു്. (ലൂക്കാ 1, 35) യോർദാൻനദിയിൽ വെച്ചു് ജ്ഞാ

---

(1) Cardinal Cushing Seven Sacraments, Confirmation. P. 35.

നസ്നാനം സ്വീകരിച്ച അവസരത്തിൽ പരിശുദ്ധാത്മാവ് പ്രാവിൻെറ ഭാഷയിൽ എഴുന്നള്ളിവന്നു. (ലൂക്കാ III 21. മത്തായി. III. 16. മാർക്കോ 1. 10.) ഈശോ അന്തിമഭോജനാനന്തരം ശിഷ്യരോട്ട് ചെയ്ത സംഭാഷണത്തിൽ പരിശുദ്ധാത്മാവിനെ വാഗ്ദാനം ചെയ്യുന്നു. ഞാൻ എൻെറ പിതാവിനോട്ട് ചോദിക്കും നിങ്ങളോട്ടകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറേക്കലേത്തായെ അവൻ നിങ്ങൾക്കു തരും. (യോഹ. XIV. 16, 26. XV. 26. XVI. 7-13, ലൂക്കാ. XXIV. 49.)

സഭയുടെ ഔദ്യോഗിക ഉൽഘാടന ദിനമായ പന്തക്കുസ്താ തിരുനാളിൽ പരിശുദ്ധാത്മാവ് തീനാക്കുകളുടെ രൂപത്തിൽ അപ്പസ്തോലന്മാരുടെ മേൽ എഴുന്നള്ളിവന്നു. ( നടപടി. II. ) എസ്തപ്പാനോസും മററ് ഡീക്കന്മാരും പരിശുദ്ധാത്മാവിനെ സ്വീകരിച്ച് ശക്തി പ്രാപിച്ചു. (നടപടി IX. 3-5, VI 8-10) ഓരോ ക്രിസ്ത്യാനിയും ഇതുപോലെ തന്നെ സ്ഥൈര്യലേപനംവഴി പരിശുദ്ധാത്മാവിനെ സ്വീകരിച്ചാൽ മാത്രമേ അവൻെറ ക്രൈസ്തവതം പൂൎണ്ണമാവുകയുള്ളൂ. ക്രിസ്തീയജീവിതത്തിൻെറ വളച്ചയും പൂൎണ്ണതയുമാണ് അതു് പ്രദ്യോതിപ്പിക്കുന്നതു്. നമുക്ക് പരിശുദ്ധാത്മാവിനെ നല്കി പൂൎണ്ണ ക്രിസ്ത്യാനികളും, ക്രിസ്തുവിൻെറ പടയാളികളുമായി സ്ഥിരീകരണം നല്കുന്ന ഒരു കൂദാശയാണു് സ്ഥൈര്യലേപനം.

കൂടാതെ, ജ്ഞാനസ്നാനത്തിൽ നമുക്ക് ഭാഗഭാഗിത്വം ലഭിച്ച മിശിഹായുടെ പൗരോഹിത്യം, പ്രവാചകത്വം, രാജത്വം എന്നിവ കൂടുതൽ സജീവവും പ്രവൎത്തനക്ഷമവുമാക്കുന്നു. അപ്പസ്തോലന്മാർ ഭീരുക്കളും നിരക്ഷരകുക്ഷികളുമായിരുന്നു. എന്നാൽ പ. കന്യകയുടെ നേതൃത്വത്തിൽ അവർ പത്തുദിവസം പ്രാർത്ഥനാനിരതരായിക്കഴിച്ച്

പരിശുദ്ധാത്മാവിനെ സ്വീകരിച്ചപ്പോൾ അവർ വലിയ ധീരോദാത്തത പ്രകടിപ്പിച്ചു. ക്രിസ്തുവിനുവേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുവാനും വേണ്ടിവന്നാൽ മരണം തന്നെ കൈവരിക്കുവാനും അവർ സന്നദ്ധരായി. ഒരു യുവതിയുടെ വാക്കുകേട്ട് മൂന്നു പ്രാവശ്യം മിശിഹായെ പരിത്യജിച്ച പത്രോസ് എത്ര ധീരതയോടുകൂടിയാണ് പന്തക്കുസ്താ ദിവസം വർത്തിക്കുന്നത്? പരിശുദ്ധാത്മാവിന്റെ ആഗമനശേഷം അവർ ലോകത്തെ മുഴുവൻ തകിടം മറിച്ചു.

പന്തക്കുസ്തായിൽ പരിശുദ്ധാത്മാവ് ശ്ലീഹന്മാരിൽ എഴുന്നള്ളി വന്നതുപോലെ സ്ഥൈര്യലേപനം സ്വീകരിക്കുമ്പോൾ നമ്മിൽ ഓരോരുത്തരിലും പരിശുദ്ധാത്മാവ് എഴുന്നള്ളി വരുന്നു. ക്രിസ്തുവിനു് യഥാർത്ഥത്തിൽ സാക്ഷ്യം വഹിച്ച് വിശ്വാസം പ്രചരിപ്പിക്കാനും സംരക്ഷിക്കാനും നാം കൂടുതൽ ചുമതലയുള്ളവരായിത്തീരുന്നു (2)

"സ്ഥൈര്യലേപനം സ്വീകരിച്ചവർ അതു് സ്വീകരിക്കാത്തവരെക്കാൾ സ്വർഗ്ഗത്തിൽ കൂടുതൽ മഹത്വം പ്രാപിക്കും'' എന്നു് വി. തോമസ് അക്വീനാസ്സ് അഭിപ്രായപ്പെടുന്നു. (2) "സ്ഥൈര്യലേപനത്തോടുകൂടി ക്രിസ്തീയമായ പക്വത പ്രാപിക്കുകയാണു്'' (3) എന്നത്രെ വി. തോമസ്സ് അക്വീനാസിൻെറ അഭിമതം.

ക്രിസ്തുവിൻെറ സേവനത്തിൽ സ്ഥിരീകരണവും ക്രിസ്തുവിനോടുള്ള കൂടുതൽ സാരൂപ്യവും നാം ഈ കൂദാ

---

(1) വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ: തിരുസഭ; II No. 11·
(2) St. Thomas Summa Theologiac III. Q:72,a 1·7
(3) ,, Centra Gentiles. IV· 58, 60.

ര വഴി പ്രാപിക്കുന്നു. അവിടത്തെ രാജത്വത്തിലും പ്രവാചകത്വത്തിലും പൗരോഹിത്യത്തിലും കൂടുതൽ പൂർണ്ണമായ ഭാഗഭാഗിത്വം സിദ്ധിക്കുന്നതോടൊപ്പം തജ്ജന്യമായ കടമകൾ നിർവ്വഹിക്കുവാനുള്ള സവിശേഷമായ പ്രസാദവരവും ഈ കൂദാശ ഒരു ക്രിസ്ത്യാനിക്കു പ്രദാനം ചെയ്യുന്നുണ്ട്. അവകാശങ്ങൾ സിദ്ധിക്കുമ്പോൾ ഉത്തരവാദിത്വവും വർദ്ധിക്കുന്നു. സ്ഥൈര്യലേപനം എന്ന കൂദാശ നമ്മെ ക്രിസ്തുവിനോട് ഒരു പുതിയ തലത്തിൽ ഏകീഭവിപ്പിക്കുകയും, ജ്ഞാനസ്നാന മുദ്രയെ പൂർത്തിയാക്കുകയും ചെയ്യുന്നു, രാജാവും, പ്രവാചകനും, പുരോഹിതനുമായ ക്രിസ്തുവിനോട് നമ്മെ സദൃശരാക്കിത്തീർത്തുകൊണ്ട്. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും ഫലങ്ങളാലും മററനേക നന്മകളാലും നമ്മെ സമ്പന്നരാക്കിത്തീർക്കുകയും ചെയ്യുന്നു (4) എന്നും വി. തോമസ് അക്വീനാസ് പ്രസ്താവിച്ചിരിക്കുന്നു. ജ്ഞാനസ്നാനസ്വീകരണത്തിൽ ക്രിസ്തുവിന്റെ രാജത്വത്തിലും പ്രവാചകത്വത്തിലും പൗരോഹിത്യത്തിലുമുള്ള ഭാഗഭാഗിത്വം ഭവ്യാവസ്ഥയിലായിരുന്നു. ഇപ്പോൾ അതു് ഭാവ്യാവസ്ഥയിലായിരിക്കുന്നു.

സ്ഥൈര്യലേപനം നമ്മുടെ വിശ്വാസത്തിന്റെ ശത്രുക്കളോട് സമരം ചെയ്യുവാനും നമ്മെ സജ്ജരാക്കുന്നുണ്ട്. മാരകായുധങ്ങൾകൊണ്ടുള്ള സമരമല്ല പ്രത്യുത ധാർമ്മികമായും ആദ്ധ്യാത്മികമായുമുള്ള സമരമാണ്, തന്നെത്തന്നെ കീഴടക്കുക ലോകം മുഴവൻ കീഴടക്കുന്നതിലും വലിയ വിജയമാണ്. നീ ലോകം ഭരിക്കണമെന്നഭിലഷിക്കുന്നെങ്കിൽ നിന്റെ രാജ്യം ഭരിക്കുക, രാജ്യം ഭരിക്കണമെങ്കിൽ സമൂഹത്തെ നയിക്കുക. സമൂഹത്തെ നയിക്കണമെങ്കിൽ കുടുംബത്തെ നിയന്ത്രിക്കുക കുടുംബത്തെ നിയന്ത്രിക്കണമെങ്കിൽ തന്റെ തന്നെ അധിനാഥനാകണം, അത

(4) St. Thomas. Summa Theologiae, III q. 72; a, 5-7

ന്ന് ആത്മസായമനം കൂടിയേതീരൂ''. (5) എന്ന് കൺഫ്യൂഷ്യസ് എന്ന ചൈനീസ് താത്വികൻ പ്രസ്താവിച്ചിരിക്കുന്നു. ഒരു ക്രിസ്ത്യാനി ലൗകികവസ്തുക്കളുടെയും ലോകത്തിന്റെയും തന്റെയും മേൽ ആധിപത്യം സ്ഥാപിക്കുമ്പോൾ ക്രിസ്തുവിന്റെ രാജത്വത്തിൽ ഭാഗഭാക്കാകുന്നു. ക്രിസ്തുവിനെ അനുകരിച്ച് പ്രശാന്തമായും സ്നേഹസമന്വിതമായും സേവനമനുഷ്ഠിച്ച് ലോകത്തെ കീഴടക്കാം, സിയന്നായിലെ വി. കത്രീന, വി. ജോവാൻ ഓഫ് ആർക്ക്, വി. നിക്കളാവോസ് വോൺഫ്ളൂ (St. Nicholas Von-Flue) എന്നിവർ അതിന് ഏററവും നല്ല മാതൃകകളാണ്. വി. നിക്കളാവോസ് ഭക്തിപരവും ദരിദ്രവുമായ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ ജർമ്മൻ ഭരണഘടന എഴുതിയതു് അദ്ദേഹമാണ്.

ലൗകിക വസ്തുക്കളുടെ പരിത്യാഗം വഴി നാം അവയുടെ മേലുള്ള ആധിപത്യവും ദൈവത്തോടുള്ള വിധേയത്വവും പ്രഖ്യാപിക്കുന്നു. രാഷ്ട്രീയരംഗത്ത് എല്ലാ ജനപദങ്ങളിലും ക്രിസ്ത്യാനികൾ പൗരാണികകാലം മുതൽ നിർണ്ണായകമായ സ്വാധീനശക്തി ചെലുത്തിയിരുന്നു. ഭരണരംഗത്തും, നിയമസഭയിലും, രാഷ്ട്രീയപാർട്ടികളിലും ക്രിസ്തീയമായ ആദർശങ്ങളാൽ ഉൽബുദ്ധരായി പ്രവർത്തിക്കുമ്പോൾ ഇന്നും ഒരുതു് സാധിക്കും

നിങ്ങൾ അന്ധകാരത്തിൽ നിന്നും തന്റെ അധികമായ പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ മഹത്വങ്ങളെ അറിയിക്കുവാനായിട്ട് രാജ്യത്തിനായി ആചാര്യ

---

(5) Fr. Bernard Haring Christian Renewal in a Changing World. P 2.

ത്വം നിർവഹിക്കുന്ന തെരഞ്ഞെടുക്കപ്പെട്ട വംശവും വിശുദ്ധ ജനവും രക്ഷിക്കപ്പെട്ട ഗണവുമാകുന്നു. (വി. പത്രോ. I-ാംലേ. II. 9) നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും, പരിശുദ്ധവും ദൈവത്തിന് സ്വീകാര്യമായ ബലിയായി ബുദ്ധിപൂർവ്വകമായ ശുശ്രൂഷമൂലം സമർപ്പിക്കുവിൻ. (റോമ്മാ: XII. 1.) ഇതിൽ നിന്നെല്ലാം ഒരു ക്രിസ്ത്യാനിക്ക് ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ ഭാഗഭാഗിത്വമുണ്ടെന്ന് സിദ്ധിക്കുന്നു. "ഏകപുരോഹിതനായ ക്രിസ്തുവിൻെറ അവയവങ്ങളായതിനാൽ നാമും പുരോഹിതരാണ്. (6) എന്ന് വി. ആഗുസ്തീനോസ് പറയുന്നു. അതിനുള്ള മാർഗ്ഗം സ്ഥൈര്യലേപനമാണെന്നും വിശുദ്ധൻ അനുസ്മരിപ്പിക്കുന്നു. വി. തോമസ് അക്വിനാസും പറയുന്നു മൗതികശരീരത്തിൽ നാം ക്രിസ്തുവിൻെറ പൗരോഹിത്യത്തിൽ ഭാഗഭാക്കുകളാകുന്നു എന്ന് (7) നാം നമ്മുടെ അനുദിന കൃത്യങ്ങളും, ത്യാഗങ്ങളും, പീഡനങ്ങളും രോഗങ്ങളുമെല്ലാം ഒരു ബലിയായി ദൈവത്തിനു സമർപ്പിക്കണം. കൂടാതെ ദിവ്യബലിയിൽ സജീവമായ ഭാഗഭാഗിത്വം വഹിച്ചുകൊണ്ടും പൗരോഹിത്യ ധർമ്മം നിർവഹിക്കാം. ഭൗതിക മണ്ഡലത്തെ വിശുദ്ധീകരിക്കുക എന്നതാണല്ലോ അത്മേയരുടെ പ്രധാന ദൗത്യം. ദൈവത്തിനും സഹോദരങ്ങൾക്കുമായി പ്രതിഷ്ഠിതമായ ഒരു ജീവിതം...അനുദിന ജീവിതത്തിലെ സകല പ്രവൃത്തികളും വിശുദ്ധമായ സമൂഹത്തിലെ അംഗമെന്ന നിലയിൽ നമ്മെ ദൈവത്തോടു ഐക്യപ്പെടുത്തുന്ന യഥാർത്ഥ ബലിയാണ് (8) എന്ന് വി. ആഗുസ്തീനോസും അഭിപ്രായപ്പെടുന്നു.

---

(6) St. Angustine Do Civitate Dei. XX, 10

(7) St. Thomas. Aquinas. De Regimine Principio, I. 14, III.Q:83.

(8). St. Augustine. De Civitate Dei X. 6.

കൂടാതെ, നമുക്ക് മിശിഹായുടെ പ്രവാചകത്വ ധർമ്മത്തിലും ഈ കൂദാശവഴി പങ്കു ചേരുവാൻ സാധിക്കും. ഓരോ ക്രിസ്ത്യാനിയ്ക്കും ഔദ്യോഗികമായ അദ്ധ്യാപനാധികാരം ലഭിക്കുന്നില്ലെങ്കിലും സഭയുടെ നിർദ്ദേശ പ്രകാരം ചെയ്യുമ്പോൾ ഏതാദൃശമായ ഒരധികാരത്തിൽ ഭാഗഭാക്കുകളാകുന്നുണ്ട്.

ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴി ക്രിസ്തുവിനു് സാക്ഷ്യം വഹിച്ചുകൊണ്ടു് ജീവിക്കുന്നതിനും മററുള്ളവരുടെ ആത്മരക്ഷയ്ക്കായി പരിശ്രമിക്കുന്നതിനും എല്ലാ ക്രൈസ്തവർക്കും ചുമതലയുണ്ടു് (9) എന്നു് ഫാ. ബർണാർദ്ദ് ഹെയറിംഗ് പ്രസ്താവിക്കുന്നു.

പരിശുദ്ധാത്മാവു് നമ്മെ ക്രിസ്തുവിൻെറ നിയമങ്ങൾ പഠിപ്പിക്കുന്നു. ദൈവാരൂപി ഒരു നവ്യ ലോകസൃഷ്ടിക്കുള്ള ദൗത്യമാണ് ഓരോ ക്രൈസ്തവനും നല്കുന്നതു്. ഭൗതികവാദികൾ ചിന്തിക്കുന്നതുപോലെ ദൈവമില്ലാത്ത ഒരു ലോകമല്ല പ്രത്യുത ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു ലോകം. സ്ഥൈര്യലേപനം എന്ന കൂദാശ വഴി ഓരോരുത്തരുടെയും വ്യക്തിപരമായ ചരിത്ര രൂപീകരണമല്ല ലോകചരിത്ര വിധാതാക്കളാകുവാനുള്ള കഴിവു് പ്രദാനം ചെയ്യുന്നു. ക്രിസ്തുവിനോടുള്ള താദാത്മ്യ പൂർത്തീകരണം സ്ഥൈര്യലേപനത്തിലാണു് നടക്കുന്നതു്. ക്രിസ്തുവിനും സഭയ്ക്കും രണ്ടു ജനനമുണ്ടായിരുന്നതുപോലെ ക്രിസ്ത്യാനിയും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്താൽ മാമ്മോദീസായിലും സ്ഥൈര്യലേപനത്തിലും ക്രിസ്തുവിൽ നവമായി ജനിക്കുന്നു.

---

(9) Rev. Fr Bernard Haring A. Sacramental Spirituality. P.75.

പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ ലഭിക്കുന്ന ഒരാത്മാവിനു് ദൈവസവിധത്തിലേയ്ക്കു് പറന്നുയരുന്നതിനു് ഏഴ് ചിറകുകൾ ലഭിക്കുന്നു. തന്മൂലം ആത്മാവിൻെറ പ്രവൃത്തികൾ ഒരർത്ഥത്തിൽ ദൈവീകമാണു്. ബുദ്ധിയ്ക്കു് പ്രകാരം ലഭിച്ചു് ദൈവീക രഹസ്യങ്ങളിലേയ്ക്കു് ചുഴിഞ്ഞിറങ്ങി അതിൻെറ മനോഹാര്യത ആസ്വദിക്കുന്നു. അറിവു് എന്ന ദിവ്യദാനത്താൽ ഭൗമിക വസ്തുക്കളിൽ ദൈവത്തെ ദർശിച്ചു് അവിടത്തെ സവിധത്തിലേയ്ക്കുയരുന്നതിനു് പ്രാപ്തമാകും. ഈ ജ്ഞാനത്തിൻെറ ഫലമായി ദൈവീക യാഥാർത്ഥ്യങ്ങൾ കൂടുതൽ അഗാധമായി അറിഞ്ഞു് ആസ്വദിക്കും. ആലോചന എന്ന ദാനത്താൽ എല്ലാ പ്രവർത്തനങ്ങളും ഒരർത്ഥത്തിൽ ദൈവ പ്രചോദിതമായിരിക്കും.

ഭക്തിവഴി ദൈവത്തെ തീക്ഷ്ണതാപൂർവ്വം സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നു. തന്മൂലം സഹോദരങ്ങളോടുള്ള സ്നേഹത്തിലും അഭിവൃദ്ധി പ്രാപിക്കും. ധൈര്യം ദൈവ സേവനത്തിലും സഹോദര സേവനത്തിലുമുള്ള എല്ലാ പ്രതിബന്ധങ്ങളെയും തട്ടിത്തകർത്തുകൊണ്ടു് മുന്നേറുന്നതിനുള്ള കഴിവു് പ്രദാനം ചെയ്യാതിരിക്കുകയില്ല. ദൈവഭയം കൂടുതലായി ദൈവത്തിൽ സമാശ്രയിക്കുന്നതിനും അവിടത്തേയ്ക്കു് പൂർണ്ണമായി സ്വയം സമർപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നു. ആത്മാവിനാൽ നയിക്കപ്പെടുന്നവർക്കു് പരിപൂർണ്ണ സ്വാതന്ത്ര്യരാണു്. അവർ നിയമത്തിൽ നിന്നും പാപത്തിൽ നിന്നും സ്വതന്ത്രരാകും. അവർക്കു് അരൂപിയുടെ നിയമം മാത്രമാണുള്ളതു്. ശരീരത്തിനു് ആത്മാവ് എപ്രകാരമാണൊ അതുപോലെയായിരിക്കണം ഒരു ക്രിസ്ത്യാനി ലോകത്തിനു്. ക്രിസ്തുവിനു് എല്ലായിടത്തും സാക്ഷ്യം വഹിക്കുന്നതിനുള്ള ചുമതലയാണല്ലൊ സ്ഥൈര്യലേപനം വഴി നമ്മിൽ നിക്ഷി

പ്തമാകുന്നതു്. അല്മായപ്രേഷിതത്വത്തിന്റെ കൂദാശയാണു് അതു്. രണ്ടാം വത്തിക്കാൻ സൂനഹദോസു് തിരുസഭയെക്കുറിച്ചുള്ള ഡിക്രിയിലും അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രിയിലും ഇതു് വ്യക്തമാക്കി. ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുക ( Martyria ) ഐക്യം (Koinonia) സേവനം (Diakonia) ഇതത്രെ ഇന്നത്തെ അല്മേയന്റെ ദൗത്യം. ഞാൻ എന്റെ അരൂപിയെ അയക്കും. അപ്പോൾ സകലതും സൃഷ്ടിക്കപ്പെട്ടും, ഭൂമുഖം പുതുതാവുകയും ചെയ്യും എന്ന ദീർഘദർശിയുടെ പ്രവചനം അപ്പോൾ സാത്ഥകമാകും.

സ്ഥൈര്യലേപനം നമ്മുടെ ക്രിസ്തീയ ജീവിതം കൂടുതൽ അഗാധമാക്കി ക്രിസ്തുവിനോടു് പരിപക്വമായ ഒരു അഭിമുഖീകരണത്തിനു് പ്രാപ്തമാക്കുന്നു. അതു് നമ്മിൽ ക്രിസ്തുവിന്റെ രൂപം പൂർണ്ണമാക്കി അവിടത്തെ പരിത്രാണകർമ്മത്തിൽ സഹകരിക്കുവാൻ ശക്തി നല്കും. അതുപോലെ ക്രിസ്തീയമായ സാമൂഹ്യപക്വതയും ഈ കൂദാശ പ്രദാനം ചെയ്യുന്നതാണു്.

# അദ്ധ്യായം 15

## പോഷണം.

ദൈവപുത്രൻ മനുഷ്യപുത്രനായതു് മനുഷ്യപുത്രരെ ദൈവപുത്രരാക്കിത്തീക്കുവാനാണു്. എന്നു് വി. ആഗസ്റ്റീനോസ് പ്രസ്താവിച്ചപ്പോൾ ക്രിസ്തീയ ജീവിതത്തിന്റെ അന്തസ്സത്ത മനോഹരമായി പ്രകാശിപ്പിക്കുകയാണു് ചെയ്തതു്. ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെ ആയിത്തീരുന്നതിനു് നിഷിദ്ധമായ ഫലം ഭക്ഷിച്ചു. തൽഫലമായി അവക്കുണ്ടായിരുന്ന ദൈവപുത്രർ എന്ന സ്ഥാനം നഷ്ടപ്പെട്ടു. അന്നു മുതൽ അതു് വീണ്ടെടുക്കുന്നതിനു് മാനവകുലം പ്രതീകാത്മകമായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിക്കുന്നതായി നാം കാണുന്നു. ഭാരതീയരായ ഋഷിപുംഗവരും ദാശ്നികരും ഈശ്വരനുമായുള്ള താദാത്മ്യ പ്രാപ്തിയിൽ മുക്തി കണ്ടെത്തുമെന്നു കരുതി. അതിനായി വേദപ്രോക്തമായ ആചാരവിധികൾ അനുഷ്ഠിച്ചിട്ടുണ്ടു്. "അഹം ബ്രഹ്മാസ്മി." എന്ന വേദാന്തികളുടെ അദ്വൈത സിദ്ധാന്തവും ഇതു തന്നെ പ്രസ്പഷ്ടമാക്കുന്നു എല്ലാമതസ്ഥരും ഈ അഭിലാഷ പൂത്തീകരണത്തിനായി ബലികളും, കാഴ്ചകളും, ദേവന്മാരോടുകൂടി എന്നു സങ്കല്പിച്ചുകൊണ്ടുള്ള വിരുന്നുകളും, ദേവവിഗ്രഹ ഭോജനവും വിഗ്രഹങ്ങൾക്കപ്പിച്ച ബലിവസ്തുക്കളുടെ ഭോജനവും മററും വഴി ഇതു് പ്രകടമാക്കി.

വി. തോമസ് അകവീനാസു് അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, എല്ലാവസ്തുക്കളും നൈസർഗ്ഗികമായി അതി

ൻെറ പരിമിതിയെ അതിലംഘിച്ചുകൊണ്ടു് പരമോന്ന തമായ ഒരു പൂർണ്ണത പ്രാപിക്കുവാൻ പരിശ്രമിക്കുന്നു. എല്ലാം ദൈവത്തെ ആഗ്രഹിക്കുന്നു. സകല വസ്തുക്കളും, മൂകജാലങ്ങൾപോലും ദൈവവുമായി താദാത്മ്യം പ്രാപിക്കുന്നതിനുള്ള പ്രവണത പ്രകടിപ്പിക്കുന്നു. അസ്തിത്വവാദതാത്വികരായ ഗബ്രിയേൽ മാർസൽ, ജിൻപോൾ സാർട്ടർ മുതലായവരും അസ്തിത്വം അതിൽത്തന്നെ സർവ്വാതിശായിയാകുവാൻ (Transcend) വെമ്പൽ കൊള്ളുന്നു എന്നു് പ്രസ്താവിക്കുന്നുണ്ടു്. ഇപ്രകാരം മൂകജാതികളിൽ പോലുമുള്ള ഈശ്വര സാക്ഷാൽക്കാരത്തിനുള്ള അഭിവാഞ്ഛ മനുഷ്യനിൽ അതിൻെറ പരമകാഷ്ഠ പ്രാപിച്ചു. മിശിഹായ്ക്കു് മുമ്പ് അതു് അശക്തവും വിഫലവുമായിരുന്നെങ്കിലും വ്യാപകമായ വിധം പ്രകടമായിരുന്നു.

ദൈവീകതാദാത്മ്യ പ്രാപ്തിക്കുള്ള മനുഷ്യൻെറ ആഗ്രഹം നിമിത്തം വിഗ്രഹാരാധന മനുഷ്യാവതാരം കൂടാതെ സരാംശഭേദം വഴിയുള്ള മിശിഹായുടെ സത്താപരമായ സാന്നിദ്ധ്യം സാധ്യമാകുന്നതിനുള്ള ആഗ്രഹത്തിൻെറ ഒരു ബാഹ്യ പ്രകടനമാണു്. സാരാംശഭേദത്തിനുള്ള നമ്മുടെ ഉറപ്പു് പ. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻെറ മനുഷ്യാവതാരമാണു് എന്നു് ചെസ്റ്റർട്ടൻ അഭിപ്രായപ്പെടുന്നു.

ദൈവീക സംയോജ്യതയ്ക്കുള്ള മാനുഷികാഭിലാഷത്തിൻെറ സംഗ്രഹവും സാക്ഷാൽക്കാരവുമാണു് പരിശുദ്ധ കുർബ്ബാന. ദിവ്യകാരുണ്യസ്ഥാപനം വഴി മിശിഹാ അവിടത്തെ ഭൗമിക ജീവിതം ശാശ്വതമാക്കി. കണ്ണുനീരിൻെറ ഈ താഴ്വരയെ ഒരു ഭൗമ്യപറുദീസായാക്കിത്തീർത്തു. ദിവ്യകാരുണ്യം ആധുനിക ലോകത്തിൻെറ ക്രൂദാശയാണു് ആധുനിക മനുഷ്യൻ അവൻെറ ശാസ്ത്രീയ

മായ നേട്ടങ്ങളിൽ അഭിമാനിക്കുന്നുണ്ട്. എങ്കിലും ശാസ്ത്രത്തിനു് വ്യാഖ്യാനം നല്കുവാൻ സാധിക്കാത്ത പല വസ്തുതകളും യഥാർത്ഥ്യങ്ങളുമുണ്ട്. സാരാംശഭേദം വഴിയായിട്ടുള്ള മിശിഹാനാഥൻെറ പരിശുദ്ധ കുർബ്ബാനയിലെ സാന്നിദ്ധ്യം അപ്രകാരമുള്ള ഒന്നാണു്. അതു് സ്നേഹത്തിൻെറ മഹാ അത്ഭുതമാണു്. ദൈവം സർവ്വശക്തനാണെങ്കിലും പരിശുദ്ധ കർബ്ബാനയെക്കാൾ വലുതായ ഒരത്ഭുതം പ്രവത്തിക്കുവാനും, സർവ്വജ്ഞനാണെങ്കിലും അതിലും വലുതായ ഒന്നു കണ്ടുപിടിക്കുവാനും സർവ്വസമ്പന്നനാണെങ്കിലും അതിലും വലുതായ ഒരു ദാനം നല്കുവാനും അവിടത്തേയ്ക്കു് സാദ്ധ്യമല്ല എന്നു് വി. ആഗുസ്തീനോസ്സ് പ്രസ്താവിക്കുന്നു. ദൈവത്തിൻെറ അനന്തമായ ശക്തിയും ജ്ഞാനവും സമ്പത്തും ചേന്ന സ്നേഹത്തിൻെറ മഹാ അത്ഭുതമാണു് പ.കുർബ്ബാന, ഒരു ദൈവത്തിനു പോലും അവിടത്തെ തന്നെ നല്കുന്നതിലും കൂടുതലായി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലല്ലോ. പ.കുർബ്ബാനയിലെ മിശിഹായുടെ സത്താപരമായ സാന്നിദ്ധ്യത്തിൽ താത്വികമായ യാതൊരു വൈരുദ്ധ്യവുമില്ലെന്നു് പതിമൂന്നാം നൂററാണ്ടിൽ വി. തോമസ്സ് അക്വീനാസ്സ് സയുക്തികം അനിഷേധ്യമായി സമർത്ഥിച്ചിട്ടുണ്ട്. ഇന്നും യാതൊരു താത്വികനും, ശാസ്ത്രജ്ഞനും അതു് നിരാകരിക്കുവാൻ സാദ്ധ്യമല്ല.

വി. ഗ്രന്ഥം പഴയ നിയമത്തിൽ വി.കുർബ്ബാനയുടെ പല സാദൃശ്യങ്ങളും പ്രതീകങ്ങളും കാണുന്നുണ്ട്. മൽക്കിസ്സ്ദേക്കിൻെറ ബലി അപ്പവും വീഞ്ഞും കൊണ്ടുള്ളതായിരുന്നു. (സൃഷ്ടി XIV. 18. etc) നിങ്ങളുടെ കാഴ്ചകളും ബലികളും സ്വീകാര്യമല്ല. സൂര്യോദയം മുതൽ അസ്തമനം വരെ ലോകത്തിൻെറ എല്ലാഭാഗത്തും നിത്യകാലത്തേയ്ക്കു് അർപ്പിക്കപ്പെടുന്ന ഒരുബലി സ്ഥാപിതമാകും.

(മലാക്കി:I.11 ) ഈ പ്രവചനം യഥാർത്ഥത്തിൽ ദിവ്യ ബലിയിൽ മാത്രമേ സാത്ഥകമാകുന്നുള്ളൂ.

ഇസ്രായേൽ ജനതയെ ഫറവോൻ വിട്ടയക്കാതിരുന്നപ്പോൾ ദൈവം ഈജിപ്റ്റിലെ ജനങ്ങളെ പത്ത് ബാധകൾ വഴി ശിക്ഷിച്ചു. പത്താമത്തെ ബാധ അവരുടെ കടിഞ്ഞൂൽ പുത്രരെ സംഹരിച്ചതാണ്. ഇസ്രായേൽക്കാരുടെ ആദ്യജാതരെ വധിക്കാതിരിക്കുവാൻ അവർ ഒരു കുഞ്ഞാടിനെ കൊന്ന് അതിൻെറ രക്തം അവരുടെ ഭവനങ്ങളുടെ പ്രധാന കവാടത്തിൽ തളിക്കണമെന്ന് ദൈവം നിർദ്ദേശിച്ചു, കുഞ്ഞാടിൻെറ മാംസം തീയിൽ ചുട്ട് കാട്ടുചീരയോടുചേ'ത്ത് ഭക്ഷിക്കണമെന്നും ആവശ്യപ്പെട്ടു. അപ്രകാരം ഇസ്രായേൽ ജനതയുടെ ആദ്യജാതർ സുരക്ഷിതരായി: ഇതിനെ അനുസ്മരിക്കുന്നതിനും, ഇസ്രായേൽ ജനതയെ ഈജിപ്റ്റിൽ നിന്നും മോചിപ്പിച്ചതിന് ദൈവത്തോട്ട് കൃതജ്ഞതാ സൂചകമായും ആണ്ടുതോറും പെസഹാ ഭക്ഷിക്കണമെന്നു ദൈവം ഇസ്രായേൽ ജനതയോടാവശ്യപ്പെട്ടു. ഈ പെസഹാ കുഞ്ഞാട്ട് ലോകപാപശാന്തിക്കായി ബലിഅപ്പിക്കപ്പെട്ട ദൈവീക കുഞ്ഞാടായ മിശിഹായുടെ സാദൃശ്യമാണ്. അതിനാൽ പരിശുദ്ധ കുർബ്ബാനയുടെ ഒരു പ്രതീകവുമാണ്. (I.കോറി: XI. 26.)

ഇസ്രായേൽ ജനത മെസ്രേനിലെ പാരതന്ത്ര്യത്തിൽ നിന്നും മോചിതമായി മരുഭൂമിയിൽക്കൂടി പ്രയാണം ചെയ്യുമ്പോൾ അവരുടെ ഭക്ഷണ വിഭവങ്ങൾ തീന്നുപോയി. തന്നിമിത്തം അവർ മൂശക്കെതിരായി പിറുപിറുത്തു. മൂശ ദൈവത്തോട്ട് പ്രാത്ഥിച്ചു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്നും അവർക്ക് മന്നാ വഷിച്ചുകൊടുത്തു. ഈ മന്നായും പ. കുബ്ബാനയുടെ ഒരു പ്രതീകമത്രെ. (പുറപ്പാട്ട്. XVI.

സംഖ്യ: XI. വി. യോഹന്നാൻ VI - 31)

ഈശോ അവിടത്തെ മരണത്തിൻെറ തലേ ദിവസം കേവലം വികാരാവേശത്തിൽ ചെയ്ത ഒരു കൃത്യമല്ല പ. കുർബ്ബാനയുടെ സ്ഥാപനം. അവിടന്നു് മുൻകൂട്ടിത്തന്നെ അവിടത്തെ ശരീര രക്തങ്ങൾ നമുക്കു് ഭക്ഷണമായി നല്കുന്നതാണെന്നു് വാഗ്ദാനം ചെയ്തു. അഞ്ചപ്പവും രണ്ടു് മത്സ്യവും വർദ്ധിപ്പിച്ചു് അയ്യായിരം പേരെ തൃപ്തരാക്കിയ ശേഷം കഫർണാമിൽ വച്ചു് അവിടന്നു് ചെയ്ത പ്രഭാഷണം പ. കുർബ്ബാനയെ ആസ്പദമാക്കിയായിരുന്നു. (വി. യോ. VI).

സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻഎന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു. (51-52) എന്തെന്നാൽ എൻെറ ശരീരം സാക്ഷാൽ ഭക്ഷ്യമാകുന്നു. എൻെറ രക്തം സാക്ഷാൽ പാനീയവുമാകുന്നു. ആകയാൽ എൻെറശരീരം. ഭക്ഷിക്കുകയും എൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കും. (56 - 57).

മിശിഹാ ഇതു് വാച്യാർത്ഥത്തിൽ തന്നെയാണു് അരുളിചെയ്തതു് എന്നു് ശ്ലീഹന്മാരും യഹൂദരും മനസ്സിലാക്കി. ചിലരെല്ലാം അവിടത്തെ പരിത്യജിച്ചു ഈ പ്രഖ്യാപനം നിമിത്തം. (67) എന്നിട്ടും ഈശോ അവിടത്തെ പ്രബോധനം ഉറപ്പിക്കുകയാണു് ചെയ്തതു്. വി. കുർബ്ബാനയുടെ സ്ഥാപനത്തെ സംബന്ധിച്ചു് സുവിശേഷകന്മാർ മൂന്നു പേരും രേഖപ്പെടുത്തിയിട്ടുണ്ടു്. ഈശോയും അവിടത്തെ അപ്പസ്തോലന്മാരും യഹൂദാചാരപ്രകാരമുള്ള പെസഹാ വിരുന്നു് കഴിച്ചുകൊണ്ടിരുന്ന അവസരത്തിലാ

ണ് ദിവ്യകാരുണ്യം എന്ന കൂദാശ സ്ഥാപിച്ചതു്. അട ത്ത ദിവസം ഗാഗുൽത്തായിൽ അപ്പിക്കവാനിരുന്ന അവിടത്തെ പരമോന്നതമായ ബലി അവിടന്നു് മുൻ കൂട്ടി അപ്പിച്ചു. തദനന്തരം ശിഷ്യരോട്ട് കല്പിക്കുന്നു: "ഇതു് എ ൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ" (ലൂക്കാ, XXII· 1-9). ഈ ബലിയപ്പണം ലോകാവസാനം വരെ അ വിരാമം തുടരണമെന്നുള്ള അവിടത്തെ ഹൃദയാഭിലാഷം ഈശോ വ്യക്തമാക്കി. ആദിമ സഭ അതു് വളരെ വി ശ്വസ്തതാപൂവ്വം നിറവേററിയിരുന്നു. അവർ അപ്പസ്തോല ന്മാരുടെ പ്രബോധനങ്ങളിൽ ഉറച്ചു് നിന്നു് പ്രാത്ഥന യിലും എവ്വക്കറിസ്തിയാ മുറിക്കുന്നതിലും വ്യാപൃതരായി രുന്നു (നടപടി 11. 42). ത്രോസിലും ഇതേ പാരമ്പ ര്യം തന്നെ നില നിന്നിരുന്നതായി കാണുന്നുണ്ടു്. (നടപ ടി XX. 7)

കത്താവിൽ നിന്നും എനിക്കു് ഏല്പിച്ചതു് അതേ പടി ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു എന്നു് അനുസ്മരി പ്പിച്ചു കൊണ്ടു് വി. പൗലോസ്സ് കോറിന്തോസിലെ സ ഭയ്ക്കു് എഴുതുന്നു. അതായതു് നമ്മുടെ കത്താവായ ഈശോ മിശിഹാ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ അവിടന്നു് അപ്പമെടുത്തു ആശീവ്വദിച്ചു് മുറിച്ചതിനു ശേഷം അരുൾ ചെയ്തു. "വാങ്ങി ഭക്ഷിക്കുവിൻ. ഇതു് നിങ്ങൾക്കായി സ മപ്പിക്കപ്പെടുന്ന എന്റെ ശരീരമാണു്. എൻെറ ഓർമ്മ ക്കായി ഇപ്രകാരം ചെയ്യുവിൻ." അതു പോലെ അത്താ ഴം കഴിഞ്ഞു് പാനപാത്രമെടുത്തു് കൊണ്ടു് അവിടന്നു് അരുൾ ചെയ്തു: "ഈ പാനപാത്രം എൻെറ രക്തം കൊ ണ്ടുള്ള പുതിയ നിയമമാകുന്നു. നിങ്ങൾ പാനം ചെയ്യുമ്പോ ഴെല്ലാം എൻെറ ഓർമ്മക്കായി ഇതു് ചെയ്യുവിൻ". നി ങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നി ന്നു് പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കത്താവി ൻെറ ആഗമനം വരെ അവിടത്തെ മരണത്തെ അനുസ്മ രിക്കുകയത്രെ ചെയ്യുന്നതു് (1. കോ. XI. 24-26).

# അദ്ധ്യായം 16

# പ. കുർബ്ബാനയിലെ മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യം

ഒരിക്കൽ ഒരു പ്രോട്ടസ്റ്റൻറു വൈദികൻ മോൺ. ഫുൾട്ടൻ. ജെ. ഷീനിനെ സമീപിച്ചുകൊണ്ട് ചോദിച്ചു: "എന്താണ് കത്തോലിക്കാ വിശ്വാസത്തിലെ ഏററവും പ്രധാന സത്യമെന്നു്" മോൺ. ഷീൻ മറുപടിയായി പറഞ്ഞു; "കത്തോലിക്കാവിശ്വാസത്തിലെ മൗലിക സത്യം പരിശുദ്ധ കുർബ്ബാനയിലെ മിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യമാണ്"' എന്നാൽ എന്തുകൊണ്ട് കത്തോലിക്കർ എല്ലാവരും വിശുദ്ധരാകുന്നില്ല എന്നു് ആ വൈദികൻ ചോദിച്ചപ്പോൾ അതിനു് കാൻറ്റ് പറഞ്ഞ മറുപടി മാത്രമേയുള്ളു എന്നു് ഷീൻ പ്രതിവചിച്ചു. അതായതു് നമുക്ക് മനുഷ്യൻെറ പ്രതിഭാസിക(Phenomenal) ജ്ഞാനമേയുള്ളു. സത്യദൈവവും മനുഷ്യനുമായ മിശിഹാ പ. കുർബ്ബാനയിൽ എഴുന്നള്ളി വസിക്കുന്നു എന്നുള്ളതു് എത്ര ആശ്വാസപ്രദമാണ്.

ദൈവം ഇസ്രായേൽ ജനതയോട്ട് ഒരു തല്ക്കാല കൂടാരം നിർമ്മിച്ച് അതിൽ വാഗ്ദാന പേടകം സ്ഥാപിക്കുവാൻ ആവശ്യപ്പെട്ടു. അതിൻെറ പ്രതിഷ്ഠ കഴിഞ്ഞപ്പോൾ ദൈവാരൂപി വാഗ്ദാന പേടകത്തിൽ ആവസിച്ചു. പിന്നീട്ട് ഇസ്രായേൽക്കാരുടെ അർത്ഥനകർ എല്ലാം അതിന്റെ

മുമ്പിലായിരുന്നു. അവരുടെ പ്രാർത്ഥനകൾ എല്ലാം ദൈവം ശ്രവിച്ചു (പുറപ്പാട്, 40. 32). ഇതു് അനുസ്മരിച്ചുകൊണ്ടു് മൂശ നിയമാവർത്തനത്തിൽ ഇപ്രകാരമുൽഘോഷിക്കുന്നു: "ഒരു ദൈവം തൻെറ ജനത്തോടു് ഇപ്രകാരം അടുത്തിരിക്കുന്ന വേറൊരു ജനത ഈ ഭൂമുഖത്തു് ഏതു്?" ഇസ്രായേൽ ജനതക്കു് വാഗ്ദാനപേടകം സ്ഥാപിച്ചിരുന്ന ഒരു സ്ഥലത്തു് മാത്രമേ ദൈവസാന്നിദ്ധ്യം അനുഭവവേദ്യമായിരുന്നുള്ളു. എന്നാൽ ഏതെങ്കിലും ഒരു കത്തോലിക്കാ ദേവാലയത്തിൽ പ. കുർബ്ബാന സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അവിടെ എല്ലാം സത്യ ദൈവവും സത്യമനുഷ്യനുമായ ഈശോമിശിഹായുടെ സാന്നിദ്ധ്യം ഉണ്ടു്.

ദിവ്യകാരുണ്യ സ്ഥാപനാവസരത്തിലെ ക്രിസ്തുവിൻെറ വാക്കുകളും പ. കുർബ്ബാനയിലെ മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യത്തെ പ്രദ്യോതിപ്പിക്കുന്നവയാണു് (വി. മത്തായി. XXVI. 26-29, വി. മർക്കോ. XIV. 22-25, വി. ലൂക്കാ XXII. 15-20).

അവിടുന്നു് കുരിശിലെ ബലിയുമായി ബന്ധപ്പെടുത്തിയാണു് ദിവ്യകാരുണ്യ സ്ഥാപനം നടത്തുന്നതു്. ക്രിസ്തുനാഥൻ പെസഹാക്കുഞ്ഞാടിനോടു് സ്വയം സാധർമ്മ്യപ്പെടുത്തുന്നു. കൂടാതെ ദിവ്യകാരുണ്യം ഒരു വിരുന്നിൻെറ സമയത്താണു് സ്ഥാപിതമാകുന്നതു്. ഇതു് ഒരു സ്നേഹവിരുന്നാണു്, വിരുന്നു് സ്നേഹത്തിൻെറയും ഐക്യത്തിൻെറയും ലക്ഷ്യമാണു്. ആകയാൽ ആ അപ്പം ഒന്നുതന്നെയായിരിക്കുന്നതുപോലെ തന്നെ നാമേവരും ഒരേ ശരീരമാകുന്നു. നാമേവരും ആ ഒരേ അപ്പത്തിൽനിന്നു് തന്നെയാകുന്നു സ്വീകരിക്കുന്നതു് (വി. പൗലോ. I കോ X 17.) ക്രിസ്ത്യയ ഐക്യത്തിൻെറ പ്രതീകമത്രെ പ. കുർബ്ബാന.

മിശിഹാ അരുളിച്ചെയ്ത വാക്കുകൾ അക്ഷരാർത്ഥത്തി ൽത്തന്നെ നാം ഗ്രഹിക്കേണ്ടതാണ്. അവിടന്ന് അപ്പം കരങ്ങളിൽ എടുത്ത് 'ഇതു് എന്റെ ശരീരമാകുന്നു' എന്നരുളിച്ചെയ്തപ്പോൾ അതു് അവിടത്തെ തിരുശരീരമായി മാറുന്നില്ലെങ്കിൽ അവിടന്നു് പറഞ്ഞവാക്കുകൾ അർത്ഥശൂന്യമാകുന്നു. അതു് ഒരു വഞ്ചനയുമായിരിക്കും. ഏതിനാൽ അതു് അവിടത്തെ തിരുശരീരം തന്നെയായി മാറിയിരിക്കണം. ക്രിസ്തുവിന്റെ വാക്കുകൾ കേവലം പ്രസ്താവനയല്ല. അവ സൃഷ്ടിപരമായ (Creative and effective) വാക്കുകളാണ്. രൂപകാർത്ഥത്തിലോ, സാദൃശ്യമായിട്ടോ അല്ല അവിടന്ന് അരുളിച്ചെയ്തതു്. വാച്യാർത്ഥത്തിൽ തന്നെ. ശ്ലീഹന്മാർ എല്ലാവരും യഹൂദന്മാർ പോലും അപ്രകാരമാണ് ഗ്രഹിച്ചതു്. "ഞാൻസ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിയ അപ്പമാകുന്നു എന്നവർ അരുളിച്ചെയ്തതുകൊണ്ടു് യൂദന്മാർ അവനെപ്പററി പിറുപിറുത്തു: "ഇവൻ യൗസേപ്പിന്റെ മകനായ ഈശോ അല്ലയോ? അവന്റെ അപ്പനെയും അമ്മയെയും നാം അറിയുന്നുവല്ലോ, പിന്നെ ഞാൻ സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങി വന്നുവെന്നു്" (വി. യോഹ:VI 41-42) വീണ്ടും ഈശോ അവിടത്തെ വാക്കുകൾ ഉറപ്പിച്ചു് പ്രഖ്യാപിക്കുന്നു. "ഞാൻ ജീവന്റെ അപ്പമാകുന്നു". (48-)

ക്രിസ്തുനാഥൻ അവിടത്തെ പ്രഖ്യാപനം പരിത്യജിക്കാതെ പന്ത്രണ്ടു ശിഷ്യന്മാരോടു് അവിടത്തെ അനുഗമിക്കുന്നതിനു് ഈ വിശ്വാസം ഒരു വ്യവസ്ഥയായി "നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ" എന്നു ചോദിച്ചു. (68) ശ്മഒൻ കേപ്പാ ഉത്തരമായി പറഞ്ഞു "എന്റെ കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ടു്". (69) എന്നു് വിശ്വാസം ഏററുപറയുകയാണു്.

യഹൂദന്മാർ വി. ഗ്രന്ഥം വായിച്ച് ദൈവത്തിൻെറ പരിത്രാണകൃത്യം അനുസ്മരിക്കുമ്പോൾ യഥാർത്ഥത്തിൽ അവരെ സംബന്ധിച്ചിടത്തോളം പ്രസ്തുതകൃത്യം ആവത്തിച്ച് അവരിൽ പൂർത്തീകരിക്കപ്പെടുന്നതായി പരിഗണിച്ചിരുന്നു. ദൈവവചനത്തിൻെറ ശക്തിയാൽ, അതുപോലെ ക്രിസ്തുവിൻെറ സൃഷ്ടിപരമായ വാക്കുകൾ വഴി അതേ യാഥാർത്ഥ്യം ഇന്നും ആവത്തിക്കപ്പെടുകയാണ്. ദൈവവചനം ഔദ്യോഗികമായി ആരാധനക്രമത്തിൽ വായിക്കുമ്പോൾ ക്രിസ്തുനാഥൻ അവിടെ സന്നിഹിതനാകുന്നുണ്ട് എന്നാണ് ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം. "നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രാപാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിന്റെ മരണമാകുന്ന അവൻെറ വരവുവരെ നിങ്ങൾ ഓർമ്മിക്കുന്നതു്" (വി, പൗലോ. I കോ. XI. 26). നാം ആശീർവദിക്കുന്ന സ്തോത്രത്തിൻെറ ആ പാനപാത്രം മിശിഹായുടെ രക്തത്തിൻെറ പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന അപ്പം മിശിഹായുടെ ശരീരത്തിൻെറ പങ്കുകൊള്ളലും അല്ലയോ (I. കോ. X. 16).

നവീകരണ പ്രസ്ഥാനക്കാർ 16-ാം നൂററാണ്ടിൽ പ. കുർബ്ബാനയിലെ മിശിഹായുടെ യഥാർത്ഥ സാന്നിദ്ധ്യം നിഷേധിച്ചപ്പോൾ ത്രെന്തോസ് സൂനഹദോസ് അവരുടെ തത്വസംഹിതയെ ശപിക്കുകയും പ. കുർബ്ബാനയിലെ മിശിഹായുടെ സാന്നിദ്ധ്യത്തിലുള്ള വിശ്വാസം വ്യക്തമായ ഭാഷയിൽ പ്രതിപാദിക്കുകയും ചെയ്തു. ക്രിസ്തുവിൻെറയും അപ്പസ്തോലന്മാരുടെയും പ്രബോധനം, സഭയുടെ സാർവ്വത്രികമായ പാരമ്പര്യം, പരിശുദ്ധാത്മാവിൻെറ പ്രചോദനം, സൂനഹദോസ് പിതാക്കന്മാരുടെ ഏകകണ്ഠമായ അഭിപ്രായം ഇവയെല്ലാം സമാദരിച്ചുകൊണ്ട് സൂനഹദോസ് ശക്തിയുക്തം മിശിഹായുടെ യഥാർത്ഥസാന്നിദ്ധ്യം സാരാംശഭേദം വഴി സംഭവിക്കുന്നുവെന്നു് പഠിപ്പിച്ചു.

രണ്ടാം വത്തിക്കാൻ സൂനഹദോസും ആരാധന ക്രമത്തെക്കുറിച്ചുള്ള ഡിക്രിയിൽ ഇപ്രകാരം പ്രഖ്യാപിച്ചു: അവിടന്നു് (മിശിഹാ) ഒററിക്കൊടുക്കപ്പെട്ട രാത്രി, അന്ത്യ അത്താഴ വേളയിൽ കുരിശിലെ ബലി അവിടത്തെ ആഗമനം വരെ ശാശ്വതമാകുന്നതിനു് ശരീര രക്തങ്ങളുടെ ബലിയായ പരിശുദ്ധ കുർബ്ബാനയെ സ്ഥാപിച്ചു് മണവാട്ടിയായ സഭയ്ക്കു് മരണത്തിൻെറയും ഉത്ഥാനത്തിൻെറയും ശാശ്വത സ്മാരകം നല്കി. അതു് സ്നേഹത്തിൻെറ കൂദാശയും ഐക്യത്തിൻെറ പ്രതീകവും ഉപവിയുടെ ഉടമ്പടിയും ക്രിസ്തുവിനെ സ്വീകരിക്കുന്ന പെസഹാവിരുന്നുമാണു്. ആത്മാവു് പ്രസാദവരത്താൽ സമ്പൂരിതമായി നമുക്കു് ഭാവിമഹത്വത്തിനു് ഉറപ്പു തരുന്നു. (ആരാധനക്രമം ഡിക്രി. അദ്ധ്യ. 11. 47)

രണ്ടാം വത്തിക്കാൻ സൂനഹദോസിനു ശേഷം ചില കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ എക്കുമേനിസത്തിൻെറ പേരിൽ ദിവ്യകാരുണ്യത്തിലെ മിശിഹായുടെ യഥാർത്ഥമായ സാന്നിദ്ധ്യത്തെ കത്തോലിക്കേതരസഭകളുടെ പ്രബോധനങ്ങളോടു് പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി ചില പരിശ്രമങ്ങൾ നടത്തിയ അവസരങ്ങളിലാണു് പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് "മിസ്റ്റേരിയും ഫിദെയി" (Mysterium-Fidei) എന്ന വിശ്വലേഖനം പ്രസിദ്ധപ്പെടുത്തിയതു്. വേദശാസ്ത്രജ്ഞന്മാർ പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന സാരാംശഭേദം (Transubstantiation) എന്ന പദത്തിനുപകരം സൂചനാഭേദം (Transignification) എന്ന പദമാണു് അവർ ഉപയോഗിച്ചതു്. പ്രസ്തുത സംരംഭത്തെ പ. പിതാവു് വിശ്വലേഖനത്തിൽ കർശനമായി താക്കീതു ചെയ്തു. വേദശാസ്ത്രജ്ഞന്മാരുടെ കർത്തവ്യം പുതിയ തത്വസംഹിതകൾ കണ്ടുപിടിക്കുകയല്ല. പൗരാണികമായ വിശ്വാസത്തെ ഇന്നത്തെ ജനങ്ങൾക്കു് മനസ്സിലാക

ത്തക്ക ഭാഷയിൽ വിശദീകരിക്കുകയാണ്. ദിവ്യബലി ക്കുശേഷവും ക്രിസ്തുവിൻെറ യഥാർത്ഥ സാന്നിദ്ധ്യം നിഷേധിക്കാത്ത രീതിയിലായിരിക്കണം പദപ്രയോഗം. ത്രെന്തോസ് സൂനഹദോസിൻെറ പ്രഖ്യാപനവും അഭംഗുരമായിരിക്കണം.

വിശ്രുത വേദശാസ്ത്രജ്ഞനായ ഫാ. കാൾറാണർ സൂചനാഭേദത്തി(Transignificatio n) ന് നല്കുന്ന അർത്ഥം ഇപ്രകാരമത്രെ "Transignificatixn means the Divine act in which the Substance (meaning and-power) of a religious sign is transformed on the personal revelation (Communication) of God (1). അതായത് ഒരു വസ്തുവിൻെറ ദൈവശാസ്ത്രസംബന്ധമായ അർത്ഥം ദൈവത്തിൻെറ സ്വയം വെളിപ്പെടുത്തൽ അഥവാ അർപ്പണമായി മാററുന്ന ദൈവിക പ്രക്രിയയാണ് സൂചനാഭേദം പൗരാണികവും ആധുനികവുമായവ സമീപനത്തിൽ മാത്രമേ വ്യത്യാസമുള്ളു. മിശിഹാ നമുക്കുവേണ്ടി വ്യക്തിഗതമായ ബന്ധത്തിൽ ദിവ്യകാരുണ്യത്തിൽ നല്കുന്നുവെന്നുള്ളത് അനിഷേധ്യമായ ഒരു വിശ്വാസമാണ്. അതു സാരാംശഭേദമോ, സൂചനാഭേദമോ വഴിയായാലും കാര്യത്തിൽ വ്യത്യാസമില്ല. ആധുനികശാസ്ത്രം ഇന്ദ്രിയ ഗോചരമായ വസ്തുത മാത്രമേ അംഗീകരിക്കുന്നുള്ളു എന്നാൽ പദാർതഥാതീത ശാസ്ത്രത്തിൽ (Metaphysics) വ്യവഹരിക്കുന്ന സത്തയും അസ്തിത്വവും മററും ശാസ്ത്രത്തിൻെറ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമല്ലല്ലോ.

(1) Rev. Fr. Karl Rhaner, Mission and Grace Vol: 1. P. 280-305 and Theological Investigation Vol: IV, Eucharistic Presence 287 - 306.

അതിനാൽ സൂചനാഭേദം സ്വീകരിക്കണമെന്നാണ് (2) മൈക്കിൾ നൊവാക്കിൻെറ അഭിപ്രായം.

ക്രിസ്തുനാഥൻ അവിടത്തെ സഭയിൽ പല വിധത്തിൽ സന്നിധി ചെയ്യുന്നുണ്ട്. രണ്ടോ മൂന്നോ പേർ എൻെറ നാമത്തിൽ എവിടെ കൂടിയിരിക്കുമോ അവിടെ അവരുടെ ഇടയിൽ ഞാനുണ്ട് (വി. മത്തായി XVIII. 20), നമ്മുടെ ഉപവിപ്രവൃത്തികളിലും അവിടന്ന് സന്നിഹിനാണ്. തിരുസഭ ദൈവവചനം പ്രസംഗിക്കുമ്പോഴും, ദൈവ ജനത്തെ ഭരിക്കുമ്പോഴും ദിവ്യബലി അപ്പിക്കുമ്പോഴും, കൂദാശകൾ പരികർമ്മം ചെയ്യുമ്പോഴും ക്രിസ്തു സന്നിഹിതനാണ്. എന്നാൽ ഇതിലെല്ലാം ഉപരിയായി മിശിഹാ പരി. കുർബ്ബാന എന്ന കൂദാശയിൽ സന്നിഹിതനാണ് എന്ന് പ. പിതാവ് "മിസ്റ്റേറിയും ഫിദെയി" എന്ന വിശ്വലേഖനത്തിൽ വ്യക്തമാക്കുന്നു. അതു് ഏററവും ആശ്വാസദായകമായ ഭക്തിയുടെ ഉറവിടവും സ്നേഹസമന്വിതമായ ധ്യാനത്തിൻെറ വിഷയവും എല്ലാ കൂദാശകളെക്കാൾ ഫലപ്രദമായ പവിത്രീകരണ മാഗ്ഗവുമാണ്.

സഭാപിതാക്കന്മാരും, വേദപാരംഗതരും, വിശുദ്ധരും, ദൈവശാസ്ത്രജ്ഞന്മാരും ഈ വിശ്വാസം അവരുടെ ഗ്രന്ഥങ്ങളിലൂടെയും പ്രസംഗം വഴിയും പ്രകടമാക്കിയിട്ടുണ്ട്. "നീ രക്ഷകനോടുകൂടി പെസഹാ ഭക്ഷിക്കുമെങ്കിൽ അവിടന്ന് ആശീവ്വദിച്ച അപ്പവും തരും. അവിട്ടത്തെ ശരീരരക്തങ്ങൾ തന്നെ നല്കുന്നതാണ്" (3) എന്ന് ഒരിജൻ രേഖപ്പെടുത്തുന്നു. "അൾത്താരയിൽ നിങ്ങൾ കാ

(2). Michael Nonvake. This is the time to Build, Ihtroduction.
(3) In Fere. Hom. XIX. 13 P. g. XIII. 489

ഞന്ന അപ്പം ദൈവിക വചനങ്ങളാൽ പവിത്രീകരിക്കപ്പെട്ട് ക്രിസ്തുവിൻെറ ശരീരമായി. ആ കാസാ, അഥവാ കാസായിലുള്ളതു് ദൈവവചനത്താൽ വിശുദ്ധീകരിക്കപ്പെട്ട് ക്രിസ്തുവിൻെറ രക്തമായിത്തീന്നു'' (4) എന്നു് വി. ആഗുസ്തീനോസ്സ് പ്രസ്താവിക്കുന്നു. ''സഭ മുഴവനും അപ്പസ്തോലിക കാലം മുതൽ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുതു് യുക്തിയുടെ വെളിച്ചത്തിൽ പരിശോധിച്ചിട്ടില്ലെങ്കിലും വാക്കിൽ വിശദീകരിക്കുവാൻ നിവ്വാഹമില്ലെങ്കിലും അവയെല്ലാം സത്യമാണു്. (6)

വി. തോമസ്സ് അകവിനാസിൻെറ വാക്കുകളും ശ്രദ്ധേയമാണു്. "ഇതു് സത്യമാണോയെന്നു് നിങ്ങൾ സംശയിക്കേണ്ടാ. രക്ഷകൻെറ വാക്കുകൾ വിശ്വസിക്കുക. അവിടന്നു് സത്യം തന്നെയാകയാൽ കളവു പറയുകയില്ല (7) കാഴ്ചയും, സ്പശനവും, രുചിയും, ഓരോന്നും വഞ്ചിക്കപ്പെട്ടുന്നു. ചെവി മാത്രം സുരക്ഷിതമായി വിശ്വസിക്കുന്നു. ദൈവ സുതൻ പറഞ്ഞിട്ടുള്ളതെല്ലാം ഞാൻ വിശ്വസിക്കുന്നു. സത്യത്തിൻെറ വാക്കുകളെക്കാൾ സത്യമായി വേറൊന്നുമില്ല''. എന്നു് വി. തോമസ്സ് അകവിനാസിൻെറ വാക്കുകൾ തന്നെ തിരുസ്സഭ ആലപിക്കുന്നു.

പ. കുർബ്ബാനയിൽ മിശിഹായുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതു് ദിവ്യബലി സമയത്തു് വൈദികൻ അപ്പവും വീഞ്ഞും കരങ്ങളിലെടുത്തു് ''ഇതു് എൻെറ ശരീരമാകുന്നു'', ''ഇതു് എൻെറ രക്തമാകുന്നു'' എന്നുള്ള കൂദാശാവചനങ്ങൾ ഉച്ചരിക്കുന്ന അവസരത്തിലാണു്. ഇപ്രകാരം സംഭവിക്കുന്ന അത്ഭുതത്തിനു് സാരാംശഭേദം എന്നു് പൗരസ്ത്യ

(4). St Augustine Sermon 227. P. L. 38. 1099;
(6). St Augustine Contra Julianum. vi 5 P. L. 44, 829.
(7) Summa. III q. 75, a 1.

ണികരും സൂചനാഭേദം (Transignification) എന്നു് ചി ല ആധുനികരും പറയുന്നു. അപ്പത്തിൻെറ ബാഹ്യഗുണ ങ്ങൾക്കു് യാതൊരു മാററവും വരുത്താതെ മിശിഹാ അവി ടെ യഥാൎത്ഥത്തിൽ സന്നിഹിതനാകുന്നുണ്ടു്. സ്വൎഗ്ഗത്തിൽ അക്ഷയം, ലഘുത്വം, ദീപ്തി, സൂക്ഷ്മം എന്നീ ഗുണങ്ങളോ ടുകൂടി മഹത്വപൂൎണ്ണനായിരിക്കുന്ന രീതിയിലാണു് പ. കു ൎബ്ബാനയിലും സന്നിഹിതനായിരിക്കുന്നതു്. ഈശോയു ടെ ജീവിത രഹസ്യങ്ങളെല്ലാം പ. കുർബ്ബാനയിൽ ഉൾ ക്കൊള്ളുന്നു. ശാരീരികമായി ഒരു വ്യക്തിക്കു് ഒരേ അവസ രത്തിൽ പല സ്ഥലത്തും (Circumscrptive) സന്നിഹി തനാകുവാൻ സാദ്ധ്യമല്ല. എന്നാൽ പ. കുർബ്ബാനയിൽ മിശിഹായുടെ സാന്നിദ്ധ്യം ഒരേ അവസരത്തിൽ ലോക ത്തിലുള്ള എല്ലാ ദേവാലയങ്ങളിലും സന്നിഹിതനാകുന്ന തിനു് സാദ്ധ്യമായ വിധത്തിലാണു്.

ഈശോയുടെ ദിവ്യകാരുണ്യ ജീവിതം സ്നേഹത്തി ൻെറ ജീവിതമാണു്. പ. കുർബ്ബാന എല്ലാ കൂദാശകളു ടെയും അന്ത്യവും ഉറവിടവുമാണു്. വി. കുർബ്ബാന വിക സിച്ചു് ലോകത്തെ ഗ്രസിക്കുന്നതായും അങ്ങനെ പ്രപ ഞ്ചം തന്നെ ഒരു വലിയ ഓസ്തിയായി മാറുന്നതായും''. പിയർ തെയ്യാർ ദെ ഷർദാൻ അദ്ദേഹത്തിൻെറ ഒരു ഗ്ര ന്ഥത്തിൽ രേഖപ്പെടുത്തുന്നുണ്ടു്. (Hymn of the Uuiv-erse, Collins·, London, 1962. P. 48.)

അദ്ദേഹത്തിൻെറ (ദിവ്യകാരുണ്യസ്മരണകൾ) എന്ന ഗ്രന്ഥത്തിൽ മിശിഹായുടെ യഥാൎത്ഥവും സാരാംശപര വുമായ സാന്നിദ്ധ്യം, ദൈവത്വവും, മനുഷ്യത്വവും കൎത്താ വിൻെറ ശരീര രക്തങ്ങളുടെ ദിവ്യ കാരുണ്യത്തിൽ ഉണ്ടു് എന്നു് പ്രസ്താവിക്കുന്നു.

# അദ്ധ്യായം 17

# കാൽവരി ഇന്നും

ദൈവത്തിനുള്ള ബലി അർപ്പണം മാനവരാശിയോളം തന്നെ പഴക്കമുള്ളതാണ്. "ആബേൽ, നോഹ്, അബ്രാഹം, മൽക്കിസ്ദെക്ക് എന്നിവർ ബലി അർപ്പിച്ചതായി നാം കാണുന്നുണ്ട്". ദൈവത്തെ അഭിമുഖീകരിക്കുന്നതിനുള്ള മാനുഷിക പരിശ്രമങ്ങളിൽ ഏററവും ആകർഷണീയമായ ഒന്നാണ് ബലി. ബലി ഐക്യവും, സാന്നിദ്ധ്യവും ഏകീഭാവവുമാണ് പ്രദ്യോതിപ്പിക്കുന്നത്. നിയമാനുസൃതരായ പുരോഹിതന്മാർ ദൈവത്തിന് ആരാധന, കൃതജ്ഞത, പരിഹാരം, യാചന എന്നീ നാലു ലക്ഷ്യങ്ങൾ മുൻനിറുത്തി ആന്തരികമായ അർപ്പണത്തിന്റെ പ്രതീകമായി സമർപ്പിക്കുന്ന സാമൂഹ്യവും ബാഹ്യവുമായ ഒരർപ്പണമാണ് ബലി,

ദൈവത്തിനു മാത്രമേ പൂർണ്ണമായ അർത്ഥത്തിൽ ബലി അർപ്പിക്കുകയുള്ളു. നരകുല പരിത്രാതാവായ ക്രിസ്തുനാഥൻ മനുഷ്യവംശത്തെ പിതാവുമായി രമ്യപ്പെടുത്തുവാൻ കപാലഗിരിയിൽ ലോകപാപപരിഹാരാർത്ഥം ബലി അർപ്പിച്ചു. ഇസ്രായേൽ ജനതയെ ഈജിപ്തിൽ നിന്നും മോചിപ്പിക്കുന്നതിന് പെസഹാ കുഞ്ഞാടിന്റെ ബലി അർപ്പണം ദൈവം ആവശ്യപ്പെട്ടു. ആ ബലി ലോകപാപങ്ങൾ സംവഹിക്കുന്ന ദൈവിക കുഞ്ഞാടായ മിശിഹായുടെ ബലിയുടെ പ്രതിഛായ മാത്രമായിരുന്നു. ഈ ബലി ശാശ്വതമായി അർപ്പിക്കണമെന്നും ദൈവം ഇ

സ്രായേൽ ജനതയോടാവശ്യപ്പെട്ടു. പുറപ്പാടിന്റെ ഗ്രന്ഥത്തിലും, ആചാര്യന്മാർ, നിയമാവർത്തനം എന്നീ ഗ്രന്ഥങ്ങളിലും ദൈവം പ്രത്യേക ബലികൾ നിർദ്ദേശിക്കുന്നതായി നാം കാണുന്നുണ്ട്. എല്ലാമതസ്ഥരുടെയും മതപരമായ കർമ്മങ്ങളുടെ മകുടം ബലിയാണ്.

മലാക്കിയാസ് പ്രവാചകൻ വഴി ദൈവം അരുളിച്ചെയ്തു: "നിങ്ങളുടെ ബലികളിലും ഹോമങ്ങളിലും ഞാൻ സന്തുഷ്ടനല്ല. സൂര്യോദയം മുതൽ അസ്തമയം വരെ എല്ലാ ജനപദങ്ങളിലും എന്റെ നാമം മഹത്വപ്പെടുത്തുന്നതിനായി ഏവരും നിർമ്മലമായ ഒരു ബലി അർപ്പിക്കും" (2) ഇതു് യഥാർത്ഥത്തിൽ മിശിഹായുടെ കാൽവരിയിലെ ബലിയുടെ അവിരാമാവർത്തനമായ പ. കുർബ്ബാന എന്ന ബലിയിൽ മാത്രമേ സാർത്ഥകമാകുന്നുള്ളു.

ദൈവത്തിനു് ബലി അർപ്പിക്കുവാൻ നാം കടപ്പെട്ടുന്നുവെന്നു് വി. തോമസ് അകവീനാസ് സമർത്ഥിക്കുന്നു. (I. II a. Q. 102, a. 3 III Contra. Gent. Q-120;) മിശിഹാ ഗാഗുൽത്തായിൽ സ്വയം ഹോമിച്ചുകൊണ്ടു് ഒരു ബലി അർപ്പിച്ചു. (വി. യോ. XVII. 19. I കോ V. 1. XI 26, എവ്രാ. IV. 14. V. 6; 10) ത്രെന്തോസ് സൂനഹദോസും ഈശോ കുരിശിൽ ബലി അർപ്പിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടു്. രണ്ടാം വത്തിക്കാൻ സൂനഹദോസും തിരുസ്സഭ, ആരാധനക്രമം എന്നീ ഡിക്രികളിൽ ഇതു് വീണ്ടും വ്യക്തമാക്കി.

വി. ആഗുസ്തീനോസു് ഇപ്രകാരം രേഖപ്പെടുത്തുന്നു: "മിശിഹാ അവിടത്തെ മരണം വഴി നമുക്കുവേണ്ടി യഥാർത്ഥത്തിൽ ഒരു ബലി അർപ്പിച്ചു." (St. Augustine. P.

(2) മലാക്കിയാസ് I. 11.

L. 42, 624). ഈരോമിശിഹായുടെ മനുഷ്യത്വം നേരത്തെ പവിത്രമാണെങ്കിലും പീഡാനുഭവത്തിൽ ദൈവത്തിനു ബലി അർപ്പിച്ചപ്പോൾ കൂടുതൽ വിശുദ്ധീകരിക്കപ്പെടുകയും യഥാർത്ഥത്തിൽ വിശുദ്ധീകരണ ബലിവസ്തുവായി ഭവിക്കുകയും ചെയ്തു (3) എന്നു വി. തോമസ് അക്വീനാസും രേഖപ്പെടുത്തിയിരിക്കുന്നു. മിശിഹാ സ്വയം വധിക്കുകയല്ല പ്രത്യുത ഘാതകർക്ക് സ്വമനസ്സാ ഏല്പിച്ചു കൊടുക്കുകയാണു് ചെയ്തതു് എന്നും വിശുദ്ധൻ പറയുന്നു. ക്രിസ്തുനാഥൻ അന്ത്യഭോജനാവസരത്തിൽ പ. കുർബ്ബാന സ്ഥാപിച്ചതു് ഗാഗുൽത്തായിലെ ബലിയോടു് അവഗാഢം ബന്ധിതമായ ഒരു ബലിയായിട്ടാണു്. ആ മഹോന്നതനിമിഷത്തിലെ വാക്കുകളും പ്രവൃത്തികളും അതു് വ്യക്തമാക്കുന്നു. പുതിയ ഉടമ്പടി, പുതിയ ജനം, ശരീര രക്തങ്ങളുടെ സമർപ്പണം, കൃതജ്ഞത, വൈദിക പ്രാർത്ഥന മുതലായവ. കൂടാതെ ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ (വി: ലൂക്കാ XXII) എന്നു് അരുളിചെയ്തു് ആ ബലി തിരുസഭയിൽ അനുസ്യൂതം തുടരുന്നതിനു് ഈരോ പൗരോഹിത്യവും സ്ഥാപിച്ചു. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രം പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം നമ്മുടെ കർത്താവിൻെറ മരണമാകുന്ന അവൻെറ വരവു വരെ നിങ്ങൾ ഓർമ്മിക്കുന്നതു് എന്നു് വി. പൗലോസ് കോറിന്തോസുകാരെ അനുസ്മരിപ്പിക്കുന്നു. (1. കോ. XI. 26)

ത്രെന്തോസ് സൂനഹദോസ് ദിവ്യബലി കാൽവരിയിലെ ബലിയുടെ ആവർത്തനമാണെന്നു് പ്രഖ്യാപിച്ചു. രണ്ടാം വത്തിക്കാൻ സൂനഹദോസും ദിവ്യബലി കാൽവരിയിലെ ബലിയുടെ ആവർത്തനമാണെന്നു വളരെ വ്യ

(3) St. Thomas, Summa III. q: 22, a 2.

ക്തമായി പഠിപ്പിക്കുന്നു (ആരാധനക്രമം. തിരുസ്സഭ എന്ന ഡിക്രികളിൽ) പ. പിതാവ് ആറാം പൗലോസ് മാർപ്പാപ്പാ "മിസ്റ്റേരിയും ഫിദേയി" (Mysterium Fidei) എന്ന വിശ്വലേഖനത്തിൽ ഇപ്രകാരം ഉൽബോധിപ്പിക്കുന്നു. "കുരിശിലെ ബലിയുടെയും അതിൻെറ പരിത്രാണ ശക്തിയുടെയും രക്തരഹിതമായ പ്രതിനിധാനം വഴി പ. കുർബ്ബാന എന്ന ബലിയിൽ മിശിഹാ സ്വയം അപ്പിക്കുകയാണ്. കൂദാശാവചനങ്ങൾ ഉച്ചരിക്കുമ്പോൾ അവിടന്ന് അപ്പത്തിൻെറയും വീഞ്ഞിൻെറയും സാദൃശ്യത്തിൽ അവിടെ സന്നിഹിതനായി വിശ്വാസികളുടെ ആത്മീയഭോജനമായിത്തീരുന്നു. (1)

മിശിഹാ തിരുസ്സഭയിൽ പല വിധത്തിൽ സന്നിഹിതനാണ്. എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിച്ചാൽ അവരുടെ മദ്ധ്യത്തിൽ ഞാനും ഉണ്ടായിരിക്കും. ആധുനികമനുഷ്യനെ സംബന്ധിടത്തോളം മിശിഹാ എപ്രകാരം ദിവ്യ കാരുണ്യത്തിൽ സന്നിഹിതനാകുന്നുഎന്നതല്ല പ്രശ്നം; പ്രത്യുത എന്തിനായിട്ട് സന്നിഹിതനാകുന്നു? നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിനുള്ള സ്ഥാനമെന്താണ് എന്നുള്ളതത്രെ. അതാണ് നാം കാര്യമായിപരിഗണിക്കേണ്ടതു്. വി. തോമസ് അക്വിനാസ് പ്രസ്താവിച്ചിട്ടുള്ളതുപോലെ പ. കർബ്ബാന ബലിയാകുന്നതു് നമ്മുടെ കത്താവിൻെ പീഡാനുഭവവും മരണവും ഉൾക്കൊള്ളുന്നതുകൊണ്ടാണ്. ഗാഗുൽത്തായിലെ ബലി വഴി അവിടന്ന് (111. Q: 73 75) പരിത്രാണകൃത്യം നിർവഹിച്ചു. ആ ബലിയിൽ ലോകാവസാനം വരെയുള്ളവർ ഭാഗഭാക്കുകളായി പരിത്രാണഫലം അനുഭവിക്കണം. മിശിഹാ മൗതിക

---

(1) Mysterium Fidei. St. Paul Publications. 1966. Sacrifice of the Mass. P. 15.

ശരീരത്തിൻെറ ശിരസ്സായി പൂർണ്ണമാംവിധം അഭിഷിക്തനായതു് ഗാഗുൽത്തായിൽ സ്വയം ഹോമിച്ചപ്പോഴാണു്. ഇപ്രകാരം മൗതികശരീരത്തിലെ ഓരോ അംഗവും അതിൻെറ സജീവത്വം പ്രാപിക്കുന്നതു് ഈ ബലിയിലുള്ള ഭാഗഭാഗിത്വത്തിൻെറ തോതനുസരിച്ചത്രെ.

ഫാ. ഫിലിപ്പോൺ. ഒ. പി. അദ്ദേഹത്തിൻെറ കൂദാശകൾ ക്രിസ്തീയ ജീവിതത്തിൽ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു: ദിവ്യബലിവഴി ക്രിസ്തുനാഥൻ സ്ഥലകാലചരിത്രപരിമിതികൾക്കെല്ലാം അതീതനായി പ്രവർത്തിക്കുന്നു (2) രണ്ടായിരം കൊല്ലങ്ങൾ മുമ്പു് നടന്ന വിശോത്തരമായ മഹാ യാഗം ഇന്നും ഓരോ കത്തോലിക്കാ ദേവാലയത്തിലും ആവർത്തിക്കപ്പെടുന്നു. ഇന്നുള്ളവർക്കും അന്നത്തെ ബലിയിൽ ഭാഗഭാക്കാകാം. നാം ഗാഗുൽത്തായിൽ സന്നിഹിതരല്ലായിരുന്നു എന്നാരും ഖേദിക്കേണ്ട. ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ അഭിമതം ക്രിസ്തീയ ജീവിതം ക്രിസ്തുവിൻെറ പെസഹാ രഹസ്യം ജീവിക്കുകയാണു്. ദിവ്യബലിയിൽ കേന്ദ്രീകൃതമായ ഒരു ജീവിതം നയിച്ചും നമ്മുടെ ജീവിതം മിശിഹായുടേതിനോട്ട് സദൃശ്യമാക്കിയുമാണു് അതു് നിർവ്വഹിക്കേണ്ടതു്. പരിത്രാണകർമ്മത്തിൻെറ സ്വഭാവം അതാവശ്യപ്പെടുന്നു. ക്രിസ്തു കാൽവരിയിലെ ബലി വഴി മാനവകുലത്തെ പിതാവിനു് പ്രതിഷ്ഠിച്ചു. അതു് നമ്മുടെ വ്യക്തിഗതമാക്കിത്തീർക്കണം.

വി. കുർബ്ബാനയിൽ ബലിയുടെസത്ത എന്തിലാണു് അടങ്ങിയിരിക്കുന്നതു് എന്നുള്ളതു് അഭിപ്രായ ഭിന്നതയുള്ള സംഗതിയാണു്. എങ്കിലും വേദശാസ്ത്രജ്ഞന്മാരുടെ

(2) Fr· Philiphon. O.P. Sacraments in Christian Life P.125

പൊതുവായ അഭിപ്രായം "മിശിഹായുടെ തിരുശരീര വും തിരുരക്തവും രണ്ടു് സാദൃശ്യത്തിൽ കൂദാശചെയ്തു് ഗാഗുൽത്തായിലെ രക്താങ്കിതമായ ബലിയെ കൂദാശാപര മായി നവീകരിക്കുന്നതിനാലാണു് രണ്ടാം വത്തിക്കാൻ സൂനഹദോസ്സ് ആരാധനക്രമത്തെ കുറിച്ചുള്ള ഡിക്രിയി ൽ സജീവവും, ബുദ്ധിപൂർവ്വകവും ഭക്തിസംവദ്ധകവും ഫലദായകവുമായ വിധത്തിൽ ദിവ്യബലിയിൽ സംബ ന്ധിക്കണമെന്നാണു് എല്ലാവരോടും ആഹ്വാനം ചെയ്തി രിക്കുന്നതു്. ആ ഉദ്ദേശത്തോടുകൂടിത്തന്നെ ആരാധനക്ര മം മാതൃഭാഷയിലാക്കിയിരിക്കുന്നു. നാം വെറും പ്രേക്ഷ കരോ, ശ്രോതാക്കളോ, മൂകസാക്ഷികളോ ആയി ദിവ്യ ബലിയിൽ സംബന്ധിച്ചാൽ മതിയാവുകയില്ല. സഹ അർപ്പകർ എന്നുള്ള നിലയിൽ സജീവമായിത്തന്നെ അ തിൽ ഭാഗഭാക്കുകളാകണം; അതുവഴി നമുക്കു് സിദ്ധി കരിച്ചിരിക്കുന്ന രാജകീയ പൗരോഹിത്യം പ്രാവത്തിക മാക്കുന്നു.

കാൽവരിയിലെ മഹോന്നത ബലിയിൽ പ. കന്യക മറിയവും വി. യോഹന്നാനും, വി. മഗ്ദലനമറിയവും ഏതെ ല്ലാം ചേതോവികാരങ്ങളോടെ സംബന്ധിച്ചുവോ അതേ വികാരങ്ങൾ നമുക്കും ഉണ്ടാകണം. പരേതനായ അമേ രിക്കൻ പ്രസിഡൻറു് കെന്നഡി പ്രസിഡൻറായ ശേഷം പതിവുപോലെ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനാ യി ദേവാലയത്തിലെത്തി. തദവസരം ഇടവക വികാ രി പ്രസിഡൻറിനുവേണ്ടി ഒരു പ്രത്യേക സ്ഥലം സജ്ജ മാക്കിയിരുന്നു. എന്നാൽ അദ്ദേഹം അതു് ഉപചാരപൂ ർവ്വം പരിത്യജിക്കുന്നതിനായി പരിശ്രമിച്ചു. പക്ഷേ വൈ ദീകൻെറ നിർബന്ധപൂർവ്വമായ അഭ്യർത്ഥനയെ സമാ ദരിച്ചു് അദ്ദേഹം അതു് പിന്നീടു് സ്വീകരിക്കുകയാണു

ണ്ടായതു്. ദിവ്യബലിയിൽ സംബന്ധിച്ചിരുന്നപ്പോൾ അദ്ദേഹം തന്നെ പ്രാർത്ഥനയ്ക്കു നേതൃത്വം നല്കിയിരുന്നു. (3) എല്ലാ കൂദാശകളും മിശിഹായുടെ പെസഹാ രഹസ്യം ഉൾക്കൊള്ളുന്നു. സർവ്വോപരി ദിവ്യബലിയിൽ അതു് ഏററവും പൂർണ്ണമായ വിധത്തിൽ ദിവ്യബലിയിൽ സംബന്ധിക്കുന്നതിനുള്ള അവസരങ്ങൾ പാഴാക്കരുതു്.

ലോകത്തിലെ ഏററവും മഹത്തരമായ വസ്തുത ദിവ്യബലിയാണു്. ദൈവം അവിടത്തെ സകല ശക്തിയും, സ്നേഹവും പ്രയോഗത്തിലാക്കി കാൽവരിയിലെ ആ മഹോന്നത നിമിഷം ശാശ്വതമാക്കി. അതാണു് ദിവ്യബലി. ലോകത്തിലെ ഏററവും സാർവ്വത്രികമായ കൃത്യവും ദിവ്യബലിയാണു് (4) എന്നു് ഇപ്പോൾ വൈദികർക്കുവേണ്ടിയുള്ള തിരുസംഘത്തിൻെറ അദ്ധ്യക്ഷനായ കർദ്ദിനാൾ ജോൺ റൈററു് അദ്ദേഹത്തിൻെറ ദിവ്യബലിയും അന്തരാഷ്ട്രീയ ക്രമവും എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. ആദത്തിൻെറ അധഃപതനത്തിനുശേഷം മനുഷ്യർ ചെയ്യുന്ന എല്ലാപ്രവൃത്തികളിലും ശിക്ഷയുടേതായ ഒരു ഘടകമുണ്ടു്. എന്നാൽ ദിവ്യബലിയിലുള്ള ഭാഗഭാഗിത്വം നമ്മെ അതിൽ നിന്നു് വിമുക്തരാക്കി നമ്മുടെ സകല പ്രവൃത്തികളെയും വിശുദ്ധീകരിക്കുന്നു.

ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ ലഘുപാപങ്ങളിൽ നിന്നുള്ള മോചനവും, കാലത്തിനടുത്ത ശിക്ഷയിൽ നിന്നുള്ള വിമുക്തിയും ലഭിക്കുന്നു. നമ്മുടെ അനുദിന ജീവിതം ദിവ്യബലിയിൽ കേന്ദ്രീകൃതമായിരുന്നാൽ

---

(3) Catholic Digest, August 1962.

(4) Bishop John Wright, Mass and the International Order quoted in the priest of Christ by Fr. francis J Riply XIV

അതു് കൂടുതൽ ചൈതന്യ പൂർണ്ണവും ക്രിസ്തീയവുമായി രിക്കും. ഒരു സ്ഥലത്തെ ക്രൈസ്തവ ചൈതന്യം മനസ്സി ലാക്കുന്നതിനുള്ള ഏററവും നല്ല മാനദണ്ഡം ദിവ്യബലി യിലുള്ള ഭാഗഭാഗിത്വമാണ്.

ഒരു ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞനായ വില്യം പിൽ ഞായറാഴ്ച ദിവസം ശുദ്ധമായി ആചരിക്കാത്ത ഒരു ക്രിസ്ത്യാനി ആദ്ധ്യാത്മികമായും ഭൗമികമായും പരാജയമടയും എന്നു് അഭിപ്രായപ്പെട്ടു. നാം ഞായറാഴ്ച ദിവസം മാത്രം ദിവ്യബലിയിൽ സംബന്ധിക്കുന്നതുകൊണ്ടു് തൃപ്തരാകാതെ അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു് ഉത്സുകരാകണം. ദിവ്യബലിയിൽ സംബന്ധിച്ചതുകൊണ്ടു മാത്രവും മതിയാവുകയില്ല. നാം ദിവ്യബലി ജീവിക്കണം. അതായതു് ജീവിതം ദിവ്യബലിയുടെ തുടർച്ചയായിരിക്കണം. ജീവിതത്തിലെ സകല പ്രവൃത്തികളും ആദ്ധ്യാത്മിക ബലിയായി രൂപപ്പെടുത്തി ദിവ്യബലിയോടു് യോജിപ്പിച്ചുകൊണ്ടു് നമ്മുടെ ജീവിതവും ഒരു ബലിയായി ദൈവത്തിനർപ്പിക്കണം. ദിവ്യബലിയിൽ സംബന്ധിക്കുന്നതുകൊണ്ടു് സമയം നഷ്ടപ്പെട്ടുമെന്നു് ആരും കരുതേണ്ടാ. അതുവഴി നമ്മുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലമണിയും. എല്ലാ പ്രവർത്തനങ്ങളിലും ദൈവാനുഗ്രഹമുണ്ടാകും.

# അദ്ധ്യായം 18

## ക്രിസ്തുവിലേയ്ക്കുള്ള രൂപാന്തരീകരണം

ഒരു ക്രിസ്ത്യാനിയെ ക്രിസ്തുവിലേയ്ക്ക് രൂപാന്തരപ്പെടുത്തുന്ന ഒരു കൂദാശയാണ് ദിവ്യകാരുണ്യം. കത്തോലിക്കാസഭ പ. കർബ്ബാനയിൽ കേന്ദ്രീകൃതമായ ഒരു സമൂഹമാണ്. (2) ദിവ്യകാരുണ്യം നമ്മിലേയ്ക്ക് ദൈവികജീവൻ പ്രവഹിപ്പിക്കുന്നു. "നിങ്ങൾ മനുഷ്യ പുത്രൻെറ ശരീരം ഭക്ഷിക്കുകയും അവൻെറ രക്തം പാനം ചെയ്യുകയും ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്ക് നിങ്ങളിൽത്തന്നെ ജീവനില്ല." (വി. യോ; VI. 5) ഇന്നത്തെ കത്തോലിക്കർ ജീവനുള്ള കത്തോലിക്കരായി ജീവിക്കണമെങ്കിൽ ദിവ്യകാരുണ്യം വഴി ക്രിസ്തുവിൻെറ ജീവൻ പ്രാപിക്കണം. കർദ്ദിനാൾ ന്യൂമാൻ ഒരു ആംഗ്ലിക്കൻ വൈദികനായി സേവനമനുഷ്ഠിച്ചു കൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന് പ്രതിവർഷം 4000 പവനാണ് ശമ്പളം ലഭിച്ചിരുന്നത്. അദ്ദേഹം കത്തോലിക്കാ സഭയെ സമാശ്ലേഷിക്കുവാൻ പോകുന്നുവെന്ന് കേട്ടപ്പോൾ ഒരു സുഹൃത്ത് അദ്ദേഹത്തോട്ട് ചോദിച്ചു: പ്രതിവർഷം അങ്ങേയ്ക്കു ലഭിക്കുന്ന 4000 പവൻ ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേരുന്നത് എത്ര ബുദ്ധിശൂന്യ?? ന്യൂമാൻ അതിനു മറുപടിയായി "ഈ നാലായിരം പവൻ ഒരു ദിവ്യകാരുണ്യ സ്വീ

---

(1) Rev. Fr Philipon O. P Sacraments in Christan Life, Eeucharist.

കരണത്തോട് തുലനം ചെയ്യുമ്പോൾ എന്താണ്?'' എന്ന് ചോദിച്ചു. (2)

വി. തോമസ് അക്വീനാസ് ഇപ്രകാരം പറയുന്നു: "മറെറല്ലാ കൂദാശകളിലും നമുക്ക് ദൈവ വരപ്രസാദം ലഭിക്കുമ്പോൾ ദിവ്യകാരുണ്യത്തിൽ നമുക്ക് വരപ്രസാദത്തിൻെറ ദാതാവിനെത്തന്നെ ലഭിക്കുന്നു.'' ( Summa.Q: 63,6). ഭക്തിപൂർവ്വവും യോഗ്യതാപൂർണ്ണവുമായ ഒരു ദിവ്യകാരുണ്യസ്വീകരണം മതി ഒരുവനെ വിശുദ്ധനാക്കിത്തീർക്കുവാൻ.

ഹോൾമാൻ ഹണ്ട് (Holman Hundt) എന്ന കലാകാരൻെറ വിശ്രുതമായ കലാസൃഷ്ടിയാണ് മിശിഹാ ഒരു കവാടത്തിൽ മുട്ടുന്നതായി വിഭാവനം ചെയ്തുകൊണ്ടുള്ള ചിത്രം. (Jesus knocking at the door). അദ്ദേഹം ആ ചിത്രം വരച്ച ശേഷം ഒരു കലാശാലയിൽ പ്രദർശിപ്പിച്ചു. ഇപ്പോഴും ഈ ചിത്രം ഓക്സ് ഫോർഡിൽ സൂക്ഷിക്കുന്നുണ്ട്. ഒരിക്കൽ അദ്ദേഹം തൻെറ കലാസൃഷ്ടിയിൽ എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ അതു് ചൂണ്ടിക്കാണിക്കണമെന്ന് സുഹൃത്തുക്കളോടാവശ്യപ്പെട്ടു. അപ്പോൾ ഒരു യുവകലാകാരൻ മിശിഹാ മുട്ടുന്ന കതകിൽ ഒരു കൈപിടികൂടി ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്നു പറഞ്ഞു.

ഉടനെ ഹോൾമാൻ ഹണ്ട് പ്രസ്താവിച്ചതു്ഇപ്രകാരമാണ്: സ്നേഹിതാ ഈ കതക് സാധാരണയുള്ള കതകല്ല. ഈ കവാടത്തിനുള്ള പ്രത്യേകത ലോകത്തിൽ യാതൊരു ശക്തിക്കും പുറത്തുനിന്ന് തുറക്കുവാൻ

(2) Most Rev. Tihamer Toth, The Catholic Church, P. 251

സാദ്ധ്യമല്ല എന്നുള്ളതത്രെ. ഈ കവാടം നമ്മുടെ ഓരോരുത്തരുടെയും ഹൃദയം തന്നെയാണ്. മിശിഹാ ദിവ്യകാരുണ്യം എന്ന കൂദാശ സ്ഥാപിച്ചതു് നാം ഈശോയുമായി താദാത്മ്യം പ്രാപിക്കുന്നതിനായിട്ടാണ്. ഈവിധമാണ് നമ്മോടും നാം ഈശോയോടും സാരൂപ്യം പ്രാപിക്കുന്നു. അതിനായി നമ്മുടെ ഓരോരുത്തരുടെയും ഹൃദയകവാടത്തിൽ അവിടന്നു് മുട്ടുന്നുണ്ട്. മകനേ, അഥവാ, മകളേ നിൻെറ ഹൃദയം എനിക്ക് തുറന്നു തരിക. അവിടെ ഹൃദയരാജനായി, സ്നേഹനാഥനായി വാഴുവാനാണ് ഈശോ പ. കുർബ്ബാന സ്ഥാപിച്ചതു്.

ദിവ്യകാരുണ്യം മൗതിക ശരീരത്തിൻെറ ഐക്യത്തിൻെറ പ്രതീകവും കാരണവുമായ കൂദാശയുമാണ്. പ്രേഷിത പ്രവരൻ കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ ചോദിക്കുന്നു: "നാം ആശീർവദിക്കുന്ന സ്തോത്രത്തിൻെറ ആ പാനപാത്രം മിശിഹായുടെ രക്തത്തിൻെറ പങ്കുകൊള്ളൽ അല്ലയോ? നാം മുറിക്കുന്ന ആ അപ്പം മിശിഹായുടെ ശരീരത്തിൻെറ പങ്കുകൊള്ളലും അല്ലയോ? ആകയാൽ, ആ അപ്പം ഒന്നുതന്നെയായിരിക്കുന്നതുപോലെ തന്നെ നാമേവരും ഒരേ ശരീരമാകുന്നു. നാമേവരും ആ ഒരേ അപ്പത്തിൽ നിന്നുതന്നെയാകുന്നു സ്വീകരിക്കുന്നതു്." (I. കോ. X. 16-17) നാം ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനനുസരിച്ച് ശാരീരികമായ ഏകീഭാവവും ഉണ്ടാകുന്നു. പ. കുർബ്ബാന പരസ്പര സ്നേഹത്തിൻെറ കൂദാശയാണ്. ദിവ്യകാരുണ്യത്തിൽ മിശിഹായെ ദർശിക്കുന്നവർ സഹോദരരിലും മിശിഹായെ ദർശിച്ച് സ്നേഹിക്കുന്നതിനും സേവിക്കുന്നതിനും പ്രാപ്തരാകുന്നു. കർദ്ദിനാൾ ലെക്കാറോ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി ദിവ്യകാരുണ്യത്തിൽ മിശിഹായെ ദർശിക്കുന്നവർക്ക് സഹോദരരിലും മിശിഹായെ ദർശിക്കുവാൻ സാധിക്കും എന്നു്.

ആധുനിക ലോകത്തിന്റെ രക്ഷ പ. കർബ്ബാനയിലാണ്. സ്നേഹം ഒരു ശക്തിയായോ സ്ഥാപനമായോ ക്രിസ്തുവിന്റെ മൗതിക ശരീരത്തിന്റെ പ്രതീകമായ പ. കർബ്ബാനയിൽ നിന്നും വിഭിന്നമായി നമുക്ക് കാണുവാൻ സാദ്ധ്യമല്ല. എന്ന് ആബട്ട് വോണിയർ അദ്ദേഹത്തിന്റെ ദിവ്യകാരുണ്യ രഹസ്യത്തിന്റെ താക്കോൽ (The kwy to the Eucharistic Mysterv) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. (3) ആധുനിക ലോകത്തിലെ എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം മിശിഹായുടെ പെസഹാ രഹസ്യത്തിൽ കേന്ദ്രീകൃതമായ ജീവിതമാണ്

വി. കർബ്ബാന കൂദാശാപരമായ പ്രസാദവരത്തിനും പുറമെ ക്രിസ്തുവുമായുള്ള വൈയ്യക്തിക ഐക്യത്തിലേക്കും നമ്മെ നയിക്കുന്നു (4). കൂടാതെ നമ്മിൽ സകല സുകൃതങ്ങളുടെയും വർദ്ധനവും ഉണ്ടാകുന്നതാണ്. പാപത്തോട്ടും പ്രലോഭനത്തോടുമുള്ള സമരത്തിൽ അത് നമ്മെ സുശക്തരാക്കുന്നു. പ്രത്യേകിച്ചും ശുദ്ധതഎന്ന പുണ്യം അഭംഗുരം സംരക്ഷിക്കുന്നതിന് വി. കർബ്ബാനയോടുള്ള ഭക്തി ഏററവും ആവശ്യമത്രെ. ദിവ്യകാരുണ്യത്തിൽ മിശിഹായോടുള്ള ഐക്യം വഴി പ. ത്രിത്വത്തിന്റെ ജീവിതത്തിലും നമുക്ക് ഭാഗഭാഗിത്വം ലഭിക്കുന്നു. പിതൃപുത്രബന്ധം നമ്മിൽ കൂടുതൽ സാർത്ഥകമാവുകയും വരപ്രസാദവർദ്ധനവു മൂലം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം സജീവമാവുകയും ചെയ്യുന്നു.

(3) Rev. Fr Jules Leberton. The Spiritual Teaching of the New Testament. chap V

(4). Rev. Fr. Edward Schillebeeck O. P, Christ the Sacrament of Enconnter with God also Cfr. Rev. Fr. Teihard De Chvrdane. Divine Milieu.

ഭക്ഷണം ശാരീരകമായ പോഷണത്തെ എപ്രകാരം സഹായിക്കുന്നുവോ അതുപോലെ ദിവ്യകാരുണ്യം നമ്മുടെ ക്രൈസ്തവവും ആദ്ധ്യാത്മികവുമായ ജീവിതത്തെ പരിപോഷിപ്പിക്കുന്നു. വി. ഇമെൽഡാ, വി. ബർബറാ, വി. സ്റ്റനിസ്ലവാസ് കോസ്തക്കാ തുടങ്ങി അനേകം വിശുദ്ധർ ദിവ്യകാരുണ്യ സ്വീകരണത്തിൽ അതീവ തീക്ഷ്ണതയുള്ളവരായിരുന്നു. മനുഷ്യർ അപ്പം കൊണ്ടുമാത്രമല്ല ജീവിക്കുന്നതു് ദൈവിക ഭോജനവും നമുക്കാവശ്യമാണെന്നു് എന്നു് മനുഷ്യർ മനസ്സിലാക്കിയിരുന്നെങ്കിൽ. ആധുനികവേദശാസ്ത്രജ്ഞന്മാരുടെ അഭിമതമനുസരിച്ചു് ഈശോ ദിവ്യകാരുണ്യത്തിൽ സന്നിഹിതനാകുന്നതു് നമ്മുടെ ആത്മീയ ഭോജനം എന്നനിലയിലുമാണു്. പ. കുർബ്ബാനയിൽ കേന്ദ്രീകൃതമായ ജീവിതമാണു് പൂർണ്ണവും ചലനാത്മകവുമായ (dynamic) ജീവിതം. ഇന്നത്തെ കത്തോലിക്കർക്കു് ജീവനില്ലെങ്കിൽ, ചൈതന്യമില്ലെങ്കിൽ അവർ ജീവദാതാവിൽ നിന്നും ജീവൻ പ്രാപിക്കാത്തതുകൊണ്ടാണു്.

നാം ദിവ്യകാരുണ്യ സന്ദർശനത്തിലും ഉത്സുകരായിരിക്കണം. മാർപ്പാപ്പായെ സന്ദർശിവാൻ അവസരം ലഭിച്ചാൽ നാം എത്ര വലിയ ഒരു ബഹുമതിയായി അതു് കണക്കാക്കും. എന്നാൽ സത്യ ദൈവവും സത്യമനുഷ്യനുമായ ക്രിസ്തുനാഥൻ പള്ളികൊള്ളുന്ന ആ ദേവാലയത്തിൽ ചെന്നു് അവിടത്തെ സന്ദർശിക്കുന്നതിനു് നമുക്കു് ഉത്സാഹമില്ല. അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങൾ എല്ലാവരും എന്റെ പക്കൽ വരുവിൻ ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം എന്നു് മാടിവിളിച്ചുകൊണ്ടു് നമ്മെ ഓരോരുത്തരേയും പ്രതീക്ഷിച്ചു് രാപകൽ സക്രാരിയിലെ പ്രേമകാരാഗൃഹത്തിൽ എഴുന്നരുളുന്ന സ്നേഹസ്വരൂപനെ സന്ദർശിക്കുവാനും അനുഗ്രഹാശിസ്സു

കൾ നേടുവാനും നമുക്ക് സമയമില്ല. നാടകശാലകളിലോ, സിനിമാ തീയേററുകളിലോ, നൃത്തരംഗങ്ങളിലോ, മററു കലാപരിപാടികൾക്കോ എത്ര സമയം വേണമെങ്കിലും ചെലവഴിക്കാം. വൈദികർ ദിവ്യകാരുണ്യത്തോട് എത്ര ഭക്തരായിരിക്കുമോ അതനുസരിച്ചായിരിക്കും ജനങ്ങൾ അക്കാര്യത്തിൽ തീഷ്ണമതികളാവുക.

വി. തോമസ് അക്വീനാസ്, വി. പീററർ ജൂലിയൽ എയ്മാർഡ്, വി. മാർഗരററ് മേരി അലക്കോക്ക് വി. ജൂലിയാനാ, വി. ഡോൺബോസ്കോ, ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, മുതലായ എല്ലാ പുണ്യാത്മാക്കളും ദിവ്യകാരുണ്യത്തിൻെറ സവിശേഷ ഭക്തരായിരുന്നു. ക്രിസ്തുവിനോടനുരൂപമായിത്തീരുന്നതിന് ദിവ്യകാരുണ്യ ഭക്തിയും ദിവ്യബലിയിൽ കേന്ദ്രീകൃതമായ ജീവിതവും ആവശ്യമാണ്.

ഇന്നത്തെ പുരോഗമനത്തിന്റെ പേരിൽ അൾത്താരയും ദിവ്യബലിയും തരം താഴ്ത്തരുത്(5) എന്ന് വെസ്റ്റ്മിനിസ്റ്ററിലെ കർദ്ദിനാൾ ഹീനൻ ഉൽബോധിപ്പിക്കുകയുണ്ടായി. ദിവ്യകാരുണ്യമാണ് സഭയെ പടുത്തുയർത്തുന്നത്. സഭയാണ് ദിവ്യകാരുണ്യം നൽകുന്നത് എന്ന് വി. ആഗുസ്തീനോസിൻെറ വാക്കുകൾ ശ്രദ്ധേയമത്രെ. ദിവ്യകാരുണ്യം സ്നേഹത്തിൻെറ കൂദാശയും ഐക്യത്തിൻെറ പ്രതീകവും ഉപവിയുടെ ഉടമ്പടിയുമാണെന്ന് (6) രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചിരിക്കുന്നു.

(5). സത്യദീപം ഫെബ്രുവരി 12, 1968.
(6). ആരാധന ക്രമ ഡിക്രി;

# അദ്ധ്യായം 19

# രോഗം.

ജീവനുള്ള ശരീരത്തിൽ പലപ്പോഴും രോഗബാധയുണ്ടാകാറുണ്ട്. ഭൗതിക ശരീരത്തിലെ അവയവങ്ങൾക്കുണ്ടാകുന്ന രോഗമാണ് പാപം. പാപത്തെക്കുറിച്ചുള്ള ബോധവും അതിൽ നിന്ന് വിമുക്തി പ്രാപിക്കുന്നതിനുള്ള ആഗ്രഹവും എല്ലാ ജനപദങ്ങളുടെയും ഇടയിൽ നിലനിന്നിരുന്നു. കർമ്മത്തിൻെറ ഫലമായി പുനഃർജ്ജന്മം ഉണ്ടാകുന്നുവെന്ന് ഹിന്ദുമതസ്ഥർ കരുതുന്നു. അതിൽ നിന്നും മോചനം പ്രാപിച്ച് മുക്തി നേടുന്നതിനായി തപസ്സിലും ധ്യാന നിഷ്ഠയിലും ശ്രദ്ധ പതിച്ചിരുന്നതായിക്കാണാം. നമ്മുടെ ജീവിത തത്വശാസ്ത്രത്തിൽ നിന്നാണ് സന്മാർഗ്ഗബോധവും നന്മതിന്മ വിവേചനവും സിദ്ധിക്കുന്നത്. ദൈവത്തെക്കുറിച്ചുള്ള അറിവിൽ നിന്നാണ് സകല മൂല്യങ്ങൾക്കും അതിൻെറ വില കല്പിക്കുക. മനുഷ്യന് വെറും ഭൗമികമായ ജീവിതലക്ഷ്യം മാത്രമെയുള്ളുവെങ്കിൽ പിന്നെ നന്മതിന്മകൾക്ക് സ്ഥാനമില്ല. കമ്യൂണിസ്റ്റുകാർക്ക് വെറും ഭൗതിക മാത്രമായ ലക്ഷ്യമേയുള്ളു. അതിനാൽ, അവരുടെ സന്മാർഗ്ഗശാസ്ത്രത്തിന്റെ അടിസ്ഥാനതത്വം ലക്ഷ്യം പ്രാപിക്കുന്നതിനു് ഏതു മാർഗ്ഗവും സ്വീകരിക്കാം അഥവാ അന്ത്യം മാർഗ്ഗത്തെ നീതീകരിച്ചു കൊള്ളുമെന്നാണ്.

എന്നാൽ പാരത്രീകമായ ഒരു ജീവിത വീക്ഷണമുള്ളവർ ഭൗമാതീതമായ സനാതനമായ, സാർവ്വലൗകികമായ ചില മൂല്യങ്ങൾ അംഗീകരിക്കുന്നു. ദൈവത്തെ പ്രാപിക്കു

ന്നതിനു് സഹായകമായതെല്ലാം നന്മ. അതിനു പ്രതിബന്ധമായതെല്ലാം തിന്മ, ഒരിക്കൽ സോക്രട്ടീസിനോടു് എന്തു കൊണ്ടാണു് സന്മാർഗ്ഗനിരതമായ ഒരു ജീവിതം നയിക്കുന്നതു് എന്നു് ചോദിച്ചു. മററുള്ളവരുടെ ബഹുമതിക്കു വേണ്ടിയോ, അഥവാ ശിക്ഷയെ ഭയന്നിട്ടോ, അതുമല്ലെങ്കിൽ മററുള്ളവർ നല്ല മനുഷ്യനാണെന്നു് പറയുന്നതിനുവേണ്ടിയോ ആണോ എന്നും ആരാഞ്ഞു. ഒരു ഗീജസ്സ്മോതിരം (തിരസ്കരണിയുടെ ഗുണമുള്ള) ലഭിച്ചാൽ സന്മാർഗ്ഗനിരതമായ ഒരു ജീവിതം നയിക്കുമോ എന്നും ചോദിച്ചു. അപ്പോൾ സോക്രട്ടീസ് പ്രതിവചിച്ചു: തീർച്ചയായും സുബുദ്ധിക്കനുയോജ്യമായ ഒരു ജീവിതം നയിക്കേണ്ടതു് മനുഷ്യന്റെ മൗലികമായ കടമയാണു്.

പാരത്രിക സൗഭാഗ്യത്തിൽ എത്തിച്ചേരുന്നതിനുള്ള ചൂണ്ടുപലകയാണു് പ്രമാണങ്ങൾ. അതിനാൽ ആ മാർഗ്ഗ നിർദ്ദേശമനുസരിച്ചു് പ്രവർത്തിക്കുന്നില്ലെങ്കിൽ നമുക്കു് പരമാന്ത്യം പ്രാപിക്കുക സാദ്ധ്യമല്ല. വി. ഗ്രന്ഥത്തിൽ പാപം ദൈവത്തിനെതിരായിട്ടുള്ള ഒരു വിപ്ലവമായിട്ടാണു് പരിഗണിക്കുന്നതു്. ആദി മാതാപിതാക്കന്മാർ ദൈവത്തിനെതിരായിട്ടു് ഒരു വിപ്ലവം രേഴിച്ചുവിട്ടു. ആ വിപ്ലവത്തിന്റെ തരംഗപരമ്പരകളാണു് ലോകത്തിൽ ഉണ്ടായിട്ടുള്ള മററെല്ലാ വിപ്ലവങ്ങളും, യുദ്ധങ്ങളും രക്തച്ചൊരിച്ചിലുകളും മാനവസമുദായം അനുഭവിക്കേണ്ടിവന്നിട്ടുള്ള എല്ലാദുരന്തങ്ങളും: പാപം ദൈവത്തിനെതിരായിട്ടുള്ള ഒരു കൈയ്യേററമാണു. പാപത്തെക്കുറിച്ചു് ശരിയായ ബോധമുണ്ടാകണമെങ്കിൽ ദൈവം നമ്മുടെ വത്സല പിതാവാണെന്നുള്ള ബോദ്ധ്യമുണ്ടാകണം. പാപം വിഗ്രഹാരാധനയാണു്. പാപത്തിന്റെ സത്ത വി. തോമസ്സ് അക്വീനാസ്സ് നിർവ്വചിക്കുന്നതു് ഇപ്രകാരമാണു്. "അനശ്വര നന്മയായ ദൈവത്തോടുള്ള വിദ്വേഷവും

നശ്വര നന്മയായ സൃഷ്ടിയോടുള്ള അടുപ്പവുമാണ്". ദൈവത്തോട്ട് പ്രദശിപ്പിക്കേണ്ട വിധേയത്വം അഥവാ ആരാധന ഒരു സൃഷ്ടിക്കു് നല്കുന്നു. എത്ര നിസ്സാരമായ പാപത്തിലും ഈ രണ്ടു് ഘടകങ്ങൾ ഉണ്ടു്.

പാപം ജ്ഞാനസ്നാന വാഗ്ദാനങ്ങളുടെ ഒരു ലംഘനമാണ്, ജ്ഞാനസ്നാന വാഗ്ദാനങ്ങളുടെ വ്യാപ്തി നാം വേണ്ടവിധം മനസ്സിലാക്കി ജീവിച്ചാൽ പാപം ചെയ്യുകയില്ല. ഓരോ പ്രവൃത്തിയിലും നാം ജ്ഞാനസ്നാനത്തിൽ ചെയ്ത പ്രതിജ്ഞ തുടരേണ്ടതാണ്. പാപം ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ ഒററിക്കൊടുക്കുന്ന ഒരു പ്രവൃത്തിയാണ്. (1) പാപം ചെയ്യുമ്പോൾ നമ്മുടെ സ്നേഹപിതാവിനോട്ട് ഞാൻ നിന്നെ സ്നേഹിക്കുകയില്ല എന്നു് പറയുകയാണ്. യൂദാസ് ക്രിസ്തുനാഥനെ ഒററിക്കൊടുത്തതു് മുപ്പതു വെള്ളിക്കാശിനാണെങ്കിൽ നാം ഒരു പക്ഷേ ക്ഷണികമായ സൗഭാഗ്യത്തിനുവേണ്ടിയായിരിക്കും. നാം മാതൃകാപരമായ കത്തോലിക്കാജീവിതം നയിക്കാത്തപ്പോൾ ക്രിസ്തുവിനെ ഒററിക്കൊടുക്കുകയാണ്. പാപത്തിന്റെ നൈയ്യാമികമായ നിർവ്വചനം ദൈവപ്രമാണങ്ങളുടെയും തിരുസഭയുടെ കല്പനകളുടെയും ലംഘനമാണെങ്കിലും അതു് പാപത്തിന്റെ തിന്മയെ വ്യക്തമാക്കുവാൻ പര്യാപ്തമല്ല.

നാം ജ്ഞാനസ്നാനം സ്വീകരിക്കുന്ന അവസരത്തിൽ ഓരോരുത്തരുടെയും ആത്മാവിൽ യഥാർത്ഥത്തിൽ മിശിഹായുടെ തിരു മുഖഛായയാണ് പതിയുന്നതു്. എന്നാൽ ഗൗരവാവഹമായ പാപം ചെയ്തു് ആത്മാവു് മ

---

(1). Fr. R. W. Gleasen, S.J. The world to Cenu P. 15.

ലിനമാകുമ്പോൾ തൽസ്ഥാനത്ത് ഗുരുദ്രോഹിയായ യൂദാസിൻെറ വിരൂപമായ മുഖമാണ് പതിയുന്നത്. യൂദാസ് മുപ്പത് വെള്ളിക്കാശിന് ദിവ്യ ഗുരുവിനെ ഒററിക്കൊടുത്തതുപോലെ നാമും പാപം ചെയ്യുമ്പോൾ പ്രവത്തിക്കുന്നു: പാപം ആത്മഹത്യാപരമായ ഒരു പ്രവത്തനമാണ്. നമ്മുടെ പ്രസാദവരമാകുന്ന ആത്മീയ ജീവൻ നിഹനിച്ച് ആത്മാവിനെ പൈശാചിക പാരതന്ത്ര്യത്തിൽ ഉൾപ്പെടുത്തുന്നതാണ് പാപം. ഒരിക്കൽ മൊൺ. ഫുൾട്ടൻ. ജെ. ഷീനിനോട് പത്ര പ്രതിനിധികൾ "ഇപ്പോൾ ഒരു അണു സമരമുണ്ടാവുകയാണെങ്കിൽ അതിനെ നേരിടുന്നതിനുള്ള ആയുധമെന്താണ്" എന്ന് ചോദിച്ചു. ഉടനെ അദ്ദേഹം ഇപ്പ്രകാരം മറുപടി പറഞ്ഞു. "നിങ്ങളുടെ വിശുദ്ധീകരണ വരപ്രസാദം സംരക്ഷിക്കുക. അതാണ് ഒരു അണുയുദ്ധത്തെ നേരിടുന്നതിനുള്ള ഏററവും ശക്തമായ ആയുധം" വിശുദ്ധീകരണ വരപ്രസാദമുള്ള ഒരു വ്യക്തി ദൈവപുത്ര സ്ഥാനത്തിന് അർഹനാണ്. ആരാദ്ധ്യമായ പ. ത്രിത്വത്തിൻെറ ആലയമാണ്. ദൈവീക ചൈതന്യമുൾക്കൊള്ളുന്ന വ്യക്തിയാണ്. അതിനാൽ അജയ്യനാണ്. എന്നാൽ പാപം ചെയ്യുമ്പോൾ നാം ആ ദൈവീക ശക്തി നശിപ്പിക്കുകയാണ്. അതു് ആത്മഹത്യാപരമാണ്.

പാപം ഒരു ദൈവഹത്യയാണ്. പാപത്തിന് അനന്തമായ ഒരു തിന്മയുണ്ടു് എന്ന് വേദശാസ്ത്രജ്ഞന്മാർ പറയുന്നതിൻെറ കാരണം അതു് അനന്തനന്മയായ ദൈവത്തോടുള്ള ഒരു ദ്രോഹമായതു കൊണ്ടാണ്. ഒരത്ഥത്തിൽ നാം ദൈവത്തെയും സൃഷ്ട വസ്തുവിനെയും തമ്മിൽ തുലനം ചെയ്ത് ദൈവത്തെ പരിത്യജിക്കുകയാണ് പാപം ചെയ്യുമ്പോൾ,

ക്രൂശിതരൂപം മൂകമായഭാഷയിൽ പാപത്തിൻെറ അനന്തമായ തിന്മ നമ്മോട്ട് പ്രസംഗിക്കുന്നുണ്ട്. ക്രൂശിതരൂപത്തിലേയ്ക്കു് നോക്കി ആത്മാത്ഥതയോടുകൂടി ഞങ്ങൾ മിശിഹായുടെ രക്തത്തിൽ കുറാമറാവരാണെന്നു് നമുക്കു് പറയുവാൻ സാധിക്കുമോ? ഒരത്ഥത്തിൽ നാം ഇന്നും പാപം ചെയ്യുമ്പോൾ മിശിഹായെ ക്രൂശിക്കുകയാണു്. ഈശോ വി.മാർഗാററു് മേരിഅലക്കോക്കിനു് പ്രത്യക്ഷനായി അവിടത്തെ ഹൃദയംകാണിച്ചുകൊണ്ടു് ഇപ്രകാരം അരുളിച്ചെയ്തു. "മകളേ,മനുഷ്യരെ ഇത്ര അധികമായി സ്നേഹിക്കുന്ന ഹൃദയം നീ കണ്ടാലും.എന്നാൽ ഇതിനു പകരമായി എനിക്കു ലഭിക്കുന്നതു് കൃതഘ്നതയും ദ്രോഹങ്ങളുമാണു്"

മാരകപാപം നരകത്തിൻെറ ഭ്രൂണമാണു്. (2) ഗൗരവാവഹമായ പാപം ചെയ്തിട്ടുള്ള വ്യക്തി ദൈവ വിദ്വേഷത്തിലാണു് സ്ഥിതി ചെയ്യുക. നരകത്തിലെ അവസ്ഥയും ഇതു തന്നെയാണു്. നരകം മാരകപാപത്തിൻെറ നൈയ്യാമിക ഫലമത്രെ. ദൈവത്തെ പ്രാപിക്കുവാൻ സാധിക്കാത്ത ആത്മാവിൻെറ സ്ഥിതിവിശേഷം.

വി.ആഗുസ്തീനോസ്' പ്രസ്താവിക്കുന്ന "നിഷ്കൃഷ്ടമായ അത്ഥത്തിൽ പാപം മാത്രമാണു് ഈ ലോകത്തിലെ ഏക തിന്മ. എന്തെന്നാൽ ലോകത്തിനു് ഏററവും അനുപേക്ഷണീയവും അതിനു് യഥാത്ഥത്തിലുള്ള അത്ഥം നൽകുന്നതുമായ പ്രകൃത്യതീതവും ധാർമ്മികവുമായ വ്യവസ്ഥിതിയുടെ തകിടം മറിച്ചിലാണു് അതു്."

യുദ്ധമോ, വിപ്ലവമോ, പട്ടിണിയോ, സാമൂഹ്യാനീതികളോ ഒക്കെ ലോകത്തിൽ ഉണ്ടാകുന്നെങ്കിൽ അതിൻെറ എല്ലാം അടിസ്ഥാന കാരണം മനുഷ്യക്കു് പാപ ബോധമില്ലാത്തതാണു്. ഇന്നത്തെ അശ്ലീലഗ്രന്ഥങ്ങളും, പത്രമാ

(2) Fr. R. W. Gleasen. S. J. The world do Cammee. P. 20.

സികകളും, സിനിമാ, റേഡിയോ മുതലായ പ്രചരണോപാധികളും, അസത്യത്തെ സത്യമായും, അധർമ്മത്തെ ധർമ്മമായും അനീതിയെ നീതിയായും ചിത്രീകരിക്കുന്നു. ആധുനിക കത്തോലിക്കർ അവരുടെ വിശ്വാസം ക്രിസ്തുവിൻെറ സുവിശേഷത്തിൽ നിന്നും സ്വീകരിക്കുന്നുണ്ട്. എന്നാൽ അവരുടെ സന്മാർഗ്ഗ സംഹിത അശ്ലീലമായിട്ടുള്ള സിനിമാകളിൽ നിന്നും പത്ര മാസികകളിൽ നിന്നുമാണ് സ്വീകരിക്കുന്നതു്. നമ്മുടെ തിന്മയിലേയ്ക്കുള്ള പ്രവണത വർദ്ധിപ്പിക്കുന്നതു് ഉത്ഭവപാപം മാത്രമല്ല! നമ്മുടെ പൂർവ്വികരുടെ വ്യക്തിഗതമായ പാപങ്ങളും അതിൻെറ സ്വാധീന ശക്തി വർദ്ധിപ്പിക്കുന്നു. ഒരർത്ഥത്തിൽ ലോകത്തിൽ ചെയ്യുന്ന ഓരോ പാപവും തിന്മയുടേതായ ശക്തിവർദ്ധിപ്പിക്കുന്നു. പാപത്തിനു് ലോകവ്യാപകവും സാമൂഹ്യവുമായ ഒരു ചലനാത്മകതയുണ്ട്.

ഇന്നത്തെ ചില കത്തോലിക്കാ സന്മാർഗ്ഗ ശാസ്ത്രജ്ഞന്മാരും നാം ഗൗരവാവഹമായ പാപം സാധാരണ ചെയ്യുന്നില്ല എന്നഭിപ്രായപ്പെടുന്നുണ്ട്. ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു മനുഷ്യനെ അശുദ്ധനാക്കുന്ന ചില പാപങ്ങൾ ഉണ്ട് എന്നു്. (വി. മത്തായി. XV, 19). വി.പൗലോസ് അപ്പസ്തോലൻ ഗാലാത്തിയാക്കാർക്കുള്ള ലേഖനത്തിലും ജഡത്തിൻെറ പ്രവൃത്തികൾ ഏവയാണെന്നും അവ സ്വർഗ്ഗരാജ്യത്തിലുള്ള പ്രവേശനം നിരോധിക്കുന്നുവെന്നും പ്രസ്താവിക്കുന്നു. (ഗാല: V, 19-21)

ഒരു ക്രിസ്ത്യാനി പാപം ചെയ്യുമ്പോൾ യഹൂദ ജനതയോടു് ക്രിസ്തുനാഥൻ ചോദിച്ച ചോദ്യം അവിടന്നാവർത്തിക്കുന്നുണ്ട്. മകനേ, അഥവാ, മകളേ നിനക്കുവേണ്ടി എന്താണ് ഞാൻ ചെയ്യാതിരുന്നതു്? ഒരു ക്രിസ്ത്യാനിയുടെ പാപം ഏററവും വലിയ കൃതഘ്നതയാണ്. ജ്ഞാന

സ്ലാന സ്വീകരണ ശേഷം പാപവുമായി സന്ധിയില്ലാത്ത സമരം ചെയ്യുവാൻ കടപ്പെട്ടവരാണ് നാം. ആധുനിക ലോകത്തിൽ പാപത്തിനെതിരായി ഒരു സ്വർഗ്ഗീയ സന്ദേശം ന. അമ്മ. പ. കന്യകമറിയം ഫാത്തിമായിൽ നല്കി. മക്കളേ, നിങ്ങൾ പാപം ചെയ്യരുത്. ചെയ്ത പാപത്തിന് പരിഹാരമപ്പിക്കണം പാപികളുടെ മാനസാന്തരത്തിനായി പ്രാത്ഥിക്കുവിൻ. എന്നാൽ വിമലാംബികയുടെ വിലപനം ലോകത്തിൻെറ ശ്രവണ പുടങ്ങളിൽ വന രോദനമായി പരിണമിച്ചു. അതിൻെറ തിക്തഫലങ്ങൾ നാം അനുഭവിച്ചു. ഒരു മൂന്നാം ലോകമഹായുദ്ധത്തിൻെറ കരാള മേഘങ്ങൾ അന്താരാഷ്ട്രീയ മണ്ഡലത്തിൽ വ്യാപിച്ചിട്ടുണ്ട്. ലോകം പാപ പരമായ മാർഗ്ഗങ്ങൾ പരിത്യജിക്കുന്നില്ലെങ്കിൽ ഒരു മൂന്നാം ലോകമഹായുദ്ധമുണ്ടാകുമെന്നാണല്ലൊ ഫാത്തിമാ രഹസ്യങ്ങളുടെ സൂചന. അതിനാൽ നാം പാപരഹിതമായ ഒരു ജീവിതം നയിക്കുന്നതിന് പരിശ്രമിക്കണം. സൽപ്രവൃത്തികൾ ഓരോന്നും നന്മയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നു. പാപത്തെക്കാൾ മരണം എന്നതായിരിക്കട്ടെ നമ്മുടെ ആദർശം.

# അദ്ധ്യായം 20

# ഔഷധം

ലോകത്തിലുള്ള എല്ലാ ജനപദങ്ങളിലും പാപബോധവും പാപത്തിൽ നിന്നു് വിമുക്തി പ്രാപിക്കുന്നതിനുള്ള ആഗ്രഹവും നിലനിന്നിരുന്നു. അതിനായി പ്രതീകാത്മകമായ മാർഗ്ഗങ്ങളിലൂടെ പരിശ്രമിച്ചു. പാപശാന്തിക്കായുള്ള ബലികളും, പ്രാർത്ഥനകളുമർപ്പിച്ചിരുന്നു. കാശിയിൽ പോയി സ്നാനം ചെയ്താൽ പാപവിമുക്തി പ്രാപിക്കാമെന്നു് ഭാരതീയർ വിശ്വസിച്ചു. ഇസ്രായേൽ ജനതയും പാപമോചനാർത്ഥം പലമാർഗ്ഗങ്ങളും അവലംബിച്ചിരുന്നു: ദൈവ നിർദ്ദിഷ്ടമായി വർഷത്തിലൊരിക്കൽ ഒരാട്ടിൻ കുട്ടിയെ ദേവാലയത്തിൽ കൊണ്ടുചെന്നു് പ്രധാനാചാര്യൻ അതിൻെറ ശിരസ്സിൽ കൈവച്ചു് ഇസ്രായേൽ ജനതയുടെ പാപം അതിൽ ആവഹിച്ചു് അതിനെ പാപ പരിഹാര ബലിയായി അർപ്പിച്ചിരുന്നു. മിശിഹായുടെ പുരോഗാമിയായ യോഹന്നാൻ യോർദ്ദനാൻ നദിയുടെ തീരത്തു് അനുതാപത്തിൻെറ ജ്ഞാനസ്നാനം നല്കിയിരുന്ന അവസരത്തിൽ യഹൂദന്മാർ തങ്ങളുടെ പാപങ്ങൾ ഏററു് പറഞ്ഞുകൊണ്ടു് ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നതായി നാം കാണുന്നു. (വി. മത്തായി. III. 6.)

എന്നാൽ വി, പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ആദം മുതൽ മിശിഹാവരെ എല്ലാവരും പാപത്തി

നും തദ്വാര മരണത്തിനും (റോമ്മാ. V 10-19) അടിമകളായിരുന്നു. പാപമുക്തിക്കായുള്ള മാനവരാശിയുടെ പരിശ്രമങ്ങളെല്ലാം വിഫലമാവുകയാണുണ്ടായതു്. ഈശോ അവിടത്തെ ഭൗമിക ജീവിതകാലത്തു് പലരുടേയും പാപങ്ങൾ മോചിച്ചതായി നാം കാണുന്നുണ്ടു്. മഗ്ദലന മറിയം, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ മുതലായവരുടെ പാപങ്ങൾ അവിടന്നു് മോചിച്ചു. മാനസാന്തരമായിരുന്നു (Medanoia) അവിട്ടത്തെ ദൗത്യത്തിൻെറ കേന്ദ്രം.

ഈ പാപമോചനാധികാരം അപ്പസ്തോലന്മാർക്കു് നല്കുന്നതും നാം കാണുന്നുണ്ടു്. ഈശോ പീലിപ്പോസിൻെറ കേസറിയാ പ്രദേശത്തു് വന്നപ്പോൾ ശിഷ്യരോടു് മനുഷ്യപുത്രനായ ഞാൻ ആരാകുന്നു എന്നാണു് മനുഷ്യർ എന്നെക്കുറിച്ചു് പറയുന്നതു് എന്നന്വേഷണം ചെയ്തു് ചോദിച്ചു. അവർ പറഞ്ഞു ചിലർ സ്നാപകയോഹന്നാൻ എന്നും വേറെ ചിലർ ഏറമിയാ അല്ലെങ്കിൽ പ്രവാചകരിൽ ഒരുത്തൻ എന്നും പറയുന്നു. അവൻ അവരോടു് ചോദിച്ചു. എന്നാൽ ഞാൻ ആരാകുന്നുവെന്നാണു് നിങ്ങൾ പറയുന്നതു്. ശെമഓൻകേപ്പാ മറുപടിയായി പറഞ്ഞു. നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹാ ആകുന്നു. ഈശോ അവനോടു് മറുപടിയായി അരുളിച്ചെയ്തു. യോനായുടെ പുത്രനായ ശെമഓനേ നീ ഭാഗ്യവാൻ, എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗത്തിലുള്ള പിതാവല്ലാതെ ജഡവും രക്തവുമല്ല ഇതു് നിനക്കു് വെളിപ്പെടുത്തിയതു്. ഞാനും നിന്നോടു് പറയുന്നു. നീ കേപ്പായാകുന്നു. ഈ കേപ്പായിന്മേൽ എൻെറ പള്ളി ഞാൻ പണിയും നരക വാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിനക്കു് ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടി

രിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു് സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും. (വി. മത്താ: XVI. 13-19)

ഇവിടെ മിശിഹാ മൂന്നു് രൂപകാലങ്കാരങ്ങളിലൂടെ വി. പത്രോസിനെ സഭയുടെ അടിസ്ഥാനശിലയും പരമാധികാരിയുമായി പ്രഖ്യാപിച്ചു് മനുഷ്യരുടെ മനസ്സാക്ഷിയെ ബാധിക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം വാഗ്ദാനം ചെയ്യുന്നു. ഇവിടെ "കെട്ടുക അഴിക്കുക" എന്ന പ്രയോഗം യഹൂദ പാരമ്പര്യത്തിലും മററും പാപമോചനത്തെ സൂചിപ്പിക്കുന്നു. മുമ്പു് സൂചിപ്പിച്ച എസ്സൻസ്സ് എന്ന സന്യാസ സമൂഹത്തിലുള്ള പരസ്യ പാപനിവേദനാവസരത്തിൽ കൈകൾ കെട്ടിക്കൊണ്ടു വരികയും പാപം ഏററുപറഞ്ഞു അനുതപിക്കുന്നവരെ പാപത്തിൽ നിന്നു് മോചിക്കുന്നതായി സൂചിപ്പിച്ചുകൊണ്ടു് അവരുടെ കെട്ടുകൾ അഴിച്ചു് വിടുകയും ചെയ്തിരുന്നു. ഇനി ഇതേ അധികാരം എല്ലാ അപ്പസ്തോലന്മാക്കും വാഗ്ദാനം ചെയ്യുന്നതായും നാം കാണുന്നു. (വി. മത്തായി: XVIII. 15-18) പുനരുത്ഥാന ശേഷം അധികാരം നല്കുന്നു. ശ്ലീഹന്മാർയഹൂദന്മാരെക്കുറിച്ചുള്ള ഭയം നിമിത്തം ഒരു ഭവനത്തിൽ ഒളിച്ചിരിക്കുമ്പോൾ ക്രിസ്തുനാഥൻ അവർക്കു് പ്രത്യക്ഷനായി അവക്കു സമാധാനം ആശംസിക്കുന്നു. അതിനു ശേഷം ഈശോ അവരോടു് അരുളിച്ചെയ്തു. "എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഇവ അരുളിച്ചെയ്തിട്ടു് അവൻ അവരുടേമേൽ ഊതി അവരോടു് നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും. എന്നാൽ ആരുടേതെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും എന്നരുളിച്ചെയ്തു". (വി. യോഹ: XX 19-23)

ഈ അധികാരം അപ്പസ്തോലന്മാക്ക് നല്കിയ ക്രിസ്തുനാഥൻ സ്വർഗ്ഗാരോഹണാവസരത്തിൽ അവരോട് വീണ്ടും അരുളിച്ചെയ്തു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നല്കപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ഞാൻ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടിയുണ്ട്. (വി. മത്തായി. XXVIII.18-20) അതിനാൽ ക്രിസ്തുവിന്റെ അധികാരം പ്രാവർത്തികമാക്കുവാൻ ഇന്നും സഭയിൽ വ്യക്തികൾ ഉണ്ടായിരിക്കണം. കത്തോലിക്കാതിരുസ്സഭ എക്കാലത്തും ആ അധികാരം വിനിയോഗിച്ചിരുന്നു വെന്ന് സഭാചരിത്രം വ്യക്തമാക്കുന്നു. പൗരാണിക കാലത്ത് പാപസങ്കീർത്തനം വളരെ വിരളമായി മാത്രമെ നല്കിയിരുന്നുള്ളു. കാരണം അന്ന് ഒരു കത്തോലിക്കൻ പാപം ചെയ്യുക വിരളമായിരുന്നു. പാപം ചെയ്താൽ കഠിന പ്രായശ്ചിത്ത കൃത്യങ്ങൾ അനുഷ്ഠിച്ച് മേലിൽ പാപം ചെയ്യുകയില്ല എന്നുള്ള ഉറപ്പ് ലഭിച്ചതിനുശേഷമാണ് പാപമോചനം നല്കിയിരുന്നത്.

സഭാപിതാവായ വി. ആഗുസ്തീനോസ് അദ്ദേഹത്തിന്റെ ഒരു പ്രസംഗത്തിൽ ഇപ്രകാരം പറയുന്നു. "ലോകത്തിൽ പാപസങ്കീർത്തനം എന്ന കൂദാശകൊണ്ടാവശ്യമില്ലാത്ത ഒരു വ്യക്തിയുമില്ല. അപ്രകാരം ഒരത്ഭുതം ഒരു വ്യക്തിയിൽ സംഭവിച്ചു എന്ന് വിശ്വസിക്കുക അസാദ്ധ്യം. എന്നാൽ, പ. കന്യക മറിയത്തിനു മാത്രം പാപസങ്കീർത്തനം ആവശ്യമില്ലായിരുന്നു; അതിനാൽ എല്ലാവരും പാപസങ്കീർത്തനം എന്ന കൂദാശ സ്വീകരിക്കുക."

റോമാ ചക്രവർത്തിയായിരുന്ന തെയഡോഷ്യസ് തെസലോണിക്കായിലുള്ള അനേകം പേരെ നിർദ്ദയം വധിക്കുകയുണ്ടായി. അന്നത്തെ മിലാൻ മെത്രാപ്പോലിത്താ

ആയിരുന്ന വി. അമ്പ്രോസ് റോമ്മാ ചക്രവത്തിയോട്ട് കഠിനമായ പ്രാശ്ചിത്ത കൃത്യങ്ങൾ അനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടു. ചക്രവത്തി ചാക്കുട്ടത്തും ചാരവും പൂശി മിലാൻ കത്തീഡ്രൽ ദേവാലയത്തിന്റെ കവാടത്തിൽ മൂന്നു് ദിവസം തപസ്സനുഷ്ഠിച്ചതിനു ശേഷം മാത്രമാണു് ദേവാലയത്തിൽ പ്രവേശിക്കുന്നതിനു് അനുവദിച്ചതു്. പിന്നീട്ട് പാപമോചനവും നല്കി. പാപസങ്കീത്തനം എന്ന കൂദാശയെ വിവക്ഷിക്കുന്നതിനായി ഗ്രീക്കു് ഭാഷയിൽ ഉപയോഗിച്ചിരുന്ന പദം (Metanoe'a) അഥവാ ഹൃദയപരിവത്തനം എന്നു് തന്നെയായിരുന്നു.

ഇന്നു് പല അകത്തോലിക്കരും അക്രൈസ്തവരും കത്തോലിക്കാ സഭയെ അധിക്ഷേപിക്കാറുണ്ട്. പാപസങ്കീത്തനം എന്നുള്ളതു് കത്തോലിക്കർക്കു് പാപം ചെയ്യുന്നതിനുള്ള ഒരു ലൈസൻസാണെന്നു് പറഞ്ഞുകൊണ്ട് നാം ജീവിത നവീകരണത്തിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ചിലരൊക്കെ തങ്ങളുടെ അസന്മാർഗ്ഗിക ജീവിതത്തിനു് ഒരു മൂട്ടപടം എന്ന നിലയിൽ ഇതിനെ അധഃപതിപ്പിക്കാറുണ്ട്. ആംഗ്ലേയ സാഹിത്യകാരനായ ചെസ്റ്റർട്ടൻ ഒരിക്കൽ ഇപ്രകാരം പ്രസ്താവിച്ചു "എന്നോട്ട് നിന്റെ പാപങ്ങൾ ക്ഷമിച്ചിരിക്കുന്നു എന്നു പറയുന്നതിനു അധികാരമുള്ളതായി ഒരേ ഒരു ശക്തി മാത്രമേ ഈ ഭൂമുഖത്തു് കാണുന്നുള്ളു. അതു് കത്തോലിക്കാ തിരുസ്സഭയാണു്. തന്നിമിത്തമാണു് ഞാൻ കത്തോലിക്കാ സഭയെ സമാശ്ലേഷിച്ചതു്".

പാപ സങ്കീത്തനം എന്ന കൂദാശ വഴി നമ്മെ ഒരു പക്ഷേ അനേകം പ്രാവശ്യം നിത്യമരണത്തിൽ നിന്നു് തന്നെ രക്ഷിച്ച നമ്മുടെ കത്താവിനോട്ട് നമുക്കു് എത്ര സ്നേഹവും കൃതജ്ഞതയും ഉണ്ടായിരിക്കണം? അതു് എ

ത്ര യോഗ്യതാ പൂർവ്വം നാം സ്വീകരിക്കണം? ഫലദായകമായി സ്വീകരിക്കുന്നതിനു് ശരിയായ ആത്മശോധനയും, മനസ്താപവും പ്രതിജ്ഞയും ആവശ്യമാണു്. മനസ്താപത്തിനു് ബാഹ്യമായ ലക്ഷണങ്ങളെക്കാൾ ഹൃദയ വ്യഥയാണാവശ്യം. മനസ്താപം എത്ര ആത്മാർത്ഥമാണോ അത്ര കൂടുതൽ ജീവിത നവീകരണവും ഉണ്ടാകുന്നതാണു്. വി. മഗ്ദലനമറിയം, വി. പത്രോസ്സ്, വി. ആഗുസ്തീനോസ്സ് ഈജിപ്തിലെ വി. മറിയം, വി. ഇഗ്നേഷ്യസ്സ് ലെയോളാ കോർട്ടോനായിലെ വി. മാർഗ്ഗരററു് എന്നിവർ മനസ്താപത്തിൻെറ ഉത്തമ മാതൃകകളാണു്.

മനസ്താപാനന്തരം പാപ നിവേദനം നടത്തണം. കാരണം വൈദികൻ ഒരു ന്യായാധിപനാണു്. നീതി നിഷ്ഠയുള്ള ഒരു ന്യായാധിപനു് കേസ്സ് കേട്ടു് തീരുമാനിക്കണമെങ്കിൽ അതിൻെറ ന്യായാന്യായങ്ങളും, സാഹചര്യവും കാരണവുമൊക്കെ മനസ്സിലാക്കണം. വൈദികൻ ഒരു ഭിഷഗ്വരൻ കൂടിയാണു്. സമർത്ഥനായ ഭിഷഗ്വരനും രോഗത്തിൻെറ മൂലകാരണം കണ്ടുപിടിച്ചാൽ മാത്രമെ അതിനെ നിർമാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യൗഷധം നിർദ്ദേശിക്കാൻ സാധിക്കു. അദ്ദേഹം ഒരു ഗുരുഭൂതനുമാണു്. ആർക്കും തന്നെ, തന്നെ നയിക്കുക സാദ്ധ്യമല്ല. അദ്ദേഹം ഒരു വത്സലപിതാവുംകൂടിയത്രെ. ആദ്ധ്യാത്മികവും ലൗകികവുമായ നിരവധി പ്രശ്നങ്ങൾ അലട്ടുമ്പോൾ സമാധാനം പകന്നുകൊടുക്കുവാൻ അദ്ദേഹത്തനു് സാദ്ധ്യമാണു്. നൈരാശ്യ കൂപത്തിലാണ്ടു് ആത്മഹത്യക്കു മുതിന്ന പലക്കും പ്രത്യാശ പകന്നുകൊടുത്തു് ജീവിതം സൗഭാഗ്യ സംദായകമാക്കിത്തിക്കുവാൻ വൈദികക്കു പലപ്പോഴും സാധിച്ചിട്ടുണ്ടു്.

കർദ്ദിനാൾ കുഷിംഗു് അദ്ദേഹത്തിൻെറ ഏഴു കൂദാശകൾ(Seven Sacraments) എന്ന ഗ്രന്ഥത്തിൽ ഒരു സം

ഭവം രേഖപ്പെടുത്തുന്നുണ്ട്. ഒരിക്കൽ ഒരു അകത്തോലിക്കാ മനഃശാസ്ത്ര പണ്ഡിതൻ ഒരു കത്തോലിക്കാ ദേവാലയത്തിൽ പ്രവേശിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തത്സമയം ഒരു യുവതി താങ്ങാനാവാത്ത ഹൃദയ വ്യഥയോടെ ദേവാലയത്തിലേയ്ക്കു് പ്രവേശിക്കുന്നതു് അദ്ദേഹം കണ്ടു. അവളുടെ മുഖഭാവത്തിൽ നിന്നും അദ്ദേഹം അതു് മനസ്സിലാക്കി അവൾ ദേവാലയത്തിൽ പ്രവേശിച്ചിട്ട് എന്താണു് ചെയ്യുന്നതു് എന്നറിയുന്നതിനു് അദ്ദേഹം ജിജ്ഞാസാപൂർവ്വം സൂക്ഷിച്ചു. കുറെ സമയം പ്രാർത്ഥിച്ചതിനു് ശേഷം അവൾ പാപ സങ്കീർത്തന വേദിയെ സമീപിക്കുന്നു. പാപസങ്കീർത്തനം അവളിൽ വലിയ പരിവർത്തനമുളവാക്കിയതായി അദ്ദേഹം മനസ്സിലാക്കി. പിന്നീട്ട് ആ മനഃശാസ്ത്ര പണ്ഡിതൻ ഇപ്രകാരം രേഖപ്പെടുത്തി, വിശ്വ വിശ്രുതരായ മാനസികരോഗ ചികിത്സാ വിദഗ്ധന്മാർ രണ്ടും മൂന്നും വർഷത്തെ പരിശ്രമഫലമായി ചെയ്യുന്ന കാര്യം ഒരു കത്തോലിക്കാ വൈദികൻ പാപ സങ്കീർത്തന വേദിയിൽ രണ്ടോ മൂന്നോ മിനിട്ടുകൊണ്ടു നേടുന്നു.(1)

വേറൊരു മനഃശാസ്ത്ര പണ്ഡിതനായ കാൾ ഗുസ്റ്റ വ്യുങ്ങ് (Carl Gustave Jung) ആക്കാണു് കൂടുതൽ മാനസികരോഗങ്ങൾ ഉണ്ടാകുന്നതു് എന്നു് ഒരു സ്ഥിതി വിവര കണക്കു് തയാറാക്കി. ഏററവും കൂടുതൽ മാനസിക രോഗങ്ങൾ ഉണ്ടാകുന്നതു് നാസ്തികർക്കാണു്. അതിലും കുറവു് മതവിശ്വാസമുള്ളവർക്കു് ഏററവും കുറച്ചു് മാനസിക രോഗങ്ങൾ ഉണ്ടാകുന്നതു് കത്തോലിക്കർക്കാണെന്നാണു് അദ്ദേഹത്തിൻെറ സ്ഥിതി വിവരക്കണക്കു് വ്യക്തമാക്കുന്നതു്. അതിനുള്ള പ്രധാന കാരണം പാപസങ്കീ

(1) Cardinal Cushing. Seven Sacraments Chamnels of grace· Chapt; V· Coinfessions.

ത്തനം എന്ന കൂദാശയാണെന്നാണു് അദ്ദേഹത്തിന്റെ അഭിമതം. തുടന്നു അദ്ദേഹം പ്രസ്താവിക്കുന്നതു "കത്തോലിക്കാ സഭയാണു് ലോകത്തിലെ ഏററവും പരിപൂൎണ്ണമായ മതം. കാരണം ആ മതത്തിനു് മാത്രമേ മനുഷ്യരുടെ എല്ലാ സ്വാഭാവികമായ അഭിവാഞ്ചകളെയും തൃപ്തിപ്പെടുത്തിയ ശേഷം അവനു് ഗാഢാത്മമായ സമാധാനം പകന്നു കൊടുക്കുവാൻ സാധിക്കുകയുള്ളു.

പ്രൊഫസർ വോൺമേയർ(Prof. Von Mayr of Freileurg) ഒരു കത്തോലിക്കനായ അലക്സാണ്ടർ വോട്രിജനോടുകൂടി ഇപ്രകാരം അഭിപ്രായപ്പെടുന്നു. അകത്തോലിക്കർ മതപരമായ കാര്യങ്ങളിൽ വിമുഖരായിരിക്കുന്നതു് അവർക്കു് അവരുടെ മന:സാക്ഷിയുടെ ഭാരത്തെ ലഘൂകരിക്കുന്നതിനുള്ള മാൎഗ്ഗമില്ലാത്തതാണു്. ആത്മഹത്യ ഏററവും കൂടുതൽ ഉള്ളതു് പ്രോട്ടസ്റ്റൻറുകാരുടെ ഇടയിലത്രെ, അതു് അവരുടെ മതപരമായ ചിന്താഗതിയുടെ ഫലമാണുതാനും. ദൈവപുത്രൻ പാപസങ്കീർത്തനം എന്ന കൂദാശ വഴി നിരാശരായ പാപികൾക്കു് നല്കുന്ന പ്രത്യാശയും സമാധാനവും അതിന്റെ അനുഗാമികൾക്കു് അതു് നിഷേധിച്ചിരിക്കുന്നു, (Rev. Frederick Houck. Godward).

നാം എത്ര പാപികളായിരുന്നാലും പാപം ഏററുപറയുന്നതിനു് ലജ്ജിക്കുകയോ ഭയപ്പെടുകയോ ചെയ്യേണ്ടതില്ല. വൈദികനും മനുഷ്യനാണു്. മാനുഷികമായ ബലഹീനതകൾ എത്രമാത്രമെന്നു് അദ്ദേഹത്തിനറിയാം. മാത്രവുമല്ല ദൈവവും വൈദികനുമല്ലാതെ മററാരും നമ്മുടെ പാപങ്ങൾ അറിയുന്നതിനു് ഇടയാവുകയില്ല. കത്തോലിക്കാസഭയുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ ഒരു വൈദികനും കുമ്പസാര രഹസ്യം വെളിപ്പെടുത്തിയതായി കേട്ടിട്ടില്ല, കൂടാതെ അനേകം വൈദികർ കുമ്പസാര രഹസ്യം സംരക്ഷിക്കുന്നതിനുവേണ്ടി ജീവൻ ഹോമിച്ചിട്ടുണ്ടു്.

ആകയാൽ നമ്മിലുള്ള ദൈവിക ജീവൻ, അഥവാ ക്രിസ്തുവിനോടുള്ള സാരൂപ്യം നഷ്ടപ്പെട്ടാൽ അതു് വീണ്ടെടുക്കുന്നതിനുള്ള മാർഗ്ഗമായ പാപസങ്കീർത്തനം എന്ന കൂദാശയ്ക്കു് ഏററവും വേഗമണയേണ്ടതാണു്. പാപസങ്കീർത്തനം ക്രിസ്തുനാഥൻ സ്ഥാപിച്ച കൂദാശ അല്ല എന്നു് പറഞ്ഞു് അതു് പരിത്യജിച്ച പ്രോട്ടസ്റ്റൻറു് സഭകളിൽ ചിലതു്, അതു് വീണ്ടും പുനഃസ്ഥാപിക്കുവാൻ ആലോചിക്കുന്നു. ഡോ. ഫോസ്സിക്ക്, ഗ്ളൻവാക്കു്, ബ്രാങ്കേവു് മുതലായ പ്രോട്ടസ്റ്റൻറു് പണ്ഡിതന്മാർ അതിനായി പരിശ്രമിക്കുന്നു. (Ligourian, Nov: 1967) അവർ അതിനു് പുതിയ പേരാണു് നല്കിയിരിക്കുന്നതു്. മാനസികാപഗ്രഥനം (Psycho analysis) അഥവാ മനഃസാക്ഷി പരിശോധന (Exploration of Conscience) മുതലായവയാണു്. ആധുനിക മനശ്ശാസ്ത്രപണ്ഡിതന്മാരുടെ അഭിമതമനുസരിച്ചു് മനുഷ്യന്റെ കുററബോധത്തിൽ നിന്നു് പലേ മാനസികാസ്വാസ്ഥ്യങ്ങളും അതുപോലെ കുററകൃത്യങ്ങളിലേയ്ക്കുള്ള പ്രവണതകളും(Agression and disobedience) ഉണ്ടാകാം. എന്നാൽ പാപസങ്കീർത്തനം മാനസികാപഗ്രഥനത്തിൻെറ വ്യർത്ഥമായ സമാശ്വാസ (Pscudo -Consolation) മല്ല നമുക്കു് പ്രദാനം ചെയ്യുന്നതു് പ്രത്യുത ക്രിസ്തുനാഥൻെറ പാപ മോചനാധികാരം വഴി പരിപൂർണ്ണമായ ഹൃദയസമാധാനവും, ആത്മസംതൃപ്തിയും നല്കുന്നു. ക്രിസ്തുനാഥൻ പുനരുത്ഥാനത്തിൽ ശിഷ്യർക്കാശംസിച്ച സമാധാനം.

ഞാൻ പാപിയുടെ മരണമല്ല പ്രത്യുത മാനസാന്തരമത്രെ ആഗ്രഹിക്കുന്നതു് എന്നു് ദൈവം അരുളിച്ചെയ്തു. അവിടന്നു് പാപികളുടെ നേരെ എത്ര വലിയ സ്നേഹമാണു് പ്രദർശിപ്പിക്കുന്നതു്. വി. ഗ്രന്ഥം പഴയ നിയമവും പുതിയ നിയമവും ദൈവത്തിനു് പാപികളുടെ

നേരെയുള്ള സ്നേഹത്തിൻെറ ചരിത്രമാണ്. ആദിമാതാപിതാക്കന്മാരുടെ പാപത്തിനു ശേഷവും ദൈവം ഒരു പരിത്രാതാവിനെ വാഗ്ദാനം ചെയ്തു.

"തെററു് വരിക എന്നുള്ളതു് മാനുഷികമാണ്. എന്നാൽ തെററിനെ സ്നേഹിക്കുക, തെററിൽത്തന്നെ നിലനില്ക്കുക, ചെയ്ത തെററു് വീണ്ടും വീണ്ടും ആവർത്തിക്കുക, എന്നുള്ളതു് പൈശാചികമാണ്", (4) മിശിഹാനാഥനും പാപികളുടെ നേരെയുള്ള നിസ്സീമമായ സ്നേഹകാരുണ്യവും പ്രകടമാക്കിയിട്ടുണ്ട്. ഈശോയെ സംബന്ധിച്ചിടത്തോളം ആരെങ്കിലും പാപം ചെയ്ത ശേഷം പശ്ചാത്താപഭരിതമായ ഹൃദയത്തോടെ തിരിച്ചു വരുമ്പോൾ അവരോട്ട് ഏററവും വലിയ സ്നേഹം പ്രദർശിപ്പിക്കുന്നുവെന്നു് ജിയോവാനി പപ്പീനി എന്ന നാസ്തികൻ മാനസാന്തരപ്പെട്ട ശേഷം സ്വാനുഭവത്തിൽ നിന്നും അദ്ദേഹം വിരചിച്ച മിശിഹായുടെ ജീവചരിത്രം (Life of Christ) എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നുണ്ട്. ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രെ വിളിക്കുവാൻ വന്നിരിക്കുന്നതു് (വി. മത്തായി IX. 13) എന്നവിടുന്നു തന്നെ അരുളിച്ചെയ്തു. മഗ്ദലനമറിയത്തോടും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയോടും, മററു് പാപികളോടും വി. പത്രോസിനോടും ഈശോ എത്ര കാരുണ്യപൂർവ്വമാണ് പെരുമാറിയതു്. പാപികളുടെ മാനസാന്തരമാണ് മിശിഹാ പ്രസംഗിച്ച സുവിശേഷത്തിൻെറ കേന്ദ്രദൗത്യം. സഭയുടെ ദൗത്യവും ഈ മാനസാന്തരം പ്രസംഗിക്കുകയാണ്. മാനസാന്തരം ദൈവത്തിൻെറ ഒരു ദാനമാണ്.

തിരുസ്സഭയിലുള്ള പല വിശുദ്ധരും അവരുടെ പ്രാരംഭ ജീവിതത്തിൽ വലിയ പാപികളായിരുന്നു എന്നുള്ള

(4) Mgr. Sheen. Lift up your Hearts P. 64.

 തു് ഒരു പരമാത്ഥമാണു്, ശിഷ്യ പ്രധാനനായ പത്രോസ്സ്, വി. മഗ്ദലനമറിയം, വി. ആഗുസ്തീനോസ്സ്, ഈജിപ്തിലെ വി. മറിയം, കോർട്ടോനായിലെ വി. മാർഗരററു് മുതലായവർ ഇതിനു് ഉദാഹരണങ്ങളാണു്. ആധുനിക കാലത്തും ഏതാദൃശരായ വ്യക്തികളെ നമുക്കു് കാണുവാൻ സാധിക്കും". ഒരു പാപിയുടെ മാനസാന്തരം ആയിരം മരിച്ചവരെ ഉയിപ്പിക്കുന്നതിലും വലിയ അത്ഭുതമാണു്" എന്നു്. വി. ജോൺ ക്രിസോസ്റ്റോം പ്രസ്താവിക്കുന്നു. അങ്ങനെയെങ്കിൽ കത്തോലിക്കാ സഭയിൽ അനുദിനമെന്നോണം എത്രമാത്രം അത്ഭുതങ്ങളാണു് നടക്കുക? നാം എത്ര വലിയ പാപികളായിരുന്നാലും ദൈവത്തിന്റെ അനന്തമായ കരുണയോടു് തുലനം ചെയ്യുമ്പോൾ അതു് മഹാസമുദ്രത്തിൽ വീണ ഒരു തീപ്പൊരിപ്പു സദൃശമാണു് എന്നു് വി. ഫ്രാൻസീസു് സാലസും രേഖപ്പെടുത്തുന്നു. ആധുനിക ലോകത്തിൽ ഡഗ്ലസ്സു് ഹൈഡു്, ലൂയിബുഡൻസ്സു് മുതലായവരുടെ കാര്യവും പ്രസ്താവ്യമത്രെ.

നമ്മിലുള്ള ദൈവിക ജീവൻ പാപത്താൽ നഷ്ടപ്പെട്ടാൽ അതു് വീണ്ടെടുത്തു് ദൈവ സുതരായിത്തീരുന്നതിനുള്ള മാർഗ്ഗമാണു് പാപ സങ്കീർത്തനം. പാപത്തിൽ നിപതിച്ചതിനു ശേഷം പാപനിവേദനം ദീർഘിക്കുന്തോറും അതു് കൂടുതൽ വിഷമകരമാകും. കമ്പസാരം വഴി പാപമോചനം മാത്രമല്ല ലഭിക്കുക. പാപത്തോടു് സമരം ചെയ്യുവാനുള്ള കരുത്തും പാപത്തിൽ വീണ്ടും എളുപ്പത്തിൽ വീഴാതിരിക്കാനുള്ള അനുഗ്രഹവും സിദ്ധിക്കുന്നു.

# അദ്ധ്യായം 21

# വേറൊരു ക്രിസ്തുവോ ?

ഒരിക്കൽ ഞങ്ങൾ രണ്ടു് വൈദികർ ഒരുമിച്ചു് ഒരു അനാഥശാല സന്ദർശിക്കുന്നതിനു് ഇടയായി. അപ്പോൾ ആ അനാഥശാലയുടെ ഉത്തരവാദിത്വം വഹിച്ചിരുന്ന ഒരു വൈദികൻ ഞങ്ങളോടു് ഇപ്രകാരം പറഞ്ഞു. "ഈ അനാഥശാലയിൽ ഒരു വൃദ്ധനുണ്ടു്. അയാൾക്കു് ഇംഗ്ലീഷിൽ പ്രസംഗിക്കുവാനുള്ള പാടവമുണ്ടു്. ബ. അച്ചന്മാർക്കു് കേൾക്കുവാൻ ആഗ്രഹമുണ്ടെങ്കിൽ അയാൾ പ്രസംഗിക്കും."

പ്രസംഗം കേൾക്കുവാൻ വലിയ താല്പര്യമില്ലായിരുന്നെങ്കിലും ആ വൃദ്ധനെ ഒന്നു പ്രോത്സാഹിപ്പിക്കാമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പ്രസംഗം കേൾക്കണമെന്നു് പറഞ്ഞു. ഉടനെ ആ വൃദ്ധൻ പ്രസംഗം ആരംഭിച്ചു. പ്രസംഗത്തിന്റെ ഉള്ളടക്കം ഇതായിരുന്നു.

Dear Rev. Fathers, I have something to say to you. Not I but Jesus himself has something to say to you. My dear priests, You are my arms. Give me your arms. To serve your brothren. You are my tongues. Give me your tongues to preach the gospel to the poor. You are my heart. Give me your heart to love your brothren. you are my feet. Give me your feet to walk and preach the word of God".

അല്ലയോ ബ. അച്ചന്മാരെ, എനിക്ക് നിങ്ങളോട്ട് ചിലതെല്ലാം പറയുവാനുണ്ട്. എനിക്കല്ല പ്രത്യുത മിശിഹായിക്ക്. പ്രിയ വൈദികരെ, നിങ്ങൾ എൻെറ കരമാണ്. നിങ്ങളുടെ കരമെനിക്കു തരിക. നിങ്ങളുടെ സഹോദരരെ സേവിക്കുവാൻ. നിങ്ങൾ എൻെറ അധരമാകുന്നു. നിങ്ങളുടെ അധരമെനിക്കു നല്കുക. ദരിദ്രരോട്ട് സുവിശേഷം പ്രസംഗിക്കുവാൻ. നിങ്ങൾ എൻെറ ഹൃദയമാണ്. നിങ്ങളുടെ ഹൃദയം എനിക്കു തരിക. നിങ്ങളുടെ സഹോദരരെ സ്നേഹിക്കുവാൻ. നിങ്ങൾ എൻെറ പാദമാണ്. നിങ്ങളുടെ പാദം എനിക്കു നല്കുക. ചുററിനടന്നു് ദൈവ വചനം പ്രസംഗിക്കുവാൻ".

ആ വൃദ്ധൻ ഉന്നതമായ ഒരു സത്യം ഞങ്ങളെ അനുസ്മരിപ്പിക്കുകയായിരുന്നു. ഒരു കത്തോലിക്കാ വൈദികൻെറ ഏററവും മനോഹരവും അത്ഥഗാംഭീര്യം തെളിഞ്ഞു നില്ക്കുന്നതുമായ ഒരു നിർവ്വചനമാണ് ഇതു്. പൗരോഹിത്യത്തെക്കുറിച്ചു് പല ഗ്രന്ഥങ്ങളും വായിച്ചിട്ടുണ്ട്. എന്നാൽ ഇത്രമാത്രം എന്നെ ഗാഢമായി സ്പർശിച്ചിട്ടുള്ള ഒരു വസ്തുത വേറെ ഇല്ല. ഇന്നത്തെ കത്തോലിക്കാ വൈദികർ ഇതു് മനസ്സിലാക്കിയിരുന്നെങ്കിൽ!

എല്ലാ മതസ്ഥരുടെ ഇടയിലും പുരോഹിതന്മാരുണ്ട്. അവർ പുരോഹിതരെ ബഹുമാനപുരസ്സരമാണ് പരിഗണിച്ചിരുന്നതു്. എന്തെന്നാൽ മനുഷ്യരിൽ നിന്നുള്ള ഏതു പ്രധാനാചാര്യനും പാപങ്ങൾക്കുവേണ്ടി കാഴ്ചകളും ബലികളും സമർപ്പിക്കുവാനായി ദൈവീകമായിരിക്കുന്നകാര്യങ്ങളിൽ മനുഷ്യരെക്കുറിച്ചു് നിയമിക്കപ്പെട്ടനു. (എബ്രാ. ലേ: V. 1)

പഴയ നിയമത്തിൽ അത്യുന്നതൻെറ പുരോഹിതനായ മൽക്കിസ്ദേക്കിനെ നാം കാണുന്നുണ്ട് (ഉല്പത്തി. XVI, 19–20) ക്രിസ്തുവിൻെറ പൗരോഹിത്യത്തിൻെറ

ഒരു പ്രതീകമാണ് മൽക്കിസ്ദേക്ക് (എബ്രാ VII 1-3) ദൈവം മൂശയെയും, അഹറോനെയും പുത്രന്മാരെയും പുരോഹിത ശുശ്രൂഷയ്ക്കായി നിയോഗിക്കുന്നു. (ആചാര്യന്മാർ. VIII. 1-13) മൂശ ഇസ്രായേൽക്കാരുടെ ഭരണവും, അഹറോനിൽ വിശുദ്ധീകരണവും ലേവായരിൽ ശുശ്രൂഷാ പൗരോഹിത്യവും കാണുന്നുണ്ട്. ഇതു മൂന്നും ക്രിസ്തുനാഥനിൽ ഏകീഭവിച്ചിരുന്നു. മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയാണ് ക്രിസ്തീയ പൗരോഹിത്യം. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ രാജത്വവും, പ്രവാചകത്വവും, വിശുദ്ധീകരണവും സമ്മേളിച്ചിട്ടുണ്ട്. ഇതു് മൂന്നും കത്തോലിക്കാ പൗരോഹിത്യത്തിലും തുടരുന്നു. മിശിഹാ കാൽവരിയിൽ സ്വജീവൻ ഹോമിച്ചുകൊണ്ടു് അവിടത്തെ പൗരോഹിത്യം പൂർത്തിയാക്കി.

ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ (വി.ലൂക്കാ. XXII: 19) എന്നരുളിച്ചെയ്തുകൊണ്ടു് അവിടന്നു് അപ്പസ്തോലന്മാരെ പൗരോഹിത്യ പദവിയിലുയർത്തി, പീഡാനുഭവത്തിന്റെ തലേ ദിവസം അന്ത്യഭോജനസമയത്തു്. ലോകജേതാവായ അലക്സാണ്ടർ ദിഗ്വിജയം നടത്തി ജറുസലമിൽ ചെന്നു, ആ പട്ടണം ആക്രമിച്ചു് കീഴ്പ്പെടുത്തുവാനായി, എന്നാൽ ഇസ്രായേലിലെ പ്രധാന പുരോഹിതൻ അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനവസ്ത്രങ്ങളണിഞ്ഞു് അലക്സാണ്ടറിനെ അഭിമുഖീകരിക്കുന്നതിനായി ചെന്നു. അലക്സാണ്ടർ പ്രധാനാചാര്യനെ കണ്ടപ്പോൾ അദ്ദേഹത്തിന്റെ പാദങ്ങളിൽ പ്രണമിച്ചിട്ടു് പിന്തിരിഞ്ഞുപോയി. (1)

ഇസ്രായേലിലെ പൗരോഹിത്യം ക്രിസ്തുനാഥന്റെ പൗരോഹിത്യത്തിന്റെ വെറും നിഴൽ മാത്രമാണു്. എ

---

(1) Pope Pius XI. Ad Catholici Saecrdo

ന്നിരുന്നാലും ഒരു ചക്രവർത്തി ആ പൗരോഹിത്യത്തിന് ഏററവും വലിയ ബഹുമതി നല്കുന്നതാണ് നാം കാണുന്നതു്. യഥാർത്ഥത്തിൽ ബാഹ്യമായിട്ടുള്ള ബഹുമതിയെക്കാൾ ആന്തരികമായ ബഹുമാനമാണ് പൗരോഹിത്യത്തോടുണ്ടാകേണ്ടതു്. ഒരിക്കൽ തിരുഹൃദയ ഭക്തിയുടെ പ്രേഷിതനായ ഫാ. മത്തയോ ക്രൗളി പാരീസിൽ ചെന്ന് ദിവ്യബലി അർപ്പിച്ചു. ദിവ്യബലിയിൽ ശുശ്രൂഷിച്ചതു് സാക്സണിയിലെ റൂപ്പട്ട് രാജകുമാരനാണ്. ദിവ്യബലി ആരംഭിച്ചു് കുറച്ചു കഴിഞ്ഞപ്പോൾ രാജകുമാരൻ കരയുവാൻ തുടങ്ങി. സ്വല്പ സമയത്തിനുള്ളിൽ കരച്ചിൽ അവസാനിച്ചുകൊള്ളുമെന്നാണ് ഫാ. ക്രൗളി വിചാരിച്ചതു്. എന്നാൽ അദ്ദേഹത്തിൻെറ കരച്ചിൽ വർദ്ധിച്ചു. ദിവ്യബലികഴിഞ്ഞപ്പോൾ ഫാ. മത്തയോ ക്രൗളിറൂപ്പട്ട് രാജകുമാരനോടു് കരഞ്ഞതിൻെറ കാരണം എന്താണെന്നു് ചോദിച്ചു. എനിക്കും അങ്ങയെപ്പോലെ ഒരു വൈദികനാകുവാൻ സാധിച്ചില്ലല്ലോ എന്ന ചിന്തയാണ് എന്നെ ദുഃഖാർത്തനാക്കിയതു് എന്നു രാജകുമാരൻ പറഞ്ഞു.

റൂപ്പട്ട് രാജകുമാരൻ ഒരു വൈദികനാകുവാൻ ആഗ്രഹിച്ചു് സെമിനാരിയിൽ പ്രവേശിക്കുവാൻ തീരുമാനിച്ചതാണ്. എന്നാൽ പ. പിതാവു് പന്ത്രണ്ടാം പീയൂസ്സ് മാർപ്പാപ്പാ സാക്സണി ഒരു അകത്തോലിക്കാ ഭൂരിപക്ഷമുള്ള രാജ്യമായതിനാൽ അവിടെ ഒരു കത്തോലിക്കാ ഭരണാധികാരിയായി തുടരുന്നതു് തിരുസഭയ്ക്കും, ദൈവത്തിനും ഏററവും വലിയ സേവനമായിരിക്കും എന്നു് നിർദ്ദേശിച്ചതനുസരിച്ചാണ് അദ്ദേഹം വൈദികാന്തസ്സിൽ പ്രവേശിക്കാതിരുന്നതു് (2)

(2) Pierre Gayet. M. E. F. A Priestto him Brother Priest. 1954. P. 3.

ബൽജിയത്തിലെ ബിഡോവിൽ രാജാവും അദ്ദേഹത്തിൻെറ ആദ്യ ഭാര്യ മരിച്ചപ്പോൾ ഒരു വൈദികനാകുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ മാർപ്പാപ്പായുടെ നിർദ്ദേശാനുസരണമാണ് അദ്ദേഹവും വൈദികാന്തസ്സിൽ പ്രവേശിക്കാതിരുന്നത്. രാജകീയമായ സിംഹാസനങ്ങളും, പ്രതാപങ്ങളും പരിത്യജിച്ചുപോലും വൈദികാന്തസ്സിൽ പ്രവേശിക്കുവാൻ ചിലർ ആഗ്രഹം പ്രദർശിപ്പിക്കുന്നതിൻെറ കാരണമെന്താണ്? Sacerdos est alter Christus. വൈദികൻ വേറൊരു ക്രിസ്തുവാണ്. ഒരു കത്തോലിക്കാ വൈദികൻെറ ദൈവശാസ്ത്രപരമായ നിർവ്വചനം "വൈദികൻ വേറൊരു ക്രിസ്തുവാണ്" എന്നുള്ളതത്രെ. അതാണ് രാജകിരീടങ്ങളും, ചെങ്കോലും വലിച്ചെറിഞ്ഞുകൊണ്ടുപോലും ചിലർ പൗരോഹിത്യപദത്തിനായി പരിശ്രമിക്കുന്നത്. സഭയിൽ ഒരു പൗരോഹിത്യമേയുള്ളൂ. അത് ക്രിസ്തുവിൻെറ പൗരോഹിത്യമാണ്. ദൈവജനത്തിൻെറ പൊതുവായ പൗരോഹിത്യവും വൈദികർക്ക് ലഭിക്കുന്ന ശുശ്രൂഷാ പൗരോഹിത്യവും സത്തയിലും സ്വഭാവത്തിലും വ്യത്യസ്തമാണെന്ന് (2) വത്തിക്കാൻ സൂനഹദോസ് സഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

പ. പിതാവ് ആറാം പൗലോസ് മാർപ്പാപ്പാ 1970 നവംബർ മാസത്തിൽ മനിലായിൽ വച്ച് ഏഷ്യാക്കാരായ 170 പേരെ പൗരോഹിത്യത്തിലേയ്ക്കുയർത്തിയ ശേഷം ചെയ്ത പ്രഭാഷണത്തിൽ ഒരു കത്തോലിക്കാ വൈദികൻ വേറൊരു ക്രിസ്തുവാണ് (3) എന്നുള്ള ബോദ്ധ്യത്തോടുകൂടി ജീവിക്കുവാൻ നവവൈദികരെ ഉൽബോധിപ്പിക്കുകയുണ്ടായി.

---

(2) തിരുസ്സഭ ദൈവജനം.
(3) Deepika 27- Nov; 1970.

വി. ആഗുസ്തീനോസ് ഒരു കത്തോലിക്കാ വൈദികനെ "Creator Creatoris" സൃഷ്ടാവിൻെറ സൃഷ്ടാവ് എന്നു് ആലങ്കാരികമായി അഭിസംബോധന ചെയ്തു. വി. ജോൺക്രിസോസ്റ്റോം പറയുന്നു. പ. കന്യകയെ അങ്ങ് എന്നോട്ട് പരിഭവിക്കരുതെ. ഒരത്ഥത്തിൽ ദൈവം വൈദികനെ നിനക്കു് ഉപരിയായി ഉയത്തി. അവിട്ടന്നു് ഒരു പ്രാവശ്യം മാത്രം ക്രിസ്തുവിനെ പ്രസവിച്ചു. എന്നാൽ വൈദികൻ ദിവ്യബലി അർപ്പിക്കുന്ന ഓരോ പ്രാവശ്യവും അവിട്ടത്തെ ലോകത്തിലേയ്ക്കു് ക്ഷണിച്ചു വരുത്തുന്നു.

''ലമാർട്ടിൻ'' എന്ന പണ്ഡിതൻ ഒരു വൈദികന്റെ തുലികാചിത്രം നല്ലുന്നതിപ്രകാരമാണു് "എല്ലാ ഇടവകയിലുമുണ്ടു് ഒരു വ്യക്തി. അദ്ദേഹത്തിനു് സ്വന്തമായി ഒരു കുട്ടംബമില്ല. എന്നാൽ എല്ലാ കുട്ടംബങ്ങളും അദ്ദേഹത്തിൻേറതാണു്. അദ്ദേഹത്തിനു് സ്വന്തമായി ഒരു ഭവനമില്ല എന്നാൻ എല്ലാ ഭവനങ്ങളും അദ്ദേഹത്തിൻേറതാണു്. അദ്ദേഹം ഒരുവനെ മാമ്മോദീസാ തൊട്ടിലിൽ വച്ചു് സ്വീകരിച്ചാൽ ശവക്കുഴിവരെ അനുഗമിക്കുന്നു. അദ്ദേഹം എല്ലാവരുടെയും പിതാവാണു്. ധനികരെയും ദരിദ്രരെയും തമ്മിൽ ബന്ധിക്കുന്ന ഒരു സുവർണ്ണ ശൃംഖലയാണു്." (4)

വി. ഫ്രാൻസിസ് അസീസി ഇപ്രകാരം പറയുകയുണ്ടായി. ഞാൻ വൈദികനെയും മാലാഖായെയും ഒരുമിച്ചു കാണുന്നപക്ഷം ആദ്യം വൈദികനു് അഭിവാദനമർപ്പിക്കും അദ്ദേഹം അഗാധമായ എളിമ നിമിത്തം പൗരോഹിത്യം സ്വീകരിക്കാതിരിക്കുകയാണു് ചെയ്തതു്.

ഇന്നു് വൈദികർ പ്രശ്ന വ്യക്തിയായിത്തീന്നിട്ടുണ്ടെ

---

(4) റവ. ഫാ. മാത്യു പുതിയിടം, ക്രിസ്തീയ പൗരോഹിത്യം.

ങ്കിൽ അതിനുള്ള കാരണം വൈദികർ പൗരോഹിത്യ ത്തെ വിലമതിക്കാത്തതാണ്. ഫ്രോയിഡിയൻ ചിന്താ ഗതി (Pan sedualison) ഇന്ന് വൈദികരിലും സ്വാ ധീന ശക്തി ചെലുത്തിയിട്ടുണ്ട്. അതാണ് ഇന്ന് പല വൈദികരും വൈദിക ബ്രഹ്മചര്യത്തിനെതിരായി പ്ര സംഗിക്കുന്നതും ചിലരെല്ലാം പൗരോഹിത്യം പരിത്യജി ക്കുന്നതും.

മററ് ഏതു് രംഗത്തു് സേവനമനുഷ്ഠിക്കുന്നവരുടെ യും വ്യക്തിപരമായ ജീവിതം മററുള്ളവർ പരിഗണിക്കാ റില്ല. എന്നാൽ ഒരു കത്തോലിക്കാ വൈദികൻെറ ആ ന്തരിക ജീവിതം മററുള്ളവർ അന്വേഷിക്കും. അവർ മററു ള്ളവരെ വിശുദ്ധീകരിക്കുവാനുള്ളവരാണ്. അതിനാൽ അവരുടെ ജീവിത വിശുദ്ധി അനുസരിച്ചായിരിക്കും ജ നങ്ങളുടെ വിശുദ്ധിയും. വി. ജോൺവിയാനിയുടെ വാ ക്കുകൾ ശ്രദ്ധേയമാണ്. വിശുദ്ധരായ വൈദികർ ഉത്ത മരായ ജനങ്ങളെയും ഉത്തമനായ വൈദികൻ മന്ദഭക്ത രായ ജനങ്ങളെയും മന്ദഭക്തനായ വൈദികൻ ദുഷ്ടരാ യ ജനങ്ങളെയുമത്രെ രൂപീകരിക്കുന്നതു് വൈദിക ൻെറ വിശുദ്ധിയിൽ ഒരു പടി കൂടെ താഴ്ന്നതായിരി ക്കും ജനങ്ങളുടേതു്". "ഒരു വ്യക്തി എത്രമാത്രം വിശുദ്ധ നായിരിക്കുമോ, അത്രമാത്രമേ ധാർമ്മികമായ സ്വാധീന ശക്തി മററുള്ളവരിൽ ചെലുത്തുവാൻ സാധിക്കുകയുള്ളൂ", എന്നാണ് വി. തോമസ് അക്വിനാസിൻെറ അഭിമതം. "A teacher Commuin Cafe to his discuple what they are more than what they know" ഒരു ഗു രു ഭൃതൻ തൻെറ ജ്ഞാനത്തെക്കാൾക്കൂടുതലായി വ്യക്തി ത്വമാണ് പകർന്നു കൊടുക്കുന്നതെന്നു് റസ്കിൻ എന്ന പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ദൈവജനത്തിനു് മുഴുവൻ ഒരു രാജകീയ പൗരോ

ഹിത്യമുണ്ടെന്നു് വി. പത്രോസ് ശ്ലീഹായുടെ ലേഖനത്തിൽ കാണുന്നു (I. പത്രോ. II. 4-10). മെത്രാനിൽ നിന്നും സ്വീകരിച്ച ദൗത്യം വഴിയായും വൈദികൻ പുരോഹിതനും, രാജാവും, അദ്ധ്യാപകനുമായ ക്രിസ്തുവിനു വേണ്ടി സേവനമനുഷ്ഠിക്കുവാൻ ഔദ്യോഗികമായി നിയുക്തനായിരിക്കുന്നു (5).

വൈദികൻ ഉന്നതമായ സ്ഥാനം സമലങ്കരിക്കുന്നുണ്ടെങ്കിലും ദൈവജനസേവനമാണു് ജീവിതലക്ഷ്യം. വൈദികൻ എല്ലാ വിധത്തിലും ക്രിസ്തുവിൻെറ ഒരു പൂൎണ്ണ പ്രതിരൂപമായിരിക്കണം. മററെല്ലാവരും ജീവിതാന്ത്യത്തിലെങ്കിലും പൂർണ്ണത പ്രാപിച്ചിരിക്കണം. എന്നാൽ ഒരു വൈദികൻ പൗരോഹിത്യ ധൎമ്മാനുഷ്ഠാനമാരംഭിക്കുമ്പോൾ പരിപൂർണ്ണത പ്രാപിക്കുവാൻ കടപ്പെട്ടവനാണു്, മെത്രാൻ അഭിഷേചിക്കുമ്പോൾ ലഭിക്കുന്ന പൗരോഹിത്യ ധർമ്മം ക്രിസ്തുവിൻെറ അധികാരത്തിലുള്ള പങ്കുചേരലാണു്. സഭയെ പണിതുയർത്തുകയും, വിശുദ്ധീകരിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനാണു് ഈ അധികാരം. (6)

ഒരേ ഒരു മദ്ധ്യസ്ഥനായ ക്രിസ്തുവിൻെറ ബലിയോടു് ഐക്യപ്പെട്ടിരിക്കുന്ന പുരോഹിതരുടെ പരികൎമ്മം വഴി വിശ്വാസികളുടെ ആദ്ധ്യാത്മിക ബലികൾ ക്രിസ്തുവിൻെറ ബലിയോടു് ചേൎന്നു പൂൎണ്ണമാകുന്നു. പുരോഹിതൻെറ കരങ്ങൾ വഴിയായും സഭ മുഴുവൻെറയും നാമത്തിലും രക്തരഹിതവും കൗദാശികവുമായ വിധത്തിൽ അൎപ്പിക്കപ്പെടുന്ന ഈ ബലി ക്രിസ്തുവിൻെറ രണ്ടാമത്തെ

(5) കൗൺസിൽ പ്രമാണ രേഖകർ, പൗരോഹിത്യ ധർമ്മവും വൈദിക ജീവിതവും ഡിക്രി: No 1)

(6). Ifid. No. 2

ആഗമനം വരെ അവിരാമം തുടന്നു കൊണ്ടേയിരിക്കും. ഇതാണ് പൗരോഹിത്യ ശുശ്രൂഷയുടെ ലക്ഷ്യം. ഇതിൽ തന്നെയാണ് അതു് പൂർണ്ണമാക്കുന്നതും. സുവിശേഷ പ്രഘോഷണത്തിൽ നിന്നും ഉടലെടുക്കുന്ന അവരുടെ ശുശ്രൂഷ അതിന്റെ ശക്തിയും ഓജസ്സും ആർജ്ജിക്കുന്നതു് ക്രിസ്തുവിന്റെ ഈ ബലിയിൽ നിന്നു് തന്നെയാണ്.(7)

മിശിഹാ പുരോഹിതനും ബലിവസ്തുവുമായിരിക്കുന്നതു പോലെ ഓരോ കത്തോലിക്കാ പുരോഹിതനും ഒരു ബലിവസ്തുവുമായിരിക്കണം. "Imitari quod fractatis" താങ്കൾ കൈകാര്യം ചെയ്യുന്നതിനെ അനുകരിക്കുക എന്നാണല്ലൊ പൗരോഹിത്യാഭിഷേചനാവസരത്തിൽ മെത്രാൻ വൈദികനു കൊടുക്കുന്ന ഉപദേശം. ഒരു വൈദികനിൽ നിന്നും ജനങ്ങൾ ഏററവും കൂടുതലായി പ്രതീക്ഷിക്കുന്നതു് വിശുദ്ധിയാണ്. ഒരിക്കൽ വി. ജറോമിനു് കർത്താവു് പ്രത്യക്ഷനായി അദ്ദേഹത്തെ വിധിച്ചതായി ഒരു ദർശനമുണ്ടായി, കർത്താവു് അദ്ദേഹത്തോടു് ചോദിച്ചു. നീ ആരാണു്? അദ്ദേഹം മറുപടിയായി പറഞ്ഞു. "ഞാൻ ഒരു വൈദികനാണു്" കർത്താവു് അദ്ദേഹത്തോടു് പറഞ്ഞു "നീ സീസറോയാണു്". അതായതു് വിശുദ്ധി ഉപേക്ഷിച്ചു് ഭാഷാ പണ്ഡിതനായ സീസറോയുടേതു പോലുള്ള പാണ്ഡിത്യത്തിനായി പരിശ്രമിക്കുന്നു എന്നുള്ളതിന്റെ ഒരു സൂചനയായി അദ്ദേഹം അതു് കരുതി. അന്നു മുതൽ അദ്ദേഹം ജീവിത വിശുദ്ധിക്കു് പ്രാധാന്യം നല്കുകയുണ്ടായി. പുരോഹിതനും, ബലിവസ്തുവുമായ ക്രിസ്തുവിനെയാണു് അദ്ദേഹം അനുകരിക്കേണ്ടതു് ബ്രഹ്മചര്യമാണ് കത്തോലിക്കാ വൈദികരെ മറെറല്ലാ മതക്കാരുടേയും പുരോഹിതന്മാരെക്കാൾ ഉന്നതരാക്കുന്ന

---

(7). Ifid No. 2

ഗുണ വിശേഷം. ദൈവത്തോടുള്ള സ്നേഹത്തിൻെറ മാനദണ്ഡം ത്യാഗത്തിൻെറ തോതനുസരിച്ചാണ്. കത്തോലിക്കാ തിരുസ്സഭ എന്നും യൗവന യുക്തയായിരിക്കുന്നുണ്ടെങ്കിൽ അതു് കത്തോലിക്കാ വൈദികരുടെയും സന്യാസിനീസന്യാസികളുടെയും കന്യാവ്രതം നിമിത്തമാണ് എന്ന് മഹാത്മജി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അവിഭക്തമായ ഹൃദയത്തോടെ ദൈവത്തെയും തൻെറ അജഗണങ്ങളെയും സ്നേഹിക്കുവാനും സേവിക്കുവാനും അതാവശ്യമാണ്. പൗരോഹിത്യ ധർമ്മാനുഷ്ഠാനത്തിലുള്ള തീഷ്ണതയാണ് അഭംഗുരം ബ്രഹ്മചര്യം പാലിക്കുന്നതിനുള്ള മാർഗ്ഗം.

ക്രിസ്തുവിൻെറ ജീവിതോത്ഥാനങ്ങളുടെ തുടർച്ചയാണ് പൗരോഹിത്യം; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് പരിപൂർണ്ണരായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ എന്നുള്ള ക്രിസ്തുവിൻെറ ഉപദേശമാണ് അവർക്കു് മാർഗ്ഗ ദർശനമായിരിക്കേണ്ടതു്. ഈ പരിപൂർണ്ണത സമ്പാദിക്കാനുള്ള സവിശേഷമായ ബാദ്ധ്യത വൈദികർക്കുണ്ടു്. തിരുപ്പട്ട സ്വീകരണം വഴി പ്രത്യേക വിധത്തിൽ അവർ ദൈവത്തിന് പ്രതിഷ്ഠിക്കപ്പെട്ടുന്നു, അതിനാൽ തനിക്ക് ഏല്പിക്കപ്പെട്ടിരുന്ന അജഗണങ്ങളെ പ്രത്യേകമായും, ദൈവജനത്തെ മുഴുവനായും സേവിച്ചുകൊണ്ടു് ക്രിസ്തുവിൻെറ പൂർണ്ണത ഏററം ശരിയായ വിധത്തിൽ അനുകരിക്കുവാൻ അദ്ദേഹത്തിന് കഴിയും (8)

"വൈദികൻ ക്രിസ്തുവിൻെറ കുദാശയാണ്. ഒരു വൈദികൻ എല്ലായിടത്തും എല്ലാപ്പോഴും ഒരു വൈദികനായിരിക്കണം (9) എന്നു് ഫാ. കാശിറാനർ പ്രസ്താവി

---

(8). ifid• No. 2·
(9). Living word. March - June 1970. The mission of a Priest

ച്ചിരിക്കുന്നു. വൈദികർ തന്നെയാണ് ഇന്ന് പൗരോഹിത്യത്തെ അസ്ഥാനത്താക്കിയതു്, പൗരോഹിത്യത്തെ കളങ്കപ്പെടുത്തുന്നതിനും അവരിൽ ചിലരുടെ ജീവിതം മാതൃകാപരമല്ലാത്തതുമാണ് അതിനുള്ള കാരണം. ഇന്ന് വൈദികർക്ക് പുഷ്പങ്ങൾ വിരിച്ച ഒരു രാജപാതയിലൂടെയല്ലാ പ്രയാണം ചെയ്യുവാനുള്ളതു്. ശിലാകണ്ഡക പൂർണ്ണവും ദുർഗ്ഗമവുമായ ഒരു മാർഗ്ഗത്തിലൂടെയാണ് അവർക്ക് ചരിക്കേണ്ടതു്. ഈശോയോടുള്ള അവരുടെ സ്നേഹം ത്യാഗപരമായ ജീവിതത്തിലൂടെ പ്രകടമാക്കണം. ദിവ്യകാരുണ്യത്തിലൂടെ സ്വയം നല്കുന്ന ക്രിസ്തുവിനോട് അവരുടെ സ്നേഹം ബ്രഹ്മചര്യത്തിലൂടെ പ്രകടമാക്കണം. ഇന്ന് വൈദികർ വൈദികരായി പ്രത്യക്ഷപ്പെടുവാൻ ഭയപ്പെടുന്നു: വൈദികർ എത്ര കൂടുതൽ ദിവ്യകാരുണ്യത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുന്നുവോ അത്രമാത്രമേ വിശ്വാസികളും അക്കാര്യത്തിൽ തല്പരരായിരിക്കുകയുള്ളു. അവർക്ക് ഏകാന്തത അനുഭവപ്പെടുന്നു, അഥവാ വ്യക്തിത്വ പൂരണം സാധിക്കുന്നില്ല എന്നെല്ലാം ചിലർ പറയാറുണ്ട്. "ഭാര്യയുള്ളവൻ തൻെറ ഭാര്യയെ പ്രസാദിപ്പിക്കുവാൻ അക്കാര്യത്തിൽ ആകുലചിത്തനാകുന്നു. എന്നാൽ ഭാര്യയില്ലാത്തവനാകട്ടെ, തൻെറ കർത്താവിനെ എപ്രകാരം പ്രസാദിപ്പിക്കണമെന്നു് വിചാരിച്ച് അക്കാര്യത്തിൽ ആകുലചിത്തനാകുന്നു എന്നുള്ള (1. കോ. VII 22-33) വി അപ്പസ്തോലൻെറ വാക്കുകൾ അനുസ്മരിക്കേണ്ടതാണ്. പല വൈദികരും രാവിലെ ദിവ്യബലി കഴിഞ്ഞാൽ പിന്നെ ദേവാലയത്തിൽ പ്രവേശിക്കുന്നതു് വളരെ വിരളമായിട്ടാണ്. അവരുടെ പൗരോഹിത്യാഭിഷേചനവും കുദാശാ പരികർമ്മവും പ്രാർത്ഥനയുടെ കടമയിൽ നിന്നും ഒഴിവാക്കുന്നില്ല. പുരോഹിതൻ ദിവ്യ കാരുണ്യനാഥനോട് അടുക്കുമ്പോൾ ഏകാന്തത അനുഭവപ്പെടുകയില്ല.

ദൈവ വചനം പ്രസംഗിച്ചും കൂദാശകർ പരികർമ്മം ചെയ്തും ദൈവ ജനത്തിനു് എല്ലാ മണ്ഡലങ്ങളിലും നേതൃത്വം നല്കണം. ജപ്പാനിലെ ഷിന്റോ മതത്തിന്റെ നേതാവു് 1962-ൽ ഇപ്രകാരം പ്രസ്താവിച്ചു. "എനിക്കു് കത്തോലിക്കാ വൈദികരോടു് അറ്റമയ തോന്നുന്നു. കാരണം അവർ ത്യാഗസമന്വിതമായ ഒരു ജീവിതമാണു് നയിക്കുന്നതു്. അന്യ ദേശത്തു് ജനിക്കുകയും ആ സംസ്കാരത്തിൽ വളരുകയും ചെയ്ത അവർ ഇവിടെ വന്നു് ഇവിടുത്തെ ജനങ്ങളോടു് താദാത്മ്യം പ്രാപിച്ചു് അവരെ സേവിക്കുന്നു", വൈദികർ വിവാഹിതരായാൽ അവരോടുള്ള ബഹുമാനം കുറയും: അവർ ത്യാഗപരമായ ജീവിതം നയിക്കുവാൻ ജനങ്ങളോടു് എങ്ങനെ ഉപദേശിക്കും? ഇന്നു് വൈദികരെയും വിശ്വാസികളെയും രണ്ടു് വർഗ്ഗങ്ങളായി കരുതി വർഗ്ഗസമരതത്വം പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുന്നവരെയും നാം കണ്ടേക്കാം. ഇടയനെ അടിക്കും, ആടുകൾ ചിതറപ്പെടും എന്നുള്ള തത്വം സഭാ വൈരികൾ മനസ്സിലാക്കി പ്രവർത്തിക്കുന്നു.

ഇന്നത്തെ ലോകത്തിൽ വൈദികർ ദൈവ ജനത്തിനു് ശരിയായ നേതൃത്വം നല്കണമെങ്കിൽ അവർക്കു് വി. ആഗുസ്തീനോസിന്റെ ധീരതയും പാണ്ഡിത്യവും വി. തോമസു് അക്വിനാസിന്റെ മതി പ്രകർഷവും വി. ഫ്രാൻസിസ് അസീസിയുടെ എളിമയും വി. ജോൺ വിയാനിയുടെ വിശുദ്ധിയും, വി. വിൻസന്റു് ഡി. പോളിന്റെ ദീനവത്സലതയും, വി. ഡോൺ ബോസ്കോയുടെ കർമ്മ കുശലതയും, ബോസ്വേയുടെ പ്രതിഭയും, ലക്കോർഡയറിന്റെ പ്രസംഗചാതുരിയും കാർഡിനൽന്യൂമാന്റെ സത്യാന്വേഷണവും അനുപേക്ഷണീയമാണു്. അല്ലെങ്കിൽ ഇവയെല്ലാം നമ്മുടെ ദിവ്യ ഗുരുവിൽ പ്രശോഭിച്ചിരുന്നതു പോലെ ഒരു വൈദികനിലും ഉണ്ടാകണം.

നമ്മുടെ ഇന്നത്തെ ദൗത്യം, ഈ ലോകത്തിൽ ജീവിച്ച് സ്വജീവൻ ഹോമിച്ച ചരിത്ര പുരുഷനായ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കുക എന്നതല്ല പ്രത്യുതാ ഇന്നും നമ്മിൽ ജീവിക്കുന്ന ക്രിസ്തുവിനെ മററുള്ളവക്കു് കാണിച്ചു കൊടുക്കുക എന്നതാണു്. "നിങ്ങളുടെ പ്രസംഗം എന്നെ ഭയപ്പെടുത്തുന്നു, പക്ഷേ ജീവിതം സമാശ്വസിപ്പിക്കുന്നു എന്നു് ലൂയീസ് രാജാവു് ഒരു വൈദികനോടു് പറഞ്ഞതായി കേട്ടിട്ടുണ്ടു്. ക്രിസ്തുവിനെ സ്വർഗ്ഗത്തിൽ നിന്നും ക്ഷണിച്ചു വരുത്തുന്ന ആ അധരങ്ങൾ എത്ര പരിശുദ്ധമായിരിക്കണം അവിടുത്തെ തിരുശരീരം ഭക്ഷിക്കുകയും ദിവ്യ നിണം പാനം ചെയ്യുകയും ചെയ്യുന്ന ആ രസനേന്ദ്രിയങ്ങൾ എത്ര ധന്യമായിരിക്കണം. കന്യകകളുടെ മണവാളനെ സമാശ്ലേഷിക്കുന്ന മററുള്ളവരുടെ പാപങ്ങൾ മോചിക്കുന്ന ആ കരങ്ങൾ എത്ര പരിപാവനവും, അവിടത്തെ ഉററുനോക്കുന്ന നേത്രങ്ങൾ എത്ര നിർമ്മലവുമായിരിക്കണം. അതു് ക്രിസ്തുവിൻെറതു തന്നെ ആയിരിക്കണം. "World is my parish" ലോകമാണു് എൻെറ ഇടവക എന്നുള്ള മനോഭാവത്തോടുകൂടിയായിരിക്കണം ഒരു വൈദികൻ ചിന്തിക്കേണ്ടതും പ്രവത്തിക്കേണ്ടതും. ഇന്നു് അന്ധകാരശക്തികൾ ഏററവും വലിയ തീഷ്ണതയോടെ പ്രവത്തിക്കുമ്പോൾ ക്രിസ്തുവിൻെറ സേനാനികളായ വൈദികർ ആത്മരക്ഷയിലുള്ള തീഷ്ണതയില്ലാതെ ജീവിക്കുന്നെങ്കിൽ എത്ര അപകട പൂണ്ണമായിരിക്കും ഭാവി?

# അദ്ധ്യായം 22

# മൗതികശരീരത്തിൻെറ വളച്ച്

മനുഷ്യൻ സ്വാഭാവികമായിത്തന്നെ ഒരു സാമൂഹ്യ ജീവിയാണ്. സാമൂഹ്യ ജീവിതം സമാരംഭിക്കുന്നതു് കുടുംബത്തിലാണു്. വിവാഹബന്ധിതരായ ദമ്പതികളുടെ സമൂഹമാണു് കുടുംബം. എന്നാൽ ഒരു കുടുംബം ക്രിസ്തീയ കുടുംബമാകണമെങ്കിൽ വിവാഹം ക്രിസ്തീയമായിരിക്കണം. മനുഷ്യനിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ഒരു പ്രവണതയാണു് ലൈംഗികമായ സുഖഭോഗത്തിലേയ്ക്കുള്ള ആകർഷണം. എന്തിനാണു് ദൈവം ഈ പ്രവണത നല്കിയിരിക്കുന്നതു്.? മാനവകുലത്തിൻെറ നിലനില്പ് അഥവാ മൗതിക ശരീരത്തിൻെറ വളച്ച്യാണു് അതിന്റെ മൗലികമായ ലക്ഷ്യം. രണ്ടു വർഗ്ഗത്തിൽപ്പെട്ട വ്യക്തികൾ തമ്മിലുള്ള സ്വാഭാവികവും ലൈംഗികവുമായ ആകർഷണവും സ്നേഹവും ദൈവത്തിൻെറ സൃഷ്ടികർമ്മത്തിലുള്ള ഭാഗഭാഗിത്വത്തിനുള്ള അവസരമാക്കിത്തീർത്തു. എന്നാൽ വിവാഹം എന്ന കൂദാശ വഴി അതിനെ പവിത്രീകരിച്ച് ഉന്നതമായ ഒരു തലത്തിലേയ്ക്കു് ഉയർത്തി. ക്രിസ്തീയമായ ഉപവിയും ഹൃദയ ഐക്യവും പ്രദാനം ചെയ്യുന്നു. അതു് സ്നേഹത്തിൻെ ഒരു രഹസ്യമാണു്, ജീവൻെറ രഹസ്യവുമാണു്.

അവസാനമായി ക്രിസ്തീയ ദമ്പതികൾ അവരുടെ വിവാഹമെന്ന കൂദാശയുടെ ശക്തിയാൽ ക്രിസ്തുവും സഭയുമായുള്ള ഐക്യത്തിൻേറയും ഫലദായകമായ സ്നേഹ

ത്തിൻെറയും രഹസ്യം പ്രദ്യോതിപ്പിക്കുകയും അതിൽ ഭാഗ ഭാക്കുകളാവുകയും ചെയ്യുന്നു. തങ്ങളുടെ ദാമ്പത്യ ജിവിതത്തിലും സന്താനങ്ങളുടെ വളർത്തലിലും പരിശീലനത്തിലും കൂടി വിശുദ്ധി പ്രാപിക്കുവാൻ അവർ പരസ്പരം സഹായിക്കുന്നു. അങ്ങനെ ജീവിതാന്തസ്സിലും ജീവിതരീതിയിലും ദൈവജനത്തിൻെറ ഇടയിൽ അവക്ക് അവരുടേതായ പ്രത്യേക ദാനമുണ്ട്. എന്തുകൊണ്ടെന്നാൽ അവരുടെ ഐക്യത്തിൽ നിന്നും ഒരു കുടുംബം രൂപം കൊള്ളുന്നു. അവിടെ മനുഷ്യൻെറ നിലനില്പിനായി സമുദായത്തിൻെറ പുതിയ പൗരന്മാർ ജന്മമെടുക്കുകയും ചെയ്യുന്നു. ഇവർ ദൈവജനത്തിൻെറ അവിരാമമായ നിലനില്പിനുവേണ്ടി പരിശുദ്ധാത്മാവിൻെറ ജ്ഞാനസ്നാനപ്രസാദവരം മൂലം ദൈവസുതരാക്കപ്പെടുന്നു. "ഗാർഹിക സഭ'' എന്ന് വ്യവഹരിക്കപ്പെടാവുന്ന കുടുംബത്തിൽ മാതാപിതാക്കളാണ് വാക്കുകളും പ്രവൃത്തികളും വഴി കുട്ടികളോട് ആദ്യമായി വിശ്വാസം പ്രസംഗിക്കേണ്ടതു്. കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെയും പ്രത്യേക ദൈവവിളി പരിപോഷിപ്പിക്കേണ്ടതും അവർ തന്നെ. വിശുദ്ധാന്തസ്സിലേയ്ക്കുള്ളതാണെങ്കിൽ പ്രത്യേകിച്ചും അവർ പ്രോത്സാഹിപ്പിക്കേണ്ടതാണ്(1).

വിവാഹം എന്ന കൂദാശ പരമോന്നതമായ ഒരു രഹസ്യമാണ്. അതു് ക്രിസ്തുവും സഭയും തമ്മിലുള്ള ഐക്യത്തിനു് സദൃശമാണ് എന്ന് വി. പൗലോസ്സ്ശ്ലീഹാ എഫേസൂസുകാർക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുന്നു. (എഫേ: V 32) അതു് പരിശുദ്ധ ത്രീത്വത്തിലെ മൂന്നു വ്യക്തികളുടെയും ജീവിതത്തിൻെറ ഒരു മാനുഷിക

---

1) കൗൺസിൽ പ്രമാണരേഖകൾ, തിരുസ്സഭ. അദ്ധ്യാ: II. ദൈവജനം. No, 11.

പ്രതീകമാണെന്നു് (2) ഫാ. ബർണാർദ്ദ് ഹേയറിംഗ്ഗും അഭിപ്രായപ്പെട്ടുന്നു. ക്രിസ്ത്യാനികൾ വിവാഹബന്ധിതരായിത്തിരുന്നതു് വിശുദ്ധരാകുന്നതിനാണു്. വിവാഹം എന്ന കൂദാശ ക്രിസ്തുവിലുള്ള കുടുംബജീവിതത്തിന്റെ കൂദാശയാണു്. എന്നു് ഫാ. ഫിലിപ്പോൺ. ഒ. പി. രേഖപ്പെടുത്തുന്നു. ഒരു ക്രിസ്ത്യാനിയുടെ വൈവാഹിക ജീവിതം മററു് മതസ്ഥരുടേതിനെക്കാൾ ഉന്നതമായ മാനദണ്ഡം പുലത്തണം.

ഭാര്യാഭത്താക്കന്മാർ പരസ്പര പൂരകങ്ങളാണു്. ഭത്താവിനില്ലാത്ത ഗുണങ്ങൾ ഭാര്യയിൽക്കാണും. ഭാര്യക്കില്ലാത്തസുകൃതങ്ങൾ ഭത്താവിലും കണ്ടേക്കാം. അവർ പരസ്പരം യോജിച്ചു് പ്രവത്തിക്കുമ്പോൾ പൂണ്ണസുകൃതമുള്ളവരാകും. വൈവാഹിക ജീവിതത്തെ സൗഭാഗ്യസംദായകമാക്കിത്തീക്കുന്നതു ഭാര്യാഭത്താക്കന്മാർ തമ്മിലുള്ള സ്നേഹമാണു്. വെറും വൈകാരിക സ്നേഹം മാത്രം മതിയാവുകയില്ല. ത്യാഗസുരഭിലവും ഉദാരവുമായ ക്രിസ്തീയ ഉപവി തന്നെ ആവശ്യമത്രെ. അതു് വൈവാഹിക ജീവിതത്തിന്റെ പ്രാരംഭദശമുതൽ ആജീവനാന്തം ക്രമപ്രവൃദ്ധമായി വളരണം. നെപ്പോളിയൻ മൂന്നാമൻ സേബായിലെ കൗണ്ടസ്സായ മരിയാ എവുജിനെ വിവാഹം കഴിച്ചു. അവർ അന്നത്തെ മിസ്സ് യൂണിവേഴ്സായിരുന്നു. അദ്ദേഹത്തിന്റെ ഉപദേഷ്ടാക്കൾ അവർ സ്പെയിനിലെ ഒരു സാധാരണക്കാരി പ്രഭ്വിയാണു്, ഫ്രാൻസിലെ ചക്രവത്തിക്കനുയോജ്യയല്ല എന്നു് പറഞ്ഞു.

---

(2) Fr. Bernard Haring Law of Christ. Chapter IV

എന്നാൽ അതെല്ലാം വിഗണിച്ചുകൊണ്ടു് അദ്ദേഹം അവളെത്തന്നെ വിവാഹം കഴിച്ചു. ആ വിവാഹം നെപ്പോളിയൻെറ ജീവിതം ഏററവും ദുഃഖപൂർണ്ണമാക്കി. ലെയോടോൾസ്റ്റോയിയുടെ കുടുംബജീവിതം അതിൻെറ പ്രാരംഭ ദശയിൽ സൗഭാഗ്യപൂർണ്ണമായിരുന്നു. അദ്ദേഹത്തിൻെറ യുദ്ധവും സമാധാനവും (War and Peace) അന്നകരിനീനാ (Anna Karinina) എന്ന നോവലുകൾ അദ്ദേഹത്തെ ഒരു വിശ്വസാഹിത്യകാരനായി ഉയർത്തി. അദ്ദേഹം ഭൂതകാലത്തിൽ ചെയ്തിട്ടുള്ള പാപങ്ങൾക്കു് പരിഹാരമായി ക്രിസ്തുവിനെ പൂർണ്ണമായി അനുകരിച്ചു് ജീവിക്കുവാൻ പരിശ്രമിച്ചു. പക്ഷേ, ഭാര്യ അദ്ദേഹത്തെ ദുരിതത്തിലാഴ്ത്തി. എണ്പത്തിരണ്ടാമത്തെ വയസ്സിൽ തണുപ്പുകാലത്തു് ഒരു ദിവസം അദ്ദേഹം വീട്ടുവിട്ടു് ഒളിച്ചുപോയി. റെയിൽവേസ്റ്റേഷനിൽ കിടന്നു് ന്യുമോണിയാ പിടിച്ചു് മരിച്ചു. അദ്ദേഹത്തിൻെറ അന്തിമാഭിലാഷം ഭാര്യയെ അടുത്തു് വരുവാൻ അനുവദിക്കരുതു് എന്നതായിരുന്നു. പിന്നീടു് അദ്ദേഹത്തിൻെറ ഭാര്യ മരണാവസരത്തിൽ പുത്രിമാരോടു് ഖേദപൂർവ്വം ഏററുപറഞ്ഞു പിതാവിൻെറ മരണത്തിനു് കാരണക്കാരി താനാണെന്നു്. അബ്രാഹംലിങ്കൻെറയും ദാമ്പത്യ ജീവിതം ഏററവും യാതനാ പൂർണ്ണമാക്കിയതു് ഭാര്യയുടെ ദുഃസ്വഭാവമായിരുന്നു. (4)

ഒരിക്കൽ ഈ ഗ്രന്ഥകാരൻ ഒരു ഇടവക ദേവാലയത്തിൽ പൊതുജനങ്ങൾക്കു് ഒരു ധ്യാനം പ്രസംഗിക്കുന്നതിനായി പോയി. ഒരു ദിവസം ധ്യാനം കഴിഞ്ഞു് സായാഹ്നസമയത്തു് കാച്ചു് നടക്കുന്നതിനായി പുറത്തേക്കിറങ്ങി തത്സമയം ആ ഇടവകയിലെ ഹൈസ്കൂൾ ഹെഡ്ഡ്

---

(4) Dale Casnegie; How to win friends and in asfluence People. 1940. P. 261-63

മാസ്റ്ററായ ഒരു ബ. വൈദികനെക്കാണുന്നതിനിടയായി. ഉടനെ ആ വൈദികൻ എന്നോട്ട് ഇന്നു് നമുക്കു് നരകത്തിലേയ്ക്കു് പോകാമെന്നു് പറഞ്ഞു.

"കൊള്ളാം. എനിക്കു നാളെ നരകത്തെക്കുറിച്ചാണു് ധ്യാനിപ്പിക്കേണ്ടതു്. നരകം നേരിട്ടു കണ്ടാൽ നന്നായിട്ടു് ധ്യാനിപ്പിക്കുവാൻ സാധിക്കുമല്ലൊ. അതുകൊണ്ടു് അങ്ങോട്ടുതന്നെ പോകാ"മെന്നു് ഞാൻ പറഞ്ഞു. യാത്രാവേളയിൽ എന്റെ ഭാവനയിൽ വന്നതു് ക്രിസ്തുനാഥൻ നരകത്തെക്കുറിച്ചു് പറഞ്ഞിരിക്കുന്ന വസ്തുതകളാണു്. അഗാധമായ ഒരു ഗർത്തം ഭൂതപ്രേതാദികളെ ഒന്നും കണ്ടില്ലെങ്കിലും അതെല്ലാം ഉണ്ടെന്നുള്ള ഒരു പ്രതീതിയെങ്കിലും ഉണ്ടാകുക. അവിടെ കരച്ചിലിലും പല്ലുകടിയുമുണ്ടു്. അവരുടെ പുഴ ചാകുന്നില്ല. തീ കെടുന്നുമില്ല രണ്ടുപേരും കൂടി ഒരുമിച്ചു് ഏകദേശം ഒരു മൈൽ യാത്രചെയ്തു. അപ്പോൾ ബ. വൈദികൻ വീണ്ടും എന്നോട്ട് നരകം കാണണമോ എന്നു ചോദിച്ചു. കാണണം അതിനാണല്ലൊ നാം ഇങ്ങോട്ടു യാത്ര കഴിച്ചതു്. നരകം കണ്ടു് ഭയപ്പെടരുതു് എന്നു് പറഞ്ഞ ശേഷം അദ്ദേഹം വഴിവക്കത്തുള്ള ഒരു വീട്ടു് ചൂണ്ടിക്കാണിച്ചുകൊണ്ടു് പറഞ്ഞു; "ഇതാണു് ഇവിട്ടത്തെ നരകം."

ഞാൻ ആ ഭവനത്തിലേയ്ക്കു സൂക്ഷിച്ചു നോക്കി. എന്താണു് അതു് നരകമെന്നു് പറയുവാൻ കാരണമെന്നറിയുന്നതിനുള്ള ജിജ്ഞാസയോടുകൂടി. ചിലർ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. വേറെ ചിലർ ജോലിയിൽ വ്യാപൃതരായിട്ടുണ്ടു്. മറ്റു ചിലരുടെ സംസാരം കേൾക്കാം. ഞാൻ ആ ബ. വൈദികനോട്ട് "ഇതു് മനുഷ്യാധിവാസമുള്ള ഭവനമാണല്ലൊ. പിന്നെന്തുകൊണ്ടാണു് ഇതു് നരകമാണെന്നു് പറയുവാൻ കാരണ"മെന്നു് ചോ

ദിച്ചു. ഉടനെ അദ്ദേഹം എന്നോട് ഇപ്രകാരം പറഞ്ഞു. "ഈ ഭവനത്തിൽ ഭാര്യാഭർത്താക്കന്മാരും, മാതാപിതാക്കളും, മക്കളും, സഹോദരീസഹോദരന്മാരും പരസ്പരം കലഹമാണ്. അതിനാൽ ഈ സ്ഥലവാസികൾ ഈ ഭവനത്തിനു നല്കിയിരിക്കുന്ന അപരാഭിധാനമാണ് "നരകം" യഥാർത്ഥമായ സ്നേഹമില്ലാത്ത ഒരു ക്രിസ്തീയ ഭവനം നരകമാണ്. എന്നാൽ പരിപൂർണ്ണമായ സ്നേഹം പുലരുന്ന ഒരു ഭവനം സ്വർഗ്ഗത്തിൻെറ മുന്നാസ്വാദനമാണ്. (5)

ഒരു കത്തോലിക്കാ കുടുംബം നസ്രസിലെ തിരുക്കുടുംബത്തിൻെറ ഒരു പ്രതീകമായിരിക്കണം. അവിടെ വി. ഔസേപ്പും പ. കന്യകമറിയവും ഉണ്ണിമിശിഹായും എത്ര ഹൃദയ ഐക്യത്തോടും പരസ്പര സഹകരണത്തോടും ജീവിച്ചുവോ അതുപോലെ തന്നെ കത്തോലിക്കാകുടുംബത്തിൽ മാതാപിതാക്കന്മാരും മക്കളും ജീവിക്കണം. വെറും ജഡിക സ്നേഹമോ വൈകാരിക സ്നേഹമോ മാത്രമേ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ളവെങ്കിൽ അവിടെ ഹൃദയ ഐക്യമുണ്ടാവുകയില്ല. മധുവിധുവിനോടുകൂടി അത് അസ്തമിച്ചേക്കാം. പിന്നീട് കുടുംബ ജീവിതം അസംതൃപ്തവും സമാധാനരഹിതവുമാകാം. എന്നാൽ വൈകാരികവും ലൈംഗികവുമായ സ്നേഹത്തെ ക്രിസ്തീയ ഉപവി പവിത്രീകരിച്ച് ഉന്നതമാക്കി പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

വി. പൗലോസ് ശ്ലീഹാ എഫേസൂസുകാർക്കുള്ള ലേഖനത്തിൽ ഭാര്യാ ഭർത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ട സ്നേഹത്തിൻെറ ഉന്നത മാനദണ്ഡം നമ്മെ അനുസ്മരിപ്പിക്കുന്നു. "ഭാര്യമാരേ, നിങ്ങൾ നമ്മുടെ കർത്താവിനു് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങി

---

(5). Rev. Fr. Lynch. Wither theon goest. P. 112

യിരിക്കുവിൻ. എന്തെന്നാൽ, മിശിഹാ തന്നെയും സഭയുടെ തലയും ശരീരത്തിൻെറ രക്ഷകനുമായിരിക്കുന്നതുപോലെ തന്നെ ഭത്താവു് ഭാര്യയുടെ ശിരസ്സാകുന്നു. ആസ്ഥിതിയ്ക്കു് സഭ മിശിഹായ്ക്കു് കീഴ്പ്പെട്ടിരിക്കുന്നതുപോലെ തന്നെ ഭാര്യമാരും ഭത്താക്കന്മാർക്കു് സകലത്തിലും കീഴ്പ്പെട്ടിരിക്കണം.

ഭത്താക്കന്മാരേ, മിശിഹാ തന്നെയും തൻെറ സഭയെ സ്നേഹിക്കുകയും ജലത്തിലുള്ള മാമ്മോദീസാ കൊണ്ടും വചനം കൊണ്ടും അവളെ ശുദ്ധീകരിക്കുവാനും വെടിപ്പാക്കുവാനും, അവളിൽ കറയോ, മുഖച്ചുളിവോ, ഇവയ്ക്കു തുല്യമായ എന്തെങ്കിലുമില്ലാതെ എന്നല്ല മലിനതയില്ലാത്ത പരിശുദ്ധയായിരിക്കേണ്ടതിനു് തനിക്കായിട്ടു തന്നെ മഹത്വമുള്ളവനായി സഭയെ നിറുത്തുവാനും വേണ്ടി അവളെപ്രതിതന്നെ തന്നെ ഏല്പിച്ചുകൊടുക്കുകയും ചെയ്തതു പോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെ തന്നെ ഭാര്യമാരേയും സ്നേഹിക്കേണ്ടതാകുന്നു. തൻെറ ഭാര്യയെ സ്നേഹിക്കുന്നവർ തന്നെത്തന്നെയാകുന്നു സ്നേഹിക്കുന്നതു്, (എഫേ: v. 23–28)

ഭത്താക്കന്മാർ ഭാര്യമാരെ തങ്ങളുടെ ജഡികപൂരണത്തിനുള്ള ഒരുപകരണമായി മാത്രം പരിഗണിച്ചാൽ മതിയാവുകയില്ല. അവരും ആത്മാവും ശരീരവുമുള്ള മനുഷ്യരാണു്, അവരുടെ ശാരീരികവും ആദ്ധ്യാത്മികവുമായ ആവശ്യങ്ങൾ മനസ്സിലാക്കി പ്രവത്തിക്കണം. ആരോഗ്യം, വസ്ത്രം, ഭക്ഷണം, രോഗ ചികിത്സ, ന്യായമായ ആഡംബരം മുതലായവ ഭത്താവു് പരിഗണിക്കണം. 'സ്വന്തം സുഖസൗകര്യങ്ങളും ഭക്ഷണവും മററും നടക്കണം. ഭാര്യമാർ എങ്ങനെ ജീവിച്ചാലും താക്കേടില്ല' എന്നമ

നോഭാവം പരിവർജ്ജിക്കണം, ഹ്യൂഗോ ഓഫ് സെൻറ് വിക്ടർ പ്രസ്താവിക്കുകയാണ്. "ദൈവം സ്ത്രീയെ സൃഷ്ടിച്ചതു് പുരുഷൻെറ പാദത്തിൽ നിന്നല്ല. അപ്രകാരമായിരുന്നെങ്കിൽ അവൾ പുരുഷൻെറ അടിമയാകുമായിരുന്നു. അവളെ ശിരസ്സിൽ നിന്നും ഒരസ്ഥി എടുത്തല്ല സൃഷ്ടിച്ചതു്. അങ്ങനെയെങ്കിൽ അവൾ അവൻെറ രാജ്ഞിയാകുമായിരുന്നു. എന്നാൽ ദൈവം സ്ത്രീയെ സൃഷ്ടിച്ചതു് പുരുഷൻെറ വാരിയെല്ലിൽ നിന്നാണ്. അതു് സ്ത്രീ പുരുഷൻെറ സഹധർമ്മിണിയായിരിക്കുവാൻ. അവൻെറ ഹൃദയത്തിൻെറ സമീപത്തു നിന്നു് അവളെ സ്നേഹിക്കുവാനും."

സ്ത്രീ കുടുംബത്തിൻെറ അലങ്കാരമാണ്. എന്നാൽ വെറും അലങ്കാര വസ്തുവായി പ്രദർശിപ്പിക്കുകയല്ല അവളുടെ ചുമതല. ഭർത്താവിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു കൊണ്ടു മക്കളുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ പതിച്ചും കുടുംബത്തിൻെറ ലൗകികവും ആദ്ധ്യാത്മികവുമായ സുസ്ഥിതിയിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ടുമാണ് അവൾ കുടുംബത്തിൻെറ അലങ്കാരമാകുന്നതു്. സ്നേഹം, സേവനം, ത്യാഗം എന്നുള്ള സ്ത്രീയുടെ ഉന്നതമായ ഗുണങ്ങൾ അവൾ പരിപോഷി

---

The husband's role·

"Woman was not taken from man's head for she was never meant to rule; nor from his feet to be his slave, but from his side to walk beside him, from beneath his arm to b protected by him, from near his heart that he might love and cherish her".

Hugh of St. Victor,

(1096 - 1141)

പ്പിച്ച് ദൈവ സേവനത്തിനും കുടുംബ സേവനത്തിനും സഭാസേവനത്തിനുമായി അർപ്പിക്കണം. ആധുനിക ലോകത്തിൻെറ ധാർമ്മികമായ ഭാവി സ്ത്രീയുടെ കരങ്ങളിലാണ് എന്ന് കർദ്ദിനാൾ സൂവനൻസ് അഭിപ്രായപ്പെടുന്നു. (The Nun in the world). പരസ്പരം സഹിച്ചും, ക്ഷമിച്ചും. വിട്ടുവീഴ്ചാമനോഭാവത്തോടും കൂടി വർത്തിച്ചാൽ മാത്രമേ കുടുംബം ഐശ്വര്യസമ്പൂർണ്ണമാവുകയുള്ളൂ. കുടുംബത്തെ സ്വർഗ്ഗമാക്കുന്നതിൽ സ്ത്രീക്ക് വലിയ പങ്കുണ്ട്.

## കത്തോലിക്കാ വിദ്യാഭ്യാസം

ഭാര്യാ ഭർത്താക്കന്മാർ പരസ്പരം വിശുദ്ധീകരിക്കുന്നതിന് കടപ്പെട്ടവരാണ്. "When two spouses are get marrid they are ordained for the mutual sanctification and the sanctification of their children" (6) രണ്ട് ദമ്പതികൾ വിവാഹ ബന്ധിതരാകുമ്പോൾ അവർ പരസ്പരവിശുദ്ധീകരണത്തിനും സന്താനങ്ങളുടെ വിശുദ്ധീകരണത്തിനുമുള്ള ഒരു അഭിഷേചനമാണ് സ്വീകരിക്കുന്നതു് എന്ന് ഫാ, ബർണാർദ്ദ് ഹേയറിംഗ് പ്രസ്താവിക്കുന്നു. ദൈവം നമുക്ക് നല്കിയിട്ടുള്ള ഏറ്റവും വലിയ സമ്പത്താണ് സന്താനങ്ങൾ. അവരെ നല്ലവരായി വളർത്തി ദൈവത്തിനു തന്നെ സമർപ്പിക്കുകയാണ് മാതാപിതാക്കന്മാരുടെ ചുമതല. സന്താനങ്ങളുടെ നിത്യ രക്ഷയെ സംബന്ധിച്ച ഒരു കണക്ക് മാതാപിതാക്കന്മാർ വിധികർത്താവായ മിശിഹായുടെ മുമ്പാകെ ബോധിപ്പിക്കേണ്ടതായിവരും. ഒന്നാമതായി അവർ മാതൃക കൊണ്ട് മക്കളുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ പതിക്കണം. മാതാ പിതാക്കന്മാർ തങ്ങളുടെ ജ്ഞാ

(6) Rev. Fr. Bernard Haring. Christian Renewal in a Changing world. P 171.

നത്തെക്കാൾ കൂടുതലായി മക്കൾക്ക് പകന്നു കൊടുക്കുന്ന തു് അവരുടെ വ്യക്തിത്വമാണു്. സന്താനങ്ങളുടെ ഏറ്റവും വലിയ ആദശ് പുരുഷരും ഗുരുഭൂതരും ഗാർഹിക സഭയിലെ പുരോഹിതരുമാണു് അവർ. മാതാ പിതാക്കന്മാരുടെ ജീവിതവും, പ്രവത്തനവും, വാക്കുകളും, അവരിൽ വലിയ സ്വാധീനം ചെലുത്തും.

ഒരു ശിശുവിൻെറ സ്വഭാവ രൂപീകരണത്തിൽ മാതാവിനു് അദ്വിതീയമായ സ്ഥാനമാണുള്ളതു്. "യഥാ മാതാ തഥാ സുത: " എന്നാണല്ലൊ ആപ്തവാക്യം "Mother's love is the key to God's love". മാതൃസ്നേഹമാണു് ദൈവ സ്നേഹത്തിൻെറ താക്കോൽ എന്നു് മൊൺ ഫുൾട്ടൻ. ജെ. ഷീനും പറയുന്നു. മാതാവു് സ്തന്യപാനത്തോടൊപ്പം ഈശ്വര വിശ്വാസവും, സന്മാർഗ്ഗബോധവും, പ. കുർബ്ബാനയോടും, പ. കന്യക മറിയത്തോടുമുള്ള ഭക്തിയും ശിശുക്കൾക്കു് പകന്നു കൊടുക്കണം. തൊട്ടിൽ ആട്ടുന്ന കരങ്ങളാണു് ലോകത്തെ ഭരിക്കുന്നതു് എന്നു് ഒരു പണ്ഡിതൻ പറയുന്നു. അലക്സാണ്ടർ, നെപ്പോളിയൻ ബോണപ്പാട്ട് മുതലായവരെ ലോക ജേതാക്കളാക്കിത്തീത്തതു് അവരുടെ മാതാക്കളാണു്. "ലോകത്തിൽ പ്രശസ്തരാം വ്യക്തികൾപാടുന്നു മാതാക്കൾ തൻ മാഹാത്മ്യം" എന്നൊരു കവി പാടിയിട്ടുണ്ടു്, വി. കൊച്ചുത്രേസ്യായെ ഒരു വിശുദ്ധയാക്കിയതു് അവളുടെ മാതാപിതാക്കന്മാരാണു്. ആധുനിക മന:ശാസ്ത്ര പണ്ഡിതന്മാർ പറയുന്നതു് ഒരു ശിശുവിൻെറ സ്വഭാവ രൂപീകരണം ഏകദേശം ഏഴു വയസ്സു കൊണ്ടു് പൂർത്തിയാകുന്നുവെന്നാണു്. ഇക്കാലമത്രയും ശിശു മാതാവിൻെറ കൂടെയാണു് അധികവും ചെലവഴിക്കുന്നതു്. ഗ്രീസിലും റോമ്മിലും ഭാരതത്തിലുമുള്ള മാതാക്കൾ അവരുടെ പുരാണ പുരുഷന്മാരുടെയോ, താപസികരുടെയോ, വീരപുരുഷന്മാരുടെയോ ച

രിത്രം കുട്ടികളെ പറഞ്ഞു കേൾപ്പിച്ച് ആ വിധത്തിൽ വ ളൎന്നു വരുവാൻ അവൎക്ക് പ്രചോദനം നല്കിയിരുന്നു. ഇതുപോലെ കത്തോലിക്കാ മാതാപിതാക്കൾ മിശിഹായേയും പ. കന്യക മറിയത്തെയും വിശുദ്ധന്മാരെയും തങ്ങളുടെ മക്കളുടെ ആദൎശ പുരുഷരായി ചൂണ്ടിക്കാണിക്കണം. വി. മോനിക്കാ, ഹംഗേറിയിലെ വി. എലിസബത്ത് മുതലായവർ ആദൎശ മാതാക്കളാണ്.

മക്കളെ ശിക്ഷിച്ച് ഭയപ്പെടുത്തി രൂപീകരിക്കുന്നതിലും നല്ലതു് അവർ തെററിൽ ഉൾപ്പെടാതിരിക്കുവാനുള്ള അറിവും, നിൎദ്ദേശവും, പ്രായോഗിക പരിശീലനവും നല്കുന്നതാണ്. അവർ കുററം ചെയ്താൽ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യണം. എന്നാൽ അതു് മിതമായിരിക്കണം. അതിവാത്സല്യവും അതിരു കടന്ന കാഠിന്യവും ഉപേക്ഷിക്കുക. ഭവനത്തിൽ മതപരമായ അന്തരീക്ഷം ഉണ്ടായിരിക്കുന്നതിന്ന് മാതാപിതാക്കൾ ശ്രദ്ധിക്കണം. എല്ലാ ദിവസവും കുടുംബാംഗങ്ങൾ സന്ധ്യാസമയത്തു് സമ്മേളിച്ച് ഭക്തിപൂൎവ്വം പ്രാൎത്ഥിക്കേണ്ടതാണ്. ദിവ്യബലിയിൽ സംബന്ധിക്കുന്നതിന്ന് മക്കളെ പ്രോത്സാഹിപ്പിക്കുക. ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ഒരാളെങ്കിലും എല്ലാ ദിവസവും "ദിവ്യബലിയിൽ സംബന്ധിക്കണം". "ഭവനത്തിൽ മതത്തിന്ന്" വിശ്വാസപരമായ ജീവിതത്തിന്ന് എത്രമാത്രം പ്രാധാന്യം നല്കുന്നുവോ അതനുസരിച്ചായിരിക്കും സന്താനങ്ങളുടെ ചിന്താഗതി. അവിടെ മതവിരുദ്ധമോ, ഉതപ്പു കൊടുക്കുന്നതോ ആയ സംസാരമോ വൈദികരെയും സന്യാസികളെയും കുറിച്ചുള്ള അടിസ്ഥാനരഹിതമായ കുററാരോപണങ്ങളും നിഷേധാത്മകമായ വിമൎശനങ്ങളുമോ ഉണ്ടാകാതിരിക്കുവാൻ സൂക്ഷിക്കണം. സന്താനങ്ങൾക്ക് ഉത്തമമായ കത്തോലിക്കാ വിദ്യാഭ്യാസം നല്കുന്നതിൽ മാതാപിതാക്കൾക്ക് ഗൗര

വാവഹമായ ചുമതലയുണ്ട്. പല മാതാപിതാക്കന്മാരും മക്കളെ സ്കൂളിൽചേർത്തു കഴിഞ്ഞാൽ അവരുടെ ഉത്തരവാദിത്വം പൂർണ്ണമായി നിർവ്വഹിച്ചു എന്നാണ് കരുതുന്നത്. മക്കളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം മാതാപിതാക്കളുടെ ചുമതല നിരന്തരമായ ഒരു ജനിപ്പിക്കൽ കർമ്മമാണ്. മക്കളെ ശാരീരികമായി ജനിപ്പിക്കുന്നതുകൊണ്ടുമാത്രം ജനയിതാക്കൾ എന്ന ചുമതല അവർ നിർവ്വഹിക്കുന്നില്ല. വി. പൗലോസ് അപ്പസ്തോലൻ ഗാലാത്തിയാക്കാർക്കുള്ള ലേഖനത്തിൽ പ്രസ്താവിക്കുന്നു. "എന്റെ മക്കളേ, മിശിഹാ നിങ്ങളിൽ ഉരുവാകുവോളം ഞാൻ വീണ്ടും പ്രസവവേദന അനുഭവിക്കുന്നു." (ഗാല IV .19) ഇതു പോലെ മാതാപിതാക്കന്മാർ തങ്ങളുടെ മക്കളിൽ മിശിഹാ ഉരുവാകുവോളം പ്രസവ വേദന അനുഭവിക്കേണ്ടവരാണ്. ഇതാണ് കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ ഏററവും നല്ല നിർവ്വചനം എന്നൊരു ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു. (Education according to St. Thomas).

മാതാപിതാക്കന്മാരും, ഗുരുഭൂതന്മാരും, ആദ്ധ്യാത്മിക നിയന്താക്കളും ഒത്തൊരുമിച്ചു പരിശ്രമിച്ചാൽ മാത്രമേ വിദ്യാഭ്യാസം പൂർണ്ണമാവുകയുള്ളൂ. "The soul of the Culture is the Culture of the soul". സംസ്കാരത്തിന്റെ ആത്മാവ് ആത്മസംസ്കാരമാണ്. ലൗകിക ശാസ്ത്രങ്ങളും കലകളും അഭ്യസിക്കുന്നതുകൊണ്ടു മാത്രം വിദ്യാഭ്യാസം പൂർത്തിയാകുന്നില്ല, മതപരമായ വിദ്യാഭ്യാസവും ആവശ്യമാണ്. സന്താനങ്ങളെ ആര്യചാരിതരും, സംസ്കാര സമ്പന്നരും, സദാചാരനിരതരും, ഈശ്വര വിശ്വാസികളുമാക്കിത്തീർക്കുന്ന വിദ്യാഭ്യാസം നല്ലണ്ണം.രണ്ടാം വത്തിക്കാൻ സൂനഹദോസ് വിദ്യാഭ്യാസത്തെ നിർവ്വചിക്കുന്നതിപ്രകാരമാണ് "മനുഷ്യന്റെ പരമാന്ത്യപ്രാപ്തി

ക്കനുയോജ്യമായ വിധം ശാരീരികവും മാനസികവും ധാർമ്മികവുമായ രൂപീകരണം വ്യക്തി അംഗമായിരിക്കുന്ന സമൂഹത്തിന്റെ സുസ്ഥിതിക്ക് സഹായകമായ രീതിയിലായിരിക്കണം. (7) ജീവിതത്തിൽ ലക്ഷ്യബോധവും ശാരീരികവും മാനസികവുമായ രൂപീകരണവും അടിയുറച്ച ധാർമ്മികബോധവും ലഭിക്കുന്നതിന് പര്യാപ്തമായ വിദ്യാഭ്യാസമാവശ്യമാണ്. മതത്തിന് മാത്രമേ മനുഷ്യരെ നല്ലവരാക്കുവാൻ സാധിക്കുകയുള്ളു. ശാസ്ത്രത്തിനും കലകൾക്കും അതു് സാദ്ധ്യമായിരുന്നെങ്കിൽ എല്ലാവരും എത്ര നല്ലവരാകുമായിരുന്നു? ഇന്ന് നമ്മുടെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും നിന്ന് പുറത്തിറങ്ങുന്നവർ നാസ്തികരോ, നിർമ്മത പ്രസ്ഥാനക്കാരോ, അഥവാ മതപരമായ കാര്യങ്ങളിൽ അനാസ്ഥയുള്ളവരോ ആണ്. പലരുംകമ്യൂണിസ്റ്റും ചിന്താഗതിക്കാരുമത്രെ. അതിനുള്ള പ്രധാനകാരണം മതപരമായ അജ്ഞതയാണ്. അടുത്ത തലമുറയിൽ നമുക്ക് നല്ല കത്തോലിക്കരുണ്ടായിരിക്കണമെങ്കിൽ വളരുന്ന തലമുറയ്ക്കു് മതപരമായി വിദ്യാഭ്യാസം നല്കണം. അവക്ക് സ്വാതന്ത്ര്യം ശരിയായി വിനിയോഗിക്കാനുള്ള പരിശീലനം ലഭിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ആധുനിക രീതിയിൽ ശാസ്ത്രീയമായ മതപരമായ ജ്ഞാനം സിദ്ധിച്ചിട്ടില്ലെങ്കിൽ ഇന്നത്തെ ഭൗതിക വാദത്തെയും, കമ്യൂണിസത്തെയും അതിജീവിച്ച് വിശ്വാസപരമായ ജീവിതം നയിക്കുവാൻ സാധിക്കാതെ വന്നേക്കാം. രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം കത്തോലിക്കാ വിശ്വാസം ക്ഷയിച്ച ഫ്രാൻസിലെ കത്തോലിക്കരെ സമുദ്ധരിക്കുന്നതിനായി ഇന്ന് പ്രായപൂർത്തിയായവർക്കും മതപരമായ വിദ്യാഭ്യാസം നല്കുന്നു, പാരീസ്സ് പട്ടണത്തിൽ തന്നെ അയ്യായിരത്തിൽ പരം പ്രൊഫസറന്മാരും ഡോക്ടറന്മാരും അഭിഭാഷകരും 1970-ൽ മതപരമായ വിദ്യാഭ്യാസം സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഴും അതു് തുടരുന്നുണ്ടാകാം.

---

(7). കൗൺസൽ ഡിക്രി വിദ്യാഭ്യാസം.

കുട്ടികൾ സ്കൂളിൽ ചെന്നാൽ എപ്രകാരം പഠിക്കുന്നു, അവരുടെ ഗുരുഭൂതന്മാരെ അനുസരിക്കുന്നുണ്ടോ, അവരുടെ കൂട്ടുകാർ ആരെല്ലാമാണ്. അവരുടെ സംസാരം എന്താണ് എന്നിങ്ങനെയുള്ള കാര്യങ്ങളും മാതാപിതാക്കന്മാർ അന്വേഷിക്കണം,"സംസർഗ്ഗജാദോഷഗുണാ ഭവന്തി" എന്നുള്ള തത്വം നാം വിസ്മരിക്കരുതു്. "നിന്റെ കൂട്ടുകാർ ആരെല്ലാമാണെന്നു് എന്നോട്ടു് പറയുക, നീ എപ്രകാരമുള്ളവനാണെന്നു് ഞാൻ പറയാം." എന്നു് ഒരു പണ്ഡിതൻ പറയുന്നു. നീ സംസാരിക്കുക എപ്രകാരമുള്ളവനാണെന്നു് ഞാൻ അറിയട്ടെ എന്നു് സോക്രട്ടീസ് എന്ന താത്വികൻ പറയുന്നു. ഹൃദയത്തിന്റെ തികവിൽ നിന്നും അധരങ്ങൾ സംസാരിക്കുന്നു എന്നു് നമ്മുടെ കർത്താവും അരുളിച്ചെയ്തിട്ടുണ്ടല്ലൊ. അവർ ദേവാലയത്തിൽ ചെല്ലുമ്പോൾ എങ്ങനെയാണു് പെരുമാറുന്നതു് എന്നുള്ള വസ്തുതയും മാതാപിതാക്കന്മാർ ശ്രദ്ധിക്കണം. സന്താനങ്ങൾ വായിക്കുന്ന ഗ്രന്ഥങ്ങളും അവരിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ടു്. "നീ വായിക്കുന്ന പുസ്തകങ്ങൾ ഏവയെന്നു എന്നോട്ടു് പറയുക നീ എപ്രകാരമുള്ളവനാണെന്നു ഞാൻ പറയാം" എന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടുന്നു. സൽഗ്രന്ഥങ്ങൾ നമ്മെ നല്ലവരാക്കും. എന്നാൽ അശ്ലീലമായുള്ളവ അഥവാ ദൈവ വിശ്വാസത്തെയും സത്താതന്മൂല്യങ്ങളേയും അവഹേളിക്കുന്ന ഗ്രന്ഥങ്ങൾ പക്വത പ്രാപിക്കാത്തവർ വായിച്ചാൽ അപകടമുണ്ടാകും. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി അദ്ദേഹത്തിന്റെ പ്രാത്ഥനായോഗങ്ങളിൽ എല്ലാ ദിവസവും വി. ഗ്രന്ഥത്തിൽ മലയിലെ പ്രസംഗഭാഗം വായിച്ചിരുന്നു. അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ടു് ബൈബിളാണു് അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏററവും സ്വാധീന ശക്തി ചെലുത്തിയിട്ടുള്ളതെന്നു്. ബൈബിളിൽ ഏററവും കൂടുതൽ അദ്ദേഹത്തെ ആകർഷിച്ചതു് മലയിലെ പ്രസംഗം. മലയിലെ പ്രസംഗത്തിൽ "നിന്റെ വലത്തെ ഗണ്ഡത്തിനു് അടിക്കുന്നവനു് ഇടത്തെ ഗണ്ഡവുംകൂടി കാണിച്ചു കൊടുക്കുക. (8) എന്നുള്ള വാക്യമുണ്ടല്ലൊ,

(8) What the message of Christ means to me· Bharatiya Vithya Bhavan P· 24.

ബ്രിട്ടീഷ് സാമ്രാജ്യശക്തിയെ പരാജയപ്പെടുത്തി നമ്മുടെ മാതൃഭൂമിയുടെ രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നതിനു് അദ്ദേഹം ഉപയോഗിച്ച അക്രമരാഹിത്യ സിദ്ധാന്തം അദ്ദേഹം സ്വീകരിച്ചതു് ക്രിസ്തുവിൻെറ ഈ വാക്കുകളിൽ നിന്നുമാണു്. മഹാത്മജിയുടെ മഹത്വത്തിനു് നിദാനം അദ്ദേഹം ക്രിസ്തുവിനെ അനുകരിച്ചു എന്നുള്ളതാണു്. വിവേകാനന്ദൻ, ശ്രീരാമകൃഷ്ണപരമഹംസൻ, ഗോപാലകൃഷ്ണഗോഖലേ, രാജാറാം മോഹൻറായി, രവീന്ദ്രനാഥടാഗോർ എന്നിവരുടെ മഹത്വത്തിൻെറ നിദാനവും അവർ ക്രിസ്തുവിൻെറ ചൈതന്യം പകർന്നെടുത്തു എന്നതാണു്.

എത്രമാത്രം ദുരന്തങ്ങളും, തിന്മകളുമാണു് വഴിപിഴച്ച ഗ്രന്ഥങ്ങളും പത്രമാസികകളും വരുത്തുന്നതു്? അണുബോംബു് ഹിരോഷിമായിലും നാഗസാക്കിയിലും ചെയ്തനാശത്തിലും കൂടുതൽ നാശമാണു് ഇത്തരം ഗ്രന്ഥങ്ങൾ മാനവരാശിക്കു വരുത്തുന്നതു്. കത്തോലിക്കാ കുടുംബങ്ങളിൽ നല്ല നല്ല പുസ്തകങ്ങളും പത്രമാസികകളും ഉണ്ടാകുന്നതിനും ശ്രദ്ധപതിക്കേണ്ടതാണു്. ഇന്നു് പാരായണാസക്തി എല്ലാവരിലും വർദ്ധിച്ചു വരുന്നു. അതിനാൽ അശ്ലീലമായ പത്രമാസികകളും ഗ്രന്ഥങ്ങളും വായിക്കരുതു് എന്നു് പറയുന്നതുകൊണ്ടുമാത്രം മതിയാവുകയില്ല. സൽഗ്രന്ഥങ്ങൾ ഭവനത്തിൽ വാങ്ങിസൂക്ഷിപ്പാൻ കുടുംബ നാഥൻ ശ്രദ്ധപതിക്കണം. ഓരോ ഭവനത്തിലും ഒരു ബൈബിൾ ഉണ്ടാകണം സന്ധ്യാസമയത്തു് പ്രാർത്ഥനാനന്തരം വി. ഗ്രന്ഥത്തിൽ നിന്നു് ഒരദ്ധ്യായമെങ്കിലും വായിക്കണം.

പത്രങ്ങൾ വരുത്തുവാൻ കഴിവുള്ള കുടുംബത്തിൽ ഒരു കത്തോലിക്കാ പത്രമെങ്കിലും ഉണ്ടാകണം. കത്തോലിക്കർപോലും കത്തോലിക്കാ പത്രങ്ങളോടു് അവജ്ഞയാണു്; അവയെ കാരണം അവർ ചില മുൻവിധികളോടുകൂടിയാണു് അവയെ വീക്ഷിക്കുന്നതു്. ഒരിക്കൽ ഈ ഗ്രന്ഥകാരൻ ഒരു സൺഡേസ്കൂൾ വർഷികത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനായി പോയി. മീററിംഗ് കഴിഞ്ഞപ്പോൾ അതേസമ്മേളനത്തിൽത്തന്നെ പ്രസംഗിക്കുവാനെത്തിയ എം. എ ബിരുദധാരിയായ ഒരു കത്തോ

ലിക്കാ അദ്ധ്യാപകനുമായി സംസാരിച്ചു. സംസാരത്തിനിടയിൽ ആ അദ്ധ്യാപകൻ എന്നോട്ട് ഇപ്രകാരം ചോദിക്കുകയാണ്: ഇപ്പോൾ വത്തിക്കാൻ സൂനഹദോസ് മത സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. ഇനി കത്തോലിക്കനും ഏതെങ്കിലും ഒരു മതം അനുഷ്ഠിച്ചാൽ മതിയാകുമോ? ഞാൻ ആ അദ്ധ്യാപകനോട്ട് ചോദിച്ചു എന്തുകൊണ്ടാണ് സാർ അപ്രകാരം ചോദിച്ചതെന്ന്. ഉടനെ ആ അദ്ധ്യാപകൻ തുടന്നു. വത്തിക്കാൻ സൂനഹദോസിൻെറ മതപ്രഖ്യാപനത്തിൽ "ഇനി ഏതു് മനുഷ്യനും അവൻെറ മനഃസാക്ഷിക്കനുസരണമായ മതം അനുഷ്ഠിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടെന്നു്" ഞാൻ വായിച്ചു. ഞാൻ ആ അദ്ധ്യാപകനോട്ട് എവിടെയാണ് താങ്കൾ അതു് വായിച്ചതു് എന്നു് ചോദിച്ചപ്പോൾ "മലയാള മനോരമ"യിലാണെന്നു് പറഞ്ഞു. പിന്നിട്ട് ഞാൻ അദ്ദേഹത്തെ മനസ്സിലാക്കി ആ മതസ്വാതന്ത്ര്യപ്രഖ്യാപനത്തോട്ടു കൂടി സത്യമതം കത്തോലിക്കാത്തിരുസഭയാണ്, അതു് കണ്ടുപിടിച്ച് സമാശ്ലേഷിക്കുവാനുള്ള ചുമതല എല്ലാ മനുഷ്യർക്കുമുണ്ട്." എന്ന വേറൊരുവാക്യവും കൂടി ഉണ്ടായിരുന്നു വെന്നുള്ള വസ്തുത. എന്നാൽ എല്ലാ അകത്തോലിക്കാ പത്രങ്ങളും അക്രൈസ്തവ പത്രങ്ങളും ആ വാക്യം ഉപേക്ഷിച്ചുകളഞ്ഞിട്ടാണ് പ്രസിദ്ധീകരിച്ചതു്" ഇന്നു് കത്തോലിക്കാ സഭാംഗങ്ങൾ കത്തോലിക്കാ ചിന്താഗതിയുള്ളവരായി വളരണമെങ്കിൽ കത്തോലിക്കാ പത്രങ്ങളും വായിച്ചേ മതിയാവൂ. പൊതുജനാഭിപ്രായ രൂപികരണത്തിൽ പത്രങ്ങൾക്കുള്ള സ്ഥാനം വളരെ വലുതാണ്. ഓരോ പത്രവും അതാതിൻെറ ആദർശത്തിനനുസരിച്ച ഒരു നിറം വാർത്തകളുടെ പ്രസിദ്ധീകരണത്തിൽ നല്കാറുണ്ട്. നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന അഥവാ തെററിദ്ധരിപ്പിക്കുന്ന ലേഖനങ്ങളൊ, വാർത്തകളൊ ഒക്കെയായിരിക്കും പലതും. ഒരു എം. എ. ബിരുദധാരിയായ ഹൈസ്കൂൾ അദ്ധ്യാപകന് മൗലികമായ കാര്യത്തിൽ ഇത്രമാത്രം ചിന്താക്കുഴപ്പം സൃഷ്ടിച്ചെങ്കിൽ സാധാരണക്കാരുടെയും അപക്വമതികളായ യുവതീയുവാക്കന്മാരുടെയും കാര്യത്തിൽ വിവേചനയില്ലാത്ത വായന എത്ര അപകടപൂർണ്ണമാണ്.

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രേഷിത പ്രവർത്തനം കുടുംബങ്ങളെ ക്രൈസ്തവമാക്കിത്തീർക്കുക എന്നുള്ളതാണ്. വത്തിക്കാൻ സൂനഹദോസ് സഭയെക്കുറിച്ചുള്ള ഡിക്രിയിലും, അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള ഡിക്രിയിലും. സഭ ആധുനിക ലോകത്തിൽ എന്ന ഡിക്രിയിലും പ്രഖ്യാപിച്ചു. കൂടാതെ പ. പിതാവ് ആറാം പൗലോസ് മാർപ്പാപ്പാ "ഹ്യുമാനേ വിത്തേ" എന്ന വിശ്വലേഖനത്തിലും ഉൽബോധിപ്പിച്ചിട്ടുണ്ട്. കുടുംബം സമുദായത്തിൻെറ അസ്ഥിവാരമാണ് (10) ഓരോ കുടുംബവും ക്രൈസ്തവമാകുമ്പോൾ ഓരോ ഇടവകയും ക്രൈസ്തവമാകും. ഓരോ ഇടവകയും ക്രൈസ്തവമാകുമ്പോൾ ഓരോ രൂപതയും ക്രൈസ്തവമായി അങ്ങനെ ലോകത്തെ മുഴുവനെയും ക്രൈസ്തവമായി നവീകരിക്കുവാൻ സാധിക്കുന്നതാണ്. അതിനാൽ കുടുംബത്തിൽ കേന്ദ്രീകൃതമായ ഒരു നവീകരണമാണ് വത്തിക്കാൻ സൂനഹദോസ് ഉദ്ഘോഷം ചെയ്യുന്നത്

മാതാപിതാക്കന്മാർ മക്കൾക്ക് നല്ല ദൈവവിളി ലഭിക്കുന്നതിനായിട്ടും പരിശ്രമിക്കണം. കുടുംബമാണ് ദൈവ വിളിയുടെ പിള്ള തൊട്ടിൽ എന്ന് പ. പിതാവ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിട്ടുണ്ട്. നല്ല കുടുംബങ്ങളിൽ നിന്നു മാത്രമേ നല്ല ദൈവവിളികൾ ഉണ്ടാവുകയുള്ളൂ. യൂഗോസ്ലാവായിലെ പ്രിമേറ്റായിരുന്ന കർദ്ദിനാൾ ജോസഫ് സ്റ്റെപ്പിനാക്കിന് ദൈവ വിളി ലഭിച്ചതു് അദ്ദേഹത്തിൻെറ മാതാവ് ആഴ്ചയിൽ ഒരു ദിവസം വീതം ഇരുപത്തിനാല് വർഷക്കാലത്തോളം ഉപവസിക്കുകയും എല്ലാ ദിവസവും പ്രാർത്ഥിക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് എന്ന് അദ്ദേഹം തന്നെ പ്രസ്താവിച്ചിട്ടുണ്ട്. മാതാ പിതാക്കന്മാർ മക്കളുടെ ആഗ്രഹാനുസരണമുള്ള ജീവിതാന്തസ്സ് തെരഞ്ഞെടുക്കുന്നതിൽ അവരെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യണം. ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം പരിപൂർണ്ണമായും മക്കളുടേതാണ്. കാരണം നമ്മുടെ നിത്യ രക്ഷാപ്രാപ്തി നാം തെരഞ്ഞെടുക്കുന്ന ജീവിതാന്തസ്സിനെക്കൂടി ആശ്രയിച്ചാണിരിക്കുന്നതു്.

---

Pope Law XIII· Smmortale Dei

അവസാനമായി മാതാപിതാക്കന്മാർ മക്കളെ സമഭാവനയോടുകൂടി സ്നേഹിക്കുകയും തങ്ങളുടെ സമ്പത്ത് അവർക്ക് ഭാഗിച്ചു കൊടുക്കുകയും ചെയ്യണം. കുടുംബത്തിൽ മാതാപിതാക്കന്മാരുടെ മരണശേഷം കലഹവും മററും ഉണ്ടാകുന്നതിനിടയാകുന്നതു് മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ വിവേകപൂർവ്വവും സ്നേഹത്തോടും വേണ്ട ക്രമീകരണങ്ങൾ ചെയ്യാതിരിക്കുന്നതാണ്. മക്കൾക്കു് സമ്പത്തു് കൊടുക്കുവാനില്ലെങ്കിൽ മാതാപിതാക്കൾ തങ്ങളുടെ അനുഗ്രഹാശിസ്സുകളാൽ അവരെ ധന്യരാക്കുക എന്നാണ്. വി. അംബ്രോസു് അഭിപ്രായപ്പെട്ടിട്ടുള്ളതു്. പല മാതാപിതാക്കന്മാരും മക്കൾക്കു് സ്വത്തു് സമ്പാദിക്കുന്നതിനും ലൗകിക ബിരുദങ്ങൾ നേടി കൊടുക്കുന്നതിനും തല്പരരാണ്. എന്നാൽ അതു് മാത്രം മതിയാവുകയില്ല. അവരുടെ ഭാവി ഭാസുരമാക്കി അവരെ കുടുംബത്തിൻെറ മഹിമയും സമുദായത്തിൻെറ അഭിമാന പാത്രവും ലോകത്തിൻെറ മാർഗ്ഗദീപവുമായിരിക്കുവാൻ ശീലിപ്പിക്കണം.

കത്തോലിക്കാ സമുദായത്തെ ധാർമ്മികമായും സാമ്പത്തികരംഗത്തും ഇന്നു് ഏററവും അധഃപ്പതിപ്പിക്കുന്നത് ഒന്നാണ് മദ്യപാനം. അതു് അവരെ മദ്യപാനികളുടെയും ദുർവൃത്തരുടെയും ഒരു സമൂഹമായി അധഃപ്പതിപ്പിക്കാതിരിക്കണമെങ്കിൽ നാം മദ്യപിശാചിൻെറ സേവയിൽ നിന്നും വിമുക്തരാകണം. കുടുംബാംഗങ്ങളിൽ അസമാധാനത്തിനും അതു് കാരണമാകുന്നുണ്ടു്. പലരും യാതനാപൂർണ്ണമായ ഒരു ജീവിതം നയിക്കുന്നതിനു് അതിടയാകുന്നു. കണ്ണുനീർവീഴ്ത്തികൊണ്ടു് കരളലിയിക്കുന്ന പല കഥകളും പറയുന്ന കുടുംബനാഥമാരും മക്കളും ധാരാളമില്ലയോ,

## മക്കൾക്കു് മാതാപിതാക്കന്മാരോടുള്ള ചുമതല

മക്കൾക്കു് മാതാപിതാക്കളോടും ചില ചുമതലകളെല്ലാമുണ്ടു്. മാതാപിതാക്കന്മാർ ദൈവത്തോടു കൂടി നമ്മുടെ സമാസൃഷ്ടകർത്താക്കളാണ്. മാതാപിതാക്കന്മാർ കുട്ടികൾ

അവർ ദൈവത്തിൻെറ പ്രതിനിധികളാണ്. ദൈവം കഴിഞ്ഞാൽ നമ്മുടെ എല്ലാ നന്മകൾക്കും നാം അവരോടാണു കടപ്പെട്ടിരിക്കുന്നത്. മാതാപിതാക്കന്മാരെ സന്താനങ്ങൾ അനുസരിക്കണം. മിശിഹായുടെ പന്ത്രണ്ടു വയസ്സു മുതൽ മുപ്പതു വയസ്സു വരെയുള്ള ജീവിതത്തെ വി. സുവിശേഷകൻ സംഗ്രഹിക്കുന്നതിപ്രകാരമാണ്; "അവൻ' അവിടെ നിന്നും ഇറങ്ങി, ചെന്ന് അവൻെറ മാതാപിതാക്കന്മാർക്കു കീഴ്‌വഴങ്ങി ജീവിച്ചു. അവൻ പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വിവേകത്തിലും വളർന്നു വന്നു" (വി. ലൂക്കാ. 11. 51). മിശിഹാ കൃപയിലും വിവേകത്തിലും വളൎന്നു വന്നതും മാതാപിതാക്കന്മാർക്കു അനുസരണം ചെയ്തതും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ടു്. "നാം അനുസരിക്കുന്നതു വഴിയാണ് ദൈവം നമുക്കു നിശ്ചയിച്ചിരിക്കുന്ന കൃത്യസ്ഥാനത്തു് ഈ പ്രപഞ്ചത്തിൽ ഓരോ നിമിഷവും എത്തിച്ചേരുന്നതു്" എന്നു് വി. തോമസ് അക്വിനാസ് പ്രസ്താവിക്കുന്നു. അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാകുന്നു എന്നു് സാമുവേൽ പ്രവാചകൻ വഴി ദൈവം അരുളിച്ചെയ്തിട്ടുണ്ടു് (എഫേസൂ. ലേ. 6).

വാർദ്ധക്യകാലത്തു് മാതാപിതാക്കന്മാരെ സംരക്ഷിക്കേണ്ട ചുമതലയും മക്കളുടേതാണ്. പല സന്താനങ്ങളും മാതാപിതാക്കന്മാരുടെ വാർദ്ധക്യകാലത്തു് അവരെ സംരക്ഷിക്കുന്നതിൽ വിമുഖത പ്രദർശിപ്പിക്കുന്നുണ്ടു്. ചില സമ്പന്നകുടുംബത്തിലെ മാതാപിതാക്കന്മാർ മക്കൾ സംരക്ഷിക്കാത്തതിനാൽ അനാഥശാലയെ അഭയം പ്രാപിക്കു്ന്നുണ്ടു. ഭാവി തലമുറ നമ്മോടും ഇപ്രകാരമായിരിക്കും പ്രവർത്തിക്കുക. കാന

ഡായിൽ മൊൺട്രീലിലെ കർദ്ദിനാറം ലെജർ എല്ലാ വർഷവും നവവത്സരദിനത്തിൽ അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരുടെ മുമ്പിൽ മുട്ടുകുത്തി ആശീർവാദം വാങ്ങിച്ചിരുന്നു. "നിനക്കു നന്മയായിട്ടുള്ളതു സംഭവിക്കുവാനും ഭൂമിയിൽ നിൻെറ ആയസ്സ് ദീർഘിക്കുവാനുമായി നിൻെറ അപ്പനേയും അമ്മയേയും ബഹുമാനിക്കുക എന്നതു് വാ.ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആദ്യ കല്പനയാകുന്നു' (എഫേ. 6. 6) എന്ന് വി. പൗലോസ് അപ്പസ്തോലൻ നമ്മെ അനുസ്മരിപ്പിക്കുന്നു. സർ തോമസ് മൂർ ഇംഗ്ലണ്ടിലെ ചാൻസലറായിരുന്ന അവസരത്തിൽപ്പോലും സ്വപിതാവിൻെറ ആശീർവ്വാദം വാങ്ങിയശേഷമാണ് ഓഫീസിലേക്കു പോയിരുന്നതു്. ഒരു പുത്രനും പിതാവും തമ്മിൽ കുടുംബത്തിലെ സ്വത്തു സംബന്ധിച്ച തർക്കമുണ്ടായി. ഒരു ദിവസം മകൻ ചെന്നു് അപ്പനുമായി വഴക്കടിച്ചു. അതിനുശേഷം അയാറം തോട്ടാ ഇടുന്നതിനായി ആററിലേക്കു പോയി. ആററിൽ തോട്ടാ ഇടുവാനായി ആരംഭിച്ചപ്പോറം തോട്ടാ കയ്യിലിരുന്നു പൊട്ടി. അവൻ അപ്പനെ അടിച്ച കൈ മുറിഞ്ഞു് ബോധരഹിതനായി ആററിൽക്കൂടി ഒഴുകിപ്പോയ സംഭവം കേട്ടിട്ടുണ്ടു്. മാതാപിതാക്കറം ദൈവത്തിൻെറ പ്രതിനിധികളാണ്. അവരോടു ചെയ്യുന്ന പാതകം ദൈവത്തോടു് തന്നെ ചെയ്യുന്നതായി അവിടുന്നു പരിഗണിച്ച് അനേകരെ ശിക്ഷിച്ചിട്ടുണ്ടു്.

## അദ്ധ്യായം ഇരുപത്തിമൂന്നു്

# സഭാസേവനം

ഒരു ക്രിസ്ത്യാനിക്കു് ഈ ലോകത്തിൽ ഒരേ ഒരു നിയമമേയുള്ളു. അരൂപിയുടെ നിയമം.

ക്രിസ്തീയമായ അസ്തിത്വത്തിൻെറ അടിസ്ഥാനപരമായ മനോഭാവം പരിശുദ്ധാത്മാവിനോടുള്ള തുറവിയാണു് (Openness to the Spirit)· ഇതു മിശിഹായുടെ പെസഹാ രഹസ്യം ജീവിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. അഗാധമായ എളിമ, വിശ്വാസം, പ്രത്യാശ, ദൈവത്തിലുള്ള സമാശ്രയത്വബോധം ഇവയെല്ലാം ഉൾക്കൊള്ളുന്നു. ‘‘നിങ്ങൾ ലോകത്തെ സ്നേഹിക്കുമെങ്കിൽ ലൗകികരായിരിക്കും. സ്വർഗ്ഗത്തെ സ്നേഹിക്കുമെങ്കിൽ സ്വർഗ്ഗീയരായിരിക്കും. ദൈവത്തെ സ്നേഹിക്കുമെങ്കിൽ ദൈവങ്ങളായിരിക്കും (1) എന്നു് വേദപാരംഗതനായ വി. ആഗുസ്തീനോസ് പ്രസ്താവിച്ചിട്ടുണ്ടു്. നാം സ്നേഹിക്കുന്ന വസ്തുവും നാമും തമ്മിൽ ഒരു താദാത്മ പ്രാപ്തിയുണ്ടു് എന്നു് ആധുനിക മനഃശാസ്ത്രപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. നാം നമ്മെക്കാൾ അധഃസ്ഥിതമായ വസ്തുക്കളെയാണു സ്നേഹിക്കുന്നതെങ്കിൽ അതിൻെറ അധഃപതനാവസ്ഥയിലേയ്ക്കു ചുഴിഞ്ഞിറങ്ങും. എന്നാൽ നാം നമ്മെക്കാൾ

---

(1) St. Augustine, In Joanem II. 15·

ഉന്നതമായവയെയാണു് സ്നേഹിക്കുന്നതെങ്കിൽ അതി ൻെറ തലത്തിലേയ്ക്കു് നാം ഉയരുന്നതാണു്.

നിങ്ങളുടെ നിക്ഷേപം എവിടെയിരിക്കുന്നുവോ അവിടെ നിങ്ങളുടെ ഹൃദയവും ഇരിക്കുന്നു (വി. മത്താ 6. 21) എന്നു് മിശിഹാ അരുളിച്ചെയ്തിട്ടുണ്ടു്. ഒരു മനുഷ്യൻെറ സ്നേഹവിഷയമെന്താണോ അതുതന്നെ യാണു് അവനെന്നു് വി. തോമസ് അക്വീനാസും രേഖപ്പെടുത്തിയിരിക്കുന്നു. ചൈനീസ് താത്വികനാ യ കൺഫ്യൂഷസിൻെറ "ദൈവവും മനുഷ്യഹൃദയവും" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. "നീ ലോ കം ഭരിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ നിൻെറ സമൂ ഹത്തെ നയിക്കുക. സമൂഹത്തിനു് നേതൃത്വം നൽക ണമെങ്കിൽ കുടുംബത്തെ ശരിയായി ഭരിക്കുക. കുടും ബം നയിക്കണമെങ്കിൽ നിൻെറ മനസ്സിനെ സംയമ നം ചെയ്യുക. മനസ്സിൽ ആധിപത്യം പുലർത്തണമെ ങ്കിൽ ഹൃദയത്തെ നിയന്ത്രിക്കുക. (1)

1946-ൽ പാരീസിലുള്ള നോട്ടർഡാം കത്തീഡ്ര ലിലെ നോയമ്പുകാലപ്രസംഗങ്ങൾ നടത്തുന്നതി നായി പാവനചരിതനായ കർദ്ദിനാൾ സുഹാർഡു് ഫാ. റിക്വാറു് എന്ന ഒരു ഈശോസഭാവൈദികനെ ക്ഷണിക്കുകയുണ്ടായി. അദ്ദേഹം രണ്ടാം ലോകമഹാ യുദ്ധകാലത്തു് ഒരു സൈനിക ചാപ്ലനായി സേവന മനുഷ്ഠിച്ചിട്ടുള്ള ഒരു വ്യക്തിയാണു്. ഫാ. റിക്വാറു്

---

(1) Cunfucius, God and heart of man, quoted in The Christian Renewal in a Changing World, By Rev. Fr. Bernard Haring. P. 5

അദ്ദേഹത്തിൻെറ നോയമ്പുകാലപ്രസംഗങ്ങരം എല്ലാം സമാഹരിച്ച് ഒരു ഗ്രന്ഥരൂപേണ പ്രസിദ്ധീകരിച്ചു. ആ ഗ്രന്ഥത്തിൻെറ അഭിധാനം "Christian facing the Ruins–നാശനഷ്ടങ്ങളെ അഭിമുഖീകരിക്കുന്ന ക്രിസ്ത്യാനി–എന്നാണ്. ആ ഗ്രന്ഥത്തിൽ ഏററവും ഹൃദയഹാരിയായ ഒരു സംഭവം അദ്ദേഹം രേഖപ്പെടുത്തുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്ത് നാൻററ്സ് എന്ന പട്ടണം ബോംബാക്രമണത്തിനു വിധേയമായി. പട്ടണത്തിൻെറ നാലിലൊന്നു നശിച്ചു. നാൻറസിലെ ആശുപത്രിയായിരുന്നു ഹോട്ടൽ ദിയൂ (Hotel Dieu). ആക്രമണത്തിൽ ആശുപത്രി മുഴുവൻ നിലംപരിശായി. അവിടെ ഉണ്ടായിരുന്ന രോഗികളും, ഡോക്ടറന്മാരും നേഴ്സുമാരും അവിടെ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ബ. കന്യാസ്ത്രീകളും എല്ലാവരും ആ കെട്ടിടത്തിൻെറ നാശനഷ്ടക്കൂമ്പാരങ്ങരംക്കുള്ളിൽപ്പെട്ടു മരണവുമായി മല്ലടിക്കുകയാണ്. തദവസരത്തിൽ സമീപസ്ഥരായ ജനങ്ങരം വിളക്കുംകത്തിച്ച് ആശുപത്രിയിലേയ്ക്കു വന്നു. അവിടെ മരണവക്ത്രത്തിൽപ്പെട്ടിരിക്കുന്നവരെ രക്ഷിക്കുകയായിരുന്നു അവരുടെ ആഗമനോദ്ദേശം.

തത്സമയം അവർ അവിടെ വിസ്മയജനകമായ ഒരു വസ്തുത കാണുകയുണ്ടായി. ആ നാശനഷ്ടക്കൂമ്പാരത്തിന് ഉപരിയായി ഒരു കരം മാത്രം ഉയർത്തിപ്പിടിച്ചിരിക്കുന്നതായി അവർ ദർശിച്ചു. ആ കൈയ്യിൽ അപ്പോഴും ഒരു ജപമാല പിടിച്ചിട്ടുണ്ട്. ആ ജപമാലയുടെ മണികരം ഓരോന്നും മന്ദം മന്ദം നീങ്ങിക്കൊണ്ടിരിക്കുന്നു. ജീവിതത്തിനും മരണത്തിനുമിടയിൽ

സമരം നടത്തുന്ന ആ വ്യക്തി അപ്പോഴും ജപമാല ചൊല്ലുകയാണു്.

അതു കണ്ടപ്പോൾ ചുററും കൂടിയിരുന്ന ജനങ്ങൾ അത്ഭുതസ്തബ്ധരായി വിളിച്ചു പറഞ്ഞു: 'നിങ്ങൾ ഭയപ്പെടേണ്ടാ. ഞങ്ങൾ നിങ്ങളെ രക്ഷിക്കുന്നതിനാണു് വന്നിരിക്കുന്നതു്". ഇതു കേട്ടപ്പോൾ ആ കരം ആരുടേതായിരുന്നുവോ, ആ വ്യക്തി സുധീരം ഉദീരണം ചെയ്യുകയാണു്: "എല്ലാവരേയും രക്ഷിച്ചതിനുശേഷം ഏററവും അവസാനംമാത്രം എന്നെ രക്ഷിച്ചാൽ മതി". തുടർന്നു് ആ വ്യക്തി കൊന്ത ജപിച്ചുകൊണ്ടിരുന്നു.

ആരായിരുന്നു ആ വ്യക്തി? എന്താണു് ആ വ്യക്തിക്കു് മരണത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ടു് ഇപ്രകാരം സുധീരമുദീരണം ചെയ്യുവാനുള്ള ചങ്കുററം നൽകിയ വസ്തുത? ആ വ്യക്തി പ്രസ്തുത ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചുകൊണ്ടിരുന്ന ഫിസു്ദെ സെജു് (Files de Seges) എന്ന സന്യാസിനീസമൂഹത്തിൽപ്പെട്ട ഒരു കന്യാസ്ത്രീയായിരുന്നു. എന്താണു് അവർക്കു് ഇത്ര വലിയ ധൈര്യം നൽകിയ വസ്തുത? അതു് ക്രിസ്തീയമായ വൈരുദ്ധ്യമാണു്. എവിടെയാണു് നാം ഈ ക്രിസ്തീയമായ വൈരുദ്ധ്യം കാണുന്നതു്? ക്രിസ്തുനാഥൻെറ ഗിരിപ്രഭാഷണത്തിലാണു് ജീവിക്കുന്ന ഈ വൈരുദ്ധ്യങ്ങൾ നാം ദർശിക്കുക.

അന്നു വരെയുള്ള ലോകത്തിൻെറ ചിന്താഗതികളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടാണു് മിശിഹാ ഗിരിപ്രഭാഷണം നടത്തുന്നതു്. അതുവരെ ലോകം പരിഗണിച്ചിരുന്നതു് ലോകത്തിൽ സമ്പന്നരായിട്ടുള്ള

വർ ഭാഗ്യവാന്മാർ, ജഡികസുഖഭോഗങ്ങളിൽ ആമഗ്ന രാകുന്നവർ ഭാഗ്യവാന്മാർ, ഉന്നതസ്ഥാനങ്ങൾ സമ ലങ്കരിക്കുന്നവർ ഭാഗ്യവാന്മാർ എന്നൊക്കെയാണ്. എന്നാൽ മിശിഹാ ആ ചിന്താഗതികളെയെല്ലാം . ത കിടം മറിച്ചുകൊണ്ടാണ് അന്നു ഗിരിപ്രഭാഷണമുൽ ഘാടനം ചെയ്യുന്നതു്. അരൂപിയിൽ ദരിദ്രർ ഭാഗ്യ വാന്മാർ എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകു ന്നു. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെക്കാണും. എളിമയുള്ളവർ ഭാഗ്യവാ ന്മാർ എന്തെന്നാൽ അവർ ഭൂമി അവകാശമാക്കും. ഇതുവഴി ക്രിസ്തുനാഥൻ ക്രിസ്തീയമായ ജീവിതതത്വശാ സ്ത്രം പ്രഖ്യാപിക്കുകയാണ്. ഈ അഷ്ടഭാഗ്യങ്ങൾ വഴി പരിശുദ്ധ ത്രിത്വം നിത്യമായി ആഘോഷി ക്കുന്ന സ്നേഹത്തിലേയ്ക്കു് സകല മാനവരാശിയേയും ക്ഷണിക്കുന്നു.

ക്രിസ്തീയമായ ജീവിതതത്വശാസ്ത്രം നമ്മുടെ ഈ ലോക ജീവിതത്തിൻെറ ലക്ഷ്യം ക്ഷണപ്രഭാചഞ്ചല മായ ലൗകികസുഖഭോഗങ്ങൾ ആസ്വദിക്കുകയല്ല, പ്രത്യുത, നമ്മെ തന്നെ പവിത്രീകരിച്ചു് സനാതന മായ ജീവിതത്തിലേയ്ക്കു് കളമൊരുക്കുകയും അവസാ നം ദൈവവുമായിട്ടുള്ള ഒരു നിത്യമായ ഐക്യത്തിൽ എത്തിച്ചേരുകയുമാണ്. മനുഷ്യൻ സ്വാഭാവികമായി തന്നെ ഒരു ആരാധകനാണ്. എന്നാൽ അവൻ ദൈ വത്തെ ആരാധിക്കുന്നില്ലെങ്കിൽ തീർച്ചയായും ഏതെ ങ്കിലും ഒരു സൃഷ്ടിയെ ആരാധിക്കാതിരിക്കുകയില്ല. ഇപ്രകാരം ആധുനികമനുഷ്യൻ ദൈവത്തെയും ധാർ മ്മികമൂല്യങ്ങളെയും തൃണവൽഗണിച്ചുകൊണ്ടു് അവ ൻെറ ശ്രീകോവിലിൽ മൂന്നു ദേവന്മാരെയാണ് പ്രതി

ഷ്ടിച്ചിരിക്കുന്നതു്. അവ ദ്രവ്യപൂജ, ശരീരപൂജ, അധികാരപൂജ എന്നിവയാണു്. (1)

ആധുനിക ലോകത്തിൻെറ ഈ മൂന്നു വിധമായ ആരാധനയ്ക്കും പരിഹാരമർപ്പിക്കുകയാണു് സന്യാസജീവിതം വഴി. ദ്രവ്യപൂജയ്ക്കു പരിഹാരമായി ദാരിദ്ര്യവ്രതവും, ശരീരപൂജയ്ക്കു പരിഹാരമായി വിരക്തവ്രതവും, അധികാരപൂജയ്ക്കു പരിഹാരമായി അനുസരണവും നാം ദൈവത്തിനർപ്പിക്കുന്നു. ധനികനായ ഒരു യുവാവു് മിശിഹായെ സമീപിച്ചുകൊണ്ടു് ഗുരോ നിത്യായുസ്സു പ്രാപിക്കുവാൻ ഞാൻ എന്തു ചെയ്യണം എന്നു ചോദിച്ചു. അപ്പോൾ ക്രിസ്തുനാഥൻ അവനോടു് അരുളിച്ചെയ്തു: "നിത്യായുസ്സു പ്രാപിക്കുവാൻ നീ മനസ്സാകുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക. ആ യുവാവു് സ്വയം നീതീകരിച്ചുകൊണ്ടു് "ഞാൻ ചെറുപ്പം മുതൽ പ്രമാണങ്ങൾ അനുസരിക്കുന്നുണ്ടു്. ഇനി എനിക്കു് എന്താണു് കുറവു്" എന്നു ചോദിച്ചു. അവനെ സ്നേഹപൂർവ്വം നോക്കിയിട്ടു് അവിടുന്നു് അരുളിച്ചെയ്തു. പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ നിനക്കുള്ളതെല്ലാം വിററു ദരിദ്രക്കു കൊടുത്തിട്ടു് നിൻെറ കുരിശുമെടുത്തു് എൻെറ പിന്നാലെ വരിക. നിനക്കു് സ്വർഗ്ഗത്തിൽ നിക്ഷേപമുണ്ടാകും (മത്തായി 19. വി. ലൂക്കാ: 12). പുണ്യ പരിപൂർണ്ണതയ്ക്കു് ദ്രവ്യപരിത്യാഗം ഒരു വ്യവസ്ഥയായി ക്രിസ്തുനാഥൻ പ്രഖ്യാപിച്ചിരിക്കുന്നു.

---

(1) Rev. Fr· Jean Mouroux, The Meaning of Man, P. 2

സന്യാസജീവിതത്തിൻെറ ദൈവശാസ്ത്രപരമായ അടിസ്ഥാനം മിശിഹായുടെ ജീവിതവും അവിടുത്തെ പ്രബോധനങ്ങളുമാണ്. ആദിമക്രൈസ്തവരുടെ ജീവിതവും സന്യാസ ജീവിതത്തിൻെറ അടിസ്ഥാനമാണ്. ക്രിസ്തുവിനോടുകൂടി അവിടുത്തെ രക്ഷണീയ കർമ്മത്തിൽ സഹകരിക്കുക എന്നതു് സന്യാസത്തിൻെറ ലക്ഷ്യമത്രെ.

സന്യാസജീവിതം വഴി നാം ആദിമാതാപിതാക്കന്മാരുടെ സൗഭാഗ്യാവസ്ഥയിലേയ്ക്കു് അവരോധിതരായിത്തീരുകയാണ്. ആദിമാതാപിതാക്കന്മാർ ദൈവവരപ്രസാദത്തിൽ ജീവിച്ചിരുന്നപ്പോൾ അവരുടെ മനസ്സ് ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ വിധേയത്വത്തിൽ വർത്തിച്ചിരുന്നു. തൽഫലമായി അവർക്കു് വേറെ രണ്ടു വിധേയത്വങ്ങളും ലഭിച്ചു. ശരീരം ആത്മാവിൻെറ പരിപൂർണ്ണ നിയന്ത്രണത്തിൽ കഴിഞ്ഞു ശരീരത്തിൻെറയും ആത്മാവിൻെറയും കഴിവുകൾ സുബുദ്ധിക്കു് വിധേയമാവുകയും ചെയ്തു. പാപം ചെയ്യുന്നതിനു് മുമ്പ് ലൗകികവസ്തുക്കൾ സ്രഷ്ടാവിലേയ്ക്കുള്ള ചവിട്ടുപടിയായിരുന്നു. എന്നാൽ പാപം വഴി മനുഷ്യൻ ദൈവതിരുമനസ്സിനോടുള്ള വിധേയത്വം നഷ്ടപ്പെടുത്തി. തൽഫലമായി ശരീരം ആത്മാവിനെതിരായി സ്വരമുയർത്തി. ആത്മാവിൻെറയും ശരീരത്തിൻെറയും കഴിവുകൾ സുബുദ്ധിയെ മറികടക്കുവാൻ തുടങ്ങി. ലൗകിക വസ്തുക്കൾ മനുഷ്യനെ സ്രഷ്ടാവിൽ നിന്നകററി.

സന്യാസാനുസരണവ്രതം വഴി മനുഷ്യൻ വീണ്ടും ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ വിധേയത്വം പുനഃപ്രാപിക്കുന്നു. വിരക്തി വഴി ശരീരത്തെ

ആത്മാവിന്റെ നിയന്ത്രണത്തിലാക്കുകയാണ്. സന്യാസദാരിദ്ര്യം വഴി ലൗകികവസ്തുക്കളെ സ്രഷ്ടാവിനെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗമായി വിനിയോഗിക്കുകയത്രെ ചെയ്യുന്നത്.

വത്തിക്കാൻ സൂനഹദോസ് സഭയെക്കുറിച്ചുള്ള ഡിക്രിയിൽ സഭയിൽ എല്ലാവരും വിശുദ്ധിയിലേയ്ക്ക് ക്ഷണിക്കപ്പെട്ടവരാണെന്ന് പ്രഖ്യാപിച്ചു. എന്നാൽ പിന്നെ സന്യാസജീവിതത്തിന്റെ ആവശ്യമെന്താണെന്ന് ഒരു പ്രശ്നമുദിക്കുന്നു. ഓരോരുത്തരുടെയും വിശുദ്ധിയുടെ മാർഗ്ഗം വിഭിന്നമാണ്. അവരവരുടെ ജീവിതാന്തസ്സിന്റെ കടമകൾ യഥാവിധി നിർവഹിച്ചുകൊണ്ടാണ് നാം വിശുദ്ധി പ്രാപിക്കേണ്ടത്. മാമ്മോദീസാ സ്വീകരിച്ച ക്രിസ്ത്യാനി സത്താപരമായി വിശുദ്ധനാണ്. ആ വിശുദ്ധി അനുദിനജീവിതത്തെയാശ്രയിച്ച് ജാജ്ജ്വല്യമാനമാവുകയോ മങ്ങുകയോ ചെയ്യുന്നു. സന്യാസജീവിതം ജ്ഞാനസ്നാനവ്രതങ്ങളുടെ യഥാർത്ഥത്തിലുള്ള പ്രാവർത്തികമാക്കലും പൂർത്തീകരണവുമാണ്. ക്രിസ്തീയജീവിതത്തിന്റെ അന്തസ്സത്ത ഉത്തരവാദിത്വവും ദൈവികാഹ്വാനത്തിനുള്ള പ്രത്യുത്തരവുമാണ് (Response and Responsibility). സന്യാസജീവിതം കൂടാതെ സഭയുടെ ദൈവാഹ്വാനത്തിനുള്ള പ്രത്യുത്തരം പരിപൂർണ്ണമല്ല. "സന്യാസജീവിതം സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന അസ്തിത്വപരമായ ദാനമാണ് (Exsistential gift). പരിശുദ്ധാത്മാവിന്റെ ചലനാത്മകമായ പ്രവർത്തനത്തിന്റെ ഫലവുമാണ്. സഭ ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ തുടർച്ചയാണ്. ദൈവം അവിടുത്തെ തിരുസുതന്റെ ജനനം കന്യാത്വം, ദാരിദ്ര്യം, അനുസരണം മുതലായ ദാനങ്ങളാൽ ധന്യമാക്കിയെങ്കിൽ

അവിടത്തെ സഭയേയും അതേ ദാനങ്ങളാൽ ധന്യമാക്കുന്നതാണു് (3). അതിനാൽ സഭയിൽ എന്നും സന്യാസജീവിതം ഉണ്ടായിരിക്കണം.

സന്യാസജീവിതം ഒരു പ്രത്യേക ദിവ്യദാനമാണു് (Charism). അതു് ഒരു ക്ലുദാശയല്ലെങ്കിലും കൗദാശികമാണു്. നാം ദൈവത്തിന്റെ ജീവിതത്തിൽ പ്രവേശിക്കുകയല്ല പ്രത്യുത ദൈവം തന്നെ നമ്മുടെ ജീവിതത്തിൽ പ്രവേശിക്കുകയാണു്. അതിനാൽ പ്രത്യേക ദാനം ലഭിക്കാത്തവർക്കു് ഈ ജീവിതം നയിക്കുക സാദ്ധ്യമല്ല. സന്യാസം ദൈവത്തിലും, ക്രിസ്തുവിലും സഭയിലും ആരാധനക്രമത്തിലും കേന്ദ്രീകൃതമായ ഒരു ജീവിതമാണു്. നമ്മുടെ അസ്തിത്വം മുഴുവൻ ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കണമെന്നുള്ള ഒരു വേദശാസ്ത്രപരമായ മനോഭാവമാണു്. പാരത്രിക ജീവിതത്തിന്റെ നാന്ദിയാണു്. അഥവാ സ്വർഗ്ഗരാജ്യം ഇപ്പോഴും തന്നെ ഇവിടെ സമാഗതമായിരിക്കുന്നു എന്നതിന്റെ ഒരു പ്രഖ്യാപനമാണു് എന്നാണു്. സന്യാസജീവിതത്തെ (4) വത്തിക്കാൻ സൂനഹദോസ് നിർവചിച്ചിരിക്കുന്നതു്.

ദൈവസേവനത്തിനും പരസേ്വനത്തിനുമായിട്ടു

---

(3) Open to the Spirit, Religious life after II Vatican, by Ladislaus M. Orsy, Geoffrey Chapman, London 1969 P. 66

(4) പ്രമാണരേഖകൾ—സന്യാസ നവീകരണം

ള്ള പരിപൂർണ്ണമായ ആത്മശരീരസമർപ്പണമാണ് സ ന്യാസം എന്ന് വി. തോമസ് അകചിനാസ് അഭി പ്രായപ്പെട്ടിരിക്കുന്നു.

സന്യാസികളുടെ ഏററവും വലിയ നിയമം സു വിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയാണെ ന്ന് വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചിട്ടുണ്ട ല്ലോ. അനുസരണം, വിരക്തി, ദാരിദ്ര്യം എന്നീ സു വിശേഷസൽബുദ്ധികഠ ക്രിസ്തുനാഥനിൽ എപ്ര കാരം പ്രശോഭിച്ചിരുന്നുവോ അതു് നമ്മിലേക്കു പ കത്തണം. അങ്ങനെയാണ് ക്രിസ്തുവിനെ അനുകരി ക്കുക. ഒരിക്കൽ ഒരു യുവതി സന്യാസിനീ സഭാ പ്രവേശനത്തിനായി ഒരു മഠാധിപയെ സമീപിച്ചു. അവർ ഒരു സമ്പന്ന കുടുംബാംഗമായിരുന്നു. തന്നി മിത്തം മദർ അവളുടെ സന്യാസസഭാപ്രവേശനത്തെ നിരുത്സാഹപ്പെടുത്തി. സന്യാസത്തിൽ അവഠക്കു് വീ ട്ടിൽ ലഭിക്കുന്നതുപോലുള്ള ജീവിതസൗകര്യങ്ങഠ യാ തൊന്നും ലഭിക്കുകയില്ല. ഭക്ഷണസാധനങ്ങഠ സാ ധാരണ രീതിയിലുള്ളതാണ്. അതു് ഇഷ്ടമുള്ളപ്പോ ഴൊക്കെ ലഭിക്കുകയില്ല. നിശ്ചിത സമയങ്ങളിൽ മാത്രമേ ഭക്ഷിക്കുകയുള്ളു. ശയ്യകഠ പരുപരുത്തതും സാധാരണവുമാണ്. എന്തു പറഞ്ഞാലും അനുസരിക്ക ണം. ഇപ്രകാരം സന്യാസത്തിൻെറ പരുപരുത്ത വ ശങ്ങളെല്ലാം പറഞ്ഞു് അവളെ അതിൽനിന്നും പ്രതി നിവർത്തിപ്പിക്കുന്നതിനു പരിശ്രമിച്ചു.

അവസാനം ആ യുവതി പ്രത്യാശാപൂർവ്വം ചോദി ക്കുകയാണ്, അമ്മേ, ഇവിടെ വേറെ യാതൊന്നുമി ല്ലേ? ഇവിടെ വേറെ യാതൊന്നുമില്ല എന്നായിരുന്നു

ബ. മദറിൻെറ മറുപടി. അനന്തരം യുവതി വീണ്ടും ചോദിച്ചു: അമ്മേ, ഇവിടെ ക്രൂശിതരൂപമില്ലേ?

ഉണ്ടു് എന്നു മഠാധിപ പറഞ്ഞപ്പോഠം ആ യുവതി പറയുകയാണു് "എനിക്കതുമാത്രം മതി." സന്യാസജീവിതം വ്രതത്രയംവഴി ക്രിസ്തുവിനോടുകൂടി നമ്മെ ക്രൂശിക്കുകയാണു്. അതു ക്രൂശിതനായ ക്രിസ്തുവുമായുള്ള ഏകീഭാവമാണു്. പുണ്യ പരിപൂർണ്ണതയ്ക്കായിട്ടുള്ള ഒരു പ്രത്യേകാഹ്വാനമാണു സന്യാസം. സ്നേഹത്തിലേയ്ക്കുള്ള ക്ഷണവും. സന്യാസത്തിനു ദൈവശാസ്ത്രപരവും, മാനുഷികവും, സാമൂഹികവുമായ ഘടകങ്ങളുണ്ടു്. സന്യാസം രണ്ടാമത്തെ മാമ്മോദീസായാണു് എന്നു വി. തോമസ് അക്വിനാസും മററു പല വിശുദ്ധരും അഭിപ്രായപ്പെടുന്നു. അതു രക്തരഹിതവും നിരന്തരവുമായ ഒരു വേദസാക്ഷിത്വമാണു്.

വി. ബർണാർദ്ദു് ഏററവും മനോഹരമായ വിധത്തിൽ സന്യാസത്തെ വർണ്ണിക്കുന്നുണ്ടു്. ഇതാണു വിശുദ്ധവും വിമലവുമായ സന്യാസം. മനുഷ്യർ കൂടുതൽ വിശുദ്ധരായി ജീവിക്കുന്നു. വളരെ വിരളമായി പാപം ചെയ്യുന്നു. പാപം ചെയ്താൽ വളരെ വേഗം അവിടെനിന്നു എഴുനേല്ക്കുന്നു എന്നെല്ലാം. ദൈവമേ അങ്ങു വിവേകപൂർവ്വം സന്യാസത്തിൻെറ മാധുര്യം മനുഷ്യരിൽനിന്നു മറച്ചുവച്ചിരിക്കുന്നു. സന്യാസജീവിതത്തിൻെറ മനോഹാരിത എല്ലാവരും മനസ്സിലാക്കിയിരുന്നെങ്കിൽ ലോകജീവിതത്തിനു് ആരും ഉണ്ടായിരിക്കുകയില്ലായിരുന്നുവെന്നാണു വി. ലോറൻസ് ജസ്റ്റീനിയൻ പറഞ്ഞിട്ടുള്ളതു്. സന്യാസവ്രതങ്ങഠം വിശ്വാസ ശരണം ഉപവി എന്നീ ദൈവിക പുണ്യങ്ങളുടെ അനുഷ്ഠാനത്തിൽ പുരോഗമിക്കുന്നതിനും ക്രിസ്തുവിനോടു് സാരൂപ്യം

പ്രാപിച്ച് സഭാസേവനം നിർവഹിക്കുന്നതിനും വിശുദ്ധി പ്രാപിക്കുന്നതിനും സഹായകമാണ്. വി. ഫ്രാൻസിസ് അസീസിയെ രണ്ടാമത്തെ ക്രിസ്തു എന്നു പ. പിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ അഭിസംബോധനം ചെയ്തിട്ടുണ്ട്. ക്രിസ്തുമതത്തിലെ ഏററവും ആകർഷണീയനായ വ്യക്തി വി. ഫ്രാൻസിസ് അസീസിയാണെന്നു പണ്ഡിററ് ജവഹരിലാൽ നെഹ്റു രേഖപ്പെടുത്തിയിരിക്കുന്നു (Glimpses of World History).

ഫ്രാൻസിലെ അൽഫോൻസ് രാജാവിൻെറ പുത്രി ഒരു കർമ്മലീത്താ സന്യാസിനി ഉണ്ടായിരുന്നു. അവരെക്കാണുന്നതിനായി ആസ്ട്രിയായിലെ ജോസഫ് രണ്ടാമൻ ചക്രവർത്തി ചെന്നു. കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞപ്പോൾ ചക്രവർത്തി ആ സന്യാസിനീസഹോദരിയോട് "ഈ മഠത്തിൽ ജീവിക്കുന്നതിലും ഞാൻ ഇഷ്ടപ്പെടുന്നതു ത്തുക്കിലിടപ്പെട്ടു മരിക്കുന്നതാണ്." തത്സമയം ആ സന്യാസിനി ഇപ്രകാരം പ്രതിവചിച്ചു: "ഒരു രാജകുമാരി അവളുടെ കൊട്ടാരത്തിൽ അനുഭവിക്കുന്നതിലും വലിയ സൗഭാഗ്യമാണ് ഞാൻ ഇവിടെ അനുഭവിക്കുന്നതു്." സന്യാസജീവിതം വ്രതത്രയങ്ങളിലൂടെ ക്രിസ്തുവുമായിട്ടുള്ള അഭിമുഖീകരണമാണ്. അതു മിശിഹായുടെ പെസഹാരഹസ്യത്തിലുള്ള ഭാഗഭാഗിത്വവുമാണ്. പുണ്യ പരിപൂർണ്ണതയ്ക്കായി പരിശ്രമിക്കുന്നവർക്കു സന്യാസം ഒരു ഭൗമ്യ പറുദീസയാണ്. എന്നാൽ അതു വിസ്മരിച്ചാൽ സന്യാസം ഒരു നരകവുമായിരിക്കും.

## അദ്ധ്യായം ഇരുപത്തിനാലു്

# ദൂരദർശിനി

## (ജ്ഞാനമാർഗ്ഗം)

ക്രിസ്തുമതം അവിശ്വാസികരം കരുതുന്നതുപോലെ നിരോധനങ്ങളുടെ ഒരു പട്ടികയല്ല, പ്രത്യുത, അതു ജീവിതമാണു്, സ്നേഹമാണു്, സന്തോഷമാണു്, സൗഭാഗ്യമാണു് എന്നു പാവനചരിതനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ ഒരിക്കൽ അവിടുത്തെ സന്ദർശിച്ച ഒരു തീർത്ഥകസംഘത്തോടു് അരുളിച്ചെയ്യുകയുണ്ടായി. നമ്മിൽ പലരും ക്രിസ്തുമതത്തെ അപ്രകാരമാണു മനസ്സിലാക്കിയിരിക്കുന്നതു്. എന്നാൽ കത്തോലിക്കാസഭ എന്താണെന്നു ശരിയായി മനസ്സിലാക്കി അതനുസരിച്ചു ജീവിച്ചാൽ ഓരോ കത്തോലിക്കനും പ. പിതാവിൻെറ വാക്കുകരം അനുഭവവേദ്യമായിത്തീരും. കത്തോലിക്കാ തിരുസഭ എന്നും നവീനമായ ഒരു ജീവിത വീക്ഷണത്തിനു കാഹളം മുഴക്കുന്നവളാണു് (1) എന്നും പ. പിതാവു പ്രഖ്യാപിക്കുന്നു. ക്രിസ്തീയമായ ജിവിതവീക്ഷണം നിത്യനൂതനവും ചലനാത്മകവും വിപ്ലവാത്മകവുമാണു്.

ഒരിക്കൽ മിശിഹായെ സമീപിച്ചുകൊണ്ടു് ഒരു നിയമജ്ഞൻ ചോദിച്ചു: ''ഗുരോ പ്രമാണത്തിൽവച്ചു

---

(1) Pope John, Mater et magistra.

ഏറ്റവും വലിയ കല്പന ഏതാണ്? എന്ന്. ഈശോ അയാളോട് അരുളിച്ചെയ്തു: നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പരിപൂർണ്ണ ശക്തിയോടുംകൂടി സ്നേഹിക്കുക. ഇതിനു സദൃശമായ രണ്ടാമത്തെ കല്പന നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക. ഇതിൽ സകല നിയമവും പ്രവാചകന്മാരും അടങ്ങിയിട്ടുണ്ട്. ക്രിസ്തുമതത്തിൽ രണ്ടു സഖിത്വമുണ്ട്. ദൈവത്തോടുള്ള സ്നേഹം (Fellowship with God), സഹോദരരോടുള്ള സഖിത്വം (Fellowship with man). ഇതിനു രണ്ടിനും തുല്യമായ സ്ഥാനമാണു ക്രിസ്തുനാഥൻ നൽകിയിരിക്കുന്നതു്. ക്രിസ്തുമതം സ്നേഹത്തിൻെറ മതമാണ്. അതിനാൽ അതു ചലനാത്മകമായിരിക്കണം. സഭയുടെ ഹൃദയത്തിൽ അസ്വസ്ഥത ഉളവാകുന്നതു സ്നേഹത്തിൻെറ അഭാവമുള്ളപ്പോഴാണ്.

ദൈവത്തെ സ്നേഹിക്കണമെങ്കിൽ ദൈവത്തെ അറിയണം. ദൈവത്തെ താത്വികമായി അറിയുന്നതിനുള്ള മാർഗ്ഗം അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ദൈവത്തെക്കുറിച്ചു പ്രകൃത്യതീതമായ വിധത്തിലുള്ള അറിവു ലഭിക്കുന്നതിന് ഏറ്റവും പ്രധാനമായ വേറൊരു മാർഗ്ഗമുണ്ട്. മാംസചക്ഷുസ്സുകൾക്കതീതനായ ദൈവത്തെ ഒരു ദൂരദർശിനിയിലെന്നതുപോലെ നമുക്കു കാണിച്ചുതരുന്ന അനർഘമായ ഒരു ദാനമാണു വിശ്വാസം. വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടുവാനോ സാദ്ധ്യമല്ലാത്ത അനന്തജ്ഞാനിയായ ദൈവം വെളിപ്പെടുത്തിയതു നിമിത്തം ദൈവത്തെക്കുറിച്ചും മനുഷ്യപരിത്രാണകർമ്മത്തെ സംബന്ധിക്കുന്ന രഹസ്യങ്ങൾ

വരപ്രസാദസഹായത്താൽ ബുദ്ധി അംഗീകരിക്കുന്ന ഒരു പ്രവൎത്തനമാണ് വിശ്വാസം. എന്നാൽ ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതമനുസരിച്ച് അംഗീകാരം മാത്രം മതിയാവുകയില്ല. അതു് ഒരു പരിപൂൎണ്ണമായ അർപ്പണവുംകൂടിയാണ് (A total Committment and self surrender). തൽഫലമായി ദൈവം അവിടുത്തെക്കുറിച്ച് അറിയുന്ന അറിവിൽ വിശ്വാസം വഴി നാമും പങ്കു ചേരുന്നു. നമ്മുടെ ബുദ്ധിയ്ക്കു് നവ്യമായ പ്രകാശവും ജ്ഞാനവും ലഭിക്കുന്നുണ്ട്.

വിശ്വാസം ദൈവവുമായിട്ടുള്ള ഒരഭിമുഖീകരണമാണ് (Encounter). (2) നമ്മുടെ അസ്തിത്വം മുഴുവൻ ദൈവത്തിൽ കേന്ദ്രീകൃതമായിരിക്കണമെന്ന് വിശ്വാസം നമ്മെ പഠിപ്പിക്കുന്നു. അതു് പ്രപഞ്ചത്തിനു യഥാർത്ഥമായ അൎത്ഥം നൽകുന്നതാണ്. ഒരു നാസ്തികൻ ഈ പ്രപഞ്ചത്തെ ദർശിക്കുന്നതുപോലെയല്ല ഒരു വിശ്വാസി, വിശിഷ്യാ, ഒരു കത്തോലിക്കൻ ഈ പ്രപഞ്ചത്തെ കാണുക. വിശ്വാസത്തിൻെറ പ്രകാശം അവനു ലഭിക്കുന്നു. വിശ്വാസം ലോകത്തിലെ പല അപകടങ്ങളിൽനിന്നും രക്ഷിക്കുന്നു. അതു ദൈവത്തിൻെറ ഒരു ദാനമാണ്.

ക്രിസ്തുനാഥൻ ശതാധിപൻെറ വിശ്വാസത്തെ പ്രകീൎത്തിക്കുന്നു (വി. മത്തായി 8. 6–12). താബോർ മലയിൽ രൂപാന്തരം പ്രാപിച്ചശേഷം ഈശോയും അപ്പസ്തോലന്മാരുംകൂടി ഇറങ്ങി വരുമ്പോൾ ഒരു സംഘമാളുകൾ അവിടത്തെ ശിഷ്യരുടെ അടുത്തുനിന്നു തർക്കിക്കുന്നതു് കണ്ടിട്ട് ക്രിസ്തുനാഥൻ അവരോടു ചോദിച്ചു: നിങ്ങൾ എന്താണ് അവരുമായി തർക്കിക്കുന്നതു് എന്ന്. ജനസഞ്ചയത്തിൽനിന്നു് ഒരുവൻ മിശിഹാ

യോട്ട ഇപ്രകാരം പറഞ്ഞു: ഗുരോ, ചന്ദ്രരോഗബാധിതനായ എൻെറ പുത്രനെ നിൻെറ ശിഷ്യരുടെ അട്ടക്കൽ ഞാൻ കൊണ്ടുവന്നു. എന്നാൽ അവർക്കു് അവനെ സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല.

ഈശോ അവരോട്ട അരുളിച്ചെയ്തു: ഓ, വിശ്വാസരഹിതമായ തലമുറയേ ഞാൻ എത്രനാൾ നിങ്ങളോട്ടു് ക്ഷമിക്കും ? തുടർന്നു് അവിടുന്നു് ബാലനെ സുഖപ്പെടുത്തി. പിന്നീട്ട ശിഷ്യർ മിശിഹായുടെ പക്കൽ ചെന്നു് അവിട്ടത്തോടു് ഞങ്ങൾക്കു് എന്തുകൊണ്ടു് അവനെ സുഖപ്പെടുത്തുവാൻ കഴിഞ്ഞില്ല എന്നു ചോദിച്ചു. ഈശോ അവരോട്ടു് അരുളിച്ചെയ്തു: "നിങ്ങളുടെ വിശ്വാസക്കുറവു കൊണ്ടുതന്നെ. നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടായിരുന്നെങ്കിൽ ഈ മലയോട്ട മാറുവാൻ പറഞ്ഞാൽ അതു മാറും." ക്രിസ്തുനാഥൻ വിശ്വാസത്തെ കടുകുമണിപോലെ എന്നു പറഞ്ഞിരിക്കുന്നതിൻെറ കാരണം വലിപ്പത്തിലല്ല, പ്രത്യുത ജീവിതത്തിന് തീക്ഷ്ണതയും ആസ്വാദ്യതയും നല്കുന്ന വിധത്തിലുള്ള വിശ്വാസമാണു്. മുൻ ഇൻഡോനേഷ്യൻ പ്രസിഡൻറായിരുന്ന ഡോ. സുക്കാർണോ അവിടുത്തെ കത്തോലിക്കരോടു് പ്രസ്താവിക്കുകയുണ്ടായി "നിങ്ങളുടെ വിശ്വാസം അജയ്യമായിരിക്കണം. പന്ത്രണ്ടു് ശിഷ്യന്മാർ ഈ ലോകത്തിൽ വിപ്ലവാത്മകമായ പരിവർത്തനമുളവാക്കി. അതുപോലെ കത്തോലിക്കർ ന്യൂനപക്ഷമാണെങ്കിലും വിശ്വാസപൂർണ്ണമായ ജീവിതം നയിച്ചാൽ വിപ്ലവാത്മകമായ പരിവർത്തനമുളവാക്കുവാൻ സാധിക്കും".

വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്കുള്ള ലേഖനത്തിലും എബ്രായർക്കുള്ള ലേഖനത്തിലും

പൂർവ്വ പിതാക്കന്മാരുടെ വിശ്വാസത്തെ പ്രകീർത്തിച്ചു കൊണ്ടു് ക്രിസ്തീയജീവിതത്തിൻെറ അടിസ്ഥാനം വിശ്വാസമാണെന്നു് ഉൽബോധിപ്പിക്കുന്നു് (റോമ. 4 എബ്രാ. 11). ത്രെന്തോസ്സ് സൂനഹദോസും വിശ്വാസമാണു് ക്രിസ്തീയജീവിതത്തിൻെറ അടിസ്ഥാനമെന്നു പ്രഖ്യാപിച്ചു. വിശ്വാസം പ്രവർത്തനനിരതമായിരിക്കണം. പ്രവർത്തനരഹിതമായ വിശ്വാസം മൃതപ്രായമാണെന്നു വി. യാക്കോബു് ശ്ലീഹായും അനുസ്മരിപ്പിക്കുന്നു. വിശ്വാസം സജീവമായിരിക്കണം. വിശ്വാസവും ജീവിതവും തമ്മിൽ പൊരുത്തപ്പെടേണ്ടതാവശ്യമാണു്. അനുദിനജീവിതത്തിലെ ഇരുപത്തിനാലു മണിക്കൂറും എല്ലാ രംഗങ്ങളിലും വിശ്വാസപരമായ ജീവിതം നയിക്കണം. ഞായറാഴ്ച ക്രിസ്ത്യാനികളായിരുന്നാൽ മതിയാവുകയില്ല. കത്തോലിക്കാ ചൈതന്യം ക്ഷയോന്മുഖമാകുമ്പോഴാ അതു് ആരാധനാപരമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങിനില്ക്കും. എന്നാൽ അതു ശക്തി പ്രാപിക്കുമ്പോഴാ അനുദിനജീവിതത്തിലെ ഓരോ പ്രവർത്തനത്തിലും ഏററവും ലൗകികമായവയിൽപ്പോലും സ്വാധീനശക്തി ചെലുത്തും (3) എന്നു കർദ്ദിനാഠ സുഹാർഡ് അദ്ദേഹത്തിൻെറ ഒരു ഇടയലേഖനത്തിൽ പ്രസ്താവിക്കുന്നു. വിശ്വാസസംരക്ഷണത്തിനായിവളരെ ത്യാഗം അനുഭവിക്കേണ്ടതായിവന്നേക്കാം. കമ്യൂണിസ്റ്റ്ചൈനയിലെ ഭരണമേധാവികഠ അവിടത്തെ കത്തോലിക്കർ സാമ്രാജ്യശക്തികഠക്കു ചാരവൃത്തിനടത്തി എന്നെല്ലാമുള്ള കുററം ആരോപിച്ചു് അവരെ കാരാഗൃഹത്തിലടക്കുകയുണ്ടായി. വിശ്വാ

---

(3) Cardinal Suhard, Pastoral, Growth and Decline.

സം പരിത്യജിക്കുന്നതിനുവേണ്ടി നിരന്തരം മർദ്ദിച്ചു. എങ്കിലും അവർ വിശ്വാസം പരിത്യജിച്ചില്ല. അവസാനം പരാജിതനായ കമ്യൂണിസ്റ്റ് കമ്മിസാർ കാരാഗൃഹത്തിൽ കിടക്കുന്ന ഒരു കത്തോലിക്കന്റെ ഭവനത്തിൽ ചെന്നു അയാളുടെ ഭാര്യയോടു ഇപ്രകാരം പറഞ്ഞു: നിങ്ങളുടെ ഭർത്താവ് വിശ്വാസം പരിത്യജിച്ചു. താമസിയാതെ അയാൾ ഇങ്ങോട്ടു് തിരിച്ചു വരും. അപ്പോൾ നീങ്ങൾക്കു ഒരുമിച്ചു സൗഭാഗ്യപൂർണ്ണമായ ഒരു ജീവിതം നയിക്കുവാൻ സാധിക്കും.

ഉടനെ ആ സ്ത്രീ സുധീരം ആ കമ്യൂണിസ്റ്റുകാരനോട് പ്രതിവചിച്ചു: "എന്റെ ഭർത്താവ് അയാളുടെ വിശ്വാസം പരിത്യജിച്ചിട്ടു് എന്നോടുകൂടി വസിക്കുവാൻ ഇങ്ങോട്ടു വന്നാൽ അയാൾ ചെയ്ത പാപത്തിനു പരിഹാരമർപ്പിക്കുവാൻ ഞാൻ തന്നെ അയാൾ കിടന്ന കാരാഗൃഹത്തിലേയ്ക്കു് പോകും (4). എത്ര വീരോചിതമായ വിശ്വാസമാണ്? ഏതു പ്രതിസന്ധിഘട്ടങ്ങളേയും നേരിടുന്നതിനു് ശക്തമാണു് അത്തരം വിശ്വാസം. റോമൻസമ്രാട്ടുകൾ മുതൽ ഇന്നത്തെ കമ്യൂണിസ്റ്റ് സ്വേഛാധിപതികൾ വരെ എല്ലാവരും ക്രിസ്തീയ വിശ്വാസം തച്ചുടയ്ക്കുവാൻ പരിശ്രമിച്ചിട്ടുണ്ടു്. എന്നാൽ അവർ എല്ലാവരും പരാജയം ഏററു പറയുന്നതിനു് നിർബന്ധിതരായി. 1971 ഏപ്രിൽ മാസത്തിൽ റഷ്യയിൽ നടന്ന കമ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സും റഷ്യയിൽ മതവിശ്വാസത്തോടു ചെയ്ത സമരം പരാജയപ്പെട്ടതായി സമ്മതിക്കുന്നു (5). ടെർ

---

(4) Rev. Fr. Heyerman, Alone with God Vol. II P. 198

(5) Indian Express, 10th April 1971

ത്തുലൃൻ എന്നതാത്വികൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ വേദസാക്ഷികളുടെ രക്തമാണു് ക്രിസ്തീയ സഭയുടെ വിത്തു്. രക്തത്താൽ സേചനം ചെയ്യപ്പെട്ടതാണു് വിശ്വാസതരു. അതിനാൽ ഇന്നു കമ്യൂണിസ്റ്റു് രാജ്യങ്ങളിൽ രക്തസാക്ഷികളെ സൃഷ്ടിക്കാതെ മർദ്ദനം നടത്തുവാനാണു് പരിശ്രമം. എന്നിരുന്നാലും ഇന്നും കമ്യൂണിസ്റ്റു് രാജ്യങ്ങളിൽ വിശ്വാസം പരിരക്ഷിക്കുന്നതിനുവേണ്ടി ജീവൻ ഹോമിക്കുന്നവരെയും നിരന്തരം യാതന അനുഭവിക്കുന്നവരെയും നാം കാണുന്നുണ്ടു്. ഇന്നത്തെ നാസ്തികമായ ലോകത്തെ നേരിടുന്നതിനു് വിശ്വാസചൈതന്യത്തോടുകൂടിയുള്ള ഒരു ജീവിതത്തിനു മാത്രമേ കഴികയുള്ളു.

പരേതനായ അമേരിക്കൻ പ്രസിഡൻറു് കെന്നഡി പ്രസിഡൻറു് സ്ഥാനത്തേക്കു് മത്സരിച്ച അവസരത്തിൽ അദ്ദേഹത്തോടു ചിലർ ചോദിച്ചു: ''ഒരു കത്തോലിക്കനായ താങ്കൾ പ്രസിഡൻറു് സ്ഥാനത്തേക്കു് മത്സരിച്ചു വിജയിക്കാമെന്നു കരുതുന്നുവോ?'' എന്നു്. അപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു ''ഞാൻ ഒരു കത്തോലിക്കനാണു്. ആ വ്യവസ്ഥയിൽ മാത്രം എനിക്കു വോട്ടു ചെയ്താൽ മതി.'' ഇന്നത്തെ കത്തോലിക്കർക്കു് അഭിമാനബോധത്തോടുകൂടി, തലയുയർത്തി പിടിച്ചുകൊണ്ടു് തൻെറ വിശ്വാസം പ്രഖ്യാപിക്കുവാനുള്ള ധൈര്യമുണ്ടോ? അതോ കത്തോലിക്കത്വം മറച്ചു വയ്ക്കുവാൻ വെമ്പൽ കൊള്ളുന്നുണ്ടോ?

ഇന്നു ചിലർക്കൊരു ധാരണയുണ്ടു് കുറച്ചു കമ്യൂണിസമോ, അഥവാ നാസ്തികവാദമോ പ്രസംഗിക്കുക അല്ലെങ്കിൽ വിശ്വാസത്തെ താറടിക്കുകമാത്രമേ പുരോഗമനമാ

വുകയുള്ളുഎന്നു്. ഇടതുപക്ഷചിന്താഗതിവേണംപോലും പുരോഗമനത്തിനു്. അന്ത്യപ്രാപ്തിക്കു സഹായിക്കുന്നതാണല്ലൊ പുരോഗമനം. അപ്പോാം മനുഷ്യജീവിതത്തിൻെറ അന്ത്യമെന്താണെന്നു മനസ്സിലാക്കി അതിനു് ഏററവും സഹായകമായ മാർഗ്ഗം സ്വീകരിക്കുകയാണു് പുരോഗമനം. പ്രകൃത്യതീതമായ എന്തും നിഷേധിക്കുന്ന അഥവാ ചോദ്യം ചെയ്യുന്ന പ്രവണത ശക്തിയാർജ്ജിച്ചു വരുന്നു. അതിൽ പോലും ലൗകികമായ പരിവേഷമണിയിച്ചേ അടങ്ങു. പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പാ 1968 ൽ ഒരു വിശ്വാസവത്സരം പ്രഖ്യാപിച്ചു. ഇന്നു് വിശ്വാസത്തകർച്ച എല്ലായിടത്തും ദൃശ്യമാണു്. 1971 ജനുവരി മാസത്തിൽ വത്തിക്കാൻ സൂനഹദോസിൻെറ അഞ്ചാം വാർഷികം പ്രമാണിച്ചു വിശ്വാസത്തിൻെറ മൗലിക തത്വങ്ങളെ സുധീരം പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ലോകത്തിലുള്ള എല്ലാ മെത്രാന്മാർക്കും മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു നിർദ്ദേശം നല്കുകയുണ്ടായി.

ഈശോ അന്ത്യഭോജനാവസരത്തിൽ ഇപ്രകാരം അരുളിച്ചെയ്തു: ''പിതാവേ, നീ മാത്രമാണു് സത്യദൈവമെന്നും, നീ അയച്ച ഈശോമിശിഹാ ആരാകുന്നു എന്നും അറിയുന്നതാകുന്നു നിത്യജീവൻ'' (വി. യോഹ. 17. 3). യഥാർത്ഥത്തിൽ വിശ്വാസം നമുക്കു ദൈവികജീവൻ നൽകി ദൈവത്തോടു നമ്മെ ഐക്യപ്പെടുത്തുന്നു. നമുക്കു ജ്ഞാനം വർദ്ധിക്കുംതോറും വിശ്വാസവും വർദ്ധിച്ചുവരേണ്ടതാണു്. ശാസ്ത്രവും വിശ്വാസവും തമ്മിൽ അടിസ്ഥാനപരമായി യാതൊരു

വൈരുദ്ധ്യവും ഉണ്ടാവുകയില്ല. കാരണം ദൈവമാണ രണ്ടിൻെറയും ഉറവിടം. വിശ്വവിശ്രുതശാസ്ത്രജ്ഞരായ ആബേ പിയർ, അലേക്സിസ് കാറൽ, ലൂയി പാസ്റ്റർ, മർക്കോണി മുതലായവർ ഏററവും വലിയ വിശ്വാസപരമായ ജീവിതമാണ് നയിച്ചിരുന്നത്. ദൈവത്തിൽനിന്ന ജനിച്ച ഏവനും ലോകത്തെ വിജയിച്ചിരിക്കുന്നു. ലോകത്തിന്മേലുള്ള ജയമോ ഇതാകുന്നു നമ്മുടെ വിശ്വാസം (1 യോഹ. 5. 4). എന്നിലും എൻെറ പിതാവിലും വിശ്വസിക്കുവിൻ, എന്തെന്നാൽ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു (വി. യോഹ. 17. 33).

വിശ്വാസം എന്ന ദാനം ജ്ഞാനസ്നാനത്തിൽ ലഭിക്കുന്നുണ്ട്. എന്നാൽ അതു് അനുദിനജീവിതത്തിൽ നാം പരിപോഷിപ്പിക്കണം. വിശ്വാസത്തിനെതിരായ പാപങ്ങളിൽ ഉൾപ്പെടാതെ ജീവിക്കണം. മനഃപൂർവ്വം പരിത്യജിക്കാത്തിടത്തോളം കാലം വിശ്വാസം തമ്മിൽ നിലനില്ക്കുന്നതാണ്. വിശ്വാസപൂർണ്ണമായ ജീവിതം നമ്മെ ദൈവികജീവിതത്തിൽ ഭാഗഭാക്കുകളാക്കുന്നു. ''ദൈവം ഉണ്ട് എന്നും അവൻ തന്നെ സേവിക്കുന്നവർക്ക് നിത്യസൗഭാഗ്യം നൽകുമെന്നുമുള്ള വിശ്വാസം നിത്യരക്ഷയ്ക്കാവശ്യമാണെന്നു'' വി. പൗലോസ്ശ്ലീഹാ പ്രസ്താവിക്കുന്നുണ്ടല്ലൊ. പദാർത്ഥാതീതലോകത്തിലുള്ളതെല്ലാം ഒരു ദൂരദർശിനിയിൽ എന്നതുപോലെ അപ്പോൾ നമുക്ക് കാണുവാൻ സാധിക്കും (വി. പൗലോ. 1 കോ. 13). പ്രകൃത്യതീതമായ എന്തിനെയും ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്യുന്നതു വിശ്വാസത്തിൻെറ അഭാവം നിമിത്തമാണ്. അമേരിക്കൻ പ്രസിഡൻറ്ജോൺസൻെറ പുത്രി ലൂസി കത്തോലിക്കാ സഭയെ സമാശ്ലേഷിച്ചശേഷം പറയുക

യുണ്ടായി ഇപ്പോഠം മാത്രമാണ് ഞാൻ യഥാത്ഥത്തിൽ ആത്മസമാധാനവും സൗഭാഗ്യവും കണ്ടെത്തിയതു് എന്നു്. വിശ്വാസമാണ് ജ്ഞാനമാഗ്ഗം. ഒരിക്കൽ ഡെയിട്രിക്കു് ബൊനോഫറും ഒരു നവ വൈദികനും തമ്മിൽ ഒരു സംഭാഷണം നടന്നു. ബൊനോഫർ നവവൈദികനോടു് ചോദിച്ചു: ''അങ്ങു് എന്തിനാണ് ഒരു വൈദികനായിരിക്കുന്നതു്?'' ഉടനെ നവവൈദികൻ മറുപടിയായി: ''ഞാൻ ഒരു വിശുദ്ധനാകുവാനാണ് വൈദികനായതു്'' എന്നു പറഞ്ഞു. നവവൈദികൻ ബൊനോഫറോടു് ചോദിച്ചു: ''താങ്കളുടെ ജീവിതത്തിൽ എന്താണ് ഉദ്ദേശം?'' ''എനിക്കു ഒരു വിശുദ്ധനാകണമെന്നുദ്ദേശമില്ല. പക്ഷേ വിശ്വാസപരമായ ഒരു ജീവിതം നയിക്കണമെന്നാഗ്രഹമുണ്ടു്.''

ഈ സംഭാഷണം കഴിഞ്ഞു് പന്ത്രണ്ടു കൊല്ലം കഴിഞ്ഞപ്പോഠം ബൊനോഫർ കാരാഗൃഹത്തിൽ കിടന്നുകൊണ്ടു് അദ്ദേഹവും നവവൈദികനുമായിട്ടുള്ള സംഭാഷണം അനുസ്മരിച്ചുകൊണ്ടു വീണ്ടും എഴുതുന്നു: ''എൻെറ അപ്പോഴത്തെ വീക്ഷണത്തിലുള്ള പ്രമാദം ഇപ്പോഴാണു ബോദ്ധ്യമാകുന്നതു്. നല്ല വിശ്വാസം ഉണ്ടായിട്ടു വിശ്വാസപരമായ ജീവിതം നയിക്കാമെന്നു വിചാരിച്ചാൽ സാദ്ധ്യമല്ല. അനുദിനജീവിതം വിശുദ്ധമായി നയിച്ചുകൊണ്ടാണ് വിശ്വാസത്തിൽ വളരേണ്ടതു്.''
(Life of Spirit by Thomas Sartoy)·

## അദ്ധ്യായം ഇരുപത്തിഅഞ്ച്

# ശരണം

നിത്യരക്ഷയും അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളും സർവ്വ നന്മനികേതനവും കരുണാവാരിധിയുമായ ദൈവത്തിൽ നിന്നു ലഭിക്കുമെന്നുള്ള പ്രത്യാശയാണ് ശരണം. ക്രിസ്തീയമായ മനോഭാവത്തിൻെറ സാരസംഗ്രഹം ദൈവത്തിലുള്ള അചഞ്ചലമായ ശരണവും നമ്മുടെ മേൽ തന്നെയുള്ള സൂക്ഷ്മവുമാണ് (1). ദൈവം എല്ലാം നടത്തിക്കൊള്ളും എന്നു വിചാരിച്ച് നാം കൈയ്യും കെട്ടി ഇരുന്നാൽ മതിയാവുകയില്ല. ദൈവത്തെക്കൂടാതെ നമുക്ക് എല്ലാം സാദ്ധ്യമാണ് എന്നുള്ള ചിന്തയും തെററാണ്. കർത്താവിൽ ശരണപ്പെടുന്നവർ ഒരു നാളും ലജ്ജിക്കുകയില്ല എന്നു സങ്കീർത്തകനും പ്രസ്താവിക്കുന്നു. ബലഹീനതയിൽ ശക്തി പൂർത്തീകരിക്കപ്പെടുന്നു. എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കെല്ലാം സാദ്ധ്യമാണ് എന്ന് അപ്പസ്തോലപ്രവരനും പറഞ്ഞിട്ടുണ്ട്.

ദൈവം അവിടുത്തെ പരിപാലനയിൽ അവിടുത്തെ പരിപാടികൾ വിജയിപ്പിക്കുന്നതു് നൂറു ശതമാനം വിജയസാദ്ധ്യതകൾ ഇണക്കിച്ചേർത്തിട്ടല്ല. പ്രത്യുത

---

(1) Rev. Fr. Ferdinand Prat, Life of Christ, P. 135

മാനുഷികമായ വിധത്തിൽ പലപ്പോഴും വിജയസാദ്ധ്യതയില്ലാത്ത സാഹചര്യത്തിലാണ് അവിടുത്തെ പ്രവർത്തനങ്ങൾ വിജയിക്കുന്നതായി നാം കാണുന്നത്. സാധാരണ സംഗതികളിൽക്കൂടിയാണ് അവിടുത്തെ അസാധാരണമായ പ്രവർത്തനങ്ങൾ നാം ദർശിക്കുക. അനുദിനജീവിതത്തിലെ ഓരോ സംഭവവും വഴി ദൈവം നമ്മോട് സംസാരിക്കുന്നുണ്ട്. ദൈവമാണ് ചരിത്രത്തിൻെറ വിധാതാവ്. എന്നാൽ നാം ഓരോരുത്തരും വഴിയാണ് ഇന്ന് ചരിത്രത്തെ രൂപപ്പെടുത്തുന്നത്. പരേതനായ അമേരിക്കൻ പ്രസിഡൻറ് കെന്നഡി യു. എൻ. ജനറൽ അസംബ്ലിയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിച്ചു; "The will of God is executed in the will of man." ദൈവ തിരുമനസ്സ് മനുഷ്യ മനസ്സുവഴിയാണ് പ്രാവർത്തികമാക്കുന്നത്. ദൈവത്തിൻെറ കരങ്ങളിൽ നാം എത്ര മാത്രം അനുസരണമുള്ളവരായിരിക്കുമോ അത്രമാത്രമേ നമുക്ക് വൻ കാര്യങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു. "വല്ലഭനു് പുല്ലുമായുധം" എന്നുള്ള ആപ്തവാക്യം വളരെ അർത്ഥഗർഭമാണ്. ദൈവം വലിയ ആളുകളെക്കൊണ്ട് വൻകാര്യങ്ങൾ പ്രവർത്തിപ്പിച്ചാൽ അവിടുത്തെ മഹത്വമല്ലെന്നു് ഒരു പക്ഷേ കരുതും. (2) ദൈവത്തിൽ ശരണപ്പെടുന്നവനു് അസാദ്ധ്യമായിട്ടു യാതൊന്നുമില്ല. എന്നാൽ തന്നിൽതന്നെ ആശ്രയിക്കുന്നവനു് സാദ്ധ്യമായിട്ടും ഒന്നുമില്ല എന്നു് വി. അൽഫോൻസ് ലിഗോരിയും പ്രസ്താവിക്കുന്നു.

---

(2) Rev. Fr. Tiahamer Toth, The Great God, P. 19–20. Herdes Book Com. Londen 1936.

ഗിരിപ്രഭാഷണത്തിൽ മിശിഹാ അരുളിച്ചെയ്തു: "ആകാശപ്പറവകളെ നിങ്ങൾ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറപ്പുരകളിൽ ഒട്ടു ശേഖരിക്കുന്നുമില്ല. എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പോററുന്നു. വയലിലെ ശോശന്നകളെ നിങ്ങൾ നോക്കുവിൻ അവ അദ്ധ്വാനിക്കുന്നില്ല, നൂൽക്കുന്നുമില്ല. എങ്കിലും സോളമൻപോലും അവന്റെ സർവപ്രതാപത്തിലും അവയിൽ ഒന്നുപോലെ അലങ്കരിക്കപ്പെട്ടിരുന്നില്ല. അല്പവിശ്വാസികളേ ഇന്നുള്ളതും നാളെ അടുപ്പിൽ ഇടപ്പെടുന്നതുമായ ആ വയലിലെ പുല്ലിനെ ദൈവം ഇത്രമേൽ അണിയിക്കുന്നുവെങ്കിൽ നിങ്ങളുടെ കാര്യത്തിൽ അവിടുന്നു യാതൊരു ശ്രദ്ധയുമില്ലാത്തവനായിരിക്കുമോ? അതിനാൽ നിങ്ങൾ എന്തു ഭക്ഷിക്കും അഥവാ എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനെ സംബന്ധിച്ചോ എന്തുടുക്കും എന്നു നിങ്ങളുടെ ശരീരത്തെ സംബന്ധിച്ചോ ആകുലപ്പെടേണ്ടാ. ഇതെല്ലാം ലോകത്തിലെ പുറജാതികളാകുന്നു അന്വേഷിക്കുന്നത്. നിങ്ങൾക്കിതെല്ലാം ആവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം. അതിനാൽ നിങ്ങൾ ഒന്നാമതായി ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ. ഇതെല്ലാം കൂട്ടിച്ചേർത്തു നിങ്ങൾക്കു തരപ്പെടും" (വി. മത്താ. 6. 26–33). തന്നിമിത്തം നാം അലസരായി ഇരിക്കണമെന്നല്ല മിശിഹാ വിവക്ഷിക്കുന്നത്. അതിരുകടന്ന പര്യാകുലത പരിത്യജിച്ച് ദൈവപരിപാലനയിൽ ശരണമർപ്പിച്ചുകൊണ്ട് പരിശ്രമിക്കണം.

ഏണസ്റ്റ് പിസ്കാരി (Earnest Piscari) സാധാരണ ഉപയോഗിക്കാറുള്ള ഒരു മഹമ്മദീയ പഴമൊഴി

യുണ്ട്: ''ദൈവം തൻെറ അനുഗ്രഹങ്ങറം മററുള്ളവ രുടെമേൽ കെട്ടിഏല്പിക്കുകയില്ല. ദൈവത്തിൽ സ മാശ്രയിക്കുന്നവർക്കാണ് അതു നൽകുന്നതു് (World Crisis and Catholics). ദൈവം തൻെറ തെര ഞ്ഞെടുക്കപ്പെട്ടവരുടെ നന്മയ്ക്കായി സർവ്വതും ക്രമീക രിക്കുന്നുവെന്നു വി. പൗലാസ് ശ്ലീഹാ പ്രസ്താവിക്കുന്നു (റോമ. 8. 28). ദൈവപരിപാലനയിലുള്ള പ്രത്യാശ യുണ്ടെങ്കിൽ മാത്രമേ ജീവിതം സൗഭാഗ്യപൂർണ്ണമായി രിക്കുകയുള്ളൂ.

ഡൺസ്സ്കോട്ട് എന്ന താത്വികൻ ഒരു ഞായ റാഴ്ച ദിവസം യാത്ര കഴിക്കുമ്പോറം ഒരു കൃഷീവലൻ ജോലി ചെയ്യുന്നതു കണ്ടു. ഉടനെ സ്കോട്ട് ആ കൃഷീവലനോട് ''ഞായറാഴ്ചയായിട്ടും ജോലി ചെ യ്യുന്നതിൻെറ കാരണമെന്താണ്?'' എന്നു് ചോദിച്ചു. ഉടനെ കൃഷീവലൻ ഇപ്രകാരം പറഞ്ഞു: ഞാൻ രക്ഷ പെടണമെന്നാണ് ദൈവം നിശ്ചയിച്ചിരിക്കുന്നതെ ങ്കിൽ ഞായറാഴ്ച വേല ചെയ്താലും ദേവാലയത്തിൽ പോയില്ലെങ്കിലും രക്ഷപെടും. എന്നാൽ ഞാൻ രക്ഷ പെടണമെന്നു് ദൈവം തിരുമനസ്സായിട്ടില്ലെങ്കിൽ എ ത്രമാത്രം പ്രാർത്ഥിച്ചാലും ദേവാലയത്തിൽ പോയാ ലും രക്ഷ പ്രാപിക്കുകയില്ല. ഉടനെ അദ്ദേഹം ദൈ പരിപാലനയിൽ ഇത്രമാത്രം വിശ്വാസമുണ്ടെങ്കിൽ എന്തുകൊണ്ട് ജോലി ചെയ്യുന്നു എന്നു് ചോദിച്ച പ്പോറം അതു് ഭക്ഷണത്തിനുവേണ്ടിയാണെന്നു് മറുപ ടി പറഞ്ഞു. അതും ദൈവം നൽകുമെന്നു് പ്രത്യാശി ക്കരുതോ എന്നു ചോദിച്ചപ്പോറം സാദ്ധ്യമല്ല എന്നാ ണു് പറഞ്ഞതു്. നിങ്ങറം ഒന്നാമതായി ദൈവരാ ജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുവിൻ എ

ന്നുള്ള ക്രിസ്തുനാഥൻെറ വാക്കുകൾ വിസ്മരിച്ചുകൊണ്ടു് ഒന്നാമതായി സമ്പത്തും സ്ഥാനമാനങ്ങളും അന്വേഷിച്ചിട്ടു് പിന്നീടു് സ്വാത്മസംതൃപ്തിക്കുവേണ്ടിയാണു് പലരും പലപ്പോഴും ദൈവരാജ്യമന്വേഷിക്കുന്നതു്.

വി. ഗ്രന്ഥം പഴയനിയമത്തിൽ പൂർവ്വയൗസേപ്പു്, ദാനിയേൽ, ജോബു് മുതലായവരുടെ ചരിത്രത്തിൽ ദൈവപരിപാലനയിൽ എപ്രകാരമാണു് അവർക്കനുഭവപ്പെട്ട തിന്മകൾ പോലും നന്മയായി ഭവിച്ചതു് എന്നു കാണുന്നുണ്ടു്. ദൈവത്തിൻെറ കരങ്ങളിൽ നമ്മുടെ ശത്രുക്കൾപോലും നമ്മുടെ പരിത്രാണകരായിരിക്കും. "ദൈവം നമ്മോടുകൂടി ഉണ്ടെങ്കിൽ നമുക്കു് എതിരായിട്ടാരാണു്" എന്നു വി. പൗലോസ്ശ്ലീഹാ ചോദിക്കുന്നു (റോമാ. ലേ. 8). ദൈവത്തെ ഭയപ്പെടുന്നവർ മററാരെയും ഭയപ്പെടേണ്ടാ എന്നു ഡോ. ഹാമർഷീൽഡും പ്രസ്താവിച്ചിരിക്കുന്നു. ദൈവത്തിലുള്ള അചഞ്ചലമായ ശരണം ഉണ്ടെങ്കിൽ അക്ഷോഭ്യരായി, അചഞ്ചലരായി, തളരാതെ, പതറാതെ എല്ലായിടത്തും നമുക്കു മുന്നേറുവാൻ സാധിക്കും. സംസാരസാഗരത്തിലെ കല്ലോലമാലകളിൽ പെട്ടു് തകിടം മറിയാതെ ജീവിതനൗകയെ സ്വർഗ്ഗീയ തുറമുഖത്തു് എത്തിക്കുന്നതിനു് പര്യാപ്തമായ നങ്കൂരമാണു് ശരണം.

ജീവിതത്തിൽ ക്ലേശങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകുമ്പോൾ യഥാർത്ഥത്തിൽ നമ്മുടെ ജീവിതലക്ഷ്യമെന്താണെന്നു മനസ്സിലാക്കാത്തതിനാലാണു് നാം അസ്വസ്ഥചിത്തരാകുന്നതു്. ക്രിസ്തു നമ്മോടു് ഒരു ജീവിതതത്വശാസ്ത്രം പ്രസംഗിക്കുന്നുണ്ടു്. നമ്മുടെ ജീവിതത്തി

ൻെറ അത്ഥം ക്ഷണികമായ സുഖഭോഗങ്ങറം ആസ്വ ദിക്കകയല്ല, പ്രത്യുത, നമ്മെത്തന്നെ പവിത്രീകരിച്ച് സനാതനജീവിതത്തിനു് കളമൊരുക്കുകയാണു്. "എ ന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ സ്വയം പരി ത്യജിച്ച് അവൻെറ കുരിശും എടുത്തുകൊണ്ടു് എൻെറ പിന്നാലെ വരട്ടെ" (മത്തായി 6. 24) എന്നാണു് ഈ ശോ അരുളിച്ചെയ്തിരിക്കുന്നതു്.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി ഒരിക്കൽ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനായി വത്തിക്കാ നിൽ ചെന്നു. തദവസരത്തിൽ അദ്ദേഹം കലാസു ഭഗമായ വി. പത്രോസിൻെറ ദേവാലയം സന്ദർശി ച്ചു. മഹാത്മജിയെ അവടത്തെ ശില്പകലാവൈദഗ്ധ്യ മോ മററൊന്നും തന്നെ ആകർഷിച്ചില്ല. അദ്ദേഹം അ വിടെ വലിയ ഒരു ക്രൂശിതരൂപം കണ്ടു. മഹാത്മാ ഗാന്ധി ആ ക്രൂശിതരൂപത്തിൻെറ മുമ്പിൽ ചെന്നു് കുറെ സമയം നിർന്നിമേഷനായി ധ്യാനനിമഗ്നനാ യി ചെലവഴിച്ചു. പിന്നീടു് മഹാത്മജിതന്നെ രേ ഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണു്: "ഞാൻ വ ത്തിക്കാനിൽ ക്രിസ്തുവിൻെറ സജീവമായ ഒരു ക്രൂ ശിതരൂപം കണ്ടു. അതിൽ നിന്നും ഞാൻ മഹനീയ മായ ഒരു പാഠം പഠിച്ചു. കുരിശിലെ മരണവ്യഥ വഴിയല്ലാതെ നമുക്കുതന്നെയോ, നമ്മുടെ രാജ്യത്തി നോ ലോകത്തിനോ നന്മ ചെയ്യുവാൻ സാദ്ധ്യ മല്ല (4).

---

(4) Young India, December 1931, quoted in What the message of Christ means to me, Bharatiya Vidhya Bhavan, P. 37

നമ്മുടെ രാഷ്ട്രപിതാവു കുരിശിൻെറ ശാസ്ത്രം മനസ്സിലാക്കി പ്രവത്തിച്ചു. അതിലാണ് അദ്ദേഹം നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള ധർമ്മസമരത്തിൽ ശക്തി കണ്ടെത്തിയതു്. കുരിശു് ഏററവും ചലനാത്മകമായ ഒരു ശക്തിയാണ്. കുരിശിൻെറ മുമ്പിൽ നിൽക്കുന്ന ഒരു ക്രിസ്ത്യാനി തന്നെത്തന്നെ ക്രിസ്തുവിൻെറ കുരിശിനോടുകൂടി തറയ്ക്കും. അല്ലെങ്കിൽ വീണ്ടും ക്രിസ്തുവിനെ കുരിശിൽ തറയ്ക്കും. കുരിശാണ് ലോകത്തിൻെറ രക്ഷാമാർഗ്ഗം. ആ കുരിശു വഹിക്കുകയും, സഹിക്കുകയും ഒരത്ഥത്തിൽ ക്രൂശിക്കപ്പെടുകയും ചെയ്യാലല്ലാതെ നാമാരും രക്ഷ പ്രാപിക്കുകയില്ല.

സഹനങ്ങളും പീഡനങ്ങളും മററു പല വിധത്തിലുള്ള യാതനകളും അഭിമുഖീകരിക്കുന്ന അവസരത്തിൽ പാരത്രികമായ സൗഭാഗ്യത്തിലുള്ള പ്രത്യാശയാണു നമുക്കു ശക്തി പ്രദാനം ചെയ്യുന്നതു്. ഇന്നത്തെ കമ്യൂണിസ്റ്റുകാരക്കു് ക്രിസ്തുവിൻെറ കുരിശു വേണം. എന്നാൽ ക്രിസ്തുവിനെ വേണ്ടാ. ഇന്നത്തെ ക്രിസ്ത്യാനികരക്കു ക്രിസ്തുവിനെ വേണം. എന്നാൽ ക്രിസ്തുവിൻെറ കുരിശു വേണ്ടാ. ഈ രണ്ടു ചിന്താഗതിയും ശരിയല്ല. കമ്യൂണിസ്റ്റുകാർ ക്രിസ്തുവിൽനിന്നു വേർപെടുത്തിയ കുരിശും ക്രിസ്ത്യാനികരം കുരിശിൽനിന്നു് വേർപെടുത്തിയ ക്രിസ്തുവും തമ്മിൽ യോജിച്ചാൽ മാത്രമേ സമാധാനമുണ്ടാവുകയുള്ളു. തൻെറ ശക്തിക്കനുസരണമായി പ്രവത്തിക്കുന്നവനു് ദൈവം അവിടുത്തെ വരപ്രസാദങ്ങരം ഒരിക്കലും നിഷേധിക്കുകയില്ല.

## അദ്ധ്യായം ഇരുപത്തി ആറ്

# ദൈവം സ്നേഹമാണ്

ക്രിസ്തുമതത്തിലെ ഏററവും വിപ്ലവാത്മകമായ വെളിപാട്ട് ദൈവം സ്നേഹമാകുന്നുവെന്നുള്ളതാണ്. "ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു" (വി. യോഹ. 1-70 ലേ. 4. 8). ദൈവത്തിൻെറ അനന്തമായ സ്നേഹം സൃഷ്ടവസ്തുക്കൾ ഓരോന്നും മൂകമായ ഭാഷയിൽ നമ്മോടു സംസാരിക്കുന്നുണ്ട്. ദൈവം നമ്മുടെ വത്സല പിതാവാണ്. സന്താനങ്ങളില്ലാതിരുന്ന പീററർ ബർണാർദ്ദ് എന്ന കോടീശ്വരൻ ഒരു അനാഥബാലനെ ദത്തെടുത്ത സംഭവം നാം അന്യത്ര കാണുകയുണ്ടായി. ആ കോടീശ്വരന് അയാളുടെ സകല സമ്പത്തും ഉണ്ടായിരുന്നിട്ടും ഒരു പുത്രന് അസ്തിത്വം നൽകുവാൻ സാധിച്ചില്ല. എന്നാൽ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് ശൂന്യതയിൽനിന്നുംനമുക്കു അസ്തിത്വം നൽകി അനുനിമിഷം നമ്മെ പരിപാലിച്ചുകൊണ്ടു വരുന്നു. ദൈവം ഓരോ നിമിഷവും നമ്മെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് എന്നു വി. തോമസ് അക്വിനാസ് അഭിപ്രായപ്പെടുന്നു. അവിടുത്തെ അനന്തമായ ശക്തി പ്രയോഗിച്ചുകൊണ്ടാണ് നമ്മെ അനുനിമിഷം അസ്തിത്വത്തിൽ നിലനിറുത്തുന്നതു്. ഒരു നിമിഷ നേരത്തേയ്ക്കു് ദൈവപരിപാലനം നമ്മിൽനിന്നു പിൻവലിച്ചാൽ നാം ശൂന്യതയായിരിക്കും. അ

തിനും പുറമെ നമ്മിൽ ആദ്ധ്യാത്മികവും ലൌകിക വുമായ നിരവധി അനുഗ്രഹങ്ങൾ അവിടുന്നു് വർഷിക്കുന്നു.

ഇപ്രകാരമുള്ള സ്വർഗ്ഗീയ പിതാവിനെ സ്നേഹിക്കണമെന്നു് നമ്മെ ആരും പറഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. ശൂന്യതയിൽനിന്നു നമ്മെ സൃഷ്ടിച്ചു് അവിടുത്തെ ദത്തുപുത്രസ്ഥാനത്തേയ്ക്കുയർത്തി. കേവലം നൈയ്യാമികമായ ഒരു ബന്ധമല്ല നമുക്കു് ദൈവത്തോടുള്ളതു്. അവിടുത്തെ സ്വഭാവത്തിൽ തന്നെ നമ്മെ ഭാഗഭാക്കുകളാക്കി. സ്വർഗ്ഗഭാഗ്യത്തിനർഹരുമാക്കിത്തീർത്തു. ദൈവത്തെ പൂർണ്ണാത്മാവോടും പൂർണ്ണ ഹൃദയത്തോടും ശക്തിയോടും കൂടി സ്നേഹിക്കണമെന്നാണു് ദൈവംതന്നെ കല്പിച്ചിരിക്കുന്നതു് (നിയമാവർത്തനം 6. 4–5 വി. മത്തായി 22, 37–39 വി. ലൂക്കാ 10, 27). ദൈവം പരമ നന്മയാകയാൽ അങ്ങേ പ്രതി സ്നേഹിക്കണം. അവിടുന്നു് തന്നിൽത്തന്നെ സ്നേഹയോഗ്യനാണു്.

ആരെങ്കിലും ദൈവത്തെ സ്നേഹിക്കാതെ തന്നെത്തന്നെ സ്നേഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ സ്നേഹിക്കുന്നില്ല. നേരെമറിച്ചു് ആരെങ്കിലും തന്നെത്തന്നെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ അവർ തങ്ങളെത്തന്നെയാണു് സ്നേഹിക്കുന്നതു് എന്നു വി. ആഗുസ്തീനോസ് തന്മയത്വപൂർവ്വം പ്രസ്താവിച്ചിരിക്കുന്നു. കാരണം നമ്മുടെ സർവ്വനന്മയും അടങ്ങിയിരിക്കുന്നതു് ദൈവത്തെ സ്നേഹിക്കുന്നതിലാണു്. അതിനാലത്രെ വിശുദ്ധൻ ഇപ്രകാരം പറഞ്ഞിട്ടുള്ളതു്: "നീ സ്നേഹിക്കുക, പിന്നെ എന്തു വേണമെങ്കിലും

ചെയ്തുകൊള്ളുക.'' നാം അധരങ്ങൾകൊണ്ടു് ദൈവത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞിട്ടു് ഇഷ്ടംപോലെ ജീവിക്കുക എന്നതല്ല വിവക്ഷ. നാം ആത്മാർത്ഥമായി ദൈവത്തെ സ്നേഹിക്കുമെങ്കിൽ അവിടുത്തേയ്ക്കു് അഹിതകരമായി യാതൊന്നും ചെയ്യുകയില്ല.

വി. പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കുള്ള ലേഖനത്തിൽ ഇപ്രകാരം സ്നേഹത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നുണ്ടു്. ''എനിക്കു് മനുഷ്യരുടെയും മാലാഖാമാരുടെയും സകല ഭാഷകളിൽ സംസാരിക്കുവാൻ സാധിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ ആയിരിക്കും. എനിക്കു മലകളെ മാററുവാനുള്ള വിശ്വാസം ഉണ്ടായിരിക്കുകയും എൻെറ സമ്പത്തു് മുഴുവൻ ദരിദ്രർക്കു് വിഭജിച്ചു കൊടുക്കുകയും എൻെറ ശരീരം ദഹിപ്പിക്കുവാനായി ഏല്പിക്കുകയും ചെയ്താലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല'' (1. കോ. 13. 1–2). നമ്മുടെ അറിവു് സൃഷ്ടവസ്തുക്കളിൽ ആരംഭിച്ചു് സ്രഷ്ടാവിലേക്കു് പോകണം. എന്നാൽ നമ്മുടെ സ്നേഹം ദൈവത്തിൽ നിന്നാരംഭിച്ചു് സൃഷ്ടികളിലേക്കു് പോകണമെന്നാണു് വി. തോമസ് അക്വിനാസിൻെറ അഭിമതം. മറെറന്തും നാം സ്നേഹിക്കുന്നെങ്കിൽ ദൈവത്തിലും ദൈവത്തിനുവേണ്ടിയുമായിരിക്കണം.

ദൈവത്തിനു നമ്മോടുള്ള സ്നേഹമാണു് പ്രസാദവരം. അതേ സ്നേഹം തന്നെയാണു് ദൈവത്തെ സ്നേഹിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതു്. ദൈവസ്നേഹം നമ്മെ ദൈവികസ്വഭാവത്തിൽ ഭാഗഭാക്കുകളാക്കുകയാണു്. ദൈവത്തിൻെറ സ്നേഹം ഔദാര്യപൂർണ്ണവുമാണു്,

നാമും അങ്ങയെ മഹാമനസ്ക്കതയോടെ സ്നേഹിക്കണം. ദൈവത്തെ സ്നേഹിക്കുന്നതിനുള്ള അളവ് അളവുകൂടാതെ സ്നേഹിക്കുക എന്നതാണ്. മറെറല്ലാ സുകൃതങ്ങളും വിവേകത്താൽ നയിക്കപ്പെടണം. എന്നാൽ സ്നേഹത്തിന് അപ്രകാരമൊരു പരിമിതിയില്ല. മറെറല്ലാ സുകൃതങ്ങളെയും പരിപൂൎണ്ണവും ചൈതന്യവുമുള്ളതുമാക്കിത്തീക്കുന്നത് സ്നേഹമാണ്.

ദൈവത്തെ ദ്വേഷിക്കുന്നവൻ തന്നെത്തന്നെയാണ് ദ്വേഷിക്കുന്നത് എന്ന് വി. ആഗ്ഗസ്തീനോസ് പറഞ്ഞിട്ടുണ്ട്. ദൈവത്തെ സ്നേഹിക്കാത്തവർ തങ്ങളുടെ നിത്യ രക്ഷയുടെ കാര്യം വിസ്മരിക്കുന്നു. ഭൗമിക ജീവിതത്തെക്കാൾ പാരത്രിക സൗഭാഗ്യത്തിനാണല്ലോ നാം മുൻഗണന നൽകേണ്ടത്. ദൈവസ്നേഹമില്ലെങ്കിൽ മരണാനന്തരം ദൈവത്തെ പ്രാപിക്കുവാൻ സാദ്ധ്യമല്ല.

നമ്മുടെ എല്ലാ പ്രവൎത്തനങ്ങളും തമ്മിൽ ഉജ്ജ്വലിക്കുന്ന ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ഒരു ബഹിർസ്ഫുരണമായിരിക്കണം. ഒരു സ്നേഹമേയുള്ളു. സ്നേഹത്തിന് രണ്ടു വിഷയമുണ്ടു്. ദൈവവും സഹോദരങ്ങളും. ഇവ രണ്ടും പരസ്പര ബന്ധിതമാണ്. നാം സഹോദരങ്ങളെ സ്നേഹിക്കുമ്പോൾ അത്ഭുതകരമായ വിധം ദൈവത്തെത്തന്നെയാണ് സ്നേഹിക്കുന്നത്. ദൈവസ്നേഹത്തിൻെറ എററവും പ്രധാനപ്പെട്ട ലക്ഷണം ദൈവതിരുമനസ്സ് നിറവേററുകയാണ്. മിശിഹാ അരുളിച്ചെയ്യുന്നു: "കൎത്താവേ, കൎത്താവേ, എന്നു വിളിക്കുന്നവനല്ല സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുക, പ്രത്യുത, സ്വർഗ്ഗസ്ഥനായ എൻെറ പി

താവിൻെറ ഹിതം നിവത്തിക്കുന്നവനാരോ, അവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക (വി. മത്തായി 7. 21). ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ, മേലധികാരികളുടെ നിർദ്ദേശങ്ങൾ, ജീവിതാന്തസിൻെറ കടമകൾ, ജോലികൾ എന്നിവയെല്ലാം ദൈവതിരുമനസ്സാണ്. പ്രാത്ഥന, കൂദാശാപരമായ ജീവിതം ഇവയെല്ലാം കൂടിയേ തീരൂ.

എന്നെ സ്നേഹിക്കുന്നവൻ എൻെറ പ്രമാണങ്ങൾ പാലിക്കും. അപ്പോൾ എൻെറ പിതാവും അവനെ സ്നേഹിക്കുകയും ഞങ്ങൾ അവൻെറ അടുക്കൽ വന്ന് അവനോടുകൂടി വാസമുറപ്പിക്കുകയും ചെയ്യും (വി. യോഹന്നാൻ 14. 23). വിശുദ്ധി എന്നു പറയുന്നത് നമ്മുടെ ദൈവസ്നേഹവും പരസ്നേഹവുമാണ്. ദൈവവുമായിട്ടുള്ള വൈയ്യക്തിക ബന്ധമത്രെ അത്. മിശിഹാവഴി ദൈവവുമായിട്ടുള്ള ഒരഭിമുഖീകരണവുമാണല്ലൊ അത്. ക്രിസ്തുനാഥൻെറ പിതാവിനോടുള്ള മനോഭാവം "ആരാധിക്കുന്ന സ്നേഹവും, സ്നേഹപൂർണ്ണമായ ആരാധനയുമാണ്". ഇതു തന്നെയായിരിക്കണം നമ്മുടെയും മനോഭാവം. ദൈവത്തെ സ്നേഹിക്കാനുള്ള ആഗ്രഹം തന്നെ ദൈവസ്നേഹമാണ്.

ദൈവത്തെ സ്നേഹിക്കണമെന്ന് നമ്മെ ആരും പഞ്ഞു മനസ്സിലാക്കേണ്ട ആവശ്യമില്ല. പരമ നന്മയും നിത്യ സത്യവുമായ അവിടുത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതിലാണ് നമ്മുടെ സൗഭാഗ്യം. വി പൗലോസ് അപ്പസ്തോലൻ പ്രസ്താവിക്കുന്നതുപോലെ: "മരണത്തിനാകട്ടെ, ആയുസ്സിനാകട്ടെ, മാലാഖമാർക്കാകട്ടെ, അധികാരങ്ങൾക്കാകട്ടെ, ശക്തി

കാംക്കാകട്ടെ' ഇപ്പോഠം ഉള്ളവസ്തുാകട്ടെ, ഉണ്ടാകുവാനിരിക്കുന്നവസ്തുാകട്ടെ, ഉയരത്തിനാകട്ടെ, ആഴത്തിനാകട്ടെ, മററു് ഏതെങ്കിലും സൃഷ്ടത്തിനുപോലുമാകട്ടെ, നമ്മുടെ കത്താവായ ഈശോമിശിഹായിലുള്ള ദൈവസ്നേഹത്തിൽനിന്നു് എന്നെ വേർതിരിക്കുവാൻ സാധിക്കയില്ല എന്നു് എനിക്കു് നിശ്ചയമുണ്ടു്'' (റോമ. 8 38-39).

നാം ദൈവത്തെ മഹാമനസ്കതയോടുകൂടി സ്നേഹിക്കണം. നമ്മുടെ സ്നേഹം ത്യാഗസുരഭിലവുമായിരിക്കണം. ''ദൈവസ്നേഹത്തിൻെറയും പരസ്നേഹത്തിൻെറയും ഭയാനകമായ വ്യാപ്തി മനസ്സിലാക്കി ജീവിച്ചവരാണു് വിശുദ്ധർ.'' സഹനത്താലും, മരണത്താലും, നാശനഷ്ടക്കുമ്പാരങ്ങളാലും മൃതശരീരങ്ങളാലും സമാവൃതനായ ഒരു ക്രിസ്ത്യാനി അതിനെല്ലാം അതീതനായി നിന്നുകൊണ്ടു് അഖിലലോകത്തോടും ഇനിയും ഞാൻ വിശ്വസിക്കുന്നു, ശരണപ്പെടുന്നു, സ്നേഹിക്കുന്നു എന്നു് ഉച്ചസ്വൈരമുൽഘോഷിക്കുന്നതാണു്. ലൗകായതികത്വത്തിലേയ്ക്കു് ആഞ്ഞടിയുന്ന ആധുനികലോകത്തിൻെറ നാശനഷ്ട കൂമ്പാരങ്ങഠംക്കു് ഉപരിയായി നിന്നുകൊണ്ടു് ഓരോ കത്തോലിക്കനും അഖിലലോകത്തോടും സുധീരം പ്രഖ്യാപിക്കുവാൻ സാധിക്കണം, ഇനിയും ഞാൻ വിശ്വസിക്കുന്നു, ശരണപ്പെടുന്നു, സ്നേഹിക്കുന്നു എന്നു്. അപ്പോഠം പ. പിതാവു് ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ അരുളിച്ചെയ്തതുപോലെ ക്രിസ്തുമതം ഒരു നിരോധനങ്ങളുടെ പട്ടികയല്ല, പ്രത്യുത അതു് ജീവിതമാണു്, സ്നേഹമാണു്; സന്തോഷമാണു്; സൗഭാഗ്യമാണു് എന്നുള്ള വസ്തുത നമുക്കു് അനുഭവവേദ്യമായിത്തീരും.

ക്രിസ്തീയമായ സുകൃതങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു് ഏതാണു് എന്നു ചോദിച്ചാൽ അതു എളിമയാണെന്നു് ഞാൻ പറയും. രണ്ടാം പ്രാവശ്യം ചോദിച്ചാൽ വീണ്ടും അതു് എളിമയാണെന്നു ഞാൻ പറയും, മൂന്നാം പ്രാവശ്യവും അതു് എളിമയാണു് എന്നു ഞാൻ വീണ്ടും പറയുന്നതാണു് എന്നു് വി. ആഗുസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നു. എളിമ അഭ്യസിക്കുന്നതിനുള്ള മാഗ്ഗം അനുസരണമാണു് എന്നും വിശുദ്ധൻ പറയുന്നു. യഥാർത്ഥത്തിൽ സകല ക്രിസ്തീയ സുകൃതങ്ങളുടെയും അടിസ്ഥാനം എളിമയാണു്. ദൈവത്തെയും നമ്മെയും ശരിയായി അറിയുമ്പോഠം നമ്മിൽ ഉളവാകുന്ന ഒരു മനോഭാവമാണു് എളിമ. അഹങ്കാരം ഒരുസ്വയം ദൈവമാക്കിത്തീക്കലാണു്. മിശിഹായാണു് യഥാത്ഥ എളിമ നമുക്കു കാണിച്ചുതന്നതു്. സൃഷ്ടി അഹങ്കാരത്തിൽ ദൈവമാകുവാൻ പരിശ്രമിച്ചിട്ടു് നാശഗത്തത്തിലാണ്ടുപോയപ്പോഠം ദൈവം തന്നെ സൃഷ്ടിയുടെ നിലയിലേക്കിറങ്ങി വന്നു് നമ്മെ ദൈവത്തിലേക്കുയത്ത്തുന്നു. ‘‘ദൈവം അഹങ്കാരികളോടു് എതിർക്കുകയും എളിമയുള്ളവർക്കു് സമൃദ്ധമായ ദാനങ്ങഠം നൽകുകയും ചെയ്യുന്നു (വി. പത്രോ. 1-ാം ലേ. 5. 5).

ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. ‘‘തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും’’ (വി. ലൂക്കാ. 18. 14). ഇന്നത്തെ ലോകത്തിൽ എളിമ ഒരു ബലഹീനതയായോ ഭീരുത്വമോആയിട്ടു കരുതപ്പെടുന്നു. എന്നാൽ യഥാത്ഥത്തിൽ ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നതിനു എളിമ അനുപേക്ഷണീയമത്രെ. ആധുനികലോകം

ബൗദ്ധികമായ അഹങ്കാരത്തിൽ ദൈവാസ്തിത്വത്തെ നിരാകരിച്ച് നാസ്തികവാദത്തിൽ കുടുങ്ങുന്നു. ലോകത്തിൽ ഉന്നതമായ സ്ഥാനം സമലങ്കരിച്ചവരെല്ലാം എളിമയുള്ളവരായിരുന്നു. ഈശോ അങ്ങിൽനിന്നു പഠിക്കുവാൻ ആവശ്യപ്പെട്ട ഒരു സുകൃതമാണ് എളിമ. ''തന്നെത്തന്നെ അറിയുക യഥാർത്ഥജ്ഞാനത്തിന്റെ താക്കോലാണ്.'' വി. ആഗുസ്തിനോസ് പറയുകയാണ്: ''എന്റെ ദൈവമേ ഞാൻ എന്നെയും നിന്നെയും അറിയട്ടെ. എന്നെ അറിഞ്ഞു് ദ്വേഷിക്കുന്നതിനും നിന്നെ അറിഞ്ഞു് സ്നേഹിക്കുന്നതിനും.''

പ. കന്യകാമറിയത്തിന്റെ എളിമയെ അവളുടെ കൃതജ്ഞതാലാപത്തിൽ നമുക്കു ദർശിക്കുവാൻ സാധിക്കും. ''എന്തെന്നാൽ, അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺപാർത്തു. ഇന്നു മുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.'' എളിമ സത്യവും നീതിയുമാണ്. നമ്മെ ദൈവത്തിനു ഏററവും പ്രിയങ്കരരാക്കുന്നതു് എളിമയുടെ മനോഭാവമാണ്. അതു് ദൈവവരപ്രസാദം സ്വീകരിക്കുന്നതിനുള്ള പ്രതിബന്ധങ്ങളെ ദൂരീകരിക്കുന്നു.''

അദ്ധ്യായം ഇരുപത്തി ഏഴ്

# പിതാവിനോടു സംഭാഷണം

''പ്രാത്ഥിക്കുമ്പോഠം നമുക്കു് ദൈവത്തിന്റെ അനന്തമായ ശക്തിയിൽ ഭാഗഭാഗിത്വം സിദ്ധിക്കുന്നു'' എന്നാണു് വി. ആഗുസ്തീനോസ് പ്രസ്താവിക്കുന്നതു്. വ്യാപകമായ അത്ഥത്തിൽ പ്രാർത്ഥന നമ്മുടെ ആത്മാവിന്റെ ദൈവസവിധത്തിലേയ്ക്കുള്ള ഒരു ബുദ്ധിപരമായ ഉയർച്ചയാണു്. അതു് ദൈവം നൽകുന്ന ആഹ്വാനത്തിനുള്ള പ്രത്യുത്തരമത്രെ. പിതാവിനോടുള്ള ഹൃദയംഗമമായ സംഭാഷണമാണു് സ്നേഹം. ദൈവമാണു് പ്രാർത്ഥിക്കുന്നതിനുള്ള പ്രചോദനം നൽകുന്നതു്. പ്രാത്ഥനവഴി സ്രഷ്ടാവായ ദൈവത്തോടു് നാം സൃഷ്ടികളാണെന്നു് അംഗീകരിക്കുന്നു (1). അവിടുത്തെ പരമാധിപത്യം നാം ഏററു പറയുകയാണു് ചെയ്യുന്നതു്.

ദൈവത്തിനു് നമ്മുടെ ആവശ്യങ്ങഠം എല്ലാം അറിയാം. പിന്നെ നാം എന്തിനാണു് പ്രാത്ഥിക്കേണ്ടതിന്റെ ആവശ്യകത എന്നു് ചിലർ ചോദിക്കാറുണ്ടു്. അവരോടു വി. തോമസ് അക്വിനാസ് പറയുന്നതു് ഇപ്രകാരമാണു്: ''ദൈവം നമ്മുടെ പ്രാത്ഥനവഴി മുമ്പു് ക്രമീകരിച്ചതിൽനിന്നും വിഭിന്നമായി

---

(1) Rev. Fr. Bernard Haring, Christian Renewal in a Changing World, P. 140

ക്രമീകരിക്കുകയല്ല. പ്രത്യുത നമ്മുടെ പ്രാർത്ഥനവഴി ചില കാര്യങ്ങൾ നടക്കണമെന്നു് ദൈവം തന്നെ മുൻകൂട്ടി ക്രമീകരിച്ചിരിക്കുന്നു. അവിടുന്നു് ഈ പ്രപഞ്ചത്തെ നയിക്കുന്നതു് ഉല്പാദക കാരണങ്ങൾ (Secondary Causes) വഴിയാണു്. ഇപ്രകാരം സുബുദ്ധിയുള്ള മനുഷ്യൻെറ പരിപാലനയിൽ ദൈവം ഏർപെടുത്തിയിരിക്കുന്ന ഒരു ക്രമീകരണമാണു് പ്രാത്ഥന. നാസ്തികർക്കും, കമ്യൂണിസ്റ്റുകാർക്കുപോലും ചില അനുഗ്രഹങ്ങൾ പ്രാർത്ഥിക്കാതെതന്നെ ദൈവം നൽകുന്നു. ചിലതു് പ്രാത്ഥിച്ചാൽ മാത്രം ലഭിക്കുന്നവയാണു്. മററുള്ളവ പ്രാത്ഥിച്ചാലും ലഭിക്കാത്തവയായിരിക്കും.

ദൈവം നമ്മെ ഓരോ നിമിഷവും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നാണു് വി. തോമസ് അകവീനാസു് പറയുന്നതു്. കാരണം ദൈവം അവിടുത്തെ അനന്തമായ ശക്തി പ്രയോഗിച്ചാണു് നമ്മെ പരിപാലിച്ചുകൊണ്ടിരിക്കുന്നതു്. നമ്മുടെ അസ്തിത്വത്തിനു് കാരണഭൂതനും പിതാവും പരമാന്ത്യവുമായ ദൈവത്തെ ആരാധിക്കുവാൻ നമുക്കു കടമയുണ്ടു്. അനുദിനം അവിടുന്നു നമ്മിൽ വർഷിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്കു് നാം കൃതജ്ഞത പ്രകാശിപ്പിക്കണം. കൃതജ്ഞതാപ്രകാശനമാണു് മതപരമായ ഏററവും വലിയ കടമ എന്നത്രെ വി. ആഗുസ്തീനോസിൻെറ അഭിമതം, നാം ഓരോരുത്തരും മററുള്ളവരും ചെയ്യുന്ന പാപങ്ങൾക്കു് പരിഹാരമർപ്പിക്കണം. നമുക്കു് വേണ്ട ആദ്ധ്യാത്മികവും ലൗകികവുമായ അനുഗ്രഹങ്ങൾ യാചിക്കണം. മിശിഹാതന്നെ പ്രാർത്ഥിച്ചുകൊണ്ടു് പ്രാത്ഥനയുടെ ആവശ്യകത നമ്മെ പഠിപ്പിച്ചു.

പ്രാത്ഥന ആത്മാവിൻെറ ശ്വാസോഛ്വാസമാണെന്നാണ് മഹാത്മജി പ്രസ്താവിച്ചിട്ടുള്ളതു്. നമ്മുടെ ശാരീരികജീവനു ശ്വാസോഛ്വാസം എത്ര ആവശ്യമാണോ അതുപോലെ നമ്മുടെ ആദ്ധ്യാത്മികജീവിതത്തിനു് പ്രാത്ഥന ആവശ്യമാണ്. ഒരിക്കൽ മഹാത്മജി രജപുട്ടാണാ എന്ന കപ്പലിൽ യാത്രകഴിച്ചു. തദവസരത്തിൽ അദ്ദേഹം കൂടെക്കൂടെ കപ്പലിൻെറ മുകാംത്തട്ടിലേയ്ക്കു പോയി ആകാശത്തിലേയ്ക്കു നേത്രങ്ങാം ഉയത്തി നിർന്നിമേഷനായി നോക്കി നില്ക്കുക പതിവായിരുന്നു. ഇതു കണ്ടിട്ടു് അദ്ദേഹത്തിൻെറ ഒരു സഹയാത്രികൻ അദ്ദേഹത്തെ സമീപിച്ചുകൊണ്ടു് ഇ പ്രകാരം ചോദിച്ചു: "ഇൻഡ്യയിലെ ഏററവും വലിയ വിപ്ലവകാരി എന്നറിയപ്പെടുന്ന മഹാത്മഗാന്ധി താങ്കാം തന്നെയോ? അപ്പോാം മഹാത്മജി മറുപടിയായി വിപ്ലവകാരി എന്ന അഭിധാനം ഞാൻ അംഗീകരിക്കുന്നില്ല. ഗാന്ധി എന്നുള്ള വ്യക്തി ഞാനാണ്. ആ സ്നേഹിതൻ വീണ്ടും ഗാന്ധിജിയോടു് താങ്കാം എന്തിനാണ് കപ്പലിൻെറ മുകാംത്തട്ടിലേയ്ക്കു് കൂടെക്കൂടെ പോയി ആകാശത്തിലേയ്ക്കു് നേത്രങ്ങാം ഉയത്തി നിർന്നിമേഷനായി നോക്കിനില്ക്കുന്നതു് എന്നു ചോദിച്ചപ്പോാം മഹാത്മജി പറയുകയാണ്. "ഞാൻ സമ്പന്നനോ ദരിദ്രനോ, അക്രമിയോ, സ്വതന്ത്രനോ, പണ്ഡിതനോ, പാമരനോ ആയിരുന്നാലും ദൈവത്തിൽ വിശ്വസിക്കുന്നു ഒരു വ്യക്തിയാണ്. ആ ദൈവത്തെ ഒരു നിമിഷമെങ്കിലും അനുസ്മരിക്കാതിരിക്കുവാൻ എനിക്കു സാദ്ധ്യമല്ല. എന്നു തന്നെയുമല്ല ആ ദൈവത്തെപ്പററി സ്മരിക്കുമ്പോാം ഞാൻ അനന്ദസാഗരത്തിൽ നിമഗ്നനാകുന്നു". മഹാത്മജിയോടുകൂടി തന്നെ ആ കപ്പലിൽ സഞ്ചരിച്ചിരുന്ന ക്ളണി

യിലെ ഷി. യൗസേഫിൻെറ സഹോദരികഠം (Sisters of St. Joseph's of Cluny) എന്ന സന്യാസിനീ സമൂഹത്തിൽ പെട്ട രണ്ടു് കന്യാസ്ത്രീകഠംതന്നെയാണു് ഇതു് റവ. ഫാ. റാവൂഠം പ്ലസു് എസ്. ജെ. യോടു് പറഞ്ഞതു് (Radiating Christ Plus).

നമ്മുടെ രാഷ്ട്രപിതാവു് വലിയ രാഷ്ട്രീയ പ്രവർത്തകനും വിപ്ലവകാരിയുമായിരുന്നെങ്കിലും പ്രാർത്ഥനയിലാണു് അദ്ദേഹം അതിനുള്ള ശക്തി കണ്ടെത്തിയതു്. അദ്ദേഹം ആഴ്ചയിൽ പല പ്രാവശ്യവും ബിർളാമന്ദിരത്തിൽ പ്രാർത്ഥനായോഗങ്ങഠം സംഘടിപ്പിച്ചിരുന്നല്ലോ.

പ്രാർത്ഥന ആത്മാവിൻെറ നാടിയടിപ്പാണെന്നാണു് പ. പിതാവു് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിട്ടുള്ളതു്. ഒരു ക്രിസ്തീയാത്മാവിനു് എത്രമാത്രം ക്രിസ്തീയചൈതന്യമുണ്ടെന്നു് അളന്നുനോക്കുന്ന മാനദണ്ഡമാണു് പ്രാർത്ഥന. ദൈവം ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നു. എന്നാൽ പ്രാർത്ഥിക്കുന്ന മനുഷ്യനാകട്ടെ ദൈവത്തെ നിയന്ത്രിക്കുന്നു എന്നു് അലങ്കാരികമായി വി. ജോൺ ക്രിസോസ്തോമും, "നാം വിചാരിക്കുന്നതിലും കൂടുതൽ സംഗതികഠം പ്രാർത്ഥനവഴി നടക്കുന്നു" എന്നു് ആഗ്ലേയസാഹിത്യകാരനായ മിൽട്ടണും, "പ്രാർത്ഥിക്കുന്ന മനുഷ്യനു് അസാദ്ധ്യമായിട്ടു് യാതൊന്നുമില്ല" എന്നു വി. വിൻസെൻറു് ഡി. പോളും അഭിപ്രായപ്പെട്ടിരിക്കുന്നു.

അമേരിക്കൻ പ്രസിഡൻറു് ജോൺസൺ ഇപ്രകാരം പറയുകയുണ്ടായി: "താൻ ജീവിക്കുന്നിടത്തു് ജീവിക്കുവാനും താൻ പ്രവർത്തിക്കുന്നിടത്തു് പ്രവർത്തിക്കുവാനും പ്രാർത്ഥനയുടെ സഹായം കൂടാതെ

ഒരുവനും സാദ്ധ്യമല്ല.'' പ്രസിഡൻറ് കെന്നഡിയുടെയും, ജോൺസൻെറയും ഭരണകാലത്ത് അമേരിക്കൻ സ്റ്റേററ് സെക്രട്ടറിപദം സമലങ്കരിച്ചിരുന്ന ഡിൻ റസ്ക് പന്ത്രണ്ടാമത്തെ വയസ്സുവരെ പത്രങ്ങൾ വിററ് നടന്നിരുന്ന ഒരു അനാഥബാലനായിരുന്നു. എന്നാൽ പിന്നീട് അദ്ദേഹം ഫോർഡ് ഫൗണ്ടേഷൻെറ സഹായത്തോടുകൂടി പഠിച്ച് അമേരിക്കൻ സ്റ്റേററ് സെക്രട്ടറിപദം വരെ ഉയർന്നു. അദ്ദേഹത്തെ സ്റ്റേററുസെക്രട്ടറി പദത്തിലേയ്ക്ക് തെരഞ്ഞെടുത്തശേഷം, പത്രപ്രതിനിധികൾ അദ്ദേഹത്തോട് അദ്ദേഹത്തിൻെറ വിജയരഹസ്യമെന്താണെന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹം പ്രത്യുത്തരമായി ''നിരന്തരമായ പ്രവത്തനവും അനുസ്യൂതമായ പ്രാർത്ഥനയുമാണ് എൻെറ വിജയരഹസ്യം'' എന്നു പറഞ്ഞു. പ്രാർത്ഥന ദൈവത്തോടുള്ള സംഭാഷണമായതിനാൽ ഹൃദയത്തിൻെറ ഭാഷയിലായിരിക്കണം. പ്രാർത്ഥനവഴി നാം വിശ്വാസം, ശരണം, സ്നേഹം എന്ന ദൈവിക സുകൃതങ്ങൾ ഒരേ അവസരത്തിൽ പ്രാവത്തികമാക്കുന്നു.

പ്രാർത്ഥനയ്ക്കുണ്ടായിരിക്കേണ്ട ചില യോഗ്യതകൾ നമ്മെ അനുസ്മരിക്കുന്നതിനു് പര്യാപ്തമാണ് ഈശോ അരുളിച്ചെയ്തിട്ടുള്ള ചുങ്കക്കാരൻെറയും ഫ്രീശൻെറയും ഉപമ. ''ഒരു ചുങ്കക്കാരനും ഫ്രീശനും പ്രാർത്ഥിക്കുന്നതിനായി ദേവാലയത്തിൽ പ്രവേശിച്ചു. ഫ്രീശൻ ദേവാലയത്തിൻെറ ഒരു പ്രധാന ഭാഗത്തു നിന്നിട്ട് ഇപ്രകാരം പ്രാർത്ഥിക്കുകയാണ്. എൻെറ ദൈവമേ ഞാൻ പാപികളായ മററു മനുഷ്യരെപ്പോലെയോ, ഈ ചുങ്കക്കാരനെപ്പോലെയോ അല്ല. ഞാൻ ആഴ്ചയിൽ ഒരു ദിവസം ഉപവസിക്കുന്നു. എനിക്കു

ള്ളവയുടെ ദശാംശം കൊടുക്കുന്നു. അതിനാൽ ദൈവമേ ഞാൻ നിന്നെ സ്തുതിക്കുന്നു. ആ ചുങ്കക്കാരനാകട്ടെ, ദേവാലയത്തിൽ പ്രവേശിക്കുന്നതിനുപോലും യോഗ്യനല്ല എന്നു് വിചാരിച്ചു് മാറിലടിച്ചു് "കർത്താവേ, പാപിയായ എന്നോടു് കരുണ തോന്നണമെ," എന്നു നിലവിളിച്ചു. തുടർന്നു ദിവ്യഗുരു അരുളിച്ചെയ്തു: "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു ആ ചുങ്കക്കാരൻ ആ ഫ്രീശനെക്കാറം നീതികരിക്കപ്പെട്ടവനായി പോയി' (വി. ലൂക്കാ. 18. 10-15).

നമ്മുടെ പ്രാത്ഥന വിശ്വാസവും, പ്രത്യാശയും എളിമയുമുള്ളതായിരിക്കണം; പാപങ്ങളിൽ ഹൃദയതാപമാവശ്യമാണു് എന്നെല്ലാം ഈ ഉപമയിലൂടെ മിശിഹാ വ്യക്തമാക്കി. ഗദ്സമേൻ തോട്ടത്തിൽ അവിടുന്നു് പിതാവിനോടു് നിവൃത്തി ഉണ്ടെങ്കിൽ ഈ കാസാ മാററിത്തരണമേ എന്നു പ്രാർത്ഥിച്ചു. തുടർന്നു അവിടുന്നു പറയുന്നു "പിതാവേ, എങ്കിലും എൻെറ ഹിതമല്ല അവിടുത്തെ ഹിതം നിറവേററട്ടെ" എന്നു്. നമ്മുടെ പ്രാർത്ഥന ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണ വിധേയത്വത്തിലായിരിക്കണമെന്നും ഈശോ നമ്മെ മനസ്സിലാക്കുകയാണു്.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്നുള്ള പ്രാർത്ഥന പഠിപ്പിച്ചുകൊണ്ടു് (വി. മത്താ. 5) നാം എന്തെല്ലാം കാര്യങ്ങറംക്കായിട്ടാണു് പ്രാർത്ഥിക്കേണ്ടതു് എന്നു് മിശിഹാ വ്യക്തമാക്കി. ദാനത്തെക്കാറം കൂടുതലായി ദാതാവിനെയാണു് നാം അന്വേഷിക്കേണ്ടതു്. ആദ്ധ്യാത്മികമായവസ്തുു് പ്രാമുഖ്യം നൽകണം. നാം നിരന്തരം പ്രാർത്ഥിക്കണമെന്നൽ

ബോധിപ്പിച്ചുകൊണ്ടു് അവിടുന്നു് വേറൊരുപമ അരുളിച്ചെയ്തു. ഒരിടത്തു് ദൈവത്തെ പേടിക്കുകയും മനുഷ്യരെ ഭയപ്പെടുകയും ചെയ്യാതിരുന്ന ഒരു നീതികെട്ട ന്യായാധിപനും വിധവയുമുണ്ടായിരുന്നു. ആ വിധവ ചെന്നു് ന്യായാധിപനോടു് എൻെറ ശത്രുക്കൾക്കെതിരായി എനിക്കുവേണ്ടി പ്രതികാരം ചെയ്യണമെന്നപേക്ഷിച്ചു. ആ ന്യായാധിപൻ വളരെക്കാലത്തേയ്ക്കു് യാതൊന്നും ചെയ്തില്ല. ഈ വിധവ കൂടെക്കൂടെ ചെന്നു്. അയാളോടപേക്ഷിച്ചു. അപ്പോൾ ആ ന്യായാധിപൻ ഞാൻ ദൈവത്തെ പേടിക്കുകയോ, മനുഷ്യരെ ഭയപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ ഈ വിധവ വന്നു് എന്നെ അലട്ടാതിരിക്കുന്നതിനു് ഞാൻ ഇവൾക്കുവേണ്ടി ഇവളുടെ ശത്രുക്കൾക്കെതിരായി പ്രതികാരം ചെയ്യും.

തുടർന്നു മിശിഹാ ചോദിക്കുകയാണു്: "അല്പവിശ്വാസികളേ, ആ നീതികെട്ട ന്യായാധിപൻ ആ വിധവയ്ക്കുവേണ്ടി പ്രതികാരം ചെയ്യെങ്കിൽ, തൻെറ പക്കലേയ്ക്കു് നിലവിളിക്കുന്ന തൻെറ ജനത്തിനുവേണ്ടി ദൈവം എത്ര കൂടുതൽ പ്രതികാരം ചെയ്യുകയില്ല?" (വി. ലൂക്കാ. 1–6)

മലയിലെ പ്രസംഗത്തിൽ അവിടുന്നു്അരുളിച്ചെയ്തു: "നിങ്ങളിൽ ഒരു പിതാവു് മകൻ അപ്പം ചോദിച്ചാൽ ഒരു കല്ലു് നീട്ടിക്കൊടുക്കുമോ? മത്സ്യം ചോദിച്ചാൽ പാമ്പിനെ പിടിച്ചു കൊടുക്കുമോ? ഒരു മുട്ട ചോദിച്ചാൽ തേളിനെ പിടിച്ചു കൊടുക്കുമോ? ദ്വേഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു് നല്ല ദാനങ്ങൾ കൊടുക്കുവാൻ അറിയുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ പി

താവു് തന്നോടു പ്രാത്ഥിക്കുന്നവർക്കു് എത്ര കൂടുതൽ ദാനങ്ങരം നൽകുകയില്ല? (വി. മത്തായി 7. 9-11) ആകയാൽ ചോദിക്കുവിൻ നിങ്ങരംക്കു് തരപ്പെടും അ ന്വേഷിപ്പിൻ കണ്ടെത്തും, മുട്ടുവിൻ തുറക്കപ്പെടും.''

പല ജോലി കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നമുക്കു് എപ്രകാരം നിരന്തരം പ്രാർത്ഥിക്കുവാൻ സാധിക്കുമെന്നു് ചിലർ ചോദിച്ചേക്കാം. എന്നാൽ സന്മനസ്സുള്ള ആർക്കും നിരന്തരമായി പ്രാത്ഥിക്കുവാൻ സാധിക്കും. വി. പൗലോസ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നു: "സഹോദരങ്ങളേ, നിങ്ങരം ഭക്ഷിക്കുന്നെങ്കിലും പാനം ചെയ്യുന്നെങ്കിലും മറ്റെന്തെങ്കിലും ചെയ്യുന്നെങ്കിലും എല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ'' (വി. കോറി. 10. 31). A work done for God is the best form of prayer since it is love in action (2). ദൈവത്തിനുവേണ്ടി ചെയ്ത ഒരു പ്രവൃത്തി സ്നേഹം പ്രാവത്തികമാക്കുന്നതിനാൽ ഏററവും നല്ല പ്രാത്ഥനയാണെന്നത്രെ ഫാ. ഫ്രാൻസിസ് ജെ. റിപ്ലിയുടെ അഭിമതം. തോമസ് കാർളയിൽ എന്ന ലൗകിക താത്വികനും പ്രസ്താവിക്കുന്നുണ്ടു് "മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളിലും ആരാധന, കൃതജ്ഞത, യാചന, പരിഹാരം എന്നീ നാലു ഘടകങ്ങളുമുണ്ടു്'' എന്നു്.

നാം ഔദ്യോഗികമായി പ്രാത്ഥിക്കുമ്പോരം മാത്രമല്ല പ്രാത്ഥനയാകുന്നതു്. നമ്മുടെ ഹൃദയം ദൈവസവിധത്തിലേക്കുയത്തുമ്പോഴും അഥവാ നമ്മുടേതായ

---

(2) Rev. Fr. Francis J. Ripley, The Priest of Christ: P. 131

ഏതെങ്കിലും പ്രവൃത്തി ദൈവത്തിനായി നിയോഗിക്കുമ്പോഴും നാം പ്രാർത്ഥിക്കുകയാണ്. ഇപ്രകാരം നമ്മുടെ ജീവിതം തന്നെ ഒരു നിരന്തര പ്രാർത്ഥനയായി രൂപാന്തരപ്പെടുത്തുവാൻ നമുക്കു സാധിക്കുമെന്നു വി. തോമസ് അക്വിനാസും അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ പ്രഭാതത്തിൽ തന്നെ നാം ശുദ്ധനിയോഗം വഴി നമ്മുടെ പ്രവർത്തനങ്ങൾ ദൈവത്തിനു സമർപ്പിക്കുന്നതു വളരെ യോഗ്യതാപൂർണ്ണമാണ്. ഒരു കടലാസിനു് അതിൽ തന്നെ വലിയ മൂല്യമില്ല. എന്നാൽ ആ കടലാസിൽ റിസർവ്വ് ബാങ്കിന്റെ ഒരു മുദ്ര പതിയുമ്പോൾ അതു് പത്തോ നൂറോ ആയിരമോ രൂപായുടെ വിലയുള്ളതായി തീരുന്നു. ഇതുപോലെതന്നെ നമ്മുടെ പ്രവർത്തനങ്ങൾ അതിൽ തന്നെ വളരെ യോഗ്യതാപൂർണ്ണമല്ലെങ്കിലും അതു് ദൈവത്തിനുവേണ്ടി നാം ചെയ്യുമ്പോൾ അമൂല്യങ്ങളായി തീരുന്നു. നമ്മുടെ നല്ല ആഗ്രഹങ്ങൾ തന്നെ പ്രാർത്ഥനയാണെന്നത്രേ വി. ആഗുസ്തീനോസിന്റെ അഭിപ്രായം.

അമേരിക്കൻ ബഹിരാകാശ സഞ്ചാരിയായ അല്ലൻ ഷെപ്പേർഡും മററും ആദ്യം ബഹിരാകാശപര്യടനം നടത്തിയപ്പോൾ അവരുടെ ബഹിരാകാശപേടകത്തിനു് ചില നിസ്സാരമായ കേടുപാടുകൾ സംഭവിച്ചു. അവർ പര്യടനം കഴിഞ്ഞു് തിരിച്ചെത്തിയപ്പോൾ അവരോടു് പത്രപ്രതിനിധികൾ ചോദിച്ചു: നിങ്ങൾ ബഹിരാകാശപേടകത്തിനു് കേടു സംഭവിച്ചപ്പോൾ പ്രാർത്ഥിച്ചുവോയെന്നു്. അപ്പോൾ ഷെപ്പേർഡു് പറഞ്ഞതിപ്രകാരമാണ്: "അപകടമുണ്ടാകുമ്പോൾ മാത്രം പ്രാർത്ഥിച്ചാൽ പോരാ. പ്രാർത്ഥന ടാപ്പു തുറന്നു വെള്ളമെടുക്കുന്നതുപോലെയല്ല. നാം

നിരന്തരം പ്രാത്ഥിക്കണം.'' പ്രാത്ഥന ജീവിതവിശു ദ്ധിയിലേയ്ക്കും ദൈവൈകൃത്തിലേയ്ക്കും നയിക്കും. പ്രാർത്ഥിക്കുകയും അതേ അവസരത്തിൽ ജീവിതനവീ കരണം പ്രാപിക്കുകയും ചെയ്യാതിരിക്കുന്നതു് ഒരു വൈരുദ്ധ്യമത്രെ എന്നു ഫാ. തെയ്യാർ ദേ ഷർദാൻ അ ഭിപ്രായപ്പെടുന്നു (3). നന്നായിട്ടു പ്രാത്ഥിക്കണമെ ങ്കിൽ ജീവിതപരിശുദ്ധി അനപേക്ഷണീയമാണു്.

മനുഷ്യൻ സാമൂഹ്യജീവിയായതിനാൽ സാമൂഹ്യ മായ പ്രാത്ഥനയും ആവശ്യമത്രെ. ''എൻെറ നാമ ത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിച്ചാൽ അവിടെ അവരുടെ മദ്ധ്യത്തിൽ ഞാനും ഉണ്ടായിരിക്കും'' എന്നു് ഈശോ അരുളി ചെയ്തിരിക്കുന്ന തിൽനിന്നും സാമൂഹ്യ പ്രാർത്ഥനയുടെ മാഹാത്മ്യം ഗ്രഹിക്കാം. പ്രത്യേകിച്ചു് സഭയുടെ ഔദ്യോഗിക പ്രാർത്ഥനയുടെ കേന്ദ്രമായ ദിവ്യബലിയാണു് സ ർവ്വ പ്രധാനം. പിന്നീടു് ജപമാല കാനോനനമസ്കാ രം മുതലായ ആരാധനക്രമപരമായ പ്രാർത്ഥനകളും. നമ്മുടെ ശരീരം കൊണ്ടും ദൈവത്തെ സ്തുതിക്കേണ്ടതാ ണു്. ഭക്തവികാരങ്ങൾ ഉജ്ജീവിപ്പിക്കുന്നതിനും അ തിൻെറ ബഹിർഗമനത്തിനും വാചിക പ്രാർത്ഥന ആവശ്യമത്രെ. എന്നാൽ ആദ്ധ്യാത്മിക ജീവിത പു രോഗമനവും നമ്മുടെ ക്രിസ്തുവിലേയ്ക്കുള്ള രൂപാന്തരീക രണവും മാനസിക പ്രാർത്ഥനാപുരോഗതിയെ ആ

---

(3) Rev. Fr. Theilhard de Chardain, Melieu Divine, P. 75

ശ്രയിച്ചാണിരിക്കുന്നതു് (4). അതിനാൽ നമ്മുടെ ദൈവികമായ രൂപാന്തരീകരണത്തിൽ പ്രാർത്ഥന യ്ക്കുള്ള പ്രാധാന്യം സുവ്യക്തമാണു്.

പ്രാർത്ഥനകൾ ഫലദായകമാകാതിരിക്കുമ്പോൾ ചിലരെല്ലാം പ്രാർത്ഥനയിലുള്ള വിശ്വാസം പരിത്യജിക്കുകയോ അഥവാ പ്രാർത്ഥനാജീവിതം പൂർണ്ണമായി പരിത്യജിക്കുകയോ ചെയ്യാറുണ്ട്. നമ്മുടെ പ്രാർത്ഥന എന്തുകൊണ്ടാണു് ഫലദായകമാകാത്തതു്? വി. അഗസ്റ്റിൻെറ അഭിപ്രായമിതാണു്. ദൈവം നമ്മുടെ പ്രാർത്ഥന ശ്രവിക്കാത്തതു മൂന്നു കാരണങ്ങൾകൊണ്ടാണു്. നാം മോശമായിട്ടായിരിക്കാം പ്രാർത്ഥിച്ചതു്. അല്ലെങ്കിൽ പാപികളായിരിക്കാം. അഥവാ നമ്മുടെ പ്രാർത്ഥിതം തന്നെ തിന്മയായിരിക്കാം. നമ്മുടെ പ്രാർത്ഥന ഭക്തിയോടും ശ്രദ്ധയോടും കൂടിയതായിരിക്കണം. കേവലം ശാരീരിക സാന്നിദ്ധ്യമോ, അധരചലനമോ പ്രാർത്ഥനയാവുകയില്ല. പ്രാർത്ഥനാസമയത്തായിരിക്കും മററു പല കാര്യങ്ങളും ചിന്തിക്കുന്നതു്. ''ഈ ജനം അധരങ്ങൾ കൊണ്ടുമാത്രം എന്നെ സ്തുതിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നും വിദൂരത്തിലാണു് (വി. മത്തായി 15. 8) എന്നു മിശിഹാ അരുളിച്ചെയ്തിട്ടുണ്ടല്ലോ. മനഃപൂർവ്വമല്ലാത്ത അന്യ ചിന്തകളും ഭക്തി

---

(4) St. Therese, Interior Castle, Perfection; Rev. Fr. Iamquery, Christain Perfection; Theology of Perfection by Rev. Fr· Antonio Royo; Theology of Spiritual Life, by Rev. Fr. Joseph Guibert

രാഹിത്യവും പ്രാർത്ഥനയുടെ യോഗ്യതയെ നിഹനിക്കുന്നില്ല. ചിലർ ഭക്തിയും സന്തോഷവും ഇല്ല എന്ന കാരണത്താൽ തന്നെ പ്രാർത്ഥന പരിത്യജിക്കും. എന്നാൽ വൈകാരികമായ ഭക്തിയും ആകർഷണവും ഇല്ലാത്ത അവസരത്തിൽ ദൈവസേവനം നിർവഹിക്കുന്നതാണ് കൂടുതൽ യോഗ്യതാപൂർണ്ണം. മാത്രവുമല്ല ആദ്ധ്യാത്മിക ശുഷ്കത ദൈവം തന്നെ മുൻകൈ എടുത്തു നടത്തുന്ന ഒരു പവിത്രീകരണകർമ്മമാണ് (Passive Purificati on Theology of Perfection, by Rev. Fr. A. Royo) പക്ഷേ പലരും ഈ അവസരത്തിൽ പ്രാർത്ഥന ഭാരമായി തോന്നുന്നതിനാൽ അതു പരിത്യജിക്കും. തദവസരത്തിൽ നാം വിശ്വസ്തതയോടും സ്ഥിരതയോടുംകൂടി പ്രാർത്ഥനയിൽ നിലനിന്നാൽ വളരെ വലിയ വിശുദ്ധി പ്രാപിക്കാവുന്നതാണ്.

രണ്ടാമത്തെ കാരണം നമ്മുടെ പ്രാർത്ഥിതം ലഭിക്കുന്നതിനുള്ള യോഗ്യത ഇല്ലായിരിക്കാമെന്നുള്ളതാണ്. അതിനാൽ പാപികൾ പ്രാർത്ഥിച്ചാൽ പ്രയോജനമില്ല എന്നുള്ളതല്ല വിവക്ഷ. അവരുടെ പ്രാർത്ഥന വഴി മാനസാന്തരത്തിനുള്ള അനുഗ്രഹവും മററു പല ദാനങ്ങളും ലഭിക്കുന്നതാണ്. "നീ ബലിപീഠത്തിലായിരിക്കുകയും അവിടെവച്ച് നിൻെറ സഹോദരനു നിന്നോടു എന്തെങ്കിലും വിരോധമുണ്ടെന്നു് ഓർക്കുകയും ചെയ്താൽ നിൻെറ ബലിവസ്തു അവിടെ വെച്ചിട്ടു് നിൻെറ സഹോദരനോടു് രമ്യപ്പെടുക. പിന്നെ നിൻെറ ബലി അർപ്പിക്കുക" (വി. മത്തായി 5. 23). സൃഷ്ടവസ്തുവിനോടുള്ള സ്നേഹം പരിത്യജിക്കേണ്ടിയിരിക്കുന്നു. പാപസാഹചര്യം ഉപേ

ക്ഷിക്കണം. നന്നായി പ്രാർത്ഥിക്കുന്നതിനു് നാലു വിധത്തിലുള്ള ശുദ്ധത ആവശ്യമാണെന്നത്രെ വി. തോമസ്സ് അകിനാസ്സ് അഭിപ്രായപ്പെടുന്നതു്. മനഃസാക്ഷിയുടെ ശുദ്ധത അഥവാ പാപരാഹിത്യം, ഹൃദയശുദ്ധത അഥവാ സൃഷ്ടികളോടുള്ള അവിഹിത സ്നേഹം പരിത്യജിക്കൽ, ശുദ്ധനിയോഗം, പ്രവർത്തനത്തിലുള്ള പരിശുദ്ധി എന്നിവയാണു്.

അവസാനമായി നമ്മുടെ പ്രാർത്ഥന അതിൽ തന്നെ തിന്മയായിരിക്കാം. നാം ഒരു പക്ഷേ വിചാരിക്കുന്നുണ്ടാവാം നമ്മുടെ പ്രാർത്ഥിതം ലഭിച്ചാൽ നമുക്കോ മററാർക്കെങ്കിലുമോ യാതൊരുപദ്രവവും വരുന്നില്ലായെന്നു്. എന്നാൽ നമ്മുടെ ജ്ഞാനം എത്ര പരിമിതമാണു്. സ്വർഗ്ഗീയ പിതാവു് സർവ്വജ്ഞനാണല്ലൊ. നമ്മുടെയും മററുള്ളവരുടെയും ആത്മരക്ഷയ്ക്കു് ഉപകരിക്കുന്നതൊന്നും അവിടുന്നു് നിരസിക്കുകയില്ല.

ദൈവം നമ്മുടെ പ്രാർത്ഥനകൾ എല്ലാം ശ്രവിക്കുന്നുണ്ടു്. ചില അനുഗ്രഹങ്ങൾ നമുക്കു് നൽകുന്നില്ലായിരിക്കാം. എന്നാൽ നാം പ്രാർത്ഥിക്കുന്നതിലും വലിയ അനുഗ്രഹമാണു് അവിടുന്നു് നമുക്കു് നല്കുന്നതു്. ചിലപ്പോൾ അതിനു് ചില ത്യാഗങ്ങൾ നമ്മിൽനിന്നാവശ്യപ്പെടുന്നു. ആ ത്യാഗങ്ങൾ അനുഷ്ഠിക്കുവാനുള്ള സന്നദ്ധത ഉണ്ടാകണം.

## അദ്ധ്യായം ഇരുപത്തി എട്ട്

# കർമ്മയോഗം

പക്ഷികരം പറക്കുവാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യൻ അദ്ധ്വാനത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണു് ജോബിൻെറ പുസ്തകത്തിൽ നാം വായിക്കുന്നതു് (ജോബ്, 5. 3–4). ദൈവം മനുഷ്യനെ സൃഷ്ടിച്ചശേഷം ഭൗമ്യ പറുദീസായിൽ വസിപ്പിച്ചു. ലോകത്തെ മുഴുവൻ കീഴടക്കുവാനുള്ള ഒരു ദൗത്യമാണു് അവിടുന്നു് അവനു നൽകിയതു്. പാപം ചെയ്യാതിരുന്നാലും മനുഷ്യൻ വേല ചെയ്യുക എന്ന നിയമത്തിനു് വിധേയനായിരുന്നു. അതുവഴി മനുഷ്യൻ ദൈവത്തിൻെറ പ്രവത്തനത്തിൽ പങ്കുചേരുകയാണു ചെയ്യുന്നതു്. എന്നാൽ പാപത്തിനുശേഷം വേല അവനെ സംബന്ധിച്ചിടത്തോളം ഒരു ശിക്ഷയും കൂടിയായി ഭവിച്ചു. "നീ പൊടിയിലേക്കു് പിന്തിരിയുന്നതുവരെ നിൻെറ നെററിയിലെ വിയർപ്പുകൊണ്ടു് നിൻെറ അപ്പത്തെ ഭക്ഷിക്കുക" (സൃഷ്ടി. 3–17) എന്നാണല്ലൊ ദൈവം ആദത്തോടു കല്പിച്ചതു്. പാപത്തിനു മുമ്പു വേല ആയാസകരമായിരുന്നില്ലെങ്കിൽ അതിനുശേഷം വേലജോലികരം ഭാരമായി തീൎന്നു. വേല പാപപരിഹാരത്തിനും വിശുദ്ധീകരണത്തിനുമുള്ള മാൎഗ്ഗമായിട്ടാണു് ദൈവം നിശ്ചയിച്ചിരിക്കുന്നതു്.

സൃഷ്ടിയുടെ പുസ്തകത്തിൽ ദൈവം ആറു ദിവസം ജോലി ചെയ്തശേഷം ഏഴാം ദിവസം വിശ്രമിച്ചതായി കാണുന്നു. ആബേൽ ആട്ടിടയനും കായേൻ കൃഷിക്കാരനുമായിരുന്നുവെന്നും വി. ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യാവതാരം ചെയ്ത ദൈവസുതൻ വേലയുടെ മഹത്വം നമ്മെ മനസ്സിലാക്കുവാൻ വേണ്ടിയാണ് ഒരു തൊഴിലാളിയായി ജീവിച്ചതു്. അവിടുന്നു തച്ചന്റെ ജോലി ചെയ്താണ് ഉപജീവനം നടത്തിയിരുന്നതു്. മിശിഹാ അവിടത്തെ തൃക്കരങ്ങളിൽ ഉളിയും കൊട്ടുപിടിയും വഹിച്ച് ഒരു ആശാരിയുടെ ജോലി നിർവഹിച്ചപ്പോൾ അവിടുന്നു നമ്മുടെ ഓരോരുത്തരുടേയും തൊഴിലും, ജോലിയും, അദ്ധ്വാനവും പവിത്രീകരിക്കുകയും ലഘൂകരിക്കുകയുമാണു ചെയ്തതു്.

ആധുനിക ലോകത്തിൽ കമ്യൂണിസ്റ്റുകാർ വേലയെ ദൈവമാക്കിത്തീർത്തു് തൊഴിലാളിയുടെ വ്യക്തിമാഹാത്മ്യത്തെ നിഹനിക്കുന്നു. എന്നാൽ ക്രിസ്തുവും സഭയും പഠിപ്പിക്കുന്നതു് വേലയല്ല മനുഷ്യനെ ധന്യനാക്കുന്നതു്; മറിച്ച് മനുഷ്യന്റെ വ്യക്തിമാഹാത്മ്യമാണ് വേലയെ മഹത്തരമാക്കിത്തീർക്കുന്നതു എന്നാണ്. വേലവഴി മനുഷ്യൻ ദൈവരാജ്യനിർമ്മിതിയിൽ ദൈവത്തോടു് സഹകരിക്കുന്നു. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു പ്രപഞ്ചത്തെ പടുത്തുയർത്തുകയാണു തൊഴിലിന്റെ ലക്ഷ്യം. പലരും തൊഴിലിന്റെ മാഹാത്മ്യം വേണ്ടവിധം മനസ്സിലാക്കുന്നില്ല. ജോലിക്കായി വിനിയോഗിക്കുന്ന സമയം ദൈവസേവനത്തിനുള്ള സമയത്തിൽനിന്നും അപഹരിച്ചതാണെന്നു് ചിന്തിക്കുന്നവരുമുണ്ടാകും. എന്നാൽ നമ്മുടെ വേല

കരംവഴി തന്നെ നാം ദൈവത്തെയും സഹോദരങ്ങ ളെയും സേവിക്കുകയാണു്. വേല പ്രാത്ഥനയായി രൂപാന്തരപ്പെടുത്താമെന്നു് മനസ്സിലാക്കാത്തതിനാൽ ചിലരെല്ലാം പൂൎണ്ണമായ ക്രിസ്തീയജീവിതം നയിക്കു ന്നില്ല. അവർ പ്രാത്ഥനയും നന്നായി നിവ്വഹിക്കുന്ന ഓരോ ജോലിയും തീക്ഷ്ണതയില്ലാതെ ചെയ്തു് ആദ്ധ്യാ ത്മികജീവിതം മുരടിച്ചു പോകുന്നു. നാം ശുദ്ധ നി യോഗംവഴി മാത്രമല്ല ജോലിവഴിയും ദൈവത്തെ മഹത്വപ്പെടുത്തുക. നമ്മുടെ ജോലികരം ഏററവും ഭം ഗിയായി നിർവഹിച്ചുകൊണ്ടു് ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുവാൻ സാധിക്കും. ദൈവം നമുക്കു് ഓരോരുത്തർക്കും നിശ്ചിയിച്ചിട്ടുള്ള ജോലികരം അ തിൻെറ ഏററവും പൂൎണ്ണതയിൽ നിർവഹിച്ചുകൊണ്ടു് നമുക്കു് ദൈവത്തെ കൂടുതൽ സ്തുതിക്കാവുന്നതാണു്. രക്ഷണീയ നാടകത്തിൽ നമുക്കു് ഓരോരുത്തർക്കും ഒരു ഭാഗം അഭിനയിക്കുവാനുണ്ടു്. അതു എത്ര തന്മയത്വ പൂവ്വം നാം അഭിനയിക്കുന്നുവോ അതിലാണു് നമ്മു ടെ വിജയം.

ജോലി ചെയ്യുക എന്നു പറഞ്ഞാൽ പ്രാത്ഥിക്കു കയാണു് എന്നതായിരുന്നു ബനഡിക്ററൻ സന്യാ സികളുടെ ആദർശം. "സൃഷ്ടികർമ്മത്താലും. സവ്വോ പരി മനുഷ്യാവതാരത്താലും ഈ ലോകത്തിൽ (വേണ്ട വിധം കാണുന്നവർക്കു്) കേവലം ലൗകികമായി യാ തൊന്നുമില്ല. എല്ലാത്തിൻെറയും പൂത്തീകരണത്തി നായി ക്രിസ്തുവിൻെറ വശ്യശക്തിക്കധീനമായിരിക്കു ന്നവ തിരിച്ചറിയുവാൻ പ്രാപ്തിയുള്ളവർക്കു് എല്ലാം

പരിപാവനമാണ് (1), നമ്മുടെ ജോലി വഴിയായി സർവ്വതും ക്രിസ്തുവിൽ നവീകരിക്കുന്ന പ്രക്രിയയിലും നമ്മുടെ ക്രിസ്തുവൽക്കരണത്തിലുമാണ് നാം സഹകരിക്കുന്നത് എന്ന് ഫാ. തെയ്യാർ ദേ ഷർദാനും അഭിപ്രായപ്പെടുന്നു. "Every thing in this world is a Sacrament of encounter with Christ" (2). ഈ ലോകത്തിലുള്ളതെല്ലാം നമ്മെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന കൂദാശയാണ് എന്ന് ഫാ. എഡ്വേർഡ് ഷില്ലബെക്കും പറയുന്നു. മഹാനായ വി. ഗ്രിഗരി പറയുന്നത് നമ്മുടെ വേല തന്നെ നമ്മെ പവിത്രീകരിക്കുന്ന ഒരു കൂദാശയാണെന്നത്രേ. ഇവിടെ കൂദാശ എന്ന പദം ഉപയോഗിക്കുന്നത് വ്യാപകമായ അർത്ഥത്തിലാണെന്ന് നാം മനസ്സിലാക്കണം. വി. ആഗുസ്തീനോസും, വി. തോമസ് അക്വിനാസും ചെയ്തതുപോലുള്ള സഭാസേവനമായിരിക്കാം ഒരു സന്യാസഭവനത്തിൻെറ ദ്വാരപാലകനായി സേവനമനുഷ്ഠിക്കുന്ന ഒരു സഹോദരനോ എളിയ ജോലിയിലേർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയോ ചെയ്യുന്നത്. (Fr. Emet Carter, Psychology and the Cross). നാം എന്തു ജോലി ചെയ്യുന്നു എന്നതല്ല ദൈവം പരിഗണിക്കുക പ്രത്യുത എത്ര സ്നേഹത്തോടും നല്ല ഉദ്ദേശ്യത്തോടുംകൂടി ചെയ്തു എന്നതാണ് കാര്യ

---

(1) Rev. Fr. Teilhard De Chardain, Le Melieu Divine, P. 66

(2) Rev. Fr. Eduard Schillebeeck O P, Christ the Sacrament of Encounter with God, P. 151

മായി കരുതുന്നതു്. നമ്മുടെ വിശുദ്ധി നൈമിഷിക കൂദാശയിലാണു് (Sacrament of the Present moment).

ഒരിക്കൽ മൂന്നു ജോലിക്കാർ ഒരു കത്തീഡ്രൽദേവാലയനിർമ്മിതിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. ഒരാറം കല്പപണിക്കാരനും അപരൻ മരപ്പണിക്കാരനുമായിരുന്നു. മൂന്നാമത്തവൻ ഏററവും നിസ്സാരമായ ഒരു ജോലിയിലാണു് ഏർപ്പെട്ടിരുന്നതു്. കല്ലും, സെമൻറും മററു സാധനങ്ങളും ചുമന്നു സ്ഥലത്തെത്തിക്കുക എന്നതായിരുന്നു അവൻെറ തൊഴിൽ. ഒരാറം ഈ മൂന്നു പേരെയും സമീപിച്ചിട്ടു് എന്താണു് അവരുടെ ജോലി എന്നു ചോദിച്ചു. ഒന്നാമനോടു് ജോലി എന്താണെന്നു ചോദിച്ചപ്പോറം ഞാൻ കല്പണിയിൽ ഏർപ്പെട്ടിരിക്കുന്നുവെന്നു പറഞ്ഞു. രണ്ടാമത്തെ ആളിനോടു് ചേദിച്ചപ്പോറം അയാറം പറഞ്ഞതു് ഞാൻ മരപ്പണിക്കാരനാണെന്നാണു്. സെമൻറും കല്ലും ചുമന്നുകൊണ്ടു പോയി കൊടുക്കുന്നവനോടു് എന്താണു ജോലി എന്നു ചോദിച്ചു. അയാറം പറഞ്ഞു ഞാൻ കത്തീഡ്രൽനിർമ്മിതിയിൽ ഏർപ്പെട്ടിരിക്കുകയാണെന്നു്. അതിൽ ഏററവും നിസ്സാരമായജോലിയിൽ ഏർപ്പെട്ടിരുന്നജോലിക്കാരനുമാത്രമേ വേലയോടു ശരിയായ സമീപനമുണ്ടായിരുന്നുള്ളു. (3) ഓരോരുത്തരുടെയും, വേലയോടുള്ള മനോഭാവമാണു വേല സന്തോഷകരവും മഹത്വമുള്ളതുമാക്കി തീർക്കുന്നതു് എന്നു് ഇതു നമ്മെ മനസ്സിലാക്കുന്നു. മൂന്നാമത്തെ വ്യക്തിക്കുമാത്രമേ അയാളുടെ ജോലിയെപ്പററി വിശാലമായവീക്ഷണം ഉണ്ടായിരുന്നുള്ളു.

---

(3) Rev. Fr. James Keller. you Can change the World P. 188.

ഇതുപോലെ നാം ഓരോരുത്തരും മൗതിക ശരീരത്തിൻെറ നിമ്മിതിയിൽ, സഭയാകുന്ന ദൈവഭവനത്തിൻെറ നിമ്മിതിയിൽ ഏപ്പെട്ടിരിക്കുകയാണു്. പൗലോസ് അപ്പസ്തോലൻ കോറിന്ത്യർക്കുള്ള ലേഖനത്തിൽ മൗതികശരീരത്തിൽ ഓരോരുത്തരും വഹിക്കേണ്ട പങ്ക് വളരെ മനോഹരമായി അത്ഥസമ്പുഷ്ടമായ രീതിയിൽ പ്രതിപാദിക്കുന്നു: ''വരങ്ങളിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും ആത്മാവു് ഒന്നേയുള്ളു. ശുശ്രൂഷകളിൽ വ്യത്യാസങ്ങളുണ്ടു്. എങ്കിലും കത്താവു് ഒരുവനേയുള്ളൂ. ശക്തികളിൽ വ്യത്യാസങ്ങളുണ്ടു്, എങ്കിലും എല്ലാവരെക്കൊണ്ടും എല്ലാം പ്രവത്തിപ്പിക്കുന്ന ദൈവം ഒരുവനെയുള്ളൂ. ആത്മാവിൻെറ വെളിപാടു് ഓരോരുത്തനും അവനു് പ്രയോജനകരമായ വിധത്തിൽ നൽകപ്പെടുന്നു. ഒരുവനു ആത്മാവിനാൽ ജ്ഞാനത്തിൻെറ വചനം നൽകപ്പെടുന്നു. വേറൊരുവനു് അതേ ആത്മാവിനാൽ തന്നെ അറിവിൻെറ വചനവും, വേറൊരുവനു് അതേ ആത്മാവിനാൽ തന്നെ വിശ്വാസവും, വേറൊരുവനു് അതേ ആത്മാവിനാൽ തന്നെ രോഗശാന്തിയുടെ വരങ്ങളും, വേറൊരുവനു് ശക്തികളും, വേറൊരുവനു് പ്രവാചകത്വവും, വേറൊരുവനു് ആത്മാക്കളുടെ വിവേചനവും, വേറൊരുവനു് പലവിധ ഭാഷകളും, വേറൊരുവനു് ഭാഷകളുടെ വ്യാഖ്യാനവും നൽകപ്പെടുന്നു. എന്നാൽ ഇവയെല്ലാം പ്രവത്തിക്കുന്നതും താൻ ഇഛിക്കുന്നതുപോലെ എല്ലാവർക്കും ഭാഗിച്ചു കൊടുക്കുന്നതും ഒരേ ആത്മാവു തന്നെയാകുന്നു'' (1 കോ. 12. 4–11).

ലോകത്തിൽ ദൈവരാജ്യം പടുത്തുയത്തുവാൻ നാം ചെയ്യുന്ന ഏററവും നിസ്സാരമായ സേവനംപോലും ദൈവതിരുസന്നിധിയിൽ വളരെ മഹത്തരമാണു്. അതും

നമ്മുടെ ദൈവികസ്വഭാവത്തിലുള്ള ഭാഗഭാഗിത്വം വർദ്ധിപ്പിക്കുന്നതിന്ന് പര്യാപ്തമത്രെ. "എപ്പോഴും കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികളോ എന്നാൽ, തങ്ങളുടെ മാനുഷികയത്നംവഴി തങ്ങളെത്തന്നെ പരിപൂർണ്ണരാക്കാൻ ശ്രമിക്കുകയും സഹപൗരന്മാരെ സഹായിക്കുകയും സമുദായത്തെയും സൃഷ്ടവസ്തുക്കളെത്തന്നെയും മുഴുവനായി മെച്ചപ്പെട്ട ഒരു സ്ഥിതിയിലേയ്ക്ക് ഉയർത്തുകയും ചെയ്യണം. അവർ സജീവസ്നേഹത്താലും ശുഭപ്രതീക്ഷയാലും അന്യരുടെ ഭാരം ചുമക്കുന്നതിൽ പങ്കു ചേർന്നുകൊണ്ട് ക്രിസ്തുവിനെ യഥാർത്ഥമായി അനുകരിക്കട്ടെ. ആശാരിയുടെ പണിക്കോപ്പുകൾ പിടിച്ച് തഴമ്പിച്ചതാണല്ലോ അവിടുത്തെ കൈകൾ. എല്ലാ മനുഷ്യരുടെയും രക്ഷക്കുവേണ്ടി പിതാവിനോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും അവിടുന്നുതന്നെ. തങ്ങളുടെ അനുദിനാദ്ധ്വാനംകൊണ്ടുതന്നെ തൊഴിലാളികൾക്കു കൂടുതൽ അപ്പസ്തോലികമായ വിശുദ്ധിനേടാൻ സാധിക്കും (4). തൊഴിലാളികളും മുതലാളികളും തമ്മിലുള്ള പരസ്പരസഹകരണം സ്നേഹം, സഹായം, ബഹുമാനം ഇവ അനുപേക്ഷണീയമത്രെ. യോഗ്യതസമ്പാദിക്കുക, പാപപരിഹാരം, ഇവയ്ക്കുവേണ്ടിയാണ് വേലയുടെ വിഷമതകൾ ദൈവം അനുവദിക്കുന്നത്. ദൈവത്തിനുവേണ്ടി ചെയ്യു ഒരു പ്രവൃത്തി ഏററവും നല്ല പ്രാർത്ഥനയാണ്, പ്രത്യേകിച്ച്, അത് ദൈവതിരുമനസ്സിനനുയോജ്യവും, ത്യാഗപൂർണ്ണവുമാണെങ്കിൽ" (Rev. Fr. Archangel, O.C.D. The greatest Leader ever lived).

---

(4) രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രമാണരേഖകൾ, തിരുസ്സഭ, അദ്ധ്യായം 5. No. 41.

വേലയ്ക്കു് വ്യക്തിഗതവും സാമൂഹ്യവുമായ ഘടകങ്ങളുണ്ടു്. വ്യക്തിഗതമായ ഗുണവും മാനവകുലസേവനവും ഒന്നുപോലെ പരിഗണിക്കേണ്ടതാണു്.

തിരുസ്സഭ വി. യൗസേപ്പിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചുകൊണ്ടു് തൊഴിലിൻെറ മഹനീയത വ്യക്തമാക്കി. തൊഴിൽ അപമാനകരമായി കരുതാതെ ദൈവസേവനവും പരസേവനവുമായി അതിനെ വിലമതിക്കുകയാണു വേണ്ടതു്. വെറും ധനസമ്പാദനമാർഗ്ഗമായി മാത്രം തൊഴിലിനെ കരുതരുതു്. തൊഴിലാളിയുടെ വ്യക്തിമാഹാത്മ്യവും തൊഴിലിൻെറ പരിത്രാണസ്വഭാവവും അംഗീകരിച്ചാൽ മാത്രമേ ഇന്നത്തെ അസ്വസ്ഥതകൾ പരിഹൃതമാകൂ. തൊഴിലിനെ സംബന്ധിച്ചുള്ള ഒരു പൂർണ്ണമായ ദൈവവിജ്ഞാനീയം ആവശ്യമാണു്. അപ്പോൾ "മനുഷ്യൻെറ വ്യാപാരങ്ങൾ മനുഷ്യനിൽനിന്നു ജന്മമെടുക്കുന്നതുപോലെതന്നെ അവ മനുഷ്യനുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. മനുഷ്യൻ അദ്ധ്വാനിക്കുമ്പോൾ വസ്തുക്കൾക്കും സമുദായത്തിനും നവരൂപം കൊടുക്കുക മാത്രമല്ല, അതോടൊപ്പം സ്വന്തം വ്യക്തിവികാസം സാധിക്കുകകൂടി ചെയ്യുന്നുണ്ടു്. അങ്ങനെ അവൻ കൂടുതൽ ജ്ഞാനമാർജ്ജിക്കുകയും തൻെറ കഴിവുകൾ വികസിപ്പിച്ചുകൊണ്ടു് തനിക്കു പുറത്തും തനിക്കുപരിയായും വ്യാപരിക്കുകയും ചെയ്യുന്നു. ശരിയായി മനസ്സിലാക്കുകയാണെങ്കിൽ ഇപ്രകാരമുള്ള വ്യക്തിവികാസം ഒരുവനു സമ്പാദിക്കുവാൻ സാധിക്കുന്ന ഭൗതികധനത്തേക്കാൾ ശ്രേഷ്ഠതരമാണു്. തനിക്കു് എന്തുണ്ടു് എന്നതിനെക്കാൾ താൻ എന്തായിരിക്കുന്നു എന്ന

തിലാണ് മനുഷ്യന്റെ ശ്രേഷ്ഠത അടങ്ങിയിരിക്കു ന്നതു് (5).

ഇപ്രകാരം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിച്ചിട്ടുള്ളതിൽനിന്നും വേലയുടെ പരിത്രാണ നപരവും, സാമൂഹ്യവും, വ്യക്തിഗതവും, ക്രിസ്തീയവു മായ മാഹാത്മ്യം വ്യക്തമാകുന്നു. വേല അതിൽ തന്നെ ഒരന്ത്യമല്ല. പ്രത്യുത ക്രിസ്തുവിന്റെ ജീവിത മരണോത്ഥാനങ്ങളുടെയും മനുഷ്യജീവിതത്തിന്റെ പാ രത്രികമായ ലക്ഷ്യത്തേയും മുമ്പിൽ കണ്ടുകൊണ്ടായി രിക്കണം വേലയെ പൂർണ്ണമായി വിലയിരുത്തുവാൻ.

---

(5) സൂനഹദോസ് പ്രമാണരേഖകൾ, സഭ ആ ധുനികലോകത്തിൽ, No. 35

## അദ്ധ്യായം ഇരുപത്തി ഒമ്പതു്

# ഏററവും വലിയ വിപ്ലവകാരി

നീ നിൻെറ സഹോദരനെ സ്നേഹിക്കുന്നില്ലെങ്കിൽ ദൈവത്തെയും സ്നേഹിക്കുന്നില്ല. യഥാർത്ഥത്തിൽ ദൈവത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ തീർച്ചയായും സഹോദരങ്ങളെയും സ്നേഹിക്കും എന്നു് വി. ആഗ്ഗസ്തീനോസ് പ്രസ്താവിച്ചിട്ടുണ്ടു്. സോക്രട്ടീസും പ്ലേറേറായും അരിസ്റ്റോട്ടിലും പേർഷ്യൻ മതസ്ഥാപകനായ സൊരവാസ്റ്ററും ചൈനീസ് താത്വികനായ കൺഫ്യൂഷ്യസും ഇൻഡ്യയിൽ ബുദ്ധനും മററു പലരും സ്നേഹത്തെക്കുറിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. എന്നാൽ അവർക്കാർക്കും, യഥാർത്ഥത്തിലുള്ള സ്നേഹം എന്താണെന്നു ലോകത്തിനു കാണിച്ചു കൊടുക്കുവാനും അതിൻെറ അടിസ്ഥാനമെന്തെന്നു ലോകത്തെ മനസ്സിലാക്കുവാനും സാധിച്ചിട്ടില്ല. ദൈവത്തിൻെറ പിതൃത്വവും മനുഷ്യൻെറ ക്രിസ്തുവിലുള്ള വിശ്വസാഹോദര്യവുമാണു് മാനവസ്നേഹത്തിൻെറ അടിസ്ഥാനമെന്നു് മിശിഹാ ലോകത്തോടു പ്രഖ്യാപിച്ചു. എല്ലാ മനുഷ്യരും ദൈവത്തോടൊരുമിച്ചു് ഒരു കുടുംബമാണെന്നു് അവിടുന്നു പഠിപ്പിക്കുകയും ചെയ്തു. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന പ്രാർത്ഥന അവിടുന്നു് രാജാക്കന്മാരും, പ്രഭുക്കന്മാരും ദരിദ്രരും ഒരുമിച്ചു് പ്രാർത്ഥിക്കുവാനാണു് ആവശ്യപ്പെട്ടിരിക്കുന്നതു്.

ലോകത്തിലെ ഏററവും വലിയ വിപ്ലവകാരി, വോറ്ട്ടയറോ, റൂസോയോ, മാർക്സോ, എങ്കൽസോ, ലെനിനോ, സ്റ്റാലിനോ, മാവോയോ അല്ല. ലോകം ദർശിച്ചിട്ടുള്ളതിൽ ഏററവും വലിയ വിപ്ലവകാരി ക്രിസ്തുനാഥനാണ്. മറെറല്ലാ വിപ്ലവ പ്രസ്ഥാനങ്ങളുടെയും പ്രണേതാക്കൾ കാലയവനികക്കുള്ളിൽ തിരോധാനം ചെയ്യുമ്പോൾ അവരുടെ വിപ്ലവ പ്രസ്ഥാനങ്ങളും നശിച്ച് നാമാവശേഷമാകും. വെറും ചരിത്രവസ്തുതയായിമാത്രം അവശേഷിക്കും. കാരണം ആ വിപ്ലവങ്ങൾ വിദ്വേഷത്തിലധിഷ്ഠിതമാണ്. എന്നാൽ ക്രിസ്തുവിൻെറ വിപ്ളവം ആചന്ദ്രതാരം നിലനില്ക്കും. അവിടുത്തെ വിപ്ളവകാഹളം "നിന്നെപ്പോലെ തന്നെ നിൻെറ അയൽക്കാരനെയും സ്നേഹിക്കുക" എന്നതാണ്. ഈ വിപ്ളവത്തിൽ ലോകത്തെ മുഴവൻ ആശ്ലേഷിക്കാനുള്ള ആഹ്വാനമാണ് മിശിഹാ ഓരോ ക്രിസ്ത്യാനിക്കും നൽകിയിട്ടുള്ളത്. അതിൽ ക്രിസ്ത്യാനികൾക്കുണ്ടായ പരാജയമാണ് ഇന്ന് ലോകത്തിൽ കാണുന്ന സകല അസ്വസ്ഥതകൾക്കും നിദാനം.

ഈശോയോട് ഒരു നിയമജ്ഞൻ നിയമത്തിൽ ഏതാണ് ഏററവും വലിയ കല്പന എന്ന് ചോദിച്ചപ്പോൾ "നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണ ഹൃദയത്തോടും, നിൻെറ പൂർണ്ണാത്മാവോടും, നിൻെറ സർവ്വശക്തിയോടും, നിൻെറ പൂർണ്ണ മനസ്സോടുംകൂടിയും സ്നേഹിക്കണം എന്നതു തന്നെ. ഇതാകുന്നു പ്രധാനവും പ്രഥമവുമായ കല്പന. ഇതിനു സദൃശമായ രണ്ടാമത്തേതു "നിന്നെപ്പോലെ നിൻെറ അയൽക്കാരനെയും സ്നേഹിക്കണം" എന്നാണ്. ഈ രണ്ടു കല്പ

നകളിൽ നിയമവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു (വി. മത്തായി 22. 37-40). ദൈവസ്നേഹത്തിന്ന് തുല്യമായ ഒരു സ്ഥാനമാണ് മിശിഹാ സഹോദരസ്നേഹത്തിനു നൽകിയിട്ടുള്ളത്. വീണ്ടും അന്ത്യഭോജനാനന്തരം ശിഷ്യരോട് ചെയ്ത ഹൃദയാവർജ്ജകമായ സംഭാഷണത്തിൽ അവിടുന്ന് അരുളിച്ചെയ്തു: "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും അന്യോന്യം സ്നേഹിക്കുവിൻ. നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടെങ്കിൽ അതുകൊണ്ട് നിങ്ങൾ എൻെറ ശിഷ്യരാകുന്നുവെന്ന് എല്ലാവരും അറിയും (വി. യോ. 13. 34-35). ഒരു ക്രിസ്ത്യാനിയെ തിരിച്ചറിയുന്നതിനുള്ള യഥാർത്ഥ ലക്ഷണം പരസ്നേഹമാണ്. വരപ്രസാദത്തിൽ ജീവിക്കുന്നവരാണ് ക്രിസ്തുവിൻെറ ശിഷ്യർ. അവരിൽ യഥാർത്ഥ പരസ്നേഹവുമുണ്ടായിരിക്കും. മിശിഹാ ഏററവും പ്രാധാന്യം കൊടുത്തത് പരസ്നേഹത്തിനാണ്. എന്നാൽ ഇന്ന് ക്രിസ്ത്യാനികളിൽ പലരും ഏററവും അവഗണിച്ചിരിക്കുന്നതും ഇതല്ലയോ എന്നു തോന്നിപ്പോകുന്നു.

ആദിമ ക്രിസ്ത്യാനികളെക്കുറിച്ച് അക്രൈസ്തവരും മതമർദ്ദകനായ നീറോപോലും പറഞ്ഞിരുന്നതു നോക്കണം: 'ഈ ക്രിസ്ത്യാനികൾ എത്രയധികം പരസ്പരം സ്നേഹിക്കുന്നു'വെന്നായിരുന്നു. വിശ്വസിച്ചിരുന്നവർക്ക് ഏക ഹൃദയവും ഏകാത്മാവുമായിരുന്നു എന്ന് ശ്ലീഹന്മാരുടെ നടപടിയിൽ നാം കാണുന്നു (നടപടി. 2. 44-46). വി. ആഗുസ്തിനോസ് ഈ വാക്കുകൾ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നത് ഒരു ക്രിസ്തീയ സ

മൂഹാം ക്രിസ്തീയമെന്ന സംജ്ഞക്കർഹമാകുന്നമെങ്കിൽ അവരുടെ ഇടയിൽ ഇതുപോലുള്ള ഒരു മനോഭാവമുണ്ടായിരിക്കണമെന്നാണ്. വി യോഹന്നാന്റെ വാക്കുകളും ശ്രദ്ധേയമത്രെ "ഒരുവൻ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു് പറയുകയും തന്റെ സഹോദരനെ ദ്വേഷിക്കുകയും ചെയ്യുന്നു എങ്കിൽ അവൻ വ്യാജം പറയുന്നവനാകുന്നു. കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാതിരിക്കുന്നവനു് കാണപ്പെടാത്തവനായ ദൈവത്തെ സ്നേഹിക്കുവാൻ എങ്ങനെ കഴിയും? (1 യോ IV, 20) നമ്മിലുള്ള യഥാർത്ഥ ദൈവസ്നേഹത്തിന്റെ ലക്ഷണം പരസ്നേഹമാണ് ഇന്നത്തെ കത്തോലിക്കരിൽ പലരും കരുതുന്നതു് സഹോദരങ്ങളെ സ്നേഹിക്കാതെ തന്നെ ദൈവത്തെ സ്നേഹിക്കാമെന്നാണ്.

ആധുനിക വേദശാസ്ത്രജ്ഞന്മാരുടെ അഭിമതം നാം നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കുമ്പോൾ മാത്രമാണ് ദൈവത്തെ കണ്ടെത്തുന്നതു് എന്നാണ്. അതിനാൽ, സഹോദരങ്ങൾ ദൈവവുമായിട്ട് നമ്മെ ഐക്യപ്പെടുത്തുന്ന ഒരു കൂദാശയാണ്. ക്രിസ്തുനാഥൻ അരുളിചെയ്യുന്നുണ്ടല്ലോ. "ചെറിയവരായ എന്റെ ഈ സഹോദരന്മാരിൽ ഒരുത്തനു് നിങ്ങൾ ചെയ്തപ്പോഴെല്ലാം എനിക്ക് തന്നെയാണ് ചെയ്തതു് എന്നു് ഞാൻ സത്യമായി നിങ്ങളോട്ട് പറയുന്നു". (വി. മത്തായി. XXV. 40) അതിനാൽ, സഹോദരങ്ങളിൽ ക്രിസ്തുവിനെ തന്നെ ദർശിച്ച് അവരെ സ്നേഹിക്കുകയാണ് മിശിഹാ നമുക്ക് നല്കുന്ന വിപ്ലവാത്മകവും വിശേഷോത്തരവുമായ ആദർശം. അസ്തിത്വവാദതാത്വികനായ ഗബ്രിയേൽ മാഴ്സൽ ദൈവാസ്തിത്വത്തിനുള്ള തെളിവായി നല്കുന്നതു് മനുഷ്യനു് മററുള്ളവരെ സ്നേഹിക്കുവാനുള്ള പ്രവണതയാണ്. എന്നാൽ ഈ ലോകത്തിൽ നമ്മുടെ സ്നേഹം നശ്വരമായതിനാൽ

അനശ്വരമായ ഒരു സ്നേഹം ഉണ്ടായേ മതിയാവൂ. ദൈവത്തെയും സഹോദരങ്ങളെയും സ്നേഹപൂർവ്വം അഭിമുഖീകരിക്കുമ്പോഴാണ് (enconnter) നമ്മുടെ ശരിയായ അസ്തിത്വം (awthentic existence) നാം പ്രാപിക്കുന്നത് എന്ന് മാർട്ടിൻ ബൂബർ എന്ന യഹൂദ താത്വികനും അഭിപ്രായപ്പെടുന്നു. മിശിഹാ ഒരു പുതിയ കല്പന എന്ന് പറയുന്നതിനുള്ള കാരണമെന്താണ്? സ്നേഹത്തിന്റെ വിധത്തിലും വ്യാപ്തിയിലും നവീനത്വമുണ്ട്. പരിത്യാഗപൂർണ്ണമായ സാർവ്വത്രികസ്നേഹമാണ് ഈശോ ഉപദേശിച്ചിട്ടുള്ളത്,

മററുള്ളവരുടെ നന്മ അഭിലഷിക്കുന്നതിലാണ് സ്നേഹം. അത് നമ്മെ ദൈവത്തോടും സഹോദരങ്ങളോടും ഐക്യപ്പെടുത്തുന്നു. നാം വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും സ്നേഹമുള്ളവരായിരിക്കണം. സഹോദരങ്ങളുടെ നന്മ നമ്മുടെ തന്നെ നന്മയായിക്കാണണം, അവരുടെ യാതനകൾ നമ്മുടേതും. കേവലം വൈകാരികമോ, (erotic) സ്നേഹമോ, മനുഷ്യ പ്രേമാത്മകവാദമൊ (Philanthrophism) അല്ല യഥാർത്ഥസ്നേഹം. ദൈവത്തെ പ്രതി ക്രിസ്തുവിനെ തന്നെ സഹോദരങ്ങളിൽ ദർശിച്ച് അവരെ സ്നേഹിക്കണം. "സ്നേഹം ദീർഘശാന്തതയുള്ളതും, ദയയുള്ളതുമാകുന്നു. സ്നേഹം അസൂയപ്പെടുന്നില്ല, സ്നേഹം കലഹിക്കുന്നില്ല, അഹങ്കരിക്കുന്നില്ല, അതു് ലജ്ജാവഹമായതു് പ്രവർത്തിക്കുന്നില്ല, തൻകാര്യം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, തിന്മയായവിട്ടുള്ളതു് വിചാരിക്കുന്നില്ല, അതു് അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. അതു് സകലവും സഹിക്കുന്നു. സകലവും വിശ്വസിക്കുന്നു. സകലവും പ്രതീക്ഷിക്കുന്നു. സകലവും അനുഭവിക്കുന്നു. 1, കോ, XIII. 4-7 എന്നിപ്രകാരം വി. പൗലോ

സ്സ് അപ്പസ്തോലൻ സ്നേഹത്തിൻെറ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്നു. സ്നേഹം, സാന്നിദ്ധ്യം, സാമീപ്യം, സാരൂപ്യം എന്നീ പദവികൾ കഴിഞ്ഞു പരിപൂർണ്ണമായ സായൂജ്യത്തിൽ എത്തിച്ചേരുന്നു. "Idem velle et nolle." ഒരാൾ ആഗ്രഹിക്കുന്നതും വെറുക്കുന്നതും അപരൻ ആഗ്രഹിക്കുകയും വെറുക്കുകയും ചെയ്യും. "സന്തോഷിക്കുന്നവരോട്ട് കൂടി സന്തോഷിക്കുവിൻ, കരയുന്നവരോട്ട കൂടി കരയുവിൻ". (റോമ്മ XII. 15) എല്ലാവരേയും രക്ഷിക്കേണ്ടതിന്ന് ഞാൻ എല്ലാ മനുഷ്യർക്കും എല്ലാമായി (1. കോ. IX. 22) ഈശോ നമ്മെ രക്ഷിക്കുവാനായി ലോകത്തിലേയ്ക്കു് വന്നു് നമ്മോട്ട് താദാത്മ്യം പ്രാപിച്ചു. ഇതുപോലെയാണു് നാമും മററുള്ളവരോട്ട് പ്രവർത്തിക്കേണ്ടതു്. "സ്നേഹമാണഖിലസാരമൂഴിയിൽ" എന്നു് മഹാകവി കുമാരനാശാൻ പാടിയിരിക്കുന്നതു് തികച്ചും ശരിയാണു്. Those who have a burning love or hatrid can change leed world for better or worst. (1) ഉജ്ജ്വലിക്കുന്ന സ്നേഹമോ, അഥവാ, വിദ്വേഷമോ ഉള്ളവർക്കു മാത്രമേ ലോകത്തിൽ നന്മയ്ക്കോ, തിന്മയ്ക്കോ. ആയിട്ടുള്ള പരിവർത്തനം ഉളവാക്കുവാൻ സാധിക്കും എന്നു് ഫാ. ജെയിംസ് കെല്ലർ പ്രസ്താവിച്ചിട്ടുണ്ട്. കമ്യൂണിസ്റ്റുകൾക്കു് വിദ്വേഷമുണ്ട്, അതിനാൽ അവർ ലോകത്തിൽ പരിവർത്തനമുളവാക്കുന്നുണ്ട്. എന്നാൽ അതു് തിന്മയ്ക്കായിട്ടുള്ളതാണു്. കത്തോലിക്കർക്ക് വേണ്ടത്ര സ്നേഹമില്ല. ഉണ്ടായിരുന്നെങ്കിൽ അവർക്ക് ലോകത്തിൽ നന്മക്കായിട്ടുള്ള പരിവർത്തനമുളവാക്കുവാൻ സാധിക്കുമായിരുന്നു.

ചൈനയിൽ ആസെച്ചി എന്ന ഒരു ബാലിക പന്ത്രണ്ടാമത്തെ വയസ്സിൽ കുഷ്ഠരോഗ ബാധിതയായി. അ

(1) Rev Fr James Keller You can change the world P 36

വൾ ഒരു ഗ്രാമത്തിൽ നിന്നും മറെറാരു ഗ്രാമത്തിലേയ്ക്കു് അലഞ്ഞു് തിരിഞ്ഞു് നടന്നിരുന്നു. പലരും അവളെ ഉപദ്രവിക്കുക പതിവാണു്. ഒരു ദിവസം ഒരു ഗ്രാമത്തിൽ അവൾ ചെന്നപ്പോൾ ആ ഗ്രാമവാസികൾ അവളെ അടിക്കുകയും എറിഞ്ഞു് വിഴ്ത്തുകയും ചെയ്തു. അപ്പോൾ ഒരു കത്തോലിക്കാ വൈദികൻ ആ വഴിയെ കടന്നുപോയി അദ്ദേഹം ആ ബാലികയെ പിടിച്ചു് എഴുന്നേല്പിച്ചു് അടുത്തു് കന്യാസ്ത്രീകൾ നടത്തിക്കൊണ്ടിരുന്ന ഒരു കുഷ്ഠരോഗ സങ്കേതത്തിലാക്കി. അവൾക്കു് അവിടെ സ്നേഹം ലഭിച്ചു. അതു് അവളുടെ ജീവിതത്തിൽ സമൂലമായ ഒരു പരിവർത്തനമുളവാക്കി. അവൾ സന്തുഷ്ടവദനയായി ഒരു വാനമ്പാടിയെപ്പോലെ ആ കുഷ്ഠരോഗ സങ്കേതത്തിൽ ഓടിനടന്നു് അവിടെ ഉണ്ടായിരുന്ന കുഷ്ഠരോഗികളെ സഹായിച്ചിരുന്നു. അവളുടെ അവിടത്തെ സാന്നിദ്ധ്യം നരകതുല്യമായ ആ കുഷ്ഠരോഗ സങ്കേതത്തെ ഒരു സ്വർഗ്ഗമാക്കി പകർത്തി മൂന്നു വർഷം കഴിഞ്ഞപ്പോൾ അവൾ മരണമടഞ്ഞു. അവൾ മരിച്ചപ്പോൾ ആ കുഷ്ഠരോഗ സങ്കേതത്തിലുണ്ടായിരുന്നവർ ഇപ്രകാരം വ്യസനപൂർവ്വം പറഞ്ഞു "ഞങ്ങളുടെ ചെറിയ സ്വർഗ്ഗം സ്വർഗ്ഗത്തിലേയ്ക്കു് പോയി" (7) യഥാർത്ഥ ക്രിസ്തീയ പരസ്നേഹം നമുക്കുണ്ടെങ്കിൽ നരകത്തെയും സ്വർഗ്ഗ തുല്യമാക്കാം

സംസാരത്തിലും സ്നേഹമുള്ളവരായിരിക്കണം. മററുള്ളവരുടെ അഭിമാനത്തിനോ സൽക്കീർത്തിക്കോ കളങ്കം വരുത്തുകയോ, ഹൃദയ വേദന ഉളവാക്കുകയോ ചെയ്യുന്ന രീതിയിൽ സംസാരിക്കുന്നതിനു് ഇടയാക്കരുതു്. എല്ലാവരും അവരുടെ അഭിമാനം ജീവനെപ്പോലെ തന്നെ

(2) Rev. Fr. James. Keller. You can change the world P 36

വില മതിക്കുന്നതാണ്. അഭിമാന സംരക്ഷണാത്ഥം ജീവിൻഹോമിക്കുന്നതിനു പോലും ചിലർ സന്നദ്ധരാകുന്നുണ്ട് "വചനത്തിൽ തെററാത്ത ഏവനും സ്വന്തം ശരീരം മുഴുവൻ കൂടെയും കീഴ്പ്പെടുത്തുവാൻ സാധിക്കുന്ന പൂണ്ണതയുള്ള മനുഷ്യനാകുന്നു എന്നു് വി യാക്കോബ് ശ്ലീഹാ ഉൽബോധിപ്പിക്കുന്നു" (വി: യാക്കോ III 2) നാം ഒരു വ്യക്തിയെ സംബന്ധിച്ചു് സംസാരിക്കുമ്പോൾ ആ വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ പറയുവാൻ വൈമുഖ്യമുള്ളവ അസാന്നിദ്ധ്യത്തിലും പറയാതിരിക്കുക എന്നതാണു് ആദരണീയം

"ഏഷണിക്കാരനാം പാമ്പിൻ വിഷം വിഷമ
മെത്രയും
കടിക്കുമൊരുവൻ കാതിൽ മരിക്കും മറെറാരുവൻ
തഥാ"

എന്നാണു് ഒരു കവി പാടിയിരിക്കുന്നതു്. കുടുംബങ്ങളിലും സമൂഹത്തിലും സമാധാന ഭംഗത്തിനു് കാരണം സംസാരത്തിൽ സൂക്ഷിക്കാത്തതാണു്. ദാരുണമായ മരണത്തിനു തന്നെ പരദൂഷണം കാരണമാക്കിയിട്ടുണ്ട്

## ശത്രു സേ്നഹം

നാം ശത്രുക്കളെപ്പോലും സേ്നഹിക്കണമെന്നാണു് ഈശോ പഠിപ്പിക്കുന്നതു് "നിൻെറ വലത്തെ ഗണ്ഡത്തു് അടിക്കുന്നവനു് മറെറ ഗണ്ഡവും കൂടി തിരിച്ചു് കാണിച്ചു കൊടുക്കുക. വി. മത്താ V 39 എന്നാൽ ഞാൻ നിങ്ങളോട്ട് പറയുന്നു; നിങ്ങളുടെ ശത്രുക്കളെ സേ്നഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദേ്വഷിക്കുന്നവക്കു് നന്മ ചെയ്യുവിൻ നിങ്ങളെ ബലത്താൽ കൊണ്ടുപോകയും പീഡിപ്പിക്കുകയും ചെയ്യുന്നവക്കു് വേണ്ടി നിങ്ങൾ പ്രാത്ഥിക്കുവിൻ. ഇതു് നിങ്ങൾ ശിഷ്ടന്മാരുടെമേലും, ദുഷ്ടന്മാരുടെമേലും, തൻെറ സൂര്യ

നെ ഉദിപ്പിക്കുകയും, നീതിമാന്മാരുടെ മേലും, നീതികെട്ട വന്മാരുടെ മേലും തൻെറ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ പുത്രന്മാരായിത്തിരേണ്ടതിന് തന്നെ (വി മത്തായി v 44 - 45) നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി അദ്ദേഹത്തിൻെറ അക്രമരാഹിത്യ സിദ്ധാന്തം സ്വീകരിച്ചതു് മിശിഹായുടെ ഗിരിപ്രഭാഷണത്തിൽ നിന്നുമാണു്. ശത്രുക്കളെ സ്നേഹിക്കുമ്പോഴാണു് നാം ദൈവ പുത്രരാകുന്നതു് എന്നാണല്ലൊ ഈശോയുടെ വാക്കുകളുടെ സാരം: സ്നേഹത്തിൻെറ ഏററവും വലിയ പ്രവത്തനം നമ്മെ സ്നേഹിക്കാത്തവരെ സ്നേഹിക്കുകയാണു് എന്നു് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടുന്നു.

Calvary is the price given for the Sermen on the mount (3) കപാല ഗിരിയിലെ കുരിശു് മലയിലെ പ്രസംഗത്തിനു് മിശിഹാ കൊടുത്ത വിലയാണു് എന്നത്രെ മൊൺ. ഷീൻ പ്രസ്താവിക്കുന്നതു്, മിശിഹാ ഗിരിപ്രഭാഷത്തിൽ ശത്രുക്കളെ സ്നേഹിക്കണമെന്നു് പ്രഖ്യാപിച്ചു. കാൽവരിയിലെ കുരിശിൽ തൂങ്ങി കിടക്കുമ്പോൾ അവിടത്തെ ഘാതകന്മാർക്കു വേണ്ടി പ്രാത്ഥിച്ചു കൊണ്ടു് ശത്രുസ്നേഹത്തിൻെറ വിശ്വോത്തരമായ മാതൃക അവിടന്നു് കാണിച്ചു "പിതാവേ, ഇവർ ചെയ്യുന്നതു് എന്തെന്നു് അറിയായ്കകൊണ്ടു് ഇവരോട്ടു് ക്ഷമിക്കണമെന്നു് അരുളിച്ചെയ്തു" (വി ലൂക്കാ XXIII 34) ക്രിസ്തുവിനെ യഥാത്ഥത്തിൽ അനുകരിക്കുന്ന ഒരു ക്രിസ്ത്യാനിയും ഇപ്രകാരം ചെയ്യണം.

"നിങ്ങൾ പരസ്പരം സ്നേഹിക്കുന്നതു കൊണ്ടു് എൻെറ ശിഷ്യരാകുന്നുവെന്നു് ലോകം മനസ്സിലാക്കും എ

(3) Mgr Fulton J Sheen Life of Christ P 71

ന്നു് മിശിഹാ അരുളി ചെയ്തതു് എത്ര അന്വത്ഥമായിരിക്കുന്നു, നീ നിൻെറ ശത്രുവിനെ നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവനെ നിൻെറ സ്നേഹിതനാക്കികൊള്ളുക എന്നു് അബ്രാഹം ലിങ്കനും പ്രസ്താവിക്കുകയുണ്ടായി. സഹോദര സ്നേഹത്തിനു വേണ്ടി ജീവൻ ഹോമിച്ചിട്ടുള്ള അനേകം വിശുദ്ധരെ കത്തോലിക്കാ തിരുസഭയിൽ കാണുവാൻ സാധിക്കും.

ഫ്രഞ്ചു വ്യാഘ്രം എന്നറിയപ്പെട്ടുന്ന ക്ലെമൻസെ ഒരിക്കൽ ഡോംഷത്തോർ എന്ന ആബട്ടിനോട് പറഞ്ഞിട്ടുള്ളതു് ശ്രദ്ധേയമാണു് "വി ഫ്രാൻസിസു് അസീസിയുടെ സിരകളിൽ കൂടി പ്രവഹിച്ചിരുന്ന സ്നേഹത്തിന്റെ ഒരു തുള്ളി രക്തമുള്ള ഒരു കത്തോലിക്കനെ ഈ ഫ്രാൻസിൽ കാണിച്ചു തരിക ഫ്രാൻസിൻെറ പുനരുത്ഥാരണത്തിനു് ഞാൻ നിങ്ങൾക്കു് ഉറപ്പുതരാം കത്തോലിക്കരായ നിങ്ങൾക്കു് പരസ്പരം സ്നേഹിക്കുക എന്ന നിങ്ങളുടെ ഏററവും വലിയ ആയുധം ഉപയോഗിക്കുവാൻ അറിവാമെങ്കിൽ സമുദായം നിങ്ങളുടേതായിരിക്കും ലോകത്തിൽ യാതൊരു സാമൂഹ്യ പ്രശ്നങ്ങളുമുണ്ടായിരിക്കുകയില്ല" ക്രിസ്ത്യാനിയുടെ ഏററവും വലിയ നിയമം സ്നേഹം തന്നെ ക്രിസ്തുമതം സ്നേഹത്തിൻെറ മതമത്രെ സ്നേഹം വഴി നമുക്കു് ക്രിസ്തുവിനോടുള്ള സാരൂപ്യം വദ്ധിക്കും ക്രിസ്തീയ പൂണ്ണത സ്നേഹത്തിൻെറ പൂണ്ണതയാണു് പരസ്നേഹത്തിനെതിരായ ഏററവും വലിയ തിന്മയാണു് ഉതപ്പ് "ഉതപ്പ് കൊടുക്കുന്നവക്കു് ഹാ കഷ്ടം അവന്റെ കഴുത്തിൽ കഴുതയുടെ തിരി കല്ലു കെട്ടിസമുദ്രത്തിൻെറ അഗാധതയിൽ എറിയപ്പെട്ടിരുന്നെങ്കിൽ അവനു നന്നായിരുന്നു" (വി മത്തായി XVIII 6-7 ) എന്നാണല്ലൊ ദിവ്യ ഗുരു അരുളി ചെയ്തിട്ടുള്ളതു്.

## അദ്ധ്യായം. 30

# ഓരോരുത്തക്കും അർഹമായതു് കൊടുക്കുക.

ഒരു മനുഷ്യൻെറ മററുള്ളവരോടുള്ള പെരുമാററത്തെ നിയന്ത്രിക്കുന്നതിനു് രണ്ടു് സുകൃതങ്ങൾ ആവശ്യമാണെന്നു് വി. തോമസ്സ് അക്വിനാസ്സ് അഭിപ്രായപ്പെടുന്നു അവ സ്നേഹവും നീതിയുമാണു്. ഓരോരുത്തക്കും അർഹമായതു് നല്കുക എന്നതാണു് നീതി. പിശാചിനു പോലും അവൻെറ വിഹിതം കൊടുക്കുകഎന്ന ചൊല്ലുണ്ടല്ലോ നീതി സ്നേഹത്താൽ മൃദുലമാക്കപ്പെടണമെന്നും വി. തോമസ്സ് അക്വിനാസ്സ് പറയുന്നു.

നീതി പല തരത്തിലുണ്ടു്. ദൈവത്തിനു് നല്കേണ്ട ആരാധനയും മേലധികാരികളോടും മാതാപിതാക്കന്മാരോടും പ്രദശിപ്പിക്കേണ്ട ബഹുമാനവും, അനുസരണവും നീതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. പരസ്പരം കൊടുക്കൽ വാങ്ങലിൽ പാലിക്കേണ്ട നീതി. (commutatine Iustice) പൂണ്ണമായി നമ്മെ കടപ്പെടുത്തുന്നു. ആരോടെങ്കിലും കടം വാങ്ങിക്കുകയോ, വായ്പ വാങ്ങിച്ചു് ഉപയോഗിക്കുകയോ ചെയ്താൽ അതു് കൃത്യമായി തിരിച്ചു കൊടുക്കണം. അല്ലെങ്കിൽ ഉത്തരിപ്പും് കടമുണ്ടല്ലോ. പാപസങ്കീത്തനം കൊണ്ടുമാത്രം അതിൽനിന്നും മോചനം പ്രാപിക്കുകയില്ല. മററുള്ളവരുടെ മുതൽ നമ്മുടെ കൈവശം വന്നു ചേന്നാൽ അതു് ഉടമസ്ഥൻെറ പക്കലേയ്ക്കു്

നിലവിളിക്കം എന്നാണ് നീതി ശാസ്ത്രം അനുശാസിക്കുന്നതു്. ഒരുവനും മററുള്ളവരുടെ മുതൽ അന്യായമായി എടുത്തു് സമ്പന്നനായിക്കൂടാ, മററുള്ളവരുടെ മുതൽ എത്ര നിസ്സാരമാണെങ്കിലും നാം അതു് അഭിലഷിക്കരുതു്. കളവു്, വഞ്ചന, കൈക്കൂലി, അക്രമം അഴിമതി എന്നീ മാർഗ്ഗങ്ങളിലൂടെ സമ്പാദിക്കുന്ന സമ്പത്തു് ശാശ്വതമായിരിക്കുകയില്ല. നാം മററുള്ളവർക്കു് സാമ്പത്തികനാശം വരുത്തിയാൽ അതിനും നഷ്ടപരിഹാരം ചെയ്യണം.

അധികാരികൾ അധീനരോടുള്ള വർത്തനത്തിൽ വിതരണ നീതി (Distributive Justice) പാലിക്കേണ്ടതത്രെ. ഉപഭോക്തൃ വിഭവങ്ങളുടെ വിതരണത്തിലും, ഉദ്യോഗം, സഹായം, സ്ഥാനമാനങ്ങൾ എന്നിവ നല്കുന്നതിലും അധികാരികൾ സമഭാവന പുലർത്തേണ്ടതാണു്. രാഷ്ട്രീയാധികാരികൾ പലപ്പോഴും പക്ഷപാതപരമായും, അനീതിയായും പെരുമാറുന്നുണ്ടു്. നിയമത്തിൻെറ മുമ്പിൽ പൗരന്മാർക്കു് സമത്വം (Legal Justice) നല്കണം.

## സാമൂഹ്യനീതി.

ഇന്നത്തെ ഏററവും വലിയ പ്രശ്നം തൊഴിലാളി മുതലാളി പ്രശ്നമാണല്ലൊ, സാമൂഹ്യനീതി പുലത്തുന്ന കാര്യത്തിൽ എല്ലാവരും ഉത്സുകരാകണം. കത്തോലിക്കാ സഭ മുതലാളികളുടെ പക്ഷത്താണെന്നു് പലരും സഭാ മാതാവിനെതിരായി ആരോപണം ഉന്നയിക്കാറുണ്ടു്. തൊഴിലാളി വർഗ്ഗത്തിനു് അപ്രകാരം ഒരു ധാരണ ഉളവായതിൻെറ ഫലമായി അനേകം തൊഴിലാളികൾ സഭാ മാതാവിനെ പരിത്യജിച്ചു. എന്നാൽ തിരുസഭാ എക്കാലത്തും തൊഴിലാളിയുടെയും മുതലാളിയുടെയും മാതാവായിട്ടാണു് വർത്തിച്ചിട്ടുള്ളതു്, ഏററവും കുറച്ചു്

വേല ചെയ്ത് കൂടുതൽ കൂലി വാങ്ങണമെന്ന് കരുതുന്ന തൊഴിലാളിയേയും, ഏററവും കുറഞ്ഞ വേതനം കൊടുത്തു കൂടുതൽ വേല ചെയ്യിക്കണമെന്നാഗ്രഹിക്കുന്ന മുതലാളിയേയും സഭ അവരുടെ ചുമതലകൾ എന്നും അനുസ്മരിപ്പിച്ചിട്ടുണ്ട്. അമർത്ത്യ സ്മരണാർഹനായ ലെയോ പതിമൂന്നാമൻ തിരുമനസ്സിലെ റേരും നൊവാരും (Rerum Novarum). പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ക്വാദ്രജേസിമോ ആന്നോ (Quadragessimo Anno) പാവനചരിതനായ ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ തിരുമനസ്സിലെ മാതാവും ഗുരുനാഥയും (Mater at Magistra) എന്നീ വിശ്വലേഖനങ്ങളിലൂടെ സഭാ മാതാവ് തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. സാമൂഹ്യവൽക്കരണം ( Socialization ) കുടുംബവേതനം മുതലായവ അതിൽ പ്രാധാന്യമർഹിക്കുന്നു.

കമ്യൂണിസം മനുഷ്യൻെറ വ്യക്തി മഹാത്മ്യത്തെയും, മൗലികാവകാശങ്ങളെയും നിഹനിച്ചുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പരിശ്രമിക്കുമ്പോൾ കത്തോലിക്കാതിരുസഭ മനുഷ്യൻെറ വ്യക്തി മഹാത്മ്യത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടു, മൗലികാവകാശങ്ങളെ മാനിച്ചുകൊണ്ടുമാണ് സാമൂഹ്യനീതി പാലിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതു്, തലവേദനയ്ക്കു് തല വെട്ടിക്കളഞ്ഞു് പരിഹാരം കാണുന്നതുപോലുള്ള മാർഗ്ഗം കമ്യൂണിസം നിർദ്ദേശിക്കുമ്പോൾ തലവേദനയുടെ മൂലകാരണം കണ്ടുപിടിച്ച് അതിനു് ഔഷധങ്ങൾ നിർദ്ദേശിക്കുന്ന രീതി സഭ അവലംബിക്കുന്നു, സഭയുടെ സാമൂഹ്യസിദ്ധാന്തമെന്താണെന്ന് കത്തോലിക്കർ പോലും വേണ്ട വിധത്തിൽ മനസ്സിലാക്കി അതു് പ്രാവർത്തികമാക്കുന്നില്ല. പ്രസ്തുത തത്വങ്ങൾ പ്രാവർത്തികമാക്കുകയും

പ്രചരിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രഥമ കടമ അല്മേയരുടേതാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസ് "സഭ ആധുനികയുഗത്തിൽ എന്ന ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുള്ളത് ഇപ്രകാരമത്രെ. ഭൂമിയും അതിലെ സകല വിഭവങ്ങളും എല്ലാ മനുഷ്യരുടെയും, ജനപദങ്ങളുടെയും ഉപയോഗത്തിനുവേണ്ടിയായിരിക്കണമെന്നു് ദൈവം നിശ്ചയിച്ചു. അതിനാൽ എല്ലാ മനുഷ്യരും നീതിയോടും, സാഹോദര്യത്തോടും കൂടി പ്രവർത്തിക്കുമെങ്കിൽ സൃഷ്ടിക്കപ്പെട്ട വസ്തുക്കൾ ഏവർക്കും ന്യായമായ തോതിൽ ലഭിക്കാനിടയാകും." (1)

ലോകത്തിൽ ന്യൂനപക്ഷം മാത്രം രമ്യഹർമ്മ്യങ്ങളിൽ സുഖസുഷുപ്തിയിൽ ലയിച്ചു ഒരു ജീവിതം നയിക്കുമ്പോൾ ഭൂരിപക്ഷം ജനങ്ങളും പട്ടിണിയിലും പരിവട്ടത്തിലും കഴിയുന്നതിനു നേരെ കണ്ണടയ്ക്കുന്നവരുടെ ക്രിസ്തീയതത്വത്തിൽ എന്തോ തകരാറുണ്ട്. അവർ നാമമാത്ര ക്രിസ്ത്യാനികളായിരിക്കും. സമ്പന്ന രാജ്യങ്ങൾ അവികസിത രാജ്യങ്ങളെ സാമ്പത്തിക സാങ്കേതിക രംഗങ്ങളിൽ സഹായിക്കേണ്ടതിന്റെ ആവശ്യകത 'മാതാവും, ഗുരുനാഥയും,' 'ഭൂമിയിൽ സമാധാനം,' 'ജനതകളുടെ പുരോഗമനം,' എന്നീ വിശ്വലേഖനങ്ങളിലും 'സഭ ആധുനികയുഗത്തിൽ' എന്ന ഡിക്രിയിലും പ്രഖ്യാപിച്ചിട്ടുണ്ട്. (2) കമ്യൂണിസ്റ്റുകൾ സാധുക്കളുടെ സംരക്ഷകരാണെന്നു് ഒരു ധാരണകൊടുക്കുവാൻ അവർക്കു് കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ സഭയുടേതായിരുന്ന ആ കർത്തവ്യം ഇന്നു് അവർ കൈയ്യടക്കിയതായി തോന്നും എന്നു് വത്തിക്കാൻ

(1) രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ സഭ ആധുനികയുഗത്തിൽ No. 69.

(2) Hid. No: 85

സൂനഹദോസിൻ പിതാക്കന്മാർ ചെയ്ത പ്രഭാഷണങ്ങളിൽ മുഴങ്ങിക്കേട്ടു. കമ്യൂണിസ്റ്റുകൾ യഥാർത്ഥത്തിൽ ദരിദ്രരെ സ്നേഹിക്കുന്നില്ലെങ്കിലും അപ്രകാരമൊരു ധാരണ കൊടുക്കുന്നതിൽ അവർ വിജയിച്ചിട്ടുണ്ട്. നീതിയുടെ പരിണതഫലമാണ് സമാധാനം എന്ന സംഗതി നാം അനുസ്മരിക്കേണ്ടതാണ്.

സംസാരത്തിലും, പ്രവർത്തനത്തിലും സത്യസന്ധത പാലിക്കേണ്ടതും എല്ലാവരുടേയും ചുമതലയാണ്. സത്യസന്ധതയില്ലാത്ത വ്യാപാര വ്യവസായ രംഗങ്ങളും മററും ഇന്നു് സാമൂഹ്യജീവിതത്തിനു് ഭീഷണിയാണ്. പരസ്പരവിശ്വാസത്തോടും സ്നേഹത്തോടും കൂടി മുമ്പോട്ടു പോകണമെങ്കിൽ സത്യസന്ധത ആവശ്യമാണ്. 'സത്യധർമ്മാദി വെടിഞ്ഞിടിന പുരുഷനെ ക്രുദ്ധനാം സർപ്പത്തെക്കാളേററം ഭയപ്പെടണം.' എന്നു് ഒരു കവി പാടിയിട്ടുണ്ടല്ലോ. വ്യാജം പറയുക ദൈവം നമുക്കു് നല്കിയിരിക്കുന്ന സംസാരശക്തിയുടെ ഒരു ദുരുപയോഗമാണ്. സത്യം അറിയുന്നതിനുള്ള നമ്മുടെ സഹോദരന്റെ അവകാശത്തിന്മേലുള്ള ഒരു കയ്യേററമാണ്. സാമൂഹ്യജീവിതം തന്നെ അപ്പോൾ അസാദ്ധ്യമായിത്തീരും. പരസ്പര വിശ്വാസമില്ലാത്ത ഒരു സമൂഹത്തിൽ ജീവിക്കുക എത്ര ദുഷ്കരം.

## രാഷ്ട്രത്തോടുള്ള ചുമതല.

ഒരു ക്രൈസ്തവനു് രാഷ്ട്രത്തോടും ചില കടമകളെല്ലാമുണ്ടു്. "മനുഷ്യന്റെ മൗലികാവകാശങ്ങളെ സംരക്ഷിക്കുന്ന ഏതു് ഭരണസമ്പ്രദായത്തെയും സഭ അംഗീകരിക്കുന്നതാണ്." (3) എന്നു് ശാശ്വത സ്മരണാർഹനായ

(3) Pope Leo XIII. Ency Immortale Dei.

ലെയോ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രഖ്യാപിക്കുക യുണ്ടായി. ഉത്തമ കത്തോലിക്കൻ ഉത്തമപൗരനും കൂടിയായിരിക്കും എന്നു് പ. പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തു.

രാജ്യക്ഷേമത്തിനായുള്ള സഹകരണമാണു് പൂർണ്ണമായ അർത്ഥത്തിൽ രാഷ്ട്രീയം. എന്നാൽ രാജ്യത്തോടും സഹപൗരന്മാരോടുമുള്ള സ്നേഹം ഇന്നത്തെ രാഷ്ട്രീയക്കാരിൽ സാമാന്യേന കാണുന്നില്ല. കത്തോലിക്കരെങ്കിലും ക്രിസ്തീയമായ ആദർശങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിച്ചാൽ നിർണ്ണായകമായ സ്വാധീനം, രാഷ്ട്രീയ, സാമൂഹ്യ, സംസ്കാരിക മണ്ഡലങ്ങളിൽ ചെലുത്തുവാൻ സാധിക്കും. യുഗപ്രഭാവവാനായ കെന്നഡി, ജനറൽ ഡിഗാളെ റോബട്ട് കെന്നഡി മുതലായി വിശ്വപ്രശസ്തിയാർജ്ജിച്ച ഉത്തമ കത്തോലിക്കാ നേതാക്കളുണ്ടായിരുന്നു. ഹില്ലയർ ബെല്ലക്കു്, കൊൺട്രാഡു് അഡനോവർ കെന്നഡി സിഗാളേ റോബട്ട് കെന്നഡി മുതലായവർ കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനം കൊണ്ടവരാണു്. ഒരു കത്തോലിക്കൻെറ രാഷ്ട്രമീമാംസയുടെ അടിസ്ഥാനതത്വം സീസറിൻേറതു് സീസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുക്കുക എന്നതാണെന്നു് "മിശിഹാ അരുളിച്ചെയ്തിട്ടുണ്ടു്. അതിനാൽ കത്തോലിക്കർ അടിയുറച്ച ആദർശനിഷ്ഠയോടും രാഷ്ട്രീയ പ്രബുദ്ധതയോടും കൂടി രാജ്യ നന്മക്കായി പ്രവർത്തിക്കണം. രാജ്യത്തിൻെറ പരമാധിപത്യവും സ്വാതന്ത്ര്യവും, സംരക്ഷിക്കുന്നതിനും, സാമ്പത്തികവും, സാമൂഹ്യവും, സംസ്കാരികവും ആദ്ധ്യാത്മികവുമായ ഉൽക്കർഷത്തിനുവേണ്ടി നിലകൊള്ളേണ്ടതുതാണു്.

പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പ, നീതിയും സമാധാനവും" എന്ന അഭിധാനത്തിൽ നീതിയും സമാധാനവും എന്ന കമ്മീഷൻെറ അദ്ധ്യക്ഷൻ ക്യുബക്കിലെ കർദ്ദിനാളിനു് 1971-ഏപ്രിൽ മാസത്തിൽ അയച്ച ശ്ലൈഹിക ലേഖനത്തിൽ ഇന്നത്തെ ലോകത്തിലുള്ള സകല പ്രശ്നങ്ങളെയും കണക്കിലെടുത്തു അതു് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്, ക്രിസ്തീയമായ വീക്ഷണത്തിൽ ഇന്നത്തെ പ്രശ്നങ്ങളെ കാണുവാനും വിധിക്കുവാനും ഓരോ ക്രിസ്ത്യാനിക്കും കഴിയണം: ഞാൻ ഒരു കത്തോലിക്കനല്ലായിരുന്നെങ്കിൽ ഒരു കമ്യൂണിസ്റ്റുകാരനാകുമായിരുന്നു എന്നു് ഒരു ബ്രിട്ടീഷ് പാർലമെൻറു് മെമ്പർ ഒരിക്കൽ പ്രസ്താവിച്ചു, ഇന്നത്തെ പ്രശ്നപരിഹാരത്തിനു് കമ്യൂണിസ്റ്റു് ആദർശം സ്വീകരിക്കാതെ തന്നെ കത്തോലിക്കനു് ശരിയായി പ്രവർത്തിക്കാം.

## അദ്ധ്യായം 31

# പ. കന്യകമറിയത്തിന്ന് ക്രിസ്തീയ ജീവിതത്തിലുള്ള സ്ഥാനം

ഇസ്രായേൽ ജനതയെ അസിറിയൻ നേതാവായ ഒലഫർണസ് ആക്രമിച്ചപ്പോൾ ജൂഡിത്ത് എന്ന ഒരു വനിത ഇസ്രായേൽ ജനതയെ രക്ഷിച്ചു. ഇസ്രായേൽ ജനത ബാബിലോണിയൻ അടിമത്വത്തിലായിരുന്ന കാലത്ത് അസുവേരുസ് രാജാവിന്റെ ഭാര്യ എസ്തേർ എന്ന ഒരു യഹൂദ വനിതയായിരുന്നു. വഞ്ചകനായ നാമാന്റെ കുടിലതന്ത്രങ്ങളിൽനിന്നും എസ്തേർഇസ്രായേൽ ജനതയെരക്ഷിച്ചതായി നാം കാണുന്നു. ഈ ജൂഡിത്തും എസ്തേറും ലോകപരിത്രാതാവായ മിശിഹായുടെ മാതാവിന്റെ പ്രതിഛായകളാണ്. പ. കന്യകമറിയം നമ്മെ പൈശാചികപാരതന്ത്ര്യത്തിൽ നിന്നും രക്ഷിക്കുന്നതിനായി അവളുടെ ദിവ്യ സുതനോട്ട് സഹകരിച്ചു.

ദിവ്യ ജനനിക്ക് പരിത്രാണന കർമ്മത്തിലുള്ള സ്ഥാനമെന്താണെന്ന് വ്യക്തമായി മനസ്സിലാക്കിയാൽ മാത്രമേ അവളുടെ നേരെ ശരിയായിട്ടുള്ള ഒരു ഭക്തി നമുക്കുണ്ടാവുകയുള്ളു. മറിയം ദൈവമാതാവാണെന്നുള്ളതാണ് അവളുടെ മഹത്വത്തിന്റെ എല്ലാം നിദാനം. അതിനാൽ, അവൾ മറെറല്ലാ സൃഷ്ടികളിലും ഉന്നതയാണ്. ദിവ്യജനനിയുടെ അമലോത്ഭവം മനുഷ്യ മഹത്വം എ

ന്തിലാണ് അടങ്ങിയിരിക്കുന്നതു് എന്നുള്ളതു് ലോക ത്തോട്ട് പ്രഖ്യാപിക്കുന്നു. പദാത്ഥത്തിൻെറ മഹത്വമല്ല പ്രത്യുതാ അരൂപിയും പദാത്ഥവും തമ്മിലുള്ള സമഞ്ജസ മ്മേളനമാണു് (Caitegration of matter to the realon of Spirit) മനുഷ്യനെ ധന്യനാക്കുന്നതു്. അവളുടെ സ്വ ർഗ്ഗാരോപണവും ആധുനിക ഭൗതികവാദത്തിനെതിരാ യിട്ടുള്ള ഒരു വെല്ലുവിളിയും നമ്മുടെ പ്രത്യാശയുമാണു്.

മിശിഹാ നാഥൻ കഴിഞ്ഞാൽ നമ്മുടെ പരിത്രാ ണ കർമ്മത്തിൽ ഏറ്റവും കൂടുതൽ സഹകരിച്ച വ്യക്തി പ. കന്യകമറിയമാണു്. "ദൈവവചനം മനുഷ്യനായി അവതരിക്കണമെന്നു് ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പ. കന്യകമറിയത്തെ ദൈവമാതാ വായി തെരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീ കരണം വഴി അവൾ ലോകത്തിൽ ദിവ്യരക്ഷകൻെറ മാതാവായും അതുല്യമാം വിധം ഉൽകൃഷ്ടയായും, കർത്താ വിൻെറ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു." (1) എന്നു് വത്തിക്കാൻ സൂനഹദോസ് തിരുസഭ എന്ന ഡിക്രിയിൽ പ്രഖ്യാപിച്ചു. പ. കന്യകയുടെ രക്ഷണീ യ ദൗത്യം ഇതുകൊണ്ടും അവസാനിക്കുന്നില്ല. അവൾ ദിവ്യകുമാരനെ വളർത്തുകയും, ദേവാലയത്തിൽ കാഴ്ചവ യ്ക്കുകയും, ബാല്യകാലത്തിൽ ദിവ്യശിശുവിൻെറ രൂപീ കരണത്തിൽ മാതൃസഹജമായ സ്നേഹത്തോടെ ശ്രദ്ധി ക്കുകയും ചെയ്തു. അവിടത്തെ പരസ്യജീവിത കാലത്തു് മിശിഹായോടുകൂടി ശ്രദ്ധേയമായവിധം സഹകരിച്ചു് പ്രവർത്തിച്ചിട്ടുണ്ടു്. സഭാപിതാക്കന്മാർ ഹവ്വായെയും മറി യത്തേയും താരതമ്യപ്പെടുത്തിക്കൊണ്ടു് മരണം ഹാവ്വാ വ ഴിയുംജീവൻ മറിയം വഴിയും എന്നു് പ്രസ്താവിച്ചിട്ടുള്ളതു്.

(1) കൗൺസിൽ പ്രമാണരേഖകൾ. തിരുസഭ VIII. No: 61.

സൂനഹദോസ് അംഗീകരിക്കുന്നു. എല്ലാററിലുമുപരിയായി മരിയാംബിക കാൽവരിയിൽ സ്വപുത്രൻെറ ബലിയിൽ സഹതാപപൂർവ്വം യോജിച്ചുകൊണ്ട് രക്ഷാകരകർമ്മത്തിൽ സഹകരിച്ചു. അപ്രകാരം അവൾ പ്രസാദവരതലത്തിൽ നമ്മുടെ മാതാവായിത്തീർന്നു.

ദൈവാലയത്തിൽവച്ച് പിതാവിനു അവിടത്തെ കാഴ്ചവയ്ക്കുകയും ക്രിസ്തു കുരിശിൽ കിടന്ന് മരിച്ചപ്പോൾ അവിടുത്തെ പീഡകളോട്ട് സ്വയം യോജിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആത്മാക്കൾക്ക് അതിസ്വാഭാവിക ജീവൻ പ്രാപിച്ചു കൊടുക്കാനുള്ള രക്ഷകൻെറ ദൗത്യത്തിൽ അവൾ തൻെറ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവ വഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണ് പ്രസാദവരമണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നതു് (2)

പ. കന്യക സ്വർഗ്ഗാരോഹണത്തിനു ശേഷവും നമ്മുടെ രക്ഷാകരപ്രക്രിയയിൽ പങ്കു വഹിക്കുന്നുണ്ട്. അവൾ നമ്മുടെ ആദ്ധ്യാത്മിക മാതാവായിത്തുടരുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ മൂന്നാമത്തെ സമ്മേളനസമാപനദിനം 1964-നവംബർ 21-ാം തീയതി പ. പിതാവു് പോൾ ആറാമൻ തിരുമനസ്സുകൊണ്ട് മറിയത്തെ സഭയുടെ മാതാവായി പ്രഖ്യാപിച്ചു. രണ്ടായിരത്തി അഞ്ഞൂറോളം മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ, വിമലാംബിക ഫാത്തിമാ ദൗത്യത്തിലാവശ്യപ്പെട്ടിരുന്നതുപോലെ ലോകത്തെ മാതാവിൻെറ വിമല ഹൃദയത്തിനു് സമർപ്പിക്കുകയും ചെയ്തു.

---

(2) Hid:

കൂടാതെ പ. കന്യക സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയുമാണ്, സഭാപിതാക്കന്മാരും വേദശാസ്ത്രജ്ഞന്മാരും മാർപ്പാപ്പാമാരും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട് വത്തിക്കാൻ സൂനഹദോസും ഇതു് അംഗീകരിച്ചു. പ്രസാദവരക്രമത്തിലുള്ളതും മംഗല വാത്തയുടെ അവസരത്തിൽ വിശ്വസ്തതാപൂർവ്വം നല്കിയതും കുരിശിൻ കീഴിൽ അചഞ്ചലമായി കാത്തുരക്ഷിച്ചതുമായ മറിയത്തിൻെറ മാതൃത്വം അവൾ മംഗലവാത്താവേളയിൽ സമ്മതം നല്കിയ നിമിഷം മുതൽ എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരുടെയും മകുടം ചാത്തൽവരെ ഇടമുറിയാതെ നിലനില്ക്കുന്നു. സ്വർഗ്ഗാരോപിതയായതോടെ ഈ രക്ഷണീയ ദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷക്കാവശ്യമായ ദാനങ്ങൾ സമ്പാദിച്ചുതരുന്നതിൽ അവൾ വിവിധ തരത്തിൽ മാദ്ധ്യസ്ഥം വഹിച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും, പ്രതിസന്ധിഘട്ടങ്ങളും നിറഞ്ഞ ജീവിതയാത്രകഴിക്കുന്ന സ്വപുത്രൻെറ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവൾ മാതൃസഹജമായ വാത്സല്യത്തോടെ അവരുടെ സംരക്ഷണം നിർവഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രെ തിരുസ്സഭ പ, കന്യകയെ അഭിഭാഷിക, സഹായിക, ഉപകാരിണി, മദ്ധ്യസ്ഥ എന്നീ അഭിധാനങ്ങളിൽ വിളിച്ചപേക്ഷിക്കുന്നതു്. അതേ സമയം ഇവയൊന്നും ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ മഹത്വത്തേയോ, ഫലദായക ശക്തിയേയോ, ഏതെങ്കിലും തരത്തിൽ കൂട്ടുകയോ, കുറയ്ക്കുകയോ ചെയ്യുന്നുണ്ടെന്നു് മനസ്സിലാക്കേണ്ടതില്ല. (3,

തിരുസഭാ ചരിത്രം പരിശോധിക്കുന്ന ആർക്കും മനസ്സിലാകും. പ. കന്യകയുടെ മാതൃപരിലാളന സഭക്കു് എപ്പോഴും ലഭിച്ചുകൊണ്ടിരുന്നതായി. എഫേസൂസ്സ്

(3) Hid. No: 62.

സൂനാഹദോസ്സ് മുതൽ മറിയത്തിൻെറ മാദ്ധ്യസ്ഥശക്തി വളരെ സ്പഷ്ടമായിക്കാണാം.

പത്തൊമ്പതാം നൂററാണ്ടിൽ ഭൗതികവാദം ചിറ പെട്ടിഒഴുകിയപ്പോൾ മനുഷ്യമഹത്വം ഉയർത്തിപിടിച്ച് അവൾ അമലോത്ഭവദൗത്യവുമായി ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ട്, പ്രാർത്ഥനയുടെയും പരിഹാരത്തിൻെറയും ആവശ്യകത ലോകത്തെ അനുസ്മരിപ്പിച്ചു. ഇരുപതാംനൂററാണ്ടിൽ ലൗകായതികമായ കമ്യൂണിസം ലോകനാഗരികതയെത്തന്നെ ഭീഷണിപ്പെടുത്തിയപ്പോൾ കന്യാംബിക ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട് ജപമാലയുടെ സന്ദേശവും കത്തോലിക്കാജീവിതനവീകരണത്തിനുള്ള ആഹ്വാനവും നല്കി. ആധുനിക ലോകത്തിൻെറ ഭാവിയിൽ പ. കന്യകയ്ക്ക് സുപ്രധാനമായ ഒരു പങ്ക് വഹിക്കുവാനുണ്ടെന്നാണ് ഫാത്തിമാ രഹസ്യം സൂചിപ്പിക്കുന്നത്.

മിശിഹായെ രൂപീകരിച്ച കരങ്ങൾ തന്നെയായിരിക്കണം ഓരോ ക്രിസ്ത്യാനിയേയും രൂപീകരിക്കേണ്ടതു്. പ. കന്യകയുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്നപ്പോൾ ലോകപരിത്രാതാവ് ജനിച്ചു. അവളുടെ നേതൃത്വത്തിൽ സമ്മേളിച്ച ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന അവസരത്തിൽ സഭയ്ക്ക് ഔദ്യോഗികമായ ജന്മം നല്കി. ഇതുപോലെ തന്നെ പ. കന്യകയുടെയും പരിശുദ്ധാത്മാവിൻെറയും പ്രവർത്തനം വഴിയാണ് നമ്മിൽ ഓരോരുത്തരിലും മിശിഹാ രൂപം കൊള്ളേണ്ടതു്.

തന്നിമിത്തം എല്ലാവർക്കും പ. കന്യകയുടെ നേരെ പുത്രസഹജമായ സ്നേഹവും ഭക്തിയും ആവശ്യമാണ്. മാതാവിനെ അനുകരിക്കുകയും അവളുടെ സേവനത്തി

നായി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്യുന്നതാണ് യഥാ ത്ഥത്തിലുള്ള മരിയഭക്തി, അവളിൽ പ്രശോഭിച്ചിരുന്ന സുകൃതങ്ങൾ നമ്മിലേയ്ക്കു് പകർത്തണം. അനുദിന ജീവി തത്തിൽ പ. കന്യകയ്ക്കു് സുപ്രധാനമായ ഒരു സ്ഥാനം നാം നല്കണം. നാം ചെയ്യുന്നതെല്ലാം മറിയത്തോടുകൂടി മരിയ ചൈതന്യത്തിൽ, ദിവ്യജനനിയുടെ മഹത്വത്തി നായി, മാതാവിൻെറ വിമല ഹൃദയം വഴി ദൈവത്തിനു് സമർപ്പിക്കുക. അഥവാ മരിയാത്മകമായ ഒരു ജീവിതം നയിക്കുകയാണു് അമലോത്ഭവ നാഥയെ പ്രസാദിപ്പി ക്കുന്നതിനുള്ള ഏററവും പററിയ മാർഗ്ഗം. (4)

ലോകത്തിൽ ഒരു മരിയൻ യുഗം ഉദയം ചെയ്യു മ്പോൾ ദൈവം പരിശുദ്ധാത്മാവിനാലും പ. കന്യകയു ടെ ചൈതന്യത്താലും സമ്പൂരിതരായ ആത്മാക്കളെ തെ രഞ്ഞെടുത്തു് അവൾ വഴി വലിയ അത്ഭുതങ്ങൾ പ്രവ ത്തിക്കും. പാപ പങ്കിലമായ ലൗകിക സാമ്രാജ്യത്തിന്റെ സ്ഥാനത്തു് ക്രിസ്തുവിൻെറ സ്നേഹസാമ്രാജ്യം അവർ സ്ഥാപിക്കും. (5) വൈദികരും സന്യാസിനീ സന്യാസി കളും ലീജിനൻ ഓഫ് മേരി മുതലായ അല്മായ പ്രേഷി ത സംഘടനകളും ഈ ഭക്തി പ്രാവത്തികമാക്കുന്നെങ്കിൽ ഒരതു് അവരെ ഉന്നതമായ വിശുദ്ധിയിലേയ്ക്കു് നയിക്കും. അവരുടെ പ്രേഷിത പ്രവത്തനങ്ങൾ കൂടുതൽ ഫലദായ കമാകുന്നതുമാണു്.

---

(4) St· Grignon De monfort· True Deustion to the B·V. mary P.
and the secret of mary

(5) Hid

(6) Mgr Sheen. Pastoral letter. Living word Frb-March-1970

പ. കന്യകയുടെ ബഹുമാനാത്ഥമുള്ള ഭക്തമുറകളും നാം അഭ്യസിക്കണം. വത്തിക്കാൻ സൂനഹദോസ് അതെല്ലാം പ്രോത്സാഹിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില വൈദികർ എക്കുമേനിസത്തിൻെറ പേരിലോ അല്ലെങ്കിൽ കാലൊചിതമല്ലെന്നുള്ള കാരണം പറഞ്ഞോ അതിനെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. അങ്ങനെയുള്ള ചിലരാണ് വൈദിക വൃത്തിയും, സന്യാസവൃത്തിയും കത്തോലിക്കാ വിശ്വാസംപോലും പരിത്യജിച്ച് പോകുന്നതു്. ഇന്നത്തെ ദുരവസ്ഥയ്ക്കു ഒരു പരിധിവരെ അതും കാരണമായിട്ടുണ്ട്. എന്ന് മോൺ ഷീനും ഒരു ഇടയ ലേഖനത്തിലൂടെ പ്രസ്താവിച്ചിരിക്കുന്നു. മറിയാവഴി ഈശോയിലേയ്ക്കു് എന്നതായിരുന്നു. സഭാപിതാക്കന്മാരുടെ ആദർശം. കന്യക മറിയത്തോടുള്ള ഭക്തി നിത്യരക്ഷയുടെ സുനിശ്ചിതമായ ഒരടയാളമാണെന്ന് വേദശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു.

ഇന്ന് വാർത്താ വിനിമിയത്തിൽ വിപ്ലവാത്മകമായ പരിവർത്തനമുളവാക്കിയിട്ടുള്ള റേഡിയോ കണ്ടുപിടിച്ചതു്. മർക്കോണി എന്ന കത്തോലിക്കാ ശാസ്ത്രജ്ഞനാണല്ലോ അദ്ദേഹം. ഒരിക്കൽ ഭക്തിപൂർവ്വം ജപമാല ജപിച്ചു കൊണ്ടിരുന്നപ്പോഴാണ് അദ്ദേഹത്തിന് റേഡിയോയുടെ രഹസ്യം ലഭിച്ചതു്. പ. കന്യക അതു് വഴി നമ്മെ മനസ്സിലാക്കിയതു് ജപമാല ദൈവജനനിവഴി പ. ത്രിത്വത്തോട് ചെയ്യുന്ന ഒരു റേഡിയോ സംഭാഷണമാണെന്നായിരിക്കാം.

അതിനാൽ ദിവ്യ ജനനിക്ക് ഏററം പ്രിയങ്കരമായ ആ ഭക്തമുറ നാം തുടന്നു കൊണ്ടു പോകുന്നതു് ആദ്ധ്യാത്മികവും ലൗകികവുമായ ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നതിന് പര്യാപ്തമത്രെ. അതു് പ. കന്യക കത്തോലിക്കാ സഭയ്ക്കു് നല്കിയിട്ടുള്ള അജയ്യമായ ഒരായുധമാണ്. വിശ്രു

ദ്ധരും, മാർപ്പാപ്പാമാരും, രാഷ്ട്രീയ പ്രവർത്തകരും സൈനിക ജനറൽമാരും സ്വാനുഭവങ്ങളിൽ നിന്നും അതു് പ്രഖ്യാപിച്ചിട്ടുണ്ടു്. ആധുനിക ജപമാല പ്രേഷിതനായ ഫാ. പാട്രിക്ക് പെയിററൻെറ മുദ്രാവാക്യം ഒരുമിച്ചു ജപമാല ജപിക്കുന്ന കുടുംബം ഒരുമിച്ചു് നിലനില്ക്കുമെന്നുള്ളതാണു്.

ദൈവ മാതാവിനു് പ്രീതിജനകമായ മറെറാരു ഭക്തമുറയാണു് ഉത്തരീയം. അതു് പ.കന്യകയുടെ മാതൃപരിലാളനയുടെ ശാശ്വത സ്മാരകവും അവളുടെ സ്നേഹത്തിൻെറ പ്രതീകവും മറിയത്തിനുള്ള നമ്മുടെ പ്രതിഷ്ഠയുടെ അനിഷേധ്യമായ ചിഹ്നവുമാണു്. ഉത്തരീയം ഭക്തിപൂർവ്വം ധരിച്ചാൽ ആദ്ധ്യാത്മികവും ലൗകികവുമായ അനേകം അപകടങ്ങളിൽ നിന്നും നമ്മെ ദൈവ മാതാവു് രക്ഷിക്കുന്നതാണു്. ഇന്നു് പരിഷ്ക്കാരത്തിൻെറ വേലിയേററത്തിൽ പ്രസ്തുത ഭക്ത രീതികളെ ചിലരൊക്കെ അവഗണിക്കുന്നുണ്ടാകാം. പക്ഷേ, അതു് നമ്മുടെ നന്മയേക്കാൾ തിന്മക്കായിരിക്കാം ഉപകരിക്കുക. ഓരോരുത്തരെയും ഈശോയിലേയ്ക്കു് രൂപാന്തരപ്പെടുത്തുന്നതിൽ പ. കന്യക സുപ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടു് എന്നു നാം മനസ്സിലാക്കി പുത്ര സഹജമായ സ്നേഹവും ഭക്തിയും ഈ നാഥയുടെ നേരെ പ്രദർശിപ്പിക്കണം. "എല്ലാ തെരഞ്ഞെടുക്കപ്പെട്ടവരിലും ഈശോയുടെ രൂപം മുദ്രിതമാകുന്നതുവരെ അവരെ മറിയത്തിന്റെ ഉദരത്തിൽ സംവഹിക്കുന്നു വെന്നും മറിയം മാതാവായിട്ടില്ലാത്തവക്കു് ദൈവം പിതാവായിരിക്കുകയില്ല'' എന്നും വി. ആഗുസ്തീനോസു് പ്രസ്താവിച്ചിരിക്കുന്നു. പ, കന്യക നമ്മെ എല്ലാവരെയും അവളുടെ കാപ്പയിൽ കീഴിൽ സംരക്ഷിക്കുന്നു. അവൾ നമുക്കു വേണ്ടി മാദ്ധ്യസ്ഥം വഹിക്കുകയും നമ്മെ പോററുകയും സംരക്ഷിക്കുകയും ചെയ്യുന്നു· നാമെല്ലാവരും

ഈശോയെ കാണുന്നതു് മറിയം വഴിയാണ് (1) എന്നു് പ. പിതാവു് യോഹന്നാൻ മാപ്പാപ്പാ അരുളി ചെയ്തിട്ടുണ്ട്. എക്കുമേനിസത്തിൻെറ പേരിൽ പ. കന്യകയോടുള്ള ഭക്തിയെ നിരുത്സാഹപ്പെടുത്തുന്നവർ യഥാർത്ഥത്തിൽ സഭയുടെ നന്മ കാംക്ഷിക്കുന്നവരല്ല. 1971 - ഏപ്രിൽ മാസത്തിൽ സമ്മേളിച്ച പ്രോട്ടസ്റ്റന്റു് കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെ സമ്മേളനം മറിയത്തെ ഐക്യത്തിനു് പ്രതിബന്ധമായിട്ടല്ല പ്രത്യുത മറിയം ഐക്യത്തിൻെറ കാരണവും എക്കുമേനിസത്തിനു് നേതൃത്വം നല്കുന്നവളുമായിട്ടാണു് പ്രഖ്യാപിച്ചതു്. (2)

ആധുനിക ലോകത്തിൻെറ ഭാവി ഭാഗധേയങ്ങൾ മറിയത്തിന്റെ കരങ്ങളിലാണ് അർപ്പിതമായിരിക്കുന്നതു് റഷ്യയുടെയും ചൈനയുടെയും ചെമ്പടകളെ തകർക്കുന്നതിനു് മറിയത്തിൻെറ അമല പാദങ്ങൾ ശക്തമാണ്. "അവൾ തീർത്ഥാടന സഭയുടെ പ്രത്യാശയാണ്" (4) എന്നു് വത്തിക്കാൻ സൂനഹദോസും പ്രഖ്യാപിച്ചു. ഈശോയുടെ ഭരണം പ. കന്യക മറിയം വഴിയാണ് പുനഃസ്ഥാപിതമാകേണ്ടതു്. അതിനാൽ മറിയം വഴി ലോകം മുഴുവൻ ഈശോയ്ക്കു വേണ്ടി കീഴടക്കുക എന്നതായിരിക്കട്ടെ നമ്മുടെ ആദർശം. ലോകത്തിൻെറ ഭാവി ഭാഗധേയങ്ങൾ നിർണ്ണയിക്കുന്നതിൽ പ, കന്യകയ്ക്കു് സുപ്രധാനമായ ഒരു പങ്കുണ്ടു് എന്നു് പ. പിതാവു് ആറാം പൗലോസ്സ് മാർപ്പാപ്പ 1971- ജൂലൈ മാസത്തിൽ ഒരു തീർത്ഥക സംഘത്തോടു് പ്രസ്താവിക്കുകയുണ്ടായി.

---

(1) Pope John· xxIII· Message to the Marian Congres at Lisseud· 1962. Examiner
(2) New Leader· 9th May 1971
(4) വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ തിരുസഭ· അദ്ധ്യ VIII· No.

# അദ്ധ്യായം. 32

# ദൈവത്തെക്കാണും.

എനിക്കു് സ്വർഗ്ഗത്തെ നീക്കിക്കളയുവാൻ സാധിക്കു കയില്ലെങ്കിൽ ഞാൻ സകല നാരകീയ ശക്തികളെയും സ്വർഗ്ഗത്തിനെതിരായി അണിനിരത്തും എന്നു് ഫ്രോയി ഡ്യ് എന്ന മനഃശാസ്ത്രപണ്ഡിതൻ ഒരിക്കൽ പ്രസ്താവി ക്കുകയുണ്ടായി. ഫ്രോയിസിൻെറ മനഃശാസ്ത്രമനുസരിച്ചു് മനുഷ്യൻ കേവലം ജഡികപൂരണം പ്രാപിക്കുന്നതിനുള്ള ഒരു പ്രവണതയാണു്. ഫ്രോയിഡിൻെറ ശിഷ്യന്മാരായ ആഡ്‌ലറും യുങ്ങും പോലും ഫ്രോയിഡിൻെറ പ്രസ്തുത സിദ്ധാന്തത്തെ ചോദ്യം ചെയ്തു. എന്നാൽ ഇന്നു് ചില കത്തോലിക്കാ വൈദികരെയും വേദശാസ്ത്രജ്ഞന്മാരെയും ഫ്രോയിഡിൻെറ ചിന്താഗതി വളരെയധികം അന്ധമാ ക്കിയിരിക്കുന്നതായി തോന്നുന്നു. പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പായുടെ ഹ്യൂമാനേവിത്തേ എന്ന വി ശ്വലേഖനത്തെ ചോദ്യം ചെയ്യുന്നതും വൈദിക ബ്രഹ്മ ചര്യത്തെ നിശിതമായി വിമർശിക്കുന്നതുമെല്ലാം അതി ൻെറ ദുരന്ത ഫലങ്ങളാണു്.

ദൈവം എല്ലാ മനുഷ്യർക്കും നല്കിയിരിക്കുന്ന ഒരു ദാനമാണു്, ജഡിക സുഖഭോഗങ്ങളിലേയ്ക്കുള്ള ഒരു ആക ർഷണം, അതു് ദൈവത്തിൻെറ സൃഷ്ടികർമ്മത്തിൽ ഒരു പങ്കു വഹിക്കുന്നു. സ്വർഗ്ഗരാജ്യത്തിലെ പ്രജകളെ വർദ്ധി പ്പിക്കുകയാണു് അതിൻെറ ഉദ്ദേശം. ദൈവത്തോടു സൃഷ്ടി കർമ്മത്തിൽ സഹകരിക്കുന്നു. അതു് സ്നേഹത്തിൻെറ

യും ജീവന്റെയും രഹസ്യവുമാണ്. തന്നിമിത്തം സെക്സ് ദൈവത്തിന്റെ സ്നേഹ വിഷയമത്രെ. അതിനു് അസ്ഥാനപരമായി യാതൊരു തിന്മയുമില്ല. എന്നാൽ സെക്സ് മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു ധാർമ്മികമായ ഉത്തരവാദിത്വവും കൂടിയാണല്ലൊ. ഫ്രോയിസിന്റെ അതിരു കടന്ന ലൈംഗികവാദ (Pan sexualism) അടിസ്ഥാന രഹിതമാണ്. മനുഷ്യനു് സ്വാതന്ത്ര്യവും സ്വബുദ്ധിയുമുള്ളതിനാൽ അവനു് അതിനെ ഉത്തരവാദിത്വപൂർണ്ണമായി വിനിയോഗിക്കുവാൻ സാധിക്കും.

തന്നിമിത്തം ലൈംഗികമായ സന്തോഷം ഭാര്യാഭർത്താക്കന്മാർതമ്മിൽ പരസ്പരം പരിപൂർണ്ണമായി നല്കിക്കൊണ്ട് (Reciprocal self gift) സന്താനോല്പാദനത്തിനു് പ്രതിബന്ധമല്ലാത്ത രീതിയിൽ പ്രവർത്തിക്കുമ്പോൾ മാത്രമേ ന്യായമാനുസൃതവും സംഗതവുമായിരിക്കുകയുള്ളു. അതിനു പുറമെ എപ്പോഴെങ്കിലും നാം ആ സന്തോഷം അനുഭവിക്കുന്നതായാൽ അതു് ദൈവ സ്ഥാപിതമായ ക്രമങ്ങളുടെ ഒരു ലംഘനവും നമ്മുടെ തന്നെ സ്വഭാവത്തിൽ ഒരു തകിടം മറിച്ചിലുമാണ്. എന്നത്രെ സന്മാർഗ്ഗ ശാസ്ത്രജ്ഞന്മാരുടെയും വേദശാസ്ത്രജ്ഞന്മാരുടെയും അഭിമതം.

മിശിഹാ നാഥൻ ശുദ്ധത എന്ന സുകൃതത്തെ സ്നേഹിച്ചിരുന്നു. അവിടുന്നു് ജനനത്തിൽ തന്നെ ശുദ്ധതയോടുള്ള സ്നേഹം വ്യക്തമാക്കി. കന്യകത്വത്തിന്റെ കാന്തി പ്രചുരിമയ്ക്കു യാതൊരു കോട്ടവും തട്ടാതെ അമലമനോഹരിയും നിത്യകന്യകയുമായ മറിയത്തിൽ നിന്നും അവിടുന്നു് ജനിച്ചു. അവിടത്തെ ജീവിത മാതൃകയും പ്രബോധനങ്ങളും വഴി അതിന്റെ മാഹാത്മ്യം പ്രഖ്യാപിക്കുകയും ചെയ്തു. ഗിരി പ്രഭാഷണത്തിൽ അഷ്ടഭാഗ്യങ്ങളിലൂടെ ശുദ്ധതയുടെ പ്രകൃത്യതീതമായ സിദ്ധി വ്യക്തമാക്കി

"ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തെന്നാൽ അവർ ദൈവത്തെക്കാണും". എന്താണ് ഹൃദയ ശുദ്ധി. അവിഹിതമായ ജഡിക സന്തോഷങ്ങൾ പരിത്യജിക്കുന്നതിലാണ് ഹൃദയ ശുദ്ധി എന്നു് നിഷേധാത്മകമായ വിധത്തിൽ അതിനെ നിർവ്വചിക്കാം, പലരും ശുദ്ധത യെ അപ്രകാരമാണ് മനസ്സിലാക്കുന്നതും. എന്നാൽ അതിന് സദ്ഗാത്മകമായ ഒരു വശമുണ്ട് ദൈവത്തെയും സഹോദരങ്ങളെയും അവിഭക്തമായ ഹൃദയത്തോടെ സ്നേഹിക്കുക എന്നതാണ് അതിൻെറ ഭാവാത്മകമായ വശം വി: തോമസ്സ് അക്വിനിസ്സ് പ്രസ്താവിക്കുന്നതുപോലെ ശുദ്ധതയിൽ ദൈവ സ്നേഹത്തിനാണ് ഒന്നാമത്തെ സ്ഥാനം, ശാരീരികമായ അഭംഗുരതയ്ക്ക് രണ്ടാമത്തെ സ്ഥാനവും നല്കണം. കന്യാവ്രതം എല്ലാവർക്കും സാദ്ധ്യമല്ല. വരം ലഭിച്ചവർക്ക് മാത്രമെ സാദ്ധ്യമാവുകയുള്ളു (വി. മത്തായി XIX 12) എന്നാൽ ശുദ്ധത ഓരോരുത്തരും അവരുടെ ജീവിതാന്തസിനനുസരണമായ വിധത്തിൽ പാലിക്കണം. തിരുസഭയിൽ പരിശുദ്ധാത്മാവിൻെറ ചലനാത്മകമായ പ്രക്രിയയുടെ ഫലമാണ് കന്യകാവ്രതവും ശുദ്ധതയും. ദൈവത്തിൻെറ ദാനമായ അതു

കത്തോലിക്കാ സഭ എന്നും യൗവനയുക്തയായിരിക്കുന്നതിൻെറ കാരണം കത്തോലിക്കരുടെ പ്രത്യേകിച്ചും വൈദികരുടെയും സന്യാസിനീ സന്യാസികളുടെയും ശുദ്ധത എന്ന സുകൃതമാണ് എന്നു് മഹാത്മജി പറയുകയുണ്ടായി. അതു് വഴി നാം മിശിഹായുടെ പരിത്രാണ കർമ്മത്തിൽ കൂടുതൽ സജീവമായി സഹകരിക്കുന്നു (1) സഭാസ്ഥാപകനായ ക്രിസ്തു അവിടത്തെ മണവാട്ടിക്കു നല്കിയിരിക്കുന്ന ഏററവും വലിയ ഒരു സമ്പത്താണ് ശുദ്ധത.

(1)Rev. Reginald Van Kam. Voned Life. P. 187

(2) എല്ലാവരും അവരവരുടെ ജീവിതാന്തസിനനുസരണ മായി ശുദ്ധത സംരക്ഷിച്ചേ മതിയാവൂ. വൈദികരും സന്യാസിനീ സന്യാസികളും അവിവാഹിതരായ യുവതീ യുവാക്കന്മാരും പരിപൂർണ്ണമായ വിരക്തി പാലിക്കണം. വിവാഹിതർ ദാമ്പത്യ ജീവിതത്തിൻെറ വിശുദ്ധതയ്ക്ക് കളങ്കം ചാർത്തുന്ന യാതൊന്നും പ്രവർത്തിക്കാതിരിക്കണം കുടുംബ സംവിധാനം അഥവാ സന്താന നിയന്ത്രണം മുത ലായവയുടെ മറവിൽ ഇന്ന് പലരും അസന്മാർഗ്ഗികതയെ താലോലിക്കുകയാണ്. കൃത്രിമമായ ഉപകരണങ്ങൾ ഉ പയോഗിക്കുകയോ അഥവാ വന്ധ്യകരണ ശസ്ത്രക്രിയ ന ടത്തുകയോ ചെയ്യുന്നത് അധാർമ്മികമാണ്. (3) അത് ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരസ്പരവിശ്വാസം ന ശിപ്പിക്കുന്നു. വൈവാഹിക ജീവിത വിശുദ്ധിക്ക് പ്ര തിബന്ധമാണ്. സന്താനങ്ങളുടെ സുശിക്ഷണം പരാജയ പ്പെടുത്തും. സ്ത്രീയുടെ വ്യക്തിത്വത്തോടുള്ള ഒരു കൈ യ്യേററവുമാണ്. (4) സ്ത്രീയേ പുരുഷൻെറ ജഡിക പൂര ണത്തിനുള്ള ഒരുപകരണമായി തരം താഴ്ത്തുന്നു, അവ സാനം കുടുംബ ജീവിതത്തിൽ തന്നെ അസംതൃപ്തിയും, പരാജയബോധവും, (frustration) കടുത്ത നിരാശയും അനുഭവപ്പെടും. ചിലപ്പോൾ മാനസികമായ രോഗങ്ങ ൾക്കും അത് കാരണമാകുന്നു. ജീവനിൽ കർത്തൃത്വമുള്ളത് ദൈവത്തിന് മാത്രമാണ്. ഈശ്വരാധികാരത്തിൽ കൈ കടത്തുന്നവരെ ദൈവം ശിക്ഷിക്കാതിരിക്കുകയില്ല. പ. പിതാവ് പൗലോസ് മാർപ്പാപ്പായുടെ 'ഹ്യൂമാനേവിത്തേ' എന്ന വിശ്വലേഖനത്തിലെ വാദഗതി എന്തായിരുന്നാലും

---

(2) Pope Pim XII· Eney. De Sacra Virginite·
(3) Rev. Fr. Bernard Haring. C· SS. R Law of Christ Vol: III chapt: IV
(4) Pope Paul VI Eney Humance Vital

ല്യം അതിന്റെ നിഗമനത്തിൽ അദ്ദേഹം പരിശുദ്ധാത്മാവിനാൽ നീതനാണെന്നത്രെ (5) വിശ്വ വിശ്രുത വേദശാസ്ത്രജ്ഞനായ ഫാ. കാർറാനർ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

കത്തോലിക്കാ സഭ സന്താന നിയന്ത്രണത്തിനു് എതിരല്ല. മറിച്ചു് ദൈവീക നിയമങ്ങൾക്കും പ്രകൃതി നിയമങ്ങൾക്കും അനുസരണമായിരിക്കണമെന്നു് മാത്രമാണു് തിരുസ്സഭ അനുശാസിക്കുന്നതു്. പ. പിതാവു് ആറാം പൗലോസു് മാർപ്പാപ്പാ തിരുമനസ്സു കൊണ്ടു് ഹൂമാനേവിത്തേ എന്ന വിശ്വ ലേഖനത്തിലും, രണ്ടാം വത്തിക്കാൻ സൂനഹദോസു് സഭ ആധുനിക യുഗത്തിൽ എന്ന കൃതിയിലും ഉത്തര വാദിത്വപൂർണ്ണമായ പിതൃത്വത്തെ കുറിച്ചു് (6) വ്യക്തമായി പ്രസ്താവിക്കുന്നുണ്ടു്.

ശുദ്ധത മനുഷ്യ വ്യക്തി വികാസത്തിനു് ഹാനികരമാണു്. ആരോഗ്യത്തിനു് പ്രതിബന്ധമാണു്. സ്വഭാവത്തിനു് വിരുദ്ധമാണു് എന്നെല്ലാം ചില പുരോഗമനവാദികൾ തട്ടിമൂളിക്കുന്നുണ്ടു്. ശുദ്ധതയെ കേവലം നിഷേധാത്മകമായ വിധത്തിൽ ദർശിക്കുന്നവരാണു് ആ അഭിപ്രായം പുലർത്തുന്നതു്. വ്യക്തിത്വം പൂർത്തീകരണം ഉന്നതമായ തലത്തിൽ കന്യാവ്രതം അനുഷ്ഠിക്കുന്നവരിലും ഉണ്ടാകുന്നുണ്ടു്. ക്രിസ്തുനാഥനും അവിടത്തെ ദിവ്യജനനിയും അനേകം വിശുദ്ധരും അനേക ലക്ഷം സന്യാസിനീസന്യാസികളും ദോഷന്മാരായിരുന്നോ? ശുദ്ധത വഴി നാം ഈ ലോകത്തിൽ വച്ചു് തന്നെ മാലാഖമാരുടെ ജീവിതം നയിക്കുന്നുവെന്നാണു് വി. തോമസ്സു് അക്വീനാസു് പ്രസ്താവിച്ചിട്ടുള്ളതു്. അദ്ദേഹം ലോകം ദർശിച്ചിട്ടുള്ള

(5) Sign. Sept: 1970: Family Planning by Cintra Ceptive Means

(6) വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ. സഭ ആധുനിക യുഗത്തിൽ. No.

തിലേയ്ക്കും മതി പ്രകർഷം തികഞ്ഞ ഒരു വ്യക്തിയായിരുന്നു. കാരണം അദ്ദേഹം ആജീവനാന്തരം ശുദ്ധത ഏററവും പൂർണ്ണമാം വിധം പാലിച്ചു. ഹൃദയ ശുദ്ധി ബുദ്ധിയുടെയും മനസ്സിൻെറയും കഴിവുകൾ വർദ്ധിപ്പിക്കുന്നു. ഒരുവൻ എത്ര കൂടുതൽ ലൈംഗികമായ സുഖഭോഗങ്ങളിൽ ക്രമരഹിതമായി ആമഗ്നനാകുന്നു. അത്ര കൂടുതൽ അവൻെറ ബുദ്ധി അന്ധമായി ത്തീരുന്നു. ദൈവത്തെയും ദൈവീകമായ കാര്യങ്ങളെയും അറിയുന്നതിനും അതാസ്വദിക്കുന്നതിനുമുള്ള കഴിവു് ഇല്ലാതാകും. പ്രത്യേകിച്ചും അപ്രകാരമുള്ള വ്യക്തികൾ പ്രണിധാന (Centemplation) ത്തിൻെറ പദവിയിൽ എത്തിച്ചേരുക സാദ്ധ്യമല്ല എന്നാണു് വി. തോമസ്സ് അക്വിനാസിൻെറ അഭിമതം. ലൈംഗികമായ സുഖഭോഗങ്ങൾ മനുഷ്യൻെറ സിരാവ്യൂഹത്തെയും നാഡിവ്യൂഹങ്ങളെയും ക്ഷയിപ്പിക്കുന്നതിനു മാത്രം അത്ര അഗാധമാണെന്നാണു് അദ്ദഹം പ്രസ്താവിച്ചിട്ടുള്ളതു്.

മിശിഹാ അരുളിച്ചെയ്തിട്ടുള്ളതുപോലെ "ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർ ദൈവത്തെക്കാണും, ( വി: മത്താ. v. ) ഹൃദയ ശുദ്ധിയുള്ളവർ ഇവിടെ വച്ചു് തന്നെ ദൈവത്തെക്കാണും ശുദ്ധത ഭൗമികമെന്നതിനെക്കാൾ തികച്ചും പാരത്രികമാണു" (Rev. Fr. Shepered. Chastity. P.) ദൈവം തന്നെ ആത്മസഖിയായി നമ്മുടെ ജീവിതത്തിലേയ്ക്കു പ്രവേശിക്കുന്നു. നാം ശരീരത്തെ പൂജിച്ചാൽ ആത്മാവിനെ നിഷ്കാസനം ചെയ്യും. പലരും ദൈവാസ്തിത്വം നിഷേധിക്കുന്നതിനു് ഹൃദയ ശുദ്ധിയുടെ അഭാവമായിരിക്കാം കാരണം.

പ. കന്യകയും വിശുദ്ധരും ശുദ്ധതയെ ഏററവും വിലമതിച്ചിരുന്നു. സഭാപിതാവും വേദപാരംഗതനുമായ വി. അത്തനാസിയൂസ് ശുദ്ധതയെ പ്രകീത്തിക്കുന്നതു് ഇപ്രകാരമാണു്. ഓ! ശുദ്ധതയെ ഒരിക്കലും വാടാത്ത ലില്ലിപുഷ്പമേ, ചുരുക്കം പേർ മാത്രം കണ്ടെത്തുന്ന മരതകമേ, ദൈവഗേഹമേ, പരിശുദ്ധാത്രുപിയുടെ ദിവ്യാലയമേ, മരണമില്ലായ്മയെ മാലാഖമാരുടെ കാന്തിയേ പുണ്യവാന്മാരുടെ മഹിമയേ, നീ എത്ര ധന്യയല്ല?.'' നമ്മുടെ ശരീരം പരിശുദ്ധാത്മാവിൻെറ ആലയമാണു്. (വി, പൗലോ. I. കോറി: III. 16. VI. 19) ആ ശരീരത്തോടുള്ള പൂജ്യതയാണു് ഒരത്ഥത്തിൽ ശുദ്ധത അഥവാ പരിത്രാണകൃത്യത്തിൽ ദൈവത്തോടു് സഹകരിക്കുന്നതിനായി നല്കിയിരിക്കുന്ന സെക്സിനോടുള്ള ബഹുമാനമാണു്. വി. ആഗുസ്തീനോസും ശുദ്ധതയുടെയും കന്യാവ്രതത്തിൻെറയും സ്തുതിഗീതങ്ങളാലപിക്കുന്നുണ്ടു്. (De Sacra uirginitate). വി. ആഗ്നസ്സ് കന്യാവ്രതം സംരക്ഷിക്കുന്നതിനുവേണ്ടി റോമ്മാ ചക്രവത്തിയുടെ പട്ടമഹഷിപദം പോലും വലിച്ചെറിഞ്ഞു് ജീവൻ ഹോമിച്ചു. ആധുനികയുഗത്തിലും അനേകം യുവതിതരുണികൾ ആ സുകൃതം സംരക്ഷിക്കുന്നതിനുവേണ്ടി ജീവൻ ഹോമിച്ചതായി നമുക്കറിയാമല്ലൊ, ഏവക്കും സുപരിചിതയാണു് വി. മരിയാ ഗോരേററി. അവൾ ഒരു യുവസാഹസികൻെറ കാമാവേശത്തിനു വഴങ്ങാതിരുന്നതിനാൽ അയാൾ അവളെ കുത്തിമുറിപ്പെടുത്തി. മരിയ മരണമടഞ്ഞു. എന്നാൽ മരണസമയത്തു് അവൾ ഘാതകൻെറ മാനസാന്തരത്തിനായി പ്രാത്ഥിച്ചു. അവളുടെ വിശുദ്ധ പദപ്രഖ്യാപനം പ. പിതാവു് പന്ത്രണ്ടാം പീയൂസ് നിർവഹിച്ചപ്പോൾ അവളുടെ മാതാവു് അസൂന്തഗോരേററിയും ആ മംഗളകർമ്മത്തിൽ സംബന്ധിച്ചിരുന്നു. തദവസരത്തിൽ പ. പിതാവു് ചെയ്ത പ്രഭാഷണത്തിൽ അസൂന്ത ഗൊരേററി

യെ പ്രത്യേകം ബഹുമാനിക്കുകയും എല്ലാമാതാക്കളും തങ്ങളുടെ സന്താനങ്ങൾക്ക് അസൂന്ത ഗോരേററിയെപ്പോലെ ശുദ്ധതയോടുള്ള മതിപ്പും സ്നേഹവും നല്കണമെന്ന് ഉൽബോധിപ്പിക്കുകയും ചെയ്തു.

ക്രിസ്തുനാഥൻ ശുദ്ധത പാലിക്കണമെന്ന് നമ്മോട് കല്പിക്കുക മാത്രമല്ല, അതിനെ സുഗമമാക്കുന്ന മാർഗ്ഗങ്ങളും നല്കി. ദൈവസ്നേഹത്തിൽ അഭിവൃദ്ധി പ്രാപിക്കുക എന്നതാണ് ശുദ്ധതയുടെ ഭാവാത്മകമായ വശം. പ. കുർബ്ബാനയോടും പ. കന്യകമറിയത്തോടുമുള്ള ഭക്തി ഈ സുകൃതം സംരക്ഷിക്കുന്നതിന് അനുപേക്ഷണീയമത്രെ. മാത്രവുമല്ല പ. കുർബ്ബാനയിൽ ഈശോ സ്വയം നല്കുന്നതിന്റെ ഒരു കൃതജ്ഞതാപ്രകാശനവുമാണ് ശുദ്ധത. എളിമയോടുകൂടിയ പ്രാർത്ഥനയും കൂദാശാപരമായ ജീവിതവും സഹായകമാണ്. ആധുനിക മനഃശാസ്ത്രജ്ഞന്മാരുടെ അഭിമതമനുസരിച്ച് നമ്മുടെ ജഡിക സുഖഭോഗങ്ങൾ അനുഭവിക്കുന്നതിനുള്ള കഴിവുകളുടെ ഉദാത്തവൽക്കരണമാണ് (Subliomation) ശുദ്ധത അഭ്യസിക്കുന്നതിനുള്ള ക്രിയാത്മകമായ മറെറാരു പ്രവർത്തനം, ദൈവസേവനം പരസേവനം, ജീവിതാന്തസിൻെറ കടമകളുടെ പൂർണ്ണമായ നിർവഹണം, പ്രേഷിതപരമായ പ്രവർത്തനം, വിദ്യാഭ്യാസ, കലാസംസ്കാരികമായ അഭിരുചികളെ പരിപോഷിപ്പിക്കുക ശരീരവ്യായാമത്തിനുതകുന്ന ജോലികളിലും കളികളിലും ഏർപ്പെടുക ഇവയെല്ലാമാണ് ഉദാത്തവൽക്കരണത്തിനുള്ളമാർഗ്ഗം, ശുദ്ധത പരിശുദ്ധാത്മാവിൻെറ പ്രവർത്തനങ്ങളുടെ ഫലമാണ്. അതിനാൽ നമ്മിൽ അവിടന്ന് ഒരു രൂപാന്തരീകരണം തന്നെ വരുത്തുക (Tramsformation) ആവശ്യമാണ് ശുദ്ധത സംരക്ഷിക്കുന്നതിനു്.

ഭക്ഷണപാനീയങ്ങളിലുള്ള മിതത്വം, പഞ്ചേന്ദ്രിയ സംയമനം, പരിത്യാഗപൂർണ്ണമായ ജീവിതം, ഇവയെല്ലാം ശുദ്ധത അഭംഗുരം പാലിക്കുന്നതിന്ന് ആവശ്യമാണ്. ഭക്ഷിക്കുന്നതിനുവേണ്ടി ജീവിക്കാതെ ജീവിക്കുന്നതിനുവേണ്ടി ഭക്ഷിക്കുക എന്നതായിരിക്കണം നമ്മുടെ തത്വം. മദ്യപാനം ഭോഗാസക്തിയെ ആളികത്തിക്കുന്ന വിഷമാണ്. കത്തോലിക്കാ സമുദായത്തെ ധാർമ്മികമായും സാമ്പത്തികമായും അധഃപതിപ്പിക്കുന്ന ഇന്നത്തെ ഏററവും വലിയ ഒരു ശാപമാണ് മദ്യപാനം മദ്യപാനം ചെയ്യുന്നവന്ന് കുരങ്ങിൻെറ ചാപല്യവും, പോത്തിൻെറ കൂത്താട്ടവും, സിംഹത്തിൻെറ ഗർജ്ജനവും വരാഹത്തിൻെറ മ്ലേച്ഛതയുമായിരിക്കും പടിപടിയായി ഉണ്ടാവുക. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വസ്ത്രധാരണത്തിലുള്ള വിനയം പാലിക്കേണ്ടതു് മററുള്ളവക്ക് ഉതപ്പു കൊടുക്കാതിരിക്കുവാൻ അനുപേക്ഷണീയമാണ്. ഇന്നു് പല സ്ത്രീകളും വസ്ത്രധാരണ പരിഷ്കാരഭ്രമത്തിൽ തങ്ങളുടെ നഗ്നത മറയ്ക്കുന്നതിനെക്കാൾ അതു് പ്രദർശിപ്പിക്കുന്നതിനും അലങ്കരിക്കുന്നതിനുമാണ് ബദ്ധപ്പെടുന്നതെന്നു തോന്നിപ്പോകുന്നു. ഉതപ്പു കൊടുക്കുന്നവർക്കെതിരായി ക്രിസ്തുനാഥൻ പറഞ്ഞിട്ടുള്ള ഉഗ്രമായ വചസ്സുകൾ നാം അനുസ്മരിക്കണം.

നമുക്ക് ശുദ്ധതയ്ക്കു വിരുദ്ധമായ പ്രലോഭനങ്ങളും ആഗ്രഹങ്ങളും, വിചാരങ്ങളും, ഉണ്ടാകരുതു്. എന്നു വിവക്ഷിയില്ല. എല്ലാ മനുഷ്യർക്കും സ്വാഭാവികമായിത്തന്നെ അതിലേയ്ക്കു് വലിയ ആകർഷണവും പ്രവണതയുമുണ്ടു്. നാം മാംസരക്തനിർമ്മിതരായ മനുഷ്യരായിരിക്കുന്നതിനാൽ മാലാഖമാരോ അരൂപികളോ അല്ല. നമുക്ക് ശുദ്ധതയ്ക്കെതിരായിട്ടുള്ള പ്രലോഭനങ്ങളും ആഗ്രഹങ്ങളും ഉണ്ടാകുന്നതു് അതിൽത്തന്നെ പാപകരമല്ല. മനഃപൂർവ്വം

അതിനു് സമ്മതം നല്കുകയോ, സന്തോഷിക്കുകയോ, പ്രവൎത്തിക്കുകയോ ചെയ്യാത്തിടത്തോളം അതു് നമ്മുടെ ശുദ്ധതയുടെ യോഗ്യത വൎദ്ധിപ്പിക്കുന്ന അവസരങ്ങളാണു്. വി. ഫ്രാൻസിസു് അസ്സീസി. വി. ബെർണാർദ്ദ് വി. കാതറൈൻ ഓഫ് സിയന്നാ മുതലായ വിശുദ്ധൎക്കുപോലും ചില അവസരങ്ങളിൽ ശുദ്ധതക്കെതിരായി ശക്തിയായ പ്രലോഭനങ്ങൾ ഉണ്ടായതായി അവരുടെ ചരിത്രത്തിൽകാണുന്നുണ്ടു്.

ശുദ്ധത ദൈവത്തിനു് നമ്മെ ഏറ്റം പ്രിയങ്കരരാക്കിത്തീൎക്കുന്ന ഒരു സുകൃതമാണു്. അതു് നമ്മെ ക്രിസ്തുവിനോടു് കൂടുതൽ അനുരൂപരാക്കുന്നു, ഐക്യപ്പെടുത്തുന്നു. നമ്മുടെ ഉന്നതമായ സ്ഥാനമഹാത്മ്യം ഗ്രഹിക്കണം. നമ്മുടെ ശരീരം ആരാദ്ധ്യമായ പ. ത്രിത്വത്തിന്റെ അധിവാസകേന്ദ്രമാണു്. ശുദ്ധതക്കെതിരായ പാപം ശരീരത്തെയും ആത്മാവിനെയും മലിനമാക്കുന്നു.

## അദ്ധ്യായം 33.

# നിങ്ങളും ക്രിസ്തുവാണ്.

ക്രിസ്തുമതം ചില തത്വസംഹിതകളുടെ സമാഹാരമല്ല പ്രത്യുതാ നമ്മുടെ അസ്തിത്വം മുഴുവനും മിശിഹാ അവിടുത്തേയ്ക്കുവേണ്ടി സ്വായത്തമാക്കുന്നതാണ്. ഒരു ക്രിസ്ത്യാനി വേറൊരു ക്രിസ്തുവാണ് എന്നുള്ള യാഥാർത്ഥ്യം നാം വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടില്ല. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ശാഖ മുന്തിരിവള്ളിയിൽ വസിക്കുന്നില്ലായെങ്കിൽ അതിന് തന്നെ ഫലങ്ങൾ പുറപ്പെടുത്തുവാൻ സാദ്ധ്യമല്ല. ഇപ്രകാരം തന്നെ നിങ്ങളും എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും താനെ ഫലങ്ങൾ പുറപ്പെടുത്തുവാൻ സാദ്ധ്യമല്ല. എന്തെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു യാതൊന്നും ചെയ്യുവാൻ നിവ്വാഹമില്ല". (വി. യോഹ: xv 1-6.)

വി. പൗലോസ് അപ്പസ്തോലനും പറയുന്നു, "ഞാൻ ജീവിക്കുന്നു. എങ്കിലും ഞാനല്ല പ്രത്യുതാ മിശിഹാ എന്നിൽ ജീവിക്കുന്നു എന്നും നിങ്ങളിൽ ഓരോരുത്തരിലും മിശിഹാ ഉരുവാകുവോളം ഞാൻ പ്രസവവേദന അനുഭവിക്കുന്നു". (3 ഗാല. II 20. IV. 19)സഭാപിതാവും വേദപാരംഗതനുമായ വി. ആഗുസ്തീനോസ് മനോഹരമായി ഈ ആശയം പ്രകടമാക്കുന്നതിപ്രകാരമാണ് "അല്ലയോ ക്രിസ്ത്യാനി നീ ക്രിസ്ത്യാനിയല്ല ക്രിസ്തുതന്നെയാണ് നീ എവിടെ പോകുന്നുവോ, അവിടെ ക്രിസ്തുവിൻെറ പാദമാണ് എവിടെ സംസാരിക്കുന്നുവോ. അവിടെ ക്രിസ്തുവി

ൻെറ അധരമാണു്. നീ എവിടെ പ്രവൎത്തിക്കുന്നുവോ, അവിടെ ക്രിസ്തുവിൻെറ കരമാണു്. നീ എവിടെ ഉണ്ടോ അവിടെ ക്രിസ്തുവുമുണ്ടു് (Lend me your hands) ഈ ലോകത്തിലുള്ളതു് സകലതും നമ്മെ ക്രിസ്തുവിലേയ്ക്കു് രൂപാന്തരപ്പെടുത്തുന്ന കൂദാശകളാണു്. (1) എന്നു് റവ. ഫാ. ഷില്ലബക്കം നമ്മെ ദൈവത്തോട്ടു് ഐക്യപ്പെടുത്തുവാൻ പാടില്ലാത്തവിധം ലൗകികമായ യാതൊന്നുമില്ല (2) എന്നു് ഫാ: തെയ്യാദേഷർദാനും അഭിപ്രായപ്പെടുന്നു.

നാം എത്രമാത്രം ക്രിസ്തുവിനോട്ടു് അനുരൂപരാകുന്നുവോ അത്രമാത്രമേ പരിപൂൎണ്ണത പ്രാപിക്കുകയുള്ളു. എത്ര കൂടുതൽ മിശിഹായുടെ പരിത്രാണകൃത്യത്തിൽ സഹകരിക്കുന്നുവോ അതിനനുസരണമായി നാം ഈശോയോട്ടു് സദൃശരാകുന്നു എന്നു് വി. തോമസ്സു് അക്വീനാസ്സും പ്രസ്താവിച്ചിരിക്കുന്നു. ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ മുതൽ ക്രിസ്തുവിൻെറ ജീവിതം നയിക്കുവാൻ ഒരു ക്രിസ്ത്യാനിക്കു് കടമയുണ്ടു്. മിശിഹാ ലോകത്തിൽ അവതീൎണ്ണനായതു് നമുക്കു് ഒരു ജീവിത മാതൃക നല്കുന്നതിനുവേണ്ടി കൂടിയാണു്. അതിനാൽ ഈശോയെ പദാനുപദം അനുകരിക്കുവാനുള്ള ആഹ്വാനം ക്രിസ്ത്യാനിക്കു് ലഭിക്കുന്നു. അവിടത്തെ പീഡാനുഭവത്തിലും രക്ഷണീയ കൃത്യത്തിലും അഥവാ പെസഹാ രഹസ്യത്തിലും അവിടത്തോട്ടു് താദാത്മ്യം പ്രാപിക്കണം. പിതാവായ ദൈവം സ്വസുതനെ ലോകത്തിലേയ്ക്കയച്ചതു് ലോകത്തെ

---

(1) Rev. Fr. Edward Schillebeecx. O.P Christ the Sacrament of Enconnter. P. 151

(2) Rev. Fr. Theilhard de Chardain melien Divine. P 66.

പിതാവിന്റെ പക്കലേയ്ക്കാനയിക്കുന്നതിനാണ്. അതു പോലെ ഓരോ ക്രിസ്ത്യാനിയും ഒരു പ്രേഷിതനാകണം.

ഒരിക്കൽ ഒരു ക്രിസ്റ്റഫർ പ്രവർത്തകൻ ഒരു കമ്യൂണിസ്റ്റ്കാരിയുമായി സംഭാഷണത്തിലേപ്പെട്ടു. അവൾ അഹംഭാവിയായിരുന്നു. തന്നിമിത്തം ഞാൻ നിങ്ങളുടെ ദൈവത്തിലും ധാർമ്മികമൂല്യങ്ങളിലും വിശ്വസിക്കുന്നില്ല. അതു മനസ്സിലാക്കിക്കൊണ്ടുവേണം എന്നോട് സംസാരിക്കുവാൻ എന്ന ആമുഖത്തോടുകൂടിയാണ് അവൾ സംസാരം ആരംഭിച്ചതു്. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. അതിനാൽ നിങ്ങളെയും വിശ്വസിക്കുന്നുണ്ട്. ദൈവപുത്രി എന്ന നിലയിൽ നിങ്ങളെ സ്നേഹിക്കുന്നു. എന്നാണ് ക്രിസ്റ്റഫർ മറുപടി പറഞ്ഞതു്. ഇതു് കേട്ടപ്പോൾ ആ കമ്യൂണിസ്റ്റ്കാരി കുറെ സമയത്തേയ്ക്കു് ചിന്താമഗ്നയായിരുന്ന ശേഷം ആ ക്രിസ്റ്റഫറിനോട് ചോദിക്കുകയാണ്. "ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് ഇതു് ലോകം മുഴുവൻ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതു്. (3) സത്യത്തിന്റെ പ്രേഷിതരുടെ അനാസ്ഥ നിമിത്തം അസത്യം വിജയിക്കുന്നതിനിടയാകുന്നതായിട്ടാണ് ആധുനികലോകത്തിൽ നാം കാണുന്നതു്.

ഓരോ കമ്യൂണിസ്റ്റുകാരനും നാളത്തെ ലോകത്തെ കാണുന്നതു് അവരുടെ വർഗ്ഗ വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ വെളിച്ചത്തിലാണ്. ഇന്നത്തെ ഒരു ചോട്ടാ കമ്യൂണിസ്റ്റുകാരൻ മുതൻ കോസിജനും, മാവോയും വരെയുള്ള എല്ലാവരും നാളെ ഏതുപ്രകാരമാണ് ലോക

(3) Rev. Fr. James Keller. you Can Change the world. P. 197.

ത്തിൽ ഒരു കമ്യൂണിസ്റ്റ് സാമ്രാജ്യം കെട്ടിപ്പടുക്കുന്നതു് എന്നാണു് ചിന്തിക്കുന്നതു്. ഇന്നത്തെ സകല പ്രശ്നങ്ങളെയും അതിനനുയോജ്യമായ വിധത്തിൽ അവർ കൈകാര്യംചെയ്യുന്നു. എന്നാൽ കത്തോലിക്കരായ നാം ദൈവത്തിൻെറ പിതൃത്വത്തിലും ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസ സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു മാനവരാശിയെ വിഭാവനം ചെയ്യുന്നുണ്ടോ? ആഗ്രഹിക്കുന്നുണ്ടോ? അതിനായി പ്രവർത്തിക്കുന്നുണ്ടോ?

സമാധാനവും സ്വാതന്ത്ര്യവും ( Pax at Liberte ) എന്ന അഭിധാനത്തോടുകൂടി ഫ്രാൻസിൽ പ്രസിദ്ധീകരിക്കുന്ന ഒരു കമ്യൂണിസ്റ്റുപത്രം 1957-ൽ ഒരു ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തി. "അല്ലയോ ക്രിസ്ത്യാനികളേ, നിങ്ങളുടെ സുവിശേഷം ഞങ്ങളുടെ കമ്യൂണിസ്റ്റ് വീക്ഷണത്തേക്കാൾ, ലോകത്തെ നവീകരിക്കുന്നതിന് ഏററം ശക്തമായ ആയുധമാണു്. പക്ഷേ അവസാനം ഞങ്ങൾ നിങ്ങളെ കീഴടക്കും. കാരണം നിങ്ങൾ നിങ്ങളുടെ സുവിശേഷം പ്രാവർത്തികമാക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നില്ല. നിങ്ങൾ അതു് ഒന്നാമതായി പ്രാവർത്തികമാക്കുക, പിന്നീട്ട് അതു് പ്രചരിപ്പിക്കുക. (4) ഇന്നത്തെ നക്സലൈററുകൾ ജീവൻ ഹോമിച്ചു പോലും കമ്യൂണിസത്തിൻെറ പ്രചരണത്തിനായി അവിശ്രമം പരിശ്രമിക്കുന്നു. എന്നാൽ മിശിഹായുടെ വിശ്വോത്തരവും അനവദ്യ സുന്ദരവുമായ ദിവ്യദൗത്യം പ്രചരിപ്പിക്കുവാൻ സേവനസന്നദ്ധതയുള്ളവർ എത്ര വിരളം? ഓരോകത്തോലിക്കനും ഒരു പ്രേഷിതനാകണം.

---

(4) Lift up your hearts. Christopher. Publications

രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയെക്കുറിച്ചുള്ള ഡിക്രിയിലും അക്രൈസ്തവ മതങ്ങളെക്കുറിച്ചുള്ള ഡിക്രിയിലും മററു മതങ്ങളിലെ ആദ്ധ്യാത്മിക മൂല്യങ്ങളെ അംഗീകരിക്കുന്നുണ്ട് എന്ന് പ്രസ്താവിച്ചിട്ടുള്ളതിന്റെ മറവിൽ പ്രേഷിത പ്രവർത്തനം ആവശ്യമില്ലെന്ന് പ്രസ്താവിക്കുകയോ, കരുതുകയോ ചെയ്യുന്നവരുണ്ടാകാം എന്നാൽ തിരുസഭ എന്നും പ്രേഷിത സ്വഭാവമുള്ളവളാണ് എന്നും സഭയെക്കുറിച്ചുള്ള ഡിക്രിയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. മിശിഹാ തന്നെ കല്പിച്ചിട്ടുണ്ട് സകല ജാതികളോടും സുവിശേഷം പ്രസംഗിക്കണമെന്ന്. (വി. മത്താ. XXVIII 18). ദൈവത്തെക്കുറിച്ചും മിശിഹായെക്കുറിച്ചും സഭയുടെ രഹസ്യവും മററുള്ളവരെ അറിയിക്കണം. സഭ രക്ഷയുടെ സാർവ്വത്രിക കൂദാശയാണ് എന്നും സൂനഹദോസ് പഠിപ്പിച്ചു. പ്രേഷിത പ്രവർത്തനത്തിന്റെ ആവശ്യകത കൗൺസിൽ ഡിക്രികളിലുടനീളം വ്യക്തമാക്കി. സഭയുടെ വളർച്ചയ്ക്കും പ്രേഷിത പ്രവർത്തനം ആവശ്യമാണ്.

ആധുനിക ലോകത്തിൽ ഒരു ക്രിസ്ത്യാനിയുടെ മൂന്ന് ദൗത്യങ്ങൾ സൂനഹദോസ് അനുസ്മരിപ്പിക്കുന്നു. അതിൽ ഒന്നാമത്തേത് ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക എന്നതാണ്. മാതൃകാപരമായ ജീവിതം വഴി എല്ലാവരും ക്രിസ്തുവിന് സാക്ഷ്യം വഹിക്കണം. രണ്ടാം വത്തിക്കാൻ സൂനഹദോസ് തുടങ്ങുന്നതിന് മുമ്പ് ഒരു ദിവസം പ. പിതാവ് ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ തിരുമേനിയും അദ്ദേഹത്തിന്റെ സെക്രട്ടറിയും ഒരുമിച്ച് വത്തിക്കാൻ തോട്ടത്തിലൂടെ സായാഹ്ന സവാരി നടത്തുകയായിരുന്നു. തദവസരത്തിൽ അസ്തമന സൂര്യന്റെ ചെങ്കതിരുകളേററ് വി. പത്രോസിന്റെ ദേവാലയത്തിന്റെ കലാസൗഭമായ ഡോം വെട്ടിത്തിളങ്ങി. പ. പിതാവ് അത് ദർശിച്ചിട്ട് സെക്രട്ടറിയോട് അരുളിച്ചെയ്തു.

ഓരോരുത്തനും നമ്മെ ലോകത്തിന്റെ ദീപമായിട്ടാണു് ഇങ്ങോട്ടു വിളിച്ചിരിക്കുന്നതു്. നാമെല്ലാവരും യഥാർത്ഥ ദീപങ്ങളായി ജീവിച്ചാൽ ലോകത്തിൽ യാതൊരുത്തരും അകത്തോലിക്കരായി അവശേഷിക്കുകയില്ല. ലൗകായതികത്വത്തിലേക്കു് തിരോഗമനം ചെയ്യുന്ന ആധുനിക ലോകത്തിന്റെ മനസ്സാക്ഷിയെ തട്ടിയുണർത്തി അതിനെ ആദ്ധ്യാത്മിക പ്രബുദ്ധമാക്കുക എന്നതു് ഓരോ കത്തോലിക്കന്റെയും ചുമതലയാണു്. അതാണു് കൗൺസിലിന്റെ നവീകരണപ്രക്രിയ.

ക്രിസ്തുനാഥൻ ഗിരിപ്രഭാഷണത്തിലരുളി ചെയ്തിട്ടുള്ളതു പോലെ സഭയെ ഒരു ഗിരിദീപമായി ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു് അതിന്റെ പ്രകാശദീപ്തിയാൽ സമാകൃഷ്ടമായി മാനവരാശി മുഴുവനും ക്രിസ്തുവിൽ ഏകീഭവിക്കുന്ന ഒരു നവയുഗത്തെ പടുത്തുയർത്തണം. കത്തോലിക്കാ വിശ്വാസം ഒരു കാലഹരണപ്പെട്ട ജീവിതാദർശമല്ല. ഈ ശാസ്ത്രീയ യുഗത്തിലും ഒരു കത്തോലിക്കന്നു് അഭിമാനബോധത്തോടു കൂടി ഉത്തമ കത്തോലിക്കാ ജീവിതം നയിക്കാമെന്നാണു് സൂനഹദോസ്സ് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതു് സൂനഹദോസ്സ് തിരുസഭ എന്ന ഡിക്രിയിൽ കേന്ദ്രീകരിച്ചു കൊണ്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പതിനഞ്ചു ഡിക്രികളുടെയും ഉദ്ദേശം അതാണു്. അക്രൈസ്തവർ വായിക്കുന്ന വേദപുസ്തകം നമ്മുടെ ജീവിതമാണല്ലോ.

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി ഒരിക്കൽ പറഞ്ഞു "ഭാരതത്തിലുള്ള ക്രിസ്ത്യാനികൾ മാതൃകാപരമായ ജീവിതം നയിച്ചിരുന്നെങ്കിൽ ഭാരതം പണ്ടേ തന്നെ

ക്രിസ്തീയമായി തീരുമായിരുന്നു''. (6) ''ക്രിസ്തുമതം സത്യമതമാണെങ്കിൽ ഓരോ ക്രിസ്ത്യാനിയും ഓരോ പ്രേഷിതനായി തീരാത്ത പക്ഷം നാം അതിന്റെ ഒരു പരാജയമാണ് കാണുന്നത്.'' എന്ന സഭാവൈരിയായ നീഷേയുടെ വാക്കുകൾ ശ്രദ്ധേയമാണ്, പ്രത്യേകിച്ചും ഇന്ന് അല്മായ പ്രേഷിതത്വത്തിന് വളരെ സ്ഥാനമുണ്ട്. അല്മേയന് സഭയിൽ വത്തിക്കാൻ സൂനഹദോസ് കൂടുതൽ സ്ഥാനം നല്കിക്കഴിഞ്ഞു. അതനുസരിച്ചുള്ള ഉത്തരവാദിത്വവും വഹിക്കുവാൻ സന്നദ്ധരാവണം പല രംഗങ്ങളിലും വൈദികർക്ക് പ്രവേശനമില്ലാത്തതിനാൽ അവിടെയെല്ലാം ക്രിസ്തീയ മൂല്യങ്ങൾ സ്വാധീനം ചെലുത്തേണ്ടതു് അല്മായർ വഴിയാണ്. പ്രോട്ടസ്റ്റന്റ് സഭാ വിഭാഗങ്ങളിലും കമ്യൂണിസ്റ്റു് പ്രസ്ഥാനത്തിലും സാധാരണ ജനങ്ങൾ കൂടുതൽ ഭാഗഭാഗിത്വം വഹിക്കുന്നു. കത്തോലിക്കർ കർമ്മ വിമുഖരായിരിക്കുന്നതിന്റെ കാരണമെന്താണ്? അവർ പ്രേഷിത വൃത്തി വൈദികർക്കും സന്യാസികൾക്കുമായി കൈയ്യൊഴിഞ്ഞിരിക്കുകയത്രെ. ആ ചിന്താഗതി മാറണം. ''ഓരോ ഇടവകയിലും പ്രേഷിത ചൈതന്യമുള്ള പത്തു് അല്മായരെ എനിക്കു തരിക ലോകം മുഴുവൻ ക്രിസ്തുവിനു വേണ്ടി കീഴടക്കുവാൻ ഉറപ്പു് തരാമെന്നു്'' പ. പിതാവ് പത്താം പീയൂസ് ഒരിക്കൽ അരുളിച്ചെയ്തു. വത്തിക്കാൻ സൂനഹദോസ് അല്മായ പ്രേഷിതത്വത്തെ കുറിച്ചുള്ള ഡിക്രിയിലും അനുസ്മരിപ്പിച്ചിട്ടുണ്ട്

പ്രാർത്ഥന വഴിയായും നമുക്ക് പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കുവാൻ സാധിക്കും. പ്രാർത്ഥനയുടെ ഫ

---

(6) Mahalma Gandhi, What the message of Christ means to me Bharatiya Vidhya Bhavan P. 30.

ലദായകത്വത്തെ സംബന്ധിച്ച് നേരത്തെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എനിക്ക് ദൈവത്തെക്കാൾ ശക്തനായ ഒരു മനുഷ്യനെ അറിയാം. അതു് പ്രാർത്ഥിക്കുന്ന മനുഷ്യനാകുന്നുവെന്നാണ് വി. ജോൺവിയാനി ആലങ്കാരികമായി പ്രസ്താവിച്ചിട്ടുള്ളതു്. പ്രേഷിത പ്രവർത്തനത്തിൻെറ ആത്മാവു് അടിയുറച്ച ആന്തരീക ജീവിതമാണ് (7) മിശിഹാ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന പ്രാർത്ഥനയിൽ "നിൻെറ രാജ്യം വരണമെ" എന്നു് പ്രാർത്ഥിക്കുവാൻ നമ്മോടാവശ്യപ്പെട്ടിട്ടുണ്ട്. നാം പ്രാർത്ഥനയിൽ പ്രാമുഖ്യം നല്കേണ്ടതു് എല്ലാവരുടെയും ആത്മ സുസ്ഥിതിക്കാണു്. പാപികളുടെയും, നാസ്തികരുടെയും. അക്രൈസ്തവരുടെയും മാനസാന്തരം, എക്കുമേനിസം എന്നിവക്കായ് നാം പ്രാർത്ഥിക്കണം. സെയ്ഗോണിലെ മെത്രാപ്പോലിത്താ ഒരിക്കൽ പറയുകയുണ്ടായി എനിക്കു് പ്രസംഗിക്കുന്ന നാല്പതു മിഷ്യനറിമാരേക്കാൾ ആവശ്യം പ്രാർത്ഥനാനിരതരായ ആറു് കർമ്മലിത്താ സന്യാസിനിമാരെയാണെന്നു്. വി. അമ്മത്രേസ്യാ അവളുടെ പ്രാർത്ഥന വഴിയായി വി. ഫ്രാൻസിസ്സ് സേവ്യർ സുദീർഘമായ പ്രേഷിത പര്യടനം വഴി നേടിയതില്പം കൂടുതൽ ആത്മാക്കളെ രക്ഷിച്ചിട്ടുണ്ട്.

എൻെറ ഒരു സ്നേഹിതൻ ഒരു സജീവ കമ്യൂണിസ്റ്റ് പ്രവർത്തകനായിരുന്നു. ഒരിക്കൽ അദ്ദേഹത്തിൻെറ ഭാര്യക്കു് അസുഖം പിടിപെട്ടു. ഭാര്യയുടെ രോഗം ഗുരുതരമാണെന്നു് ഡോക്ടർമാർ പറഞ്ഞു. ഉടനെ അയാൾ മരണത്തെക്കുറിച്ചും മരണാനന്തര ജീവിതത്തെ സംബന്ധിച്ചും

(7) Dom Chautuard The soul of the Apostolate (പ്രേഷിത ജീവൻ പരിഭാഷ റവ: ഫാ: ആൻസലം സി. എം. ഐ. )

ചിന്തിക്കുവാൻ തുടങ്ങി. "ആപദിഭജന്തി, നഭജന്തി സ്ഥലഭാർത്ഥേ" എന്നാണല്ലോ ആപ്തവാക്യം. ആ കമ്യൂണിസ്റ്റ്കാരൻ സ്വസഹോദരിമാർ രണ്ടുപേർ സന്യാസികളായി ജീവിക്കുന്നകാര്യം അനുസ്മരിച്ചു. അദ്ദേഹം അവരെ സമീപിച്ച് അവരുടെ പ്രാർത്ഥനാസഹായം അഭ്യർത്ഥിക്കുകയായി. അവർ പ്രാർത്ഥിക്കാമെന്നു വാഗ്ദാനം ചെയ്തു. അധികം താമസിയാതെ അയാളുടെ ഭാര്യ രോഗ വിമുക്തയായി: അയാൾ പിന്നീട് സഹോദരിമാരെ സന്ദർശിച്ച് കൃതജ്ഞത പ്രകാശിപ്പിച്ച് പറഞ്ഞു; "എൻെറ പ്രിയ സഹോദരിമാരെ നിങ്ങളുടെ പ്രാർത്ഥന വഴി എൻെറ ഭാര്യയുടെ ശാരീരിക രോഗത്തിൽനിന്നു് അവളും എൻെറ പന്ത്രണ്ടു് വർഷത്തെ ആദ്ധ്യാത്മിക രോഗത്തിൽ നിന്നു് ഞാനും വിമുക്തി പ്രാപിച്ചിരിക്കുന്നു."

ഈ സംഭവത്തിനുശേഷം കുറെ മാസങ്ങൾ കഴിഞ്ഞു് ഞാൻ പ്രസ്തുത സ്നേഹിതനെ ഒരു യാത്രാമദ്ധ്യേ കാണുകയുണ്ടായി. അപ്പോൾ അദ്ദേഹം സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് പറയുകയാണു് "എൻെറ അച്ചാ ഇപ്പോൾ ഞാൻ അനുഭവിക്കുന്ന പരമാനന്ദം വർണ്ണനാതീതമാണു്. മുമ്പ് കത്തോലിക്കാ വിശ്വാസ സത്യങ്ങളെ സംബന്ധിച്ച് വല്ലവരും എന്നോടു് പറയുമ്പോൾ അതു് വൈദികരുടെ ഉദര പൂരണത്തിനുള്ള തന്ത്രമായി മാത്രം പരിഗണിച്ച് ഞാൻ അവജ്ഞയോടെ വീക്ഷിച്ചിരുന്നു. ഇപ്പോൾ ആ വിശ്വാസ സത്യങ്ങൾ ഓരോന്നും ഞാൻ വിശ്വസിക്കുക മാത്രമല്ല അനുഭവിച്ചറിയുന്നു, കേരളത്തിലെ കമ്യൂണിസ്റ്റുംകളിൽ സഭയെയും ബ. വൈദികരെയും സന്യാസിനീ സന്യാസികളെയുംഏററവും കൂടുതൽ ദ്വേഷിച്ച കമ്യൂണിസ്റ്റുംകാരൻ ഞാനാണു്. ഇപ്പോൾ എനിക്കു് അതിൽ ഖേദമുണ്ടു്. മാത്രമല്ല, എന്നെ ഇത്രയും നാളും വഞ്ചിച്ച കമ്യൂണിസ്റ്റു് പാർട്ടിക്കെതിരായി പ്രവർത്തിക്കുവാൻ എൻെറ

ജീവിതവും കഴിവുകളും മുഴുവൻ ഞാൻ വിനിയോഗിക്കുന്നതാണ്. ഇപ്പോൾ ആ സുഹൃത്ത് ഒരുത്തമ അല്മേയ പ്രേഷിതനായി ജീവിക്കുന്നു. ഇതു പോലെ അനേക ലക്ഷങ്ങൾ സത്യം ഗ്രഹിക്കാതെ നാസ്തിക കമ്യൂണിസത്തിന്റെ മാദക ലഹരിയിൽ മതിമയങ്ങിയോ, അസന്മാർഗ്ഗികതയുടെ നീർച്ചുഴിയിലാണ്ടോ, അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുന്നുണ്ട്. അവരെ സത്യത്തിൻെറ ദീപ ശിഖയുമേന്തി സ്നേഹത്തിൻെറ കാഹളവും മുഴക്കി ത്യാഗസുരഭിലമായ സേവനത്തിലൂടെ ക്രിസ്തുവിൻെറ പാദാന്തികത്തിലേയ്ക്കാനയിക്കണം.

രാഷ്ട്രീയ, സാമ്പത്തിക, വിദ്യാഭ്യാസ, കലാ- സാംസ്കാരിക, സാമൂഹ്യ മണ്ഡലങ്ങളിലെല്ലാം നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനു് സാക്ഷ്യം വഹിക്കണം. വിൻസെന്റ് ഡി· പോൾ, ലീജിയൻ ഓഫ് മേരി, മൂന്നാം സഭ, ചെറുപുഷ്പ മിഷ്യൻ ലീഗ് മുതലായ അല്മായ പ്രേഷിത സംഘടനകളിൽ അംഗത്വം സ്വീകരിച്ചു കൊണ്ട് അൽമായരും പ്രേഷിത ചൈതന്യ പ്രകർഷത്തോടെ മുമ്പോട്ട് വരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കാലത്തിൻെറ ചുവരിലെഴുത്ത് മനസ്സിലാക്കി നാം പ്രവർത്തിക്കുന്നില്ലെങ്കിൽ കാലം നമ്മെ പിന്തള്ളും. വൈദികാന്തസിലേയ്ക്കുമുള്ള ദൈവ വിളികൾ പരിപോഷിപ്പിക്കുന്നതിനും എല്ലാവർക്കും ചുമതലയുണ്ട്. കുടുംബമാണ് ദൈവ വിളിയുടെ പിള്ളത്തൊട്ടിൽ. നല്ല കത്തോലിക്കാ കുടുംബങ്ങളിൽ നിന്നു മാത്രമേ നല്ല ദൈവവിളികൾ ലഭിക്കുകയുള്ളൂ. കുടുംബം തന്നെ ആദ്യത്തെ സെമിനാരിയുമാണ്.

രണ്ടാം ലോക മഹായുദ്ധ കാലത്ത് സങ്കലിത സൈന്യം ഒരു പട്ടണത്തിൽ ബോംബാക്രമണം നടത്തിയ ശേഷം അങ്ങോട്ട് പ്രവേശിച്ചു. അപ്പോൾ ഒരു തിരുഹൃദ

രൂപം അവിടെ പൊട്ടിത്തകൎന്നു കിടക്കുന്നതു് അവർ ക ണ്ടു. സൈന്യവ്യൂഹത്തിലെ കത്തോലിക്കാ പടയാളി കൾ ആ രൂപം കൂട്ടിച്ചേൎത്തു വയ്ക്കുന്നതിനു മുമ്പോട്ടു് വന്നു. എന്നാൽ രൂപത്തിൻെറ രണ്ടു കൈകളുംഅവിടെ കണ്ടി ല്ല. അതിനാൽ ഒരു പടയാളി ആ രൂപത്തിൻെറ അടി യിൽ ഇപ്രകാരം എഴുതിവച്ചു "Lend me of your hands" (നിങ്ങളുടെ കൈ എനിക്കു വായ്പ തരിക.) ഇ താണു് ഇന്നു് ഓരോ ക്രിസ്ത്യാനിക്കും ചെയ്യുവാനുള്ളതു്. നമ്മുടെ കരങ്ങൾ വഴി മിശിഹാ പ്രവൎത്തിക്കണം. നമ്മു ടെ ബുദ്ധിവഴി ഈശോ ചിന്തിക്കണം, അധരങ്ങൾ വഴി അവിടുന്നു് സംസാരിക്കണം. ഹൃദയം വഴി മിശി ഹാ സ്നേഹിക്കണം. പ്രകാരാന്തരേണ ഒരു ക്രിസ്ത്യാനി വേറൊരു ക്രിസ്തുവായി മാറണം. എങ്കിൽ മാത്രമേ ഇന്ന ത്തെ ലോകത്തെ നമുക്കു് രക്ഷിക്കുവാൻ സാധിക്കുകയുള്ളു. മിശിഹാ ഇന്നു് അതു് നമ്മോടാവശ്യപ്പെടുന്നു.

മിശിഹാനാഥൻ പലസ്തീനായിലുടനീളം നടന്നു് രോഗികളെ സ്വസ്ഥരാക്കുകയും, മരിച്ചവരെ ഉയിർപ്പി ക്കുകയും, വിശപ്പും ദാഹവും കൊണ്ടു് വലഞ്ഞവരെ തീ റ്റി തൃപ്തരാക്കുകയും ചെയ്തു. അവിടുന്നു് അശരണരെയും, പരിത്യക്തരെയും സമാശ്വസിപ്പിക്കുകയും പാപികൾക്കു് ആത്മസമാധാനവും നിരാശക്കു് പ്രത്യാശയും ദുഃഖിതൎക്കു സാന്ത്വനവും പകൎന്നതുപോലെ ഒരു ക്രിസ്ത്യാനി ഇന്നു് പ്രവൎത്തിക്കണം. കത്തോലിക്കരായ നാം നമ്മുടെ ജീവി തം വഴി ക്രിസ്തുവിനെ കാണിച്ചു കൊടുക്കാത്തതാണു് ഇന്നത്തെ ഏററവും വലിയ പരാജയം. രണ്ടായിരം കൊ ല്ലങ്ങൾക്കു് മുമ്പു് ലോകത്തിൽ ജീവിച്ചു് മരിച്ച കേവലം

ചാരിത്ര പുരുഷനായ ക്രിസ്തുവിനല്ല നാം സാക്ഷ്യം വഹി ക്കേണ്ടതു് പ്രത്യുത മരണത്തെയും ലോകത്തെയും പാപ ത്തേയും കീഴടക്കി വിജയശ്രീലാളിതനായി പുനരുത്ഥാനം ചെയ്ത അമർത്ത്യനും ഇന്നും നമ്മിൽ ഓരോരുത്തരിലും ജീ വിക്കുന്ന പരനമായ ക്രിസ്തുവിനാണു് സാക്ഷ്യംവഹിക്കേണ്ട തു്. ക്രിസ്തുവിനെ കുഴിച്ചു മൂട്ടുവാൻ കമ്മ്യൂണിസ്റ്റുകളും നാസ്തികരും അഗാധമായ ഗർത്തങ്ങൾ പലതും തീർത്തു. പക്ഷേ അവർക്കാർക്കും ക്രിസ്തുവിനെ കീഴടക്കുവാൻ സാധ ക്കുകയില്ല. ഇന്നു് മിശിഹായെ ഏററവും ദ്വേഷിക്കുന്ന ഒരു യുഗമാണെങ്കിൽ മിശിഹായെ ഏററവും അത്യാവ ശ്യമുള്ള ഒരു യുഗവും ഇതു് തന്നെയാണു്. എല്ലാ ജീവി ത മണ്ഡലങ്ങളിലും ക്രിസ്തുവിനെ നാം എത്തിക്കണം. ക്രിസ്തുവിൻെറ വിജയ വൈജയന്തിയായ കുരിശിൻെറ പിന്നിൽ അണിനിരന്നു്, മിശിഹാ നമുക്കു് നല്കിയിരി ക്കുന്ന ആദ്ധ്യാത്മികായുധങ്ങൾ സംവഹിച്ചു് പ. കന്യക യുടെ നേതൃത്വത്തിൽ, സത്യത്തിനും, ധർമ്മത്തിനും നീതി ക്കുംവേണ്ടി അടരാടി ലോകത്തെ ക്രിസ്തുവിനു വേണ്ടി കീഴടക്കണം. ലോകം മുഴുവൻ പ. കന്യകമറിയം വഴി മിശിഹായ്ക്കുവേണ്ടി കീഴടക്കുക എന്നതായിരിക്കട്ടെ നമ്മു ടെ ജീവിത ദൗത്യം. "വിശ്വാസം ലോകത്തെ മുഴുവൻ ദൈവത്തിനുവേണ്ടി കീഴടക്കുവാനുള്ള ഒരു പ്രതിജ്ഞയാ ണു്.

## അദ്ധ്യായം 34

# തീർത്ഥാടനം അവസാനിക്കുന്നു.

"1970 ജനുവരിയിൽ പ. പിതാവു് ആറാം പൗലോസ് മാർപ്പാപ്പാ നല്കിയ നവവത്സര സന്ദേശത്തിൽ ഇപ്രകാരം അരുളിച്ചെയ്തു "മരണാനന്തര ജീവിതത്തെപ്പററി ചിന്തിച്ചുകൊണ്ടു് ജീവിക്കുക. അല്ലെങ്കിൽ ജിയാക്കോമമോയുടെ കഥയിലെ രാജകുമാരൻെറ അനുഭവമായിരിക്കും നമുക്കുണ്ടാകുന്നതു്". നാം ജീവിതത്തെ പഠിക്കേണ്ടതു് മരണത്തിൽ നിന്നാണു്". (1) മരണം യഥാർത്ഥത്തിലുള്ള ക്രിസ്തീയമായ ജീവിത തത്വശാസ്ത്രം നമ്മെ അനുസ്മരിപ്പിക്കുന്നു, "രണ്ടാം വത്തിക്കാൻ സൂനഹദോസ് തിരുസഭയെക്കുറിച്ചുള്ള ഡിക്രിയിൽ സഭ ഇവിടെ ഒരു തീർത്ഥാടകയാണെന്നു് (2) പ്രസ്താവിക്കുന്നു; നാം ഇവിടെ നിന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ഒരു തീർത്ഥാടനത്തിലാണു് ഏർപ്പെട്ടിരിക്കുന്നതു്, ക്രിസ്തീയജീവിതം സ്വർഗ്ഗത്തിലേയ്ക്കുള്ള ഒരു ജൈത്രയാത്രയാണു് (3) നമ്മുടെ ഈ ലോക ജീവിതം ക്ഷണികം ലോകവസ്തുക്കളും നശ്വരം. ജീവിത ലക്ഷ്യം പാരത്രികം, മനുഷ്യൻ ഭൂമിയിൽ വെറും തീർത്ഥാടകർ. നാം മരണത്തെ ഭയപ്പെടുന്നതു് നിത്യജീ

---

(1) Rev. Fr. Stephen. Brown Alone with God. P. 315.

(2) വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകൾ തിരുസ്സഭ. അദ്ധ്യായം. VII

(3) Rev. Fr. Stiadinger. Life Here after. P. 111

വിതത്തിനു ദവണ്ടി സൃഷ്ടിക്കപ്പെട്ടതിനാലാണ് (4) എന്ന് ഫാ. എഡ്വേർഡ്ലിനും രേഖപ്പെടുത്തുന്നു. ചില മരണങ്ങളുണ്ട് അവ നിത്യമരണമത്രെ. വേറെ ചില മരണങ്ങളുണ്ട് അവ ജീവസംദായകമാണ്. ക്രിസ്തുനാഥൻ അവിടത്തെ പരിത്രാണപരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരണങ്ങൾ ജീവസംദായകമായിരിക്കും മരണം മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു സ്വാഭാവിക പരിണാമം മാത്രമല്ല. അതു് നിത്യ ജീവിതത്തിലേയ്ക്കുള്ള കവാടമാണ്. മരണത്തോടുകൂടി എല്ലാം അവസാനിക്കുകയല്ല. പുതിയ ജീവിതം ആരംഭിക്കുന്നു. ഇന്നത്തെ പരിത്രാണ പരിപാടിയിൽ മരണം മാത്രമാണ് ദൈവവുമായി പരിപൂർണ്ണ ഐക്യത്തിനുള്ള മാർഗ്ഗം. തീർത്ഥാടനം അവസാനിപ്പിക്കുവാനുള്ള ക്ഷണമാണ് മരണം.

മരണം സുനിശ്ചിതമാണെങ്കിലും സമയം അജ്ഞാതമാണ്. ദൈവം അവിടത്തെ അനന്തജ്ഞാനത്തിൽ അതു് നമ്മിൽ നിന്നും മറച്ചുവച്ചിരിക്കുന്നതു്, നാം എപ്പോഴും മരണത്തിനു് ഒരുക്കമുള്ളവരായി ജീവിക്കുവാനാണ്, നമുക്ക് മരണത്തിൽ ദൈവത്തെ കാണുവാൻ സാധിച്ചാൽ മരണത്തെ കീഴടക്കുവാൻ സാധിക്കും, (5) എന്നാണ് ഫാ. തെയ്യാഃദഷർദാൻെറ വാക്കുകൾ ചിന്തനീയമത്രെ. പൂർവ്വകാലത്തിൽ തങ്ങളുടെ മൃതരെ സംസ്കരിക്കുവാൻ പരിശ്രമിക്കുന്നതുപോലെ ആധുനിക മനുഷ്യർ മരണ ചിന്തയെ വിസ്മരിക്കുവാൻ പരിശ്രമിക്കുന്നു.

---

(4) Rev. Fr. Edward Leen. In the Liteness of Christ. P, 123,

(5) Rev· Fr· Helharde the Chardain Melieu Divine· P. 82.

നീതിമാൻെറ മരണം ദൈവത്തിൻെറ കണ്ണുകളിൽ മഹാതപൂർണ്ണമാണു് എന്നു് സങ്കീർത്തകൻ പറയുന്നുണ്ട ല്ലോ, ഒരു ക്രിസ്ത്യാനി ജീവിതം വെള്ളം പോലെ കുടി ക്കാമെങ്കിൽ മരണത്തെ സ്വാദുള്ള വീഞ്ഞുപോലെ ആസ്വ ദിക്കമെന്നാണു് ആംഗ്ലേയസാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടനും രേഖപ്പെടുത്തുന്നതു്. ഒരു കത്തോലിക്കൻ ഉത്തമ കത്തോലിക്കനായി ജീവിച്ചതിനാൽ ഒരിക്കലും മരണ സമയത്തു് ഖേദിക്കേണ്ടതായി വന്നിട്ടില്ല. എന്നാ ൽ ഉത്തമ കത്തോലിക്കാ ജീവിതം നയിക്കാത്തവരാണു് മരണ സമയത്തു് വിലപിക്കേണ്ടതായി വന്നിട്ടുള്ളതു്.

വി. പൗലോസ്സു് അപ്പസ്തോലൻെറ വാക്കുകൾ ശ്ര ദ്ധേയമാണു്. മരണമുള്ള ഈ ശരീരത്തിൽ നിന്നു് ആർ എന്നെ വേർപെടുത്തും, ഞാൻ മരിച്ചു് മിശിഹായോടു കൂടി ചേരുവാൻ ആഗ്രഹിക്കുന്നു. എനിക്കു് മരിക്കുന്ന തു് ലാഭമാകുന്നു. മരണമെ നിൻെറ മുള്ളു് എവിടെ? നിൻെറ മുള്ളു് പാപമാകുന്നു: ( വി. പൗ. I കോ: 5 XV. 55)

ഐക്യരാഷ്ട്ര സംഘടനയുടെ സെക്രട്ടറി ജനറൽ പദം സമലങ്കരിച്ചിരുന്നപ്പോൾ 1960-ൽ കോംഗോയിൽ വച്ചു് വിമാനാപകടത്തിൽ മരണമടഞ്ഞ ഡോ. ഡാഗ് ഹാമർഷീൽഡ്യ് അദ്ദേഹത്തിൻെറ ബൈബിളിൽ ഇപ്ര കാരം ഒരു കുറിപ്പു് എഴുതി വച്ചിരുന്നു. നാം ജനിക്കുന്ന അവസരത്തിൽ നാം മാത്രം കരയുന്നു മററുള്ളവർ സന്തോ ഷിക്കുന്നു. എന്നാൽ നമ്മുടെ മരണസമയത്തു് നാം മാത്രം സന്തോഷിക്കുകയും മറെറല്ലാവരും നമ്മെപ്രതി കരയുക യും ചെയ്യുന്നതുപോലെ നാം ജീവിക്കണം. മരണം നമ്മെ മഹോന്നതമായ പല തത്വങ്ങളും പഠിപ്പിക്കുന്ന ആദ്ധ്യാത്മിക വിദ്യാലയമാണു്.

മിശിഹാ അവിടത്തെ മരണത്താൽ പാപത്തെയും മരണത്തെയും, ലോകത്തെയും കീഴടക്കിയതുപോലെ നമ്മുടെ മരണം വഴി നമുക്കു സാധിക്കും ക്രിസ്തുവിൻെറ പെസഹാ രഹസ്യം നമ്മിൽ പൂർത്തീകരിക്കപ്പെടുന്നതും മരണത്തോടുകൂടിയാണ്. രോഗീലേപനം പുനരുത്ഥാനത്തിനുള്ള ഒരുറപ്പാണല്ലോ. മരണസമയത്ത് ആശ്വാസദായകമായ വസ്തുത ജീവിതകാലത്തിൽ ചെയ്തിട്ടുള്ള സുകൃതങ്ങളത്രെ. നമ്മുടെ പാരത്രിക ജീവിതം ഭൗമിക ജീവിതത്തിൻെറ തുടർച്ചതന്നെയായിരിക്കും. ഞാനാകുന്നു പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും നിത്യമായ മരണം ആസ്വദിക്കുകയില്ല. (വി. യോ: XII ) എന്ന് ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുണ്ടല്ലോ.

മരണസമയത്ത് ആത്മാവ് ശരീരത്തിൽ നിന്നും വേർപെടുന്ന നിമിഷത്തിൽ ആത്മാവ് വിധി നിർണ്ണായകമായ ഒരു തെരഞ്ഞെടുപ്പ് നടത്തും. (Final option) അതിൽ ജീവിതകാലത്ത് ചെയ്തിട്ടുള്ള സകല പ്രവർത്തികളും സ്വാധീനശക്തി ചെലുത്തും (6) തനതു് വിധിയെ സൂചിപ്പിച്ചുകൊണ്ട് മിശിഹാ അരുളിച്ചെയ്തിട്ടുള്ളതാണ് ദൂരയാത്രയ്ക്കുപോയ ഒരു യജമാനൻ ഭൃത്യന്മാരുടെ കണക്കു് ചോദിക്കുന്ന ഉപമ. (വി. മത്തായി XXV) ലാസറിൻെറയും ധനവാൻെറയും ഉപമ. (വി. ലൂക്കാ) ലോകാവസാനവും പൊതുവിധിയും സൂചിപ്പിച്ചുകൊണ്ട് അവിടുന്ന് അരുളിച്ചെയ്ത വാക്കുകളും ശ്രദ്ധേയമത്രെ. ( വി. മത്തായി XXV ) തനതു്വിധി ആത്മാവ് തനിച്ച് ക്രിസ്തുവിനെ അഭിമുഖീകരിക്കുന്ന അവസരമെങ്കിൽ പൊതുവിധിയിൽ മൗതിക ശരീരം മുഴുവൻ ക്രിസ്തുവിനെ അഭിമുഖീകരിക്കുന്നു. (7) ദുഷ്ടന്മാർക്ക് ലഭിക്കുന്ന നരകത്തെക്കു

---

(6) R. W. Gleason. S. J. The world to come P. 78.

(7) Rev. Fr. De Later. Judgement Clergy montlogly Nov: 1964

റിച്ച് ധനവാൻെറയും ലാസറിൻെറയും ഉപമയിലും മററ നേകം സ്ഥലത്തും മിശിഹാ വെളിപ്പെട്ടത്തി, "നിങ്ങളു ടെ ശരീരത്തെ കൊല്ലുവാൻ മാത്രം കഴിയുന്നവരെ നി ങ്ങൾ ഭയപ്പെടേണ്ടാ. നിങ്ങളുടെ ശരീരത്തെ കൊന്നതി നു ശേഷം ആത്മാവിനെ നരകത്തിൽ തള്ളിക്കളയുവാൻ കഴിയുന്നവരെ ഭയപ്പെട്ടവിൻ,"(വി. മത്താ. x ).

ജീവിത കാലത്തു് പലപ്പോഴും നരകത്തിൽ പോകു ന്നവർ മരണശേഷം അവിടെ പോകേണ്ടതായി വരിക യില്ല എന്നു് വി. ആഗുസ്തീനോസു് പ്രസ്താവിച്ചിട്ടുണ്ടു്. നരകം ഒരു പ്രത്യേക സ്ഥലമായിരിക്കണമെന്നില്ല. അ തു് ചാവുദോഷത്തോടുകൂടി മരിക്കുന്ന ആത്മാവിൻെറ അന്ത്യമാണു്. മാരകപാപം നരകത്തിൻെറ ഭ്രൂണവും, നരകം ചാവദോഷത്തിൻെറ നൈയ്യാമിക ഫലവുമത്രെ, നരകത്തെ ഏററവും ഭയാനകവും യാതനാപൂർണ്ണവുമാക്കു ന്നതു് അനന്തനന്മയായ ദൈവം നഷ്ടപ്പെട്ടു എന്ന വസ്തു തയാണു്. മനുഷ്യാത്മാവിനു് ദൈവത്തെ പ്രാപിക്കുവാ നുള്ള അത്യുൽക്കടമായ അഭിവാഞ്ചയുണ്ടു്. അതു് സാധി ക്കാത്ത സ്ഥിതിവിശേഷമാണു് നരകം.

ഭൗമീക ജീവിതത്തിൽ ദൈവത്തെയും സഹോദര ങ്ങളെയും സ്നേഹിച്ച നീതിമാന്മാർ ലോകപരിത്രാതാവാ യ മിശിഹായെപ്പോലെ ലോകാവസാനത്തിൽ പൊതു വിധിയുടെ സമയത്തു് അക്ഷയം, ലഘുത്വം, ദീപ്തി സൂക്ഷ്മം എന്നീ ഗുണവിശേഷങ്ങളോടുകൂടി മഹത്വപൂരിതരായി പുനരുത്ഥാനം ചെയ്യും. "ഞാൻ പോകുന്നതു് നിങ്ങൾക്കു് സ്ഥലമൊരുക്കുവാനാണു് ഞാൻ പോയാൽ ഞാൻ ഇരി ക്കുന്നിടത്തു് നിങ്ങളും ഇരിക്കേണ്ടതിനായി ഞാൻ വന്നു് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും (വി. യോ: XVI) ദൈവം തൻെറ നീതിമാന്മാർക്കായി ഒരുക്കിയിരിക്കുന്ന നിത്യ

സൗഭാഗ്യം കണ്ണ് കണ്ടിട്ടില്ല. ചെവികേട്ടിട്ടില്ല, മനുഷ്യഹൃദയം ആസ്വദിച്ചിട്ടില്ല. (വി. പൗലോ: II കോ. XII) സ്വർഗ്ഗസൗഭാഗ്യമില്ലെങ്കിൽ ഈ ലോകം തന്നെ അർത്ഥശൂന്യമാണ്. ലോകത്തിലെ ദുഃഖ ദുരിതങ്ങൾക്കും യാതനകൾക്കും സമാധാനം അവിടെ മാത്രമെ കാണുന്നുള്ളു. നിങ്ങൾ ഈ ലോകത്തിൽ മാത്രമാണ് മിശിഹായിൽ പ്രത്യാശ വച്ചിരിക്കുന്നതെങ്കിൽ മററു മനുഷ്യരെക്കാൾ ദുർഭഗരാണ് (വി. പൗലോ. I. കോ. XV) മരണത്തിലുള്ള മനുഷ്യൻെറ പ്രതിഷേധവും മാനവകുലത്തിൻെറ സാർവ്വത്രികമായ വിശ്വാസവും പ്രത്യാശയും മരണാനന്തര ജീവിതത്തെ സൂചിപ്പിക്കുന്നു. നമ്മുടെ ഹൃദയം സ്വർഗ്ഗത്തെക്കുറിച്ചുള്ള ആഗ്രഹത്താൽ ത്രസിക്കുന്നു. അതു് സൃഷ്ടലോകത്തെയും അതിലംഘിച്ചു് ദൈവീക സിംഹാസനംവരെ എത്തുന്നു. നമ്മുടെ ഹൃദയ സ്പന്ദനങ്ങൾ ഓരോന്നും സ്വർഗ്ഗത്തിലേയ്ക്കുള്ള ജൈത്രയാത്രയുടെ വിജയഭേരിയാണ്. മിശിഹായുടെ സ്വർഗ്ഗാരോഹണവും പ. കന്യകയുടെ സ്വർഗ്ഗാരോപണവും അതിനുള്ള ഉറപ്പ് നമുക്ക് നല്കുന്നു. എൻെറ പിതാവിനാൽ അനുഗ്രഹീതരായവരെ വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കുവേണ്ടി ഒരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തിലേയ്ക്ക് പ്രവേശിച്ചാലും എന്നുള്ള ഈശോനാഥൻെറ സ്നേഹസമ്പൂർണ്ണമായ ക്ഷണം ശ്രവിച്ച് നാം പ. കന്യകയോടും വിശുദ്ധരോടും കൂടി സ്വർഗ്ഗീയ ഭവനത്തിലേയ്ക്ക് പ്രവേശിക്കുന്നു. അപ്പോൾ എല്ലാം ക്രിസ്തുവിൽ സമുദ്ധരിക്കപ്പെട്ട് ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും ഉദയം ചെയ്യും. (വെളി: XXI.)

ർ,
മത്രെ,
ൃമാംക്ഷ
വസ്തു